www.malankaralibrary.com

# ഓർമകളുടെ നൈവേദ്യം

## ഒരു ഇടവകവൈദികന്റെ ഓർമക്കുറിപ്പുകൾ



ഫാ. സാമുവൽ തുണ്ടിയിൽ

www.malankaralibrary.com

# ഓർമകളുടെ നൈവേദ്യം

## ഒരു ഇടവക വൈദികന്റെ ഓർമക്കുറിപ്പുകൾ

(പരിഷ്ക്കരിച്ച പതിപ്പ്)

ഫാ. സാമുവൽ തുണ്ടിയിൽ

CARMEL INTERNATIONAL PUBLISHING HOUSE
TRIVANDRUM, KERALA, INDIA – 695 014
2017

www.malankaralibrary.com

**ORMAKALUDE NAIVEDYAM**
(Malayalam)

Author
Fr. Samuel Thundyil

First Published
May 2012

First CIPH Edition
May 2017

Published and Distributed by
Carmel International Publishing House
Cotton Hill, Trivandrum-695 014
e-mail: ciphindia@gmail.com; ciph@asianetindia.com
Website: www.carmelpublications.com

Printed at:
St. Joseph's Press, Trivandrum

Cover Design
Edmond John

Price
₹ 160.00

ISBN: 978-81-933770-7-9

© Publishers

All rights reserved including the rights of reproduction in whole or in part of any form

CIPH No. 338 May 2017 1000

www.malankaralibrary.com

# സമർപ്പണം

പിറവി തന്ന മാതാപിതാക്കൾക്കും
തിരുസഭാമാതാവിനും....

www.malankaralibrary.com

www.malankaralibrary.com

**THE SYRO-MALANKARA CATHOLIC CHURCH**
**MAJOR ARCHDIOCESE OF TRIVANDRUM**

✠ BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS OF
THE SYRO-MALANKARA CATHOLIC CHURCH &
MAJOR ARCHBISHOP OF TRIVANDRUM

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA

# അനുഗ്രഹ സന്ദേശം

അജപാലനത്തിന്റെ പാതയിൽ അൻപതിലേറെ വർഷങ്ങൾ പൂർത്തിയാക്കിയ ബഹു. സാമുവൽ തുണ്ടിയിൽ അച്ചൻ, തന്റെ പൗരാഹിത്യ സുവർണ്ണജൂബിലിയുടെ നിറവിൽ തയ്യാറാക്കിയ ഓർമ്മക്കുറിപ്പുകൾ പുന:പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷിക്കുന്നു.


പൗരോഹിത്യം! ദൈവം തന്റെ ജനത്തിന് നൽകുന്ന വലിയ കരുതലും കാവലുമാണത്. ചില കാര്യങ്ങൾ നിർവ്വഹിക്കുന്നതിലേക്കായി ചിലയാളുകളെ ക്രമീകരിക്കുന്ന സാമൂഹിക ക്രമീകരണത്തിനപ്പുറത്ത് "ഇവയേക്കാൾ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ?" എന്ന യേശു കർത്താവിന്റെ ചോദ്യവും "ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്ന വി. പത്രോസിന്റെ മറുപടിയും ചേരുമ്പോൾ പ്രസക്തമായ ഒരു വൈദിക നിയോഗത്തെക്കുറിച്ചാണ് നമ്മൾ ആലോചന നടത്തുന്നത്. ദൈവത്തിന്റെ രക്ഷാകരപദ്ധതിപ്രകാരം അവിടുന്ന് തിരുസ്സഭയിലൂടെ നടത്തുന്ന പ്രവർത്തനങ്ങളിൽ അവിടുത്തെ പ്രതിപുരുഷ സാന്നിധ്യവും യാഗ ത്യാഗ സന്നദ്ധതാ സാക്ഷീകരണവുമായി പൗരോഹിത്യത്തെ അവിടുന്ന് തന്റെ ജനത്തിന് നൽകുന്നു. "ബലഹീനമായ മൺപാത്രങ്ങളിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്ന" അമൂല്യമായ ഒരു നിക്ഷേപമായി പൗരോഹിത്യത്തെ തിരുവചനത്തോട് ചേർത്തുവായിച്ച് സുവിശേഷപ്രഘോഷകനായ ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ പ്രസ്താവിച്ചത് എത്രയോ അർത്ഥസമ്പുഷ്ടം! കൂടെ വസിക്കുവാനും കൂട്ടുപോകുവാനും ഒരു പൗരോഹിത്യം! യേശുവിന്റെ കൂടെ ഇരിക്കുവാനും യേശു നടക്കുന്ന വഴിയിൽ അവന്റെ കൂടെ നടക്കുവാനുമുള്ള നിയോഗമാണ് പൗരോഹിത്യം.

www.malankaralibrary.com



മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ വിശിഷ്യ തിരുവനന്തപുരം മേജർ അതിരൂപതയുടെ അഭിമാനമായ ബഹു. സാമുവൽ തുണ്ടിയിലച്ചനെ സഭയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ ഞാൻ അഭിനന്ദിക്കുകയും അച്ചന്റെ ശുശ്രൂഷകൾക്ക് മേജർ അതിരൂപതയുടെ നന്ദിയും സ്നേഹവും അറിയിക്കുകയും ചെയ്യുന്നു. ബഹു. അച്ചന്റെ പൗരോഹിത്യത്തെക്കുറിച്ചുള്ള ഉന്നതമായ അവബോധം ഏവർക്കും മാതൃകാപരവും അനുകരണീയവുമാണ്. ബഹു. അച്ചന്റെ പൗരോഹിത്യ ജീവിതത്തിലെ ചില ഓർമ്മകുറിപ്പുകൾ ഒരു പുസ്തകമായി പ്രസിദ്ധീകരിക്കുന്നത് എറെ സന്തോഷകരമാണ്. ഈ ഗ്രന്ഥത്തിന് എല്ലാ വിജയവും ആശംസിക്കുന്നു!

സർവ്വശക്തനായ ദൈവം ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!



**✠ കർദ്ദിനാൾ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവാ**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ് &
പ്രസിഡന്റ്, ഭാരത കത്തോലിക്കാ മെത്രാൻ സമിതി (CBCI)

Official Tel: +91 471 2541642, 2541643, 2540446, Fax : +91 471 2541635, E-mail: catholicostvm@gmail.com
Personal Tel: +91 471 2541331, Fax: +91 471 2533688, E-mail: baselioscleemis@gmail.com

www.malankaralibrary.com

# ആമുഖം

**ക**ർത്താവേ, അങ്ങയുടെ അദൃശ്യമായ കരസ്പർശത്തിന്റെ തലോടലിൽ, സാന്ത്വനം നൽകിയ 78 വർഷത്തെ സുരക്ഷയിൽ, ഞാൻ അങ്ങേയ്ക്ക് എത്രയോ പ്രിയങ്കരനാണെന്ന് തിരിച്ചറിയുന്നു. എന്നെ അഭിഷേകാഗ്നിയിൽ ജ്വലിപ്പിച്ച് 50 വർഷമായി അങ്ങയുടെ കരവേലകളിൽ പങ്കാളിയാക്കിയതിന് ഞാൻ എങ്ങിനെ നന്ദിപറയും? അങ്ങ് ഒരുക്കിയ വഴികളിൽ മാർഗദർശികളും സഹായികളുമായി നിരവധിപേരെ നൽകിയതിനും, അവരുടെ സഹായത്തിനും ഞാൻ എങ്ങിനെ കടം വീട്ടും? അങ്ങയുടെ കൃപകളെയും ദാനങ്ങളെയുംപറ്റി നന്ദിയോടെ ഓർക്കാനേ എനിക്ക് കഴിയുന്നുള്ളൂ. ഓർമ്മശക്തി ക്ഷയിക്കുന്നതുവരെ കാത്തിരിക്കുന്നതു ബുദ്ധിയല്ല. ആയതിനാൽ നന്ദിപ്രകരണത്തിന് പുസ്തകരൂപം നൽകാൻ ഞാൻ വിനീതനാകുന്നു. എന്നെ സ്നേഹിച്ചവരെയും ഞാൻ സ്നേഹിച്ചവരെയും നേരിൽക്കണ്ട് നന്ദിപ്രകാശിപ്പിക്കുവാൻ ഇനി സാധ്യമല്ല. ആയതിനാൽ ഈ പുസ്തകക്കുറിപ്പിന് ഞാൻ തുനിയുന്നു. വളരെപ്പേർ ഈ കുറിപ്പുകൾ തയ്യാറാക്കണമെന്ന് സ്നേഹബുദ്ധ്യാ എന്നോട് ആവശ്യപ്പെട്ടിരുന്നു. അതെല്ലാം കണക്കിലെടുത്താണ് ഈ ശ്രമം നടത്തുന്നത്. ഇതു വായിക്കുന്നവർക്ക് ദൈവനാമമഹത്ത്വത്തിന്റെ ഉൾപ്രേരണ നൽകുമെന്നാണ് എന്റെ പ്രതീക്ഷ. ഇതിനപ്പുറം മറ്റൊരു ലക്ഷ്യവുമില്ല. ഏവരെയും എന്നോടൊപ്പം ദൈവത്തെ മഹത്ത്വപ്പെടുത്തുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു.

ദൈവം എനിക്ക് കനിഞ്ഞരുളിയ വരപ്രസാദമാണ് എന്റെ ജീവിതം. ഭ്രൂണാവസ്ഥ മുതൽ ഇന്നോളം വിവിധ ഘട്ടങ്ങളിൽ ജീവിതം ദാനമായി നീട്ടിത്തന്നു. ജീവിതത്തെ പ്രസാദാത്മകമായി സമീപിക്കുവാനും പ്രസാദമായി അങ്ങേയ്ക്ക് സമർപ്പിക്കുവാനും എന്നെ സഹായിച്ചു. ദൈവകൃപയുടെ പരിലാളനയുടെ മഹാദാനത്തിന് എന്റെ ജീവിതവും സഹനവും സാക്ഷ്യവും ഒരു പ്രസാദമായി അങ്ങ് സ്വീകരിച്ചാലും, ദൈവകൃപയിൽ നിറഞ്ഞ, വരപ്രസാദത്തിൽ വളർന്ന് അങ്ങേക്ക് വരപ്രസാദമായി എന്റെ ജീവിതത്തെ സമർപ്പിക്കുവാൻ എന്നെ അനുവദിച്ചാലും എന്റെ ജീവിതാനുഭവങ്ങളെ വരപ്രസാദമായി ഞാനിവിടെ കാഴ്ചവയ്ക്കുന്നു.

**ഫാദർ സാമുവൽ തുണ്ടിയിൽ**

www.malankaralibrary.com

*"എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക. എന്റെ അന്തരംഗമേ, അവിടുത്തെ വിശുദ്ധ നാമത്തെ പുകഴ്ത്തുക. എന്റെ ആത്മാവേ, കർത്താവിനെ വാഴ്ത്തുക. അവിടുന്നു നൽകിയ ഉപകാരമൊന്നും മറക്കരുത്" (സങ്കീ. 103: 1–2).*

*എന്നെ സംബന്ധിച്ചിടത്തോളം ഈ വചനം എന്നിൽ മായാതെ, മങ്ങാതെ എപ്പോഴുമുണ്ട്. "എന്റെ ദൈവമേ, കത്തോലിക്കാത്തിരുസഭയിൽ ഒരു എളിയ വൈദിക നാകാൻ സാധിച്ചത് എത്ര ഭാഗ്യം! എത്ര അനുഗ്രഹം! കർത്താവേ, ഞാൻ അതിന് ഒരിക്കലും യോഗ്യനല്ല. എങ്കിലും നീ എന്നെ വിളിച്ചു, പഠിപ്പിച്ചു, പരിശീലിപ്പിച്ചു." ഇപ്പോൾ 50 വർഷമാകുന്നു. നിനക്ക് കോടാനുകോടി നന്ദി!*

www.malankaralibrary.com

# ഉള്ളടക്കം


| | |
|---|---|
| വീട് | 11 |
| സെമിനാരി | 40 |
| പൗരോഹിത്യപദവിയിലേക്ക് | 66 |
| വൈദികൻ — കരുത്തോടെ, കരുതലോടെ | 74 |
| പക്വതയിലേക്ക് പ്രാർത്ഥനയോടെ | 96 |
| വചനപ്രഘോഷണം | 120 |
| പ്രതിബന്ധങ്ങളിൽ തളരാതെ | 126 |
| പുതിയ വഴികൾ പുത്തനുണർവ്വോടെ | 152 |
| അനുഭവങ്ങൾ.... പാഠങ്ങൾ | 186 |
| ദീപ്തസ്മൃതികൾ | 211 |

www.malankaralibrary.com

www.malankaralibrary.com

അധ്യായം 1

# വീട്

**ഞാ**ൻ ജനിച്ചത് പത്തനംതിട്ട ജില്ലയിൽ കോന്നിയിൽ ചിറ്റൂർ മുക്കിനടുത്തുള്ള ഒരു ചെറിയ വീട്ടിലായിരുന്നു. കുടുംബം മുഴുവൻ ഓർത്തഡോക്സ് സഭയിലെ കിഴവള്ളൂർ ഇടവകയിലെ അംഗങ്ങളായിരുന്നു. കത്തോലിക്കാസഭയുമായി ഞങ്ങളുടെ കുടുംബങ്ങൾക്ക് യാതൊരു സമ്പർക്കവും ഇല്ലായിരുന്നു.

കോന്നിയിൽ പ്രബലമായ നായർ തറവാടാണ് ചിറ്റൂർകാർ. അവരുടെ പേരാണ് ചിറ്റൂർമുക്കിന് ഇട്ടിരിക്കുന്നത്. ഈ മുക്കിനു തെക്കുഭാഗത്ത് മുരുപ്പേൽ ശ്രീ. ഡാനിയേലിന്റെ വീട് കഴിഞ്ഞ് ഒരു നായർ കുടുംബം— അതു കഴിഞ്ഞുള്ള പുരയിടം ഞങ്ങളുടേതായിരുന്നു. ചെറിയ ഓലകെട്ടിയ മൺഭിത്തിയുള്ള വീടായിരുന്നു. രണ്ടു പലകകൾവച്ച് മൺഭിത്തി ഉയരത്തിൽ നിർമ്മിക്കുന്നു. അക്കാലത്ത് ചുടുകട്ട ഇല്ല. അപൂർവ്വം ചില വീടുകൾ വെട്ടുകല്ലുകൊണ്ട് ഭിത്തികൾ കെട്ടിയതുമുണ്ട്. മിക്കവാറും എല്ലാ വീടുകളും ഓലമേഞ്ഞതായതുകൊണ്ട്, എല്ലാവർഷവും മൺസൂണിനുമുമ്പ് പുതിയ ഓലകൊണ്ട് വീടു മേയുമായിരുന്നു. വെള്ളത്തിലിട്ട് കുതിർന്ന ഓല വീട്ടുകാരും അയൽപക്കത്തുള്ളവരും കൂടി മെടഞ്ഞ് ക്രമപ്പെടുത്തും. വീട് ഓലമേയുന്ന ദിവസം വലിയ ഉത്സവത്തിന്റെ പ്രതീതിയാണ്. വീടിനു സമീപമുള്ള പുരുഷന്മാർ പുരകെട്ടാൻ വരും. സ്ത്രീകൾ എല്ലാംകൂടി ഊണ് ക്രമപ്പെടുത്തുന്ന തത്രപ്പാടിലായിരിക്കും. പുരയിലെ ഓല എല്ലാം അറത്തുമാറ്റി അതിൽ കുറെ പഴയ നല്ല ഓലകൾ ശേഖരിക്കും. പഴയ ഓല കത്തിച്ച് പച്ച ഓലയിലകൾ കെട്ടുനാരിനു വാട്ടി ശരിയാക്കും. പുരയുടെ മുകൾ മുഴുവൻ കറുത്ത പുകയും ചിലന്തിവലയുമെല്ലാം പിടിച്ച് വൃത്തിഹീനമായത് തൂത്ത് വൃത്തിയാക്കും. അന്ന് പുക പ്രത്യേകം പോകാനുള്ള ക്രമീകരണമായ ചിമ്മിനി ഈ വീടുകളിലൊന്നും ഇല്ല. പുര മുഴുവൻ കരിപിടിച്ചിരിക്കും. മൺഭിത്തിയിൽ തൊണ്ടുകരിയും ചാണകവും പൂശിയതാണ്. അതുപോലെ വീടിന്റെ തറ കരിയും ചാണകവുംകൊണ്ട് ആഴ്ചയിൽ ഒരിക്കലെങ്കിലും വീട്ടമ്മമാർ തളിക്കുക

www.malankaralibrary.com


(മെഴുകുക) ഒരു ജോലിയായിരുന്നു. പുരകെട്ട് തുടങ്ങിയാൽ താഴെ നിൽക്കുന്നവർ ഓല മുകളിലേക്ക് എറിഞ്ഞുകൊടുക്കുന്നു. പുത്തോല, പഴയോല, മുണ്ടോല (ചെറിയ ഓല) എന്ന് പുരപ്പുറത്തുനിന്നും വിളിച്ചുപറയുന്നതിന് അനുസരിച്ച് ഓലകൊടുത്തുകൊണ്ടിരിക്കും. പുരകെട്ടി കഴിഞ്ഞാൽ എല്ലാവരും നന്നായി കുളിക്കും. പിന്നെ, വാഴയില ഇട്ട് മൃഷ്ടാന്നമായ ഊണാണ്. പരിപ്പും പപ്പടവുമെല്ലാം—പായസവും കാണും. വീട്ടിലെ കുട്ടികൾക്കും ഉത്സാഹമാണ്. സമൃദ്ധമായി അന്ന് വയറുനിറയെ ചോറുണ്ണാം. പത്തുപൈസാ കൂലി ആർക്കും കൊടുക്കേണ്ട—കൂലി വാങ്ങിക്കുകയില്ല. ഇത് ഒരു കടമയും സേവനമായി എല്ലാവരും കരുതിയിരുന്നു. കാലം ഒത്തിരി മാറി. ഇന്ന് ഓലമേഞ്ഞ വീടുള്ള പാവങ്ങൾ ഉണ്ടെങ്കിൽ ദിവസക്കൂലി കൊടുത്ത് ആരെയെങ്കിലും കിട്ടിയാലേ വീട് മേയാൻ സാധിക്കൂ. സമൂഹത്തിൽ നഷ്ടപ്പെട്ട സൗഹൃദത്തിന്റെ അന്തരീക്ഷം! എല്ലാ ബന്ധങ്ങളും ഇന്ന് പണത്തിന്റെ അളവുകോലുമായി ബന്ധപ്പെട്ടിരിക്കുന്നു. ഓടിട്ട വീട്, മുരുപ്പേൽ ഡാനിയേലിന്റെ വീടുമാത്രം, അപ്പച്ചന്റെ first cousin-ന്റെ മകൻ. സാമ്പത്തികമായി കുറെ കഴിവുള്ളവർ. വീട്ടിലേക്ക് കയറിച്ചെല്ലാൻ പടികൾ കെട്ടിയിട്ടുണ്ട്. മുരുപ്പേൽ വീട്ടുപടിക്കൽക്കൂടി ഞാനും എന്റെ സഹോദരൻ ജോഷ്വായും കൂടി അവിടെ പോകാറുണ്ടായിരുന്നു. അനുജന് 3 വയസ്സുള്ളപ്പോൾ ഒരുദിവസം അവിടെ പോകുമ്പോൾ പറഞ്ഞതായി ഓർക്കുന്നു, "ഇവരൊക്കെ ഒത്തിരി 'കൊത്ത് ' (സ്വത്ത്) ഉള്ളവരാണ്." ആ കാലയളവിൽ സാമ്പത്തികമായി എല്ലാവരും പ്രയാസത്തിലായിരുന്നു. പണം ആരുടെയും കൈവശമില്ല. സ്വന്തമായ ഭൂമിയിൽ കൃഷിചെയ്തു കിട്ടുന്ന കപ്പ, കാച്ചിൽ, ചേന മുതലായവയിൽ നിന്നുള്ള ആഹാരം. സ്വന്തമായി നിലം വിതയ്ക്കാനുള്ളവർ ചുരുക്കം. നിലമില്ലാത്തവർക്ക് അരി വാങ്ങാൻ പ്രയാസമായിരുന്നു. വയറുനിറയെ ചോറുണ്ണാൻ നിവൃത്തിയുള്ള വീടുകൾ വളരെ ചുരുക്കം. കപ്പയും ചക്കയുംകൊണ്ട് വിശപ്പടക്കിയിരുന്നു. അതിനുപോലും മാർഗമില്ലാത്തവർ ഉണ്ടായിരുന്നു. കർക്കിടകമാസം, അക്ഷരാർത്ഥത്തിൽ പഞ്ഞമാസമാണ്. ഗതിമുട്ടുമ്പോൾ, പുതുതായി നട്ടിരിക്കുന്ന, വിളവ് പൂർത്തിയാകാത്ത കപ്പയുടെ മൂട് മാന്തി—ഒന്നുരണ്ട് കപ്പക്കിഴങ്ങ് കുഴിച്ചെടുത്ത് ബാക്കി കപ്പച്ചീനി കമ്പോടെതന്നെ നിറുത്തിയിരിക്കും. കപ്പയും കാച്ചിലുമെല്ലാംകൂടി പുഴുങ്ങി ഇലവെട്ടി ഇലയിൽ കുടഞ്ഞിടും. വീട്ടിലുള്ള എല്ലാവരുംകൂടി അതിനു ചുറ്റുമിരുന്ന് ഉടച്ച കാന്താരി ചമ്മന്തിയും ചേർത്ത് കഴിക്കും. അയൽപക്കത്തുള്ളവർ

www.malankaralibrary.com


ആരെങ്കിലും ആ സമയം വന്നാൽ, അവരോടും ഈ പന്തിഭോജനത്തിൽ പങ്കുകൊള്ളാൻ പറയും. ഒത്തിരി പങ്കുവയ്ക്കുന്ന അനുഭവം. ഇന്ന് സമൃദ്ധിയുടെ അതിപ്രസരം. അയൽപക്കത്തുള്ളവർ പട്ടിണിയിലാണെങ്കിലും, ഉള്ളവർക്ക് അതു പ്രശ്നവിഷയമല്ല. ഞങ്ങളുടെ പറമ്പിൽ ഒരു കൂറ്റൻ ആഞ്ഞിലിമരം ഉണ്ടായിരുന്നു. അതിന്റെ ചില്ലകളിൽ കാക്ക കൂടുവയ്ക്കുമായിരുന്നു. ആഞ്ഞിലിക്കായ് പഴുക്കുന്ന സീസണിൽ കുട്ടികളായ ഞങ്ങൾക്ക് വലിയ സന്തോഷമാണ്. പഴുത്ത ആഞ്ഞിലിപ്പഴം തിന്നുന്നത് വലിയ ആഹ്ലാദമാണ്. ആഞ്ഞിലിമരത്തിന്റെ ചുവട്ടിൽ വീണുകിടക്കുന്ന ആഞ്ഞിലിക്കുരു പെറുക്കിയെടുത്ത് വറുത്തുതിന്നുമായിരുന്നു.

വീട്ടിൽനിന്നും ഒട്ടും അകലെയല്ലാതെ ഒരു കുന്ന് ഉണ്ടായിരുന്നു. കുറ്റിക്കാടുകൾ നിറഞ്ഞ്, കാട്ടുവള്ളികൾ വളർന്ന് കെട്ടുപിണഞ്ഞുകിടക്കുന്ന കുന്നിൻപ്രദേശം. വീട്ടിൽ ഒന്നു രണ്ട് ആടുകളും അവയുടെ കുട്ടികളുമുണ്ട്. അവയെ തീറ്റാൻ, ഞാനും മുതിർന്നവരോടുകൂടി പോയിട്ടുണ്ട്. ആടുകൾ ഓടിനടന്ന് നല്ല കാട്ടുചെടികളുടെ ഇലകൾ തിന്നും. അവയെല്ലാം വയറുനിറയെ തിന്നിട്ട്, തണലിൽ വന്നു കിടന്ന് അയവിറക്കുന്നതു കാണാൻ കൗതുകകരമാണ്. ഈ കാടുകളിൽ നല്ല മാംസളമുള്ള പഴുത്ത 'തൊണ്ടിപ്പഴ'ങ്ങൾ കിട്ടും. അവ ഞങ്ങൾ പറിച്ചുതിന്നും. ഇന്ന് ആടുകൾക്ക് തിന്നാൻ തീറ്റയിലകൾ കിട്ടാനില്ല. ഇറച്ചിക്കുവേണ്ടിയോ അല്ലാതെയോ വളർത്തുന്ന ആടുകൾ, പ്ലാവിലകൾ മാത്രം തിന്നുകൊണ്ട് കിടക്കുന്നതു കാണാം. പ്ലാവിലകൾ ആരെങ്കിലും വെട്ടിക്കൊടുക്കുന്നതാണ്. കുറെ കൃത്രിമ ആഹാരങ്ങളും കൊടുക്കും. ഇവ കഴിക്കുന്ന ആടിന്റെ പാലിന് എത്ര ഔഷധഗുണം കിട്ടാനാണ്? ധാരാളം ഔഷധസസ്യങ്ങളുടെ ഇലകൾ തിന്നുന്ന ആടുകളുടെ പാലും മാംസവും ഔഷധഗുണമുള്ളതായിരുന്നു. ഒരിക്കൽ ഞങ്ങളുടെ ഒരു ആട്ടിൻകുട്ടിയെ കണ്ടില്ല. എന്റെ മൂത്തസഹോദരൻ അതിനെ അന്വേഷിച്ചു അടുത്തുള്ള കുന്നിലെല്ലാം തിരഞ്ഞു. നേരം വൈകിയപ്പോൾ ആട്ടിൻകുട്ടിയുടെ തലയും ശരീരത്തിന്റെ കുറെ ഭാഗങ്ങളുമായി വീട്ടിൽ വന്നു. മാംസളമായ ഭാഗം കുറുക്കൻ തിന്നിരുന്നു. ചത്ത ആട്ടിൻകുട്ടിയുടെ തലയും കണ്ണുമെല്ലാം കണ്ട് ഞാൻ പേടിച്ചുപോയി.

കുട്ടികൾ പൊന്നിൻചിങ്ങമാസം കാത്തിരിക്കും. പട്ടിണിയും പരിവട്ടവും കഴിഞ്ഞ്, ഓണത്തിനു വയറുനിറയെ പരിപ്പും പപ്പടവും ചേർത്ത് ഉണ്ണാനുള്ള മോഹം. കർക്കിടകമാസത്തിലെ ഓണം നാളിൽ, പിള്ളേ

www.malankaralibrary.com


രോണം എന്നു പറഞ്ഞ്, പപ്പടവും പൊള്ളിച്ചുതരും. ഓണക്കാലമായാൽ ഊഞ്ഞാൽ ഒരു അത്യാവശ്യഘടകമാണ്. മുതിർന്നവർ ബലമുള്ള കാട്ടു വള്ളികൾ (ഊഞ്ഞാൽ വള്ളികൾ) വെട്ടിക്കൊണ്ടുവന്ന് വലിയ മരക്കൊമ്പിൽ ഊഞ്ഞാലിടും. വീട്ടിൽ ഒരു പ്ലാവിലാണ് ഊഞ്ഞാൽ ഇട്ടുകൊണ്ടിരുന്നത്. മുതിർന്നവർ, രണ്ടുപേർ മുഖാമുഖമായി ഊഞ്ഞാ ലിൽ നിന്നുകൊണ്ട് ആടാറുണ്ട്. ഒരു ഭാഗത്തേക്കുള്ള ആട്ടം (push) ആ ഭാഗത്തേക്ക് നോക്കി നിൽക്കുന്ന ആൾ ആയം എടുക്കുമ്പോൾ തിരിച്ചുള്ള വരവിൽ മറ്റേയാൾ ആയാസം എടുത്ത് ഊഞ്ഞാൽ ശക്തി യായി ആട്ടും. വീടിനടുത്ത് രണ്ടു മൂന്ന് നായർകുടുംബങ്ങളുണ്ട്. ഈ നായർ വീട്ടിലാണ് ഞങ്ങൾക്ക് ഊണ്. 10–11 മണിയോടുകൂടി കുളിച്ച് വൃത്തിയായി പോകും. ഊണിന് ഇല ഇട്ടുതരും. പരിപ്പ്, പപ്പടം, ഉപ്പേരി, മറ്റു പലവിധ തൊടുകറികൾ, പായസം; ഇതെല്ലാം ഉണ്ടായിരിക്കും. ഊണുകഴിഞ്ഞ് നായർ വീടുകളിലെ സ്ത്രീകൾ കസവുമുണ്ട് ഉടുത്ത്, ആഘോഷം കാണാൻ ഇറങ്ങും. അന്നത്തെ ആഘോഷം; തുമ്പിതുള്ളൽ, തിരുവാതിരകളി, യുവജനങ്ങൾക്ക് കിളിത്തട്ടുകളി, തലപ്പന്തുകളി ഇങ്ങനെ പലതുമായിരിക്കും. കടുവാകളിയും ഉണ്ട്. ക്രിസ്ത്യാനികളായ ഞങ്ങളും ഇതെല്ലാം കാണാൻ ഇവരോടൊപ്പം കൂടും. വലിയ സൗഹൃദ ത്തിന്റെയും സന്തോഷത്തിന്റെയും കൂടിവരവും പങ്കുചേരലുമെല്ലാം കാണാൻ സാധിച്ചിട്ടുണ്ട്. ഈ ഉത്സവത്തിമിർപ്പിന്, മദ്യപാനം ഉണ്ടാ യിരുന്നില്ല. മദ്യപിക്കുന്നവർ അപൂർവ്വം. ഞങ്ങളുടെ നാട്ടിൽ അന്ന് ക്രിസ്ത്യാനികൾ മദ്യപിച്ചാൽ വലിയ സമൂഹഭ്രഷ്ടായിരുന്നു. ഒരുപക്ഷേ കുടിച്ചാലും, അത് മായം ചേരാത്ത മധുരക്കള്ള് മാത്രമായിരുന്നു. വീടുക ളിൽ കള്ളപ്പം ചുടാൻ നല്ല മധുരക്കള്ള് കള്ളുഷാപ്പിൽനിന്ന് വാങ്ങുമായി രുന്നു. നല്ല മധുരക്കള്ള് ചേർത്ത വെള്ളയപ്പത്തിന് നല്ല മൃദുത്വവും രുചിയുമുണ്ടായിരുന്നു. ഇന്നത്തെ ഓണക്കാലത്ത് — കോടികളുടെ വിഷമദ്യം എല്ലാ സമുദായത്തിൽപ്പെട്ടവരും അകത്താക്കുന്നു. തുടർന്ന് അടിപിടിയും കൊലപാതകവുമെല്ലാം അരങ്ങേറുന്നു. ഓണത്തിന് പണ്ടു ണ്ടായിരുന്ന ഹൃദ്യത പല കാരണങ്ങളാൽ ഇന്ന് അന്യംനിന്നുപോയി. ഓണസദ്യ തന്നിരുന്ന നായർകുടുംബത്തിൽ, ശബരിമല സീസണിൽ നടന്നിട്ടുള്ള ഭജൻ, തീക്കുണ്ഠത്തിൽ കൂടിയുള്ള അയ്യപ്പന്മാരുടെ നടപ്പ്, ചെറുപ്രായത്തിൽ ഇവയെല്ലാം ഞാൻ കണ്ടിട്ടുണ്ട്.

എന്റെ അമ്മച്ചി ഏഴു കുഞ്ഞുങ്ങൾക്ക് ജന്മം കൊടുത്തതായി പറഞ്ഞു കേട്ടിട്ടുണ്ട്. 7 അല്ലെങ്കിൽ 10 കുട്ടികൾക്ക് ജന്മം കൊടുത്തതിനെപ്പറ്റി

www.malankaralibrary.com


അന്നത്തെ അമ്മമാർ അഭിമാനത്തോടെ പറയും. ഇന്ന് രണ്ടിൽ കൂടുതൽ കുട്ടികൾ ജനിക്കുന്നത് നാണക്കേടുള്ള കാര്യമായിട്ടാണ് പല സ്ത്രീകളും കരുതുന്നത്. മനോഭാവത്തിനു വന്നമാറ്റം. ഏഴിൽ നാല് ആണുങ്ങൾ. മൂന്ന് പെൺകുട്ടികൾ. ഒരു കുട്ടി ജനിച്ചപ്പോൾത്തന്നെ മരിച്ചു. ഞാൻ ആറാമത്തെ കുട്ടിയായിരുന്നു. എന്റെ മൂത്തവരായിരുന്ന നാലുപേർ മരിച്ചു; പിന്നീടുള്ളത് ഞാനും. എന്റെ മൂത്തസഹോദരൻ ഡാനിയേലിന് എന്നെക്കാൾ 10 വയസ്സ് മൂത്തതാണ്. ഇളയ സഹോദരൻ ജോഷ്വായ്ക്ക് എന്നേക്കാൾ 3 വയസ്സ് പ്രായക്കുറവുണ്ട്. ജോഷ്വാ ഇപ്പോൾ നാലാഞ്ചിറ ബെനഡിക്ട് നഗറിൽ താമസിക്കുന്നു. എന്റെ മൂത്ത രണ്ടു സഹോദരികൾ ആറും ഏഴുംവയസ്സുമാത്രം പ്രായമുണ്ടായിരുന്നവർ തലേദിവസവും പിറ്റേദിവസവുമായി മരിച്ചു. സഹോദരികൾ വലിയ സുന്ദരികളായിരുന്നു. സ്കൂളിൽനിന്നു വന്ന് ഒരാൾ ഛർദ്ദിച്ചു, മരിച്ചു. പിറ്റേദിവസം ശവസംസ്കാരത്തിനു കൊണ്ടുപോകാൻ തുടങ്ങുമ്പോൾ, അടുത്ത ആളും ഛർദ്ദിച്ചു മരിച്ചു. ആ കാലത്ത് ഇന്നത്തെപ്പോലെ ആശുപത്രിസൗകര്യങ്ങളില്ല. ചികിത്സ കിട്ടാതെ മരിക്കുമ്പോൾ, ഏതോ പൈശാചിക ഉപദ്രവമാണ്, ആരെങ്കിലും മന്ത്രവാദം ചെയ്തതാണ്, അമ്പലത്തിന്റെ കോപമാണ് എന്നെല്ലാം പറയാറുണ്ട്. രണ്ടു കൊച്ചുകുട്ടികൾ തലേദിവസവും പിറ്റേദിവസവും മരിക്കുന്നത് വലിയ മാനസിക ആഘാതം സൃഷ്ടിക്കുന്ന സംഭവമാണല്ലോ. അന്ന് എന്റെ അമ്മച്ചി പൂർണ്ണഗർഭിണിയും എന്നെ ഉദരത്തിൽ സംവഹിക്കുകയും ചെയ്യുന്ന സമയം. തന്റെ രണ്ടു കുഞ്ഞുങ്ങളുടെ അകാലചരമത്തിൽ അമ്മ തലയിട്ടടിക്കുകയും മയങ്ങിവീഴുകയും ചെയ്തെന്നു കേട്ടിട്ടുണ്ട്. ഗർഭത്തിലായിരുന്ന എന്നെ ജീവനോടെ ലഭിക്കുകയില്ലെന്നു വിചാരിച്ചു. വളരെ ബലഹീനനായ ഒരു കുഞ്ഞായിട്ടാണ് ഞാൻ പിറന്നുവീണത്, ഇളംപ്രായത്തിൽ തലയുടെ പിറകിൽ ഒരു വീക്കം (swelling) വന്ന് ആഴത്തിൽ പഴുപ്പുണ്ടായി. തുടർച്ചയായി പഴുപ്പ് ഒഴുകിക്കൊണ്ടിരുന്നു. വീക്കം വന്നതിന്റെ ആഴത്തിലുള്ള അടയാളം ഇന്നും എന്റെ തലയുടെ പിറകിലുണ്ട്. അവിടെ മുടി വളർന്നിട്ടില്ല. ഞാൻ മരിച്ചുപോകുമെന്ന് മാതാപിതാക്കൾ വിചാരിച്ചു. നാലു കുഞ്ഞുങ്ങൾ നഷ്ടപ്പെട്ട മാതാപിതാക്കൾക്ക് ഞാനും നഷ്ടപ്പെടുമെന്നുള്ള ചിന്ത വല്ലാതെ അലട്ടി. “ഈ കുഞ്ഞിനു ജീവൻ കിട്ടിയാൽ ദൈവവേലയ്ക്ക് കൊടുത്തേക്കാം” എന്ന് അവർ നേർച്ച നേർന്നു. അമ്മ ഈ വിവരം എന്നോട് എന്റെ ചെറുപ്രായത്തിൽതന്നെ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് എത്ര പ്രയാസമാണെങ്കിലും എനിക്ക് വിദ്യാഭ്യാസം

www.malankaralibrary.com



നൽകണമെന്നുള്ളത് അവരുടെ ആഗ്രഹമായിരുന്നു. "അവിടുന്നാണ് എന്റെ അന്തരംഗത്തിനു രൂപം നൽകിയത്. എന്റെ അമ്മയുടെ ഉദരത്തിൽ അവിടുന്ന് എന്നെ മെനഞ്ഞു. ഞാൻ അങ്ങയെ സ്തുതിക്കുന്നു. എന്തെന്നാൽ, അങ്ങ് എന്നെ വിസ്മയനീയമാംവിധം സൃഷ്ടിച്ചു. എനിക്ക് രൂപം ലഭിക്കുന്നതിനു മുമ്പുതന്നെ അവിടുത്തെ കണ്ണുകൾ എന്നെ കണ്ടു" (സങ്കീ. 139:13-16). ഇപ്പോൾ എനിക്ക് വയസ്സ് 83. എന്റെ അമ്മയുടെ ഉദരത്തിൽ രൂപവും ഭാവവും തന്ന എന്റെ ദൈവം എത്ര വലിയവൻ. ഞാൻ മരിച്ചുപോകും എന്ന് മറ്റുള്ളവർ ചിന്തിച്ചു. പല രോഗങ്ങളിൽനിന്നും സാഹചര്യങ്ങളിൽനിന്നും എന്റെ ദൈവം എനിക്ക് വിടുതൽ തന്ന് എന്നെ ഇത്രയും കാലം അവിടുത്തെ ഉള്ളംകൈയ്യിൽ സംരക്ഷിച്ചു. അവിടുത്തെ നാമം മഹത്ത്വപ്പെടട്ടെ!

എന്നെപ്പറ്റി അമ്മ പറഞ്ഞ ഒരു വിവരം ഓർക്കുന്നു. ഞാൻ രോഗിയായി മരണത്തോട് അടുത്തു കഴിയുന്ന ശിശുപ്രായത്തിൽ അന്ധനായ ഒരു മനുഷ്യൻ വീട്ടിൽ വന്നു. കുഞ്ഞിനെ (എന്നെ) തപ്പിനോക്കി. ഈ കുഞ്ഞ് വലിയ ആളായിത്തീരും. "മറ്റുള്ളവർ ഇവന്റെ സാന്നിദ്ധ്യത്തിൽ എഴുന്നേറ്റു നിന്ന് ആദരിക്കും" എന്ന് പറഞ്ഞു. ഈ പ്രവചനം നടത്തിയത് ആരാണ് എന്നറിയില്ല. ഒരു വൈദികനായി ദൈവം എന്നെ അഭിഷേകം ചെയ്തപ്പോൾ, പാവപ്പെട്ട ഈ അന്ധന്റെ പ്രവചനം നിവൃത്തിയായി എന്നു ഞാൻ വിചാരിക്കുന്നു. ഒരുവേള, കർത്താവ് അന്ധന്റെ രൂപത്തിൽ വന്നതായിരിക്കും.

എന്റെ മൂത്ത സഹോദരങ്ങൾ മരിച്ചുപോയ വിവരം അമ്മയും അയൽപക്കത്തെ മറ്റു സ്ത്രീകളും നിരന്തരം പറയുന്നതു എന്റെ ചെറുപ്രായത്തിൽ ഞാൻ കേട്ടിട്ടുണ്ട്. അന്നുമുതൽ ഉൾഭയം എന്നെ പിടികൂടിയിരുന്നു. ഇരുട്ട് എനിക്ക് വലിയ ഭയമായിരുന്നു. രാത്രിയാകുന്നത് എനിക്ക് ഭയം ഉളവാക്കി. ഇരുളിന്റെ ഭാഗത്തുനിന്ന് മരിച്ചവർ ഇറങ്ങിവരുന്നു എന്നു പറയാറുണ്ട്. എനിക്ക് ഓർമ്മവച്ച നാൾമുതൽ രാത്രിയിൽ അപ്പച്ചന്റെകൂടെ കിടന്നാണ് ഉറങ്ങിയിരുന്നത്. ഇളയ സഹോദരൻ അമ്മയുടെകൂടെ ആയിരിക്കും ഉറങ്ങുന്നത്. ഭയംകൊണ്ട് ഞാൻ അപ്പച്ചനെ കെട്ടിപ്പിടിച്ചു കിടക്കും. മൂത്രശങ്ക ഉണ്ടായാലും എഴുന്നേൽക്കാതെ കിടക്കും. അപ്പച്ചന്റെ കൂടെക്കിടന്ന് ഞാൻ മൂത്രമൊഴിച്ചിട്ടുണ്ട്. അഞ്ചു വയസ്സുള്ളപ്പോൾ അപ്പച്ചൻ നിർബന്ധിച്ച് എഴുന്നേൽപ്പിച്ചാൽ കണ്ണ് ഇറുക്കിപ്പിടിച്ചു കൊണ്ടാണ് മൂത്രമൊഴിക്കുവാൻ മുറ്റത്തിറങ്ങുന്നത്. ഈ ഭയം എന്നിൽ പിന്നീട് പ്രായമായ ശേഷവും ഉണ്ടായിരുന്നു. സെമിനാരി

www.malankaralibrary.com


പഠനസമയത്ത് സമൂഹമായി ജീവിച്ചതുകൊണ്ട് ബുദ്ധിമുട്ട് അനുഭവപ്പെട്ടിട്ടില്ല. എന്നാൽ വൈദികനായശേഷം രാത്രികാലങ്ങളിൽ തനിച്ചിരിക്കുവാൻ, ഏകനായി പള്ളിക്കെട്ടിടത്തിൽ കിടക്കുവാൻ ഏതോ അജ്ഞാതഭയം ഉള്ളിലുണ്ടായിരുന്നു. എന്റെ കൂടെ കുശിനിക്കാരൻ അല്ലെങ്കിൽ ഇടവകയിലെ ഏതെങ്കിലും കുട്ടികൾ രാത്രിയിൽ കൂട്ടിനു കാണും. തനിച്ചായിപ്പോയാൽ ഉറങ്ങാൻ പറ്റാത്ത അസ്വസ്ഥത. ഇത് നിസ്സാരമായ മാനസികപ്രശ്നമാണെന്ന് എനിക്കറിയാം. ഭയം മനസ്സിന്റെ തെറ്റായ, അയഥാർത്ഥമായ തോന്നലാണെന്നും എനിക്കറിയാം. എന്നാൽ അതു തരണം ചെയ്യുവാൻ പ്രയാസമായിരുന്നു. ചെറുപ്പകാലങ്ങളിൽ ഉണ്ടായ ഭയം ഉപബോധമനസ്സിൽ കിടക്കുന്നതിന്റെ പ്രശ്നമാണ് ഈ പ്രതിഭാസം എന്നും എനിക്കറിയാം. ഇളം പ്രായത്തിൽ കുട്ടികളെ ഭയപ്പെടുത്തുന്ന ഒന്നും മറ്റുള്ളവർ പറയുകയോ, അവരെ ഭയപ്പെടുത്തുകയോ ചെയ്യരുത്. പ്രാർത്ഥനകൊണ്ടും ധ്യാനംകൊണ്ടും ഈ കാര്യത്തിൽ ഒത്തിരി മാറ്റംവന്നു. എങ്കിലും ഒരു കെട്ടിടത്തിൽ രാത്രിയിൽ ഒറ്റയ്ക്ക് കിടക്കുവാൻ എനിക്ക് ഇന്നും ഭയമാണ്. പള്ളികളിൽ രാത്രികാലങ്ങളിൽ സെമിത്തേരിയിൽ പോകാനും എനിക്കു ഭയമാണ്. ശവസംസ്കാരത്തിന് പോവുകയും പലരെ ശുശ്രൂഷ നടത്തി സംസ്കരിക്കുകയും ചെയ്ത എനിക്ക് രാത്രികാലങ്ങളിൽ ഏതോ അജ്ഞാതമായ ഭയം പ്രത്യേകിച്ച് ശവക്കോട്ടയുടെ സാമീപ്യം ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. മരിച്ചവർ ആരും നമ്മെ ഉപദ്രവിക്കുവാൻ വരുന്നില്ല എന്നും എനിക്കറിയാം. എങ്കിലും അബോധമനസ്സിൽ ഒരു ഉൾഭയം എന്നെ ഗ്രസിച്ചിരുന്നു. Fear-എന്നാൽ False Evidence Appearing Real (യഥാർത്ഥമെന്ന് തോന്നിപ്പിക്കുന്ന വ്യാജമായ തെളിവ് മാത്രമാണ്) എന്ന് എനിക്കറിയാം. ഇതു ഞാൻ പലർക്കും പറഞ്ഞുകൊടുത്തു സഹായിച്ചിട്ടുണ്ട്. എന്നാൽ എന്റെ കാര്യം വരുമ്പോൾ ഭയം തുടർന്നും നിലനിൽക്കുന്നു. ഇരുട്ടുമായി ബന്ധപ്പെട്ടാണ് ഈ ഭയം. പകൽ ഇതുപോലെയുള്ള ഭയമില്ല.

അപ്പച്ചന്റെയും അമ്മച്ചിയുടെയും കുടുംബത്തിൽ സാമ്പത്തികമായി മെച്ചപ്പെട്ടവരുണ്ടായിരുന്നു. മുരുപ്പേൽ ഡാനിയേൽ അച്ചായന് (എന്റെ പിതാവിന്റെ അനന്തിരവന്) തടിവ്യാപാരം ഉണ്ടായിരുന്നു. ആ കാലത്ത് തരക്കേടില്ലാത്ത വിദ്യാഭ്യാസവും സമൂഹത്തിൽ നല്ല സ്ഥാനവുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സഹോദരി തങ്കമ്മയുടെ മകളാണ് ചെങ്ങന്നൂർകാരി ശോഭന ജോർജ്ജ് (മുൻ എം.എൽ.എ.). ഞാൻ കാരയ്ക്കാട്ട് ഇടവകയിൽ വികാരി ആയിരുന്നപ്പോൾ (1977–81)

www.malankaralibrary.com


ചെങ്ങന്നൂരിൽ തങ്കമ്മയുടെ (എന്റെ കസിൻ) വീട്ടിൽ പോയിട്ടുണ്ട്. അന്ന് ശോഭന ഹൈസ്കൂളിൽ പഠിക്കുന്നു. അവൾ മനോരമ ബാലജന സഖ്യത്തിൽ സജീവപ്രവർത്തകയായിരുന്നു. പ്രത്യേകം പ്രാർത്ഥിക്കണ മെന്ന് അന്ന് ശോഭന എന്നോട് പറഞ്ഞിട്ടുണ്ട്. കണ്ണാകുഴിയിൽ അപ്പച്ചന്റെ കസിന്റെ വീട്ടിൽ നിലം വിതയ്ക്കുന്ന കാലത്ത്, അപ്പച്ചൻ ജോലിക്കുപോകു ന്നത് എനിക്കോർമ്മയുണ്ട്. മുരുപ്പേൽ ഡാനിയേൽ അച്ചായന്റെ പുരയിട ത്തിൽ ഒരു ഓലഷെഡിൽ നിലത്തെഴുത്തു ഞാൻ പഠിച്ചതായി ഓർ ക്കുന്നു. ഒരു തോമസ് സാർ ആയിരുന്നു ആശാൻ എന്നാണ് ഓർമ്മ. സ്നേഹസമ്പന്നനായിരുന്നു. അദ്ദേഹത്തോട് എനിക്ക് ഒത്തിരി സ്നേഹം തോന്നിയിരുന്നു. വീട് എവിടെ ആയിരുന്നു എന്നറിഞ്ഞുകൂടാ. മലയാള അക്ഷരമാല പഠിക്കുന്നതിനനുസരിച്ച്, ഓരോന്നും പനയോലയിൽ കൂർത്ത മുനയുള്ള നാരായംകൊണ്ട് എഴുതിത്തരും. അതു പഠിച്ചു ചൊല്ലി കേൾപ്പിക്കുമ്പോൾ, നിലത്ത് പൂഴി മണലിൽ എഴുതി കാണി ക്കുമ്പോൾ അടുത്ത അക്ഷരം എഴുതിത്തരും. പനയോലയിൽ എഴുതിയ അക്ഷരം തെളിഞ്ഞു കാണുവാൻ പച്ചില പറിച്ച് എഴുതിയ ഓലയിൽ തേയ്ക്കുമ്പോൾ അക്ഷരം കൂടുതൽ തെളിഞ്ഞുവരും. കുട്ടികൾ എല്ലാം തറയിൽ ഇരിക്കും. കുടിപ്പള്ളിക്കൂടം എന്ന് ഈ നിലത്തെഴുത്ത് കളരി അറിയപ്പെടുന്നു. എല്ലാ കുട്ടികളും കൂടി ആ, ആ, ഇ, ഈ എന്നു ചൊല്ലുന്ന ആരവം കേൾക്കാൻ കഴിയും. നന്നായി പഠിക്കാത്ത കുട്ടികളെ സാർ അടിക്കുകയും ചെയ്യും. കല്യാണസമയത്ത് ദക്ഷിണ കൊടുത്ത് നിലത്തെ ഴുത്ത് ആശാന്മാരെ ബഹുമാനിക്കുന്ന പതിവ് നാട്ടിൽ ഉണ്ടായിരുന്നു. ഇന്ന് നിലത്തെഴുത്ത് ആശാന്മാർ കാണുകയില്ല. നേഴ്സറി സ്കൂളുക ളാണ് കുടിപ്പള്ളിക്കൂടത്തിനു പകരം. നാലഞ്ച് പനയോലക്കീറുമായി ഞങ്ങൾ പഠിച്ചെങ്കിൽ, ഇന്ന് കഴുത ചുമക്കുന്ന രീതിയിൽ പുസ്ത കസഞ്ചിയുടെ ഭാണ്ഡക്കെട്ടുമായി കുട്ടികൾ സ്കൂളിൽ പോകേണ്ടിവ രുന്നു. കൊച്ചുകുഞ്ഞുങ്ങൾക്ക് സ്വയം ചുമക്കാൻ സാധിക്കാത്തതിനാൽ പുസ്തകക്കെട്ടുമായി മാതാപിതാക്കളോ, ആശ്രിതരോ കൂടെ ഉണ്ടാ വണം. നേഴ്സറി പഠനം കഴിയുമ്പോൾത്തന്നെ ആയിരക്കണക്കിനു രൂപയുടെ ചെലവ്. പാവപ്പെട്ടവൻ ഇതിനിടയിൽ സ്വന്തം കുഞ്ഞുങ്ങൾ ക്കുവേണ്ടി നട്ടംതിരിയേണ്ടിവരുന്നു. ആശാൻ കളരിയിൽ പഠിച്ചശേഷം, ഞാൻ പഠിച്ചത് കോന്നി പെൺപള്ളിക്കൂടത്തിലാണ്. എന്തിനാണ് പെൺപള്ളിക്കൂടം എന്നു വിളിക്കുന്നത് എന്ന് എനിക്കറിഞ്ഞുകൂടാ. പെൺകുട്ടികൾ മാത്രമേ അവിടെ പഠിക്കുന്നുള്ളൂവെങ്കിൽ ആണായ

www.malankaralibrary.com



എന്നെ അവിടെ പഠിപ്പിച്ചത് എന്തുകൊണ്ട്? കോന്നി ജംഗ്ഷനിൽനിന്ന് അച്ചൻകോവിൽ ആറിന്റെ ഭാഗത്തേക്ക് പോകുന്ന റോഡ് സൈഡിലാണ് ഈ എൽ.പി. സ്കൂൾ. ഇന്ന് അത് ഒരു ഹൈസ്കൂൾ ആയിട്ടുണ്ട്. എന്നെ നേരിട്ട് രണ്ടാം ക്ലാസിലാണ് ചേർത്തത് എന്നാണ് എന്റെ ഓർമ്മ. കണ്ണാകുഴിവീട്ടിലെ എന്റെ ഒരു കസിൻ സഹോദരി അവിടെ പഠിച്ചിരുന്നതിനാലാണ് എന്നെ അവിടെ ചേർത്തത്. അവളുടെ വീട്ടിൽ നെൽകൃഷി ഉള്ളതുകൊണ്ട് ഉച്ചയ്ക്ക് ചോറു കൊണ്ടുപോകാനുള്ള സാമ്പത്തികം ഉണ്ടായിരുന്നു. എന്റെ വീട്ടിൽ അതിനു പ്രയാസമായിരുന്നു. ഈ സഹോദരി കൊണ്ടുവരുന്ന ചോറ് ഉച്ചയ്ക്ക് എനിക്ക് തന്നിരുന്നു. പല കുട്ടികളും നാലുമണിവരെ പട്ടിണിയിരിക്കുന്ന കാലമായിരുന്നു.

ഈ സ്കൂളിൽ പഠിക്കുമ്പോൾ എന്നിൽ ആഴമായി പതിഞ്ഞ ഒരു സംഭവമുണ്ടായി. അദ്ധ്യാപിക എന്നെ ബ്ലാക്ക് ബോർഡിന്റെ അടുത്തു വിളിച്ച് ബോർഡിൽ ഏതോ പ്രോബ്ലം എഴുതാൻ പറയുന്നു. എന്താണെന്ന് എനിക്ക് ഓർമ്മയില്ല. കണക്ക് ആയിരിക്കാം. രണ്ടാം ക്ലാസ്സ് ആയതിനാൽ അക്കങ്ങൾ തമ്മിൽ കൂട്ടാനായിരിക്കാം എന്നു വിചാരിക്കുന്നു. ഞാൻ ചോക്കിന്റെ കഷണം പിടിച്ച് ബോർഡിൽ എഴുതാൻ തുടങ്ങി. കണക്ക് കൂട്ടിയതിൽ തെറ്റ് എന്തോ ഉണ്ടെന്നു വിചാരിക്കുന്നു. ഓരോ പ്രാവശ്യവും എഴുതുമ്പോൾ എന്നെ ശക്തിയായി അടിക്കുകയാണ്. ഞാൻ കരഞ്ഞുകൊണ്ട് വീണ്ടും എഴുതുകയാണ്. തെറ്റിക്കാതെ എഴുതെടാ എന്നു പറഞ്ഞുകൊണ്ട് അദ്ധ്യാപിക വീണ്ടും അടിക്കുകയാണ്. വീണ്ടും വീണ്ടും ശരീരത്തിൽ അടി വന്നുവീഴുന്നു. കാലിന്റെ പാദത്തിനു മുകൾ മുതൽ, അര ഭാഗം കഴിഞ്ഞ്, തോൾ ഭാഗം, കൈ മുഴുവൻ അടിച്ചുകൊണ്ടിരുന്നു. അദ്ധ്യാപിക പുലിപോലെ. പൂച്ചയുടെ മുൻപിൽ അകപ്പെട്ട എലിയെപ്പോലെ ഞാൻ വിറച്ചു കരയുകയാണ്. അദ്ധ്യാപിക പറഞ്ഞ പ്രോബ്ലം ഞാൻ പൂർത്തീകരിച്ചോ എന്ന് ഓർമ്മയില്ല. ആ കാലം. കൊച്ചുകുട്ടികൾ, പ്രത്യേകിച്ച് പാവപ്പെട്ട വീട്ടിലെ കുട്ടികൾക്ക് ശരീരത്തിൽ ഉടുപ്പ് കാണുകയില്ല. ഒരു ചെറിയ തോർത്ത് ഉടുക്കുന്നതാണ് പതിവ്. അപൂർവ്വമായി വള്ളിനിക്കർ ധരിക്കുന്ന കുട്ടികൾ ഉണ്ട്. പാന്റ്സ് അന്ന് ആർക്കും ഇല്ല. സായിപ്പിന്റെ ഈ ഡ്രസ്സ് പിൽക്കാലത്തു നാട്ടിൽ വന്നതാണ്. പ്രായമായവർപോലും വിശേഷാവസരങ്ങളിൽ, മുണ്ട് ഉടുത്ത് തോളത്ത് ഒരു നേരിയതോ ടൗവ്വലോ മാത്രം ഇടുന്നു. ഉടുപ്പ് ഇടാത്ത ശരീരവുമായി പുരുഷന്മാർ പോകുന്നത് മോശമായി അന്ന് ആരും ചിന്തിക്കാറില്ല. 50-60 അടികൾ എനിക്ക് കിട്ടി. അവയെല്ലാം തടിച്ചു പൊങ്ങി. 6 വയസ്സുള്ള

www.malankaralibrary.com


എന്റെ കുരുന്ന് ശരീരത്തിൽ പല അടികൾ തൊലിപൊട്ടി ചോര പൊടിച്ചു നിന്നു. വൈകിട്ട് സ്കൂൾ വിട്ടു പോകുമ്പോൾ എന്നെ കണ്ടവർ ചിലർ പറയുന്നതു കേട്ടു. "ഏതു പഞ്ചപാതകരാണ് ഈ കുഞ്ഞിനോട് ഇങ്ങനെ ചെയ്തത്" എന്ന്. കർത്താവിന് ചമ്മട്ടി അടി ഏറ്റ വിവരമൊന്നും അന്ന് എനിക്കറിഞ്ഞുകൂടാ. പിറ്റേ ദിവസം അപ്പച്ചൻ ആരെയോ വിളിച്ച്, മുരുപ്പേൽ ഡാനിയേൽ അച്ചായനാണെന്നു തോന്നുന്നു. സ്കൂളിൽ വന്ന് ഹെഡ്മാസ്റ്ററോട് പരാതി പറഞ്ഞതായി ഓർക്കുന്നുണ്ട്. ആ കാലത്ത് അതിൽ കൂടുതൽ ഒന്നും നടക്കുകയില്ല. ഈ ചെറുപ്പകാല സംഭവം എന്നിൽ മായാതെ നിന്നിരുന്നു. മനസ്സിനു കുഞ്ഞുപ്രായത്തിൽ ഏറ്റ മുറിവ്. ഞാൻ വൈദികനായശേഷം കുറെ Psychology (മനഃശാസ്ത്രം) പഠിക്കുകയും പിന്നീട് കരിസ്മാറ്റിക് ധ്യാനത്തിൽ പങ്കെടുക്കുകയും ചെയ്തപ്പോൾ ഈ കാര്യങ്ങളെപ്പറ്റി കൂടുതൽ പ്രകാശം ലഭിച്ചു. ഓരോ വ്യക്തിക്കും ഏൽക്കുന്ന മാനസിക മുറിവുകൾ അബോധ, ഉപബോധ മനസ്സിൽ കിടന്നാൽ അത് ആ വ്യക്തിക്കും മറ്റുള്ളവർക്കും പ്രശ്നം ഉണ്ടാകും. ഒരു അദ്ധ്യാപകന് പഠിക്കാത്ത കുട്ടിയെ ശിക്ഷിക്കുവാൻ അധികാരമുണ്ട്. എന്നാൽ ഒരു കൊച്ചുകുട്ടിയെ ക്രമത്തിലധികമായി പാദംമുതൽ തോളുവരെ അടിക്കുക സ്വാഭാവികമല്ല. ഏതോ മാനസിക പ്രശ്നമുള്ള, വിലക്ഷണമായ വ്യക്തിത്വത്തിന്റെ ഉടമയാണ് ഇത്തരം പ്രവൃത്തി ചെയ്യുന്നത്. ഈ വ്യക്തിക്ക് കുടുംബത്തിലോ, മറ്റ് വ്യക്തികളിൽ നിന്നോ മുറിവുകൾ ഉണ്ടായിരിക്കാം. ഇവർ വെറുപ്പ്, വിദ്വേഷം, അസ്വസ്ഥത, പൊട്ടിത്തെറിക്കുന്ന സ്വഭാവം ഇവയുടെയെല്ലാം ഉടമകളാകാം. കുടുംബത്തിൽനിന്നുള്ള വിഷമം ജീവിതത്തിൽ കണ്ടുമുട്ടുന്ന മൂന്നാമത് ഒരാളിൽ ഇറക്കിവച്ച് ആശ്വാസം കണ്ടെത്തിയെന്നു വരാം. പല കുടുംബങ്ങളിലും സമൂഹത്തിലും ഉണ്ടാകുന്ന പ്രശ്നങ്ങളുടെ അടിവേരുകൾ ഇപ്രകാരം തകർന്ന വ്യക്തികളിൽ നിന്നു മുളച്ചു പൊങ്ങുന്നതാണ്. ഇത് വ്യക്തിയിൽനിന്നു സമൂഹത്തിലേക്കും വ്യാപിക്കാവുന്നതാണ്. മുറിവേറ്റു തകർന്ന ബാല്യകാലമുള്ള ഹിറ്റ്ലർ യഹൂദ വിദ്വേഷിയായി രണ്ടാം ലോകമഹായുദ്ധത്തിനു വഴി തുറന്നിട്ടതിന്റെ പിന്നിൽ മനസ്സിലെ മുറിവുകളുടെ ബഹിർസ്ഫുരണമാണ്. സ്ത്രീകൾക്ക് മാസമുറ ദിവസങ്ങളിൽ അസ്വസ്ഥത, ശുണ്ഠി പിടിക്കുന്ന സ്വഭാവം മുതലായവ ഉണ്ടാകാം എന്നു ഞാൻ പഠിച്ചിട്ടുണ്ട്. എന്നെ ക്രമത്തിലധികം അടിച്ച അദ്ധ്യാപികയ്ക്ക് ഒരുപക്ഷേ, ഇങ്ങനെ ഏതോ മാനസികപ്രശ്നം ഉണ്ടായിരുന്നിരിക്കാം. യേശുവിനു സമർപ്പിച്ചു കർത്താവിന്റെ തിരുരക്ത

www.malankaralibrary.com


ത്താൽ കഴുകപ്പെട്ട്, ശുദ്ധീകരിക്കപ്പെട്ടില്ലെങ്കിൽ ഇവർ നിരന്തരമായി നീരസത്തിന്റെ, വെറുപ്പിന്റെ ഭാഷയിൽ സംസാരിക്കുകയും പെരുമാറുകയും തൻമൂലം അപരർക്ക് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. കരിസ്മാറ്റിക് ധ്യാനത്തിൽ സംബന്ധിച്ചപ്പോൾ എന്റെ അദ്ധ്യാപിക എന്നെ ചെറുപ്രായത്തിൽ ദാരുണമായി ശിക്ഷിച്ചതിന്റെ കാരണം മനസ്സിലാകുകയും ആ വ്യക്തിയോട് ക്ഷമിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. അവർ ജീവിച്ചിരുന്നെങ്കിൽ അവരുടെ പക്കൽ ഞാൻ പോകുമായിരുന്നു. എന്നാൽ കാലം വളരെ ദൂരം പോയിക്കഴിഞ്ഞിരുന്നു.

കോന്നിയിൽ എന്റെ കുടുംബം കിഴവള്ളൂർ ഓർത്തഡോക്സ് പള്ളിയിലെ അംഗങ്ങളായിരുന്നു. അപ്പച്ചന്റെ കൂടെ പള്ളിയിൽ പോകുമായിരുന്നു. ഒരു വർഷം ഈ പള്ളിയിലെ പെരുന്നാളാണ്. കോന്നി ചന്തഭാഗത്തു വസൂരി രോഗം വന്ന് പല ആളുകൾ മരിച്ചു. ഈ വസന്ത മാറാനും കൂടി, റാസ എല്ലാ ആർഭാടത്തോടും കോന്നി ചന്തവരെ പോയി. തിരിച്ചു വരുമ്പോൾ, അതിൽ ഞാനും അപ്പച്ചനും ചേർന്നു. റാസയിൽ മുത്തുക്കുട, ഗ്യാസ് ലൈറ്റ്, ചെണ്ടമേളം, ബാന്റ്സെറ്റ് ഇതെല്ലാംകൂടി കാണുന്നത് കുഞ്ഞുമനസ്സിൽ ആഹ്ലാദത്തിന്റെ പൂത്തിരി കത്തിയ അനുഭവമായിരുന്നു. റാസ കഴിഞ്ഞ്, റാസ പള്ളിക്ക് പ്രദക്ഷിണം വയ്ക്കുന്നു. ഞാനും അപ്പച്ചനും പള്ളിക്കകത്ത് ഇരിക്കുകയാണ്. പെട്ടെന്നു കൂട്ടനിലവിളി, വലിയ ഒച്ചപ്പാട്, മേളങ്ങൾ നിലച്ചു. ആളുകൾ ഓടി പള്ളിയിൽ കയറുന്നു. വൈദികർ പള്ളിയുടെ പരിസരത്ത് കയറുന്നു. പള്ളിയുടെ കതകുകൾ പെട്ടെന്ന് അടയ്ക്കുന്നു. ബാലനായ എനിക്ക്, സംഭവിച്ചതെന്തെന്ന് അറിയാതെ ഒരു പരിഭ്രമം. കുറെ സമയം കഴിഞ്ഞപ്പോൾ നാലഞ്ചു ചെറുപ്പക്കാരെ പള്ളിക്കകത്തേക്ക് കൊണ്ടുവന്നു. അവരുടെ നെറ്റിയിൽനിന്ന് രക്തം ഒലിക്കുന്നു. തുണികൊണ്ട് ആ ഭാഗം കെട്ടിയിട്ടുണ്ട്. എല്ലാവരും ഭയവിഹ്വലരായി. പിന്നീട് അപ്പച്ചൻ പറഞ്ഞു. പള്ളിയുടെ പരിസരത്ത് രണ്ടു വിഭാഗക്കാർ പരസ്പരം അടിയും കത്തിക്കുത്തുമായിരുന്നു പ്രദക്ഷിണത്തിന്റെ മൂന്നാംഘട്ടത്തിൽ. പള്ളിപ്പെരുന്നാളിനു കൊടിമരം (കമുക്) നാട്ടാൻ കൊണ്ടുവരുമ്പോൾ കുട്ടികൾ തമ്മിലുള്ള ചെറിയ വഴക്ക്, മുതിർന്നവരിലേക്ക് പടർന്ന്, മെത്രാൻ ബാവാകക്ഷികളായി ചേരിതിരിഞ്ഞുള്ള ഏറ്റുമുട്ടലായിരുന്നു. കുമ്പഴ, വെട്ടൂർ ഭാഗത്തുനിന്ന് കഠാരി, മറ്റു മാരക ആയുധങ്ങളുമായി കുറെ ആളുകളെ ഇതിൽ ഒരു വിഭാഗം നേരത്തെ കരുതിക്കൂട്ടി വരുത്തിയിരുന്നു. തിരുനാൾ

www.malankaralibrary.com


ദിവസം പകതീർക്കാൻ അവസരം കാത്തിരുന്നു. മറ്റെ വിഭാഗക്കാർ (പാത്രിയർക്കീസ് പക്ഷം എന്ന് തോന്നുന്നു) ഇതൊന്നും അറിഞ്ഞില്ല. കുത്തും അടിയും തുടങ്ങിയപ്പോൾ ഒന്നും കരുതാതിരുന്ന വിഭാഗം, പ്രായംചെന്നവർ കൊണ്ടുവന്ന ഊന്നുവടികൾ പിടിച്ചുവാങ്ങി തിരിച്ചടിക്കുകയായിരുന്നു.

യാക്കോബായസഭയിൽ 20-ാം നൂറ്റാണ്ടിൽ ഉടലെടുത്ത ഈ കക്ഷിവഴക്കിൽ മനംനൊന്ത്, ഓർത്തഡോക്സ് വിഭാഗത്തിലെ പ്രമുഖനായിരുന്ന മാർ ഈവാനിയോസ് പിതാവ് താൻ ജനിച്ചുവളർന്ന സഭയോടു വിടപറഞ്ഞ്, കർത്താവ് സ്ഥാപിച്ച കത്തോലിക്കാസഭയോട് 1930 സെപ്റ്റംബർ 20-ന് പുനരൈക്യപ്പെട്ടു. അങ്ങനെ മലങ്കര കത്തോലിക്കാസഭയിൽ സമാധാനം നിലനിൽക്കുന്നു. ഇന്നും ഓർത്തഡോക്സ്, പാത്രിയർക്കീസ് വിഭാഗങ്ങൾ കോടതി വ്യവഹാരവും അകൽച്ചയും സമാധാനമില്ലായ്മയുമായി കഴിയുന്നു. ഈവാനിയോസ് പിതാവുവഴി സത്യസഭയിൽ അംഗങ്ങളാകാൻ മലങ്കര മക്കൾക്ക് സാധിച്ചത് വലിയ ദൈവാനുഗ്രഹം. ആ സഭയിൽ ഒരു എളിയ വൈദികനാകാൻ എനിക്ക് സാധിച്ചത് അതുല്യമായ ദൈവകൃപമാത്രം. അതിൽ എന്റെ ചിത്തം കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു.

കോന്നി പെൺപള്ളിക്കൂടത്തിൽനിന്ന് രണ്ടാംക്ലാസ്സുകഴിഞ്ഞ് കിഴവള്ളൂർ സ്കൂളിൽ ചേർന്നു. ഓർത്തഡോക്സ് സഭയുടേതായ ആ സ്കൂളിൽ ആ കാലയളവിൽ മലയാളം 9-ാം ക്ലാസ്സുവരെ ഉണ്ടായിരുന്നു. 9-ാം ക്ലാസ്സുവരെ പഠിച്ച ഒരാൾക്ക് നല്ല അറിവുള്ള അദ്ധ്യാപകനാകാനുള്ള യോഗ്യത കിട്ടുമായിരുന്നു. ഒരു ദിവസം പുത്തൻകാവിലെ തിരുമേനി (മെത്രാൻ) സ്കൂൾ സന്ദർശിക്കുവാൻ വന്നതോർക്കുന്നു. ചുവന്ന കുപ്പായവും തലയിൽ മസ്നബ്സാ (12 കുരിശുള്ള തലമുടി) ധരിച്ചുവന്ന വ്യക്തിയെ കണ്ടത് വലിയ ദൈവികമനുഷ്യന്റെ സാന്നിദ്ധ്യവും പ്രഭയുമായി അനുഭവപ്പെട്ടു. എൽ.പി.സ്കൂളിലെ പ്രധാന അദ്ധ്യാപകൻ ഒരു ജോഷ സാർ ആയിരുന്നു. കുട്ടികളെ വല്ലാതെ ശിക്ഷിക്കുമായിരുന്നു. നാക്ക് കടിച്ചുകൊണ്ടായിരുന്നു കുട്ടികളെ ചൂരൽവടികൊണ്ട് അടിച്ചിരുന്നത്. നാലാം ക്ലാസ്സിലെ ഒരു കുട്ടിയെ അടിക്കുന്നതും അവൻ സാറിനോട് തർക്കുത്തരം പറയുന്നതും തുടർന്ന് അവനെ വല്ലാതെ അടിക്കുന്നതും കണ്ടതായി ഓർമ്മയുണ്ട്. അദ്ധ്യാപകർ ശിക്ഷിച്ചാൽ ആരും ആ കാലം ചോദ്യം ചെയ്യാറില്ല. ആ സാഹചര്യം ഇന്നു മാറിപ്പോയി. സാറിനു ഭീഷണിയും സമരവുമെല്ലാം ഉണ്ടാകാം. വർഷങ്ങൾ വളരെ

www.malankaralibrary.com


പിന്നിട്ട്, ഞാൻ ഒരു വൈദികനായി ഒരു ദിവസം സ്കൂട്ടറിൽ പത്തനംതിട്ട യിൽനിന്ന് വകയാറുള്ള വീട്ടിൽ പോകുന്ന അവസരത്തിൽ ജോഷ്വാസാർ റോഡിൽ സൈഡ് ചേർന്ന് കുട കുത്തിപ്പിടിച്ചു നടക്കുന്നതു കണ്ടു. ഞാൻ സ്കൂട്ടർ നിർത്തി സാറിന്റെ അടുത്തെത്തി. സാറിന് ഏകദേശം തൊണ്ണൂറുവയസ്സായിരുന്നു. ഞാൻ കിഴവള്ളൂർ സ്കൂളിൽ പഠിച്ചത് സാറിനു ഓർമ്മ വന്നില്ലെങ്കിലും എന്റെ അപ്പച്ചനെ അറിയുന്നതുകൊണ്ട്, എന്നെ മനസ്സിലായി. എനിക്കും സാറിനും ഒത്തിരി സന്തോഷം ഉളവാക്കിയ അനുഭവമായിരുന്നു.

കിഴവള്ളൂരിൽ പഠിക്കുമ്പോൾ, ഉച്ചയ്ക്ക് ഇടവേളയ്ക്ക് ഉച്ചഭക്ഷണ ത്തിനായി വീട്ടിലേക്ക് ഓടും. കൂട്ടുകാരനായി അടുത്തുള്ള പുന്നൂര് വീട്ടിലെ യോവേലും ഉണ്ടായിരുന്നു. ക്ലാസ്സു തുടങ്ങാൻ ബെൽ അടിക്കുന്ന തിനു മുമ്പ് തിരിച്ചെത്തണം. അതിനുള്ള ഓട്ടമാണ് രണ്ടുപേരും കൂടി. ഒരുമൈൽ (കിലോമീറ്റർ അല്ല) കൂടുതൽ ദൂരമുണ്ട്. കഞ്ഞിയും എന്തെ ങ്കിലും പുഴുക്കും (കപ്പയോ ചക്കയോ) കാണും. ചൂടോടെ ഊതിക്കുടിക്കും. ചിലപ്പോൾ ചെറിയ ചേമ്പിന്റെ കറി കഞ്ഞിക്ക് കാണും. അസ്ത്രം എന്നാണ് പ്രസ്തുത കറിക്ക് പറയുന്നത്. വളരെ രുചികരമാണ്. വിയർ ത്തൊലിച്ച് ക്ലാസ്സിൽ തിരിച്ചെത്തുമ്പോഴേക്കും കഴിച്ച ആഹാരം ദഹി ച്ചിട്ടുണ്ടാകും. ഇങ്ങനെ വിയർത്ത് ഓടിയെത്തുന്നവരിൽ വിയർപ്പു ദുർഗ ന്ധം ഉണ്ടായിരിക്കും. ഉച്ചയ്ക്ക് ചോറുകൊണ്ടുപോകാൻ വീടുകളിൽ കഴിവില്ല. സ്കൂളിനടുത്ത് ഒരു വെട്ടിമരം ഉണ്ട്. അതു വലിപ്പമുള്ള മരമല്ല. അതിൽ പവിഴമുത്തുകൾ പോലെയുള്ള വെട്ടിപ്പഴം ഉണ്ടാകും. മുതിർന്ന കുട്ടികൾ അതു പറിച്ചെടുക്കും. അവരുടെ അടുത്ത് ഞങ്ങൾ കൊച്ചുകുട്ടി കൾ പോയി നിൽക്കും. അവർ ഞങ്ങൾക്കും പഴങ്ങൾ പറിച്ചുതരും. നല്ലരുചിയുള്ള ചെറുപഴമാണ് വെട്ടിപ്പഴം. പ്രകൃതി സൗജന്യമായി തരുന്ന ഇത്തരം പഴവർഗങ്ങൾ ഇന്ന് അന്യമായി പോയിരിക്കുന്നു.

മഴക്കാലത്ത് ഉപയോഗിക്കുവാൻ കുടയില്ല. പനയോല കൊണ്ടുണ്ടാ ക്കിയ നല്ല വൃത്താകൃതിയിലുള്ളതും മുളങ്കമ്പിൽ ഉറപ്പിച്ചിരിക്കുന്നതു മായ ഓലക്കുട ചിലർക്ക് ഉണ്ടായിരിക്കും. അതു കൊണ്ടുനടക്കുവാനും സൂക്ഷിക്കുവാനും ബുദ്ധിമുട്ടുള്ളതാണ്. ഇന്ന് സിനിമയിലോ മാവേലി വേഷം കെട്ടുന്നവരുടെ കൈയിലോ ഇത്തരം കുടകൾ അലങ്കാരത്തിനാ യിമാത്രം കാണാം. വാഴയില മുറിച്ച് അതും ചൂടികൊണ്ട് മഴക്കാലത്ത് സ്കൂളിൽപ്പോകുക പതിവാണ്. കാറ്റ് അടിക്കുമ്പോൾ ഈ ഇല ഒടിഞ്ഞു പോകുകയോ കീറിപ്പോകുകയോ ചെയ്യാറുണ്ട്. പലപ്പോഴും പുസ്തകങ്ങൾ

www.malankaralibrary.com


മഴ നനഞ്ഞു പോകാറുണ്ട്. വെള്ളം പിടിക്കാത്ത പ്ലാസ്റ്റിക് സംവിധാനം ഇല്ലായിരുന്നു. സാധാരണക്കാർക്ക് ബുക്കും പുസ്തകവും കൊണ്ടുപോകാനുള്ള സഞ്ചിയില്ല. കുഞ്ഞുങ്ങളെ എടുക്കുന്നതുപോലെ ഒരു കൈയിൽ പുസ്തകക്കെട്ടുകൾ വഹിച്ചുകൊണ്ടു പോകുകയെ മാർഗമുള്ളു. ടയർ കീറിയെടുത്ത റബ്ബർ വളയങ്ങൾ കിട്ടിയാൽ അതുകൊണ്ട് പുസ്തകങ്ങൾ എല്ലാംകൂടി കെട്ടിവയ്ക്കുമായിരുന്നു.

എന്നെ ദൈവികവേലയ്ക്ക് അയക്കാനുള്ള നേർച്ച മാതാപിതാക്കളുടെ മനസ്സിൽ നിറഞ്ഞുനിന്നു. അതിനായി എന്നെ എങ്ങനെയെങ്കിലും പഠിപ്പിക്കണം. ഇത് അവരെ അലട്ടിയിരുന്നു. കാരണം ഉയർന്ന ക്ലാസ്സുകളിൽ പഠിപ്പിക്കാനുള്ള സാമ്പത്തികമില്ല. മക്കളെ ഉയർന്ന ക്ലാസ്സുകളിൽ പഠിപ്പിക്കണമെന്നുള്ള വ്യഗ്രത പൊതുവേ മാതാപിതാക്കൾക്ക് അന്നില്ലായിരുന്നു. സാമ്പത്തികം, അടുത്ത് ഉയർന്ന പഠനസൗകര്യമുള്ള സ്കൂളുകളുടെ അഭാവം, പഠിച്ചാലും നാട്ടിൽ ജോലിസാധ്യതകൾ കുറവ് എന്നിവയെല്ലാം കാരണങ്ങളായിരുന്നു. നാട്ടിൽ ഉള്ളതായ കൃഷിയിൽനിന്നുള്ള വരുമാനംകൊണ്ട് ഉപജീവനം നടത്തുന്നതിൽ കൂടുതലായി പലരും ചിന്തിച്ചിരുന്നില്ല. എന്റെ മൂത്തസഹോദരൻ എത്ര ക്ലാസ്സ് പഠിച്ചിട്ടുണ്ട് എന്നറിയില്ല. മലയാളം നാലുവരെ പഠിച്ചു കാണും. പലരുടെയും പഠനം നാലു ക്ലാസ്സുവരെ കാണും. പിന്നീട് കൃഷിയിലേക്ക് തിരിയും. മലയാളം ഏഴ് അല്ലെങ്കിൽ ഒൻപത് പാസ്സായാൽ അദ്ധ്യാപകനായി ജോലി ലഭിക്കും. അതിൽ പലരും ആകൃഷ്ടരായിരുന്നില്ല. കാരണം മൂന്നോ നാലോ രൂപ മാത്രമേ മാസശമ്പളം കിട്ടിയിരുന്നുള്ളൂ. ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുവാൻ ഫീസ് കൊടുക്കണമായിരുന്നു. സാധാരണക്കാർക്ക് അതും പ്രയാസമായിരുന്നു. ആറും ഏഴും ക്ലാസ്സുകളിൽ അരരൂപ ഫീസായിരുന്നു. ഈ തുക പിരിച്ചെടുത്താണ് അദ്ധ്യാപകർക്ക് ശമ്പളം നൽകിയിരുന്നത്.

എന്നെ പഠിപ്പിക്കാൻ സാമ്പത്തിക പരാധീനത ഉണ്ടായിരുന്നതിനാൽ നേരത്തെതന്നെ ഏതെങ്കിലും സഭാമേലധികാരികളെ ഏൽപ്പിക്കുവാൻ വീട്ടിൽ ആഗ്രഹിച്ചു. അട്ടച്ചാക്കൽ (അച്ചൻകോവിൽ നദിയുടെ അക്കരെ) ഒരു ഓർത്തഡോക്സ് ഇടവക ഉണ്ടായിരുന്നു. അവിടെ മാത്യൂസ് റമ്പാച്ചൻ താമസമായിരുന്നു. അദ്ദേഹം ഉപവാസത്തിലും പ്രാർത്ഥനയിലും മൗനവ്രതത്തിലുമായി കഴിഞ്ഞിരുന്നു. വളരെ ആളുകൾ പലസ്ഥലത്തുനിന്നും കുർബാനയിലും പ്രാർത്ഥനയിലും സംബന്ധിക്കുവാൻ അവിടെ എത്തുമായിരുന്നു. അവർക്കെല്ലാം ഉച്ചസമയത്ത്

www.malankaralibrary.com


കഞ്ഞിയും പയറും കടുമാങ്ങായും നൽകിയിരുന്നു. ഒരു ദിവസം അപ്പച്ചൻ എന്നെ റമ്പാച്ചന്റെ അടുത്തുകൊണ്ടു പോയി അവിടെ എന്നെ ചേർത്തു പഠിപ്പിക്കുവാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. കുറെക്കൂടി പഠിപ്പിച്ചിട്ട് കൊണ്ടുവരാൻ റമ്പാച്ചൻ പറഞ്ഞു.

വീട്ടിൽനിന്ന് അധികം ദൂരയല്ലാതെ ഒഴുകുന്ന അച്ചൻകോവിലാറ്— കുളിക്കടവിനു കുറച്ച് അകലെ മുളകൾ തിങ്ങിനിറഞ്ഞു വളരുന്ന ഒരു സ്ഥലം. അതിനോട് ചേർന്നുള്ള ക്രിസ്ത്യാനികളുടെ വീട്ടിൽ ഒരു ദിവസം അനുജൻ ജ്യേഷ്ഠനെ കുത്തിക്കൊന്നു, ഏതോ കാര്യങ്ങൾ സംസാരിക്കുമ്പോൾ, ക്ഷോഭിച്ച് കൈയിലിരുന്ന കത്തികൊണ്ട് കുത്തുകയായിരുന്നു. ഇപ്രകാരമുള്ള സംഭവം ആ കാലം വളരെ അപൂർവ്വമായിരുന്നു. ഇന്ന് യാതൊരു മനഃസാക്ഷിയുമില്ലാതെ നിത്യവും ഏറെ നരഹത്യകൾ നടക്കുന്നു; ജാതിയുടെ പേരിൽ, കക്ഷിരാഷ്ട്രീയത്തിന്റെ പേരിൽ, മോഷണശ്രമത്തിൽ. കൊലപാതകം ഇന്ന് ഒരു വാർത്ത അല്ലാതായിത്തീർന്ന അവസ്ഥ. തികച്ചും ദുഃഖകരമായ സ്ഥിതിവിശേഷം. "മനുഷ്യൻ മനുഷ്യനെ സ്നേഹിക്കുമ്പോൾ ദൈവം മനസ്സിൽ ജനിക്കുന്നു." ഇന്ന് ജനഹൃദയങ്ങളിൽ ദൈവം മരിച്ചോ? പുറംതള്ളപ്പെട്ടോ? ഈ സംഭവത്തിനുശേഷം ആ വഴി ആറിന്റെ ഭാഗത്തു പോകുവാൻ എനിക്ക് ഭയമായിരുന്നു. ആ മുളങ്കാട്ടിൽ രാത്രി മൂങ്ങാപോലുള്ള പക്ഷികളുടെ ശബ്ദം അശുഭലക്ഷണമായി ആളുകൾ പറയുമായിരുന്നു. ഒരുതരം അന്ധവിശ്വാസം. എന്നാൽ എനിക്ക് അന്ന് അങ്ങനെ അറിയില്ലായിരുന്നു. ആറിന്റെ തീരത്തേക്ക് പോകുന്ന സ്ഥലം മുഴുവൻ കരിമ്പിൻതോട്ടമായിരുന്നത് ഓർക്കുന്നു. കിഴവള്ളൂർ സ്കൂളിൽ നാലാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ കോന്നിയിലുള്ള ഞങ്ങളുടെ പുരയിടം മുന്നൂറ് രൂപയ്ക്ക് വിറ്റു. റോഡരുകിൽ നല്ല നിരപ്പ് ഭൂമി. ഏതാണ്ട് 100 സെന്റ് വിസ്തീർണ്ണം കാണുമെന്നു വിചാരിക്കുന്നു. പാണർ സമുദായത്തിൽപ്പെട്ട പാച്ചു എന്ന ആളിന്റെ അച്ഛനാണ് വസ്തു വാങ്ങിയത്. ഏതു വർഷമെന്നറിയില്ല. എന്നാൽ എന്റെ പ്രായംവച്ച് കണക്കുകൂട്ടിയാൽ 1942-ാം വർഷമായിരിക്കും. രണ്ടാം ലോകമഹായുദ്ധം നടക്കുന്ന സമയം. എല്ലായിടത്തും ദാരിദ്ര്യം കൊടികുത്തി വാഴുന്ന സമയം. "ആരും സഹായത്തിനില്ലാത്ത കോന്നിയിൽ താമസിക്കാതെ എന്റെ അടുത്തു വരിക. ഇവിടെ എവിടെയെങ്കിലും സ്ഥലം വാങ്ങിത്തരാം" എന്ന് അമ്മയുടെ സഹോദരനായ സ്കറിയാസാർ പറഞ്ഞതനുസരിച്ചാണ് കോന്നിയിലെ സ്ഥലം വിറ്റത്. മുറിഞ്ഞകൽ പീഠിക വീട്ടിൽ കുട്ടപ്പനച്ചായൻ സ്വന്തം കാളവണ്ടിയിൽ വന്ന് വീട്ടിലുള്ള

www.malankaralibrary.com


ചില്ലറ സാധനങ്ങൾ കരിംകുടുക്കയിലുള്ള എന്റെ അങ്കിളിന്റെ വീട്ടിൽ കൊണ്ടുപോയി. ഉണക്കക്കപ്പയും മറ്റും സൂക്ഷിക്കുന്ന ഒരു പത്തായം ഉണ്ടായിരുന്നു. അതും കാളവണ്ടിയിൽ കയറ്റിക്കൊണ്ടുപോയത് ഓർക്കുന്നു. ജനിച്ചുവളർന്ന, പരിചയപ്പെട്ട നാടിനോടും ആൾക്കാരോടും യാത്രപറഞ്ഞ് വീട്ടുകാർ പോയി.

നാലാം ക്ലാസ്സിലെ എന്റെ പഠനം തുടരേണ്ടതുകൊണ്ട് എന്നെ കണ്ണാംകുഴിവീട്ടിൽ മാവിയുടെകൂടെ താമസിപ്പിക്കുവാൻ തീരുമാനിച്ചു. മാവിയും സഹോദരമകൻ ബേബിച്ചായനും അവിടെ താമസിച്ചിരുന്നു. അറയും പുരയുമുള്ള പഴയ വീടാണ്. നെൽകൃഷി ഉണ്ടായിരുന്നു.

മാവി രാവിലെ എന്തെങ്കിലും കഴിക്കുവാൻ തരും. നാലുമണിക്ക് വന്നശേഷമാണ് പിന്നീട് ആഹാരം കഴിക്കുന്നത്. ഉച്ചയ്ക്ക് പട്ടിണി ഇരിക്കുകയാണ്. ഉച്ചയ്ക്ക് സ്കൂളിനടുത്തുള്ള കിണറ്റിൽ നിന്നും വെള്ളം കുടിക്കും. കാപ്പിക്കടകൾ ചുരുക്കമാണ്. ഉണ്ടെങ്കിലും കാപ്പി വാങ്ങിക്കുടിക്കുവാൻ കൈയിൽ കാശില്ല. എട്ടുവയസ്സുള്ള ബാലൻ രാവിലെ സ്വല്പം പഴങ്കഞ്ഞി കുടിച്ചശേഷം വൈകുന്നേരം അഞ്ചുമണിവരെ എന്നും പട്ടിണി ഇരിക്കുന്നത് ഓർത്തുനോക്കിയിട്ട്, ഇന്ന് അത്ഭുതം തോന്നുന്നു. രാവിലെ വയറുനിറച്ചു ഭക്ഷിച്ച്, പിന്നീട് ബിസ്ക്കറ്റുകളും കഴിച്ചശേഷം ഉച്ചയ്ക്ക് വിഭവസമൃദ്ധമായ ഊണ് കഴിക്കുന്ന ഇന്നത്തെ ചെറിയ ക്ലാസ്സിലെ കുട്ടികൾ വിശപ്പിന്റെ വിളി എന്താണെന്ന് അറിഞ്ഞിട്ടില്ല. സ്കൂളിൽ പോകുന്ന വഴി കയറ്റമുള്ള റോഡിന്റെ ഭാഗത്തുനിന്നും കോന്നി ചന്തയിൽ പോകുന്ന മീൻ വഹിച്ച സൈക്കിൾ ഒരു ദിവസം എന്നെ ഇടിച്ചുവീഴ്ത്തി. ചെറുപ്രായമായതിനാൽ എത്രമാത്രം ആഘാതമേറ്റെന്ന് അറിയില്ല. പത്തു വയസ്സു മുതൽ എനിക്ക് വല്ലാത്ത നടുവേദനയുണ്ടായിരുന്നു. അതിനു പ്രതിവിധിയായി തിരുമ്മുകാരെകൊണ്ട് എന്നെ തിരുമ്മിച്ചിട്ടുണ്ട്.

കണ്ണാംകുഴി വീട്ടിലെ താമസം എനിക്ക് സന്തോഷപ്രദമല്ലായിരുന്നു. ഗൃഹാതുരത്വം എന്നെ അലട്ടിയിരുന്നു. അപ്പന്റെയും അമ്മയുടെയും കൂടെയുള്ള താമസത്തിന്റെ ആസ്വാദ്യത വേറെ എങ്ങും ലഭിക്കുകയില്ല. സമയംഅറിയുവാൻ വാച്ചുകൾ ഇല്ലാത്തതിനാൽ സൂര്യന്റെ നിഴൽ നോക്കി ഏകദേശ സമയം തിട്ടപ്പെടുത്തുമായിരുന്നു. സ്കൂളിൽ പോകുന്ന ഒരു ദിവസം രാവിലെ എനിക്കാഹാരം തരാൻ മാവി താമസിച്ചു. ഒരു മൈലിൽ കൂടുതൽ ഓടി എത്തണം. താമസിച്ചാൽ അടികിട്ടും. താമസിച്ചുപോയി എന്ന് എനിക്ക് തോന്നിയതിനാൽ ഒന്നും കഴിക്കാതെ ഞാൻ സ്കൂളിൽ പോയി. എട്ടുവയസ്സ് പ്രായമുള്ള എന്റെ ശരീരം ഉച്ച

www.malankaralibrary.com



ആയപ്പോൾ തളർന്നുവരുന്നതായി തോന്നി. കിണറ്റിലെ വെള്ളം ഉച്ചയ്ക്ക് കുറെ കുടിച്ചു. നാലുമണിക്ക് സ്കൂൾ വിട്ടു. ഒരു വിധത്തിൽ മാവിയുടെ വീട്ടിലെത്തി. ഉള്ളിൽ മാവിയോട് ഒരു നീരസം തോന്നി. ഇനിയും മാവി തരുന്നതൊന്നും കഴിക്കരുതെന്ന് ഉള്ളിൽ ചിന്തിച്ച് കറിക്ക് ഉപയോഗിക്കാൻ വച്ച ഒരു മുറി തേങ്ങാ ഞാൻ മോഷ്ടിച്ച് എടുത്തു. അതു പുരയുടെ പുറകിൽ കൊണ്ടു പോയി തല്ലിപ്പൊട്ടിച്ചു തിന്നു. 'ഇവിടെ ഇരുന്ന തേങ്ങാമുറി എടുത്തോടാ' എന്ന് മാവി ചോദിച്ചപ്പോൾ ഞാൻ എടുത്തില്ലെന്ന് കള്ളം പറഞ്ഞു.

വെള്ളിയാഴ്ച വൈകിട്ട് സ്കൂൾ വിടാൻ നോക്കിയിരിക്കുകയാണ്. അപ്പച്ചന്റെയും അമ്മയുടെയും അടുത്തെത്താനുള്ള തീവ്രമായ അഭിലാഷം. 12-ാം മൈൽകുറ്റി സ്കൂളിനടുത്തുള്ള കണ്ണാംകുഴി വീട്ടിൽ പുസ്തകങ്ങൾ ഇട്ടിട്ട് ഓടുകയാണ്. കരിംകുടുക്കയിൽ അമ്മാച്ചന്റെ വീട്ടിലെത്തി അപ്പച്ചനെയും മറ്റെല്ലാവരെയും കാണാൻ. വകയാറിൽനിന്ന് ഒരുമൈൽ കൂടുതൽ ദൂരം കാണും അമ്മാച്ചന്റെ വീട്ടിലെത്താൻ. കിലോമീറ്ററിൽ കണക്കാക്കിയാൽ ഒമ്പതുകിലോമീറ്ററോളം ദൂരമുണ്ട്. റോഡുകൾ ടാർ ചെയ്തതല്ല, മെറ്റിൽപോലും ഇടാത്ത പൊടിപടലം നിറഞ്ഞ റോഡ്. ബസ്സും കാറുമൊന്നുമില്ല. സൈക്കിൾപോലും അപൂർവ്വം. കാളവണ്ടികൾ ഒന്നിനുപിറകെ ഒന്നായി നീങ്ങുന്നതു കാണാം. റോഡിന് ഓരം ചേർന്ന് ഓടുകയാണ്. നേരം ഇരുട്ടുന്നതിനുമുമ്പ് അമ്മാച്ചന്റെ വീട്ടിലെത്തണം. ഇരുട്ട് എനിക്ക് പേടിയാണ്. കൂട്ടുകാർ ആരുമില്ല. വകയാറിൽ എത്തിയാൽ, റോഡിൽനിന്നും തെക്കോട്ട് നെൽപാടത്തിന്റെ സൈഡിലൂടെയുള്ള വരമ്പിലൂടെ പോകണം. കുറെ വീതിയുള്ള നടപ്പാതയാണ്. നടപ്പാതയോട് ചേർന്ന് ഒരു തോടുണ്ട്—മഴക്കാലത്ത് തോട് നിറഞ്ഞൊഴുകും. ഈ വീതിയുള്ള വരമ്പിൽ അടുത്തടുത്ത് നിറയെ തേങ്ങയുള്ള തെങ്ങുകളാണ്. ഈ കൂറ്റൻ തെങ്ങുകളുടെ ഓലകളിൽ നൂറുകണക്കിന് കുരുവിക്കൂടുകൾ തൂങ്ങിക്കിടക്കുന്നു. കാറ്റിന്റെ ചലനമനുസരിച്ച് ഈ കൂടുകൾ ആടിക്കൊണ്ടിരിക്കും. ഊഞ്ഞാൽ ആടിക്കൊണ്ടിരിക്കുന്ന ഈ കൂടുകളുടെ ദൃശ്യം സുന്ദരമാണ്. ആൺകുരുവികൾക്ക് പ്രത്യേകകൂട്—മുട്ടയിട്ട് കുഞ്ഞുങ്ങളെ വളർത്തുന്നവർ—മഴയിൽനിന്നും സംരക്ഷണം കിട്ടാൻ തക്ക സംവിധാനത്തിൽ പെൺകുരുവികളുടെ കൂട്—രാത്രിയിൽ വെളിച്ചം കിട്ടുവാൻ, പെൺകുരുവികൾ മിന്നാമിനുങ്ങിനെ പിടിച്ചു ഈ കൂടുകളിൽ വയ്ക്കും എന്നു പറയുന്നു. ഈ കുരുവിക്കൂടുകളുടെ നിർമ്മാണ വൈദഗ്ദ്ധ്യത്തെ 'കരവിരുത്' എന്നു വിളിക്കാമെങ്കിൽ അത്ഭുതാവഹമാണ്.

www.malankaralibrary.com


പ്രകൃതി കൊടുത്ത കരവിരുത്. നടപ്പാതയുടെ മറുവശത്ത് നെൽപ്പാടങ്ങളാണ്. നിറകതിരുകൾ നിറഞ്ഞ നെല്ലുകൾ; കതിരുകളുടെ ഭാരം താങ്ങാൻ വയ്യാതെ തലതാഴ്ത്തി നിൽക്കുന്ന നെല്ലുകൾ. നെന്മണികൾ കൊത്തിക്കൊണ്ടു പോകുവാൻ കൂട്ടമായി വരുന്ന പച്ചത്തത്തകൾ, നെൽപ്പാടങ്ങളിൽ താണിറങ്ങുന്ന പച്ചത്തത്തകൾ. കത്തികൊണ്ട് അറുത്തുമുറിക്കുന്നതിലും വേഗത്തിൽ ഒരു നെൽക്കതിർ മുറിച്ചുകൊണ്ട് പൊങ്ങിപ്പറന്നു പോകുന്നു. ചിലപ്പോൾ നെൽക്കതിർ ചുണ്ടിൽനിന്ന് താഴെ വീഴുന്നതാകാം, വീണ്ടും ഈ സുന്ദരിപക്ഷികൾ നെൽപ്പാടങ്ങളിൽ വന്നിറങ്ങും. നെല്ല് വിളഞ്ഞു പാകമായ സമയത്ത് ഈ പറവകളെ തുരത്തിയില്ലെങ്കിൽ ഒത്തിരി നഷ്ടം കൃഷിക്കാരന് ഉണ്ടാകാം. അതിനായി, തത്തകൾ പാടത്തിൽ ഇറങ്ങുവാൻ തുടങ്ങുമ്പോൾ തകരപ്പാട്ടകളിൽ അടിച്ച് ശബ്ദമുണ്ടാക്കി പക്ഷികളെ ഓടിക്കും. കുരുവിക്കൂടുകൾ ഇളംകാറ്റിൽ ഊഞ്ഞാലാടുന്നതും, കാറ്റിന്റെ ഗതി അനുസരിച്ച് നൃത്തം വയ്ക്കുന്ന കതിർക്കുലകൾ വിളയുന്ന നെൽപ്പാടങ്ങളും ഇന്ന് ആ ഭാഗത്തില്ല. ഇന്നത്തെ തലമുറയ്ക്ക് പുസ്തകങ്ങളിലൂടെയോ, പുരാവസ്തുശേഖരണങ്ങളിലൂടെയോ മാത്രമേ ഇത്തരം ചേതോഹരമായ കാഴ്ചകളെപ്പറ്റി അറിയാൻ പറ്റൂ. നെൽപ്പാടത്തിന്റെ അരികിലൂടെയുള്ള വരമ്പ് പിന്നിട്ടുകഴിയുമ്പോൾ ഒരു തോടിനു കുറുകെയുള്ള ഒറ്റത്തടിപാലം കടന്ന് വേറെ ഒരു നടപ്പാതയിൽ കയറണം. ഉണ്ടക്കല്ലുകളും ചരലുകളും നിറഞ്ഞ വഴിയിലൂടെ വീണ്ടും ഞാൻ ഓടുകയാണ്. ഈ വഴിയുടെ അധികം ദൂരത്തിലല്ലാതെ ഗവൺമെന്റിന്റെ റിസർവ് വനമാണ്. ഉയരമുള്ള വൻമരങ്ങളും അവയിൽ പിണഞ്ഞുകിടക്കുന്ന വള്ളിക്കെട്ടുകളും നിറഞ്ഞ കാടുകൾ. ഇതിഹാസത്തിലെ രാക്ഷസരെപ്പോലെ തല ഉയർത്തിനിൽക്കുന്ന വലിയ പാറക്കെട്ടുകൾ കണ്ടാൽ കുട്ടികൾക്ക് ഭയം തോന്നും. മനുഷ്യവാസം വളരെ കുറവാണ്. ഈ വനം എന്റെ അമ്മാച്ചന്റെ വീടിന്റെ ഭാഗവും കഴിഞ്ഞ് നീണ്ടുകിടക്കുന്നു. ധാരാളം കുരങ്ങുകളും കാട്ടു പന്നികളും പക്ഷികളും ഈ വനത്തിലുണ്ട്. എന്റെ അങ്കിളിന്റെ വീട്ടിൽ നിന്ന് മുതിർന്നവരോടുകൂടി ഞാൻ പകൽസമയത്ത് ഈ വനത്തിൽ പോയിട്ടുണ്ട്. കുരങ്ങുകൾ കൂട്ടമായി ഒരു മരത്തിൽനിന്നും വേറൊന്നിലേക്കും വള്ളിക്കെട്ടുകളിലേക്കും ചാടിച്ചാടിപ്പോകുന്ന കാഴ്ച സുന്ദരമാണ്. പകൽ പന്നികളെ കാണാൻ കിട്ടുകയില്ല. രാത്രികാലങ്ങളിൽ പന്നികൾ കൂട്ടമായും ഒറ്റയ്ക്കും, ആളുകൾ കൃഷിചെയ്ത സ്ഥലത്തു വന്ന് കുത്തിയിളക്കി കുറെ തിന്നുകയും ബാക്കി നശിപ്പിക്കുകയും

www.malankaralibrary.com



ചെയ്യും. അതുപോലെ, കുരങ്ങുകൾ കൂട്ടത്തോടെ വന്ന്, കപ്പച്ചീനി പിഴുതെടുക്കുകയും വാഴയിൽ കയറി വാഴയ്ക്കാ തിന്നുകയുമൊക്കെയായ ശല്യങ്ങൾ ചെയ്യും.

ഈ വനത്തിന്റെ അടുത്തുകൂടിയുള്ള വഴിയെ ഓടുമ്പോൾ നേരം വൈകിത്തുടങ്ങും. സൂര്യൻ വനത്തിന്റെ ഭാഗത്തു മറയുമ്പോൾ പ്രകാശം കുറഞ്ഞ് ഇരുട്ട് വ്യാപിക്കുന്നതുപോലെ തോന്നും. എന്റെ ഓട്ടത്തിനു വേഗതകൂടും. നെഞ്ചിടിപ്പ് ശക്തമാകും. ചിലപ്പോൾ പേടിച്ച് തിരിഞ്ഞു നോക്കിയിട്ട് വീണ്ടും ഓടും. പേടി മാറാൻ പാടുകയോ ശബ്ദം വയ്ക്കുകയോ ചെയ്യും. അങ്ങനെ ഓടിഓടിച്ചെന്ന് അങ്കിളിന്റെ വീട്ടിൽ താമസിക്കുന്ന അപ്പച്ചനെയും അമ്മയെയും കണ്ടുമുട്ടുമ്പോൾ ശ്വാസം നേരെയാകും. സ്വർഗ്ഗം കിട്ടിയ സന്തോഷം.

രണ്ടു ദിവസം അവിടെ താമസിച്ചശേഷം, തിങ്കളാഴ്ച വീണ്ടും തിരിച്ചുനടക്കും. കിഴവള്ളൂരിലെ സ്കൂളിൽ എത്തണമല്ലോ. ചിറ്റൂർ മുക്കിലുള്ള മുരുപ്പേൽ ഡാനിയേൽ അച്ചായന്റെ അനുജൻ ശ്രീ ജോഷ്വായ്ക്ക് കോന്നി ചന്തയിൽ ഒരു സ്റ്റേഷനറി കടയുണ്ട്. എന്റെ അമ്മാച്ചന്റെ മൂത്ത മകൻ ഡാനിയേൽ അച്ചായൻ അവിടെ സെയിൽസ്മാൻ ആണ്. ഈ അച്ചായന്റെ കൂടെ തിങ്കളാഴ്ച രാവിലെ ഞാൻ കോന്നിയിലേക്ക് നടക്കും.

അന്നു ഞങ്ങൾ യാക്കോബായ സഭയിലായിരുന്നു. കൂടലിൽ ബഹു. ഗീവർഗീസ് അച്ചന്റെ പള്ളിയിൽ വി. കുർബാനയിൽ സംബന്ധിക്കുവാൻ എല്ലാ ഞായറാഴ്ചയും പോയിരുന്നു. പള്ളിയിൽ പോകുന്ന കാര്യത്തിൽ അപ്പച്ചനും അമ്മയ്ക്കും നല്ല ഉത്സാഹമായിരുന്നു. ഈ താൽപര്യം എനിക്കും ചെറുപ്പത്തിലെ ഉണ്ടായി. കലഞ്ഞൂർ ഓർത്തഡോക്സ് പള്ളിയിലും പോയതായി ഓർക്കുന്നു. യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിലുള്ള വ്യത്യാസം ആ കാലത്ത് എനിക്കറിഞ്ഞുകൂടായിരുന്നു. ചുട്ടിവട്ടത്ത് അച്ചൻ വളരെ കഷ്ടപ്പെട്ട് പണിയിച്ച പള്ളിയിൽ ഒരു വിഭാഗം ഓർത്തഡോക്സുകാരുമായി പള്ളിയുടെ അവകാശത്തെച്ചൊല്ലി കേസായി. കേസിൽ അച്ചന് എതിരായി കോടതിവിധി ഉണ്ടായി. ഈ സാഹചര്യത്തിൽ അച്ചൻ തന്റെയൊപ്പം നിന്ന നല്ലശതമാനം വീട്ടുകാരുമായി മലങ്കര കത്തോലിക്കാ സഭയിൽ ചേർന്നു. പൂനായിൽ ഞാൻ പഠിക്കുമ്പോൾ, എന്നെ വളരെ സന്തോഷിപ്പിച്ച വാർത്തയായിരുന്നു ചുട്ടിവട്ടത്ത് അച്ചന്റെയും ആളുകളുടെയും കത്തോലിക്കാ സഭാപ്രവേശനം. അച്ചൻ 100 വയസ്സ് തികച്ച് ശതാബ്ദിയാഘോഷിച്ച് കഴിഞ്ഞവർഷ

www.malankaralibrary.com


മാണ് മരിച്ചത്. എന്റെ മൂത്തസഹോദരന്റെ ഭാര്യയായ തങ്കമ്മ, എന്റെ ജ്യേഷ്ഠത്തി, സുന്ദരിയായിരുന്നു. ചട്ടയും മുണ്ടുമായിരുന്നു വസ്ത്രധാരണം. അന്നു ക്രിസ്ത്യാനികളായ സ്ത്രീകൾ എല്ലാവരും ധരിച്ചിരുന്നത് മുണ്ടും ചട്ടയുമായിരുന്നു. പിറകുഭാഗം മറയ്ക്കത്തക്കവിധം, മുണ്ടിൽ ഞൊറിവുണ്ടാക്കി ഭംഗിയായി ധരിച്ചുകൊണ്ട്, സ്ത്രീകൾ പള്ളിയിൽ നിരനിരയായി നിൽക്കുന്ന കാഴ്ച ചേതോഹരമായിരുന്നു. ആ കാലയളവിൽ സാരി തമിഴ്സ്ത്രീകളാണ് ഉപയോഗിച്ചിരുന്നത്. ഹൈന്ദവസ്ത്രീകൾ പോലും സാരി ഉപയോഗിക്കില്ലായിരുന്നു. കസവുള്ള നേരിയത് മേൽവസ്ത്രമായി ഉപയോഗിച്ചിരുന്നു. ഇന്ന് സാരിയുടെ പ്രളയമാണ്. വിവാഹസാരികളുടെ വർണ്ണനകൾ ടി.വി.യിലും കവലകളിൽ ഭീമാകാരമായ പരസ്യങ്ങളിലും സുലഭം. ലക്ഷംരൂപപോലും വിലപിടിപ്പുള്ള കല്യാണസാരികൾ ക്രിസ്ത്യാനികൾ വാങ്ങിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു. പഞ്ചാബി സ്ത്രീകളുടെ വേഷമായിരുന്ന ചുരിദാർ, കേരളീയ പെൺകുട്ടികൾ മാത്രമല്ല, പ്രായമായ അമ്മമാർവരെ ധരിക്കുന്ന കാലമാണിത്.

എന്റെ കൈവിരലുകളിൽ 'ചൊറി' വന്ന് പഴുത്തുവീർത്ത ദിവസങ്ങൾ ഉണ്ടായിരുന്നു. കുരുമുളകിന്റെ വള്ളി ചതച്ച് അതുകൊണ്ട് ജ്യേഷ്ഠത്തി തേച്ചു വൃത്തിയാക്കി കുളിപ്പിച്ചിട്ടുണ്ട്. ഞാൻ കോന്നിയിൽ K.K.N.M. സ്കൂളിൽ 6-ാം ക്ലാസ്സിൽ (മലയാളം) പഠിക്കുന്ന കാലം. ദേശവ്യാപകമായി പലർക്കും മലേറിയ പിടിപെട്ട കാലം. എന്റെ അപ്പച്ചനും മലേറിയ ബാധിച്ചു. എനിക്കും പനി പിടിച്ചു. അപ്പച്ചൻ മലേറിയാക്ക് മരുന്നു കഴിച്ചു. അസുഖംമൂലം ശരീരം പിടിച്ചു കുടയുന്ന അനുഭവം ഞാൻ കണ്ടു. എനിക്കും മലേറിയ രോഗം എന്നുള്ള ചിന്തയിൽ, അതിനുള്ള മരുന്നു തന്നു. അന്ന് അടുത്ത് ആശുപത്രിയോ ഡോക്ടറോ ഇല്ല. നാട്ടിൽ കണിയാന്മാർ എന്നു വിളിക്കുന്നവർ തരുന്ന മരുന്നുകളെ ആശ്രയിക്കുകയേ മാർഗമുള്ളൂ. എന്റെ പനി മൂർച്ഛിച്ചു. തീരെ കിടപ്പിലായി. ബോധം പോലും നഷ്ടപ്പെട്ട അവസ്ഥ. രോഗം മലേറിയായല്ല, സന്നിപാത ജ്വരമായിരുന്നു എന്നു പിന്നീടാണ് മനസ്സിലായത്. ആ കണിയാൻ കുറെ ഗുളികകൾ ഉരച്ചുതന്നത് കുടിച്ചു. മൂന്ന് ആഴ്ചത്തേക്ക് എഴുന്നേൽക്കാൻപോലും വയ്യാതെ കിടപ്പിലായി. അന്ന് ഒരു ദിവസം ഞാൻ ഒരു സ്വപ്നം കണ്ടു, ദർശനം എന്നുതന്നെ പറയാം. വിശുദ്ധ ഗീവർഗീസ് സഹദാ ഒരു വെള്ളക്കുതിരപ്പുറത്തിരുന്നു എന്റെ അടുത്തുവന്നു. എന്നെ അനുഗ്രഹിച്ചതായി കണ്ടു. പെട്ടെന്നു ഞാൻ ഞെട്ടിയുണർന്നു. വിവരം ഞാൻ എന്റെ അമ്മച്ചിയോടു പറഞ്ഞു. ആ

www.malankaralibrary.com



സംഭവത്തിനുശേഷം എന്റെ പനി കുറഞ്ഞു. പതുക്കെ അസുഖം മാറി ആരോഗ്യം കുറെ വീണ്ടെടുത്തു. പരീക്ഷ എഴുതാൻ സാധിക്കാതെ വന്നതിനാൽ പ്രസ്തുത വർഷത്തെ സ്കൂൾ പഠനം മുടങ്ങി. ആ വർഷംമുതൽ മലയാളം ക്ലാസ്സുകൾ എല്ലാം നിറുത്തലാക്കി. ഇംഗ്ലീഷ് സ്കൂൾ ആക്കി. ഇന്നത്തെ എട്ടും ഒമ്പതും ക്ലാസ്സുകൾക്ക് തുല്യം നാലും അഞ്ചും ക്ലാസ്സുകളായി മാറി. മലയാളം ഏഴാം ക്ലാസ്സിൽ തോറ്റവരും ആറിൽ ജയിച്ചവരും തോറ്റവരും ഇംഗ്ലീഷ് സ്കൂൾ പ്രകാരം നാലാം ക്ലാസ്സിൽ പ്രവേശിക്കണമെന്ന് നിയമം പ്രാബല്യത്തിൽ വന്നു. എനിക്ക് ഈ ഒരു വർഷം അസുഖമായി നഷ്ടപ്പെട്ടതുമൂലവും ഈ ക്രമീകരണം കാരണമായും മൂന്നുവർഷത്തോളം നഷ്ടമായി.

മലേറിയ വന്നു ക്ഷീണിതനായ എന്റെ അപ്പച്ചനു ഭയമായി. മലേറിയ ബാധിച്ച പലർ ആ കാലയളവിൽ ഈ ലോകത്തോടു യാത്ര പറഞ്ഞിട്ടുണ്ട്. സ്വന്തമായി താമസിക്കുവാൻ സ്ഥലമോ വീടോ ഇല്ലാതെ, തന്റെ കുഞ്ഞുങ്ങൾ വഴിയാധാരമായി പോകുമല്ലോ എന്നുള്ള ആധി അപ്പച്ചനെ പിടികൂടി (ഈ അപ്പച്ചൻ 100 വയസ്സുവരെ ഈ ലോകത്തിൽ ജീവിച്ചിരുന്നു എന്നത് കർത്താവിന്റെ അത്ഭുതാവഹമായ സംരക്ഷണം). സ്വന്തമായി കുറെ ഭൂമി വാങ്ങിക്കാനുള്ള പണമില്ല. ഞങ്ങൾ അന്നു താമസിച്ചിരുന്ന സ്ഥലം കോന്നി മുരുപ്പേൽ ഡാനിയേൽ വകയായിരുന്നു. കുറച്ചു ഞങ്ങൾക്ക് തരാം എന്നു നേരത്തെ പറഞ്ഞ വാക്ക് അദ്ദേഹം മാറ്റിപ്പറഞ്ഞു. അദ്ദേഹം വർഷങ്ങൾക്കുമുമ്പ് വാങ്ങിയ 300 രൂപാ അപ്പച്ചൻ നിർബന്ധിച്ച് തിരിച്ചുവാങ്ങി. വകയാറിൽ ഒരാളുടെ വക രണ്ട് ഏക്കറോളം ഭൂമി 300 രൂപയ്ക്ക് ഒറ്റിയായി പ്രമാണം എഴുതി. പുരയിടത്തിൽ കൂടുതൽ ഭാഗവും നിരപ്പില്ലാത്ത കുന്നിൻ പ്രദേശമാണ്. ഒന്നു രണ്ട് പ്ലാവും കുറച്ചു തെങ്ങും അതിലുണ്ട്. അവിടെ മണ്ണുകൊണ്ട് ഒരു മുറി കെട്ടിയടച്ച് ബാക്കി ഭാഗം ഓലകൊണ്ട് മറച്ച് ഒരു വീടുണ്ടാക്കി അവിടെ താമസമാക്കി. പശുവിനെ കെട്ടാൻ ഒരു ചാർത്ത് വീടിനോട് ചേർത്ത് ക്രമപ്പെടുത്തി. പറമ്പിൽ കപ്പ, കാച്ചിൽ, ചേന മുതലായവ കൃഷി ചെയ്തു. മുതിര വിതച്ച് പാകമായ മുതിര മണികൾ ശേഖരിക്കുമായിരുന്നു. അതു പറിച്ചെടുക്കാൻ ഞാനും കൂടിയിട്ടുണ്ട്.

ഞങ്ങളുടെ വീടിനു സമീപം സംരക്ഷിത വനമേഖലയായിരുന്നു. വനപാലകന്മാരുടെ കണ്ണുവെട്ടിച്ചും, ചിലപ്പോൾ അവരെ സ്വാധീനിച്ചും വനത്തിൽനിന്ന് ധാരാളം വിറകും വീടിനു തടികളും ആളുകൾ എടുത്തിരുന്നു. വനത്തിൽ ധാരാളം കുരങ്ങുകളും പന്നികളും സ്വൈരവിഹാരം

www.malankaralibrary.com


നടത്തിയിരുന്നു. ഇവ അടുത്തുള്ള കൃഷികൾക്ക് വലിയ നാശം വിതയ്ക്കുമായിരുന്നു. രാത്രികാലങ്ങളിൽ പന്നികൾ കൂട്ടത്തോടും ഒറ്റയ്ക്കും ഈ കൃഷിവിളകളിൽ വന്ന് കുത്തിത്തുരന്ന് കൃഷിവിഭവങ്ങൾ നശിപ്പിക്കുമായിരുന്നു. ഈ പന്നികളെ വെടിവയ്ക്കുവാൻ, പന്നികളുടെ ഉയരം കണക്കുകൂട്ടി, ചെറിയ നിരത്ത് ഉണ്ടാക്കി, അതിൽ തോക്കു നിറച്ചുവയ്ക്കുന്നവർ ഉണ്ട്. തോക്കിന്റെ കെണിയിൽ തട്ടിയാൽ ഉടനെ വെടി തീരത്തക്കവിധം ക്രമീകരണം ചെയ്തിരിക്കുന്നു. ഇങ്ങനെ അവർ ഞങ്ങളുടെ പറമ്പിൽനിന്നു പന്നികളെ വെടിവച്ച് കൊണ്ടുപോയി. കെണിയിൽപെട്ട, വെടിയേറ്റ കുറുക്കൻ കാലുകൾ രണ്ടും ഒടിഞ്ഞ്, ഓടാൻ സാധിക്കാതെ കിടന്നതു ഞാൻ ഓർക്കുന്നു.

ഓർത്തഡോക്സ് സഭയിലായിരുന്ന ഞങ്ങൾ, കത്തോലിക്കാസഭാ വിശ്വാസികളായ പൈലോച്ചന്റെ പ്രേരണയിൽ, കുടുംബസമേതം വകയാർ മലങ്കര കത്തോലിക്കാ പള്ളിയിൽ അംഗമായി. ഞാൻ പള്ളി അംഗമാകുന്നതിനുമുമ്പ് രണ്ടു ദിവസം എനിക്ക് വകയാർ പള്ളിയിൽ താമസിക്കുവാനുള്ള സൗകര്യം ബഹുമാനപ്പെട്ട ഫ്രാൻസിസ് കൊടകനാടി അച്ചൻ ചെയ്തിരുന്നു. അദ്ദേഹത്തിനുശേഷം ഫാ. ഗീവർഗീസ് കുറ്റിയിൽ (കറ്റാനം) വികാരിയായി ചുമതലയേറ്റു. ഈ കാലയളവിലാണ് ഞങ്ങൾ സഭയിൽ ചേർന്നത്. എനിക്ക് അന്ന് ഏകദേശം 12 വയസ്സു കാണും. കത്തോലിക്കാസഭയെപ്പറ്റി ഒന്നും അറിയില്ലായിരുന്നു. കത്തോലിക്കാസഭയെയാണ് കർത്താവ് പത്രോസ് ശ്ലീഹാ പരമാദ്ധ്യക്ഷനായി സ്ഥാപിച്ചതെന്നോ, മറ്റു സഭകൾ ഓരോ കാലയളവിൽ സഭയിൽനിന്നു വ്യതിചലിച്ച് രൂപംകൊണ്ടവയാണെന്നോ ഉള്ള അറിവ് തീർത്തും ഇല്ലായിരുന്നു. അനാദിമുതൽ ദൈവം എനിക്കായി ഒരുക്കിയിരുന്ന വഴിത്തിരിവായിരുന്നു സഭയിലെ പ്രവേശനം. എന്നെ വൈദികജീവിതത്തിൽ പ്രതിഷ്ഠിക്കണമെന്ന മാതാപിതാക്കന്മാരുടെ നേർച്ചയും, അതുമായി ബന്ധപ്പെട്ട എന്റെ ആഗ്രഹങ്ങളും, അതിനായി ചെറുപ്രായത്തിൽ അട്ടച്ചാക്കൽ റമ്പാച്ചന്റെ പക്കലും പിന്നീട് പത്തനാപുരം ഓർത്തഡോക്സ് ബിഷപ്പ് ഹൗസിലും അപ്പച്ചൻ എന്നെ കൊണ്ടുപോയതും ഓർക്കുന്നു. ഓർത്തഡോക്സിൽ എനിക്ക് ഒരു വൈദികനാകാൻ സാധിക്കുമായിരുന്നോ ഇല്ലയോ എന്ന് എനിക്ക് പറയാൻ സാധിക്കില്ല. കോന്നിയിൽനിന്നു പോരാനും കുറെ കഷ്ടനഷ്ടങ്ങളിൽകൂടി കടന്നുപോയെങ്കിലും, വകയാറിൽ വരാനും കത്തോലിക്കാസഭയിൽ ചേരാനും അവിടെ ഒരു എളിയ വൈദികനാകാൻ സാധിച്ചതും വലിയ ദൈവികപരിപാലനയായിരുന്നു. കോന്നിയിൽത്തന്നെ

www.malankaralibrary.com


താമസമായിരുന്നെങ്കിൽ ഒരിക്കലും കത്തോലിക്കാസഭയിൽ വരാനുള്ള സാഹചര്യം അവിടെ ഇല്ലായിരുന്നു. ദൈവത്തിനു സ്തോത്രം!

കത്തോലിക്കാസഭയിൽ ചേർന്ന നാൾമുതൽ എന്റെ മാതാപിതാക്കളോടൊപ്പം ഞാനും എന്റെ ഇളയ സഹോദരനും (ജോഷ്വാ) ഞായറാഴ്ച മുടങ്ങാതെ വി. കുർബാനയ്ക്ക് പോയിരുന്നു. ശനിയാഴ്ച വിശുദ്ധ കുർബാനയിലും സൊഡാലിറ്റിയിലും സംബന്ധിച്ചിരുന്നു. വള്ളിക്കോട്ട്, കോട്ടയം, നെടുമൺകാവ് മുതലായ പള്ളികളിൽ രാവിലെ വിശുദ്ധ കുർബാന അർപ്പിച്ചശേഷം സൈക്കിളിൽ വിയർത്തൊലിച്ചു വരുന്ന ഗീവർഗീസ് കുറ്റിയിൽ അച്ചന്റെ മുഖം എന്റെ കൺമുമ്പിൽ തെളിഞ്ഞുനിൽക്കുന്നു. അദ്ദേഹം പ്രായമെത്തുന്നതിനുമുമ്പ് ഈ ലോകത്തോടു യാത്ര പറഞ്ഞു.

പള്ളിയിൽ സൺഡേസ്കൂളിൽ ഉയർന്ന മാർക്ക് എനിക്കും എന്റെ സഹോദരനുമായിരുന്നു. ഞായറാഴ്ച വി. കുർബാനയ്ക്ക് അൾത്താര ബാലന്മാരുടെ കൂട്ടത്തിൽ എന്നെയും ഉൾപ്പെടുത്തി. മറ്റുള്ളവർ നല്ല തേച്ച വസ്ത്രം ധരിച്ചുവരുമ്പോൾ, എനിക്ക് നല്ല ഉടുപ്പ് ഇല്ലല്ലോ എന്ന ചിന്ത ഉണ്ടായിരുന്നു. സ്കൂളിൽ അഞ്ചുദിവസം ധരിച്ച വസ്ത്രം, ശനിയാഴ്ച കഴുകി വൃത്തിയാക്കിട്ടു വേണം ഞായറാഴ്ച പള്ളിയിൽ പോകാൻ. അന്ന് വിശുദ്ധ കുർബാനയ്ക്ക് കൂടിയവർ ഇണ്ടിക്കാട്ടിൽ ഡാനിയേൽ, സ്കറിയാ, കോയിക്കലേത്ത് ജോർജ്ജ് മുതലായവരായിരുന്നു.

പുത്തൻ ബംഗ്ലാവിൽ ഉമ്മച്ചായൻ കൊടുത്ത വസ്തുവിലായിരുന്നു വകയാർ പള്ളി. ഒരു ചെറിയ ചാപ്പലും അതിനോടു ചേർന്ന് വികാരി അച്ചനു താമസിക്കാൻ ചെറിയവീടും. ഇടവക തുടങ്ങിയ ആരംഭകാലത്തു കണ്ണന്താനത്തുകാരുടെ തോട്ടത്തിൽ ചെറിയവീട്ടിൽ ജോസ് മാത്യൂസ് അച്ചൻ വിശുദ്ധ കുർബാന ചൊല്ലുമായിരുന്നു. ഇന്ന് വകയാർ ഇടവക 300-ൽ പരം വീടുകളുള്ള നല്ല ഇടവകയായി വളർന്നു കഴിഞ്ഞു.

വീട്ടിലെ നിത്യച്ചെലവു നടത്താൻ എന്റെ അപ്പച്ചൻ മേക്കാട്ട് വീട്ടിലെ പറമ്പിൽ ദിവസക്കൂലിക്ക് പോകുമായിരുന്നു. ആ കാലത്ത് ഒരു ദിവസത്തെ വേതനം അരരൂപ അല്ലെങ്കിൽ മുക്കാൽ രൂപ (50–75 പൈസാ). അന്നു സർക്കാർ രൂപയും ബ്രിട്ടീഷ് രൂപയും ഉണ്ടായിരുന്നു. സർക്കാർ രൂപയ്ക്ക് 28 ചക്രവും ബ്രിട്ടീഷ് രൂപയ്ക്ക് 28 $^1/_2$ ചക്രവും വിലയായിരുന്നു. പൊതുവേ പണം ഉള്ളവർ ചുരുക്കം. കേരളത്തിനു വെളിയിലോ ഇന്ത്യയ്ക്കു പുറത്തോ ജോലിക്കു പോയവർ ഇല്ലെന്നുതന്നെ പറയാം. ഗൾഫ്

www.malankaralibrary.com


രാജ്യങ്ങളിൽ എണ്ണ കണ്ടെത്തിയിരുന്നില്ല. നാട്ടിൽ നിലം വിതയ്ക്കുവാൻ ഉള്ളവർ സമ്പന്നർ എന്നു കരുതപ്പെട്ടിരുന്നു. അവരുടെ നിലങ്ങളിൽ കൊയ്തു കിട്ടുന്ന നെല്ല് അരിയാക്കിയാണ് സാധാരണക്കാർ നല്ലരിയുടെ ചോറും കഞ്ഞിയും കഴിക്കുന്നത്. കൊയ്ത്തുസമയം നാട്ടിൽ ഒരു ഉത്സവ പ്രതീതിയാണ്. സ്ത്രീകൾ കൂട്ടമായി കൊയ്യാനിറങ്ങും. ആകെ കൊയ്തെടുക്കുന്ന നെല്ല് ചവിട്ടിമെതിച്ചു, നെന്മണികളാക്കും. അതിന്റെ പത്തിലൊന്നാണെന്നു തോന്നുന്നു, കൂലിക്കാരനു ലഭിച്ചിരുന്ന വിഹിതം.

അമ്മച്ചി കോഴിമുട്ടകൾ അടവച്ച് കോഴിക്കുഞ്ഞുങ്ങളെ വിരിയിച്ച് വളർത്തിയിരുന്നു. മുട്ടത്തോടു പൊട്ടി കോഴിക്കുഞ്ഞുങ്ങൾ പുറത്തുവരുന്നത്, ഈ കുഞ്ഞുങ്ങൾ എല്ലാം തള്ളക്കോഴിയുടെ കൂടെ ചിക്കിയും ചികഞ്ഞും നടക്കുന്ന ചേതോഹരമായ കാഴ്ച എന്റെ ചെറുപ്രായത്തിൽ കുളിരു കോരിയിടുന്ന അനുഭവമായിരുന്നു. കോഴിക്കുഞ്ഞുങ്ങളെ റാഞ്ചാൻ ധാരാളം പരുന്തുകൾ ഉണ്ടായിരുന്നു. അതിൽനിന്നു രക്ഷപ്പെടാൻ, കോഴിക്കുഞ്ഞുങ്ങളെ ചായം മുക്കുന്ന രീതി ഉണ്ടായിരുന്നു. അതുകൊണ്ടും കാര്യമായ രക്ഷയുണ്ടായിരുന്നില്ല. കോഴിമുട്ടകൾ ചന്തയിൽ കൊണ്ടുപോയി വിറ്റ്, മീനും മറ്റു സാധനങ്ങളും അമ്മ വാങ്ങിക്കൊണ്ടു വരുന്നത് ഓർമ്മയുണ്ട്. ഒരു നാടൻ പശുവിനെ വളർത്തിയിരുന്നു. ഒത്തിരി പാല് കിട്ടുന്ന ഇനം അല്ല. സങ്കരവർഗത്തിൽപ്പെട്ട പശുക്കൾ അന്ന് ഈ നാട്ടിൽ ഇല്ലായിരുന്നു. വീട്ടിലെ പശുവിൽനിന്ന് മുന്നാഴി ഇടങ്ങഴി പാല് കിട്ടിയിരുന്നു. അതിൽ ഒരുകുപ്പി പാൽ അമ്മ വിറ്റിരുന്നു. ബാക്കി ഉറയൊഴിച്ച് തൈരാക്കിയിരുന്നു. തൈരും മോരും എനിക്ക് വലിയ ഇഷ്ടമായിരുന്നു. സ്വല്പം മോര് ഉണ്ടെങ്കിൽ ആഹാരം കഴിക്കാൻ കുശാലാണ്. വാഹനസൗകര്യം ഇല്ലാതിരുന്നതിനാൽ കാൽനടയായി യാത്ര ചെയ്തിരുന്നവർക്ക് വഴിയോരങ്ങളിൽ മോരുംവെള്ളം സൗജന്യമായി കൊടുക്കുന്ന പതിവ് നാട്ടിൽ ഉണ്ടായിരുന്നു.

വീടിനു സമീപം റിസർവ് വനമുള്ള വിവരം നേരത്തെ സൂചിപ്പിച്ചല്ലൊ. നാട്ടിലെ സ്ത്രീകൾ വളരെപേർ ഈ വനത്തിൽ പോയി കരിയിലകൾ തൂത്തുകൂട്ടി തീയിട്ട്, ചാരമാക്കി മാറ്റും. അന്നു വൈകിട്ടുതന്നെ തീ അണഞ്ഞു കഴിയുമ്പോൾ, ചാരംവാരി വീടുകളിൽ ശേഖരിക്കുന്ന പതിവുണ്ടായിരുന്നു. നല്ല ആരോഗ്യമുള്ളവർ കൂടുതൽ കരിയിലകൾ ശേഖരിച്ച്, കൂടുതൽ ചാരം ശേഖരിക്കും. ഈ ചാരം വിലയ്ക്ക് വാങ്ങിക്കുവാൻ, പടിഞ്ഞാറൻ ഭാഗത്തുനിന്ന് ആളുകൾ കാളവണ്ടിയിൽ എത്തുമായിരുന്നു. പല കുടുംബങ്ങളിലും അത് ഒരു ജീവിതമാർഗമായിരുന്നു.

www.malankaralibrary.com



വനത്തിൽ തീയിടുന്നത് അനുവദിച്ചിരുന്നില്ല. ഫോറസ്റ്റു ഗാർഡുകൾ ഈ കാര്യത്തിൽ കണ്ണടച്ചിരുന്നു എന്നുപറയാം. എന്റെ അമ്മച്ചി, നല്ല ആരോഗ്യം ഉള്ളവൾ അല്ലായിരുന്നെങ്കിലും, വീട്ടിലെ ആവശ്യങ്ങൾ നടത്തുവാൻ വനത്തിൽ പോയി ചാരം ഉണ്ടാക്കിയിട്ടുണ്ട്. അമ്മയെ സഹായിക്കുവാൻ ഞാൻ പോയ അവസരങ്ങളുണ്ട്.

കോന്നി K.K.N.M. സ്കൂളിൽ ഞാനും എന്റെ ഇളയ സഹോദരനും പഠിക്കുവാൻ തുടങ്ങി. പൊതുവേ പട്ടിണിയുടെ നാളുകൾ. പുരയിടത്തിൽനിന്നു കിട്ടുന്ന കൃഷിസാധനങ്ങൾ മാത്രം. അതും തികയാത്ത അവസ്ഥ. പച്ചക്കപ്പ വാട്ടിയുണക്കിവയ്ക്കുന്നത് കർക്കടകത്തിലെ പഞ്ഞ നാളുകളിൽ ഉപയോഗിക്കും. അതും തീരുമ്പോൾ പുതുതായി നട്ടിട്ടുള്ള മരച്ചീനിയുടെ ചുവട് മാന്തി ഒന്നോ രണ്ടോ കപ്പക്കിഴങ്ങുകൾ എടുത്ത് പുഴുങ്ങിത്തിന്നാറുണ്ട്. വിശപ്പ് തീരെ സഹിക്കാൻ വയ്യാത്തപ്പോൾ പറമ്പിൽ നട്ട പയറിന്റെ ഇലകളും വള്ളികളും വേവിച്ച് തരുമായിരുന്നു. യാതൊരു മാലിന്യവുമില്ലാത്ത പോഷക സമൃദ്ധമായ ഇലവർഗങ്ങൾ. ഇന്ന് അതൊന്നും ലഭ്യമല്ല. അതെല്ലാം കഴിക്കുന്നത് ഇന്നിന്റെ മനുഷ്യർക്ക് നാണക്കേടുണ്ടാക്കും. ചക്കയുടെ സീസണിൽ ചക്കമുള്ള് ഒഴിച്ച് ബാക്കിയെല്ലാം പലരൂപത്തിൽ പാചകം ചെയ്ത് കഴിക്കും. റേഷൻ കടകളിൽ നിന്ന് കുറെ ചാക്കരി കിട്ടും. അതോടൊപ്പം ഗോതമ്പും, ചോളവും. ഇവ പൊടിപ്പിക്കാൻ മില്ലുകളില്ല. ശരിയായ ഉപയോഗവും കേരളീയർക്ക് അറിഞ്ഞുകൂടായിരുന്നു. കടയിൽനിന്നു കിട്ടുന്ന ചോളം എന്തുചെയ്യണമെന്നറിയാതെ വഴിനീളെ വാരിവിതറിക്കിടക്കുന്നത് കണ്ടിട്ടുണ്ട്. ഗോതമ്പ് ചതച്ച് കഞ്ഞിവച്ച് കുടിക്കുമായിരുന്നു.

കോന്നി K.K.N.M. സ്കൂൾ ഉടമയായിരുന്ന കൃഷ്ണൻ നായർ വലിയ ഭൂസ്വത്ത് ഉള്ളയാളായിരുന്നു. കുതിരപ്പുറത്ത് യാത്രചെയ്യുമായിരുന്നു. ഞങ്ങൾ പഠിക്കുവാൻ ചെന്നതിനുമുമ്പ് അദ്ദേഹം മരിച്ചു. മൂത്തമകൻ രവീന്ദ്രൻനായർ ആയിരുന്നു മാനേജർ. അനുജന്മാർ ഗോപി, ദാസ്, ശിവരാമൻ മുതലായവരായിരുന്നു. ഗോപിയും ദാസും എന്നെ പഠിപ്പിച്ചിട്ടുണ്ട്. അക്കാലത്ത് പഠിപ്പിക്കുവാൻ ട്രെയിനിംഗ് പാസ്സാകണമെന്നുള്ള നിബന്ധനയില്ല.

വകയാറിൽ താമസിക്കുന്ന സമയത്ത് അമ്മയ്ക്ക് ഏതോ വാതരോഗം വന്നു. കൈകൾക്ക് ബലക്കുറവും ചലനശേഷിയും നഷ്ടപ്പെട്ടതായി അറിയാം. അയൽപക്കത്തുള്ള സ്ത്രീകൾ അമ്മയ്ക്ക് മുണ്ട് മുറുക്കിയുടുപ്പിക്കുവാൻ സഹായിച്ചിരുന്നു. അത്രയ്ക്ക് കൈകൾക്ക് ബലക്ഷയമായിരുന്നു.

www.malankaralibrary.com


സ്കൂളിൽ പോകുന്നതിനുമുമ്പ് ആവശ്യമായ വെള്ളം അടുത്തുള്ള വീട്ടിലെ കിണറിൽ നിന്ന് ഞങ്ങൾ കോരിക്കൊടുക്കുമായിരുന്നു. പശുവിനെ അഴിച്ച് പറമ്പിൽ കെട്ടിയ ശേഷമാണ് സ്കൂളിൽ പോയിരുന്നത്. സ്കൂളിൽനിന്ന് വന്നശേഷം പശുവിന് പച്ചപ്പുല്ല് ശേഖരിക്കുവാൻ ഞാനും അനുജനുംകൂടി പോയിരുന്നു. മലയാളം ആറാം ക്ലാസ് ജയിച്ച് ഞാൻ Ist Form-ൽ പഠിക്കുന്നു. Ist Form-ൽ വന്ന നാൾ മുതൽ പഠനത്തിൽ നല്ല മാർക്ക് വാങ്ങി മുന്നേറണം എന്നുള്ള ഉൾക്കാഴ്ച എനിക്കുണ്ടായി. അതിനുമുമ്പ് പഠനത്തിൽ എന്ത് നിലവാരം പുലർത്തിയെന്ന് ഓർമ്മയില്ല. ക്ലാസ്സിൽ ഞാനായിരുന്നു എല്ലാ വിഷയത്തിലും ഒന്നാമൻ. ഓരോടേം പരീക്ഷ കഴിയുമ്പോൾ അദ്ധ്യാപകൻ പരീക്ഷാപേപ്പർ ക്ലാസ്സിൽ കൊണ്ടുവന്ന് മാർക്കുകൾ പരസ്യപ്പെടുത്തും. അറുപതുശതമാനത്തിൽ കൂടുതൽ മാർക്ക് എല്ലാ വിഷയത്തിലും ഉണ്ടായിരിക്കും. കണക്കിന് 80-90 മാർക്ക് കിട്ടുമായിരുന്നു. അന്ന് എത്ര ശരിയായി എഴുതിയാലും അറുപതുശതമാനത്തിൽ കൂടുതൽ മാർക്ക് നൽകില്ല. എന്റെ കൈയക്ഷരം നല്ലതായിരുന്നു. എന്റെ ഉത്തരപ്പേപ്പർ മറ്റ് ഡിവിഷനിലെ കുട്ടികളെ കാണിച്ചിട്ടുണ്ട്. കുട്ടികളായാൽ ഇങ്ങനെ പഠിക്കണം എന്ന് അവരോട് അധ്യാപകർ പറഞ്ഞിട്ടുണ്ട്. ഉള്ളിൽ എന്തെന്നില്ലാത്ത സന്തോഷവും അഭിമാനവും തോന്നുന്ന നിമിഷങ്ങളായിരുന്നു അത്. അധികം ഒച്ചപ്പാട് ഉണ്ടാക്കാതെ ഒതുങ്ങിക്കഴിഞ്ഞിരുന്ന കുട്ടിയായിരുന്നു ഞാൻ. അധ്യാപകർ പറഞ്ഞ മിടുക്കനായ കുട്ടി ഏതാണെന്ന് കാണാൻ മറ്റ് ഡിവിഷനിലെ പെൺകുട്ടികൾ വന്നിട്ടുള്ള അവസരമുണ്ട്. ദൂരെനിന്ന് കാണുകയല്ലാതെ ഈ കാലം പോലെ അടുത്തുനിന്ന് സൗഹൃദമായി സംസാരിക്കുവാൻ അന്ന് അനുവാദം ഇല്ലായിരുന്നു. ഞാനും എന്റെ സഹോദരനും കൂടി ക്ലാസ്സ് കഴിഞ്ഞാലുടനെ ധൃതിയിൽ വീട്ടിൽ പോകും. കൂട്ടുകാരുമായി ചേർന്ന് ചീത്തവാക്കുകൾ പറഞ്ഞിട്ടില്ല. ആരോടും വഴക്കിനും പോയിട്ടില്ല. ചെറുപ്പത്തിലെ മോശമായ വാക്കുകൾ ഉപയോഗിച്ച് പഠിച്ചിട്ടില്ലാത്തതിനാൽ വൈദികനായശേഷവും ആരോടും തെറിവാക്കുകൾ പറയുകയോ അപമര്യാദയായി പെരുമാറുകയോ ചെയ്തിട്ടില്ല.

ഞങ്ങളുടെ പഠനത്തിന് ശക്തി പ്രദാനം ചെയ്തത് കൂടുതലും അമ്മച്ചിയാണ്. സമയം നോക്കാൻ വാച്ചില്ല. ചിലപ്പോൾ പാതിരാക്കോഴി കൂവുമ്പോഴായിരിക്കും, നേരം വെളുക്കാറായി എന്നുള്ള ചിന്തയിൽ അമ്മ ഞങ്ങളെ വിളിച്ചുണർത്തുന്നത്. ചിലപ്പോൾ രാത്രി മൂന്നുമണി

www.malankaralibrary.com


ക്കുള്ള കോഴി കൂകാൻ സമയത്തും വിളിച്ച് ഉണർത്തും. ഇരിക്കാൻ മേശയും കസേരയും ഇല്ല. നിലത്ത് ചടഞ്ഞിട്ടുള്ള ഇരുപ്പ്. ചെറിയ മണ്ണെണ്ണപ്പാട്ടവിളക്കിന്റെ അരണ്ട വെളിച്ചത്തിലുള്ള വായന. വിളക്കിലെ പുക കണ്ണിലും വായിലും വന്നടിക്കും. മണ്ണെണ്ണപ്പുകയുടെ ദുർഗന്ധവും. പഠിച്ച് പഠിച്ച് വയറു കത്തുന്ന പ്രതീതിയും. ചിലപ്പോൾ സ്വല്പം പഴങ്കഞ്ഞി എടുത്ത് കഴിച്ചിട്ടുണ്ട്. ചിലപ്പോൾ ക്ഷീണം മാറാൻ കട്ടൻകാപ്പി കുടിക്കും. അമ്മ വിളിച്ചാലും, നേരം വെളുക്കാറായില്ല എന്നുള്ള ചിന്ത യാൽ ഉണരാതെ വീണ്ടും കിടന്നുറങ്ങിയ അവസരം ഉണ്ട്. എന്നാൽ നേരം വെളുത്തുപോയി, പഠിക്കാൻ സാധിക്കാതെ പോയാൽ അതിന്റെ പേരിൽ കരഞ്ഞിട്ടുണ്ട്. അന്നന്നുള്ള പാഠങ്ങൾ അന്നുതന്നെ പഠിക്കണ മെന്ന് എനിക്ക് നിർബന്ധമായിരുന്നു.

സ്കൂളിൽ വേണ്ടതായ എല്ലാ പുസ്തകങ്ങളും വാങ്ങാൻ നിവൃത്തി യില്ല. ചില പുസ്തകങ്ങൾ മറ്റുള്ളവരിൽനിന്ന് വാങ്ങി മുഴുവൻ എഴുതി യെടുത്താണ് പഠിച്ചത്. ഞാനും അനുജനും ഹൈസ്കൂൾ പഠനം തുടങ്ങി യപ്പോൾ രണ്ടുപേർക്കുംകൂടി പന്ത്രണ്ടു രൂപാ മാസം ഫീസ് കൊടുക്കണം. ഈ ഫീസുകൾ ശേഖരിച്ചാണ് അക്കാലത്ത് അദ്ധ്യാപകർക്ക് ശമ്പളം കൊടുത്തിരുന്നത്. ഗവൺമെന്റ് സഹായം അന്നില്ലായിരുന്നു. പന്ത്രണ്ടു രൂപാ മാസംതോറും തരാൻ അപ്പച്ചൻ മാർഗമില്ലാതെ വിഷമിച്ചു. ഈ സാഹചര്യത്തിൽ എന്റെ പഠനം തുടരാനും എന്റെ അനുജന്റെ പഠനം അവസാനിപ്പിക്കാനും അപ്പച്ചൻ നിർബന്ധിതനായി. അനുജനെ ആരുടെ കൂടെയെങ്കിലും ഇരുത്തി തയ്യൽ പഠിപ്പിക്കാം എന്ന് തീരുമാനിച്ചു. എന്നെ ദൈവവേലയ്ക്ക് വിടണമെന്നുള്ള മാതാപിതാക്കളുടെ നേർച്ച അവരുടെ മനസ്സിൽ ശക്തമായി കിടന്നു. അതുകൊണ്ട് എന്നെ എങ്ങനെയെങ്കിലും പത്താം ക്ലാസ്സ് വരെ പഠിപ്പിക്കണം, ഇതായിരുന്നു അപ്പച്ചന്റെ മനസ്സിൽ.

ഈ വിവരം അറിഞ്ഞപ്പോൾ അനുജനെ പഠിക്കുവാൻ വിടുന്നില്ലെ ങ്കിൽ ഞാനും പഠിക്കുവാൻ പോകുന്നില്ല എന്നു പറഞ്ഞു. എങ്ങനെ ഈ പ്രതിസന്ധി തരണംചെയ്യും. ഞാൻതന്നെ അതിന് മുൻകൈയെ ടുത്തു. ഞാൻ കോന്നിയിൽ പോയി മുരുപ്പേൽ ഡാനിയേൽ അച്ചായനെ കണ്ട് വിവരം പറഞ്ഞു. അപ്പച്ചന്റെ അനന്തരവനായ അദ്ദേഹം വിദ്യാ ഭ്യാസമുള്ളവനും പൌതുസമ്മതനുമായ വ്യക്തിയായിരുന്നു. അദ്ദേഹ ത്തെ കൂട്ടിക്കൊണ്ട് സ്കൂളിൽ വന്ന് മാനേജരെ കണ്ടു വിവരം പറഞ്ഞു. ഞങ്ങൾ രണ്ടുപേർക്കും പകുതി ഫീസ് ആക്കി അനുവാദം കിട്ടി. അങ്ങനെ

www.malankaralibrary.com


പഠനം തുടർന്നു. അത്രയും തുകപോലും മാസംതോറും ലഭിക്കുക പ്രയാസമായിരുന്നു.

എന്റെ അമ്മച്ചി അധികം പഠിച്ചിട്ടില്ല. എന്നാലും വളരെ വ്യക്തമായി ബൈബിൾ വായിക്കുമായിരുന്നു. അമ്മ ബൈബിൾ മുഴുവനും പലതവണ വായിച്ചിട്ടുണ്ട്. വൈകിട്ട് ആറുമണിക്കുമുമ്പ് അത്താഴത്തിനുള്ളതെല്ലാം പാചകം ചെയ്തശേഷം ഉമ്മറപ്പടിയിലിരുന്ന് ബൈബിളിലെ പഴയനിയമത്തിൽനിന്നുള്ള നിരവധി കഥകൾ ഞങ്ങളെ പറഞ്ഞുകേൾപ്പിക്കുമായിരുന്നു. എന്നെയും സഹോദരനെയും എങ്ങനെയെങ്കിലും പഠിപ്പിക്കണമെന്നുള്ളത് അമ്മയുടെ തീവ്രഅഭിലാഷം ആയിരുന്നു. ജീവിതത്തിൽ നേട്ടമുണ്ടാകുവാൻ വിദ്യാഭ്യാസം അത്യാവശ്യമാണെന്നുള്ള സത്യം എന്റെ പാവപ്പെട്ട അമ്മയ്ക്ക് എങ്ങനെ കിട്ടി എന്നറിയില്ല. അമ്മയുടെ സഹോദരൻ മലയാളം ഏഴു വരെ പഠിച്ച അദ്ധ്യാപകൻ ആയിരുന്നു (സ്കറിയാ സാർ). കളിയാക്കുന്ന രീതിയിൽ അദ്ദേഹം അമ്മേയോട് പറഞ്ഞിട്ടുണ്ട്, 'നീ നിന്റെ മക്കളെ പഠിപ്പിച്ച് ഇപ്പോൾ എം.എ.ക്കാർ ആക്കുമെന്ന്.' എന്റെ സഹോദരൻ എം.എസ്.സി. പാസ്സായത് കണ്ടതിനുശേഷമാണ് ഈ അങ്കിൾ മരിച്ചത്.

കുറെ പട്ടിണിയിലും പ്രയാസത്തിലും പഠിച്ചുവെങ്കിലും എനിക്ക് ഒന്നാംസ്ഥാനം എല്ലാ വിഷയത്തിലും കിട്ടിയപ്പോൾ അനിർവചനീയമായ ആത്മസംതൃപ്തി തോന്നിയിരുന്നു. പടങ്ങൾ വരയ്ക്കുന്നതിനും എനിക്ക് നല്ല മാർക്ക് കിട്ടിയിരുന്നു. ബയോളജിയിലെയും സുവോളജിയിലെയും പടങ്ങൾ ഭംഗിയായി വരയ്ക്കുമായിരുന്നു. ഡ്രോയിംഗ് പഠനത്തിൽ മുന്നോട്ടുപോകാൻ ആഗ്രഹമുണ്ടായിരുന്നു. പൂനാ സെമിനാരിയിൽവച്ച് കയ്യെഴുത്ത് മാസികയിൽ തലക്കെട്ടുകൾ കലാരൂപത്തിൽ എഴുതിക്കൊടുത്തിട്ടുണ്ട്. സ്കൂളിൽ കളികൾക്ക് പ്രത്യേകിച്ച് പ്രോത്സാഹനം നൽകിയിട്ടില്ല. അദ്ധ്യാപകർ ബാഡ്മിന്റൺ കളിക്കുന്നത് കണ്ടിട്ടുണ്ട്. മുതിർന്ന കുട്ടികൾ ഫുട്ബോൾ കളിക്കുന്നത് അപൂർവ്വമായി കണ്ടിട്ടുണ്ട്. കായികമത്സരങ്ങളിലൊന്നും ചേരാനുള്ള ധൈര്യം എനിക്കില്ലായിരുന്നു. ഒരു വർഷത്തെ പദ്യപാരായണ മത്സരത്തിൽ ഞാൻ ചേർന്നു. എനിക്ക് ഒന്നാം സ്ഥാനം കിട്ടി. വാർഷിക സമ്മേളനത്തിൽ അതിന് സമ്മാനം ലഭിച്ചത് ഒരു അമേരിക്കൻ ഇംഗ്ലീഷ് ഡിക്ഷ്ണറി ആയിരുന്നു. ഡിക്ഷ്ണറി നോക്കാൻ എനിക്ക് അറിഞ്ഞുകൂടായിരുന്നു. പഠിപ്പിക്കുവാനും ആരും ഇല്ലായിരുന്നു. പ്രസ്തുത ഡിക്ഷ്ണറി ഞാൻ വേണ്ടവിധം പ്രയോജനപ്പെടുത്തിയില്ല. എന്റെ ശബ്ദം നേർത്തതായിരുന്നു. കിളിപോലുള്ള

www.malankaralibrary.com



ശബ്ദം. പള്ളിയിൽ എന്നെ കുട്ടികൾ 'കിളി' എന്ന് വിളിച്ച് കളിയാക്കിയിരുന്നു. ഒരു പെണ്ണിന്റെ ശബ്ദമാണ് എന്റേതെന്ന് മറ്റുള്ളവർ പറഞ്ഞിട്ടുണ്ട്. ഞാൻ മറുപടിയായി പറയും, "എന്റെ അമ്മയ്ക്ക് പെൺമക്കൾ ഇല്ല. അതിന് ഒരാണിന് പെണ്ണിന്റെ ശബ്ദം ദൈവം തന്നതാണ്" എന്ന്.

ഞാൻ പഠിച്ച സ്കൂളിലെ അദ്ധ്യാപനം അന്ന് തീരെ മോശമായിരുന്നു. സ്കൂൾ മാനേജരുടെ സഹോദരങ്ങളും സഹോദരപുത്രിമാരും സൗകര്യം പോലെ വന്ന് ചില ക്ലാസ്സുകൾ എടുത്തിരുന്നു. ചില വിഷയങ്ങൾ പഠിപ്പിക്കാതെ വിട്ടുകളഞ്ഞിട്ടുണ്ട്. സോഷ്യൽ സ്റ്റഡീസ് എന്ന വിഷയം പഠിപ്പിച്ചില്ല. അപ്രകാരം ഒരു വിഷയം ഉണ്ടെന്ന് അടുത്ത സ്കൂളിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിയിൽ നിന്നു മനസ്സിലാക്കി നോട്ടു വാങ്ങി വായിച്ചാണ് ഞാൻ E.S.L.C. ക്ക് പ്രസ്തുത വിഷയം എഴുതിയത്. 1953-ൽ E.S.L.C. ഒന്നാം ക്ലാസ്സോടെ പാസ്സായി. സ്കൂളിൽ ആ വർഷം ഒരു ഒന്നാം ക്ലാസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് എനിക്കായിരുന്നു. എല്ലാ വിഷയത്തിനും ക്ലാസ്സ് മാർക്ക് കിട്ടി. കണക്കിനായിരുന്നു ഏറ്റവും കൂടുതൽ മാർക്ക്, 90%.

വൈദികനാകണമെന്നുള്ള ആഗ്രഹം എനിക്കും മാതാപിതാക്കൾക്കും ഉണ്ടായിരുന്നു. അതനുസരിച്ച് സെമിനാരിയിൽ ചേരാൻ തീരുമാനിച്ചു. വികാരിയായിരുന്ന വടക്കേക്കൂറ്റ് അച്ചൻ വേണ്ടതായ ക്രമീകരണങ്ങൾ ചെയ്തു. അതിനുള്ള കുറെ ചിലവുകളും അച്ചനാണ് വഹിച്ചത്. പാവപ്പെട്ട എന്റെ കൊച്ചുവീട്, ഒറ്റിപ്പുരയിടത്തിലെ താമസം, നല്ല ആരോഗ്യമില്ലാത്ത എന്റെ അമ്മ, ഞങ്ങളെ പോറ്റുവാനായി എന്നും പണിക്ക് പോകുന്ന എന്റെ അപ്പച്ചൻ, പഠിക്കുന്ന അനുജൻ, എന്റെ ജ്യേഷ്ഠസഹോദരനും ഭാര്യയും. ഇവരോടെല്ലാം വിട പറഞ്ഞ് തിരുവനന്തപുരത്തേക്കുള്ള വണ്ടി കയറി. കൊണ്ടുവിടാൻ വികാരിയച്ചൻ. പിന്നിലേക്ക് നോക്കുമ്പോൾ മാനുഷികമായി ഒത്തിരി അവ്യക്തത, പ്രയാസം. എന്റെ വീടിനുവേണ്ടി ഒന്നും നിറവേറ്റാൻ സാധിക്കുന്നില്ലല്ലോ എന്നൊരു തേങ്ങൽ മനസ്സിന്റെ കോണിൽ. ഞാൻ വീട്ടിൽനിന്ന് നടന്ന് അകന്നപ്പോൾ ഒരു നല്ല വിശുദ്ധനായ വൈദികനാകണം എന്നുള്ള ആഗ്രഹം ഉള്ളിൽ ജ്വലിച്ചുനിന്നു.

www.malankaralibrary.com

അധ്യായം 2

# സെമിനാരി

1953 ജൂൺ മാസത്തിൽ തിരുവനന്തപുരത്ത് മൈനർ സെമിനാരിയിൽ ചേർന്നു. പുതിയ അന്തരീക്ഷവും സാഹചര്യങ്ങളും. മണി അടിക്കുന്നതനുസരിച്ച് ഓരോ കാര്യത്തിനും നീങ്ങണം. ചെന്നതിന്റെ പിറ്റേദിവസം വിശുദ്ധ കുർബാന കഴിഞ്ഞ് പ്രാതൽ. പുട്ടും പയറുമായിരുന്നെന്ന് തോന്നുന്നു. രാവിലെ പഴങ്കഞ്ഞി അല്ലാതെ ഇതൊന്നും കഴിച്ച് വയറിന് പരിചയമില്ല. പ്രാതൽ കഴിഞ്ഞപ്പോൾ വയറ്റിൽ വല്ലാത്ത അസ്വസ്ഥത. പുതിയ ആഹാരത്തോട് പൊരുത്തപ്പെടാനുള്ള വയറിന്റെ മടി. ദിവസങ്ങൾ കഴിഞ്ഞപ്പോൾ പുതിയ ആഹാരത്തോട് വയർ ഇണങ്ങി ച്ചേർന്നു.

ഒച്ചപ്പാടുണ്ടാക്കാതെ ഒതുങ്ങി നൂറുശതമാനവും കൃത്യതയോടെ സെമിനാരിയിലെ നിയമങ്ങൾ പാലിക്കുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. എന്റെ സഹപാഠികളായിരുന്ന വൈദികർ: ഫാ. ഡൊമിനിക് സഖറിയ, ഫാ. ജോൺ കണ്ണങ്കര, ഫാ. ചെറിയാൻ പണിക്കർ, ഫാ. സാമുവേൽ പള്ളിവാതുക്കൽ. ഫാ. സാമുവേൽ കാവിൽ. കാവിലച്ചനെ ഫിലോസഫി കഴിഞ്ഞപ്പോൾ ഏതോ കാര്യത്തിന് ഗ്രിഗോറിയോസ് പിതാവ് സെമിനാരി യിൽനിന്ന് പറഞ്ഞുവിട്ടു. പിന്നീട് അദ്ദേഹം വടക്കേയിന്ത്യയിൽ ഫ്രാൻസിസ്കൻ ബ്രദർ ആകുകയും പിന്നീട് ഭോപ്പാൽ രൂപതയ്ക്കായി വൈദികനായി വളരെ സമർത്ഥമായി മിഷൻപ്രവർത്തനം നടത്തുകയും ചെയ്തു. 10 വർഷംമുമ്പ് അപകടത്തിൽ മദ്ധ്യപ്രദേശിൽവച്ച് മരിച്ചു. ബ്രദർ നൈനാൻ തോമസ് മംഗലാപുരത്ത് ഫിലോസഫി പഠിച്ചെങ്കിലും പഠനം നിർത്തി കോളജിൽ ചേർന്നു. എം.എസ്.സി. പാസ്സായി മാർ ഈവാനിയോസ് കോളജിൽ പ്രൊഫസറായി. ചാരുംമൂട്ടിൽ ദാസ് സാറിന്റെ മകൻ ജോസഫ് പഠിക്കുവാൻ വന്നിട്ട് ഓണഅവധിക്ക് വീട്ടിൽ പോയിട്ട് തിരിച്ചുവന്നില്ല.

സെമിനാരിയിൽ വന്ന വർഷം ഈവാനിയോസ് പിതാവ് തീരെ അവശനായി, രോഗശയ്യയിൽ കിടക്കുന്നത് കണ്ടിട്ടുണ്ട്. പിതാവ് വകയാർ

www.malankaralibrary.com


പള്ളിയിൽ വന്നതായി ഓർമ്മയുണ്ട്. അന്നെനിക്ക് 11 വയസ്സുകാണും. അമേരിക്കൻ പര്യടനം കഴിഞ്ഞുവന്ന കാലയളവാണ്. പള്ളിമേടയുടെ മുറ്റത്ത് ഒരു ചാരു കസേരയിൽ പിതാവ് വിശ്രമിക്കുന്നത് കണ്ടു. പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ചതായി തോന്നുന്നു. അതുകഴിഞ്ഞ് ചെറിയ ചാപ്പലിന്റെ പടിഞ്ഞാറെ വാതിലിൽ നിന്ന് എല്ലാവരുമായി ഫോട്ടോ എടുത്തു. ചുറുചുറുക്കുള്ള കുര്യൻ ഇലഞ്ഞിമറ്റം അച്ചനായിരുന്നു പിതാവിന്റെ കൂടെയുണ്ടായിരുന്നത്. ഫോട്ടോയിൽ ഞാനും നിൽക്കുവാൻ ശ്രമിച്ചു. പയ്യനായിരുന്നതുകൊണ്ട്, ഉയരക്കുറവുണ്ടായിരുന്നതിനാൽ എന്നെ പലരും മറച്ചുകളഞ്ഞു. എന്റെ തലഭാഗം മാത്രം കുറച്ച് കിട്ടിയ ഫോട്ടോ കണ്ടു. 1953 ജൂലൈ 15 വൈകിട്ട് സെമിനാരിയിൽ എല്ലാവരും പിതാവ് കിടന്ന പാർലറിൽ ചെല്ലാൻ റെക്ടറച്ചൻ (ഫാ. മാത്യു ഇലഞ്ഞിലേത്ത്) പറഞ്ഞു. ഞങ്ങൾ എല്ലാവരും കട്ടിലിനടുത്ത് മുട്ടുകുത്തി നിന്നു. 1953 ജനുവരിയിൽ മാർ ഈവാനിയോസ് പിതാവ് തന്നെ കൈവയ്പ് നടത്തി മെത്രാനായി വാഴിച്ച ചെറുപ്പക്കാരനായ ഗ്രിഗോറിയോസ് പിതാവ് ഈവാനിയോസ് പിതാവിന്റെ തലയ്ക്കൽ മുട്ടുകുത്തി പിതാവിന്റെ ചെവിയോട് ചേർന്നുനിന്ന്, "എന്റെ ഈശോയെ എന്റെ ദൈവമേ... എല്ലാ വസ്തുക്കളേക്കാൾ നിന്നെ ഞാൻ സ്നേഹിക്കുന്നു" എന്ന് ആവർത്തിച്ച് ചൊല്ലിക്കൊണ്ടിരുന്നു. ഗ്രിഗോറിയോസ് പിതാവിന്റെ പ്രാർത്ഥന ഒരു രോദനം പോലെ ഇന്നും എന്റെ ചെവിയിൽ മുഴങ്ങുന്നു. കുറെ സമയം കഴിഞ്ഞശേഷം റെക്ടറച്ചൻ ഞങ്ങളെ ഉറങ്ങാൻ പറഞ്ഞയച്ചു. എല്ലാവരും പോയിക്കിടന്നു. രാത്രി 11 മണിയായിക്കാണും സെമിനാരിയിലെ മണി തേങ്ങിക്കരഞ്ഞു. മാർ ഈവാനിയോസ് പിതാവ് ജഡമയമായ ഈ ലോകത്തിൽ നിന്നും തന്റെ സ്രഷ്ടാവിന്റെ സന്നിധിയിലേക്ക് പോയിക്കഴിഞ്ഞു. ഇന്നത്തെപ്പോലെ മാധ്യമസൗകര്യങ്ങൾ ഇല്ലായിരുന്നു. എങ്കിലും പത്രത്തിൽ പിതാവ് മരിച്ച വാർത്ത വന്നു. ഫോൺസൗകര്യം കുറവാണെങ്കിലും പ്രധാനപ്പെട്ടവരെ വിവരം അറിയിച്ചിട്ടുണ്ടാവും. പിതാവിന്റെ ശരീരം കസേരയിൽ ഇരുത്തി, പാളയം മലങ്കര പള്ളിയിൽ (ഇന്നത്തെ ബസിലിക്കാ പള്ളി) പ്രതിഷ്ഠിച്ചു. ആയിരക്കണക്കിന് ആളുകൾ സംസ്കാരശുശ്രൂഷ പ്രദക്ഷിണത്തിൽ പാളയത്തുനിന്ന് പട്ടം അരമന വരെ നടന്നുനീങ്ങി. ചങ്ങനാശ്ശേരി രൂപതയുടെ കാവുകാട്ട് പിതാവായിരുന്നു പാളയത്തുവച്ച് ചരമപ്രസംഗം നടത്തിയത്. അലങ്കരിച്ച വാഹനത്തിൽ പിതാവിന്റെ മൃതശരീരം കൊണ്ടുവരുമ്പോൾ സെറാഫിയോൻ അച്ചൻ ഒ.ഐ.സി., കസേരയിൽ പിതാവിന്റെ മൃതശരീരം വീഴാതെ

www.malankaralibrary.com


പിടിച്ചിരുന്നതായി ഞാൻ ഓർക്കുന്നു. "ആ ദിവ്യദീപം പൊലിഞ്ഞു, ഈവാനിയോസ് താതൻ മറഞ്ഞു" എന്നുള്ള ഈരടികൾ മൈക്കിൽക്കൂടി സുന്ദരമായി ആലപിച്ചു കേട്ടു. ആ ഗാനം ബ്രദർ ഉമ്മൻ അയ്യനേത്ത് പെട്ടെന്ന് രചിച്ച് അദ്ദേഹം തന്നെ അത് പാടിയതെന്ന് പിന്നീട് അറിയാൻ കഴിഞ്ഞു. അന്ന് ആലുവ സെമിനാരിയിൽ പഠിക്കുന്ന ശെമ്മാശ്ശൻ ആയിരുന്നു ഉമ്മൻ അച്ചൻ. പട്ടം കത്തീഡ്രൽ പണി കഴിഞ്ഞിരുന്നില്ല. എങ്കിലും പള്ളി മദ്ബഹായുടെ അടിയിൽ പിതാക്കന്മാരെ സംസ്കരിക്കുവാൻ ഈവാനിയോസ് പിതാവ് നേരത്തെ തന്നെ അറകൾ ക്രമപ്പെടുത്തിയിരുന്നു. മദ്ബഹായിൽനിന്ന് പ്രസ്തുത സെല്ലിലേക്ക് ഇറങ്ങിച്ചെല്ലുവാനുള്ള പടികൾ ഉണ്ടായിരുന്നു പിന്നീട് ആ വഴി അടച്ചു. പുറത്തുനിന്ന് കയറാനുള്ള സൗകര്യം ക്രമപ്പെടുത്തി. ക്ലീമിസ് കാതോലിക്കാ ബാവാ, ഈവാനിയോസ് പിതാവിന്റെ കല്ലറയുടെ ഭാഗം അതിമനോഹരമായി സംവിധാനം ചെയ്തു പണികഴിപ്പിച്ചു. പ്രസ്തുത കല്ലറ മലങ്കരയിൽ സമാധാനം സംസ്ഥാപിക്കാൻ എല്ലാം വിട്ടുപേക്ഷിച്ചുവന്ന വിശുദ്ധ പിതാവിന്റെ നിത്യസ്മാരകമായി നിലകൊള്ളുന്നു.

നേരത്തെ സൂചിപ്പിച്ചതുപോലെ അസുഖം കാരണം എന്റെ പഠനം രണ്ട് വർഷം നഷ്ടപ്പെട്ടു. അങ്ങനെ എന്റെ സഹോദരൻ എന്റെ ഒരു വർഷം ജൂണിയറായി. 1954–ൽ K.K.N.M സ്കൂളിൽ S.S.L.C. First Class-ൽ പാസ്സായി. ആ വർഷം എന്റെ സഹോദരൻ ജോഷ്വാ ഉൾപ്പെടെ മൂന്ന് പേർക്കായിരുന്നു First Class. വകയാർ മജിസ്ട്രേറ്റ് അപ്പച്ചന്റെ മകൻ ജോണി, ളാക്കൂർ ചീനിക്കാലയിൽ ബേബി എന്നിവർ. ജോണി എം.ബി.ബി.എസ്. പി.ജി. കഴിഞ്ഞ് വിദേശത്ത് ഡോക്ടറായി സേവനം അനുഷ്ഠിക്കുന്നു. ബേബി ബി.എസ്.സി. കഴിഞ്ഞ് റിസർവ്വ് ബാങ്കിൽ ജോലി കിട്ടി. 10 വർഷം ജോലി നോക്കി പിന്നീട് ജോലി രാജിവച്ചിട്ട് ബഥനി ആശ്രമത്തിൽ ചേർന്ന് ആത്മാനന്ദ് എന്ന പേരിൽ വൈദികനായി. നട്ടെല്ലിന് കാൻസർ ബാധിച്ച് ചികിത്സകൾ പലതും കഴിഞ്ഞ് നാലാഞ്ചിറ ബഥനി ആശ്രമത്തിൽ വിശ്രമജീവിതം നയിക്കുന്നു. പാവപ്പെട്ട കാൻസർ രോഗികളെ സഹായിക്കുവാൻ അദ്ദേഹം ഒരു ചാരിറ്റി ഫണ്ട് ശേഖരിക്കുന്നു.

എസ്.എസ്.എൽ.സി. പാസ്സായ എന്റെ സഹോദരനെ ഉയർന്ന പഠനത്തിന് അയയ്ക്കുവാൻ വീട്ടിൽ മാർഗമൊന്നുമില്ല. അങ്ങനെയുള്ള ചിന്തപോലും വീട്ടിൽ അപ്പച്ചനും അമ്മയ്ക്കുമില്ല. സാധിക്കാത്ത കാര്യം എന്തിന് ആഗ്രഹിക്കണം. 1954-ലെ പത്താം ക്ലാസ്സിന്റെ റിസൾട്ട് വന്ന

www.malankaralibrary.com


അവസരം, ഞാൻ മൈനർ സെമിനാരിയിൽനിന്ന് അവധിക്ക് വീട്ടിൽ വന്നിരുന്നു. ഒരു ദിവസം ഞാൻ പള്ളിയിൽ വി. കുർബാനയ്ക്ക് പോയപ്പോൾ പറമ്പിലെ (കുശവനടി) ഉമ്മച്ചായൻ വികാരി ജോസഫ് വടക്കേക്കൂറ്റിനോട് പറഞ്ഞു. സമർത്ഥരായ രണ്ട് സഹോദരങ്ങളിൽ ഒരാൾ സെമിനാരിയിൽ ചേർന്നു. ഇളയ ആൾ First Class വാങ്ങി പാസ്സായിരിക്കുന്നു. "അച്ചാ, ഇവനെ കോളജിൽ വിട്ട് പഠിപ്പിക്കണം. ഞാൻ കഴിവത് സഹായം ചെയ്യാം. അച്ചൻ മുൻകൈയെടുക്കണം." പള്ളിയിലും സ്കൂളിലും സമർത്ഥനും, നല്ല പെരുമാറ്റം ഉള്ളതുകൊണ്ടും, എന്റെ അപ്പച്ചൻ വളരെ നല്ല വ്യക്തി ആയതുകൊണ്ടും ഈ താൽപര്യം അവരിൽ ഉണ്ടായി. ദൈവം ഈ ചിന്ത അവർക്ക് നൽകി എന്നതാണ് ശരി. എന്റെ സഹോദരൻ കോളജിൽ പഠിക്കുമെന്ന് സ്വപ്നത്തിൽപ്പോലും ഞാൻ ചിന്തിച്ചിട്ടില്ല. ആഗ്രഹക്കുറവല്ല, ദൈവത്തിന്റെ വഴികൾ എത്ര അഗ്രാഹ്യം. അസാദ്ധ്യമായവയെ സാദ്ധ്യമാക്കുന്നവൻ.

വടക്കേക്കൂറ്റ് അച്ചൻ കൂടി ഉത്സാഹിച്ച് എന്റെ സഹോദരനെ ഇന്റർ മീഡിയേറ്റ് പഠിക്കുവാൻ മാർ ഈവാനിയോസ് കോളജിൽ ചേർത്തു. ബഹു. ജോർജ്ജ് മലഞ്ചരുവിൽ അച്ചൻ അന്ന് കോളജിന്റെ ചുമതലയിൽ ഉണ്ടായിരുന്നു. അനുജൻ പഠിക്കുവാൻ സമർത്ഥൻ ആയിരുന്നതുകൊണ്ടും ശാന്തനും ദുശ്ശീലങ്ങൾ ഇല്ലാത്തയാളും ആയതിനാലും ജോർജ്ജ് അച്ചനും താത്പര്യമായിരുന്നു. സഹോദരൻ പഠിച്ചു ബി.എസ്.സി. First Class-ൽ പാസ്സായി. ഇതിനകം ഞാൻ പൂനായിൽ മേജർ സെമിനാരിയിൽ പോയിരുന്നു. ബി.എസ്.സി. കഴിഞ്ഞ് എന്തെങ്കിലും ജോലി കിട്ടി വീട് പുലർത്താമെന്നുള്ള ആഗ്രഹത്തിലായിരുന്നു സഹോദരൻ. അങ്ങനെയിരിക്കുമ്പോൾ തിരുവനന്തപുരത്ത് ഗ്രിഗോറിയോസ് പിതാവ് കാറിൽ പോകുമ്പോൾ സഹോദരനെ വഴിയിൽ കണ്ടു. എന്റെ സഹോദരനാണെന്ന് അറിയാം. ബി.എസ്.സി. പാസ്സായി. ഒരു ജോലി കിട്ടാൻ ശ്രമിക്കുകയാണെന്ന് പറഞ്ഞു. തുടർന്ന് പഠിക്കാൻ വഴിയില്ല. വീട്ടിൽ മാർഗവുമില്ല. "മോൻ എം.എസ്.സി.ക്ക് പോകണം, ഫീസ് ഞാൻ തരാം" എന്ന് പിതാവ് പറഞ്ഞു. പിതാവിന്റെ നിർബന്ധത്തിൽ യൂണിവേഴ്സിറ്റി കോളജിൽ എം.എസ്.സി.യ്ക്ക് (Statistics) ചേർന്നു. ഒന്നുമില്ലായ്മയിൽനിന്ന് പഠിച്ച് ആ കാലം വകയാറിൽ എം.എസ്.സി. (മാത്സ്) പാസ്സാകുന്ന ആദ്യത്തെ വ്യക്തി എന്റെ സഹോദരനാണെന്ന് തോന്നുന്നു. സഹോദരൻ എം.എസ്.സി. പാസായ ഉടനെ തന്നെ ഫാത്തിമാ കോളജിൽ ലക്ച്ചററായി ജോലികിട്ടി. അഞ്ചലിൽ തിരുവനന്തപുരം അതിരൂപതയുടെ വകയായി

www.malankaralibrary.com


കോളജ് തുടങ്ങിയപ്പോൾ ഗ്രിഗോറിയോസ് പിതാവിന്റെ നിർദ്ദേശാനുസരണം ഫാത്തിമാ കോളജിലെ ജോലി രാജി വച്ചിട്ട് അഞ്ചൽ കോളജിൽ ജോലി നോക്കി. ആ കാലം ലഭിക്കുന്ന ശമ്പളം വീട് സാമ്പത്തികമായി ഉയർത്തുവാൻ പര്യാപ്തമല്ലായിരുന്നു. നൈജീരിയായിൽ ഒരു ജോലിസാധ്യത വന്നു. പത്രത്തിൽ ഞാൻ പ്രസ്തുത പരസ്യം കണ്ട് അവിടെ എഴുതുകയും നിയമന ഓർഡർ എന്റെ പേർക്ക് വരുകയും ചെയ്തു. ഇവിടുത്തേക്കാൾ കുറെക്കൂടി മെച്ചപ്പെട്ട ശമ്പളം നൈജീരിയായിൽ കിട്ടുമായിരുന്നു. അവധി എടുത്ത് പോകാൻ ശ്രമിച്ചിട്ട് അന്നത്തെ പ്രിൻസിപ്പാൾ അവധി കൊടുത്തില്ല. ഗത്യന്തരമില്ലാതെ, ജോലി രാജിവച്ച് നൈജീരിയായിൽ പോയി. മൂന്നുവർഷം കഴിഞ്ഞ് വന്നപ്പോൾ ചങ്ങനാശ്ശേരി നെടിയകാലാപറമ്പിലെ തങ്കമ്മയെ (എം.എസ്.സി. കെമസ്ട്രി) വിവാഹം ചെയ്തു. തങ്കമ്മയെ കണ്ടതും ആലോചിച്ചതും ഞാനാണ്. പിന്നീട് എന്റെ സഹോദരനും തങ്കമ്മയ്ക്കും കൂടി ലഭിച്ച ആയിരക്കണക്കിന് രൂപ വീട്ടിൽ എന്റെ ജ്യേഷ്ഠന്റെ സഹോദരന്റെ 5 മക്കളുടെ പഠനത്തിനും മറ്റുമായി അവർ ചെലവഴിച്ചു. പണം എന്റെ പേരിൽ അയച്ചുതന്നു. ഞാനാണ് വീട്ടിൽ അച്ചായനും മക്കൾക്കുമായി കൊടുത്തത്. എത്ര രൂപ കൊടുത്തെന്ന് അനുജൻ ഒരിക്കലും ചോദിച്ചിട്ടില്ല. അനുജത്തിയും സന്തോഷത്തോടെ യാതൊരു ദുർമുഖവും കാണിക്കാതെ ഈ കാര്യത്തിൽ സഹകരിച്ചു. പുകവലി, മദ്യപാനം മുതലായ യാതൊരു ദുശ്ശീലവും എന്റെ അനുജന് ഇല്ല. സഹോദരനും തങ്കമ്മയും നല്ല പ്രാർത്ഥനാജീവിതമായി എല്ലാവരോടും ഇണങ്ങിച്ചേർന്ന് ജീവിക്കുന്നു. മൂന്നു മക്കൾ— അവരുടെ വിദ്യാഭ്യാസത്തിനായി നാലാഞ്ചിറ ബെനഡിക്ട് നഗറിൽ 15 സെന്റ് ഭൂമി വാങ്ങി അവിടെ താമസിക്കുന്നു. എന്റെ വൈദികജീവിതത്തിൽ തന്റെ സഹോദരനും മക്കൾക്കുമായി അവരുടെ മുഴുവൻ ചെലവ്, ആയിരക്കണക്കിന് തുക കൊടുത്ത് സഹായിച്ച വേറെ ആരെയും ഞാൻ കണ്ടിട്ടില്ല. എന്റെ സഹോദരൻ വളരെ പണം സമ്പാദ്യമായി ഉള്ള ആളല്ല. പാവങ്ങളെ സഹായിക്കുവാൻ സഹോദരന് ഇപ്പോഴും ഉത്സാഹമാണ്.

മൈനർ സെമിനാരിയിൽ എന്റെ ജീവിതം തക്കതായ പ്രശ്നമൊന്നുമില്ലാത്തതായിരുന്നു. നിയമങ്ങൾ വളരെ നിഷ്ഠയോടെ പാലിക്കുന്നതിൽ എനിക്ക് സന്തോഷമായിരുന്നു. പഠനകാര്യത്തിൽ വലിയ ബുദ്ധിമുട്ട് തോന്നിയില്ല. ലത്തീൻ ഭാഷ പ്രയാസമായിരുന്നു. തരക്കേടില്ലാത്ത രീതിയിൽ പഠിച്ചു. എങ്കിലും ലത്തീനിൽ ഞാൻ വലിയ സമർത്ഥനാ

www.malankaralibrary.com


ണെന്നു പറയുന്നില്ല. ബഹു. ഡാനിയേൽ അയ്യനേത്ത് അച്ചനാണ് ഞങ്ങളെ ലാറ്റിനും സുറിയാനിയും പഠിപ്പിച്ചത്. ബ്രദർ ഡൊമിനിക് സക്കറിയ ലത്തീൻ ഭാഷയിൽ വളരെ സമർത്ഥനായിരുന്നു. ഇന്റർമീഡിയേറ്റ് പാസ്സായ അദ്ദേഹത്തിന് ഇംഗ്ലീഷ് ഭാഷയിലും നല്ല ജ്ഞാനമായിരുന്നു. അതുകൊണ്ട് ഒരു വർഷത്തെ പഠനം കഴിഞ്ഞപ്പോൾ ബ്രദർ ഡൊമിനിക്കിനെ മംഗലാപുരം മേജർ സെമിനാരിയിൽ അയച്ചു.

റെക്ടർ അച്ചൻ സന്തോഷവും സൗഹൃദഭാവവുമുള്ള ആളായിരുന്നു. എന്നാൽ ഒരു ചെറിയ ബലഹീനത അദ്ദേഹത്തിനുണ്ടായിരുന്നു. കുറെ ബ്രദേഴ്സിനോടു പ്രത്യേക മമത കാണിച്ചിരുന്നു. ഞാൻ ചെയ്യാത്ത ഒരു കുറ്റം എന്നിൽ ആരോപിച്ച് ശിക്ഷിച്ച സംഭവം ഓർത്തുപോകുന്നു. രാവിലെ അഞ്ചുമണിക്ക് ഉണരാനുള്ള ബെൽ അടിച്ചാലുടനെ, കിടക്കയിൽനിന്നു ഞാൻ ചാടി എഴുന്നേൽക്കുമായിരുന്നു. സെമിനാരി അടുക്കളയിൽ തുമ്പമൺകാരൻ ചാക്കോ എന്ന ആൾ ഉണ്ടായിരുന്നു. 5 മണിക്ക് ഇടനാഴിയിൽക്കൂടി പ്രഭാതകൃത്യത്തിനു ഞാൻ പോകുമ്പോൾ ചാക്കോ മൂളിപ്പാട്ടുപാടി താഴെ അടുക്കളഭാഗത്തുനിന്ന് മുകളിൽ അരമനഭാഗത്തേക്ക് പോകുകയായിരുന്നു. റെക്ടർ അച്ചന്റെ കിടക്കമുറിയുടെ അടുത്തുകൂടിയാണ് മുകളിലേക്കുള്ള വഴി. അന്നു പകൽ റെക്ടർ, ബ്രദർ വർക്കി കുമ്പഴ (ഇദ്ദേഹം വൈദികപഠനം തുടർന്നില്ല) മുഖേന, ആരാണ് രാവിലെ മൂളിപ്പാട്ട് പാടിയതെന്ന് അന്വേഷിച്ചു. എന്റെ നിഷ്കളങ്കതയിൽ അതു ചാക്കോയാണെന്ന് ഞാൻ പറഞ്ഞു. റെക്ടർ അച്ചൻ എന്നെ വിളിച്ചുചോദിച്ചു, "താൻ അല്ലേടോ മൂളിപ്പാട്ടു പാടിയത്?" ഞാൻ, "അല്ല" എന്നു പറഞ്ഞു. "താൻ കള്ളം പറയുകയാണ്, അല്ലേ," എന്ന് വീണ്ടും ചോദിച്ചു. "സത്യമായും ഞാനല്ല" എന്നു പറഞ്ഞു. "താനാണ്, വേറെ ആരും അല്ല. താൻ കള്ളം പറയുന്നു" എന്ന് അദ്ദേഹം തറപ്പിച്ചു പറഞ്ഞു. ചാപ്പലിൽ പോയി കൈവിരിച്ചുപിടിച്ച് മുട്ടിൻമേൽ നിൽക്കുവാൻ പറഞ്ഞു, എന്നെ മുറിവേൽപ്പിച്ച സംഭവമായിരുന്നു. എന്തുകൊണ്ട് റെക്ടർ അച്ചന് എന്നെക്കുറിച്ച് മുൻവിധി ഉണ്ടായി? എനിക്കറിഞ്ഞുകൂടാ. ഞാൻ ഒതുങ്ങി ജീവിച്ച ഒരു ബ്രദർ ആയിരുന്നു. പ്രത്യേക മമതയൊന്നും അച്ചനോടോ കൂടെയുള്ള ഏതെങ്കിലും ബ്രദറിനോടോ കാണിച്ചിട്ടില്ല. അധികാരികൾ പക്ഷഭേദം കാണിക്കുന്നതു വലിയ ദോഷഫലം ഉളവാക്കും. അതു വൈദികവിദ്യാർത്ഥികളുടെ ഫോർമേഷനെ ദോഷകരമായി ബാധിക്കും. അവർ വൈദികരോ സന്യാസികളോ ആയാൽ, അവർക്ക് ലഭിച്ച ദുർമാതൃക അനുകരിച്ച് മോശമായി പെരുമാറാനുള്ള സാധ്യതയുണ്ട്.

www.malankaralibrary.com


സെമിനാരി റെക്ടർ ആയി ചുമതല വഹിക്കുന്നവർ നല്ല മാനസിക പക്വത ഉള്ളവരായിരിക്കണം. അതോടൊപ്പം ആഴമായ ആത്മീയതയുടെ ഉടമകളുമായിരിക്കണം. പെട്ടെന്നു പൊട്ടിത്തെറിക്കുന്നവരും, മുൻവിധിയോടെ നോക്കിക്കാണുന്നവരും കുറേപേരെ പാർശ്വവർത്തികളാക്കി നടക്കുന്നവരും ആയിരിക്കരുത്. ലൈംഗികതയെ കർത്താവിനു സമർപ്പിച്ച് എല്ലാവർക്കും എല്ലാമായി ജീവിക്കുന്ന വ്യക്തികളായിരിക്കണം.

ഞാൻ വൈദികനായശേഷം 3 വർഷത്തിൽ കൂടുതലായി മൈനർ സെമിനാരിയിൽ വൈസ്സ് റെക്ടറായി വിദ്യാർത്ഥികളെ പഠിപ്പിച്ചു. എനിക്ക് നൂറുശതമാനം ആത്മാർത്ഥതയോടെ പറയുവാൻ കഴിയും. എല്ലാവരും നല്ല രീതിയിൽ വരാനുള്ള മാർഗനിർദ്ദേശം നൽകിയിട്ടുണ്ട്. ഞാൻ പഠിപ്പിച്ച ആരും ഞാൻ പക്ഷഭേദം കാണിച്ച വ്യക്തി എന്നു പറയില്ല. ഇത് അഹങ്കാരമായി പറയുന്നതല്ല. ദൈവം എനിക്കു തന്ന കൃപയാൽ, സാധിച്ചു എന്നു മാത്രം. ലോറൻസ് അച്ചനെ റെക്ടറായി ഗ്രിഗോറിയോസ് പിതാവ് നിയമിച്ചു. ലോറൻസ് അച്ചൻ സഹായമെത്രാനും പിന്നീട് മാർത്താണ്ഡം രൂപതയുടെ മെത്രാനുമായി. പൂന പേപ്പൽ സെമിനാരിയിലേക്കുള്ള പ്രവേശന പരീക്ഷ ഞങ്ങൾ എഴുതി. മേജർ സെമിനാരിയിലെ പരീക്ഷയിൽ ജയിച്ചെങ്കിൽ മാത്രമേ അവിടെ പ്രവേശനം കിട്ടുമായിരുന്നുള്ളൂ. പ്രധാനമായി ലത്തീൻ ഭാഷ എന്തുമാത്രം അറിയാമെന്നുള്ളതായിരുന്നു പരീക്ഷ. കാരണം പൂന സെമിനാരിയിൽ ദൈവശാസ്ത്രവിഷയങ്ങൾ എല്ലാം പഠിക്കേണ്ടത് ലത്തീൻ ഭാഷയിലായിരുന്നു. ലത്തീൻ ഭാഷാപഠനം പലർക്കും ബാലികേറാമലയായിരുന്നു. രണ്ട് വർഷം പഠിച്ചിട്ടും ലത്തീനിൽ കഴിവ് തെളിയിക്കാത്തവർ മൂന്നാം വർഷവും പഠിച്ചിട്ടുണ്ട്. മേജർ സെമിനാരിയിൽ പ്രവേശനം കിട്ടാതെ സെമിനാരി പഠനം അവസാനിപ്പിച്ചവരുമുണ്ട്. വർഷാവസാനത്തിൽ അന്നത്തെ വൈസ് റെക്ടർ ബഹു. അയ്യനേത്ത് അച്ചൻ എന്നോട് ചോദിച്ചു. ബ്രദറിന് എവിടെ പഠിക്കുവാനാണ് ഇഷ്ടം. മേലധികാരികൾ വിടുന്ന സെമിനാരിയിൽ പോകും എന്ന് ഞാൻ മറുപടി പറഞ്ഞു. ബ്രദർ ഡൊമിനിക് സഖറിയാസ് മംഗലാപുരം സെമിനാരിയിൽ നേരത്തെ പോയതുകൊണ്ട്, ക്ലാസ്സിൽ പിന്നെ സമർത്ഥരായ എന്നെയും ബ്രദർ ജോൺ കണ്ണങ്കരയെയും പൂനയിൽ അഡ്മിഷൻ കിട്ടി വിടാനുള്ള തീരുമാനം എടുത്തു.

അന്ന് മേജർ സെമിനാരിയിൽ പോകുന്നത് ളോഹ (കാസക്ക്) ധരിച്ചുകൊണ്ടായിരിക്കണം. 5 ളോഹ, പാന്റ്സ്, അതോട് ചേർന്നുള്ള മറ്റ് വസ്ത്രങ്ങൾ, ഷൂസ്, സോക്സ് ഇതെല്ലാം വേണമായിരുന്നു. വിശുദ്ധ

www.malankaralibrary.com


കുർബ്ബാനയ്ക്ക് നന്നായി പോളീഷ് ചെയ്ത ഷൂസും സോക്സും ധരിച്ചുകൊണ്ടു വേണം പങ്കെടുക്കാൻ എന്നത് പേപ്പൽ സെമിനാരിയിലെ നിയമം ആയിരുന്നു. ഇതെല്ലാം വാങ്ങിക്കുവാൻ 100–ൽ കൂടുതൽ രൂപാ വേണം. അതിന് വീട്ടിൽ യാതൊരു മാർഗവുമില്ല. ഇതിനുള്ള തുകയുംകൊണ്ടു വേണം പൂനയിൽ പോകുന്നതിനുമുമ്പ് തിരുവനന്തപുരത്ത് സെമിനാരിയിൽ ചെല്ലേണ്ടത്. വല്ലാത്ത പ്രതിസന്ധി, ഞാൻ നന്നായി വിഷമിച്ചു. സഹായിക്കുവാൻ സ്വന്തപ്പെട്ടവർ ആരുമില്ല. ദൈവമേ എന്തു ചെയ്യും. ഞാൻ കരഞ്ഞു പ്രാർത്ഥിച്ചു. വിവരം വികാരിയച്ചൻ ജോസഫ് വടക്കേക്കൂറ്റിനോട് പറഞ്ഞു. കാർമ്മല ഭാഗത്ത് സാമ്പത്തികമായി കഴിവുള്ള നാലഞ്ച് വ്യക്തികളെ സമീപിക്കുവാൻ അച്ചൻ പറഞ്ഞു. വടക്കുദേശത്തുനിന്നും വന്ന് കൂടുതൽ കരഭൂമി വാങ്ങി താമസിക്കുന്നവരാണ്. എനിക്ക് അവരെ ആരെയും അറിയത്തില്ല. ആ ഭാഗത്ത് ഒരിക്കലും പോയിട്ടില്ല. പയ്യനായ എന്നിൽ അഭിമാനക്ഷതം എന്നുള്ള ശക്തമായ തോന്നൽ. പണമില്ലാതെ എന്റെ തുടർന്നുള്ള പഠനം നടക്കില്ല എന്ന സത്യം വേറെ. വികാരിയച്ചനെ അനുസരിച്ച് ഞാൻ ഇവരുടെ വീടുകൾ തിരക്കി നടക്കുവാൻ തുടങ്ങി. കോന്നിയിൽ പവ്വത്ത് സഖറിയാച്ചനെ കണ്ടു. അദ്ദേഹത്തിന് എന്റെ അപ്പച്ചനെ അറിയാമായിരുന്നു. അദ്ദേഹം 20–30 രൂപ തന്നതായി ഓർമ്മ. അച്ചൻകോവിൽ നദികടന്ന് കർമ്മേലഭാഗത്തേക്ക് നടന്നു. വീട്ടുപേര് അറിയാവുന്നതുകൊണ്ട് വഴിയിൽ കണ്ടവരോട് വീടിന്റെ ദിശ തിരക്കി അറിഞ്ഞു. അവർ 20 രൂപാവീതം തന്നതായി ഓർക്കുന്നു. ആരുടെയും പേരും വീട്ടുപേരും ഞാൻ ഓർക്കുന്നില്ല. എന്റെ ആത്മാഭിമാനം നഷ്ടപ്പെടുത്തിക്കൊണ്ടുള്ള യാത്രയിൽ ആവശ്യത്തിന് തികയാനുള്ള പണം കിട്ടി.

ജീവിതത്തിൽ കഷ്ടത അനുഭവിക്കുന്നവർ, പഠിക്കുവാൻ പണമില്ലാത്തവർ, രോഗത്തിന് ചികിത്സ ചെയ്യുവാൻ മാർഗമില്ലാത്തവർ, വീടില്ലാത്തവർ, വിവാഹം നടത്തുവാൻ പണമില്ലാതെ വഴിമുട്ടിയവർ ഇങ്ങനെ അനേകം വ്യക്തികളെ പിന്നീട് ഞാൻ കണ്ടിട്ടുണ്ട്. അവരെയെല്ലാം സഹായിക്കുവാൻ സാമ്പത്തിക കഴിവുള്ളവരിൽനിന്ന് സഹായം ചോദിച്ചുവാങ്ങുന്നതിനും വൈദികനായശേഷം ഞാൻ ശ്രമിച്ചിട്ടുണ്ട്. അതിന് എനിക്ക് പ്രേരണ ലഭിച്ചത് സെമിനാരി ശിക്ഷണത്തിൽ എനിക്ക് കിട്ടിയ അറിവുകൊണ്ടല്ല, വേറെ ആരും പറഞ്ഞിട്ടുമല്ല. ഒരുപക്ഷേ എന്റെ സാമ്പത്തിക കഷ്ടതയുടെ കയ്പുനിറഞ്ഞ ഓർമ്മകളിൽനിന്നും ഉയർന്നുവന്ന പ്രചോദനം ആയിരിക്കും. ആ നല്ല പ്രചോദനം എനിക്ക്

www.malankaralibrary.com


എന്നും ലഭിച്ചുവെന്നതിൽ ഞാൻ കൃതാർത്ഥനാണ്. എന്റെകൂടെ സെമിനാരിയിൽ പഠിച്ച മറ്റാർക്കെങ്കിലും എനിക്കുവന്ന ബുദ്ധിമുട്ട് വന്നുകാണുകയില്ല എന്നു ഞാൻ വിചാരിക്കുന്നു.

ആവശ്യത്തിനുള്ള വസ്ത്രങ്ങൾ ക്രമപ്പെടുത്തി പൂനയിലേക്കുള്ള യാത്രയ്ക്ക് റെഡിയായി. ആ കാലയളവിൽ പൂനയിലെ പേപ്പൽ സെമിനാരിയിൽ ചേർന്നാൽ നാലുവർഷത്തെ തത്ത്വശാസ്ത്രപഠനം കഴിഞ്ഞുമാത്രമേ അവധിക്ക് നാട്ടിൽ വരാൻ അനുവാദമുള്ളൂ. വീണ്ടും തിരിച്ചുപോയാൽ ദൈവശാസ്ത്ര പഠനം നാലുവർഷം പൂർത്തിയാക്കി, അവിടെത്തന്നെ വൈദികപട്ടം സ്വീകരിച്ചിട്ടേ നാട്ടിൽ വരാൻ പറ്റൂ. "എന്റെ മോനെ ഇനിയും എന്നാണ് കാണുന്നത്. മോനെ അച്ചനായി എനിക്ക് കാണാൻ പറ്റുമോ" അമ്മച്ചി വിതുമ്പി. ക്ഷീണിതയും രോഗിയുമായ എന്റെ അമ്മയെ വീണ്ടും കാണാൻ പറ്റുമോ എന്നുള്ള ആശങ്ക എനിക്കു തോന്നാതിരുന്നില്ല. അമ്മയെ പിരിയുവാൻ പ്രയാസമുണ്ടായിരുന്നു. തീരെ ക്ഷീണിതയായിരുന്നു. എനിക്ക് ജന്മംനൽകി, താലോലിച്ചു വളർത്തി, ദൈവികവേലയ്ക്ക് കൊടുക്കുവാനുള്ള തീരുമാനമെടുത്തു. വളരെ കഷ്ടപ്പെട്ട് എന്നെ പഠിപ്പിച്ച് മിടുക്കനാക്കി. ഒരുക്കിവിടുന്നതിന് കൂടുതൽ മുൻകൈയെടുത്തത് അമ്മയാണ്. ഒരു വൈദികനായിട്ട് അമ്മയെ കാണുവാനുള്ള ഭാഗ്യം ലഭിക്കാതെ പോയാൽ അത് എന്നും തീരാദുഃഖമായിരിക്കും. നല്ലവനായ ദൈവം അമ്മയുടെയും എന്റെയും പ്രാർത്ഥന കേട്ടു. ഞാൻ വൈദികനായി 20 വർഷം കഴിഞ്ഞ് (1982) ചന്ദനപ്പള്ളി ഇടവകയിൽ വികാരി ആയിരിക്കുമ്പോഴാണ് അമ്മ മരിച്ചത്. കർത്താവിന് സ്തോത്രം!

വിതുമ്പുന്ന ഹൃദയത്തോടെ വീട്ടിലെല്ലാവരോടും യാത്രപറഞ്ഞ് ഞാൻ 1955 ജൂണിൽ പൂന പേപ്പൽ സെമിനാരിയിലേക്ക് പോയി. ബ്രദർ ജോൺ കണ്ണങ്കരയോടൊപ്പം തിരുവനന്തപുരത്തുനിന്നു പോകുമ്പോൾ ത്തന്നെ ളോഹ ധരിച്ചുകൊണ്ടാണ് പോയത്. മുൻപൊരിക്കലും ധരിച്ചിട്ടില്ലാത്ത വൈദികവേഷം നൽകിയത് കോരിത്തരിപ്പിക്കുന്ന അനുഭവം ആയിരുന്നു. ആ കാലം ളോഹ ധരിക്കേണ്ടത് നിർബന്ധമായിരുന്നു. സെമിനാരിയിൽ കളിക്കുന്ന സമയത്ത് മാത്രം പാന്റ്സും ഷർട്ടും ഉപയോഗിച്ചിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം വൈദികസന്യാസവസ്ത്രങ്ങൾ ധരിക്കുന്ന കാര്യത്തിൽ അയവ് വന്നു. പല സന്യാസികളും വെളിയിൽ പാന്റ്സും ഷർട്ടും ധരിച്ചു തുടങ്ങി. സന്യാസിനികളിൽ ചിലർ ശിരസ്സ് തീർത്തും മൂടിയിരുന്ന ശിരോവസ്ത്രം വേണ്ടായെന്നു നിലപാടെടുത്തു. ശിരസ്സ് ഭാഗികമായിമാത്രം മൂടുന്ന

www.malankaralibrary.com



രീതിയും നിലവിൽവന്നു. സാധാരണ സ്ത്രീകളെപ്പോലെ സാരിയും ബ്ലൗസും ധരിക്കുന്ന സന്യാസിനീസമൂഹങ്ങളും നിലവിൽവന്നു. പല വൈദികരും വിശുദ്ധ കുർബാനയ്ക്ക് മാത്രം ളോഹ ധരിക്കുന്നു. ഞാൻ ഇന്നും വെളിയിൽ പോകുമ്പോൾ ളോഹ ധരിക്കാതെ പോകാറില്ല. ളോഹയ്ക്ക് അതിന്റേതായ പവിത്രത ഉണ്ടെന്ന് ഞാൻ വിചാരിക്കുന്നു. മേലിൽ ആരും ളോഹ ധരിക്കേണ്ട എന്നൊരു നിയമം ഇല്ലാത്ത കാലത്തോളം ളോഹ ധരിക്കുന്നതാണ് നല്ലതെന്ന് ഞാൻ വിചാരിക്കുന്നു. ളോഹയല്ല ഒരാളെ വൈദികനാക്കുന്നത് എന്ന വാദം ശരിയാണ്. നമ്മുടെ ജനങ്ങൾക്ക് വൈദികരെ തിരിച്ചറിയാനുള്ള വേഷം ളോഹയാണ്. വെദിക വ്യക്തിത്വത്തിന് (ഐഡന്റിറ്റി) ളോഹ അത്യാവശ്യമാണ്. അതിന്റേതായ സുരക്ഷിതത്വവും അംഗീകാരവും വൈദികന് ലഭിക്കുന്നു. ഇത് എന്റെ ബോധ്യമാണ്.

തിരുവനന്തപുരം-എറണാകുളം റെയിൽപാത അന്നില്ലായിരുന്നു. കൊല്ലം-ചെങ്കോട്ട-മദ്രാസ് വരെയുള്ള മീറ്റർ ഗേജ് തീവണ്ടികളേ ഉണ്ടായിരുന്നുള്ളൂ. എക്മൂറിൽ ഇറങ്ങി അവിടെനിന്ന് ടാക്സിയിൽ സെന്റർ റെയിൽവേ സ്റ്റേഷനിൽ എത്തി. ബോംബേയ്ക്കുള്ള ട്രെയിനിൽ കയറി പൂനയിൽ എത്തണമായിരുന്നു. കേരളം കഴിഞ്ഞ് തമിഴ്നാട്ടിലൂടെയുള്ള യാത്ര പുതുമ നിറഞ്ഞതായിരുന്നു. നിരവധി വീടുകൾ ഒരുമിച്ചുള്ള ഒരു ഗ്രാമം പിന്നിടുമ്പോൾ വിജനമായ ഏക്കർ കണക്കിനു സ്ഥലം നീണ്ട് വിസ്തൃതമായി കിടക്കുന്നു. ചെറിയ കുളങ്ങളിൽനിന്നു കർഷകർ വെള്ളം കോരി കൃഷി നനയ്ക്കുന്നതു കാണാം. മദ്രാസ് കഴിഞ്ഞും ഈ പ്രതിഭാസം കാണാം. ഒരു ഗ്രാമം കഴിഞ്ഞ് മൈലുകൾ പലതും കഴിഞ്ഞാണ് അടുത്ത ഗ്രാമം. ആന്ധ്രാപ്രദേശിൽകൂടി ട്രെയിൻ ചീറിപ്പാഞ്ഞുപോകുമ്പോൾ, വയലുകളിൽ അതിമനോഹരമായ സൂര്യകാന്തിപ്പൂക്കൾ വിടർന്നു വികസിച്ചു സൂര്യന് അഭിമുഖമായി തലയാട്ടി നിൽക്കുന്ന കാഴ്ച നയനമനോഹരമാണ്. ഇത് അലങ്കാരച്ചെടിയാണെന്നു ഞാൻ വിചാരിച്ചു. ഞാൻ ഈ ചെടി വളർത്തിയിട്ടുണ്ട്. എന്നാൽ ഈ ചെടിയുടെ വിത്ത് സൂര്യകാന്തി എണ്ണ എടുക്കാനാണ് ഇത്ര വ്യാപകമായി വളർത്തുന്നതെന്ന് എനിക്ക് പിന്നീടാണ് മനസ്സിലായത്. ആ കാലയളവിൽ ട്രെയിൻ ഓടിക്കുവാൻ ഉപയോഗിക്കുന്ന ഇന്ധനം കൽക്കരിയാണ്; കരിയും വമിച്ചിരുന്നു. വാഹനം ചീറിപ്പായുമ്പോൾ, പുകയോടൊപ്പം, കൽക്കരിക്കട്ടയും ദേഹത്തുവന്ന് അടിയുമായിരുന്നു. മൂന്ന് ദിവസത്തെ യാത്രയിൽ തലയിലും വസ്ത്രത്തിലും മുഴുവൻ കരി നിറഞ്ഞിരുന്നു. യാത്ര പുറപ്പെട്ടു

www.malankaralibrary.com


മൂന്നാം ദിവസം പൂനായിലെത്തി. പൂനായിൽ അഗഖാൻ പാലസ് കഴിഞ്ഞ് രാമവാടി എന്ന ചേരിപ്രദേശത്തിന് അടുത്താണ് പേപ്പൽ സെമിനാരി. കൊച്ചുകുടിലുകൾ, അവയോടുചേർന്ന് എരുമകളെ കെട്ടിയിരുന്നു. തീരെ വൃത്തിയില്ലാത്ത ചേരിപ്രദേശം. ഈ ചേരിപ്രദേശത്ത് വാടകയ്ക്ക് കൊടുക്കാൻ ധാരാളം സൈക്കിളുകൾ നിരത്തിവച്ചിട്ടുണ്ട്. ടൗണിൽ പോകാൻ സൈക്കിൾ അല്ലാതെ വേറെ മാർഗമില്ലായിരുന്നു. ശെമ്മാശന്മാർ ഇവിടെ നിന്ന് വാടകയ്ക്ക് സൈക്കിൾ എടുത്താണ് ടൗണിലും പിക്നിക്കിനും പോയിരുന്നത്. ഇപ്പോൾ രാമവാടി ചേരിപ്രദേശത്തിന്റെ മുഖഛായ മാറി, കെട്ടിടസമുച്ചയംകൊണ്ട് നിറഞ്ഞു എന്നു കേൾക്കുന്നു.

പേപ്പൽ സെമിനാരി സിലോണിൽ കാൻഡി എന്ന സ്ഥലത്തായിരുന്നു. ഈ സെമിനാരി മാർപാപ്പായുടെ നേരിട്ടുള്ള ഭരണത്തിൻകീഴിലായിരുന്നു. 1955-ൽ കാൻഡിയിൽനിന്നും പൂനയിലേക്ക് മാറ്റി. അതിനുമുമ്പ് ഇന്ത്യയിൽ നിന്നുള്ള വൈദികവിദ്യാർത്ഥികളെ കാൻഡിയിൽ അയച്ചു പഠിപ്പിച്ചിരുന്നു. തത്ത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ഡിഗ്രി കൊടുക്കുന്ന അന്നത്തെ ഏക ഏഷ്യൻ സെമിനാരിയായിരുന്നു. ഈശോസഭയിലേക്ക് വൈദികരെ പരിശീലിപ്പിക്കുന്ന Dinobili കോളജ് സെമിനാരിക്ക് അടുത്തായിരുന്നു. ഇതുകൂടാതെ, വേറെ പല സന്യാസസമൂഹങ്ങളുടെ ഭവനങ്ങൾ ആ സ്ഥലത്തിനു ഒരു മുതൽക്കൂട്ടായിരുന്നു. M.S.F.S., S.V.D., C.M.I, O.I.C. ഇവയിൽ ചിലതായിരുന്നു. മാർ ഈവാനിയോസ് പിതാവ് സ്ഥാപിച്ചതാണ് ബഥനി സന്യാസ സഭ. പൂനയിൽ ഒരു ചെറിയ ഭവനത്തിലായിരുന്നു ആരംഭം. ഒരു മദാമ്മയുടെ വകയായിരുന്നു ഈ വീട് എന്നു കേട്ടിട്ടുണ്ട്. പൂനായിൽ ആദ്യ ബാച്ചായ ഞങ്ങൾ ചെല്ലുമ്പോൾ, ബഥനി ആശ്രമത്തിലെ സുപ്പീരിയർ ബഹുമാനപ്പെട്ട ഗബ്രിയേൽ ഒ.ഐ.സി. അച്ചനായിരുന്നു. ചുറ്റുപാടുമുള്ള എല്ലാ സന്യാസ ഭവനങ്ങളിലെയും ശെമ്മാശന്മാർ പേപ്പൽ സെമിനാരി വകയായി പണിതീർത്ത ലെക്ചർ മുറിയിൽ ക്ലാസ്സുകൾക്കായി ഒന്നിച്ചു വന്നിരുന്നു.

സെമിനാരി മുഴുവനും കരിങ്കല്ലിൽ കെട്ടിയ ഭിത്തികളായിരുന്നു. ഉള്ളിൽ എല്ലായിടത്തും പാറ പാളികളായി വെട്ടി, തറയിൽ നിരത്തിയിരുന്നു. അവ മിനുസപ്പെടുത്താത്ത പരുക്കൻ പാറക്കഷണങ്ങളായിരുന്നു. പണ്ടൊക്കെ പൊതുവായ ഉറക്കമുറി ആയിരുന്നതിൽനിന്നു വ്യത്യസ്തമായി എല്ലാവർക്കും ഓരോ മുറി കിട്ടുമായിരുന്നു. കുളിമുറിയും കക്കൂസും പൊതുവായിട്ടായിരുന്നു. സെമിനാരിയുടെ എതിർഭാഗത്തു പൂന-ഔറംഗ

www.malankaralibrary.com



ബാദ് റോഡിനു അപ്പുറത്ത് മിലിറ്ററിയുടെ വിമാനത്താവളമാണ്. യുദ്ധവിമാനങ്ങൾ ഇരമ്പിപ്പായുന്നതും തലകുത്തി പറന്ന് പ്രകടനങ്ങൾ നടത്തുന്നതും കാണാമായിരുന്നു. സെമിനാരിയും പരിസരവും ഊഷരഭൂമി ആയിരുന്നു. മുള്ളുകൾ നിറഞ്ഞ കുറെ കുറ്റിമരങ്ങൾ മാത്രം.

പുതിയ സ്ഥലം, ആളുകൾ, ആഹാരരീതി ഇവയോടെല്ലാം പൊരുത്തപ്പെടാൻ കുറെ ദിവസങ്ങൾ എടുത്തു. അവിടെ ഭൂരിപക്ഷം വൈദികരും വിദേശികളായിരുന്നു. റെക്ടർ ഫാ. ആൻകോട്ട് ആയിരുന്നു. ഫാ. ക്രീം സബീനൊ, കൂൾമാൻ, ഗ്രാസോ, സ്റ്റെറാച്ചി, പോ അച്ചൻ ഇവരെല്ലാം ഹൗസിലെ അച്ചന്മാർ. അന്ന് ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള പരിചയക്കുറവ് എല്ലാവരോടും ഇടപെടാൻ സ്വല്പം ബുദ്ധിമുട്ടുണ്ടാക്കി. അച്ചന്മാർ പറയുന്ന ഇംഗ്ലീഷ് ശരിക്കും മനസ്സിലാകുകയുമില്ല. സെമിനാരിയിൽ എന്റെ ക്ലാസ്സിലും മലയാളികളല്ലാത്ത പലരുമുണ്ടായിരുന്നു. പരസ്പരം ആശയവിനിമയം നടത്തുവാൻ ഇംഗ്ലീഷ് ഭാഷ മാത്രമേ സംസാരിക്കാവൂ എന്ന നിയമം ഉണ്ടായിരുന്നു. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിൽനിന്നും, സിലോണിൽനിന്നും വന്നു പഠിക്കുന്ന ശെമ്മാശന്മാർ വളരെ. തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണാടക, ബംഗാൾ, നേപ്പാൾ, ഗോവാ, മംഗലാപുരം മുതലായ സ്ഥലത്തുനിന്നുള്ളവർ. അവർക്ക് മലയാളികളെക്കാൾ നന്നായി ഇംഗ്ലീഷ് ഭാഷയിൽ പരിജ്ഞാനമുണ്ടായിരുന്നു. മലയാളികൾ മലയാളം മീഡിയത്തിൽ പഠിച്ചവരും ഇ.എസ്.എൽ.സി. പഠിച്ചവരുമായിരുന്നു. എന്റെ ക്ലാസ്സിൽ ചങ്ങനാശ്ശേരിയിൽനിന്നു വന്ന ബ്രദർ ജോസഫ് പവ്വത്തിൽ മാത്രം എം.എ. പാസ്സായ വ്യക്തി. അദ്ദേഹം പിന്നീട് ചങ്ങനാശ്ശേരി ആർച്ചുബിഷപ്പായി.

ഞങ്ങൾ പൂനയിൽ ചെന്ന വർഷം തിരുവനന്തപുരം അതിരൂപതയിൽപ്പെട്ട ശെമ്മാശന്മാർ, കാൻഡിയിൽനിന്നു വന്നവർ ജോർജ് മൂത്തേരിൽ കിഴക്കേടത്ത്, തോമസ് മൂലവീട്ടിൽ, കുരിയാക്കോസ് കോയിക്കലേത്ത്, ജോസഫ് ഞായല്ലൂർ, സേവ്യർ കാപ്പിൽ, അലക്സാണ്ടർ പണിക്കർ, തോമസ് മരുതൂർ, തോമസ് കൊട്ടാരത്തിൽ എന്നീ ശെമ്മാശന്മാരായിരുന്നു. തിരുവല്ല രൂപതയിൽനിന്നും ബ്രദേഴ്സ് ഉണ്ടായിരുന്നു. ഞാൻ ചെന്നു കുറച്ചു ദിവസങ്ങൾ മാത്രം കഴിഞ്ഞപ്പോൾ, സെമിനാരിയുടെ കളിസ്ഥലത്തു കുറെ ശെമ്മാശന്മാർ സൈക്കിൾ പഠിക്കുന്നുണ്ടായിരുന്നു. നാലുമണി കഴിഞ്ഞ് പുറത്തേക്ക് പോകണമെങ്കിൽ സൈക്കിൾ യാത്രയല്ലാതെ വേറെ മാർഗമില്ല. അതുകൊണ്ട്,

www.malankaralibrary.com


എല്ലാവരും സൈക്കിൾ ബാലൻസ് കിട്ടിയവരായിരിക്കണം. ഞാനും പൂനയിൽ ചെന്ന ശേഷമാണ് സൈക്കിൾ ഓടിക്കാൻ പഠിച്ചത്. ശെമ്മാശന്മാർ പഠിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരാൾ സൈക്കിളിൽനിന്നു വീഴുന്നതു ഞാൻ ദൂരെനിന്നു കണ്ടു. പലർ കൂടി ആ ശെമ്മാശനെ എടുത്തുകൊണ്ട്, കെട്ടിടത്തിന്റെ അകത്തേക്ക് കൊണ്ടുപോകുന്നതു കണ്ടു. ആരാണെന്നു മനസ്സിലായില്ല. കുറെക്കഴിഞ്ഞ് വിവരം അറിഞ്ഞു. തിരുവനന്തപുരം അതിരൂപതയിലെ സേവ്യർ എന്ന ശെമ്മാശൻ മരിച്ചു എന്ന വാർത്ത. വലിയ ഞെട്ടൽ ഉണ്ടാക്കിയ സംഭവമായിരുന്നു അത്. സൈക്കിളിൽനിന്നുള്ള വീഴ്ചയിൽ മരിക്കത്തക്ക കാരണം ഉണ്ടെന്നു തോന്നുന്നില്ല. ഹൃദയസ്തംഭനമായിരിക്കാം കാരണം? സെമിനാരിയിലെ മറ്റൊരു 'വിശുദ്ധ ബർക്കുമാൻസ്' ആയിരുന്നു സേവ്യർ എന്നു പിന്നീടുള്ള അവസരത്തിൽ പലരിൽനിന്നു കേട്ടറിഞ്ഞു. ഓമല്ലൂരായിരുന്നു ശെമ്മാശ്ശന്റെ വീട്. അന്ന് നാട്ടിൽ എത്തിക്കാനുള്ള സൗകര്യക്കുറവുകൊണ്ട്, പൂനയിൽത്തന്നെ സംസ്കരിച്ചു. ഈ വേർപാടിൽ ഞങ്ങളെല്ലാം തേങ്ങിക്കരഞ്ഞു.

പുതുതായി ചെല്ലുന്ന ബാച്ചിനെ സ്വീകരിക്കുന്ന ഒരു ചടങ്ങ് മുതിർന്ന ക്ലാസ്സിലെ ശെമ്മാശന്മാർ സംഘടിപ്പിക്കും. സെമിനാരി തുറന്ന് കുറേദിവസങ്ങൾ കഴിഞ്ഞാണ് ഈ പരിപാടി. ഒന്നു രണ്ടുമണിക്കൂർ നീണ്ടുനിൽക്കുന്ന വിനോദപരിപാടി— ഒരുതരം റാഗിംഗ് എന്നു പറയാം. ഇന്നത്തെ കാലത്ത് കോളജുകളിൽ നടത്തുന്ന അപരിഷ്കൃത, മൃഗീയ പരിപാടിപോലെയൊന്നുമല്ല. പുതുതായി വന്ന ഓരോ ബ്രദേഴ്സിന്റെ നടപ്പ്, സംസാരം, മുഖഭാവം എല്ലാംകൂടി പൊലിപ്പിച്ച് പരിഹാസരൂപത്തിൽ അഭിനയിക്കും. മറ്റുള്ളവരുടെ വിമർശനം, കളിയാക്കൽ തുടങ്ങിയവ എങ്ങനെ ആ വ്യക്തി സ്വീകരിക്കുന്നു എന്ന് പരീക്ഷിക്കുവാനുള്ള അവസരം. പോസിറ്റീവ് ആയിട്ടോ, നെഗറ്റീവ് ആയിട്ടോ സ്വീകരിക്കുന്നതിനെ ആശ്രയിച്ചിരിക്കും ജീവിതവിജയവും പരാജയവും. ചിലർക്ക് തൊലി ഉരിഞ്ഞുപോകത്തക്ക കളിയാക്കൽ ലഭിച്ചെന്നിരിക്കും. വെറുപ്പും വൈരാഗ്യവും വച്ചുള്ള പരിപാടിയല്ല. പക്വത വേണ്ടവിധം വന്നിട്ടില്ലാത്തവർക്ക് വിഷമവും വെറുപ്പും തോന്നാം. ഇതു കഴിഞ്ഞ് ജൂനിയർ ബ്രദേഴ്സ് സീനിയർ ബ്രദേഴ്സിന് ഇതുപോലെയുള്ള നേരംപോക്ക് പരിപാടി സംഘടിപ്പിക്കണം.

അവിടെ ഉണ്ടായിരുന്ന വൈദികരുടെ ജീവിതം, പെരുമാറ്റം, സ്നേഹം എല്ലാം അവിസ്മരണീയമായ അനുഭവം ആയിരുന്നു.

www.malankaralibrary.com


യൂറോപ്പിലെ സുഖലോലുപത ഉപേക്ഷിച്ച്, ഇന്ത്യയിൽ വന്ന, ഇവിടുത്തെ സാഹചര്യവുമായി ഇണങ്ങിച്ചേർന്നു ജീവിക്കുന്ന വിശുദ്ധരായ വൈദികർ. അവരുമായുള്ള സാമീപ്യം ഓരോരുത്തരെയും ദൈവവിളിയിൽ കൂടുതൽ ഉത്സുകരാക്കുന്നതായിരുന്നു. ക്രീം അച്ചൻ ഉല്ലാസ സമയത്ത്, ബ്രദേഴ്സിന്റെ കൂട്ടത്തിൽ വരും. പുതിയ വാർത്തകൾ ഉണ്ടെങ്കിൽ പറയും. തമാശകൾ പറയും. അദ്ദേഹം പറയുന്ന തമാശകൾ, ഇംഗ്ലീഷ് പരിചയക്കുറവുള്ള ഞങ്ങൾക്ക് പലപ്പോഴും മനസ്സിലായിട്ടില്ല. തമാശ പറഞ്ഞിട്ട് അദ്ദേഹം ഉറക്കെ ചിരിക്കും, മനസ്സിലാകാതെ, എല്ലാവരും അദ്ദേഹത്തോടൊപ്പം ചിരിക്കുമായിരുന്നു. വൈദികരെല്ലാം വലിയ കൃത്യനിഷ്ഠയുള്ളവർ, പ്രാർത്ഥനയുള്ള വ്യക്തികൾ, പരിശ്രമശീലർ ആയിരുന്നു. ഇവരുടെ പക്കൽ ഏതു വിഷമം കൊണ്ടുപോയാലും സാവകാശം ശ്രവിച്ച്, സ്വസ്ഥതയും ധൈര്യവും പകർന്നുതരുമായിരുന്നു. ദൈവവിളിയെപ്പറ്റി ഒരാൾക്ക് എന്തെങ്കിലും സംശയം വന്ന് പഠനം നിർത്തുവാൻ തീരുമാനിച്ച് റെക്ടർ ഫാ. ആൻകോട്ടിന്റെ അടുത്തുചെന്നാൽ, "Son, now you go to the chapel and pray, afterwords, you decide" “മകനെ, ഇപ്പോൾ നീ ചാപ്പലിൽ പോയി പ്രാർത്ഥിക്കുക. പിന്നീട്, നിനക്ക് തീരുമാനിക്കാം” എന്നു ശാന്തമായി പറഞ്ഞ് അയയ്ക്കുമായിരുന്നു. അതോടെ ബ്രദേഴ്സിന്റെ മനസ്സിലെ കോളിളക്കം ശമിക്കുമായിരുന്നു. എന്തിനും ക്ഷോഭിക്കുന്ന, അസ്വസ്ഥത കാണിക്കുന്ന വൈദികർ ഇവരെ കണ്ടു പഠിക്കേണ്ടതാണ്. ഹൃദയശാന്തതയും എളിമയുമുള്ള ഈശോയുടെ ഹൃദയം നമ്മിൽ വളർത്തിയെടുക്കാൻ ഇപ്രകാരമുള്ള വൈദികശ്രേഷ്ഠർ നമുക്ക് പ്രചോദനമാണ്. ബഹു. ക്രീം അച്ചൻ പ്രാർത്ഥനയുടെ വലിയ മനുഷ്യനായിരുന്നു. രാത്രിയിൽ വളരെ വൈകുന്നതുവരെ പലതും ടൈപ്പ് ചെയ്യുന്നതും കാണാം. ഏതാണ്ട് വെളുപ്പിനു മൂന്നുമണിയോടുകൂടി വീണ്ടും ജോലി തുടങ്ങും. ഇന്ത്യയിൽ എല്ലാ വൈദികരുടെയും കൂട്ടായ്മയായ അപ്പോസ്തലിക് യൂണിയൻ ചുമതല അദ്ദേഹത്തിനുണ്ടായിരുന്നു. അതിന്റെ ജിഹ്വയായ Aumol എന്ന ബുള്ളറ്റിന്റെ എഡിറ്റർ ചുമതലയും ഉണ്ടായിരുന്നു.

പേപ്പൽ സെമിനാരിയിലെ ആഹാരരീതി എന്റെ വയറിനു അപ്രിയമായിരുന്നു. വെള്ളിയാഴ്ച ഒഴിച്ചുള്ള എല്ലാ ദിവസവും മിക്കവാറും മൂന്നുനേരവും മാംസം ആഹാരത്തിനുണ്ടായിരുന്നു. മോഡേൺ ബ്രെഡ് മുറിച്ചതുപോലെ ഇറച്ചിയുടെ വലിയ കഷണങ്ങൾ പുഴുങ്ങിയ രീതിയിൽ കിട്ടിയിരുന്നു. ഒഴിച്ചുകറിയായി എരിശ്ശേരിക്കറിപോലെ ഇറച്ചി വേവിച്ച്

www.malankaralibrary.com


ഉടച്ചുള്ള കറിയും— രാവിലെ റൊട്ടിയും ബട്ടറും— അത് വലിയ പ്രശ്നമില്ലായിരുന്നു. വലിയ തണുത്ത മുറിയിൽ പോത്തിറച്ചി കെട്ടിത്തൂക്കി ഇട്ടിരിക്കുന്നതു കണ്ടിട്ടുണ്ട്. അധികം ദിവസം കഴിയുന്നതിനുമുമ്പ് എനിക്ക് ശക്തിയായ വയറുവേദന ഉണ്ടായി. രാത്രിയിൽ അസഹനീയമായ വേദന ഉണ്ടായപ്പോൾ പോ അച്ചൻ എന്നെ ആശുപത്രിയിൽ കൊണ്ടുപോയി. മാംസം എന്റെ വയറിനു ദഹനം തരുന്നില്ല എന്നു മനസ്സിലായി. എട്ടുവർഷത്തെ പൂനയിലെ താമസത്തിൽ മാംസം കഴിവതും ഒഴിവാക്കാൻ ശ്രമിച്ചു; തീർത്തും ഒഴിവാക്കിയാൽ ശരീരത്തിനു വേണ്ട പോഷകാംശം കിട്ടാൻ വേറെ മാർഗവുമില്ല. എന്റെ ശരീരം ക്ഷീണിക്കുവാൻ കാരണമായി. ചെറുപ്രായമായതിനാൽ പിടിച്ചുനിന്നു. പോ അച്ചൻ സ്പെയിനിൽനിന്നുള്ള വ്യക്തിയായിരുന്നു. ഒത്തശരീരമുള്ള അദ്ദേഹം വിശ്രമമില്ലാതെ ജോലി ചെയ്യുമായിരുന്നു. ഞങ്ങൾക്ക് മാസധ്യാനചിന്തകൾ തന്നിട്ടുണ്ട്. 1958-ൽ അദ്ദേഹത്തിനു കാൻസർ ബാധിച്ചു. അദ്ദേഹം തനിക്കായി കല്ലറ പണിയിപ്പിച്ചു, ആശീർവദിച്ചു. ഞാൻ 1959-ൽ തത്ത്വശാസ്ത്രപഠനം കഴിഞ്ഞ് അവധിക്ക് നാട്ടിൽ വരുമ്പോൾ, പോ അച്ചനു രോഗം മൂർച്ഛിച്ചു. അവധി കഴിഞ്ഞു തിരിച്ചുചെല്ലുന്നതിനുമുമ്പ് അച്ചൻ കർത്താവിന്റെ സന്നിധിയിലേക്ക് പോയിക്കഴിഞ്ഞു. നിർഭയനായ വ്യക്തി ആയിരുന്നു പോ അച്ചൻ.

തത്ത്വശാസ്ത്രപഠനത്തിനുമുമ്പുള്ള ആദ്യവർഷം പ്രസംഗശൈലിപഠനം. ആ വർഷം ഗ്രീക്ക് ഭാഷയും പഠിപ്പിക്കും. ബൈബിൾ പഠനസമയത്തു ഗ്രീക്ക് അറിഞ്ഞിരിക്കണം. ഇംഗ്ലീഷ് വ്യാകരണ ക്ലാസ്സുകളും ഉണ്ടായിരുന്നു. ഇറ്റലിക്കാരനായ ഫാദർ സ്റ്റെറാച്ചിയാണ് ഗ്രീക്കും ഇംഗ്ലീഷ് ഗ്രാമറും എടുത്തത്. വളരെ നിഷ്ക്കളങ്ക മാനസ്സനായിരുന്നു. പിന്നീട് അദ്ദേഹം ഇറ്റലിയിലേക്ക് മടങ്ങിപ്പോയി. ഫാ. ഗ്രാസോ ആയിരുന്നു തത്ത്വശാസ്ത്ര വിദ്യാർത്ഥികളുടെ പ്രീഫെക്ട് അച്ചൻ. ഒരു ബ്രദറിന് എവിടെയെങ്കിലും പോകണമെങ്കിൽ, അദ്ദേഹത്തോട് ചോദിച്ച് അനുവാദം വാങ്ങിയിരിക്കണം. ഇംഗ്ലീഷ് ഭാഷ ശരിയായി അറിയാൻ വയ്യാത്തതിന്റെ പേരിൽ കാര്യങ്ങൾ ശരിയായി അവതരിപ്പിക്കാൻ കഴിയാതെ വിഷമിച്ച മലയാളി സഹോദരങ്ങൾ ഉണ്ടായിരുന്നു. കോട്ടയം രൂപതയിൽപ്പെട്ട ഒരു ബ്രദറിനെപ്പറ്റി മറ്റു സഹോദരങ്ങൾ കളിയാക്കി സംസാരിക്കുന്നതു കേട്ടിട്ടുണ്ട്. സംഭവം ശരിയാണോ എന്ന് എനിക്കറിവില്ല. പ്രസ്തുത ബ്രദറിനു വയറിന് വലിയ അസ്വസ്ഥത. അതിനു പരിഹാരമായി മരുന്നു കഴിച്ച് വയറിളക്കണമെന്ന് ആഗ്രഹം. അനുവാദം പ്രീഫെക്ട്

www.malankaralibrary.com


അച്ചനിൽ നിന്നു കിട്ടണം. അച്ചനെ സമീപിച്ചു. പേർജ് എന്ന ഇംഗ്ലീഷ് പദം ബ്രദറിന് അറിയത്തില്ല. മലയാളം അറിയാത്ത അച്ചനെ വിവരം എങ്ങനെ അറിയിക്കണമെന്നറിയാതെ വിഷമിച്ചു. വയറ്—ഇളക്കുക— രണ്ടു വാക്കുകളുടെ ഇംഗ്ലീഷ് അറിയാം. സ്റ്റോമക്ക്-ഷേക്ക് അച്ചനെ സമീപിച്ചു പറഞ്ഞു. 'Father I want to shake my stomach - please give me permission' അച്ചന് ആശയം പിടികിട്ടിയില്ല. 'Son, why do you want to shake your stomach. If particular shake your stomach' ഇംഗ്ലീഷ് ശരിക്ക് അറിയാൻ പാടില്ലാത്തതുകൊണ്ട്, ആദ്യകാലങ്ങളിൽ മറ്റുള്ളവരു മായി ആശയവിനിമയം നടത്താൻ പ്രയാസം ഉണ്ടായിട്ടുണ്ട്. ഗോവ യിൽനിന്നും മംഗലാപുരത്തുനിന്നുമുള്ള ബ്രദേഴ്സ് ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ സമർത്ഥരായിരുന്നു.

പൂന സെമിനാരിയിൽ, ഓരോരുത്തരെയും സംശയക്കണ്ണോടെ നോക്കി നടക്കുന്ന മേലധികാരികൾ ഇല്ലായിരുന്നു. ഓരോരുത്തരും സ്വന്തം ദൈവവിളിയെപ്പറ്റി ബോധവാന്മാരായി, സ്വയശിക്ഷണത്തിലൂടെ ഉത്തരവാദിത്തമേറ്റെടുത്തു വളരണം എന്നതായിരുന്നു. മാസധ്യാന ത്തിനു നല്ല ഉപദേശങ്ങൾ തരുമായിരുന്നു. എന്റെ ആത്മീയഗുരുവായി എടുത്തത് ഇറ്റലിക്കാരനായ ഫാദർ സബീനൊയെയാണ്. ഒത്തിരി സ്നേഹമുള്ള വ്യക്തിയായ അദ്ദേഹം തത്ത്വശാസ്ത്രക്ലാസ്സുകൾ എടു ത്തിരുന്നു. അദ്ദേഹത്തിന് നല്ല വണ്ണമുള്ള ശരീരവും കുറച്ചു കുടവയറും ഉണ്ടായിരുന്നു. കർത്താവിനെപ്രതി സ്വയം ശാരീരിക വേദന സഹിക്കു വാൻ, അദ്ദേഹം ചെറിയ ഇരുമ്പുകമ്പികൾകൊണ്ട് ചെയിൻ ഉണ്ടാക്കി ശിഷ്യന്മാർക്ക് കൊടുക്കുമായിരുന്നു. കൈയിലോ, അരയ്ക്കോ, കാലിന്റെ തുടയിലോ കെട്ടിവയ്ക്കാവുന്നവ പലതരത്തിലുള്ളത്. സെമിനാരിയിൽ ഞാൻ അത് ഉപയോഗിച്ചിട്ടുണ്ട്. ഉടുപ്പിന്റെ അടിയിലായതുകൊണ്ട് മറ്റാരും കാണില്ല. "എനിക്കുവേണ്ടി കഠിനവേദന സഹിച്ച കർത്താവി നെപ്രതി, കർത്താവിന്റെ വേദനയോട് ചേർത്ത്," കൂർത്തമുനയുള്ള ഈ ചെയിൻ ശരീരത്തിൽ ഏൽപ്പിക്കുന്ന വേദന സഹിക്കുന്നത് ഒരു ഹരമായി എനിക്ക് തോന്നിയ നിമിഷമുണ്ട്. സ്വയം പീഡിപ്പിക്കുന്ന ഈ ആത്മീയതയ്ക്ക് ഇന്ന് അധികം ഊന്നൽ കൊടുക്കുന്നില്ല, പാപ ത്തോടു വിടപറഞ്ഞ്, വിശുദ്ധമായി ആന്തരികസമാധാനത്തിൽ ജീവിക്കു കയാണ് പ്രധാനം. നിത്യജീവിതത്തിലെ കുരിശുകൾ സന്തോഷമായി എടുക്കുന്നത് പ്രധാനമാണ്.

സബീനൊ അച്ചനെ കൂടാതെ, മാസത്തിൽ ഒരിക്കലെങ്കിലും ബഹു. കൂൾമാൻ അച്ചനെ ഞാൻ പോയി കാണുമായിരുന്നു. ഒരുമണിക്കൂർ

www.malankaralibrary.com


സമയമെങ്കിലും അദ്ദേഹം തരുന്ന നല്ല ഉപദേശം കേട്ടിരിക്കുക വളരെ അനുഗ്രഹപ്രദമായിരുന്നു. ഒരു വൈദികന് ഉണ്ടായിരിക്കേണ്ട ഗുണഗണങ്ങൾ, കർത്താവിനോട് ഉണ്ടാകേണ്ട ഗാഢബന്ധം, വൈദികജീവിതത്തിൽ ഇടവകയിൽനിന്നും സമൂഹത്തിൽനിന്നും ഉണ്ടാകാവുന്ന കെണികൾ എന്നിവയെക്കുറിച്ചെല്ലാം വളരെ വ്യക്തമായി കൂൾമാൻ അച്ചൻ പറഞ്ഞുതരുമായിരുന്നു. പട്ടം കിട്ടി നാട്ടിൽ പോരുന്ന സമയം, ആശീർവാദവും സമാധാന ചുംബനവും തന്നുവിട്ടു. 1987-ൽ ഞാൻ വീണ്ടും ക്ലാസിന് NVSC-ൽ പോയപ്പോൾ, ഫാദർ കൂൾമാനെ കണ്ടു. നേരത്തെ ക്ലീൻ ഷേവ് ഉണ്ടായിരുന്ന അച്ചൻ നല്ലവണ്ണം നീണ്ട താടി മീശയുമായി ഒരു മധ്യവയസ്സന്റെ ലുക്കിൽ ഇരിക്കുന്നതു കണ്ടു. ഞാൻ വൈദികനായി നാട്ടിൽ വന്നശേഷം, ഞാൻ അദ്ദേഹത്തിന് എഴുതുകയും എനിക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ഈ കത്തുകൾ ഇപ്പോഴും ഞാൻ നിധിപോലെ സൂക്ഷിക്കുന്നു.

ഒരിക്കൽ എന്റെ ആത്മീയഗുരു സബീനൊ അച്ചൻ, പൂന ടൗണിൽ എന്നെ കൊണ്ടുപോയി. എന്ത് ആവശ്യത്തിന് എന്ന് ഓർമ്മയില്ല. ബുള്ളറ്റ് മോട്ടോർ സൈക്കിളിലാണ് യാത്ര. മോട്ടോർ സൈക്കിളും അന്ന് അപൂർവ്വമാണ്. ആയിടെയാണ് അച്ചൻ മോട്ടോർ സൈക്കിൾ പഠിച്ചത്. ഞാൻ പിറകിൽ ഭയന്നുള്ള ഇരിപ്പാണ്. എന്നെയുംകൊണ്ട് അച്ചൻ ഉരുണ്ടുവീഴുമോ എന്ന പേടി ഉള്ളിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വയറിൽ രണ്ടു കൈകളും ചുറ്റിപ്പിടിച്ചുള്ള ഇരിപ്പ്. ദൈവമെ, തിരിച്ചുവരാൻ പറ്റണമേ എന്നുള്ള പ്രാർത്ഥന. ടൗണിൽ ഒരു സ്ഥലത്തു ചെന്നപ്പോൾ മോട്ടോർ വാഹനത്തിന്റെ ഒരു ടയർ വെടി തീർന്നു. മുമ്പോട്ടുപോകാൻ വയ്യാതായി. “You stupid fellow came” അദ്ദേഹം പറഞ്ഞു. സ്നേഹം കൂടുമ്പോൾ അദ്ദേഹം വിളിക്കുന്നതു 'Stupid fellow' എന്നാണ്. മണിക്കൂറുകൾ അവിടെ നിന്നു. പാവം എവിടെയൊക്കെയോ പോയി ടയർ ശരിയാക്കി കിട്ടിയപ്പോൾ ഒരു സമയമായി. സെമിനാരിയിൽ തിരിച്ചെത്തിയപ്പോഴാണ് എനിക്ക് ആശ്വാസമായത്. ഇതിനിടയിൽ പലതവണ സ്റ്റുപ്പിഡ് വിളികൾ കേട്ടു.

ഭാഷയുടെ പേരിൽ ആളുകൾ, രാജ്യങ്ങൾ പരസ്പരം കലഹിക്കുന്ന രീതി സമൂഹത്തിൽ നിലനിൽക്കുന്നു. സെമിനാരിയിൽ വ്യത്യസ്ത ഭാഷാ സംസ്ഥാനങ്ങളിലും വ്യത്യസ്തമായ സംസ്കാരങ്ങളിൽനിന്നുള്ളവർ യേശുക്രിസ്തുവിൽ വിശ്വസിച്ച് ഒന്നായിത്തീരുമ്പോൾ, എന്തൊരു ഐക്യവും സ്നേഹവുമാണ്. സെമിനാരിയിൽ ഒരേ ലക്ഷ്യത്തെ

www.malankaralibrary.com


മുന്നിൽക്കണ്ട് പഠിക്കുന്ന വൈദികവിദ്യാർത്ഥികൾ ഒരമ്മപെറ്റ മക്കളെ പ്പോലെ നല്ല സ്നേഹത്തിലാണ് ജീവിച്ചത്. പേപ്പൽ സെമിനാരിയെ 'ഹോം ഓഫ് ലൗ' എന്നാണ് വിളിച്ചിരുന്നത്. തമിഴർ, തെലുങ്കർ, സിംഹളർ, ബംഗാളികൾ മുതലായവർ എല്ലാം ഒരേ ഹൃദയത്തോടും ആത്മാവോടുംകൂടി സന്തോഷത്തോടെ പഠിച്ചിരുന്നു, കളിച്ചിരുന്നു, പ്രാർത്ഥിച്ചിരുന്നു, വിശുദ്ധ കുർബാന അർപ്പിക്കുമായിരുന്നു. സ്വർഗ്ഗീയ അനുഭൂതിയുടെ നിമിഷങ്ങളായിരുന്നു അവയെല്ലാം.

വിശുദ്ധ കുർബാനയുടെ മുമ്പാകെ കണ്ണുകൾ അടച്ച് ധ്യാനനിരത മായി മുടങ്ങാതെ ഞാൻ പ്രാർത്ഥിച്ചിരുന്നു. വിശുദ്ധ കുർബാനയിൽ കർത്താവിന്റെ തിരുസാന്നിദ്ധ്യം ഉണ്ടെന്നു മനസ്സിലാക്കിയതിനുശേഷം ഏതോ അനുഭൂതിയിൽ തിരുസന്നിധിയിൽ സമയം ചെലവഴിക്കുവാൻ സന്തോഷപ്രദമായിരുന്നു. കർത്താവ് എന്റെ കൂടെയുണ്ട്. വിശുദ്ധ കുർബാനയിൽ സന്നിഹിതനാണ്. രാവിലെ വിശുദ്ധ കുർബാന വഴി എന്നിൽ എഴുന്നള്ളി വരും. ഈ ചിന്ത, രാത്രിയിൽ വർണ്ണിക്കാനാവാ ത്ത സന്തോഷംകൊണ്ട് നിറച്ചിരുന്നു. ശരീരം മുഴുവൻ കുളിർമ്മയണിഞ്ഞ, കോരിത്തരിക്കുന്ന എല്ലാ ഭൗതിക സുഖങ്ങളെയും അതിജീവിക്കുന്ന അഭൗമികമായ അനുഭൂതി എന്നെ ആവരണം ചെയ്തിട്ടുണ്ട്. കർത്താ വിനെ മുഖാമുഖം കാണുന്ന സ്വർഗ്ഗീയ സൗഭാഗ്യം എത്ര അനുപമമായി രിക്കും. ഇന്നും, വിശുദ്ധ കുർബാനയ്ക്ക് മുമ്പ് സംസാരിക്കുന്നത് എനിക്ക് ഇഷ്ടമല്ല. കർത്താവിനെ ധ്യാനിച്ചുകൊണ്ടാണ് പ്രഭാതകർമ്മം എല്ലാം നടത്തുന്നത്. എന്നോടുള്ള സ്നേഹത്തെപ്രതി കുരിശിൽ മൂന്ന് ആണികളിൽ തൂങ്ങിക്കിടക്കുന്ന കർത്താവിനെയും, കുരിശിന്റെ ചുവട്ടിൽ നിൽക്കുന്ന പരിശുദ്ധ അമ്മയെയും മനസ്സിൽ ധ്യാനിച്ചുകൊണ്ടാണ് വിശുദ്ധ കുർബാന ആരംഭിക്കുന്നത്. കർത്താവിന്റെ സ്നേഹത്തിന്റെ നീളവും വീതിയും ഉയരവും ആഴവും കുരിശിൽ കാണുന്നു. എങ്കിലും ഞാൻ പാപിയാണെന്നുള്ള ചിന്തയിൽ, വിശുദ്ധ കുർബാനസമയത്തു കരഞ്ഞിട്ടുണ്ട്. ഇതിനു പ്രതിസ്നേഹം നൽകുവാൻ എന്നെ യോഗ്യനാ ക്കണമേയെന്ന് ഉള്ളിൽ പ്രാർത്ഥിക്കാറുണ്ട്.

അഞ്ചുമണിക്ക് ഉണർത്തുമണി മുഴങ്ങും. പ്രഭാതകൃത്യത്തിനുശേഷം സോക്സും ഷൂസും ളോഹയും ഇടക്കെട്ടും ധരിച്ച് ചാപ്പലിൽ എത്തണം. ഞാൻ വളരെ നേരത്തെതന്നെ ധ്യാനത്തിനായി സെമിനാരി ചാപ്പലിൽ എത്തിയിരുന്നു. മെത്രാന്മാർ കെട്ടുന്ന നിറത്തിലുള്ള ചുവന്ന ഇടക്കെട്ടും കുപ്പായവും ധരിച്ചുള്ള ഡ്രസ്സ് ആരും ഒന്നു നോക്കിനിൽക്കുന്നതായിരുന്നു.

www.malankaralibrary.com


സൈഡ് ത്രോണോസിൽ വിശുദ്ധ കുർബാന അർപ്പിച്ച വൈദികരെ സഹായിക്കാൻ ബ്രദേഴ്സ് ഊഴം അനുസരിച്ച് പോകുമായിരുന്നു. രാവിലെ ഒമ്പതിനു ക്ലാസ്സുകൾ ആരംഭിക്കും. ഉച്ചആഹാരം കഴിഞ്ഞ് അരമണിക്കൂർ ഉല്ലാസവും പിന്നീട് വിശ്രമവും. ആ സമയം മിക്കവാറും എല്ലാവരും അരമണിക്കൂർ ഉറങ്ങുമായിരുന്നു. നാലുമണിക്ക് ചായകുടി കഴിഞ്ഞ് എല്ലാവരും ഏതെങ്കിലും കളികളിൽ മുഴുകും. ഞാൻ അത്ര നല്ല കളിക്കാര നല്ലായിരുന്നു. ബാസ്ക്കറ്റ് ബോൾ കളിക്കുമായിരുന്നു. വോളിബോളും കളിച്ചിട്ടുണ്ട്. ഫുട്ബോൾ, ഹോക്കി, ക്രിക്കറ്റ് ഈ കളികളും ചില ദിവസങ്ങളിൽ ഉണ്ടായിരുന്നു. ഹോക്കിയും ക്രിക്കറ്റും കളിച്ചത് കൂടുതലും ഗോവയിൽനിന്നും മംഗലാപുരത്തുനിന്നുമുള്ള ശെമ്മാശന്മാരായിരുന്നു. പിന്നീട് ഡൽഹി ആർച്ച് ബിഷപ്പായ എന്റെ സീനിയർ ആയിരുന്ന അലൻ ഡിലാസ്റ്റിക് നല്ല ഫുട്ബോൾ, ക്രിക്കറ്റ്, ഹോക്കി, ടെന്നീസ് കളിക്കാരനായിരുന്നു. പിന്നീട് ബിഷപ്പ് ആയ പാട്രിക്ക് നായർ നല്ല ടെന്നീസ് കളിക്കാരനായിരുന്നു.

വേനൽ അവധിക്കാലത്ത് പൂന സെമിനാരിയിൽനിന്ന് ആരെയും സ്വന്തം രൂപതയിൽ നാട്ടിൽ അയയ്ക്കുകയില്ലായിരുന്നു. ഇന്ന് ഈ നിയമത്തിനു മാറ്റം വന്നിട്ടുണ്ട്. പൂനയിൽ എട്ടുവർഷത്തെ പഠനസമയത്ത് തത്ത്വശാസ്ത്രം കഴിഞ്ഞ് കഷ്ടിച്ച് രണ്ടു മാസം നാട്ടിൽ വരാം. പിന്നീട് നാലുവർഷം കഴിഞ്ഞ് വൈദികനായി നാട്ടിൽ എത്തുന്ന പതിവായിരുന്നു. അവധിസമയത്ത് ഒന്നു രണ്ടുമാസം ഏതെങ്കിലും സ്ഥലത്തുള്ള വില്ലായിൽ എല്ലാവരുംകൂടി പോകും. അവിടെ തിന്നും കളിച്ചും സമയം ഉല്ലാസമായി ചിലവഴിച്ചിരുന്നു. ഒരു അവധിക്കാലത്ത് ‘ബെൽഗാമിൽ’ പോയതായി ഓർക്കുന്നു. അവിടെ ഒരു സ്കൂളിൽ താമസിച്ചു. അവിടെ ശെമ്മാശന്മാർ പട്ടാളക്കാരുമായി ഒരു സൗഹൃദ ഫുട്ബോൾ മത്സരം നടത്തിയതായി ഓർക്കുന്നു. ക്രിസ്തുമസ്സ് സമയത്ത് ഒരു സായാഹ്നത്തിൽ, അച്ചന്മാരും ശെമ്മാശന്മാരും ഹാളിൽ സമ്മേളിക്കും. നല്ല കരോൾ ഗാനങ്ങൾ, രസകരമായ സ്കിറ്റ് ഇവ അവതരിപ്പിക്കും. അവസാനം ഒരു ശെമ്മാശൻ ക്രിസ്തുമസ് ഫാദർ വേഷത്തിൽ വന്ന് എല്ലാവർക്കും എന്തെങ്കിലും സമ്മാനം നൽകും. സമ്മാനം നൽകുന്നതിനുമുമ്പ് ലഭിക്കുന്ന വ്യക്തിയെ സ്വല്പം പരിഹസിച്ചു തമാശ പറയും. ഒരു ക്രിസ്തുമസ്സ് സമ്മേളനത്തിൽ നാംചൂ എന്ന ശെമ്മാശൻ ക്രിസ്തുമസ് ഫാദർ ആയി വന്നു. അദ്ദേഹം ‘നേപ്പാൾ’ ദേശക്കാരനാണ്. സ്വതവേ നല്ല രസികൻ. എന്റെ ആത്മീയഗുരു ഫാദർ സബീനൊ നല്ല വണ്ണവും കുടവയറും

www.malankaralibrary.com


ഉള്ള വ്യക്തിയായതിനാൽ, അദ്ദേഹത്തിന് പാന്റ്സ് കെട്ടാൻതക്ക ബെൽറ്റ് ഒന്നും കിട്ടാറില്ല. "So, pants of Fr. Sabino is hanging on sheer will-power" എന്നു അദ്ദേഹത്തെ പറഞ്ഞു. ഹാളിൽ കൂട്ടച്ചിരി മുഴങ്ങി— എത്ര കളിയാക്കിപ്പറഞ്ഞാലും വളരെ നല്ലരീതിയിൽ എടുക്കുന്ന അച്ചന്മാരായിരുന്നു. ഒരിക്കലും അവർ ദുർമുഖം കാണിക്കുകയില്ല.

സെമിനാരിയിൽ മിക്കവാറും എല്ലാ മാസത്തിലും ഒരു ഇംഗ്ലീഷ് സിനിമ കാണിക്കുമായിരുന്നു. അന്നു നേരത്തെ അത്താഴം തരുമായിരുന്നു. ശെമ്മാശന്മാരും മറ്റു സന്യാസസമൂഹത്തിലെ ബ്രദേഴ്സും ഒന്നിച്ചുകൂടും. ചില സിനിമകളിൽ ഒത്തിരി പ്രേമരംഗങ്ങൾ കാണും. ഇതൊക്കെ എന്തിനാണ് വൈദികവിദ്യാർത്ഥികൾ കാണുന്നത് എന്ന തോന്നൽ എന്റെ മനസ്സിൽ ഉണ്ടായി. ഒരു ദിവസം കുറേസമയം സിനിമ കണ്ടപ്പോൾ, മോശമെന്ന് എനിക്ക് തോന്നിയ രംഗം കണ്ടപ്പോൾ, ഞാൻ ഹാളിൽനിന്നു തിരിച്ചു എന്റെ മുറിയിൽ പോന്നു. വഴിയിൽവച്ച് ഞാൻ തിരിച്ചുവരുന്നത് എന്റെ ആത്മീയഗുരു കണ്ടു. 'Where are you going' എന്ന് എന്നോടു ചോദിച്ചു. 'Father, what is the point of seeing dirty scenes' എന്നു ഞാൻ പറഞ്ഞു—'you stupid fellow, if you can't stand such scenes, how are you going to face rea1 things in your priestly life - go back and watch the film'—എന്നു പറഞ്ഞു. ഇതായിരുന്നു പൂനയിലെ പരിശീലനത്തിന്റെ പ്രത്യേകത. ഒരു കാമുകനും കാമുകിയും പരസ്പരം ചുംബനം നൽകുമ്പോൾ, സ്നേഹത്തെ മനുഷ്യഹൃദയങ്ങളിൽ നിക്ഷേപിച്ച ദൈവം നമ്മെ എത്രമാത്രം സ്നേഹിക്കുന്നു എന്നു മനസ്സിലാക്കുവാൻ സാധിക്കണം. അവിടെ അച്ചന്മാർ ഈ വിധമാണ് ഞങ്ങളെ പക്വത ഉള്ളവരായി വളർത്തിയെടുത്തത്. 'പത്തു കൽപനകൾ' 'ബെൻഹർ' എന്നീ ഇംഗ്ലീഷ് സിനിമകൾ കാണാൻ, എല്ലാ സെമിനാരിക്കാരെയും ടൗണിലുള്ള തീയേറ്ററിൽ അന്ന് അയച്ചു.

ഭാഷ അറിയാതെ പോയാൽ, ആശയവിനിമയം നടത്താൻ സാധിക്കാതെ തെറ്റിദ്ധാരണകൾ വന്നു പ്രശ്നം ഉണ്ടാകും. ഭാഷ അറിഞ്ഞാൽ പോലും നാം സംസാരിക്കുന്ന വാക്കുകളും ഭാവങ്ങളും മറ്റുള്ളവരിൽ തെറ്റിദ്ധാരണ ജനിപ്പിക്കാൻ സാധ്യത ഉണ്ട്. ദൈവത്തോടു മറുതലിച്ച്, അഹങ്കരിച്ച് പണിയുവാൻ ശ്രമിച്ച ബാബേൽ ഗോപുരത്തിന്റെ പണി ദൈവം തകർത്തുകളഞ്ഞു. പണിക്കാരുടെ ഭാഷ ഭിന്നമാക്കി, ആളുകൾ തമ്മിലടിച്ച്, ചിതറിച്ചുകളഞ്ഞ സംഭവം ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഭാഷ അറിയാത്തതിന്റെ പേരിൽ പൂനയിൽ ഒരു പ്രശ്നം

www.malankaralibrary.com


ഉണ്ടായ സംഭവം ഓർക്കുന്നു. ഞാൻ ഫിലോസഫി പഠിക്കുന്ന കാലം. ശെമ്മാശന്മാർ, വൈദിക പ്രൊഫസറന്മാരോടൊപ്പം പൂനയിൽനിന്ന് കുറെ ദൂരത്ത് ഒരു ഉല്ലാസയാത്രയ്ക്ക് പോയി. ഒരു ചെറിയ തടാക മുണ്ടായിരുന്നു. കുറെപ്പേർ തടാകത്തിൽ കുളിക്കാനിറങ്ങി. കുറെപ്പേർ അടുത്ത സ്ഥലത്തു നടക്കുവാൻ പോയി. ഞാൻ കുളിക്കാൻ ഇറങ്ങാതെ കരയിൽ നിൽക്കുകയാണ്. തടാകത്തിന് ഒരു വശം സ്വല്പം ഉയർന്ന കുന്നാണ്. ഒച്ചപ്പാട് കേട്ടു നോക്കിയപ്പോൾ കുന്നിന്റെ ചരുവിൽനിന്ന് ആ നാട്ടുകാരായ കുറെപ്പേർ കല്ലുകൾകൊണ്ട് തുരുതുരെ ഞങ്ങളെ ലക്ഷ്യമാക്കി എറിയുകയാണ്. മാരുംഗാ (കൊന്നു കളയും) എന്നു വിളിച്ചു പറയുന്നുണ്ട്. രണ്ട് ശെമ്മാശന്മാരുടെ തലയ്ക്ക് ഇതിനകം ഏറുകൊണ്ട് തലപൊട്ടി രക്തമൊലിക്കുന്നു. എന്താണെന്ന് അറിയാതെ ഞങ്ങൾ എല്ലാം പകച്ചു നിൽക്കുകയാണ്. എറിയരുത് എന്ന് ഞങ്ങൾ കൈകൾ ഉയർത്തി പറഞ്ഞു. ആര് കേൾക്കാനാണ്? അവർ ഞങ്ങളോടു കൂടുതൽ അടുക്കുകയാണ്, കുളിക്കുവാൻ ഇറങ്ങിയവർ കുളിവസ്ത്രവുമായി കരയ്ക്കു കയറി. ഹിന്ദി ഭാഷയറിയാവുന്ന രണ്ടുമൂന്നുപേർ ഓടി മറുകരയിൽ എത്തി ഗ്രാമത്തലവനെ കണ്ടു. ഞങ്ങൾ ആരെയും ഉപദ്രവി ക്കാൻ വന്നവരല്ല എന്ന് പറഞ്ഞു. ഗ്രാമത്തലവൻ പെട്ടെന്നു വന്ന് എറിയരുതെന്ന് ആളുകളെ വിലക്കി. അല്ലെങ്കിൽ ഞങ്ങൾ പലരെയും അവർ എറിഞ്ഞുകൊല്ലുമായിരുന്നു. സംഭവത്തിന്റെ പിൻപിൽ ഒരു തെറ്റിദ്ധാരണ ഉണ്ടായിക്കാണും എന്ന് പിന്നീട് അറിഞ്ഞു. ഹിന്ദി ഭാഷ ശരിക്ക് അറിയാത്ത മലയാളികളായ രണ്ടു ശെമ്മാശന്മാർ ആ പരിസരത്തു നടക്കാൻപോയപ്പോൾ, ഒരു വൃദ്ധസ്ത്രീ കുറെ വിറകുകമ്പുകൾ കെട്ടി, തലയിൽവയ്ക്കുവാൻ ശ്രമിക്കുന്നതു കണ്ടു. ലക്കടി (വിറകു) പിടിച്ചുകൊ ടുക്കുവാൻ ആ സ്ത്രീ പറഞ്ഞുകാണും. അല്ലെങ്കിൽ, അവർ എന്തു ചെയ്യുകയാണെന്നു ചോദിച്ചുകാണും. ശെമ്മാശന്മാർ ലഡ്കി (പെൺകുട്ടി) ലഡ്കി എന്നു പറഞ്ഞു. ലക്ടി, ലഡ്കി എന്നതിന്റെ വ്യത്യാസം ഭാഷ ശരിക്ക് അറിയാൻ വയ്യാത്ത ബ്രദേഴ്സിന് അറിയില്ല. വൃദ്ധസ്ത്രീ ഗ്രാമത്തിൽ ചെന്ന്, പെൺകുട്ടികളെ വേണമെന്ന് പറഞ്ഞ് കുറേപ്പേർ വന്നിട്ടുണ്ടെന്നു പറഞ്ഞുകാണും. അവരുടെ പെൺകുട്ടികളെ ആവശ്യപ്പെട്ടുവന്നവരെ, അവർ വെറുതെ വിടുമോ? ഇതിൽ രോഷംകൊ ണ്ടാണ് ഗ്രാമവാസികൾ ഞങ്ങളെ കല്ലെറിഞ്ഞത്. ഭാഷ വശമില്ലാതെ വാക്കുകൾ ഉപയോഗിക്കുന്നതുകൊണ്ട് വരുന്ന കുഴപ്പം!

പൂനയിൽ ചെന്നു കുറേനാൾ കഴിഞ്ഞപ്പോൾത്തന്നെ, ശക്തമായ തലവേദന അനുഭവപ്പെട്ടു. ഒന്നും വായിക്കുവാൻ സാധിക്കാതെ ആയി.

www.malankaralibrary.com


കണ്ണുഡോക്ടറെ കണ്ടു. കണ്ണടയ്ക്ക് കുറിച്ചുതന്നു. അന്നുമുതൽ സ്ഥിരമായി കണ്ണട ഉപയോഗിക്കുന്നു. പൂനയിൽ നവംബർ-ഡിസംബർ മാസങ്ങളിൽ വലിയ തണുപ്പാണ്. ഒന്നും രണ്ടും കമ്പിളി പുതച്ചാലും തണുത്ത വെള്ളത്തിൽ കിടക്കുന്ന അനുഭവം. ചൂടുകാലത്ത് ശക്തമായ ചൂടാണ്. എത്ര ഉഷ്ണമായാലും, കേരളത്തിലെപ്പോലെ വിയർക്കുകയില്ല. എനിക്ക്, അവിടെ ശക്തമായ തുമ്മൽരോഗം ബാധിച്ചു. ഇത് എന്റെ ആരോഗ്യത്തെയും പഠനത്തെയുംവരെ ഒരുപരിധിവരെ ബാധിച്ചു. ഈ തുമ്മൽരോഗം പൂനയിൽ മുഴുവൻ വർഷവും, വൈദികനായി നാട്ടിൽവന്ന് ആറുവർഷത്തോളം തുടർന്നു. ഒടുവിൽ അത് ആസ്മ ആയിത്തീർന്നു. അലോപ്പതി, ആയൂർവ്വേദമരുന്നുകൾ എല്ലാം കഴിച്ചുനോക്കി. ഫലം ചെയ്തില്ല. തൽക്കാലത്തേക്കുള്ള ആശ്വാസംമാത്രം. ഒടുവിൽ ഹോമി യോമരുന്നു കഴിച്ചാണ് തുമ്മൽരോഗം മാറിയത്.

വൈദികവിദ്യാർത്ഥികൾക്ക് അവരുടേതായ ഭാഷ തിരിച്ചുള്ള മീറ്റിംങ് ഉണ്ടായിരുന്നു. പാട്ടു പാടുന്നതിനു കുറച്ചു വാസന ഉള്ളതുകൊണ്ട്, ഒരുവർഷം മലയാള അക്കാഡമിയുടെ കൊയർ മാസ്റ്ററായി എന്നെ തിരഞ്ഞെടുത്തു. ഇംഗ്ലീഷ് അക്കാഡമിയുടെ മീറ്റിംഗ് എല്ലാവർക്കും ഉണ്ടായിരുന്നു. ഇംഗ്ലീഷിലുള്ള മീറ്റിംഗിൽ ഒരു തവണ വിഷയം അവതരിപ്പിച്ചത് ഞാനാണ്. കമ്മ്യൂണിസത്തിന്റെ തത്ത്വശാസ്ത്രവും അതിന്റെ ആന്തരിക പുഴുക്കുത്തും എന്ന വിഷയം അവതരിപ്പിച്ചു. വളരെ ഒരുങ്ങി, എഴുതി പൊതുമീറ്റിംങ്ങിൽ വായിച്ചു. സെമിനാരിയിലെ നല്ല ലേഖനങ്ങളുടെ സമാഹാരമായ ഗോൾഡൻ ബുക്കിൽ ഈ പ്രസംഗം ഉൾപ്പെടുത്തി. ദൈവശാസ്ത്രപഠനസമയത്ത്, പ്രസംഗവിഷയങ്ങൾ അവതരിപ്പിക്കാനുള്ള തവണ ലഭിക്കും. ഊണുമുറിയിൽ എല്ലാവരുംകൂടി ആഹാരം കഴിച്ചുകൊണ്ടിരിക്കുമ്പോൾ, ഉയർന്ന പ്രസംഗപീഠത്തിൽ കയറി കുറിപ്പുകൾ കൂടാതെ ഇംഗ്ലീഷിൽ പ്രസംഗിക്കണം. ഇതിന്റെ തെറ്റുകൾ ചൂണ്ടിക്കാണിക്കുവാൻ സെമിനാരിയിലെ ഒരു വൈദികൻ അവിടെ വന്നിരിക്കും. ഉച്ചാരണശുദ്ധിയോടെ വ്യക്തതയോടെ ആളുകൾക്ക് അഭിമുഖമായി പ്രസംഗിക്കണം. വിഷയത്തിനനുസരിച്ചുള്ള മുഖഭാവം, ആക്ഷൻ, കൈകളുടെ ചലനരീതി ഇതിനെല്ലാം വന്ന കുറവുകളെ അദ്ദേഹം പിന്നീട് ചൂണ്ടിക്കാണിച്ച് തിരുത്തിത്തരും.

തത്ത്വശാസ്ത്രപഠനത്തിൽ ഞാൻ അതീവ സമർത്ഥനല്ലായിരുന്നെങ്കിലും പഠനം വലിയ ബുദ്ധിമുട്ടുണ്ടാക്കിയില്ല. ഇംഗ്ലീഷിൽ പഠിപ്പിച്ച വിഷയങ്ങൾ മനസ്സിലാക്കുവാനും എഴുതുവാനും പ്രയാസമില്ലായിരുന്നു.

www.malankaralibrary.com


എന്നാൽ ലത്തീൻ ഭാഷയിൽ പരീക്ഷയ്ക്ക് ഉത്തരം പറയുവാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടു. ഫിലോസഫിയിൽ ലൈസൻഷ്യേറ്റ് ഡിഗ്രി തരാനുള്ള faculty സെമിനാരിക്ക് ഉണ്ടായിരുന്നു. ദൈവശാസ്ത്രത്തിൽ L.D (Licentiate in Dogma) യും തന്നിരുന്നു. ഗ്രിഗോറിയൻ യുണിവേഴ്സിറ്റി (റോം) യുമായി അഫിലിയേറ്റ് ചെയ്താണ് ഈ ഡിഗ്രി തന്നത്. അന്ന് പേപ്പൽ സെമിനാരിയിൽ മാത്രമായിരുന്നു ഈ സൗകര്യം. ഇന്ന് ഇന്ത്യയിൽ പല സെമിനാരികളിലും ഡിഗ്രി കൊടുക്കാനുള്ള സംവിധാനമുണ്ട്. L.ph (Licentiate in Philosophy) യ്ക്ക് ഒരു പ്രബന്ധം സമർപ്പിക്കണമായിരുന്നു. ഒരു പ്രൊഫസറിന്റെ മേൽനോട്ടത്തിലാണ് അതു സമർപ്പിക്കേണ്ടത്. അമേരിക്കൻ ഫിലോസഫർ 'സന്തയാന'യുടെ ഫിലോസഫിക്കൽ ചിന്തയായിരുന്നു എന്റെ പ്രബന്ധവിഷയം. തത്ത്വശാസ്ത്രപഠന കാലത്ത് മിക്കവാറും എല്ലാ ഫിലോസഫിയെക്കുറിച്ചും പഠിപ്പിക്കും. അരിസ്റ്റോട്ടിൽ, പ്ലേറ്റോ, ഡെക്കാർട്ട്, സ്പിനോസ്സ, കാന്റ്, കീർക്കഗാർഡ് മുതലായവരുടെ ദർശനങ്ങൾ കൂടാതെ മറ്റുള്ളവരെപ്പറ്റിയും പഠിപ്പിക്കുവാൻതക്ക വളരെ വിലപ്പെട്ട, ആയിരക്കണക്കിനു പുസ്തകശേഖരമുള്ള ലൈബ്രറി പേപ്പൽ സെമിനാരിക്കുണ്ട്. ഇന്ത്യൻ ഫിലോസഫിയുടെ കുറെ പാഠങ്ങൾ പഠിപ്പിക്കും. വൈദികന് ദൈവവചനത്തെ വിലയിരുത്താൻ മറ്റുള്ളവരുടെ ചിന്താഗതികൂടി അറിഞ്ഞിരിക്കണം. ഇക്കാര്യത്തിൽ തീരെ അജ്ഞനാകരുത് എന്നതാണ് സഭയുടെ ആഗ്രഹം. L.ph-ന് എനിക്ക് 8/10 മാർക്ക് ലഭിച്ചു. ഇതിനു cum laude (with praise) എന്നു ലത്തീനിൽ പറയും.

നാലു വർഷം പിന്നിട്ട് തത്ത്വശാസ്ത്രപഠനം തീർന്നു. L.ph പരീക്ഷയും കഴിഞ്ഞു പ്രബന്ധസമർപ്പണവും എഴുത്തുപരീക്ഷയും അവസാനം Viva (oral) പരീക്ഷയുമാണ്. 3 പ്രൊഫസേഴ്സ് ഇരിക്കുന്ന വേദിയിൽ അവർക്ക് അഭിമുഖമായി ഇരിക്കുകയാണ്, അവർ മാറി മാറി ചോദ്യങ്ങൾ ചോദിക്കും. അതിനെല്ലാം ഉത്തരം പറയണം. ലത്തീൻ ഭാഷയിലാണ് ചോദ്യവും ഉത്തരവും. തീരെ മാർക്ക് കുറഞ്ഞുപോയാൽ പരീക്ഷ ആവർത്തിക്കേണ്ടിവരും. പരീക്ഷയെപ്പറ്റിയുള്ള ഉത്ക്കണ്ഠമൂലം, വയറ് തകരാറിലാകുന്ന ശെമ്മാശന്മാർ ഉണ്ടായിരുന്നു. Anxiety neurosis വന്നാൽ, വയറിളക്കവും അമിതമായ വിയർപ്പുമൊക്കെ ഉണ്ടാകും. ഇത് ഒരു മാനസികപ്രശ്നമാണ്. L.ph-നു ചോദ്യം ചോദിച്ചുകൊണ്ടിരിക്കുമ്പോൾ, ഒരു ശെമ്മാശൻ കസേരയിൽനിന്നു താഴെ വീണ സംഭവമുണ്ട്.

പരീക്ഷ കഴിഞ്ഞപ്പോൾ, വീട്ടിൽ പറന്നെത്തി എല്ലാവരെയും കാണാനുള്ള അദമ്യമായ ദാഹം. വെള്ളക്കുപ്പായവും ചുവന്ന ഇടക്കെട്ടും ഫുൾ

www.malankaralibrary.com


ഷൂസ്സും ധരിച്ചുള്ള യാത്ര ആരും ഒന്നുനോക്കുന്നത്ര ഗമയുള്ളതായിരുന്നു. മദ്രാസും എഗ്മൂറും വഴി തിരുവനന്തപുരത്ത് എത്തി. വീട്ടിൽവന്ന് അപ്പച്ചനെയും അമ്മച്ചിയെയും മറ്റെല്ലാവരെയും കണ്ടു. മനസ്സുനിറഞ്ഞ സന്തോഷമായിരുന്നു. അന്നും ഒറ്റിപ്പുരയിടത്തിൽ ഓലമേഞ്ഞ ചെറിയ വീട്ടിൽ എന്റെ കുടുംബം താമസിക്കുന്നു. എന്റെ അപ്പച്ചൻ വാഴവിള പുരയിടത്തിൽ എരിതീവെയിലിൽ പണി എടുക്കുന്നതു കണ്ട്, ദുഃഖം തോന്നി. എന്റെ അപ്പച്ചന് എന്ന് ഒരു വിശ്രമം കിട്ടും. ദൈവമേ, എനിക്ക് എന്റെ മാതാപിതാക്കൾക്കായി ഒന്നും ചെയ്യുവാൻ കഴിയുന്നില്ലല്ലോയെന്ന് അന്ന് ചിന്തിച്ചു. ദൈവം എത്ര വലിയവൻ! കർത്താവിന്റെ വഴികൾ എത്ര അഗ്രാഹ്യം! മരുഭൂമിയിൽ തന്റെ ജനത്തെ അത്ഭുതകരമായി തീറ്റിപ്പോറ്റി കാനാൻ നാട്ടിൽ എത്തിച്ച ദൈവം! എന്റെ സഹോദരന് M.Sc കഴിഞ്ഞ് ജോലികിട്ടി. അവൻ സ്വന്തമായി സ്ഥലം വാങ്ങി നല്ലവീടു പണിതു. അവിടെ അപ്പച്ചൻ 100 വയസ്സുവരെ ആരോഗ്യകരമായ രീതിയിൽ ജീവിച്ച്, ഈ ലോകത്തോടു സമാധാനമായി വിടപറഞ്ഞത് ഓർക്കുമ്പോൾ 23-ാം സങ്കീർത്തനം ഓർത്തുപോകുന്നു. നല്ല ഇടയൻ നമുക്ക് വിശ്രമം നൽകി പ്രശസ്തമായ ജലാശയത്തിലേക്ക് നയിക്കുന്ന ദൈവിക സ്നേഹം! നാട്ടിൽ വന്നപ്പോൾ സഹോദരൻ M.Sc-യ്ക്ക് യൂണിവേഴ്സിറ്റി കോളജിൽ പഠിക്കുന്നു. ഞങ്ങൾ രണ്ടുപേരുംകൂടി സ്റ്റുഡിയോയിൽ പോയി ഒരു ഫോട്ടോ എടുത്തു. അതിന്റെ കോപ്പി കേടുകൂടാതെ ഇന്നും ഞാൻ സൂക്ഷിക്കുന്നു.

1959-ൽ അവധികഴിഞ്ഞ് പൂനയിൽ തിരിച്ചെത്തി ദൈവശാസ്ത്രക്ലാസ്സുകൾ ആരംഭിച്ചു. അടിസ്ഥാന ദൈവശാസ്ത്രം, ധാർമ്മിക ദൈവശാസ്ത്രം, ക്രിസ്തുവിജ്ഞാനീയം, ദിവ്യകാരുണ്യം എന്നിങ്ങനെ പല വിഷയങ്ങൾ. ചില വിഷയങ്ങൾ പഠിപ്പിച്ചപ്പോൾ സീനിയർ വർഷങ്ങളിലുള്ളവരുമായി ഏകോപിപ്പിച്ച് ഒരു ക്ലാസ്സിൽ വിഷയം പഠിപ്പിക്കുമായിരുന്നു. എന്റെ രണ്ടുവർഷം സീനിയർ ആയ ബ്രദേഴ്സിൽ, ബ്രദർ സിറിൽ ഒ.ഐ.സി.യുടെ കൂടെ (സിറിൾ മാർ ബസേലിയോസ്) ഒരേ ക്ലാസ്സിൽ ഒരുവർഷം പഠിച്ചതായി ഓർക്കുന്നു. ഡിനോബിലി കോളജിലുണ്ടായിരുന്ന ജർമ്മനിയിൽനിന്നുള്ള അറിയപ്പെടുന്ന ദൈവശാസ്ത്രജ്ഞനായ ഫാദർ നൊയ്നർ അച്ചന്റെ ക്രിസ്റ്റോളജി ക്ലാസ്സുകൾ വളരെ പ്രചോദനാത്മകമായിരുന്നു. ഒരു ധ്യാനത്തിൽ സംബന്ധിക്കുന്ന ആത്മീയ ഉണർവ്വ് കിട്ടുമായിരുന്നു. നല്ല ഉയരമുള്ള മെലിഞ്ഞ ശരീരമുള്ള അദ്ദേഹത്തിന് രണ്ടാംലോകമഹായുദ്ധത്തിൽ പട്ടാളക്കാരനായി

www.malankaralibrary.com


സേവനമനുഷ്ഠിക്കേണ്ടിവന്നിരുന്നു. ലോകമഹായുദ്ധത്തിൽ ബോംബ് പൊട്ടിയ ശബ്ദം ഞരമ്പുകളെ ബാധിച്ചതുകൊണ്ട്, അദ്ദേഹത്തിന് സംസാരിക്കുമ്പോൾ ശരീരത്തിന് വിറയൽ ഉണ്ടായിരുന്നു. ഞാൻ ഇത് എഴുതുമ്പോഴും അദ്ദേഹം ജീവനോടെ ഇന്ത്യയിൽ കഴിയുന്നു.

സെമിനാരിയിലും ഡിനോബിലി ഈശോസഭ ശെമ്മാശന്മാരിലും നല്ല പാട്ടുകാർ ഉണ്ടായിരുന്നു. വയലിൻ എന്ന സംഗീത ഉപകരണം വായിക്കുന്നവർ മലയാളികളിൽ മിക്കവാറും ഇല്ലായിരുന്നു. അതിന് അപവാദമായി തിരുവല്ല രൂപതയിൽ മാത്യു ചെമ്പോത്തിനാൽ ശെമ്മാശൻ നല്ല വയലിനിസ്റ്റും പാട്ടുകാരനുമായിരുന്നു. ഇദ്ദേഹമാണ് ശ്ഹീമ്മൊ നമസ്കാരം സുറിയാനിയിൽനിന്ന് മലയാളത്തിൽ വിവർത്തനം ചെയ്തത്. പ്രത്യേക തിരുനാൾ ദിനത്തോടനുബന്ധിച്ച് 10 ഉം 12 ഉം വയലിനിസ്റ്റുകൾ ഒന്നിച്ച് സംഗീതമേള നടത്തിയിരുന്നു. എന്റെ സീനിയർ ആയി SVD സന്യാസസമൂഹത്തിൽ പഠിച്ച ജെറി അമൽദേവ് എന്ന ശെമ്മാശൻ നല്ല വയലിനിസ്റ്റും പാട്ടുകാരനുമായിരുന്നു. അദ്ദേഹം വൈദികപഠനം പൂർത്തിയാക്കാതെ ആശ്രമത്തിൽ നിന്നുപോന്നു. അന്ന് അവരുടെ സുപ്പീരിയർ സൈട്ലർ എന്ന ജർമ്മൻകാരൻ അച്ചനായിരുന്നു. ഈ അച്ചൻ ജെറിയെ പിന്നീടും സംഗീതലോകത്ത് വളർന്നുവരാൻ ഒത്തിരി പ്രോത്സാഹിപ്പിച്ചു. ജെറി ഇന്ത്യൻ, പാശ്ചാത്യസംഗീതത്തിൽ നല്ല അവഗാഹം നേടി. സിനിമാ പാട്ടുകൾക്കും ക്രിസ്തീയ ഗാനങ്ങൾക്കും ഇമ്പകരമായ ട്യൂൺ അദ്ദേഹം നൽകിയിട്ടുണ്ട്. നല്ല കത്തോലിക്കാ കുടുംബജീവിതം നയിച്ച് ഇന്നും തന്റെ സംഗീതപ്രതിഭ സമൂഹത്തിന് നൽകിക്കൊണ്ടിരിക്കുന്നു. ഞാൻ മാവേലിക്കര പുന്നമൂട് ഇടവകയുടെ ചുമതല വഹിക്കുമ്പോൾ മാവേലിക്കര ഒരു ഗാനമേളയ്ക്ക് ജെറി അമൽദേവ് വന്നു. ഗാനമേള കഴിഞ്ഞ് രാത്രി 11 മണിയോടുകൂടി എന്നെ കാണാൻ പള്ളിമേടയിൽ വന്നു. വളരെ ലാളിത്യവും എളിമയുമുള്ള വ്യക്തി.

പൂന സെമിനാരിയിലെ പഠനത്തിൽ എടുത്തുപറയേണ്ട ഒരു കാര്യം, സഭാതലത്തിലോ സാംസ്കാരിക മണ്ഡലത്തിലോ ഉത്തമ വ്യക്തികൾ വരുമ്പോൾ അവർ ഞങ്ങളെല്ലാവരോടും പ്രസംഗിച്ചിട്ടുണ്ട്. നല്ല വിഷയങ്ങളും നല്ല ഉപദേശങ്ങളും അവരുടെ ജീവിതവീക്ഷണവുമെല്ലാം വലിയ സമ്മേളനങ്ങളിൽ അവതരിപ്പിച്ചിട്ടുണ്ട്. മെത്രാന്മാർ ആരുവന്നാലും അവർ സന്ദേശം നൽകുമായിരുന്നു. പേപ്പൽ സെമിനാരിയിലെ Alumni (മുൻ വിദ്യാർത്ഥികൾ) മെത്രാന്മാർ ആയപ്പോൾ സെമിനാരി

www.malankaralibrary.com


സന്ദർശിക്കുകയും സന്ദേശം നൽകുന്നതോടൊപ്പം സെമിനാരിയിൽ ഒരു 'ബഡാ ഖാന' (വിഭവസമൃദ്ധമായ ഭക്ഷണം) നൽകാനുള്ള പണം സംഭാവനയായി നൽകുകയും ചെയ്തിട്ടുണ്ട്. പേപ്പൽ സെമിനാരിയിലെ മുൻ വിദ്യാർത്ഥികൾ ആയിരുന്ന കുറെ പിതാക്കന്മാർ—കാർഡിനൽ ഗ്രേഷ്യസ്, ബിഷപ്പ് റെയ്മണ്ട് (അലഹബാദ്), ബിഷപ്പ് ആൻഡ്രു ഡിസൂസാ (പൂന), ബിഷപ്പ് പോത്തക്കാമുറി (ബാംഗ്ലൂർ), മാർ ജോസഫ് പാറേക്കാട്ടിൽ, മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി (തലശ്ശേരി), മാർ ഗ്രിഗോറിയോസ് (തിരുവനന്തപുരം), മാർ അത്തനാസിയോസ് (തിരുവല്ല), ബിഷപ്പ് മത്തിയാസ് (ബാംഗ്ലൂർ)—ഞങ്ങളെ സന്ദർശിച്ചത് ഓർക്കുന്നു. കർദ്ദിനാൾ ഗ്രേഷ്യസ് പിതാവിന്റെ ഇംഗ്ലീഷ് ഭാഷാശൈലി എത്ര ഇരുന്നു കേട്ടാലും മതിവരത്തില്ല. അത്ര ഗംഭീരം, സുന്ദരം. മദർ തെരേസ പുഞ്ചിരിക്കുന്ന വദനവുമായി കടന്നുവന്ന് ഞങ്ങളെ അഭിസംബോധന ചെയ്തത് അവിസ്മരണീയ അനുഭവമായിരുന്നു. മദർ അന്നുതന്നെ ജീവിക്കുന്ന വിശുദ്ധ എന്നറിയപ്പെട്ടിരുന്നു. സുപ്രസിദ്ധ വാഗ്മി ഫാദർ വടക്കൻ പൂനയിൽ എല്ലാവരെയും അഭിസംബോധന ചെയ്തു പ്രസംഗിച്ചു.

www.malankaralibrary.com

അധ്യായം 3

# പൗരോഹിത്യപദവിയിലേക്ക്

സെമിനാരിയിലെ എല്ലാ ശെമ്മാശന്മാരും സബ്ഡീക്കൻ, ഡീക്കൻ, പിന്നെ ഓർഡിനേഷൻ പട്ടങ്ങൾ സ്വീകരിച്ചിരുന്നത്, ലാറ്റിൻക്രമം അനുസരിച്ച് സെമിനാരി ചാപ്പലിൽ വച്ചായിരുന്നു. സ്വന്തം രൂപതയിലോ ഇടവകയിലോ പട്ടത്തിനു വിട്ടിരുന്നില്ല എന്നു നേരത്തെ സൂചിപ്പിച്ചല്ലോ. ഓരോ വർഷവും പട്ടം സ്വീകരിക്കുന്ന അവസാനവർഷ സഹോദരങ്ങൾ, സെമിനാരിയോടു വിടപറഞ്ഞുപോകുന്നതു ഹൃദയഭേദകമായിരുന്നു. വേർപാടിന് എപ്പോഴും മരണത്തിന്റെ വേർപാടുപോലെയുള്ള അനുഭവ മായിരുന്നു. ഹൃദയം ഒന്നായി ജീവിച്ചവർ, മുറിച്ചുമാറ്റപ്പെടുന്ന പ്രതീതി. ഇനിയും എന്ന് കാണും, കാണാൻ അവസരം കിട്ടാതെ പോകുമല്ലോ എന്ന ദുഃഖം യാത്ര പോകുന്നവരിലും യാത്ര അയക്കുന്നവരിലും തളംകെട്ടി നിന്നു. 'God be with you, till we meet again' എന്ന ഗാനം ശോകമായ രീതിയിൽ പാടുമ്പോൾ, എല്ലാവരുടെയും കണ്ണിൽനിന്ന് കണ്ണുനീർത്തുള്ളികൾ താഴെവീണു ചിന്നിച്ചിതറാറുണ്ട്.

എന്റെ തിരുപ്പട്ടസ്വീകരണം 1962 ഒക്ടോബർ 3-നായിരുന്നു. അതിനുമുമ്പ് വിശുദ്ധ കുർബാന അർപ്പിക്കുവാൻ പഠിക്കണം. എട്ടുവർഷംമുമ്പ് പഠിച്ച സുറിയാനി മിക്കവാറും മറന്നു. മലങ്കര തക്സായിൽ പല പ്രാർത്ഥനകളും സുറിയാനിയിൽത്തന്നെ ചൊല്ലണം. ചൊല്ലുന്നതിന്റെ അർത്ഥം ശരിക്ക് അറിയില്ല. മാർ ഈവാനിയോസ് പിതാവും ഫീലിപ്പോസ് റമ്പാച്ചനും (ചേപ്പാട്) പഠിപ്പിച്ച അന്നത്തെ തലമുറയിൽപ്പെട്ട വൈദികർക്ക് സുറിയാനി ഭാഷ നന്നായി അറിയാം. എന്റെ സുറിയാനി അറിവ് 'കമ്മി' ആയിരുന്നു. മലങ്കരക്രമം അനുസരിച്ചു വിശുദ്ധ കുർബാന അർപ്പിക്കാൻ പഠിക്കണമല്ലൊ. ഒരു ഗുരു വേണമല്ലോ. ഭാഗ്യത്തിനു പൂന ബഥനി ആശ്രമത്തിൽ, പീറ്റർ ഒ.ഐ.സി. അച്ചൻ സുപ്പീരിയർ പദവിയിൽ അന്നുണ്ട്. അദ്ദേഹം കുറെ കാര്യങ്ങൾ പറഞ്ഞുതന്നു. ബാക്കി കൂദാശാക്രമങ്ങൾ ഒന്നും ആരും പഠിപ്പിച്ചിട്ടില്ല. ഇതര വൈദികർ ഇടവകയിൽ ചൊല്ലുന്നതു കേട്ട് ലഭിച്ച കുറെ അറിവുകൾ മാത്രം. എങ്കിലും എന്റെ വൈദികജീവിത

www.malankaralibrary.com


ത്തിൽ ഇടവകയിൽ കാര്യമായ കുറവുകളൊന്നും കൂടാതെതന്നെ ശുശ്രൂഷ കൾ അനുഷ്ഠിക്കാൻ സാധിച്ചിട്ടുണ്ട്.

എന്നോടൊപ്പം വൈദികരാകുവാൻ 20-ൽ പരം ശെമ്മാശന്മാർ ഉണ്ടായിരുന്നു. തമിഴ്, കന്നട, തെലുങ്ക്, ഒറിയാ, ഭാഷക്കാർ എല്ലാം സഹവൈദികരാകേണ്ടതിനായി ഒരുങ്ങി. ബ്രദർ ജോസഫ് പവ്വത്തിൽ എന്റെ സെമിനാരി സഹപാഠിയായിരുന്നു. എം.എ. പാസ്സായശേഷം വൈദികവിദ്യാർത്ഥിയായി വന്ന വ്യക്തിയാണ്. അതുകൊണ്ട് കൂടുതൽ അറിവും, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനവും ഉണ്ടായിരുന്നു. നല്ല വായനാ ശീലം ഉണ്ടായിരുന്ന അദ്ദേഹം ചരിത്രപണ്ഡിതരായ ടൊയേൻബി-ഡോസൺ മുതലായവരുടെ പുസ്തകങ്ങൾ എല്ലാം നേരത്തെ വായിച്ചിരുന്നു. ആരെയുംപറ്റി പരാതി പറയാറില്ല, 'വെടി' പറഞ്ഞു സമയം കളയുന്ന ശീലവും അദ്ദേഹത്തിനില്ലായിരുന്നു. ഫിലോസഫി സമയത്ത് അദ്ദേഹം ഇംഗ്ലീഷ് അക്കാഡമിയുടെ പ്രസിഡന്റും, തിരുവനന്തപുരത്തുനിന്നുള്ള തോമസ് കൊട്ടാരത്തിൽ സെക്രട്ടറിയുമായിരുന്നു. പവ്വത്തിൽ കോളജ് അദ്ധ്യാപകനും, പിന്നീട് കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാനും ചങ്ങനാശ്ശേരിയുടെ ആർച്ചുബിഷപ്പുമായി. അദ്ദേഹത്തിന്റെ ലേഖനങ്ങൾ ഈടുറ്റതാണ്. ഇന്ത്യൻ ഭരണഘടനയും സുപ്രീം കോടതി വിധികളും ആധികാരികമായി ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹം ഗവൺമെന്റിന്റെ പൊള്ളത്തരം പൊളിച്ചു കാണിക്കുന്നത്. കൊട്ടാരത്തിൽ അച്ചൻ മാർ ഈവാനിയോസ് കോളജിൽ പ്രിൻസിപ്പാളായി. ഒരു ജീപ്പ് അപകടത്തിൽ മരിച്ചു. പൂനയിൽ എന്റെ സീനിയർ, ജൂണിയർ ആയിരുന്ന പല വൈദികരും പിന്നീട് മെത്രാന്മാരായി. ചിലർ ഇന്നും ജീവിക്കുന്നു. സീനിയർ ആയി മെത്രാന്മാർ ആയവർ പീറ്റർ ചേനപ്പറമ്പിൽ (ആലപ്പുഴ), മാത്യു വട്ടക്കുഴി (കാഞ്ഞിരപ്പള്ളി), പാട്രിക് നായർ (മീററ്റ്), ഡൊമിനിക് കോക്കാട്ട് (ഗോരഖ്പൂർ), ജെയിംസ് പഴയാറ്റിൽ (ഇരിങ്ങാലക്കുട), അലൻ ഡി. ലാസ്റ്റിക് (ഡൽഹി); ജൂണിയർ ആയിരുന്നവർ ജോസഫ് പതാലിൽ (ഉദയപ്പൂർ), സ്റ്റീഫൻ അത്തിപ്പൊഴിയിൽ (ആലപ്പുഴ), വലേറിയൻ ഡിസൂസ (പൂന) എന്നിവരാണ്. ഞാൻ പഠനം കഴിഞ്ഞുപോയശേഷം പൂനയിൽ പഠിച്ച ചിലർ ഇന്ന് മെത്രാൻസ്ഥാനത്തിൽ ഓരോ രൂപതയുടെ ചുമതല വഹിക്കുന്നു. കാന്റി, പൂന സെമിനാരികളിൽ പഠിച്ച കേരളത്തിലുള്ള വൈദികർ ചില പ്രത്യേക അവസരത്തിൽ ഒന്നിച്ച് ഒരു ദിവസത്തേക്കുള്ള കൂടിവരവ് നടത്തിയിട്ടുണ്ട്. പ്രസ്തുത ദിവസത്തിൽ ജൂണിയറും സീനിയറുമൊക്കെയായിരുന്ന പല വൈദികസുഹൃത്തുക്കളെയും വീണ്ടും കാണാനുള്ള ഭാഗ്യം ലഭിച്ചിട്ടുണ്ട്.

www.malankaralibrary.com



തിരുപ്പട്ടസ്വീകരണവും അതുകഴിഞ്ഞുള്ള ദിവ്യബലി അർപ്പണവും പൂനയിൽ വച്ചായിരുന്നതിനാൽ ഇന്നത്തെപ്പോലെ വലിയ ബാഹ്യഒരുക്കങ്ങൾ ഒന്നും ആവശ്യമില്ലായിരുന്നു. ഇന്നു പാവപ്പെട്ട വീട്ടിലെ ശെമ്മാശ്ശന്മാർ തിരുപ്പട്ടസ്വീകരണത്തിനും പ്രഥമദിവ്യബലിക്കുമായി ലക്ഷക്കണക്കിന് തുക ആവശ്യമുള്ളതുകൊണ്ട് വിഷമിക്കുന്നതായി അറിയാം. ചില കൊച്ചച്ചന്മാരെ ഞാൻ സാമ്പത്തികമായി ചെറിയതോതിൽ സഹായിച്ചിട്ടുണ്ട്. പണ്ടൊക്കെ പ്രഥമദിവ്യബലി കഴിഞ്ഞ് ആളുകൾ സ്വഭവനത്തിൽ പോകും. അവർക്ക് ഊണ് കൊടുക്കേണ്ട ആവശ്യമില്ല, ഊണ് ലഭിക്കാത്തതിൽ പരാതിയുമില്ല. ഇന്ന് ഇടവകക്കാർ മുഴുവനെയും മറ്റ് സ്നേഹിതർ, വൈദികർ, സിസ്റ്റേഴ്സ് ഇങ്ങനെ നൂറ് കണക്കിന് ആളുകളെ ഊണുകൊടുത്ത് സൽക്കരിച്ച് വിടണം. അത് നല്ല കാര്യം തന്നെ. എന്നാൽ പാവപ്പെട്ട വീട്ടുകാർ വിഷമിക്കുന്നത് മറ്റുള്ളവർ അറിയുന്നില്ല. ഇന്ന് വിവാഹത്തിനും പണമുള്ളവർ കാണിക്കുന്ന ധൂർത്തിനോടൊപ്പം നിൽക്കാൻ പാവപ്പെട്ടവർ കടംവാങ്ങിയും പെണ്ണിൽനിന്നു കിട്ടുന്ന ഓഹരിപ്പണം മുഴുവൻ ചെലവഴിച്ചും ക്ഷീണിച്ചുപോകാറുണ്ട്.

തിരുപ്പട്ടസ്വീകരണ സമയത്ത് ശെമ്മാശ്ശന്മാർ അവരുടെ വീട്ടുകാരെ പൂനയിൽ കൊണ്ടുവരും. എന്റെ വീട്ടിൽനിന്ന് എല്ലാവരെയും കൊണ്ടുവരാനുള്ള സാമ്പത്തിക സുസ്ഥിതി വീട്ടിലോ എനിക്കോ ഇല്ലായിരുന്നു. എനിക്ക് തിരുപ്പട്ടം ലഭിച്ചു എന്നതിന് ഒരു സാക്ഷിയെങ്കിലും വീട്ടിൽനിന്നു വേണമല്ലോ. എന്റെ സഹോദരൻ ജോഷ്വാ എം.എസ്.സി. പാസ്സായി കൊല്ലത്ത് ഫാത്തിമാ കോളജിൽ പഠിപ്പിക്കുവാൻ തുടങ്ങിയിരുന്നു. എന്റെ ബ്രദർ എങ്കിലും വരണമെന്ന് ഞാൻ പറഞ്ഞിരുന്നു. അതു കൂടാതെ എന്റെ ഇടവക വികാരിയച്ചനും വന്നു സംബന്ധിക്കണമെന്ന ആഗ്രഹം പ്രകടപ്പിച്ചു. കുര്യൻ ഇലഞ്ഞിമറ്റം ആയിരുന്നു വികാരി. അച്ചനും എന്റെ സഹോദരനും പട്ടം സ്വീകരണത്തിനും പ്രഥമദിവ്യബലിക്കുമായി വന്നു എന്നത് വലിയ സന്തോഷമായി. പൂനാ രൂപതയിലെ മെത്രാൻ ആൻഡ്രൂസ് ഏതോ അസൗകര്യം നേരിട്ടതുമൂലം ബോംബെയിലെ സഹായമെത്രാനായ ലോൻജിനൂസ് പെരേരയാണ് ഞങ്ങൾക്ക് വൈദികപട്ടം തന്നത്.

ലത്തീൻക്രമം അനുസരിച്ചുള്ള പട്ടം നൽകലായിരുന്നു എല്ലാവർക്കും. പട്ടം കൊടുക്കുന്ന ശുശ്രൂഷ അത്യന്തം ഹൃദയസ്പർശിയാണ്. അത്രയും ഹൃദ്യത എനിക്കു സുറിയാനിപ്പട്ടം നൽകൽ ശുശ്രൂഷയ്ക്ക് തോന്നിയിട്ടില്ല. വൈദികാർത്ഥികൾ എല്ലാവരും മെത്രാന്റെ മുൻപിൽ ത്രോണോസിന് അഭിമുഖമായി മദ്ബഹായിൽ പൂർണ്ണമായും കമിഴ്ന്നുകിട

www.malankaralibrary.com


ക്കണം. ഈ നിമിഷം ഗായകസംഘം പിയാനോ സംഗീത ഉപകരണത്തിന്റെ നാദബ്രഹ്മത്തോടു ചേർന്ന് സകല വിശുദ്ധരുടെ ലുത്തിനിയ ആലപിക്കുന്നു. ഓരോ വിശുദ്ധരുടെ പേരു പറയുമ്പോൾ 'Ora pro nobis' (ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണെ) എന്ന് ഗാനരൂപത്തിൽ ആലപിച്ചുകൊണ്ടിരിക്കും. സ്വർഗ്ഗത്തിലെ സകല മാലാഖമാരും പരിശുദ്ധരും പരിശുദ്ധത്രിത്വത്തോടുകൂടി സ്വർഗ്ഗം ചായിച്ച് വൈദികാർത്ഥികളുടെമേൽ ആവസിക്കുന്ന അനുഭവം. ദൈവികതലത്തിലേക്ക് ഉയർന്നുപൊങ്ങുന്ന കോരിത്തരിക്കുന്ന നിമിഷമായിരുന്നു. സന്തോഷം കൊണ്ട് ആ കിടപ്പിൽ കിടന്ന് ഞാൻ ഒത്തിരി കരഞ്ഞു—കർത്താവ് നൽകിയ കൃപയെ ഓർത്ത്. സകല വിശുദ്ധരുടെ ലുത്തിനിയ പാടിത്തീരുമ്പോൾ എല്ലാവരും കിടപ്പിൽ നിന്ന് എഴുന്നേൽക്കും. മെത്രാൻ ഓരോരുത്തരുടെയും കൈകളിൽ വിശുദ്ധ തൈലംപുരട്ടി രണ്ട് കൈകളുടെയും കൈപ്പത്തികൾ പ്രത്യേകം തയ്ച്ചുണ്ടാക്കിയ തൂവാലകൊണ്ട് കെട്ടിവയ്ക്കും. കൈവയ്പ്പുകർമ്മം കൂടാതെ ചെയ്യുന്ന ഒരു ശുശ്രൂഷയാണ് തൈലാഭിഷേകം. കർത്താവിന് പുരോഹിതശുശ്രൂഷ ചെയ്യുവാൻ അഹറോനെയും പുത്രന്മാരെയും അഭിഷേകം ചെയ്തു വിശുദ്ധീകരിക്കുവാൻ ദൈവം മോശയോട് കല്പിച്ചു. അഭിഷേകതൈലം തലയിലൊഴിച്ച് അവരെ അഭിഷേകം ചെയ്തതായി പുറപ്പാട് 29, ലേവ്യർ 21:8 പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. പഴയനിയമത്തിൽ തിരുസാന്നിദ്ധ്യ അപ്പം കൈകാര്യം ചെയ്യേണ്ടവർ എത്രമാത്രം വിശുദ്ധരായിരിക്കണമെന്ന് ദൈവം കല്പിക്കുന്നു. പുതിയ നിയമത്തിൽ കർത്താവിന്റെ തിരുശരീര രക്തങ്ങൾ നിത്യം എടുക്കുകയും വിഭജിച്ച് ദൈവജനത്തിന് കൊടുക്കുകയും ചെയ്യേണ്ട വൈദികർ എത്രമാത്രം വിശ്വസ്തരായിരിക്കണം എന്ന് ഈ ശുശ്രൂഷകൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. തിരുപ്പട്ടസ്വീകരണം കഴിഞ്ഞ് പിറ്റേദിവസം സെമിനാരിയുടെ പലഭാഗത്തായി ക്രമപ്പെടുത്തിയ ത്രോണോസിൽ നവവൈദികൻ അദ്ദേഹത്തിന്റെ സ്വന്തമായിട്ടുള്ള ആളുകളും അതാത് രൂപതയിലെ ശെമ്മാശ്ശന്മാരും ചേർന്ന് വിശുദ്ധ കുർബാന അർപ്പിക്കുന്നു. തിരുവനന്തപുരം രൂപതയിലേയും തിരുവല്ല രൂപതയിലേയും ശെമ്മാശ്ശന്മാർ എന്റെ പ്രഥമദിവ്യബലിയിൽ പങ്കെടുത്തു. ആന്ധ്രയിൽനിന്ന് എന്റെ മൂന്നുവർഷം ജൂണിയർ ആയിരുന്ന ഒരു ബ്രദർ സോളമൻ റെഡ്ഡിക്ക് എന്നോട് ഒത്തിരി സ്നേഹമായിരുന്നു. അദ്ദേഹവും എന്റെ പ്രഥമ ദിവ്യബലിയിൽ പങ്കെടുത്തു. മലയാളമറിയാത്ത ശെമ്മാശ്ശൻ മലങ്കരകുർബാനയിൽ ശുശ്രൂഷകനും

www.malankaralibrary.com


ജനങ്ങളും ചൊല്ലേണ്ട ഭാഗങ്ങൾ ഇംഗ്ലീഷ് ലിപിയിൽ എഴുതിയെടുത്ത് എന്റെ കുർബാനയിൽ പിന്നീട് പങ്കെടുത്തിട്ടുണ്ട്. പ്രഥമ ദിവ്യബലി കഴിഞ്ഞ് അതിൽ പങ്കെടുത്തവർക്ക് ഓരോ നവവൈദികരും അവരുടെ ചെലവിൽ പ്രഭാത ഭക്ഷണം നൽകുന്നു. അങ്ങനെ ഞാൻ 1962 ഒക്ടോബർ 3-ന് വൈദികനായി. ഒക്ടോബർ 4-ന് ദിവ്യബലി അർപ്പിച്ചു. ദിവ്യബലിസമയത്ത് സന്തോഷംകൊണ്ടും, പാപിയായ എന്നെ ദൈവം വിളിച്ച് ഈ സ്ഥാനം നൽകിയതിനെ ഓർത്തും കണ്ണുകൾ നിറഞ്ഞൊഴുകി. എന്നോടൊപ്പം രൂപതയ്ക്കായി പട്ടം കിട്ടിയ ജോൺ കണ്ണങ്കര അച്ചന്റെ പിതാവും മാതാവും അനുജനും ഒരു ഇളയ സഹോദരിയും പൂനയിൽ വന്നിരുന്നു.

അന്നൊക്കെ സെമിനാരി പഠനസമയത്ത് വരുന്ന ഭാരിച്ച ചെലവുകൾ വഹിക്കുന്നത് വിദേശത്തുള്ള കുറെ നല്ല മനുഷ്യരാണ്. അമേരിക്കയിൽ കാത്തലിക്ക് നിയർ ഈസ്റ്റ് വെൽഫെയർ അസ്സോസിയേഷൻ (C.N.E.W.A.) എന്ന ഉപവിസംഘടന സഹായികളെ കണ്ടുപിടിച്ച് അവർ തരുന്ന സഹായം ശേഖരിച്ച് സെമിനാരി അധികാരികൾക്കോ രൂപതാമെത്രാനോ അയച്ചുകൊടുത്താണ് ചിലവുകൾ നടക്കുന്നത്. C.N.E.W.A. സഹായികളുടെ മേൽവിലാസം വൈദികവിദ്യാർത്ഥികൾക്ക് കൊടുക്കുകയില്ല. കൊടുക്കുന്ന വേറെ സംഘടനകൾ ഉണ്ടെന്ന് കേൾക്കുന്നു. സഹായികളുടെ മേൽവിലാസം ലഭിച്ചാൽ, ശെമ്മാശ്ശന്മാർ അവർക്ക് നേരിട്ട് എഴുതി സ്വന്തം ആവശ്യങ്ങൾക്ക് സഹായം ചോദിക്കുവാൻ സാധ്യതയുണ്ട്. അങ്ങനെ അവരിൽനിന്നു സഹായം സ്വീകരിച്ച്, ദുരുപയോഗം ചെയ്ത് ദൈവവിളി നഷ്ടപ്പെട്ട സംഭവങ്ങൾ ഉണ്ട്. ഒരു വർഷത്തിൽ രണ്ടുമൂന്നു കത്തുകൾ ഉപകാരികൾക്ക് (Benefactors) എഴുതുവാൻ സെമിനാരിയിൽനിന്ന് നിർദ്ദേശം തരുമായിരുന്നു. കത്തെഴുതുമ്പോൾ മേൽവിലാസം കത്തിൽ എഴുതരുത്. ഉപകാരികൾ അയക്കുന്ന മറുപടിയിൽ അവരുടെ മേൽവിലാസം ഉണ്ടെങ്കിൽ C.N.E.W.A. സെൻസർ ചെയ്ത് പ്രസ്തുത കത്തിലെ മേൽവിലാസം മുറിച്ചുകളയുകയോ മഷികൊണ്ട് ടൈപ്പ് ചെയ്ത് മായിച്ചു കളയുകയോ ചെയ്യും. അങ്ങനെയുള്ള കത്തുകൾ എനിക്കു ലഭിച്ചിട്ടുണ്ട്. എന്റെ സെമിനാരി ചെലവുകൾ വഹിക്കുവാൻ ആറു വ്യക്തികൾ അമേരിക്കയിൽനിന്നുണ്ടായിരുന്നു. അവർ എത്രമാത്രം തുക കൊടുക്കുന്നു എന്നുള്ള വിവരമൊന്നും അറിയില്ല. അതു ചോദിച്ചിട്ടുമില്ല. ആറു ബെനിഫാക്ടേഴ്സിൽ അഞ്ച് സ്ത്രീകളും ഒരു പുരുഷനും ആയിരുന്നു. അവരിൽ ചിലരുടെ കത്തുകൾ സെമിനാരിയിൽ എനിക്ക് കിട്ടിയിട്ടുണ്ട്. അവരിൽ ഒരാളുടെ കത്ത് എന്നെ വല്ലാതെ സ്പർശിച്ചു. “നിങ്ങൾ ആരാണ്,” എന്തു ചെയ്യുന്നു, എന്ന് ഞാൻ കത്തിൽക്കൂടി

www.malankaralibrary.com


അന്വേഷിച്ചു. മറുപടിയിൽ "ഞാൻ 80 വയസ്സുള്ള വിധവയാണ്, എനിക്ക് രണ്ട് ആൺമക്കളുണ്ട്, അവരിൽ ഒരാളെങ്കിലും വൈദികനാകാൻ ഞാൻ ആഗ്രഹിച്ചു. രണ്ടുപേരും പ്രൊട്ടസ്റ്റന്റ് പെൺകുട്ടികളെ വിവാഹം കഴിച്ച് വിശ്വാസം ഉപേക്ഷിച്ചു. ഒരു ഹോട്ടലിൽ പാത്രം കഴുകുന്ന ജോലിയാണ് എനിക്കുള്ളത്. അതിൽനിന്നും ലഭിക്കുന്ന വരുമാനത്തിൽ ഒരംശം മകന് അയച്ചുതരികയാണ്" (എനിക്ക് നേരിട്ട് കിട്ടിയിട്ടില്ല, എത്ര തുകയെന്ന് അറിയത്തുമില്ല). മകൻ പഠിച്ച് ഒരു നല്ല വൈദികനാകണം. ഞാനോർത്തു, ദൈവമേ 80 വയസ്സുള്ള ഒരു വിധവ, അവരുടെ വിശ്വാസത്തിന്റെ ആഴംകൊണ്ട് ഒരിക്കലും നേരിട്ട് കണ്ടിട്ടില്ലാത്ത ഒരു വിദേശ ചെറുപ്പക്കാരനെ സഹായിക്കുന്നു. ഇങ്ങനെ എത്രയോ സന്മനസ്സുള്ള പാവപ്പെട്ട വിധവകളുടെ ചില്ലിക്കാശാണല്ലോ വൈദികർക്കായി, സന്യാസികൾക്കായി, അരമനകൾക്കായി, സന്യാസ ആശ്രമങ്ങൾക്കായി നൽകപ്പെടുന്നത്. ഇവരുടെ ത്യാഗത്തെ വേണ്ടവിധം മനസ്സിലാക്കാതെ ധൂർത്തും ആർഭാടവും കാണിക്കുന്ന അരമനകളും സന്യാസ ആശ്രമങ്ങളും സ്വന്തക്കാർക്കായി മണിമന്ദിരങ്ങളും പണിയുന്ന വൈദികരും കുറെയെങ്കിലും ഉണ്ടെന്നുള്ള യാഥാർത്ഥ്യം നിഷേധിക്കുവാൻ പറ്റുമോ? ഈ മനോഭാവം തെറ്റാണ്, പാപമാണെന്നുള്ള ചിന്ത എന്നിൽ ആഴപ്പെടുവാൻ ഈ സാധു വിധവയുടെ കത്ത് എന്നെ സഹായിച്ചു. കുറെക്കാലം ഞാൻ ഈ കത്ത് ഒരു നിധിപോലെ സൂക്ഷിച്ചു. സ്ഥലം മാറിപ്പോയപ്പോൾ എങ്ങനെയോ ഈ കത്ത് നഷ്ടപ്പെട്ടു. റോസ്മേരി ടിസ്ബത്ത് എന്നാണ് ഈ ബെനിഫാക്ടറിന്റെ പേര്.

ആലീസ് എന്ന വേറെ ഒരു ബെനിഫാക്ടർ എനിക്ക് കത്തയച്ചു. ഞാൻ പൂനയിൽ പഠിക്കുന്നു. തിരുവനന്തപുരം രൂപതയ്ക്കുവേണ്ടിയാണ് എന്ന് എന്റെ കത്തിൽ എഴുതിയിരുന്നു. ബ്രദർ സാമുവേൽ തുണ്ടിയിൽ, പൂന, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ C.N.E.W.A. ഏല്പിക്കാതെ എനിക്ക് നേരിട്ട് കത്തയച്ചു. പ്രസ്തുത കത്ത് കറങ്ങിത്തിരിഞ്ഞ് എനിക്കുതന്നെ കിട്ടി. അവർ വലിയ പണക്കാരല്ല. ഞങ്ങൾ പരസ്പരം കത്തുകൾ വൈദികനായ ശേഷവും അയച്ചിരുന്നു. ക്രിസ്തുമസ് സീസണിൽ എല്ലാ വർഷവും പത്ത് ഡോളർ അയച്ചുതരുമായിരുന്നു. ആലീസിന്റെ ഭർത്താവ് ഒരു നിരീശ്വരവാദിയായിരുന്നു. അദ്ദേഹത്തിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കണമെന്ന് എഴുതി. ഞാൻ വൈദികനായി കുറച്ചുവർഷം കഴിഞ്ഞ് കിട്ടിയ കത്തിൽ കുടലിൽ കാൻസറാണെന്നും പ്രാർത്ഥിക്കണമെന്നും എഴുതി. ആലീസിന്റെ അസുഖം വളരെ മൂർച്ഛിച്ചു. ഒരു കത്ത് അയച്ചിട്ട് മറുപടി ലഭിച്ചില്ല. പിന്നീട് എനിക്ക് ഒരു കത്ത് കിട്ടി. അത് ആലീസിന്റെ ഭർത്താവിന്റേതായിരുന്നു. അദ്ദേഹം

www.malankaralibrary.com



എഴുതി: “ദൈവം എന്ന ശക്തനും സ്നേഹസമ്പന്നനുമായി ഒരാൾ ഉണ്ടെങ്കിൽ എന്റെ പ്രിയ പത്നിക്ക് ഇത്രമാത്രം തീവ്രവേദന ഉണ്ടാകുമായിരുന്നോ?” സഹനത്തിന്റെ നാഴികയിൽ മനസ്സ് പതറി പലരും ഇന്നും ചോദിക്കുന്ന ചോദ്യമാണ്. വേദനയുടെ തീച്ചൂളയിൽ ജോബ് വെന്തുരുകിയപ്പോൾ ദൈവത്തിൽ പൂർണ്ണമായി വിശ്വസിച്ചെങ്കിലും മനസ്സ് പിടഞ്ഞ നിമിഷം ജോബിനും ഉണ്ടായി. “അമ്മയുടെ ഉദരത്തിൽനിന്ന് എന്തിനാണ് എന്നെ പുറത്തുകൊണ്ടുവന്നത്. അമ്മയുടെ ഉദരത്തിൽനിന്ന് എന്നെ ശവക്കുഴിയിലേക്ക് കൊണ്ടുപോയിരുന്നെങ്കിൽ” (ജോബ് 10: 18–19) എന്ന് തേങ്ങി. പല പ്രവാചകന്മാരും (ഉദാ: ജറെമിയ, ഏലിയ) വേദനയുടെ, തിരസ്ക്കരണത്തിന്റെ നാഴികയിൽ വിലപിച്ചിട്ടുണ്ട്. അവർ ദൈവത്തെ തള്ളിപ്പറഞ്ഞില്ല. സഹനമെന്ന പ്രഹേളികയുടെ ചുരുൾ നിവർത്തുവാൻ അതിന്റെ പൂർണ്ണതയിൽ മനുഷ്യബുദ്ധികൾക്ക് സാധ്യമല്ല. പാപവും അതിന്റെ ഭാരവും ഏറ്റുവാങ്ങി കുരിശിൽ മൂന്ന് ആണികളിൽ കിടക്കുന്ന ദൈവപുത്രൻ ചിന്തിയ രക്തത്തിന്റെ വില മാത്രമേ നമുക്ക് ആശ്വാസം തരുന്നുള്ളൂ. ആലീസിന്റെ ഭർത്താവിന് ഞാൻ പഠിച്ച തത്ത്വശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ഒരു മറുപടി എഴുതി. കുരിശിന്റെ സന്ദേശം അദ്ദേഹത്തിന് മനസ്സിലാകുകയില്ലല്ലോ. അതിന് മറുപടി ലഭിച്ചില്ല.

ഞാനുമായി സമ്പർക്കം പുലർത്തിയ മൂന്നാമത് സഹായിച്ച അമേരിക്കയിൽ സൈറക്കൂസ് എന്ന സ്ഥലത്തുനിന്നുള്ള ഡാനിയേൽ മീ ക്വസ്റ്റെൻ എന്ന പുരുഷനായിരുന്നു. സെമിനാരിയിൽ എനിക്ക് ലഭിച്ച കത്തിൽ, അദ്ദേഹത്തിന് വളരെക്കാലം മക്കളില്ലാതെ വിഷമിച്ചശേഷം ലൂർദ്ദിൽപോയി മാതാവിന്റെ മാദ്ധ്യസ്ഥം അപേക്ഷിച്ചു പ്രാർത്ഥിച്ചുവെന്നും രണ്ട് പെൺമക്കൾ ഇതിനുശേഷം ജനിച്ചുവെന്നും അവരെ കഴിവതും കത്തോലിക്കാവിശ്വാസത്തിൽ വളർത്തുവാൻ ശ്രമിക്കുകയാണെന്നും എനിക്കെഴുതി. എന്റെ തിരുപ്പട്ടസ്വീകരണത്തോടനുബന്ധിച്ച് 100 ഡോളർ എനിക്ക് നേരിട്ടുതരാൻ സെമിനാരി അധികാരികൾക്ക് അയച്ചുകൊടുത്തു. സാധാരണ ചെലവിന് അവർ നൽകുന്ന സംഭാവന കൂടാതെ പ്രത്യേകിച്ച് എന്തെങ്കിലും തുക ഒരു സംഭാവനയായി നൽകണമെന്ന് നിർദ്ദേശിച്ചാൽ ആ തുക ശെമ്മാശ്ശന്മാർക്ക് റെക്ടർ അച്ചൻ തരും. ഡോളറിന് അന്ന് ഇന്ത്യയുടെ മൂല്യം 4–50 (4 രൂപ 50 പൈസ) ആയിരുന്നു. ഇങ്ങനെ 450 രൂപാ മാത്രമേ എനിക്ക് ബെനിഫാക്ടറിൽനിന്ന് നേരിട്ടു ലഭിച്ചിട്ടുള്ളൂ. ഈ തുക എനിക്ക് വലിയ സഹായമായിരുന്നു. അച്ചൻ സെമിനാരി പഠനത്തിനുശേഷം പോകുമ്പോൾ C.N.E.W.A. അനുവദിച്ചാൽ എനിക്ക് എഴുതാമെന്നും അദ്ദേഹം അന്ന് സെമിനാരി

www.malankaralibrary.com


വഴി അയച്ച കത്തിൽ എഴുതിയിരുന്നു. എന്നാൽ മേൽവിലാസം ഇല്ലാത്തതുകൊണ്ട് അദ്ദേഹവുമായുള്ള സമ്പർക്കം നഷ്ടപ്പെട്ടു. 1988-ൽ ഞാൻ ഇലന്തൂർ പള്ളിവികാരി ചുമതല നോക്കുമ്പോൾ രൂപതയിലെ വർഗീസ് എടത്തിൽ അച്ചൻ അമേരിക്കയിൽ നിന്ന് അവധിക്ക് നാട്ടിൽ വന്നു. ഡാനിയേൽ മീ ക്വസ്റ്റൈൻ എന്ന ബെനിഫാക്ടർ എനിക്കുണ്ടായിരുന്നു. സമ്പർക്കമില്ല, മരിച്ചോ ജീവിച്ചിരിപ്പുണ്ടോ എന്ന് അറിഞ്ഞുകൂടാ എന്ന് പറഞ്ഞു. പേര് കുറിച്ചു തരാൻ എടത്തിൽ അച്ചൻ പറഞ്ഞു. മറ്റു സഹായികൾ എല്ലാവരുമായി സെമിനാരിയിൽ ആദ്യകാലത്ത് ഉണ്ടായിരുന്ന സമ്പർക്കമല്ലാതെ വേറെയില്ലായിരുന്നു. എടത്തിൽ അച്ചൻ എന്റെ ബെനിഫാക്ടറിന്റെ പേര് C.N.E.W.A.-ൽ കാണിച്ചു. മേൽവിലാസം എനിക്ക് അയച്ചു തന്നു. 25 വർഷം ഇതിനകം വൈദികജീവിതത്തിൽ പിന്നിട്ടിരിക്കുന്നു എന്നുള്ള വിവരം ചുരുക്കമായി മീ ക്വസ്റ്റൈന് എഴുതി. സഹായം ഒന്നും ചോദിച്ചില്ല. എന്റെ കത്തു കിട്ടിയതിൽ അദ്ദേഹത്തിന് അതിയായി സന്തോഷമായി. അദ്ദേഹത്തിന് വയസ്സ് 80 ആയി. ഒരു വർഷം 10 ഡോളർ വച്ച് 25 വർഷത്തേക്ക് 250 ഡോളർ അച്ചന് അയക്കുന്നു എന്ന കത്തും ചെക്കും ലഭിച്ചു. ഗോൾഫ് കളിക്കുവാൻ പോകുമായിരുന്നു എന്നെഴുതി. കുറച്ചുമാസം കഴിഞ്ഞ് 200 ഡോളറിന്റെ ചെക്കുകൂടി അയച്ചുതന്നു. ഹാർട്ടിന് ഒരു ഓപ്പറേഷൻ ഉണ്ടെന്നും ജീവിച്ചിരുന്നാൽ അച്ചനെഴുതാം, പ്രാർത്ഥിക്കണം എന്നുള്ള കത്തും വന്നു. പിന്നീട് അദ്ദേഹത്തിന്റെ മകളുടെ കത്ത് വന്നു. അച്ഛൻ മരിച്ചുപോയെന്നും, അതിനുമുമ്പ് വിവരം എന്നെ അറിയിക്കണം എന്ന് അദ്ദേഹം പറഞ്ഞിരുന്നു എന്നുമുള്ള മകളുടെ കത്ത് ആയിരുന്നു. എന്റെ അപ്പച്ചൻ മരിച്ചതുപോലെയുള്ള ദുഃഖം എന്നിൽ ഉളവാക്കി. വിദൂരത്ത് താമസിക്കുന്ന ഇവർക്ക് വിശ്വാസത്തിന്റെ നൂലിഴകൊണ്ടുള്ള ബന്ധവും സ്നേഹവും എത്ര അമൂല്യം. സ്വർഗ്ഗത്തേയും ഭൂമിയേയും യോജിപ്പിച്ച കർത്താവിന്റെ രക്തത്തിന്റെ ശക്തിയാണല്ലോ ഈ സ്നേഹബന്ധങ്ങൾ. എത്ര അനുപമമായ സ്നേഹം. എല്ലാ ദിവസവും കിടക്കുവാൻ പോകുന്നതിനുമുമ്പ് ഞാൻ പ്രാർത്ഥിക്കുന്ന പ്രത്യേക പ്രാർത്ഥനകളുടെകൂടെ എന്റെ മരിച്ചവരും ജീവിച്ചിരിക്കുന്നവരുമായ എല്ലാ സഹായികളെയും സമർപ്പിച്ച് "കർത്താവേ അവരോട് കരുണയായിരിക്കേണമേ" എന്നു പ്രാർത്ഥിക്കും. മരിക്കുന്നതുവരെ മറക്കാതെ ഈ യാചന തുടരും.

1962 ഒക്ടോബർ 3-ന് വൈദികനായശേഷം പഠനം തുടർന്ന് ഏപ്രിൽമാസം 1963 ദൈവശാസ്ത്രപഠനം കഴിഞ്ഞ് L.D (Licentiate in Dogma) എന്ന ഡിഗ്രി പരീക്ഷയും കഴിഞ്ഞ് സെമിനാരിയോട് വിട പറയേണ്ട സമയം സമാഗതമായി. ഒന്നിച്ച് 8 വർഷം ജീവിച്ച് കളിച്ചും ചിരിച്ചും പ്രാർത്ഥിച്ചും നടന്ന സഹോദരങ്ങളെ പിരിഞ്ഞുപോകുന്നത്

www.malankaralibrary.com


മനസ്സിന്റെ അകത്തളത്തിൽ ഒത്തിരി വേദനയുളവാക്കി. ഹൃദയത്തിന്റെ ഒരു ഭാഗം മുറിഞ്ഞുപോകുന്നതുപോലെയുള്ള നൊമ്പരം. പിന്നീട് കണ്ടുമുട്ടുമെന്നുള്ള പ്രതീക്ഷയില്ലല്ലോ. 'God be with you till we meet again' എന്ന ഗാനം പാടി സ്ഥാപനത്തോടും വ്യക്തികളോടും വിട പറയുന്നു. സെമിനാരിയിലെ പ്രിയപ്പെട്ട അച്ചന്മാരോട് യാത്ര പറഞ്ഞു. ഫാ. ക്രീം, സബീനൊ, കൂൾമാൻ, മസ്കരാനാസ്—അവർ എല്ലാം ആശീർവാദം തന്നു. ഫാ. കൂൾമാൻ ആശീർവദിച്ച് കെട്ടിപ്പിടിച്ച് ഉമ്മ തന്നു, "Sam keep smiling" എന്നു പറഞ്ഞു. എനിക്ക് ഒത്തിരി ആത്മീയ ഉപദേശം തന്ന വലിയ വ്യക്തിത്വത്തിന്റെ ഉടമ. യൂറോപ്പിൽനിന്ന് ഇന്ത്യയിൽവന്ന് ഏൽപ്പിച്ച ജോലി പൂർത്തിയാക്കി; ഇന്ന് അവരെല്ലാം സ്വർഗ്ഗത്തിൽ.

വെളുത്ത മെലിഞ്ഞ കൊച്ചച്ചനായി 1963 ഏപ്രിലിൽ നാട്ടിൽ വന്നു. വകയാർ ഇടവകപള്ളിയിൽ ആദ്യമായി വിശുദ്ധ കുർബാന അർപ്പിക്കേണ്ട കടമയുണ്ടല്ലോ. ഞാൻ പഠിക്കുവാൻ 1953-ൽ പോകുമ്പോൾ ഉണ്ടായിരുന്ന ചെറിയ ചാപ്പലിൽനിന്ന് പുതുതായി പണികഴിപ്പിച്ച വലിയ പള്ളിയിലേക്ക് ഇതിനകം ആരാധന മാറ്റിയിരുന്നു. ഇടവകയിൽപ്പെട്ട എല്ലാവരേയും വിളിച്ച് സല്ക്കാരം കൊടുക്കുവാനുള്ള സാമ്പത്തികം എന്റെ മാതാപിതാക്കൾക്കില്ല; എനിക്കുമില്ലായിരുന്നു. കുറെ വൈദികരെ ക്ഷണിച്ചു; അവർക്ക് ഊണ് കൊടുത്തു. ഇടവകയിലെ ജനങ്ങൾ വി. കുർബാനയിൽ സംബന്ധിച്ചു. അവർക്ക് ഭക്ഷണം കൊടുത്തില്ല. അതിൽ ആളുകൾക്ക് പരിഭവം തോന്നിയില്ല. അന്ന് അങ്ങനെ അവർക്ക് ഭക്ഷണം കൊടുക്കുന്ന പതിവില്ല. ഇന്ന് മുഴുവൻ ഇടവകക്കാർക്കുംകൂടി ഊണോ കാപ്പിയോ കൊടുക്കാതെ പ്രഥമദിവ്യബലി കൊച്ചച്ചന്മാർക്ക് അർപ്പിക്കുവാൻ പറ്റുകയില്ല. കൊടുക്കാതിരുന്നാൽ അത് പരാതിയും അച്ചന്റെ വീട്ടുകാർക്ക് വലിയ അഭിമാനക്ഷതവും ആയിരിക്കും.

www.malankaralibrary.com

അധ്യായം 4

# വൈദികൻ — കരുത്തോടെ, കരുതലോടെ

തിരുവനന്തപുരത്തിന് തെക്ക് കിരാത്തൂർ ഇടവകയിൽ ഫാ. റെയ്മണ്ട് സി.എം.ഐ. അച്ചന്റെ അസിസ്റ്റന്റായി ആദ്യ നിയമനകല്പന കിട്ടി. തെക്കോട്ട് പോകാനുള്ള മാനസിക ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ മറ്റൊരു നിയമന ഓർഡർ ലഭിച്ചു. തിരുവനന്തപുരം മൈനർ സെമിനാരിയിൽ വൈസ് റെക്ടറായി നിയമനം. ഫാദർ സാമുവേൽ മണ്ണിലാണ് റെക്ടർ. ലത്തീൻ, സുറിയാനി ഇവ വൈദികവിദ്യാർത്ഥികളെ പഠിപ്പിക്കുക, ആരാധനാക്രമത്തിലെ പാട്ടുകൾ പഠിപ്പിക്കുക. ലത്തീൻ പഠിപ്പിക്കുവാൻ വലിയ പ്രയാസമില്ലായിരുന്നു, കൂടുതലും ലത്തീൻ ഗ്രാമർ. ആദ്യവർഷ വിദ്യാർത്ഥികൾക്ക് ക്ലാസ്സിക്കൽ ലാറ്റിൻ പ്രയാസമാണ്, സിസറൊ പോലുള്ളവരുടെ പ്രസംഗങ്ങൾ. എട്ടുവർഷംമുമ്പ് പഠിച്ച ചില്ലറ സുറിയാനി തീർത്തും മറന്നിരുന്നു. ഒരർത്ഥത്തിൽ വീണ്ടും പഠിച്ച് ഒരുങ്ങി സുറിയാനിക്ലാസ്സുകൾ എടുത്തു. ആദ്യവർഷ വിദ്യാർത്ഥികളെ ഇംഗ്ലീഷ് ഗ്രാമർ പഠിപ്പിച്ചു. എല്ലാ പീരിയഡുകളിലും എനിക്ക് ക്ലാസ്സുകൾ എടുക്കണമായിരുന്നു. ആയൂർ കഴിഞ്ഞുള്ള ചെറുവക്കൽ, വേങ്ങൂർ എന്ന രണ്ട് ഇടവകകളുടെ വികാരിയായി നിയമനവും ലഭിച്ചു. എല്ലാ ശനിയാഴ്ചയും തമ്പാനൂർ ബസ്സ്റ്റേഷനിൽപോയി ആയൂരിലേക്ക് ബസ് കയറണം. ബസ്സുകൾ അന്ന് പരിമിതമായതിനാൽ പട്ടത്തും കേശവദാസപുരത്തും നിന്നാൽ ബസ്സ് കിട്ടുകയില്ല. നേരം വൈകുമ്പോഴേക്കും ആയൂർ പള്ളിയിൽ എത്തും. ആയൂർ പള്ളി വികാരി സെബാസ്റ്റ്യൻ നെടുംകല്ലേൽ അച്ചനായിരുന്നു. വൈകിട്ട് അച്ചനോടൊപ്പം കഞ്ഞി കഴിച്ചിട്ട്, പള്ളിമേടയിൽ വിശ്രമിക്കും. കൊതുകുകടി മൂലം ഉറക്കം ശരിയായി ലഭിക്കില്ല. അതിരാവിലെ എഴുന്നേറ്റ് ചെറുവക്കൽ പള്ളി ലക്ഷ്യമാക്കി നടക്കുകയാണ്. ഉണ്ടക്കല്ലും പൊടിയും നിറഞ്ഞ നിരപ്പില്ലാത്ത റോഡിൽക്കൂടിയുള്ള യാത്ര ദുഷ്കരമായിരുന്നു. ചെറുവക്കൽ എത്താൻ എട്ടുകിലോമീറ്ററോളം നടക്കണം. ആ വഴി ബസ്സുകൾ ഇല്ല.

www.malankaralibrary.com


ടാക്സിയോ ഓട്ടോയോ ഒന്നും അന്ന് ലഭ്യമല്ലായിരുന്നു. പള്ളിയിൽ എത്തുമ്പോൾ വിയർത്ത് ക്ഷീണിച്ചിരിക്കും. ഫാൻ ഇല്ല. വിശുദ്ധ കുർബാനയ്ക്ക് കുറേ മണിക്കൂർമുമ്പ്, ലഘുഭക്ഷണം കഴിക്കാനുള്ള അനുവാദം സഭ ആ കാലയളവിൽ അനുവദിച്ചിരുന്നു. ഒരു ചായപോലും ലഭിക്കുവാനുള്ള സൗകര്യം എനിക്ക് കിട്ടിയില്ല. ചെറുവക്കൽ വിശുദ്ധ കുർബാന കഴിഞ്ഞ്, മലമ്പ്രദേശമായ സ്ഥലത്തുകൂടി ആറുകിലോമീറ്റർ നടന്ന് വേങ്ങൂർ പള്ളിയിലെത്തും. രണ്ടാമത്തെ കുർബാനയ്ക്കുശേഷം വിശപ്പിന് എന്തെങ്കിലും തരണം എന്നു ഞാൻ ഇടവകയിൽ പറഞ്ഞു. അതനുസരിച്ച് ഓരോ വീടുകളും തവണയായി ചോറു കൊണ്ടുവന്നു. പള്ളിക്ക് വളരെ സമീപമുള്ള വീടുകളിൽ പോയി ആഹാരം കഴിച്ച്, അവിടെ ഉള്ളതായ സൗകര്യത്തിൽ കുറെനേരം കിടന്നു വിശ്രമിച്ചശേഷം മടക്കയാത്ര തുടങ്ങും. ആയൂരിൽ വളരെസമയം കാത്തുനിന്നശേഷമായിരിക്കും ബസ്സു കിട്ടുന്നത്. തിരുവനന്തപുരംവരെ നിൽക്കേണ്ട സാഹചര്യമാണ് മിക്കപ്പോഴും. പൂനയിൽവച്ച് പിടിപെട്ട തുമ്മൽ, രാത്രി ഇരുപതും മുപ്പതും തവണയോളമുള്ള തുമ്മൽ ഞായറാഴ്ചയുടെ യാത്രാക്ഷീണം കൂടിയായപ്പോൾ, വളരെ ശക്തമായി തുടർന്നു. എങ്കിലും രാവിലെ സെമിനാരിയിൽ ക്ലാസ്സെടുക്കാൻ പോകാതിരിക്കാൻ പറ്റില്ലല്ലോ.

സെമിനാരിയോടു ചേർന്ന അരമനയിലായിരുന്നു എനിക്ക് താമസിക്കുവാൻ സൗകര്യം തന്നത്. എന്നാൽ, കുറെ കഴിഞ്ഞപ്പോൾ ഇപ്പോഴത്തെ അരമന നിന്ന സ്ഥാനത്തുണ്ടായിരുന്ന പഴയ കെട്ടിടത്തിൽ താമസം മാറ്റാൻ വികാരി ജനറാൾ കുരുവിള അച്ചൻ പറഞ്ഞു. എല്ലാ ദിവസവും അവിടെ നിന്നാണ് ക്ലാസ്സിനു വരുന്നത്. രാജകൊട്ടാരം വകയായ സ്ഥലവും കെട്ടിടവും മാർ ഈവാനിയോസ് പിതാവ് വാങ്ങിയതാണ്. ഈ കെട്ടിടത്തിന് താഴെയും അതിനു മുകളിൽ ഒരു നിലയുമുണ്ട്. പലകകൾ പാകി ഉറപ്പിച്ചതാണ് രണ്ടാംനില. ഓടിട്ട കെട്ടിടം അവിടെ ബഹു. ഇഞ്ചക്കലോടി അച്ചൻ, കരിയിൽ അച്ചൻ, ജേക്കബ് ഞായല്ലൂർ അച്ചൻ, കുറത്തികാട് ചേരാവള്ളിൽ അച്ചൻ, ജോർജ്ജ് തെക്കേടത്ത് അച്ചൻ എന്നിവർ താമസമുണ്ടായിരുന്നു. തെക്കേടത്ത് അച്ചൻ പിന്നീട് കത്തോലിക്കാസഭ ഉപേക്ഷിച്ചുപോയി. അവരോടൊപ്പം ഞാൻ സന്തോഷമായി കഴിഞ്ഞു. ഈ കാലയളവിലാണ് ബഹുമാനപ്പെട്ട ഇഞ്ചക്കലോടി അച്ചൻ ഈവാനിയോസ് പിതാവിന്റെ ജീവചരിത്രം രണ്ടു വാല്യങ്ങളായി എഴുതി പൂർത്തീകരിച്ചത്. പല രേഖകളും പരിശോധിച്ച് അദ്ദേഹം താഴത്തെ നിലയിൽ എപ്പോഴും എഴുതിക്കൊണ്ടിരിക്കുന്നതു കാണാമായിരുന്നു.

www.malankaralibrary.com


ജേക്കബ് ഞായല്ലൂർ അച്ചന് കേൾവിശക്തി നഷ്ടപ്പെട്ടിരുന്നതിനാൽ, ആശയവിനിമയം പ്രയാസമായിരുന്നു. കുറത്തികാട് ചേരാവള്ളി അച്ചൻ രസികനായിരുന്നു. സുറിയാനി ഭാഷ നല്ലതായി അറിയാമായിരുന്നു. എന്നെ തുണ്ടിയിൽ എന്നതിന് 'ശുണ്ഠി, ശുണ്ഠി' എന്നു തമാശയായി വിളിക്കുമായിരുന്നു.

എനിക്ക് ചുമതലയുള്ള പള്ളികളിൽ ഞായറാഴ്ച പോകാൻ ഒരു ശനിയാഴ്ച ഞാൻ ബസ്സിൽ ആയൂർ ബസ്സ്സ്റ്റോപ്പിൽ ഇറങ്ങി ആയൂർപള്ളി മേടയിലേക്ക് നടക്കുകയാണ്. ഒരു ശെമ്മാശൻ എന്നെ സമീപിച്ചു പറഞ്ഞു, "ഞാൻ ഓർത്തഡോക്സ് സഭയിലെ ശെമ്മാശനാണ്, കത്തോലിക്കാസഭയിൽ ചേരുവാൻ ആഗ്രഹിക്കുന്നു. എനിക്ക് ഒരു സംശയമുണ്ട്. അച്ചൻ ഒന്നു ക്ലിയർ ആക്കിത്തരണം" എന്നു പറഞ്ഞു. "മാതാവ് അമലോത്ഭവയാണെന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നു. അത് എങ്ങിനെയാണെന്നു എനിക്ക് മനസ്സിലായിട്ടില്ല." വചനത്തിന്റെ വെളിച്ചത്തിൽ ഈവിഷയത്തിൽ കത്തോലിക്കാസഭയുടെ പഠനം ഞാൻ ശെമ്മാശനു പറഞ്ഞുകൊടുത്തു. ഈ ശെമ്മാശൻ പിന്നീട് വൈദികനായി, കത്തോലിക്കാസഭയിൽ അംഗമായി അഞ്ചൽ കോളജിൽ പ്രൊഫസ്സറായി സേവനം അനുഷ്ഠിച്ച ശേഷം വിശ്രമജീവിതം നയിക്കുന്ന ഏബ്രഹാം ജോസഫ് അച്ചനാണ്. ചന്ദനപ്പള്ളി ഇടവകയിൽ വികാരി ആയിരിക്കുമ്പോൾ ഞാൻ അച്ചനെ അവിടെ പ്രസംഗയോഗത്തിൽ സംസാരിക്കാൻ വിളിച്ചിട്ടുണ്ട്. പ്രൗഢഗംഭീരമായ വചനസന്ദേശം തന്ന് ഞങ്ങളെ അച്ചൻ ധന്യരാക്കിയത് ഇന്നും നന്ദിയോടെ ഓർക്കുന്നു.

ഞായറാഴ്ച രാവിലെ വിശുദ്ധ കുർബാനയ്ക്കു പോകുന്നവഴി, വഴിയിൽ കണ്ടുമുട്ടുന്നവരോട് ജാതിമതഭേദമെന്യേ പുഞ്ചിരിക്കുകയും ക്ഷേമാന്വേഷണം നടത്തുകയും ചെയ്യുമായിരുന്നു. ഒരു മെലിഞ്ഞ കൊച്ചച്ചൻ (അന്ന് എനിക്ക് മീശ ഇല്ലായിരുന്നു. മീശ ശരിയായി ഇല്ലാത്തതുകൊണ്ട് വളർത്താതിരുന്നതാണ്) നടന്നുപോകുന്നതു കൗതുകത്തോടെ ഇളമാട്ട് ഭാഗത്തുള്ള ഓർത്തഡോക്സ് വിശ്വാസികൾ നോക്കുമായിരുന്നു. വൈദികനായശേഷം ചുമതലയുള്ള ഇടവകയിലെ എല്ലാ വീടുകളും സന്ദർശിക്കുന്നത് എന്റെ പതിവായിരുന്നു. ഒത്തിരി നടന്നു. ബുദ്ധിമുട്ട് ഉണ്ടെങ്കിലും എന്റെ ഉള്ളിൽ അതു ദിവ്യമായ സന്തോഷം പ്രദാനം ചെയ്തു. വീട് ഇങ്ങനെ സന്ദർശിക്കണമെന്ന് സെമിനാരിയിൽ കാര്യമായി ഊന്നൽകൊടുത്ത് ആരും പഠിപ്പിച്ചതായി ഓർക്കുന്നില്ല. വലിപ്പച്ചെറുപ്പം നോക്കാതെ പണ്ഡിതനോ പാമരനോ എന്നുള്ള

www.malankaralibrary.com


വ്യത്യാസമില്ലാതെ, എല്ലാ കുടുംബങ്ങളും ക്രമമായി ഞാൻ സന്ദർശിച്ചിട്ടുണ്ട്. ഈ ശീലം എനിക്ക് തീരെ വയ്യാതെ 2002-ൽ ക്ലേർജി ഹൗസിൽ വരുന്നതുവരെ തുടർന്നു. ആളുകൾ ഞായറാഴ്ച പള്ളികളിൽ വരും, തിരിച്ചുപോകും. എന്നാൽ അവരുടെ വീടുകൾ സന്ദർശിക്കുമ്പോഴാണ് അവരുടെ സാമ്പത്തിക, ശാരീരിക, മാനസിക, കുടുംബപരമായ നൊമ്പരങ്ങൾ അറിയുവാൻ കഴിയുന്നത്. അതിനെല്ലാം പരിഹാരം നൽകുവാൻ ഒരു വൈദികന് സാധിക്കുകയില്ല. എങ്കിലും അവരുടെ വേദനകൾ കേൾക്കുമ്പോൾ പകുതി മാനസിക ആശ്വാസം ലഭിക്കും. കൂടാതെ ഭവനത്തിലെ കുഞ്ഞുങ്ങളെ, യുവതീയുവാക്കളെ, പള്ളിയിൽ വരാൻ താൽപര്യമില്ലാത്തവരെ എന്നിവരെയൊക്കെ കാണാനുള്ള അവസരമാണ്. സ്നേഹമുള്ള ഒരു വൈദികന്റെ സാന്നിദ്ധ്യം നമ്മുടെ ജനങ്ങൾ ഇഷ്ടപ്പെടുന്നു.

അഞ്ചുദിവസവും സെമിനാരിയിൽ ക്ലാസ്സുകൾ എടുക്കുന്നതിനാൽ ഭവനസന്ദർശനത്തിനു സമയം കിട്ടാത്തതുകൊണ്ട്, ചില ശനിയാഴ്ചകളിൽ ഞാൻ ചെറുവക്കൽ ഭാഗത്തെ വീടുകൾ സന്ദർശിച്ചിട്ട് വൈകിട്ട്, അവിടെ ഏതെങ്കിലും ഭവനത്തിൽ നിന്ന് ആഹാരം കഴിച്ച്, രാത്രി വിശ്രമിച്ചിട്ട് രാവിലെ ദൈവാലയത്തിൽ വി. കുർബാനയ്ക്ക് പോയ ദിവസങ്ങളുണ്ട്. ചെറുവക്കൽ ഒരു വീട്ടിൽ ശനിയാഴ്ച വിശ്രമിക്കുമ്പോൾ നാലഞ്ചുപേർ എന്നെ കാണാൻ ആ വീട്ടിൽ വന്നു. ഇളമാട്ട് ഭാഗത്തുള്ളവരാണ്. അവിടെ ഓർത്തഡോക്സ് സഭയിൽനിന്നും 35 വീടുകൾ ഒന്നിച്ചു കത്തോലിക്കാസഭയിൽ ചേരാനുള്ള ആഗ്രഹം പ്രകടിപ്പിച്ച് എല്ലാവരും കൂടി ഒപ്പിട്ട അപേക്ഷയുമായിട്ടാണ് വന്നത്. അവരുടെ ആഗ്രഹം ആത്മാർത്ഥതയുള്ളതാണെന്ന് എനിക്ക് തോന്നിയതിനാൽ, ഗ്രിഗോറിയോസ് പിതാവിനു വിവരത്തിനു കത്തു കൊടുത്തുവിട്ടു. പിറ്റേദിവസം ഞായറാഴ്ച വൈകിട്ട് നാലുമണിക്ക് ചെങ്കുളത്ത് കുഞ്ചാണ്ടിച്ചന്റെ വകയായി ഇളമാട്ട് വെള്ളച്ചാലിലുള്ള കശുവണ്ടി ആഫീസ് മുൻപിൽ ഒരു പന്തലിട്ട് 35 വീട്ടുകാരെ പിതാവ് കത്തോലിക്കാസഭയിൽ സ്വീകരിച്ചു. പോൾ ആറാമൻ മാർപാപ്പയുടെ സ്ഥാനാരോഹണദിവസമാണ് ഈ സംഭവം നടന്നത്. ഓർത്തഡോക്സ് പള്ളിയിൽ അഭിപ്രായവ്യത്യാസമുണ്ടായി, ഒരു വിഭാഗം ആളുകൾ സഭയെ പുൽകുകയായിരുന്നു. പുതുതായി സഭാംഗമായ വിളയിൽ കുഞ്ഞുകുഞ്ഞിന്റെ വക കുറേസ്ഥലം 3000 രൂപയ്ക്ക് വാങ്ങി അതിൽ തെക്ക് വടക്കായി ഒരു ഓലഷെഡ് കെട്ടി താൽക്കാലിക ചാപ്പലാക്കി വിശുദ്ധ കുർബാന അർപ്പിച്ചുതുടങ്ങി.

www.malankaralibrary.com


അങ്ങനെ മൂന്നു പള്ളികളുടെ ചുമതലയായി. 35 വീട്ടുകാർ ഒന്നിച്ചുചേർന്ന തുകൊണ്ട് അവരെ വിശ്വാസവും ആരാധനാഗാനങ്ങളും പഠിപ്പിച്ച് സജീവ ഇടവകയായി വളർത്തിയെടുക്കാൻ ശ്രമിച്ചു. ഇളമാട്ട് ഇടവകയിൽ പാറവിള വീട്ടിൽ ജെയിംസിനെ സെമിനാരിയിലേക്ക് ക്ഷണിച്ചു. 10-ാം ക്ലാസ്സ് പരീക്ഷ കഴിഞ്ഞു നിൽക്കുകയായിരുന്നു. സെമിനാരിയിൽ ജെയിംസ് ചേർന്നു. സെമിനാരിയിൽ രണ്ടുവർഷം ബ്രദർ ജെയിംസിനെ പഠിപ്പിച്ചു. ഇന്ന് ഫാദർ ജെയിംസ് പാറവിള വികാരി ജനറാളായി സഭയിൽ ശുശ്രൂഷ ചെയ്യുന്നു.

ഇളമാട്ട് രണ്ടാമത്തെ കുർബാന കഴിഞ്ഞ് പലപ്പോഴും ആഹാരം കഴിക്കുവാൻ ഏതെങ്കിലും വീടുകളിൽ കൊണ്ടുപോയിരുന്നു. ആൺകുട്ടികളും പെൺകുട്ടികളും വളരെ സന്തോഷത്തോടെ എന്നോടൊപ്പം വരുമായിരുന്നു. അവരെ സ്നേഹിക്കുന്ന ഒരു കൊച്ചച്ചനെ അവർ ജീവിതത്തിൽ ആദ്യമായി എന്നിൽ കണ്ടുമുട്ടിയതാണ്. ഭവനസന്ദർശനം എനിക്ക് ഹരമായിരുന്നു എന്നു നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. എല്ലാ വീടും, പ്രത്യേകിച്ചു പാവപ്പെട്ടവരുടെ വീടുകൾ സന്ദർശിക്കുന്നത് എനിക്ക് കൂടുതൽ ഇഷ്ടമായിരുന്നു. ആ കാലയളവിൽ ഇന്നത്തെപ്പോലെ ആളുകൾ വിദേശത്തു ജോലിക്ക് പോയിത്തുടങ്ങിയിട്ടില്ല. പൊതുവേ എല്ലാവരും തന്നെ പാവപ്പെട്ടവർ. ഓലമേഞ്ഞ്, മണ്ണോ പച്ചക്കട്ടയോ കൊണ്ട് ഉണ്ടാക്കിയ ഭവനങ്ങളായിരുന്നു. ഓടിട്ട വീടുകൾ നാമമാത്രം. ഇളമാട്ട് എല്ലാവരും പാവപ്പെട്ട കൃഷിക്കാർ. കുറെ സ്ത്രീകൾ കശുവണ്ടികമ്പനിയിൽ ജോലിക്ക് പോയിരുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ ഭവനസന്ദർശനം നടത്തുവാൻ ശനിയാഴ്ച ഞാൻ തിരുവനന്തപുരത്തുനിന്ന് ഇളമാട്ട് എത്തിയിട്ടുണ്ട്. പള്ളിയിൽ വിശ്രമസൗകര്യം ഇല്ലാത്തതിനാൽ ഏതെങ്കിലും ഭവനത്തിൽ ശനിയാഴ്ച വൈകിട്ട് വിശ്രമിച്ചിട്ടുണ്ട്. എനിക്ക് തീരെ വരുമാനം ഇല്ലാത്ത സമയം. വിശുദ്ധ കുർബാന അർപ്പിക്കുന്നതിന്റെ ധർമ്മം ചേർത്ത് 100 രൂപാ മാസം ലഭിച്ചിരുന്നു. വീടു സന്ദർശിക്കുന്ന സമയം, തീരെ പാവപ്പെട്ട വീടുകളിൽ കുട്ടികൾക്ക് പുസ്തകം വാങ്ങുന്നതിനും വസ്ത്രം എടുക്കുന്നതിനും കഴിവനുസരിച്ച് സഹായം നൽകിയിരുന്നു. അന്നുമുതൽ ഇന്നോളം ചുമതല വഹിച്ച ഇടവകകളിൽ പരസ്യപ്പെടുത്താതെ സഹായഹസ്തം നീട്ടുന്നു. ചെറുപ്പത്തിൽ ഞാൻ അനുഭവിച്ച പ്രയാസങ്ങളായിരിക്കാം എനിക്ക് ഇത്തരം പ്രവൃത്തികൾക്കു പ്രചോദനമായത്.

ചെറുവക്കൽ, ഇളമാട്ട്, വേങ്ങൂർ— ഈ മൂന്ന് ഇടവകകളിലും എല്ലാ വീടുകളും സന്ദർശിച്ചു. സെമിനാരിയിൽ അഞ്ചുദിവസവും വിശ്രമമി

www.malankaralibrary.com


ല്ലാതെ ക്ലാസ്സുകൾ കഴിഞ്ഞ്, ആയൂരിൽ എത്തി മൈലുകൾ നടന്ന് മൂന്ന് ഇടവകകളിൽ വിശുദ്ധ കുർബാനയും മറ്റു ശുശ്രൂഷകളും നടത്തുന്നത് എനിക്ക് നല്ല ശരീര ക്ഷീണമുണ്ടാക്കി. എന്റെ മാറാത്ത ജലദോഷം ബുദ്ധിമുട്ട് കൂടുതൽ വർദ്ധിപ്പിച്ചു. അതുകൊണ്ട് തിരുവനന്തപുരത്തിനടുത്തുള്ള ഏതെങ്കിലും മിഷൻ കേന്ദ്രങ്ങളുടെ ചുമതല കിട്ടിയാൽ കൊള്ളാമെന്ന് വികാരി ജനറാൾ കുരുവിള അച്ചനോട് പറഞ്ഞു. ആയൂർ ഭാഗത്തു നിന്ന് എനിക്ക് മാറ്റം തന്നു. എന്നാൽ വെളുക്കാൻ തേച്ചത് പാണ്ടായി എന്ന അനുഭവമാണ് എനിക്കുണ്ടായത്. പാറശാല, കുടയാൽ, കരിമാനൂർ എന്നീ മൂന്ന് ഇടവകകളുടെ വികാരിയായി കല്പന ലഭിച്ചു. ഇത് എന്റെ ബുദ്ധിമുട്ട് കുറച്ചില്ല. തമ്പാനൂർ ചെന്ന് ബസ്സിൽ തെക്കൻ കേരളത്തിന്റെ അതിർത്തിവരെ എത്തണം. വടക്കുഭാഗത്തുള്ള ആളുകളുടെ സംസ്കാരമല്ല ഈ ഭാഗത്തുള്ളത്. ഹൈന്ദവ വിശ്വാസത്തിൽ നിന്നു വന്നവരാണ് ഈ ഇടവകയിലെ എല്ലാവരും. അതും പല ജാതി ഗ്രൂപ്പിൽനിന്ന്. വളരെ പാവപ്പെട്ടവർ, വൈദികർ ഭവനങ്ങളിൽ ചെന്നാൽ ഒരു ഗ്ലാസ് കാപ്പിപോലും ദാഹത്തിന്, ക്ഷീണത്തിന് നൽകുന്ന രീതി വടക്കുഭാഗത്തേപ്പോലെ തെക്ക് എനിക്ക് അനുഭവപ്പെട്ടിട്ടില്ല. പാറശ്ശാലയിലും മൂന്ന് ഇടവകയിലും നടന്നുപോകുകയേ മാർഗമുള്ളൂ. രണ്ടാം കുർബാന കഴിഞ്ഞ് വിശപ്പിന് എന്തെങ്കിലും തരണമെന്ന് പറഞ്ഞു. പ്രത്യേകിച്ച് കൂടുതൽ വിഭവങ്ങൾ ഒന്നും വേണ്ട എന്നു പറഞ്ഞു. വീടുകളിൽ നിന്ന് ഉച്ചയ്ക്ക് ചോറു കൊണ്ടുതന്നു. എന്നാൽ ആയൂർ ഭാഗത്ത് വീടുകളിൽ വിശ്രമിച്ചതു പോലെ പാറശാലയിൽ ഞാൻ വിശ്രമിച്ചിട്ടില്ല. വീടുകളിൽ ഒട്ടും സൗകര്യമില്ല. കൂടാതെ അങ്ങനെ വൈദികരെ സ്വീകരിച്ചിട്ടുള്ള പശ്ചാത്തലവും അവർക്കില്ല. എനിക്കു കിട്ടുന്ന സമയങ്ങളിൽ ഇടവകജനങ്ങളുടെ എല്ലാ വീടുകളും ഞാൻ സന്ദർശിച്ചിട്ടുണ്ട്. വളരെ ഹൃദ്യമായി ഗാനങ്ങൾ ആലപിക്കുന്ന കുട്ടികൾ പാറശ്ശാല ഇടവകയിൽ ഉണ്ടായിരുന്നു. വിശുദ്ധ കുർബാന ആരംഭിക്കുന്നതിന് മുമ്പുതന്നെ ഇവർ പള്ളിയിൽ വന്ന് മനോഹരമായ ക്രിസ്തീയ ഗാനങ്ങൾ പാടി വിശുദ്ധ കുർബാനയ്ക്ക് ഒരുങ്ങുമായിരുന്നു. വൈദികർ കുറവായിരുന്നതിനാൽ തെക്കൻ മിഷനുകളിൽ ഉപദേശിമാർ എന്നു വിളിക്കുന്നവർ ഒരാൾ വീതം മിക്കവാറും എല്ലാ ഇടവകകളിലും ഉണ്ടായിരുന്നു. അവർക്ക് ചെറിയ വേതനം സഭയിൽനിന്ന് കൊടുത്തിരുന്നു. ധാരാളം ഹൈന്ദവ സഹോദരങ്ങളെ സഭയിൽ കൊണ്ടുവന്ന പ്രഗത്ഭരായ ഉപദേശികൾ ഇക്കൂട്ടത്തിൽ ഉണ്ടായിരുന്നു. മാർ ഈവാനിയോസ് പിതാവിന്റെ മഹത്തായ സഭാദർശനമാണ്

www.malankaralibrary.com


തെക്കുഭാഗത്ത് ആയിരക്കണക്കിന് ഹൈന്ദവ സഹോദരങ്ങളിൽ കർത്താവിന്റെ സുവിശേഷവെളിച്ചം എത്തിക്കാൻ കഴിഞ്ഞത്. പാറശ്ശാല കഴിഞ്ഞ് തമിഴ്നാട്ടിൽ ഇന്ന് മാർത്താണ്ഡം രൂപതവരെ ഉണ്ടായത് പിതാവിന്റെ ദീർഘവീക്ഷണവും വിശ്വാസതീക്ഷ്ണതയും മൂലമാണ്. ഓർത്തഡോക്സ് സഭാപാരമ്പര്യത്തിൽ മറ്റു ജാതിയിൽപ്പെട്ട സഹോദരങ്ങളിൽ സുവിശേഷം എത്തിക്കുന്ന രീതി ഇല്ലായിരുന്നു. തെക്കുള്ള ഈ പള്ളികളിൽ വടക്കുനിന്ന് വ്യത്യസ്തമായ ആചാരരീതികൾ ഉണ്ട്. ഉദാഹരണമായി, വിവാഹദിവസം വരൻ ചെണ്ട മുതലായ വാദ്യത്തോടെ വധുവിന്റെ ഭവനത്തിൽ വന്നു കല്ല്യാണപ്പുടവ കൊടുക്കുന്നരീതി. ഇത് എല്ലായിടത്തും ഉണ്ടോയെന്ന് എനിക്കറിഞ്ഞുകൂടാ. എന്റെ ഒരു ഇടവകയിൽ കണ്ടതാണ്. അവർ സഭയിൽ വരുന്നതിനു മുമ്പുള്ള ജാതിവ്യവസ്ഥയിൽ ഉള്ള പതിവായിരിക്കണം. പന ചെത്തിക്കിട്ടുന്ന ദ്രാവക (അക്കാനി) ത്തിൽനിന്നു ചക്കരയുണ്ടാക്കുന്ന ഭവനങ്ങൾ അവിടെ ഉണ്ടായിരുന്നു.

പാറശ്ശാല ഭാഗത്ത് ചുമതലയെടുക്കാൻ ആയൂരിലുള്ള ഇടവകയിൽനിന്ന് യാത്ര പറഞ്ഞ് പോരണമല്ലോ. പുതുതായി തുടങ്ങിയ ഇളമാട് സഭാമക്കൾക്ക് എന്നെ വിട്ടുപിരിയുവാൻ വലിയ പ്രയാസമായിരുന്നു. പുരുഷന്മാർ ഉൾപ്പെടെ എല്ലാവരും കൂട്ടക്കരച്ചിൽ. ആ സാഹചര്യത്തിൽ പിടിച്ചുനിൽക്കുവാൻ പ്രയാസം അനുഭവപ്പെട്ട നിമിഷം. ജനങ്ങളെ സ്നേഹിക്കുന്ന വൈദികൻ അവരുടെ സ്വന്തം പിതാവും സഹോദരനുമായി മാറുകയാണ്. എന്നെക്കുറിച്ചോ എന്റെ സുവിശേഷത്തെക്കുറിച്ചോ വീടുകളെയോ.... ഉപേക്ഷിച്ചാൽ നൂറിരട്ടി കിട്ടുമെന്നുള്ള കർത്താവിന്റെ വാഗ്ദാനം എത്രയോ സത്യമെന്ന് തോന്നിയ ആദ്യ അനുഭവം. പള്ളിയിൽവച്ച് ഞാൻ കരയാതെ പിടിച്ചുനിന്നെങ്കിലും തിരിച്ചുവന്ന് എന്റെ മുറിയിൽ ഇരുന്ന് ഒത്തിരി കരഞ്ഞു. ഞാൻ സ്നേഹിച്ച എന്നെ സ്നേഹിച്ച ജനങ്ങളെ, പ്രത്യേകിച്ച് കുഞ്ഞുങ്ങളെ വിട്ടുപോന്നതിലുള്ള ദുഃഖം.

ഇളമാടുനിന്ന് നല്ല അർത്ഥത്തിലുള്ള വിഷമത്തോടെ ഞാൻ പോന്നശേഷം, എന്നെ നൊമ്പരപ്പെടുത്തിയ ഒരു സംഭവം ഉണ്ടായ വിവരംകൂടി സൂചിപ്പിക്കട്ടെ. വൈദികർക്ക് മനസ്സറിയാതെ, മറ്റുള്ളവരിൽനിന്നു തെറ്റിദ്ധാരണയും അതിന്റെ ഫലമായ ദുരാരോപണവും ഉണ്ടാകുവാൻ എളുപ്പമാണെന്ന് ഈ സംഭവം എന്നെ പഠിപ്പിച്ചു. ആയൂർ ഭാഗത്തുള്ള ഇടവകയുടെ ചുമതല വഹിക്കുമ്പോൾ, ഞാൻ അവിടെ നിന്നു സ്ഥലം മാറി പോരുന്നതിനു കുറെ ദിവസങ്ങൾക്കു മുമ്പ്, അമേരിക്കയിൽ

www.malankaralibrary.com


Perpetual Help Centre-ൽനിന്ന് കുറച്ചു ജപമാല, Holy pictures ഇവയുടെ പാർസൽ ലഭിച്ചു. അതിനകത്തു സ്വർണ്ണനിറമുള്ള പത്ത് മാലകളും ഉണ്ടായിരുന്നു. ജപമാലയും പടങ്ങളും ഇടവകയിൽ പലർക്കായി നൽകി. ആരാധനാസമയത്ത് മുൻനിരയിൽ നിന്നിരുന്ന ഏഴിനും പതിനൊന്നിനും ഇടയ്ക്ക് പ്രായമുള്ള പെൺകുഞ്ഞുങ്ങൾക്കായി ലഭ്യമായ സ്വർണ്ണനിറമുള്ള മാലകൾ, അതിനു പിറകിൽനിന്ന യുവതികൾക്കോ സ്ത്രീകൾക്കോ കൊടുക്കാൻ ഇല്ലായിരുന്നു. ഈ മാലകൾക്ക് തുടക്കത്തിൽ ഏതാനും മാസങ്ങളോളും സ്വർണ്ണത്തിളക്കമുണ്ടെങ്കിലും പിന്നീട് മങ്ങിപ്പോകും. പാവപ്പെട്ട വീട്ടിൽപ്പെട്ട ഭൂരിപക്ഷം പേർക്കും അന്നു സ്വർണ്ണമാല ഇല്ലായിരുന്നു. വിവാഹം കഴിച്ച യുവതികൾക്കും അമ്മമാർക്കും സാധാരണ നൂലിൽ മിന്ന് കോർത്ത് കെട്ടിയിരുന്നു. ആ കാലയളവിൽ അതു നാണക്കേടായി ആർക്കും തോന്നിയിരുന്നില്ല. ഇന്ന് സ്വർണ്ണമാല ഇല്ലാതെ മിന്നു ധരിക്കുന്നതു നാണക്കേടാണ്. ഞാൻ ആയൂർ ഇടവകകളോടും വിടപറഞ്ഞു പോന്നു. ഒരു വീട്ടിൽ ഞാൻ നൽകിയ സ്വർണ്ണചെയിൻ തന്റെ മകളിൽനിന്നു വാങ്ങി അവളുടെ അമ്മ കഴുത്തിലണിഞ്ഞു. സ്വർണ്ണമാല ഇടാനുള്ള സ്ത്രീകളുടെ ആർത്തികൊണ്ടുണ്ടായ വികാരമായിരിക്കാം. ഈ വിവരം ഞാൻ അറിയുന്നില്ല. സ്ഥലം മാറിപ്പോയ അച്ചൻ ഇന്ന വീട്ടിൽ സ്ത്രീക്ക് സ്വർണ്ണചെയിൻ കൊടുത്തിട്ടാണ് പോയത്. മറ്റു സ്ത്രീകൾക്ക് ആർക്കും കൊടുത്തില്ല. അച്ചന് അവളോടുള്ള പ്രത്യേക സ്നേഹമാണെന്നു പെണ്ണുങ്ങളുടെ ഇടയിൽ സംസാരം. മോശമായ വാർത്ത പരത്തുവാനും വൈദികർക്ക് അപമാനം വരുത്തുവാനും പല സ്ത്രീകളാണ് മുൻകൈ എടുക്കുന്നത്. അവരിൽനിന്ന് അതു പുരുഷന്മാരിലേക്ക് പടരുന്നു. പിന്നീട് വിവരം തിരക്കിയവരോടു ഞാൻ എന്റെ നിരപരാധിത്വം പറഞ്ഞു. എനിക്ക് ദുഃഖമുണ്ടായ സംഭവമായിരുന്നു അത്. നല്ല ഉദ്ദേശ്യത്തോടെ വൈദികർ എന്തെങ്കിലും ആർക്കെങ്കിലും കൊടുത്താൽ, അതു കിട്ടാത്തവർ അസൂയ മൂത്ത് അപവാദശൈലി അവലംബിക്കും.

പാറശാല ഭാഗത്തുള്ള ഇടവകയിലെ വീടുകളെല്ലാം സന്ദർശിച്ച് ആളുകളെ പരിചയപ്പെട്ടു, സ്നേഹിച്ചു. പാറശാല ഇടവകയിൽ 'ഏനോസ്' ഉപദേശി ഉണ്ടായിരുന്നു. പാവം നല്ല മനുഷ്യൻ. എനിക്ക് അദ്ദേഹത്തോട് ഒത്തിരി സ്നേഹം ഉണ്ടായിരുന്നു. ഏനോസ് ഉപദേശിയുടെ മകൻ ഏലിയാസ് അന്നു യുവാവായിരുന്നു. പഠിച്ച് സ്കൂൾ ടീച്ചർ ആയി എന്നെ കാണാൻ ക്ലെർജി ഹൗസിൽ വന്നിട്ടുണ്ട്. അടുത്ത കാലത്തു

www.malankaralibrary.com


പാമ്പുകടിയേറ്റു മരിച്ചു എന്ന ദുഃഖവാർത്ത ഞാൻ കേട്ടു. പള്ളിയുടെ താഴെഭാഗത്തു റോഡിൽ നിന്നാൽ പാറശാലയിൽ നിന്നുള്ള ബസ്സ് നിർത്തുകയില്ല. നടന്നു പാറശാല ജംഗ്ഷനിൽ ചെന്നിട്ടാണ് തിരുവനന്ത പുരത്തേക്കുള്ള ബസ്സ് കിട്ടുന്നത്. 1966–ലെ വലിയ നോമ്പിൽ പാറശാല യിൽ ഹാശാ ബുധനാഴ്ച ഞാൻ കുമ്പസാരം കേൾക്കുകയാണ്. എനിക്ക് ശരീരക്ഷീണവും ചെറിയ പനിയും ഉണ്ടായിരുന്നു. കുറെ ആളുകളുടെ കുമ്പസാരം കേട്ടു കഴിഞ്ഞപ്പോൾ ശരീരം വല്ലാതെ തളരുന്നതായി തോന്നി. കുമ്പസാരം തുടരാൻ വയ്യാതായി. വളരെ കഷ്ടപ്പെട്ട് ബാലരാമ പുരം പള്ളിയിൽ എത്തി. രാത്രിയിൽ ഒത്തിരി ഛർദ്ദിച്ചു. അവിടെനിന്ന് ഞാൻ താമസിച്ചിരുന്ന പഴയ കെട്ടിടത്തിൽ വന്നു കിടപ്പായി. ശ്വാസംമുട്ടി ക്കുന്ന രീതിയിൽ തുടർച്ചയായ ചുമ തുടങ്ങി. ചുമയ്ക്കുള്ള മരുന്നുകൾ വാങ്ങി കഴിച്ചു. ഒട്ടും ആശ്വാസം കിട്ടിയില്ല. “ഇവിടെ ഒരു കൊച്ചച്ചൻ അസുഖമായി കിടക്കുന്നു. അരമനയിൽനിന്ന് ആരും തിരിഞ്ഞുനോക്കു ന്നില്ല” എന്ന് ഇഞ്ചയ്ക്കലോടി അച്ചൻ ഫോണിൽ അരമനയിൽ വിളിച്ചു പറയുന്നുണ്ടായിരുന്നു. രോഗം വളരെ കൂടി. ദിവസങ്ങൾ പലതു കഴിഞ്ഞു. ഞാൻ വിളറി വെളുത്തു. എന്റെ സഹോദരൻ അന്ന് അഞ്ചൽ കോളജിൽ പഠിപ്പിക്കുകയാണ്. അനുജൻ വന്നു എന്നെ മെഡിക്കൽ കോളജിൽ ആശുപത്രിയിൽ ആക്കി. അസുഖം ആസ്മ ആയിത്തീർന്നിരുന്നു. രണ്ട് ആഴ്ചയിൽ കൂടുതൽ ചികിത്സയിൽ കഴിഞ്ഞപ്പോൾ കുറേ ആശ്വാസം കിട്ടി. സെമിനാരിയിൽ വന്നു ക്ലാസ്സ് എടുക്കുവാൻ തുടങ്ങിയപ്പോൾ ശ്വാസംകിട്ടാതെ വിമ്മിഷ്ടം തോന്നി. തുടർന്ന് പഠിപ്പിക്കുവാൻ പ്രയാസമാണെന്നുള്ള വിവരം ഗ്രിഗോറിയോസ് പിതാവിനെ അറിയിച്ചു. ആ സമയം ബഹുമാനപ്പെട്ട കുരിയാക്കോസ് കോയിക്കലച്ചനായിരുന്നു സെമിനാരി റെക്ടർ. തുടർന്നും ശുശ്രൂഷ ചെയ്യണമെങ്കിൽ മൂന്നുമാ സത്തോളം പൂർണ്ണവിശ്രമം വേണമെന്നു തോന്നി. തിരുവല്ലയിൽ വൈദികമന്ദിരത്തിൽ മൂന്നുമാസം പൂർണ്ണവിശ്രമത്തിൽ കഴിഞ്ഞു. ആശുപത്രി കാന്റീനിൽനിന്ന് ആഹാരം കൊണ്ടുവന്നു തന്നിരുന്നു. ബഹുമാനപ്പെട്ട അലക്സാണ്ടർ പയ്യമ്പിള്ളി അച്ചൻ ആശുപത്രിയുടെ ഡയറക്ടർ ആയിരുന്നു. വൈകിട്ട് അദ്ദേഹം വൈദിക മന്ദിരത്തിൽവന്നു വിശ്രമിച്ചിരുന്നു. പുഷ്പഗിരി ആശുപത്രി അന്ന് ആരംഭദശയിലായിരുന്നു. മൂന്നുമാസത്തിനുശേഷം തിരുവനന്തപുരത്തു വന്നു. തുടർന്നും പഠിപ്പി ക്കുവാനുള്ള ആരോഗ്യം പോരായിരുന്നു. എന്നെ വിദേശത്തു പഠിക്കു വാൻ വിടുമെന്നുള്ള ഒരു സംസാരം കേട്ടു. എന്റെ ആരോഗ്യപ്രശ്നമാ

www.malankaralibrary.com


യിരിക്കും അതിന് തടസ്സംനിന്നത്. ഞാൻ അതിനു ആഗ്രഹിക്കുകയോ മേലധികാരികളോടു ചോദിക്കുകയോ ചെയ്തിട്ടില്ല.

1966-ജൂലൈ മാസത്തിൽ എന്നെ ചന്ദനപ്പള്ളി പള്ളിക്കെട്ടിടത്തിൽ താമസിച്ച്, ബഹുമാനപ്പെട്ട ആന്റണി കേളംപറമ്പിൽ അച്ചന്റെ അസിസ്റ്റന്റായി ചന്ദനപ്പള്ളിയിലും കൊടുമൺ അങ്ങാടിക്കൽ, ഇടവകയുടെ വികാരി ആയിട്ടും നിയമന ഓർഡർ കിട്ടി. മൈനർ സെമിനാരിയിൽനിന്നു വിടപറയുമ്പോൾ എനിക്ക് പൂർണ്ണ സംതൃപ്തി ഉണ്ട്. എന്റെ കഴിവനുസരിച്ച് ബ്രദേഴ്സിനെ നന്നായി പഠിപ്പിച്ചു. അതിലുപരി, എല്ലാവരോടും യാതൊരു പ്രത്യേക മമത കാണിക്കാതെ സ്നേഹിച്ചും അവസരോചിതമായി നല്ല ഉപദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. എന്തെങ്കിലും തെറ്റ് ബ്രദർ ചെയ്താൽ ആ വ്യക്തിയെ പ്രത്യേകം വിളിച്ചു വേണ്ട തിരുത്തൽ കൊടുത്തിരുന്നു. പഠനത്തിൽ മോശമായവരോടു ഞാൻ പ്രത്യേക പരിഗണന കാണിച്ചു. ഞാൻ കാരണമാണ് അവരിൽ ചിലർക്ക് വൈദികനാകാൻ മേജർ സെമിനാരിയിൽ പോകാൻ സാധിച്ചത്. ഈ അടുത്ത സമയത്ത് ഞാൻ പഠിപ്പിച്ച് ഇപ്പോൾ മേജർ സെമിനാരിയിൽ പഠിപ്പിക്കുന്ന അച്ചൻ പറഞ്ഞു: 'തുണ്ടിയിൽ അച്ചനായിരുന്നു ഞങ്ങൾക്ക് ഒരു ആശ്വാസവും ബലവും.' റെക്ടർ അച്ചൻ വളരെ ആത്മാർത്ഥതയുള്ള വ്യക്തിയാണെങ്കിലും ക്ഷിപ്രകോപിയായിരുന്നു. അദ്ദേഹം കോപിക്കുമ്പോൾ, ഞാൻ അദ്ദേഹത്തെ തണുപ്പിക്കുമായിരുന്നു. കുട്ടികൾക്ക് സാന്ത്വനവാക്കുകൾ നൽകുകയും ചെയ്തിരുന്നു.

ഒരുദിവസം ക്ലാസ്സ് എടുത്തുകൊണ്ടിരുന്നപ്പോൾ, ഒരു ബ്രദർ ഡസ്ക്കിന്റെ അടിയിൽ ഏതോ പുസ്തകം പിടിച്ചുനോക്കിക്കൊണ്ടിരിക്കുന്നു. ആ സഹോദരനോട് എഴുന്നേറ്റു നിൽക്കാൻ പറഞ്ഞിട്ട്, വായിച്ചുകൊണ്ടിരുന്ന പുസ്തകം തരാൻ പറഞ്ഞു. പീറ്റർ അയ്യനേത്ത് എഴുതിയ 'മനുഷ്യാ, നീ മണ്ണാകുന്നു' എന്ന പുസ്തകമായിരുന്നു. അവിടെ വൈദികവിദ്യാർത്ഥിയായി പഠിച്ചുകൊണ്ടിരുന്ന വ്യക്തിക്ക് പീറ്റർ അയ്യനേത്ത് നൽകിയതാണ് പുസ്തകം. ഈ പുസ്തകം വായിച്ചിട്ട്, മറ്റു സഹപാഠികൾക്കും നൽകണം എന്ന നിർദ്ദേശവും ഉണ്ടായിരുന്നു. പീറ്ററിന് ബന്ധമുള്ള സെമിനാരിക്കാരനായിരുന്നു. ഈ സാഹചര്യത്തിൽ പുസ്തകത്തിന്റെ ഉള്ളടക്കം അറിയുവാൻ ഞാൻ വായിച്ചു. ഈ പുസ്തകം വായിക്കുന്ന ക്രിസ്ത്യാനിക്ക് ദൈവവിശ്വാസം തന്നെ നഷ്ടപ്പെടാം. വൈദികവിദ്യാർത്ഥിക്ക് ദൈവവിളി നഷ്ടപ്പെടും. ധാർമ്മിക കാഴ്ചപ്പാടുകൾ കടപുഴകി ഒലിച്ചുപോകാം. പീറ്റർ അയ്യനേത്ത് ഇരുണ്ട നിറമുള്ള വ്യക്തിയാണ്.

www.malankaralibrary.com


വെളുത്ത ബ്രദേഴ്സിനോട് മമത കാണിക്കുന്ന, കറുത്തനിറമുള്ളവരെ തഴയുന്ന ഒരു റെക്ടർ അച്ചനെപ്പറ്റി പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്. ഒരു വൈദികൻ ഒരു പെൺകുട്ടിയുമായി അവിഹിതബന്ധത്തിൽ ഏർപ്പെട്ടു പെൺകുട്ടി ഗർഭിണിയായി. അബോർഷന് മരുന്ന് കഴിച്ച്, കുട്ടി മരിച്ചു. ഈ വൈദികൻതന്നെ അവളുടെ ശവസംസ്കാര ശുശ്രൂഷ നടത്തി ഒരുപിടി മണ്ണ് കുഴിമാടത്തിൽ 'മനുഷ്യാ, നീ മണ്ണാകുന്നു' എന്നു പറഞ്ഞ് നിക്ഷേപിച്ചു. നോവലിന്റെ ഇതിവൃത്തം ഇതാണ്. മനുഷ്യന്റെ ബാലൻസ് മുഴുവൻ തെറ്റിക്കുന്ന ജുഗുപ്സാവഹമായ പ്രതി പാദനം നോവലിൽ ഉടനീളം ഉണ്ട്. വളരെ ശക്തവും ഓജസ്സുള്ള പദവി ന്യാസത്തിന്റെ ഉടമയാണ് പീറ്റർ. അദ്ദേഹത്തിന്റെ പല പുസ്തകങ്ങളും വിശ്വാസജീവിതത്തെ പുച്ഛിച്ചു താറടിച്ചു കാണിക്കുന്ന തരത്തിലാണ്. അദ്ദേഹത്തിന് വൈദികരും മെത്രാന്മാരും സഭയിലെ കൂദാശകളും മോശമായ രീതിയിലുള്ള പ്രതിപാദന വിഷയങ്ങളാണ്. അദ്ദേഹത്തിന്റെ മൂത്ത സഹോദരനാണ് ബഹു. ഡാനിയേൽ അയ്യനേത്ത് അച്ചൻ. ഞാൻ ഒരിക്കൽ ഡാനിയേൽ അച്ചനെ കാണാൻ പോയപ്പോൾ വിശുദ്ധ കുമ്പസാരത്തെ അവഹേളിച്ച് എഴുതിയ പീറ്ററിന്റെ (അനുജൻ) പുസ്തകം കണ്ടു. അച്ചൻ (ഞാൻ) ഇതൊന്നും വായിക്കേണ്ട എന്ന് ഡാനിയേൽ അച്ചൻ പറഞ്ഞു. പീറ്റർ അയ്യനേത്ത് വൈദികനാകാൻ കുറെക്കാലം മൈനർ സെമിനാരിയിൽ പഠിച്ചതാണ്. അയോഗ്യനെന്ന് കണ്ട് സെമിനാരി യിൽനിന്ന് വിട്ടതാണ്. ഒത്തിരി കയ്പ്പും അമർഷവും വൈദികരോടുണ്ട്. അദ്ദേഹം സെമിനാരിയിൽനിന്നുപോന്നശേഷം, കെ.കെ.എൻ.എം. സ്കൂളിൽ എന്നെ ഒരു വർഷത്തോളം ഇംഗ്ലീഷ് പഠിപ്പിച്ചു. അന്ന് പഠിപ്പി ക്കുവാൻ റ്റി.റ്റി.സി. ട്രെയിനിംഗ് ആവശ്യമില്ലായിരുന്നു. സെമിനാരി യിൽനിന്ന് ഏതെങ്കിലും കാരണത്താൽ തിരിച്ചുപോകുന്നവർ ലോക ത്തിൽ മിടുക്കന്മാരായിത്തീരാറുണ്ട്. കാരണം, നല്ല ഇംഗ്ലീഷ് പരിജ്ഞാനം ലഭിക്കുന്നു. മറ്റുള്ളവരുമായി ഇടപെടാനുള്ള ധൈര്യവും കഴിവും കിട്ടുന്നു. ഞാൻ വൈദികനായശേഷം 1966-ൽ ചന്ദനപ്പള്ളിയിൽ ചെല്ലുമ്പോ ഴാണ്, പീറ്റർ അയ്യനേത്ത് എന്റെ ഗുരു ഡാനിയേൽ അയ്യനേത്ത് അച്ചന്റെ അനുജനാണെന്നും, ചന്ദനപ്പള്ളിയിൽ ഒരു പുരാതനകുടുംബത്തിലെ അംഗമാണെന്നും അറിയുന്നത്. അദ്ദേഹത്തിന്റെ വയോധികപിതാവ് നല്ല മനുഷ്യനായ ഫീലിപ്പോസ് സാർ ജപമാലയുടെ മണികൾ ഉരുട്ടി പ്രാർത്ഥിക്കുന്നത് ഞാൻ കണ്ടു. "എന്റെ മകൻ പീറ്ററിന്റെ മാനസാന്തരത്തി നുവേണ്ടി പ്രാർത്ഥിക്കുകയാണെന്ന്" എന്നോട് പറഞ്ഞു. പീറ്റർ

www.malankaralibrary.com


അയ്യനേത്ത് അടുത്തകാലത്ത് ഏതോ വാഹനം ഇടിച്ച് മരിച്ചു. പൊതു ശ്മശാനത്തിൽ സംസ്കരിച്ചു. കമ്മ്യൂണിസ്റ്റുകാരുടെ നല്ല സ്നേഹിതനായിരുന്നു. പീറ്ററിന്റെ 'മനുഷ്യാ, നീ മണ്ണാകുന്നു' എന്ന പുസ്തകം വായിച്ചു കൊണ്ടിരുന്ന സെമിനാരിക്കാരൻ, സെമിനാരിയിൽനിന്നു തിരിച്ചുപോയി. വളരെ നിഷേധാത്മക ചിന്തകൾ ഉണ്ടെങ്കിലും പീറ്റർ അയ്യനേത്ത് നല്ല സാഹിത്യകാരനാണെന്നുള്ളതിൽ തർക്കമില്ല.

മൈനർ സെമിനാരിയിൽ എന്റെ ശിഷ്യരായ പലരും വൈദികരായി ശുശ്രൂഷ ചെയ്യുന്നു. മാർത്താണ്ഡം രൂപതയുടെ മെത്രാൻ ക്രിസോസ്റ്റം പിതാവ് മൈനർ സെമിനാരിയിൽ എന്റെ ശിഷ്യനായിരുന്നു. അദ്ദേഹത്തെ ദൈവം ഈ നിലയിൽ ഉയർത്തി. മാർത്താണ്ഡത്തിന്റെ മുഖഛായ കൂടുതൽ തേജോമയമാക്കുന്നതിന് അദ്ദേഹം ചെയ്ത തീവ്രമായ ത്യാഗം നിസ്തുലമാണ്. അതിൽ അതിയായ സന്തോഷമുണ്ട്. അദ്ദേഹം മെത്രാനായപ്പോൾ എനിക്ക് സമാധാന ചുംബനം നൽകിക്കൊണ്ട് പറഞ്ഞു. 'ഞാൻ ഈ നിലയിൽ എത്താൻ അച്ചൻ എന്നെ ഒത്തിരി സഹായിച്ചു' എന്ന്. മൈനർ സെമിനാരിയിൽ ഞാൻ പഠിപ്പിച്ച, പ്രോത്സാഹിപ്പിച്ച മൂന്നോ നാലോ വൈദികർ. പിന്നീട് പൗരോഹിത്യവിളി ഉപേക്ഷിച്ചിട്ട് വിവാഹിതരായി. പൂനയിൽ എന്നോടൊപ്പം പട്ടം സ്വീകരിച്ച മൂന്നുപേർ കുറച്ചുനാളുകൾക്കകം വൈദികവിളി ഉപേക്ഷിച്ച് പോയി. വൈദികരായതിന്റെ പേരിൽ ഉന്നതബിരുദം നേടുകയും, സാമ്പത്തികമായി നല്ല നിലയിൽ എത്തിയവരുമാണ്. "മേലധികാരികൾ ഇവരെ വേണ്ടവിധം അംഗീകരിച്ചില്ല. പഠനത്തിനനുസരിച്ച് ഉന്നതസ്ഥാനം കൊടുത്തില്ല, വേണ്ടവിധം അംഗീകാരവും സ്ഥാനവും നൽകിയിരുന്നെങ്കിൽ വൈദികപദവി ഉപേക്ഷിക്കുകയില്ലായിരുന്നു. സഭ വിട്ടുപോകുകയില്ലായിരുന്നു" എന്ന് സംസാരിച്ചിട്ടുള്ള മറ്റ് വൈദികസഹോദരങ്ങളെ ഞാൻ കണ്ടിട്ടുണ്ട്. എനിക്ക് ഈ അഭിപ്രായത്തോട് വ്യക്തിപരമായി യോജിക്കുവാൻ സാധിക്കുകയില്ല.

മെത്രാൻ തിരുമേനിയും മറ്റ് മേലധികാരികളും നീതി പുലർത്തണം. തങ്ങൾക്ക് ചുമതലയുള്ള വൈദികരെ സ്നേഹത്തോടും കരുതലോടും കാണണം എന്നുതന്നെയാണ് എന്റെയും അഭിപ്രായം. എന്നാൽ അവരുടെ വ്യക്തിപരമായ ബലഹീനത മൂലമോ, ഒരുപക്ഷേ ബോധപൂർവ്വമോ സഹോദര വൈദികർക്ക് വേണ്ട പരിഗണന ലഭിക്കാതെ പോയതിന്റെ പേരിൽ വൈദികപദവി ഉപേക്ഷിക്കാവുന്നതാണോ? സന്യാസജീവിതം വേണ്ട എന്ന് തീരുമാനിക്കാവുന്നതാണോ? ഇത്ര ലാഘവത്തോടെ എടുക്കാവുന്ന ജീവിതാന്തസ്സാണോ ഇവ? ഓരോ വൈദികന്റെയും

www.malankaralibrary.com


ജീവിതം ക്രിസ്തുനാഥനോടുള്ള സമർപ്പണവും സഭയോടുള്ള പ്രതിബദ്ധതയുമാണ്. അല്ലാതെ സഭയിലെ മേലധികാരികളുടെ പെരുമാറ്റത്തിൽ മാത്രം കേന്ദ്രീകരിച്ച്, കൂറുപുലർത്തുകയോ പുലർത്താതിരിക്കുകയോ ചെയ്യേണ്ട ജീവിതാന്തസ്സല്ല. മേലധികാരികളിൽനിന്നും മുറിവുകൾ ഉണ്ടായെന്നു വരാം. മുറിവിന്റെ ആഴത്തിൽ നിന്ന് രക്തം ധാരധാരയായി ഒഴുകിയെന്നു വരാം. വെളിയിലേക്കല്ല ഉള്ളിലേക്ക്. അത് കൂടുതൽ മാരകമാണ്. മേലധികാരികൾ ഇവിടെ കുറ്റവിമുക്തരാവുന്നില്ല.

നന്മ മാത്രം ചെയ്യുന്ന കർത്താവിന് താൻ സ്നേഹിച്ച ശിഷ്യരിൽനിന്നും ജനങ്ങളിൽനിന്നും അന്നത്തെ ഭരണകൂടത്തിൽനിന്നും പുരോഹിത പ്രമാണികളിൽനിന്നും തിരസ്ക്കരണവും നന്ദികേടും അനീതിയും മാത്രം ലഭിച്ചു. കർത്താവ് ഇതിന്റെ പേരിൽ തളർന്നുപോയില്ല. പിതാവ് തന്നെ ഏല്പിച്ച ദൗത്യം പൂർത്തീകരിക്കുവാൻ മുന്നോട്ടുതന്നെ പോയി. ഭയം തോന്നി. തീവ്രമായ വേദന സഹിച്ചു. ഇതൊന്നും കർത്താവിനെ തന്റെ ദൗത്യനിർവ്വഹണത്തിൽനിന്ന് പിന്തിരിപ്പിച്ചില്ല. ഈ നാഥന്റെ കുരിശിനെ, കാൽപ്പാടിനെ പിൻചെല്ലാനുള്ള വിളിയാണ് ഓരോ വൈദികനും ലഭിച്ചിരിക്കുന്നത്. അല്ലാതെ ലോകത്തിലെ പദവിയും അംഗീകാരവുമല്ല. അവ ലഭിക്കുന്നതാണെങ്കിൽ നന്ദിയോടെ സ്വീകരിച്ച് സഭാശുശ്രൂഷ ചെയ്യുക. അർഹത ഉണ്ടായിട്ടും ഇതൊന്നും കിട്ടിയില്ലെങ്കിൽ ജീവിതം വലിച്ചെറിയാനുള്ളതല്ല. ഈ സന്ദേശമാണ് എനിക്ക് വൈദിക പരിശീലനകാലത്ത് കിട്ടിയിട്ടുള്ളത്. ബിഷപ്പ് ഷീൻ തിരുമേനി പറഞ്ഞു "No one has left the church of something, but for something. എന്തെങ്കിലും ശരിയായ കാരണം നിമിത്തം ആരും സഭയെ ഉപേക്ഷിച്ചിട്ടില്ല, എന്നാൽ ഏതെങ്കിലും സ്വാർത്ഥതാൽപര്യത്തിനായിട്ടാണ്. സ്വയം നീതീകരിക്കുവാൻ പിന്നീട് സഭയെയും മേലധികാരികളെയും പഴിചാരുന്നു.

പണം, പദവി, പെണ്ണ് ഈ മൂന്ന് കാര്യങ്ങൾ മനുഷ്യനെ എപ്പോഴും പ്രലോഭിപ്പിക്കുന്ന ഘടകങ്ങളാണ്. ഇതിൽ വൈദികൻ, സന്യാസി, അത്മായ വ്യത്യാസമില്ല. ഒരാൾക്ക് പണത്തോട് ആസക്തിയെങ്കിൽ, വേറെ ഒരാൾക്ക് പദവിയും പ്രതാപവും കിട്ടാനുള്ള അഭിവാഞ്ചയാണ്. വേറെ ഒരാൾക്ക് പെണ്ണിനോടുള്ള അനിയന്ത്രിത മോഹമായിരിക്കാം. ഇതിനായുള്ള സംഘർഷവും സംഘട്ടനവും നിരന്തരം മനുഷ്യമനസ്സിൽ കൂടുതലായോ കുറവായോ ഉണ്ടായിക്കൊണ്ടിരിക്കും. 'ഞാൻ ദുർഭഗനായ മനുഷ്യൻ' എന്ന് വി. പൗലോസിനോട് ചേർന്ന് നമുക്കെല്ലാം പറയേണ്ട നിമിഷങ്ങൾ ഉണ്ടാകാറുണ്ട്. ഈ ദുരവസ്ഥയിൽ നിന്ന് ആരു മോചനം

www.malankaralibrary.com


നൽകും. അതിനുള്ള ഉത്തരം വചനത്തിൽതന്നെയുണ്ട് — കർത്താവായ യേശുക്രിസ്തുവഴി (റോമാ 7: 24-25). ഓരോ വൈദികന്റെയും ജീവിതം നിരന്തരം കർത്താവിൽ സമർപ്പിക്കാതെ പോയെങ്കിൽ, ത്രിവിധപരീക്ഷകൾ ഏതെങ്കിലും ഒന്നോ എല്ലാമോ അദ്ദേഹത്തെ ബന്ധനത്തിൽ ആക്കും, തീർച്ച. അതിൽ നിന്ന് രക്ഷപ്പെടാൻ സാധിക്കാത്ത ദുർഭഗാവസ്ഥയിൽ എത്തിനില്ക്കും. ഓരോ വൈദികനിലും നിരന്തരം പെയ്തിറങ്ങുന്ന അനുഗ്രഹവർഷം ധ്യാനിച്ചാൽ, ഏതു പരീക്ഷണത്തിലും വേദനയിലും പിടിച്ച് നിൽക്കുവാൻ സാധിക്കും. പൂനയിൽ എന്റെ ആത്മീയഗുരുവായിരുന്ന ക്രീം അച്ചൻ വർഷങ്ങൾക്കുമുമ്പ് പറഞ്ഞ ഒരു സംഭവം ഓർക്കുന്നു. അദ്ദേഹം ജർമ്മനിയിൽ പോയപ്പോൾ ഒരു ടാക്സി കാറിൽ കയറി. അദ്ദേഹത്തിന്റെ ലക്ഷ്യസ്ഥാനത്ത് ചെന്നപ്പോൾ ടാക്സിക്കാരന് കൂലി കൊടുത്തു. ടാക്സി ഡ്രൈവർ പറഞ്ഞു. "ഫാദർ, ഞാനൊരു വൈദികനായിരുന്നു. അത് ഉപേക്ഷിച്ചതാണ്. ഇപ്പോൾ ഈ അവസ്ഥയിൽ എനിക്കുവേണ്ടി പ്രാർത്ഥിക്കുക" എന്ന്. സെമിനാരിയിൽ പഠിക്കുമ്പോൾ ഒരു പുസ്തകം വായിച്ചതായി ഓർക്കുന്നു. അതിന്റെ എഴുത്തുകാരന്റെ പേര് ഇപ്പോൾ ഓർക്കുന്നില്ല. അമേരിക്കയിലുള്ള ഒരു വൈദികൻ വൈദികവിളി ഉപേക്ഷിച്ചു. പിന്നീട് അദ്ദേഹം തന്നെ എഴുതിയ പുസ്തകമാണ് 'Sheep without shepherd; Shepherd in the mist.' ഒരു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു, ഒരു ദിവസം അദ്ദേഹവും അമ്മയുംകൂടി ഒരു കാറിൽ യാത്ര ചെയ്യുകയാണ്. അപ്പോൾ അതിശക്തമായ കാറ്റും ഇടിമിന്നലും മഴയും. പേടിച്ചരണ്ട അമ്മ മകനെ കെട്ടിപ്പിടിച്ച് പറഞ്ഞു. 'മരിച്ചാലും എന്റെ മകൻ (Priest) എന്റെ കൂടെയുണ്ടല്ലോ' — ഈ വാക്ക് അദ്ദേഹത്തെ പിടിച്ചുലച്ചു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഏത് ആപത്തിലും ഒരു വൈദികനിൽനിന്ന് ലഭിക്കുന്ന സാന്ത്വനം.

സെമിനാരിയിൽനിന്നു 1966-ൽ ഞാൻ ചന്ദനപ്പള്ളിയിൽ എത്തി. എന്നെ സഹായിക്കുവാൻ കാഞ്ഞിരംപാറയിൽനിന്ന് ഒരു കൊച്ചുപയ്യനും. പള്ളിവികാരി ആന്റണി അച്ചൻ തട്ടയിൽ താമസിക്കുന്നു. ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്ക് ചന്ദനപ്പള്ളിയിൽ വരും. രണ്ടുതവണ ബഹുമാനപ്പെട്ട തോമസ് പെരുമല അച്ചൻ (ഓർത്തഡോക്സിൽനിന്നും വന്നത്) വിശുദ്ധ കുർബാന അർപ്പിക്കും. ആന്റണി അച്ചന് കൊടുമൺ, ആനന്ദപ്പള്ളി ഇവയുടെ വികാരിസ്ഥാനം കൂടിയുണ്ട്. ചന്ദനപ്പള്ളി മുക്കിന് തൊട്ടടുത്ത് സ്ഥലം വാങ്ങി ഒരു വലിയ പള്ളി ആന്റണി അച്ചൻ പണികഴിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ചന്ദനപ്പള്ളി ഓർത്തഡോക്സ് പള്ളിയിലെ

www.malankaralibrary.com


ഗീവർഗീസ് സഹദായുടെ തിരുനാൾ പ്രസിദ്ധമാണ്. ആയിരങ്ങൾ കൂടുന്നതാണ്. ഓർത്തഡോക്സിൽനിന്നും കത്തോലിക്കാസഭയിൽ വന്ന ആളുകൾക്ക് ഇപ്പോഴത്തെ ബഥനിമഠത്തോടു ചേർന്ന് ഒരു ചെറിയ ചാപ്പൽ മാത്രം. കത്തോലിക്കർക്ക് 'മേൽവിലാസം' ഇല്ലാത്ത അവസ്ഥ. ഓർത്തഡോക്സുകാർ നമ്മുടെ വളർച്ചയെ വളരെ ഞെരുക്കിക്കൊണ്ടിരുന്നു. ആന്റണിയച്ചൻ വികാരിയായി വന്നപ്പോൾ അദ്ദേഹത്തിന്റെ ഉള്ളിൽ തിരയടിച്ചുപൊങ്ങിയ ആഗ്രഹം ഇവിടെ കത്തോലിക്കന് ഒരു മേൽവിലാസം ഉണ്ടാക്കണമെന്ന്. കിഴക്ക് ഓർത്തഡോക്സുകാരെ കടത്തിവെട്ടുന്ന ഒരു വലിയ മനോഹരമായ പള്ളി പണിയണമെന്നുള്ള ആഗ്രഹം, തീരുമാനം അതിന് സ്ഥലം വേണ്ടേ? ഒരിഞ്ച് സ്ഥലം ഓർത്തഡോക്സുകാർ റീത്തുകാർക്ക് വിൽക്കുകയോ, വിൽപ്പിക്കുകയോ ഇല്ല. സഭയിൽ ചേർന്ന എണ്ണശ്ശേരിയിൽ ഉണ്ണൂണ്ണിച്ചൻ (E.G. Varghese) ചന്ദനപ്പള്ളി മുക്കിനടുത്ത് ഈഴവരുടെ വകയായ സ്ഥലം വാങ്ങി. തന്ത്രപൂർവ്വമായ നീക്കമായിരുന്നു. ആ സ്ഥലം അദ്ദേഹം പള്ളിക്ക് എഴുതിക്കൊടുത്തു. ആന്റണിയച്ചൻ പള്ളിപണി തുടങ്ങി. അപ്പോഴാണ് വിവരം ഓർത്തഡോക്സുകാർ അറിയുന്നത്. അവർക്ക് ഒന്നും ചെയ്യുവാൻ സാധിക്കാതെയായി. ചേർത്തല ഭാഗത്തുനിന്നുള്ള ആന്റണിയച്ചൻ വേളാങ്കണ്ണി പള്ളി മാതൃകയിൽ ഒരു വലിയ പള്ളിക്ക് രൂപകല്പന ചെയ്തു. അദ്ദേഹം ഒരു കലാകാരനുമായിരുന്നു. ഇത്രയും വലിയ ഒരു പള്ളിക്കുള്ള അനുവാദം അരമനയിൽനിന്നും ലഭിച്ചിട്ടില്ല. അന്നത്തെ സാമ്പത്തികക്ലേശംമൂലം വലിയ പള്ളികൾ ഒന്നും പണിയാൻ ഗ്രിഗോറിയോസ് പിതാവ് അനുവാദം കൊടുത്തിരുന്നില്ല. ആ സമയത്ത് ഇടവകകളിൽ എല്ലാം സാമ്പത്തിക പരാധീനത ഉള്ളവരായിരുന്നു. വിദേശജോലിക്കാർ മിക്കവാറും ഇല്ല. അതുകൊണ്ട് ആളുകളിൽനിന്ന് കാര്യമായ സംഭാവന പള്ളിപ്പണിക്ക് ലഭിച്ചിരുന്നില്ല. ഇന്ന് ആ സാഹചര്യം മാറിയിട്ടുണ്ട്. ആന്റണി അച്ചൻ വളരെ പണിപ്പെട്ട് പള്ളിപ്പണി ഏതാണ്ട് മുക്കാൽ ഭാഗമാക്കി. കൈ തീരെ കുഴഞ്ഞു. മുമ്പോട്ടു പോകാൻ സാധ്യമല്ലാതായി. പുതിയ പള്ളിയുടെ മുമ്പിലും പുറകിലുമായി തീർക്കേണ്ട താഴികക്കുടം മുകളിലേക്ക് കെട്ടിപ്പൊക്കാൻ നിവൃത്തിയില്ലാതെ, ഇന്നത്തെ സ്ഥിതിയിൽ പണി നിറുത്തേണ്ടിവന്നു. എങ്കിലും ചന്ദനപ്പള്ളി കവലയിൽ വന്നിറങ്ങുന്ന ആരും ആദ്യം കാണുന്നത് ആകാശത്ത് തല ഉയർത്തി നിൽക്കുന്ന ഈ ദൈവാലയമാണ്. ഗീവർഗീസ് സഹദായുടെ തിരുനാളിനു ഓർത്തഡോക്സ് പള്ളിയിൽ പോകുന്നവർ, ആദ്യമായി ഈ കത്തോലിക്കാ

www.malankaralibrary.com


ദൈവാലയത്തിൽ കയറി നേർച്ച ഇട്ട് പ്രാർത്ഥിച്ചിട്ടാണ് കിഴക്ക് ഓർത്ത ഡോക്സ് പള്ളിയിൽ പോകുന്നത്. ഓർത്തഡോക്സ് പള്ളി അടുത്തകാലത്തു പുതുക്കിപ്പണിതു വലുതാക്കി. എങ്കിലും നമ്മുടെ പള്ളിയുടെ മഹത്ത്വം കുറഞ്ഞിട്ടില്ല. കല്ലുമലയിൽ ഡ്രോയിംഗ് മാസ്റ്റർ ആയ കാഞ്ഞിക്കൽ ചാക്കോ സാറിനെ വരുത്തി, പള്ളിക്കകത്തു കർത്താവിന്റെ അന്ത്യ അത്താഴത്തിന്റെ പടം വരപ്പിച്ചു. ഭിത്തികളിൽ ഓരോ തൂണിന്റെ ഭാഗത്ത് ഓരോ കൊടികൾ—കൊടികൾക്കകത്ത് ഒരു സിമ്പോളിക് ചിത്രം—ഈ ഹോളി പിക്ചർ എന്റെ കൈവശം ഉണ്ടായിരുന്നതാണ്. അത് ആന്റണി അച്ചൻ കണ്ടപ്പോഴാണ് ഇങ്ങനെ ഒരോ കൊടികളും അതിൽ ഒരു പടവും വരയ്ക്കാനുള്ള ആശയം ഉദിച്ചത്. ഞാൻ ചന്ദനപ്പള്ളിയിൽ ചെന്നശേഷമാണ് ചാക്കോ സാർ ഇവ രണ്ടും വരച്ചത്.

രണ്ടു മുറികളുള്ള പള്ളിക്കെട്ടിടത്തിൽ ഞാൻ ചെല്ലുമ്പോൾ പള്ളി പണിക്കുള്ള സിമന്റും ചാക്കുകളും വച്ചിരുന്നതുമൂലം വൃത്തിഹീനമായി കിടക്കുകയാണ്. ആന്റണി അച്ചൻ അവിടെ താമസമില്ല. ഞാനും എന്റെ കൂടെ വന്ന പയ്യനും കൂടി കുറെ ദിവസങ്ങൾ കൊണ്ട് മുറി വൃത്തിയാക്കി. പാചകത്തിനു പാത്രങ്ങൾ ഒന്നുമില്ല. ആദ്യമായി പാചകം തുടങ്ങുകയാണ്. അതിനുള്ള പാത്രങ്ങൾ വാങ്ങിച്ചു. കിടക്കുവാനുള്ള പായ്, തലയിണ എല്ലാം വാങ്ങി. അങ്ങനെ ചന്ദനപ്പള്ളിയിലെ എന്റെ വൈദികജീവിതം ആരംഭിച്ചു. അവിടെ ആരെയും പരിചയമില്ല. പള്ളി പണിയുടെ ബുദ്ധിമുട്ടിലായിരുന്നതിനാലും അവിടെ താമസമില്ലാത്തതിനാലും ക്രമമായി വീടുസന്ദർശനം ഇടവകയിൽ ആന്റണി അച്ചൻ നടത്തിയിട്ടില്ല. ചന്ദനപ്പള്ളിയിൽ എല്ലാ ഭവനത്തിലും ഞാൻ സന്ദർശനം നടത്തി. ആന്റണി അച്ചൻ അവരുടെ വല്യച്ചനും ഞാൻ ഇടവകക്കാരുടെ കൊച്ചച്ചനും ആയി. വർഷങ്ങൾ കഴിഞ്ഞിട്ടും, ഞാൻ വയസ്സനായിട്ടും, ചന്ദനപ്പള്ളിയിൽ അന്നു എന്നെ കൊച്ചച്ചൻ എന്ന് വിളിച്ചവർ, ഇന്നും ആ വിളി തുടരുന്നു. കൊടുമൺ, അങ്ങാടിക്കൽ പള്ളികളുടെ പൂർണ്ണ ചുമതലയുള്ള വികാരി ഞാൻ ആയതുകൊണ്ട്, കൂടുതൽ ശ്രദ്ധ അവിടെ കേന്ദ്രീകരിക്കുവാൻ ശ്രമിച്ചു. കൊടുമൺ പള്ളിയിൽ മാസം നാലു ഞായറാഴ്ചകളിലും ചന്ദനപ്പള്ളിയിലും അങ്ങാടിക്കലും മാസം രണ്ടുതവണയും ഞാൻ കുർബാന അർപ്പിച്ചു. ചന്ദനപ്പള്ളിയിൽ രണ്ടുതവണ തോമസ് പെരുമല അച്ചനോ ആന്റണി അച്ചനോ മാറിമാറി അർപ്പിച്ചിരുന്നു. അന്നും എനിക്ക് സ്വന്തമായി വാഹനമില്ല. കൊടുമൺ പള്ളിയിലെ വിശുദ്ധ കുർബാനയ്ക്കുശേഷം കിഴക്കോട്ട് മൈലുകൾ നടന്ന്, ഒറ്റത്തേക്കിൽ ഇറങ്ങി, അങ്ങാടി

www.malankaralibrary.com


ക്കൽ പള്ളിയിൽ വരണം. അവിടെനിന്നു നടന്നു ചന്ദനപ്പള്ളിയിൽ എത്തിയിരുന്നു.

കൊടുമൺ ഇടവക ഏഴുകിലോമീറ്റർ പരിധിയിൽ വീടുകളുള്ള സാമാന്യം വലിയ ഇടവകയായിരുന്നു. കുന്നും ചരുവുകളും ധാരാളമുള്ള ഭൂവിഭാഗം. പുഴൂർ ഭാഗം വരെ കിഴക്കോട്ടും ചിരണിക്കൽ മുരുപ്പുഭാഗം വരെ പടിഞ്ഞാറോട്ടും വ്യാപിച്ചുകിടന്ന ഇടവക. ടാറിംങ് ഇല്ലാതെ പൊടിയും ഉരുളൻകല്ലും നിറഞ്ഞ വഴിത്താര. അന്നത്തെ പള്ളിമൂപ്പൻ ഉണ്ണൂണ്ണിച്ചൻ എനിക്ക് സഹായിയായി. കുർബാന കഴിഞ്ഞ് ഞങ്ങൾ രണ്ടുപേരുംകൂടി ഇടവകയിലെ ഓരോ വീടും ലക്ഷ്യമാക്കി നടക്കുക യാണ്. പലവീടുകളിലും ചെന്നെത്താൻ നല്ല വഴിത്താരകളില്ല. നടന്നു ക്ഷീണിച്ച് ഉച്ചയാകുമ്പോൾ വിശപ്പിന് എന്തെങ്കിലും അച്ചനു നൽകാൻ ഉണ്ണൂണ്ണിച്ചൻ പറയും. മിക്കവാറും എല്ലാവരും ഓലമേഞ്ഞ ചെറിയ വീടുകളിലാണ് താമസം. പറങ്കിമാവുകളും കൈതച്ചക്കയും ധാരാളമുള്ള പുരയിടങ്ങൾ. ചെന്നുകയറുന്ന എല്ലാ വീടുകളിലും പറങ്കിയണ്ടി ചുട്ടുതല്ലി യതും കോഴിമുട്ട പുഴുങ്ങിയതും തരും. എല്ലായിടത്തുനിന്നും കഴിക്കാൻ പറ്റുമോ? മുട്ട കൂടുതൽ കഴിച്ചാൽ പ്രശ്നമല്ലേ. കഴിക്കുവാൻ ഓരോ വീട്ടുകാരും നിർബന്ധിക്കും. അവരുടെ സ്നേഹവും ആതിഥ്യമര്യാദ യുംകൊണ്ടു പറയുന്നതാണ്. ഒരു അച്ചൻ വീട്ടിൽ വന്നാൽ എന്തെങ്കിലും കഴിക്കാതെ പോയാൽ, കൊടുക്കാതെ വന്നാൽ, അതു നല്ലതല്ല എന്നൊരു ചിന്ത അവരിലുണ്ട്. കടുംകാപ്പി ഇഷ്ടംപോലെ കിട്ടും. ചായ പതിവില്ല. അച്ചന്മാർ അതിനുമുമ്പ് കയറിച്ചെല്ലാത്ത വീടുകൾ, പള്ളിയിൽ വരാൻ മടികാണിച്ചിട്ടുള്ളവരുടെ വീടുകൾ, എല്ലാം എന്റെ സന്ദർശനവീടുകളാണ്. എന്റെ സഹായിയായ ഉണ്ണൂണ്ണിച്ചനെ മറക്കാൻ സാധിക്കില്ല. നമ്മുടെ പല ഇടവകകളിലും, അതു വളർത്തിക്കൊണ്ടുവരാൻ പാവപ്പെട്ട ഒത്തി രിപ്പേരുടെ നിശ്ശബ്ദസേവനം ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നു.

കൊടുമൺ ഇടവകയിൽ മുഴുവൻ ശ്രദ്ധകേന്ദ്രീകരിച്ചു. അവരുടെ സ്വന്തമായി ഒരു അച്ചനെ കൊച്ചച്ചനെ കിട്ടുന്നത് എന്നിലൂടെയാണ്. പള്ളിയിൽ പ്രാർത്ഥനായോഗം സംഘടിപ്പിച്ചു. സ്ത്രീസമാജം, യുവജന സംഘടന ഇതെല്ലാം ആരംഭിച്ചു. അന്നു എം.സി.വൈ.എം. രൂപതയിൽ തുടങ്ങിയിട്ടില്ല. ശനിയാഴ്ച രാവിലെ വിശുദ്ധ കുർബാനയും, അതുകഴി ഞ്ഞ് വരുന്ന കുഞ്ഞുങ്ങളെ പാട്ടുകൾ പഠിപ്പിക്കുന്ന പതിവും തുടങ്ങി. തിരുനാൾ ഭംഗിയായി നടത്തി. എനിക്ക് സഹായവും പ്രോത്സാഹനവും തന്നത് ബഹുമാനപ്പെട്ട ആൽബർട്ട് വടക്കേമുറി അച്ചന്റെ (അച്ചൻ മൈനർ

www.malankaralibrary.com


സെമിനാരിയിൽ എന്റെ ശിഷ്യൻ) സഹോദരിയുടെ ഭർത്താവ് വർഗീസ് സാർ ആയിരുന്നു. കൊച്ചുകുട്ടികളെ പരിശീലിപ്പിച്ച്, വിശുദ്ധ കുർബാന യ്ക്ക് അൾത്താര ബാലന്മാരെ ഒരുക്കി. ആരാധന മനോഹരമാക്കാൻ സാധിച്ചു. പള്ളിയിൽ വന്നിട്ടില്ലാത്തവർ വന്നുതുടങ്ങി. പള്ളിയുടെ പടിഞ്ഞാറു ഭാഗത്ത് ഒരു ചെറിയ കുരിശടിക്കുള്ള അടിസ്ഥാനം കെട്ടി. ബഹുമാനപ്പെട്ട ആന്റണി അച്ചൻ ചന്ദനപ്പള്ളി പള്ളിയിൽ സ്വർണ്ണം പൂശിയ കുരിശു വാങ്ങി. ഒന്നുമില്ലാത്ത കൊടുമൺ പള്ളിയിലും ഒരു സ്വർണ്ണക്കുരിശു വാങ്ങിക്കണം എന്ന് എന്റെ യുവത്വത്തിൽ ഒരാഗ്രഹം. പള്ളിയിൽ പണമില്ല. ആളുകളും പാവപ്പെട്ടവർ. തൃശ്ശൂർക്കാരോട് ഒരു കുരിശിന് ഓർഡർ കൊടുത്തു. ഈ വിവരം ഞാൻ പള്ളിയിൽ ആരോടും പറഞ്ഞില്ല. നോമ്പുകഴിഞ്ഞ് എല്ലാ വീടുകളിലും വീടു കൂദാശയുടെ സമയം. വീട് കൂദാശയ്ക്കുവരുമ്പോൾ എല്ലാവരും എനിക്ക് ഔദാര്യമായി സംഭാവന തരണമെന്നു പറഞ്ഞു. മറ്റുള്ളവരിൽനിന്ന് പണം വാങ്ങിക്കുന്ന തിൽ ആർത്തി കാണിക്കാത്ത അച്ചൻ ഇങ്ങനെ പ്രസ്താവിച്ചതിൽ പലർക്കും അത്ഭുതമായി. കൂടുതൽ വീട്ടുകാരും രണ്ടുരൂപ വീതം തന്നു. സാമ്പത്തികമുള്ള മൂന്നുനാലു വീടുകൾ ഇടവകയിലുണ്ട്. അവർ അഞ്ചു രൂപാവീതം തന്നു. രണ്ടു വീടുകൾ 10 രൂപാ തന്നതായി ഓർക്കുന്നു. 500 രൂപയോളം ലഭിച്ചു. രണ്ടുമൂന്ന് യുവാക്കൾക്ക് പട്ടാളത്തിൽ ജോലി യുണ്ട്. അവർക്ക് എഴുതി 20 രൂപാ അയച്ചുതന്നു.

ഈ അവസരത്തിൽ ഇടവകയിൽ ഒരു മരണം നടന്നു. പള്ളിവക ഒരു യു.പി.സ്കൂൾ പള്ളിക്ക് അടുത്തുണ്ട്. വൈകിട്ട് ക്ലാസ്സുവിട്ട് കുട്ടികൾ വീടുകളിൽ പോകുന്നതു ഞാൻ കണ്ടു. കുട്ടികൾ വീടുകളിൽ ചെന്നു കാണും. ഈ സമയത്തിനുള്ളിൽ ഒരാൾ എന്റെ അടുത്ത് ഓടിവന്നു. കോട്ടക്കുഴിയിൽ അന്ത്രയോസ്സിന്റെ മകൾ പെട്ടെന്നു മരിച്ചുപോയെന്നുള്ള വിവരവുമായി. പന്ത്രണ്ടുവയസ്സുകാണും. സ്കൂൾവിട്ട് ഈ മകൾ പോകുന്നതു ഞാൻ കണ്ടതാണ്. വീട്ടിൽ ചെന്നയുടനെ അസുഖമായി മരിച്ചു. എനിക്ക് വലിയ ഷോക്ക് ആയ സംഭവം. സെമിനാരിയിൽ എന്റെ സഹപാഠിയായിരുന്ന പള്ളിവാതുക്കൽ ശമുവേൽ അച്ചന്റെ അനുജൻ ജോഷ്വാ വിവാഹം കഴിച്ചത് ഈ മരിച്ച മകളുടെ ജ്യേഷ്ഠത്തി യെയാണ്. ഈ വിവാഹം ഞാൻ പരിചയപ്പെടുത്തിക്കൊടുത്തതാണ്. മറ്റുള്ളവരുടെ വേദനകളിൽ എന്റെ മനസ്സ് പെട്ടെന്നു ദുർബലമാകാറുണ്ട്. മകളുടെ സംസ്കാരത്തിനു പ്രാർത്ഥന ചൊല്ലുവാൻ വീട്ടിലെത്തി, പ്രാർത്ഥന തുടങ്ങി. എനിക്കു വല്ലാത്ത കരച്ചിൽ വന്നു. 15 മിനിറ്റോളം

www.malankaralibrary.com


ഞാൻ തേങ്ങിക്കരഞ്ഞു. ഒരു കുഞ്ഞുമാലാഖ കട്ടിലിൽ നിശ്ചേഷ്ടയായി കിടക്കുന്നു. അതിസുന്ദരിയായ കുട്ടി ആയിരുന്നു. പതിനഞ്ചു മിനിട്ടു കരഞ്ഞശേഷം, പ്രാർത്ഥന തുടർന്നു. ഇതിനുശേഷം വേറെ ഒരിടവക യിലും സമാനമായ വിഷമം എനിക്കുണ്ടായി. പത്തുവർഷത്തിനുശേഷം കാരയ്ക്കാട്ട് ഇടവകയുടെ ചുമതല നോക്കുന്നകാലം. ഇടവകയിലെ പാവപ്പെട്ട ഒരു വീട്ടിലെ കൊച്ചുമകൾക്ക് 9-10 വയസ്സുകാണും. അവൾ പള്ളിയിൽ മുടങ്ങാതെ വരും. ചെറിയ ഡാൻസുകൾ സൺഡേസ്കൂളിൽ അവതരിപ്പിക്കും. പിതാവ് മദ്യപാനിയാണ്. തടിവെട്ടാൻ പോകും. തരക്കേടില്ലാത്ത കൂലികിട്ടും. ഭാര്യ എന്നോടു പരാതി പറയും. 'അച്ചാ, കുടിച്ചിട്ട് വന്ന് എന്നെ ഉപദ്രവിക്കും—വീട്ടിലെ ചെലവിനു കാര്യമായി ഒന്നും തരത്തില്ല.' ഓലമേഞ്ഞ ചെറിയവീട്. ഓലമേഞ്ഞതുകൊണ്ട് സൈഡുകൾ മറച്ചിരിക്കുന്നു. ഒരു ദിവസം ഞാൻ വൈകിട്ട് ഏതോ വീടുകളിൽ പോയിട്ടുവരുമ്പോൾ, കൊച്ചുമകളുടെ അമ്മ മകളെ ഒക്കത്തുവ ച്ചുകൊണ്ട് കുളനട ആശുപത്രിയെ ലക്ഷ്യമാക്കി പോകുന്നു. മകൾക്ക് തീരെ വയ്യ, പനിയാണെന്നു അമ്മ പറഞ്ഞു. എന്റെ പോക്കറ്റിൽ കുറച്ചു രൂപാ ഉണ്ടായിരുന്നു. അതു ഞാൻ എടുത്തു അമ്മയെ ഏൽപ്പിച്ചു. അന്നു രാത്രി ഞാൻ ഉറങ്ങാൻ കിടന്നു, ഉറക്കമായി. പത്തുമണി കഴിഞ്ഞ്, ആരോ കതകിൽ മുട്ടുന്നു. ഉണർന്ന് എഴുന്നേറ്റുനോക്കിയപ്പോൾ ഈ മകളുടെ പിതാവ്, അച്ചാ, മകൾ മരിച്ചുപോയി എന്നു പറഞ്ഞു. പെട്ടെന്നാ യിരുന്നു, എന്റെ പ്രതികരണം. "മകൾ മരിച്ചതല്ല, ഇദ്ദേഹം കൊന്നതാണ്," എന്നു ഞാൻ പെട്ടെന്നു പറഞ്ഞുപോയി.

ആവശ്യത്തിനു ആഹാരം ലഭിക്കാതെ, പ്രായത്തിനനുസരിച്ചുള്ള വളർച്ച വരാത്ത കുട്ടി. പലപ്രാവശ്യം ഞാൻ ഈ അപ്പനെ പള്ളിയിൽ വിശുദ്ധ കുർബാനയ്ക്ക് വിളിച്ചിട്ടുണ്ട്. വരാം എന്നു പറയും പക്ഷെ വരില്ല. മദ്യപന്മാരുടെ കുടുംബത്തിൽ ഉണ്ടാകുന്ന കഷ്ടത, ദുരന്തം വർണ്ണനാതീതമാണ്. സ്വന്തം ഭാര്യയെയും മക്കളെയുംകാൾ മദ്യത്തെയും മദ്യപാനികളായ കൂട്ടുകാരെയും സ്നേഹിക്കുന്ന മദ്യപന്മാരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. മദ്യത്തിന്റെ നീരാളിപ്പിടുത്തം, കൂടുതൽ യുവജന ങ്ങളും ഇന്ന് ബന്ധനത്തിലായിരിക്കുന്നു. പിതാവിന്റെ മദ്യപാനത്തിൽ ദാരിദ്ര്യം അനുഭവിക്കുന്ന, പട്ടിണിക്കോലമായ ഭാര്യമാർ, കുഞ്ഞുങ്ങൾ— പലരെ ഇടവകകളിൽ ഞാൻ കണ്ടിട്ടുണ്ട്. കരഞ്ഞു കലങ്ങിയ കണ്ണുകളു മായി നിൽക്കുന്ന ഭാര്യമാരുടെ നൊമ്പരങ്ങൾ ആർക്ക് മാറ്റാൻ സാധിക്കും? പിശാചിന്റെ ഈ പാനീയം ഇന്നു സുലഭമായി ലഭിക്കുന്നു. ഞാൻ ഈ

www.malankaralibrary.com


മകളുടെ സംസ്കാരത്തിനു പോയി. ഇവിടെയും പ്രാർത്ഥന തുടരാൻ സാധിക്കാതെ, ഈ മാലാഖക്കുഞ്ഞിന്റെ മൃതശരീരം നോക്കി കുറെനേരം കരഞ്ഞു.

കൊടുമൺ, അങ്ങാടിക്കൽ ഇടവകയിലെ കാര്യങ്ങൾ ശ്രദ്ധിക്കുന്ന തിനോടൊപ്പം, ഞാൻ താമസിച്ച ചന്ദനപ്പള്ളി ഇടവകയിലെ ശുശ്രൂഷ യിലും താൽപര്യമായി ഉൾക്കൊണ്ടു. എല്ലാവരെയും പരിചയപ്പെട്ടു. ഇതിനകം ചന്ദനപ്പള്ളിയിൽ ഒരു മരണം നടന്നതു പ്രത്യേകം എടുത്തു പറയേണ്ടതാണ്. ആന്റണി അച്ചന്റെ വലംകൈയായി നിന്നു പള്ളിപ്പുര യിടം വാങ്ങുന്നതിനും, തുടർന്നുള്ള പണിക്കുമെല്ലാം ആത്മാർത്ഥമായി പ്രവർത്തിച്ച എണ്ണശ്ശേരിൽ ശമുവേൽ, ഹൃദയസ്തംഭനമായി പെട്ടെന്നു മരിച്ചു. അധികം പ്രായമില്ലായിരുന്നു. ചന്ദനപ്പള്ളി മുക്കിൽ നല്ല കച്ചവടം നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. പുകയില വ്യാപാരത്തിൽക്കൂടി നല്ല സാമ്പത്തിക നേട്ടം, എണ്ണശ്ശേരിൽ മൂത്ത E.G. ഗീവർഗീസ് ഉണ്ടാക്കി. ചന്ദനപ്പള്ളിയിൽ, ആ കാലത്തെ വളരെ വലിയ കെട്ടിടം പണിതു കുടുംബസമേതം താമസിക്കുകയാണ്. ഞാൻ കേട്ടറിഞ്ഞത് അദ്ദേഹത്തി ന്റെ അനുജൻ ശമുവേൽ ജോലിയൊന്നുമില്ലാതെ പ്രത്യേക വരുമാനമൊ ന്നുമില്ലാതെ നിൽക്കുമ്പോൾ ജ്യേഷ്ഠൻ പണികഴിപ്പിച്ച്, തുടങ്ങിയ കടയിൽ ഇരുന്നു കാര്യങ്ങൾ നടത്താൻ ചുമതലപ്പെടുത്തി. ഈ കച്ചവടം ശമുവേൽ ഏറ്റെടുത്ത് സ്വന്തമായി നടത്തി വരവേയാണ് ഹൃദയസ്തംഭന ത്തിൽ അദ്ദേഹം മരിച്ചത്. അനുജന്റെ പ്രതീക്ഷിക്കാത്ത പെട്ടെന്നുള്ള മരണം ജ്യേഷ്ഠനെ വല്ലാതെ പിടിച്ചുലച്ചു. ശവസംസ്ക്കാര കാര്യങ്ങ ളിലെല്ലാം അദ്ദേഹം സജീവമായി പങ്കെടുത്തു. ഏതാണ്ട് ഒരു വർഷം കഴിഞ്ഞപ്പോൾ ജ്യേഷ്ഠൻ E.G. ഗീവർഗീസ് പെട്ടെന്നു മരിച്ചു എന്നത് വേറൊരു ദുഃഖസത്യം.

ഒത്തിരി സ്നേഹവും സഹകരണവുമുള്ള ഇടവകയായിരുന്നു കൊടുമൺ. അവരുടെ ഓരോ ഭവനങ്ങളിലും കയറിയിറങ്ങി അവരെ തൊട്ടറിഞ്ഞ ആദ്യത്തെ വൈദികനായിരുന്നു ഞാൻ. അതിന്റെ സ്നേഹം ഇന്നും പഴയ തലമുറയ്ക്കുണ്ട്. പിന്നീടു വന്ന വികാരിമാർക്ക് വാഹനസൗ കര്യങ്ങൾ ഉണ്ടായിരുന്നു. എനിക്കനുഭവപ്പെട്ട ബുദ്ധിമുട്ട് അവർക്ക് ഇല്ലായിരുന്നു. താമസത്തിനു പള്ളിക്കെട്ടിടവും ഉണ്ടായിരുന്നു. ഇങ്ങനെ ഇടവകയിൽ ഒരു അടിസ്ഥാനമിട്ട്, കാര്യങ്ങൾ ഭംഗിയായി ക്രമീകരിച്ചുകൊ ണ്ടിരിക്കുമ്പോൾ 1968 മെയ് 15 ന് എഴുതിയ ഒരു കല്പന സ്ഥലംമാറ്റം— പോസ്റ്റിൽ എനിക്കു കിട്ടി— തട്ടപള്ളിയിലെ വികാരിയായി നിയമിച്ചുകൊ

www.malankaralibrary.com


ണ്ടുള്ള പിതാവിന്റെ കല്പന—അക്ഷരാർത്ഥത്തിൽ എനിക്കത് തെല്ല് ഞെട്ടലുളവാക്കി. ഏതാണ്ട് ഒന്നര വർഷം കഴിഞ്ഞതേയുള്ളൂ കൊടുമൺ പള്ളിയുടെ ചുമതല കിട്ടിയിട്ട്. ഇത്രയും പെട്ടെന്ന് ഒരു സ്ഥലംമാറ്റം ഞാൻ പ്രതീക്ഷിച്ചില്ല. മാത്യു തേക്കുംകാട്ടിൽ അച്ചനെ തട്ടപ്പള്ളിയുടെ വികാരിയായി നിയമിക്കുകയും ഏകദേശം പതിന്നാല് വർഷം തട്ട ഇടവകയിലായിരുന്ന ആന്റണി അച്ചനെ അടൂർ പള്ളിയുടെ വികാരിയായി സ്ഥലം മാറ്റുകയും ചെയ്തു. പുതിയ വികാരി തട്ടയിൽ ചാർജ്ജ് എടുത്തിട്ടും ആന്റണി അച്ചൻ അവിടെ നിന്ന് താമസം മാറ്റിയില്ല. ഇതിന്റെ പേരിൽ തേക്കുംകാട്ടിലച്ചനുമായി അഭിപ്രായവ്യത്യാസം ഉണ്ടായി. ഒരു ദിവസം നേരത്തെ എന്നോട് ഒന്നും പറയാതെ ഒരു കാളവണ്ടിയിൽ കുറെ സാധനങ്ങളുമായി ബഹു. ആന്റണി അച്ചൻ ചന്ദനപ്പള്ളിയിൽ വന്നു. അവിടെ ഒരു മുറിയിൽ ഞാൻ താമസിക്കുന്നു. അടുത്ത മുറിയിൽ എന്റെ ബോയിയും താമസം. ആ മുറി അച്ചനുവേണ്ടി ഒഴിഞ്ഞുകൊടുത്തു. ആന്റണി അച്ചനുമായി വളരെ താത്പര്യമുള്ള തട്ടയിലെ ഒരു ഇടവകക്കാരൻ തേക്കുംകാട്ടിലച്ചനെ മുറിപ്പെടുത്തുന്ന രീതിയിൽ സംസാരിച്ചു. ഈ സാഹചര്യത്തിൽ കഷ്ടിച്ച് ആറ് മാസം തട്ടയിൽ ചുമതല നോക്കിയ തേക്കുംകാട്ടിൽ അച്ചൻ മാറ്റത്തിന് ആവശ്യപ്പെട്ടു. അതനുസരിച്ചാണ് എന്നെ തട്ടയിലേക്ക് പെട്ടെന്ന് മാറ്റിയത്. തട്ട, ആനന്ദപ്പള്ളി, പൊങ്ങലടി കിഴക്ക് ഇടവകകളുടെ വികാരിയായിട്ടുള്ള നിയമനം. എന്റെ സ്ഥലംമാറ്റത്തിന്റെ കല്പന ഞാൻ പള്ളിയിൽ വായിച്ചു. പലരും പൊട്ടിക്കരഞ്ഞു. എനിക്ക് വീടുകൂദാശയ്ക്കു പോയപ്പോൾ ദൈവജനം തന്ന തുകയും, ഇടവകയിലെ യുവജനങ്ങൾ പട്ടാളത്തിൽ നിന്നയച്ചുതന്ന തുകയും പള്ളിക്കമ്മറ്റിയെ ഏൽപ്പിച്ചു. ഞാൻ ഒരു സ്വർണ്ണക്കുരിശ് പള്ളിക്കായി ഓർഡർ ചെയ്തിട്ടുള്ള വിവരം അവരോട് പറഞ്ഞു. അന്ന് സ്വർണ്ണക്കുരിശിന് 1200 രൂപ വിലയുണ്ട്. കൊടുമൺ ഇടവകക്കാരോട് വിടപറഞ്ഞ് പിരിഞ്ഞുപോകുന്നതിൽ ഉള്ളിലുള്ള വേദന കടിച്ചമർത്തി ഞാൻ തട്ടയിലേക്ക് പോന്നു.

www.malankaralibrary.com

അധ്യായം 5

# പകലതയിലേക്ക് പ്രാർത്ഥനയോടെ

തട്ടപള്ളിയിലെത്തിയശേഷം സമയമെടുത്ത് വീടുകൾ എല്ലാം സന്ദർശിച്ചു. വീടുകൂദാശകൾ നടത്തി. ക്രിസ്മസ് കരോളിന് നാല് ദിവസവും ഞാൻ കുട്ടികളോടൊപ്പം പോയി. പാട്ടുപാടുകയും നേതൃത്വം നൽകുകയും ചെയ്തു. കുട്ടികളെ പാട്ടുപഠിപ്പിച്ച് സൺഡേസ്കൂൾ ഡിസ്ട്രിക്റ്റ് തലത്തിൽ മത്സരത്തിന് അയച്ചു. ഇതിനകം എന്റെ സഹോദരൻ എനിക്ക് ഒരു ടേപ്പ് റിക്കോർഡർ നൈജീരിയായിൽനിന്നും കൊണ്ടുവന്നു. പുതിയ പാട്ടുകൾ റിക്കോർഡ് ചെയ്ത് പഠിക്കുവാനും പഠിപ്പിക്കുവാനും അത് സഹായിച്ചു. പള്ളിക്ക് പുതുതായി മൈക്ക് സെറ്റ്—ഒരു കൊടിമരം ഇവ ക്രമപ്പെടുത്തി. തട്ടയിൽ സുന്ദരമായ വയലേലകൾ ഉണ്ടായിരുന്നു. നെന്മണികൾ നിറഞ്ഞ കതിർക്കുലകൾ കാറ്റത്ത് ആടിയുലയുന്ന നെൽപ്പാടങ്ങൾ ചേതോഹരമായിരുന്നു. ഇന്ന് ആ നിലങ്ങളെല്ലാം കമ്പിയും സിമന്റും കൊണ്ട് ഉണ്ടാക്കിയ വാർത്ത കെട്ടിടങ്ങളാൽ നിറഞ്ഞ് സുന്ദരമായ പ്രകൃതിയെ വിരൂപമാക്കിയിരിക്കുന്നു.

പൊങ്ങലടി കിഴക്ക് പള്ളിയിലേക്കുള്ള യാത്ര ദുർഘടമായിരുന്നു. പള്ളി ചെറിയ കുന്നിൻപുറത്തായിരുന്നു. എല്ലാവരുംതന്നെ വളരെ പാവപ്പെട്ടവർ. അല്പമെങ്കിലും സാമ്പത്തികമുള്ള കുളത്തുംകരോട്ട് ശ്രീ. ജോർജ്ജിന്റെ വീട്ടിൽനിന്നായിരുന്നു വിശുദ്ധ കുർബാന കഴിഞ്ഞ് ആഹാരം കഴിച്ചിരുന്നത്. മറ്റു വീട്ടുകാരും പലപ്പോഴും ആഹാരം തന്നിട്ടുണ്ട്. ചന്ദനപ്പള്ളിയിലെ മഠത്തിൽനിന്നുള്ള സിസ്റ്റേഴ്സ് സെഗ്ദാസ്, ജെമ്മ, സായൂജ്യ എന്നിവർ ഈ ഇടവകകളിൽ വന്ന് എന്നെ സഹായിച്ചിട്ടുണ്ട്. ജോൺ പ്ലാവിളയിൽ, മാത്യൂ ആലുംമൂട്ടിൽ, ക്രിസോസ്റ്റം ഒ.ഐ.സി., വിയാനി ഒ.ഐ.സി. എന്നിവർ അന്ന് വൈദികവിദ്യാർത്ഥികളായിരുന്നു. ഇവരെല്ലാവരും വൈദികരായി. ആനന്ദപ്പള്ളിയിൽ ഒരു ദളിത് ക്രിസ്ത്യാനിക്ക് ഞാൻ ഒരു ചെറിയ വീട് പണിതുകൊടുത്തു. അതിന് താക്കോൽദാനം മാർ ഗ്രിഗോറിയോസ് പിതാവ് നിർവ്വഹിച്ചു.

www.malankaralibrary.com


ഞാൻ തട്ടയിൽ കുട്ടികളോടും യുവജനങ്ങളോടും കൂടുതൽ ഇടപെടുന്നു എന്നൊരു പരാതി ഒരാൾക്കുണ്ടായി. ഇദ്ദേഹം തന്നെയാണ് തേക്കുംകാട്ടിൽ അച്ചനും ബുദ്ധിമുട്ട് ഉണ്ടാക്കിയത്. ഈ ആളിന്റെ പരാതി കേൾക്കാൻ ഗ്രിഗോറിയോസ് പിതാവ് തട്ട പള്ളിയിൽ വന്നു. യുവജനങ്ങൾ വികാരിയച്ചനോട് ഇടപെടുന്നതല്ലേ നല്ലത്, അല്ലാതെ മാടക്കടയിലും കള്ളുഷാപ്പിലും പോയിരിക്കുന്നതാണോ നല്ലത് എന്ന് പിതാവ് അദ്ദേഹത്തോട് ചോദിച്ചു. എന്റെ പക്കൽ ഒരു ഹാർമോണിയം ഉണ്ടായിരുന്നു. വലിയ വിദഗ്ധൻ അല്ലെങ്കിലും ഹാർമോണിയം ഉപയോഗിച്ച് പാട്ടുകൾ ഞാൻ പാടുമായിരുന്നു.

നാല് വർഷം ഞാൻ സന്തോഷമായി തട്ടയിൽ താമസിച്ചു. തട്ട പള്ളിയിൽ രണ്ട് തിരുനാളുകൾ നടത്തണം. ഫെബ്രുവരി 11 ലൂർദ്ദ് മാതാവിന്റെ തിരുനാൾ, ആന്റണി അച്ചൻ മാതാവിന്റെ ഒരു ഗ്രോട്ടോ അവിടെ നിർമ്മിച്ചിട്ടുണ്ട്. പ്രസംഗം, വിശുദ്ധ കുർബാന, വിശുദ്ധ കുർബാനയുടെ ആഘോഷമായ പ്രദക്ഷിണം എല്ലാം ഫെബ്രുവരി 11-ന് ക്രമപ്പെടുത്തണം. അത് കഴിഞ്ഞ് വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ തിരുനാൾ ആഘോഷമായ റാസയും മറ്റു പരിപാടികളുമായി നടത്തണം. 1972 ഏപ്രിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ പെരുന്നാൾ ദിവസം വന്നത് ഒരു ശനിയാഴ്ചയാണ്. തിരുനാൾ റാസ ശനിയാഴ്ച വൈകിട്ട് തന്നെ നടത്തണമെന്ന് ഇടവകക്കാർക്ക് നിർബന്ധം. അത് എനിക്ക് ബുദ്ധിമുട്ടാണ്, സഹായത്തിന് വൈദികരെ ലഭിക്കുവാൻ ശനിയാഴ്ച പ്രയാസമാണെന്നുള്ള വിവരം പറഞ്ഞെങ്കിലും ആളുകൾ അവരുടെ അഭിപ്രായത്തിൽ ഉറച്ചുനിന്നു. ആവശ്യമില്ലാതെ കടുംപിടുത്തം നടത്തുന്നത് ചില ഇടവകകളിലുണ്ട്. ഭക്തിയെക്കാൾ സ്വന്തം 'ഈഗോ' കാണിക്കാനുള്ള തത്രപ്പാടിൽ നിന്നുവരുന്നതാണ് ഇത്തരം പെരുമാറ്റം. അടുത്തുള്ള ചില വൈദികരെ തിരുനാൾ റാസയ്ക്ക് ക്ഷണിച്ചു. ആ കാലയളവിൽ കൊച്ചച്ചന്മാർ അടുത്ത ഇടവകയിലൊന്നും ഇല്ല. റാസയ്ക്ക് വൈദികർ ആരും വന്നില്ല. എല്ലാം ക്രമപ്പെടുത്തുവാൻ ഞാൻ മാത്രം. ആ വർഷം വളരെദൂരം റാസ പോകുന്ന റൂട്ട് ആയിരുന്നു. മുഴുവൻ സമയവും റാസയ്ക്ക് ഞാൻ കാപ്പാ ധരിച്ച് നടക്കേണ്ടിവന്നു. റാസ കഴിഞ്ഞ് ഒരു കഥാപ്രസംഗം ക്രമപ്പെടുത്തിയിരുന്നു. കഥാപ്രസംഗകന്റെ പിന്നണിസംഘം വേറെ ഒരു പരിപാടി കഴിഞ്ഞേ വരികയുള്ളൂവെന്നും അതുകൊണ്ട് കുറെ താമസിച്ചേ വരികയുള്ളൂവെന്നും വൈകിട്ട് 4.00 ന് അവർ അറിയിച്ചു. കാപ്പയിട്ട് മൈലുകൾ നടന്നു വിയർത്തതിന്റെ പുറമേ, കൃത്യസമയത്ത് കഥാപ്രസംഗം നടത്താത്തതിന്റെ ടെൻഷനുംകൂടി വികാരിയച്ചനായ

www.malankaralibrary.com


ഞാൻ ഏറ്റെടുക്കേണ്ടി വന്നു. തിരുനാളിനുശേഷം രണ്ട് ദിവസം കഴിഞ്ഞ് നെഞ്ചിന്റെ വലത്തു ഭാഗത്ത് വേദന. ഈ വേദന വലതുകൈയുടെ കക്ഷഭാഗത്തുകൂടി പിറകിൽ നട്ടെല്ല് വരെ വേദന. ശരീരത്തിന്റെ ഈ ഭാഗത്ത് തൊടാനോ ഉടുപ്പ് ധരിക്കാനോ കാറ്റടിക്കാനോ ശ്രമിച്ചാൽ വേദന ഇരട്ടിക്കുന്ന അനുഭവം. അസഹനീയമായ വേദന. എന്താണ് കാരണം എന്ന് മനസ്സിലായില്ല. രണ്ട് മൂന്ന് ദിവസംകൂടി കഴിഞ്ഞപ്പോൾ ആ ഭാഗത്ത് ചെറിയ കുരുക്കൾ. അത് വലുതായി വലിയ ഒരു മുന്തിരിങ്ങാ വലിപ്പത്തിൽ അവിടെയെല്ലാം പ്രത്യക്ഷപ്പെട്ടു. പുഷ്പഗിരി ആശുപത്രി യിൽ പോയി. ഹെർപിസ് എന്ന ശക്തമായ വേദനയുള്ള അസുഖമാ ണെന്ന് അറിയുന്നു. ഇതിന് മരുന്നൊന്നുമില്ല. എന്നെ ഒരു isolation മുറിയിൽ കിടത്തി. എട്ട് പത്ത് ദിവസം കിടന്നു. കുറെ ആശ്വാസം വന്നപ്പോൾ ആശുപത്രി വിട്ടു. ഇതിനുശേഷം ശരീരത്തിനും മനസ്സിനും എനിക്ക് ക്ഷീണം തോന്നി. തട്ടയിൽനിന്നും മാറ്റംകിട്ടുവാൻ ഞാൻ ആഗ്രഹിച്ചു. ഞാൻ പിതാവിന് എഴുതി. എന്റെ നിർബന്ധംമൂലം പിതാവ് (ഗ്രിഗോറിയോസ്) എനിക്ക് ഏനാത്ത് പള്ളിയിലേക്ക് മാറ്റംതന്നു. ജോർജ്ജ് ജോൺ (ജോസി) അച്ചനെ തട്ടയിലേക്ക് നിയമിച്ചു. തട്ടയിൽ നിന്ന് എന്നെ യാത്ര അയച്ചപ്പോഴും കൂട്ടക്കരച്ചിൽ ഇടവകജനങ്ങ ളിൽനിന്നും ഉണ്ടായി.

ബഹു. തോമസ് കൈതനാൽ അച്ചൻ പതിന്നാല് വർഷത്തോളം ഏനാത്തും പരിസരത്തുമുള്ള പല ഇടവകകളുടെ ചുമതല നോക്കി യിരുന്നു. പാലായിൽ കൊഴുവനാൽ ഇടവകയിൽ നിന്നുള്ള ശക്തനായ കഴിവുറ്റ തോമസ് അച്ചന്റെ സ്ഥാനത്ത് ഞാൻ യോഗ്യനാണോ എന്നുള്ള ആശങ്ക എന്നിൽ തോന്നാതിരുന്നില്ല. ഏനാത്ത്, മഞ്ചാടിമുക്ക്, പുതുശ്ശേരിഭാഗം, കുളക്കട എന്നീ നാല് ഇടവകയുടെ വികാരിയായിട്ടാണ് നിയമനം. ഏനാത്ത് എല്ലാ ഞായറാഴ്ചകളിലും, മറ്റ് പള്ളികളിൽ രണ്ട് തവണയും ചിലപ്പോൾ വൈകിട്ട് മൂന്നാമത്തെ കുർബാനയും നടത്തിക്കൊടുത്തു. പതിവുപോലെ എല്ലാ വീടുകളും സന്ദർശിച്ച് ഇടവക ജനങ്ങളെ പരിചയപ്പെട്ടു.

ബഹുമാനപ്പെട്ട ജോസഫ് പുത്തൻപുരയിൽ, തോമസ് പൊൻമേ ലിൽ, സാമുവേൽ ഇടമണ്ണിൽ എന്നീ വൈദികർ അഞ്ച് വർഷത്തെ താമസത്തിനിടയിൽ കുറെക്കാലം മറ്റ് ഇടവകകളുടെ ചുമതല നോക്കി എന്നോടൊപ്പം താമസിച്ചു. ബെൽജിയത്തിൽ പഠിക്കുവാൻ പോകുന്ന തിനുമുമ്പുള്ള ഇടവേളയിലാണ് പൊൻമേലിലച്ചൻ എന്നോടൊപ്പം താമസിച്ചത്. ഫാ. സാമുവേൽ ഇടമണ്ണിലച്ചൻ എന്റെ അസിസ്റ്റന്റ് വികാരി

www.malankaralibrary.com


യായി കലയപുരം, മൈലം ഇടവകകളുടെ ചുമതല നോക്കി. അച്ചന്മാരു മായി ഞാൻ വളരെ സന്തോഷത്തിൽ കഴിഞ്ഞു. കൂടെ താമസിച്ച വൈദി കർക്ക് അവരുടെ ഇഷ്ടഭക്ഷണം അവർക്ക് നൽകുവാൻ എന്റെ ബോയ് കുക്കിനോട് ഞാൻ പറഞ്ഞു. എനിക്ക് മാംസാഹാരം താത്പര്യമില്ലായി രുന്നു. ജോസഫ്, തോമസ് അച്ചന്മാർക്ക് മാംസാഹാരം നിർബന്ധമായി രുന്നു. മൊത്തം കണക്ക് പറയുമ്പോൾ മാംസം കഴിക്കാത്തതിന്റെ പേരിൽ കണക്കു പറയുകയോ, ലുബ്ധ് കാണിക്കുകയോ ഞാൻ ചെയ്തിട്ടില്ല. എത്ര ചെലവായാലും അതിന്റെ പകുതി തുക ഞാൻ കൊടുത്തിരുന്നു. ആഹാരത്തിന്റെ പേരിൽ കണക്കുപറഞ്ഞ് പരസ്പരം പൊരുത്തപ്പെടാതെ പോയ വൈദികരുണ്ട്.

ഏനാത്ത് ഇടവകയിൽ മിക്കവാറും എല്ലാവരും വളരെ പാവപ്പെട്ടവർ. പുലയരഴികത്ത് സാറാമ്മയ്ക്ക് ജർമ്മനിയിൽ പോകാനുള്ള അവസരം ലഭിച്ചു. തിരുവനന്തപുരം രൂപതയിൽനിന്ന്, നഴ്സിംഗ് ജോലി അവ സരങ്ങൾ കണ്ടെത്തി സഹായം നൽകിയിരുന്നതിൽ അവസാനത്തെ ബാച്ചിൽപ്പെട്ടതായിരുന്നു ഈ പെൺകുട്ടി. സാറാമ്മവഴി അവരുടെ കുടുംബം സാമ്പത്തികമായി ഉയർന്നു. സാറാമ്മയുടെ ജ്യേഷ്ഠത്തി (അന്നമ്മ) യ്ക്ക് സ്കൂളിൽ അധ്യാപികയായി ജോലികിട്ടിയതും സഹായ മായി. അന്നമ്മ പള്ളിക്കാര്യത്തിൽ സജീവമായിരുന്നു. സൺഡേസ്കൂ ളിൽ പഠിപ്പിക്കുമായിരുന്നു. അന്നമ്മയുടെ വിവാഹത്തിനുള്ള ധാരണ യായി. ഓർത്തഡോക്സ് സഭാവിഭാഗത്തിൽപ്പെട്ട വരന്റെ വീട്ടിൽനിന്നും തീരുമാനമെടുക്കുവാൻ ആളുകൾ വന്നു. അന്ന് എന്നെയും വീട്ടിലേക്ക് ക്ഷണിച്ചിരുന്നു. അവർ കത്തോലിക്കാസഭയിൽ ചേരാമെന്നുള്ള വ്യവസ്ഥ യിലാണ് വന്നത്. വിവാഹം കഴിഞ്ഞ് കത്തോലിക്കാസഭയിൽത്തന്നെ നിൽക്കുമോ എന്ന് അവരോട് ചോദിച്ചു. വിവാഹം കഴിഞ്ഞ് ഞങ്ങളുടെ സൗകര്യംപോലെ ചെയ്യുമെന്ന് വന്നവർ പറഞ്ഞു. ഇതുകേട്ട അന്നമ്മ എന്നെ വിളിച്ചു പറഞ്ഞു. "ഒരു പെൺകുട്ടിയായ ഞാൻ കയറിപ്പറയുന്നത് ശരിയല്ല. അച്ചൻ അവരോട് പറയണം, വിവാഹശേഷവും കത്തോലി ക്കാസഭയിൽത്തന്നെ തുടരാനാണ് എന്റെ തീരുമാനം. ഭർത്താവും കത്തോലിക്കാസഭയിൽ തന്നെയായിരിക്കണം. ഓർത്തഡോക്സിൽ പോകുന്ന പ്രശ്നമില്ല. ഞങ്ങൾ രണ്ടുപേരും രണ്ട് പള്ളിയിൽ പോയാൽ കുടുംബജീവിതം തകരും" പെൺകുട്ടി പറഞ്ഞ വിവരം ഞാൻ വരന്റെ ആളുകളോട് പറഞ്ഞു. അവർക്കായി ഒരുക്കിവച്ചതായ കാപ്പിപോലും കുടിക്കാതെ എല്ലാവരും തിരിച്ചുപോയി. ഞാൻ തരിച്ചുനിന്നുപോയി. പെൺകുട്ടിയുടെ വിവാഹം നടക്കാതെ ഇങ്ങനെ ഒരു സ്ഥിതിവിശേഷം

www.malankaralibrary.com



വന്നതിൽ എനിക്ക് വിഷമം തോന്നി. അന്നുരാത്രി ഞാൻ അവൾക്കുവേണ്ടി ഒത്തിരി പ്രാർത്ഥിച്ചു. താമസിയാതെ ഒരു കത്തോലിക്കാ യുവാവിനെത്തന്നെ അന്നമ്മയ്ക്ക് ലഭിച്ചു. ബഥനിയിലെ ഒരു അച്ചന്റെ അനന്തിരവൻ. ഇന്ന് അവർ രണ്ട് മക്കളുടെ മാതാപിതാക്കളായി കറ്റാനത്ത് താമസിക്കുന്നു. അന്നമ്മയുടെ നിശ്ചയദാർഢ്യത്തെ ഞാൻ വിലമതിച്ചു. നല്ല പഠനം, യോഗ്യത, സാമ്പത്തിക ഭദ്രതയുള്ള പല പെൺകുട്ടികളെയും വളരെ ലാഘവത്തോടെ അകത്തോലിക്കാസഭാവിഭാഗങ്ങളിലേക്ക് ഇന്ന് വിവാഹം ചെയ്തയയ്ക്കപ്പെടുന്നു. നല്ല കത്തോലിക്കാവിശ്വാസത്തിൽ വളർന്ന പെൺകുട്ടികൾ യാതൊരു മടിയുംകൂടാതെ പ്രൊട്ടസ്റ്റന്റ് വിഭാഗത്തിൽ പോകാൻ തയ്യാറാകുന്നു. ഭൗതികതയും പണത്തിന്റെ കൊഴുപ്പും കണ്ട് സ്വന്തം മക്കളെ ആരുടെകൂടെയും പറഞ്ഞുവിടാൻ മടികാണിക്കാത്ത മാതാപിതാക്കളുടെ സംഖ്യ കൂടിവരുന്നു. ഈ കാലം പ്രേമത്തിന്റെ പേരുപറഞ്ഞ് നമ്മുടെ പെൺകുഞ്ഞുങ്ങൾ ഒരു സുപ്രഭാതത്തിൽ മുസ്ലീം, ഹൈന്ദവ യുവാക്കന്മാരുടെ കൂടെ ഇറങ്ങിപ്പോകുന്ന കാഴ്ച കൂടുതൽ വേദനാജനകം. വളരെ പാവപ്പെട്ടവർ, വിവാഹപ്രായം കഴിഞ്ഞ യുവതികൾ, ഒരു പ്രത്യേക സാഹചര്യത്തിൽ അകത്തോലിക്കാ സഹോദരങ്ങളിലേക്ക് വിവാഹബന്ധം ഒത്തുവന്ന് പോകുന്നത്, ഒരുപരിധിവരെ മനസ്സിലാക്കാൻ സാധിക്കും.

അന്ന് ഏനാത്ത് പല കുടുംബങ്ങളിലെയും ജീവിതമാർഗം സ്ത്രീകൾ, ഏനാത്തുള്ള കശുവണ്ടി ഫാക്ടറിയിൽ പോയിക്കിട്ടുന്ന ദിവസക്കൂലിയായിരുന്നു. വറുത്ത പറങ്കിയണ്ടി തല്ലിപ്പൊളിച്ച് കൊടുത്താൽ ഒരു ദിവസം ഒന്നോ ഒന്നരയോ രൂപ കിട്ടും. ഈ ഭവനത്തിലെ മിക്ക പുരുഷന്മാരും സ്ത്രീകളുടെ തണലിൽ ഏനാത്ത് കവലയിൽ വൈകിട്ട് കറങ്ങിയടിച്ച് നടക്കും. രാഷ്ട്രീയക്കാരുടെ ഇടപെടൽമൂലം പലപ്പോഴും ഈ ഫാക്ടറിയിൽ സമരം കൃത്യമായ ഇടവേളകളിൽ ഉണ്ടാക്കി, പാവപ്പെട്ടവരുടെ തൊഴിൽ നഷ്ടപ്പെടുത്തുമായിരുന്നു. ഒരു വീട്ടിലെ ഭർത്താവ് ഭാര്യയെയും രണ്ട് മക്കളെയും ഉപേക്ഷിച്ചിട്ട് വേറെ ഒരു സ്ത്രീയുടെകൂടെ താമസമാക്കി. ഒരു മൺഭിത്തിയുള്ള ചെറിയ വീട്ടിൽ മിക്കവാറും പട്ടിണിയിൽ അമ്മയും രണ്ട് മക്കളും കഴിയും. അമ്മ ചിലപ്പോൾ കശുവണ്ടി ഫാക്ടറിയിൽ പോകുമായിരുന്നു. ഒരു ദിവസം ഞാൻ വീടുസന്ദർശനത്തിന് ചെന്നപ്പോൾ വിശന്നു കരയുന്ന കൊച്ചുമകളെ കണ്ടു. ഏതാണ്ട് മൂന്നു വയസ്സ് പ്രായം. ബഥനി സിസ്റ്റേഴ്സ് നടത്തുന്ന ഒരു ഓർഫനേജിൽ ഞാൻ ഈ മകളെ കൊണ്ടുവിട്ടു. അവിടെ പത്ത് വരെ പഠിച്ചു. വളരെ സുന്ദരിയായ പെൺകുട്ടിക്ക് 15 വയസ്സായപ്പോൾ അവളുടെ അപ്പൻ

www.malankaralibrary.com


വളരെ തന്ത്രപൂർവ്വം അപ്പനും അമ്മയും മരിച്ചുപോയ പാവപ്പെട്ട ഒരു ചെറുപ്പക്കാരനെ വരനായി കൊണ്ടുവന്നു. അപ്പന് ദുരുദ്ദേശ്യമുണ്ടായിരുന്നു വെന്ന് പിന്നീട് മനസ്സിലായി. ഈ മകളെ വിറ്റ് പണമുണ്ടാക്കാനായിരുന്നു പദ്ധതി. ഏതായാലും ആ ചെറുപ്പക്കാരൻ നല്ലവനായിരുന്നു. വടക്ക് അപ്പൻ താമസിച്ചിടത്ത് നിന്ന് രക്ഷപ്പെട്ട് ഇവർ ഏനാത്ത് വന്നു. പെൺകുട്ടിയുടെ അമ്മയ്ക്ക് സ്വന്തം മാതാപിതാക്കൾ കൊടുത്ത സ്ഥലത്ത് അമ്മയോടൊപ്പം താമസിച്ചു. ആയിടെ ഇവർ താമസിച്ചിരുന്ന പുരയ്ക്ക് അടുപ്പിൽനിന്നു തീപിടിച്ചു കത്തിനശിച്ചു. ഈ മകളുടെ കഷ്ടതയിൽ എന്നെ ഒരു അപ്പന്റെ സ്ഥാനത്ത് കണ്ട് വിഷമങ്ങൾ പറഞ്ഞിരുന്നു. ചെറിയ വീടു പണിയാനും മറ്റും ഒത്തിരി സഹായം പലതവണ ഞാൻ കൊടുത്തിട്ടുണ്ട്.

ഈ ഇടവകയിൽത്തന്നെ ഒരു കുടുംബം ഒരു കുടിലിൽ താമസി ക്കുന്നു. നിന്നുതിരിയാൻ സ്ഥലമില്ലാത്ത കൊച്ചുകുടിലിൽ അപ്പനും അമ്മയും നാലഞ്ചുപിഞ്ചുകുഞ്ഞുങ്ങളുമായുള്ള താമസം എന്റെ മനസ്സിനു വേദന ഉളവാക്കി. എനിക്ക് കാര്യമായ വരുമാനമില്ല. ഇടവകയിൽ സാമ്പത്തികശേഷിയുള്ളവർ കുറവ്. വളരെ ബുദ്ധിമുട്ടി, ഒരു ചെറിയ ഭവനം അവർക്കു പണിതുകൊടുത്ത ശേഷമാണ് ഏനാത്തുനിന്നും ഞാൻ പോന്നത്.

ഏനാത്തു ഇടവകയിൽപ്പെട്ട ബഹുമാനപ്പെട്ട വർഗ്ഗീസ് പ്ലാവിള അച്ചന്റെ പ്രഥമ ദിവ്യബലി ഞാൻ അവിടെ ക്രമപ്പെടുത്തി. പള്ളിമു റ്റത്തു ക്രമപ്പെടുത്തിയ പന്തലിൽ വി. കുർബാന അർപ്പിച്ചു. അദ്ദേഹത്തെ ഞാൻ മൈനർ സെമിനാരിയിൽ രണ്ടുവർഷം പഠിപ്പിച്ചതാണ്.

രണ്ട് ആത്മഹത്യകൾ ഞാൻ വികാരി ചുമതല നോക്കുന്ന കാലയളവിൽ നടന്നു. അതിലൊന്ന് എന്നിൽ കൂടുതൽ ദുഃഖം ഉളവാക്കി. ക്രിസ്തുമസ്സ് രാത്രിയിൽ മൂന്നുപള്ളികളിൽ വിശുദ്ധ കുർബാനയും ശുശ്രൂഷകളും നടത്തിയശേഷം ഒരുപോള കണ്ണടയ്ക്കാതെ ക്ഷീണിത നായി പള്ളിയിൽ വന്നു. രാവിലെ കാപ്പികുടിച്ചിട്ട്, കുറച്ചുസമയം ഉറങ്ങാ നുള്ള പ്ലാൻ ആയിരുന്നു. കാപ്പികുടിച്ചുകൊണ്ടിരിക്കുമ്പോൾ, ഇടവകയിൽ ഒരാൾ വന്നു പറഞ്ഞു, “അച്ചൻ അറിഞ്ഞോ? നമ്മുടെ ഇടവകയിലെ ഒരു കുട്ടി നദിയുടെ തീരത്ത് മരിച്ചുകിടക്കുന്നു.” എനിക്ക് ഭക്ഷണം തുടർന്നു കഴിക്കാൻ സാധിക്കാത്ത ഞെട്ടലാണ് ഉണ്ടായത്. പള്ളിയിൽ വളരെ സഹകരിക്കുന്ന നല്ല ഭവനം. കൃഷിപ്പണികൊണ്ട് ഉപജീവനം നടത്തുന്നവർ. മരിച്ച ഈ മകൾ പള്ളിയിൽ മുടങ്ങാതെ വരുന്ന കുട്ടിയായി രുന്നു. അഹങ്കാരമൊന്നുമില്ലാത്ത പാവപ്പെട്ട പെൺകുട്ടി. പതി

www.malankaralibrary.com


ന്നാലുവയസ്സു കാണും. ആത്മഹത്യ ചെയ്യുന്നവർക്കുള്ള സംസ്ക്കാര ത്തിന് യാതൊരു ശുശ്രൂഷയും കൊടുക്കുവാൻ സഭ അന്ന് അനുവദിച്ചിരു ന്നില്ല. നിയമം വളരെ കർക്കശമായിരുന്നു. ഇന്ന് പ്രസ്തുത നിയമം കുറെക്കൂടി അയവുവരുത്തിയിട്ടുണ്ട്. മരിച്ച കുടുംബത്തിൽ ജീവിക്കുന്നവ രുടെ ആശ്വാസത്തിനായി വീട്ടിൽപോയി പ്രാർത്ഥിക്കാൻ ഇന്നു സഭ അനുവദിക്കുന്നു. എനിക്ക് താൽപര്യമുള്ള വീട് ആയിരുന്നെങ്കിലും, ഞാൻ ഈ മരിച്ച മകളുടെ മൃതശരീരം കാണാൻ പോവുകയോ ഭവനത്തിൽ അന്നു പോവുകയോ ചെയ്തില്ല. ശവക്കോട്ടയിൽ കുറെയകലെ അതിരുഭാഗത്തു കൊണ്ടുപോയി മൃതശരീരം മറവുചെയ്യാൻ ഞാൻ പറഞ്ഞു.

വേറെ ഒരു ആത്മഹത്യയും നടന്നു. പള്ളിയിൽ വരാതെ എപ്പോഴും മദ്യപിച്ചു നടക്കുന്ന ആളായിരുന്നു പിതാവ്. ഞാൻ വീട്ടിൽ പോകുമ്പോഴും വഴിയിൽവച്ചു കാണുമ്പോഴും അദ്ദേഹത്തോടു പറയും, "പള്ളിയിൽ വിശുദ്ധ കുർബാനയ്ക്ക് വരണം. ഇങ്ങനെ നടന്നാൽ ശരിയാവുകയില്ല" എന്നെല്ലാം. "പള്ളിയിൽ വരാം" എന്നുമാത്രം പറയും. ഭാര്യയും രണ്ട് മക്കളും ഉണ്ട്. അമ്മയും വീട്ടിലുണ്ട്. അവർക്ക് പറമ്പിൽ പാവൽ കൃഷി യുണ്ട്. ഒരു ദിവസം മദ്യപിച്ചു വന്ന് ഭാര്യയെ വല്ലാതെ മർദ്ദിച്ചു. ഭാര്യ ബോധം നഷ്ടമായി നിലത്തു വീണു. മരിച്ചു എന്നു വിചാരിച്ചു ഈ വ്യക്തി പാവൽച്ചെടിക്ക് അടിക്കാൻവച്ചിരുന്ന കീടനാശിനി എടുത്തുകു ടിച്ചു മരിച്ചു. ഭാര്യ മരിച്ചില്ല. ഈ സംഭവത്തിലും ഒരു വികാരി എന്ന നിലയിൽ ക്രിസ്തീയ ശവസംസ്കാര ശുശ്രൂഷ ഒന്നും നടത്തിയില്ല. ഈ വ്യക്തിയുടെ മരണശേഷം ആ കുടുംബം ഒത്തിരി അഭിവൃദ്ധിപ്പെട്ടു. കൃഷി നന്നായി ചെയ്തു ആദായം കിട്ടി. അതു ശരിയായി പ്രയോജന പ്പെടുത്തി. വീട്ടിൽ സമാധാനമായി മകനും മകളും വിദ്യാഭ്യാസം നേടി. മദ്യപന്മാരായ വീട്ടുനാഥന്മാർ ആത്മഹത്യ ചെയ്യണമെന്നല്ല. ആത്മഹത്യ പാടില്ല. മറിച്ച്, അവർ ആ വീട്ടിൽനിന്ന് ഒഴിഞ്ഞുനിൽക്കുമ്പോൾ പല കുടുംബങ്ങളിലും സമാധാനവും അനുഗ്രഹവും ഉണ്ടാകും.

എന്റെ വൈദികജീവിതത്തിൽ വേറെ രണ്ട് ഇടവകകളിൽകൂടി ഓരോ ആത്മഹത്യ നടന്നു. ഒരു ഇടവകയിൽ അധികം പ്രായമാകാത്ത ഒരു പെൺകുട്ടി ആത്മഹത്യ ചെയ്തു. ഇതിലും ഞാൻ സഹകരിച്ചില്ല. മറ്റൊരിടത്ത് നല്ല രീതിയിൽ മദ്യപിക്കുന്ന വ്യക്തി മദ്യത്തിൽ ഏതോ വിഷം കലക്കിക്കുടിച്ച് വീട്ടിൽ മരിച്ചു കിടക്കുന്നതു ഞാൻ പോയികണ്ടു. നിയമത്തിന് അപ്പോഴേയ്ക്കും അയവുവരുത്തിയതിനാൽ ഞാൻ വീട്ടിൽ പോയി പ്രാർത്ഥിച്ചു. ശവക്കുഴിയും ആശീർവദിച്ചു.

www.malankaralibrary.com



ഈ കാലം ആത്മഹത്യ വലിയ സാമൂഹികപ്രശ്നമായി വളർന്നിരിക്കുന്നു. കൗമാരപ്രായത്തിലുള്ളവർ ജീവിതത്തെ യാഥാർത്ഥ്യബോധത്തോടെ അഭിമുഖീകരിക്കുവാൻ പഠിക്കുന്നതിനുമുമ്പ്, വികാരവേലിയേറ്റത്തിൽ ചെറിയ പ്രണയബന്ധങ്ങൾ തുടങ്ങുന്നു. അവ പരാജയപ്പെടുമ്പോൾ ആത്മഹത്യ ചെയ്യുന്നു. വൈകാരിക പക്വത ഇല്ലാതെ, ചെറിയ കാര്യങ്ങളുടെ പേരിൽ ആത്മഹത്യചെയ്യുന്ന സംഭവങ്ങൾ സമൂഹഗാത്രത്തിലെ അർബുദരോഗമായി തീർന്നിരിക്കുന്നു. പരീക്ഷയിൽ തോറ്റതിന്റെ പേരിൽ, ഉദ്ദേശിച്ച മാർക്കു ലഭിക്കാത്തതിനാൽ, മാതാപിതാക്കൾ ശാസിച്ചതിൽ, ചോദിച്ച സാധനം ഉടനെ വാങ്ങിക്കൊടുത്തില്ല എന്ന കാരണത്താൽ, ഇങ്ങനെ നിസ്സാരകാര്യങ്ങളുടെ പേരിൽ ദൈവം തന്ന അമൂല്യദാനമായ ജീവനെ നശിപ്പിക്കുന്നത് എത്ര ശോചനീയം. മൊബൈൽ പ്രേമബന്ധങ്ങളിൽ കുടുങ്ങി ജീവിതം ഹോമിക്കപ്പെടുന്നവരുടെ സംഖ്യ ഇതിന്റെ വേറൊരു ദുരന്തം. മദ്യലഹരിയിൽ മറ്റുള്ളവരെ കൊല്ലുകയും, മദ്യാസക്തിക്ക് അടിമയായി ആത്മഹത്യയിൽ അവസാനിക്കുന്നതും സാധാരണ സംഭവമാകുന്നു.

1976-ൽ എനിക്ക് ഹേർണിയായുടെ ഓപ്പറേഷൻ വേണ്ടിവന്നു. കൊട്ടിയത്ത് ഹോളിക്രോസ് ആശുപത്രിയിൽ ഡോ. സാമുവേൽ എന്നെ ഓപ്പറേറ്റു ചെയ്തു. എന്നെ സഹായിക്കാൻ എന്റെ മൂത്തസഹോദരൻ ഡാനിയേൽ ഉണ്ടായിരുന്നു. 9-ാം ദിവസം ഓപ്പറേഷൻ കുത്തിക്കെട്ട് എടുത്തു. വീട്ടിൽ പോയിട്ടുവരാം എന്നു പറഞ്ഞ് അച്ചായൻ പോയി. ആ രാത്രിയിൽ ഓപ്പറേഷൻ ചെയ്ത ഭാഗത്ത് അതിശക്തമായ വേദന അനുഭവപ്പെട്ടു. വേദനയിൽ ഉറങ്ങാതെ നേരം വെളുപ്പിച്ചു. രാവിലെ ഡോക്ടർ വന്ന് പരിശോധിച്ചു. ഓപ്പറേഷൻ ചെയ്ത ഭാഗത്തു പഴുപ്പ് ബാധിച്ചിരിക്കുന്നു എന്നു മനസ്സിലായി. എന്നെ തീയറ്ററിൽ കൊണ്ടുപോയി, ഓപ്പറേഷൻ ചെയ്ത ഭാഗം മുറിച്ചുകളഞ്ഞു. പഴുപ്പിന്റെ ശക്തമായ ഒഴുക്ക് ഉണ്ടായി. ദിവസങ്ങളോളം പഴുപ്പ് ഒഴുകിക്കൊണ്ടിരുന്നു. ഒന്നിനു പിറകെ ഒന്നായി പല ആന്റി ബയോട്ടിക് മരുന്നുകളും തന്നു. ഈ മരുന്നുകളൊന്നും പഴുപ്പ് നിൽക്കുവാൻ സഹായിച്ചില്ല. ഞാൻ കൂടുതൽ കൂടുതൽ ക്ഷീണിതനായിക്കൊണ്ടിരുന്നു. അരമനയിൽ വിവരം അറിയിച്ചു. വികാരി ജനറാൾ കുരുവിള അച്ചൻ വന്നു. "അച്ചന്റെ കേസ് വളരെ നിർഭാഗ്യകരമായിപ്പോയി. എന്താണ് പഴുപ്പ് ഉണ്ടാകാൻ കാരണമെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. കൊടുക്കുന്ന മരുന്നുകൾ ഒന്നും ഏൽക്കുന്നില്ല" എന്നു ഡോക്ടർ പറഞ്ഞു. എന്തും സംഭവിക്കാം എന്ന നിലയിലായി. ദിവസങ്ങൾ ഇഴഞ്ഞ് നീങ്ങി. ഒരു ദിവസം ഡോ. സാമുവേൽ

www.malankaralibrary.com


വന്നു പറഞ്ഞു, "അച്ചനു ഭാഗ്യം ഉണ്ടോ എന്നറിയാം. ഒരു മരുന്നു തരാൻ പോവുകയാണ്." അവിടുത്തെ ഒരു സിസ്റ്റർ അമേരിക്കയിൽ പഠനം കഴിഞ്ഞ് വന്നതാണ്—സിസ്റ്ററിന്റെ കൈവശം ഒരിനം ആന്റി ബയോട്ടിക് ഉണ്ടായിരുന്നു. അത് അന്ന് ഇന്ത്യയിൽ ലഭിച്ചിരുന്നില്ല. അതു കഴിച്ചതു മുതൽ ഓപ്പറേഷൻ ചെയ്ത ഭാഗത്തുള്ള പഴുപ്പ് നിയന്ത്രിതമായി. നല്ലവനായ ദൈവം എനിക്ക് ആയുസ്സ് നീട്ടിത്തന്നു. കുറെ ദിവസങ്ങൾ കഴിഞ്ഞ് മുറിവ് ഉണങ്ങിത്തുടങ്ങിയപ്പോൾ, ആശുപത്രിയിൽനിന്നു പോന്നു. ഓപ്പറേഷൻ ചെയ്ത ഭാഗത്ത് ആഴമായ ഒരു കുഴിപോലെ ഉണ്ടായിരുന്നു. ആ ഭാഗം ശരിക്ക് ഉണങ്ങിയില്ല. മുറിവുള്ള ഭാഗം കുറേ ദിവസങ്ങൾകൂടി ഡ്രസ്സ് ചെയ്യേണ്ടിയിരുന്നു. പെരുമ്പുഴയിൽ ബഹു. കത്ബർട്ട് ഒ.എഫ്.എം. അച്ചൻ ആശുപത്രിക്കായി പണിത ഒരു രണ്ടുനില കെട്ടിടവും അതിനടുത്ത് ഒരു ബഥനി മഠവുമുണ്ട്. തുമ്പമൺകാരൻ ഡാനിയേൽ അച്ചൻ പെരുമ്പുഴ ചെറിയ ഇടവക കെട്ടിടത്തിൽ താമസിക്കുന്നു. കുറേദിവസം വിശ്രമിക്കുവാൻ ഞാൻ കൊട്ടിയത്തുനിന്ന് പെരുമ്പുഴ പോയി. ആശുപത്രി കെട്ടിടത്തിന്റെ ഒരു മുറിയിൽ താമസിച്ചു. സി. സബീനാ എസ്.ഐ.സി., എന്നും എന്റെ മുറിവ് മരുന്നു വച്ചു ഡ്രസ്സ് ചെയ്തു. മഠത്തിന്റെ ചുമതല സി. അംസായ്ക്ക് ആയിരുന്നു. സി. അംസായുടെ സേവനവും സ്നേഹവും വളരെ ഹൃദ്യവും വിലപ്പെട്ടതുമായിരുന്നു. പ്രായമായി, ആരോഗ്യം കുറഞ്ഞ് നാലാഞ്ചിറ മഠത്തിൽ വിശ്രമിക്കുമ്പോൾ സി. അംസയെ ഞാൻ പോയി കണ്ടു. നല്ല മിഷൻ ചൈതന്യമുള്ള സിസ്റ്റർ, കർത്താവിന്റെ സന്നിധിയിൽ പോയി. ഇടവകകളിൽ ആളുകളെ സംഘടിപ്പിച്ച് പ്രാർത്ഥനാ കൂട്ടായ്മ നടത്തുന്നതിൽ സി. അംസാ മുൻനിരയിലായിരുന്നു. ഏതാണ്ട് മൂന്നു മാസം ഞാൻ പെരുമ്പുഴ വിശ്രമിച്ചു.

വീണ്ടും ഞാൻ ഏനാത്തു പള്ളിയിൽ ചുമതല ഏറ്റെടുത്തു. ഈ സമയത്ത് എന്റെ വയറു മുതൽ താഴോട്ട് ചൊറിപോലെ വന്നു. മനസ്സു വളരെ ബലഹീനമായി. ചെറിയ ശബ്ദങ്ങൾപോലും, ഉദാഹരണമായി ഒരു കൊച്ചുകുഞ്ഞ് കരയുന്നതു കേട്ടാൽപ്പോലും എന്റെ ശരീരത്തിൽ വല്ലാത്ത പെരുപ്പും ഭയവും അനുഭവപ്പെടും. നാവിലെ വെള്ളം വറ്റും. ശരീരം വിറയ്ക്കുകയും നേരെ നിൽക്കുമ്പോൾ ബലമില്ലാതെ വീഴാൻ തുടങ്ങുകയും ചെയ്യും. എവിടെയെങ്കിലും പിടിക്കാതെ നിൽക്കുവാൻ സാധിക്കാത്ത അവസ്ഥയായി. രണ്ടുവാക്കുപോലും പള്ളിയിൽ പറയണമെങ്കിൽ ഒരു സപ്പോർട്ട് ഇല്ലാതെ പറ്റാതായി. എന്തു കഴിച്ചാലും തികട്ടി ഛർദ്ദിക്കുമായിരുന്നു. ഇത് മറ്റാരുംതന്നെ അറിയാത്ത വലിയ

www.malankaralibrary.com


സഹനമായിരുന്നു. ഈ സമയത്തും മറ്റു ഇടവകകളിൽ സുവിശേഷപ്രസംഗത്തിനു എന്നെ വിളിക്കുമായിരുന്നു. എനിക്ക് സുഖമില്ല എന്നു പറഞ്ഞാൽ ആർക്കും മനസ്സിലാകുമായിരുന്നില്ല. ആഹാരമൊന്നും നന്നായി കഴിക്കുവാൻ പറ്റാതായി. സ്വല്പം ചോറും പുളിപ്പില്ലാത്ത മോരും കഴിച്ചാൽ വലിയ കുഴപ്പമില്ല. വിവാഹ ശുശ്രൂഷയ്ക്ക് പോകണമല്ലോ. വിവാഹ വിരുന്നിൽ സംബന്ധിക്കുന്നതിനു നിർബന്ധിക്കുമ്പോൾ, വിശപ്പിനു സ്വല്പം ചോറുമാത്രം കഴിച്ചിട്ടു പോന്നിരുന്നു. വീടുസന്ദർശനത്തിനു പോകുമ്പോൾ ചായ തരും. വേണ്ടായെന്നു പറഞ്ഞാലും കുടിക്കുവാൻ വീട്ടുകാർ നിർബന്ധിക്കും. സ്വല്പം കഴിഞ്ഞ്, കുടിച്ച ചായ ഛർദ്ദിച്ചുപോകും. ആഹാരം ശരിയായി കഴിക്കാതെ ശരീരത്തിനു ബലക്കുറവുണ്ടായി. ഈ ബലഹീനത അന്നുമുതൽ എന്നെ പിന്തുടർന്നു. ക്രമത്തിലധികം ആന്റിബയോട്ടിക്ക് കഴിച്ചാൽ ചിലർക്ക് ഇങ്ങനെയുള്ള ലക്ഷണങ്ങൾ ഉണ്ടാകാം എന്ന് പിന്നീട് അറിഞ്ഞു. അലോപ്പതി മരുന്ന് എനിക്ക് തീരെ പിടിക്കാത്തതുകൊണ്ട് ഹോമിയോ മരുന്നുകൾ മാറിമാറി കഴിച്ചുനോക്കി. ഹോമിയോ മരുന്നിനോട് എനിക്ക് വ്യക്തിപരമായ താൽപര്യം വരാൻ കാരണവുമുണ്ട്. പൂനയിൽ ആരംഭിച്ച തുടർച്ചയായ തുമ്മൽ, തിരുവനന്തപുരത്തു വന്നശേഷവും തുടർന്നു. ഒടുവിൽ അതു ആസ്മ ആയി മാറി, സെമിനാരിയിൽ പഠിപ്പിക്കാൻ വയ്യാതായ വിവരം നേരത്തെ പറഞ്ഞിട്ടുണ്ടല്ലോ. അലോപ്പതി, ആയുർവേദ മരുന്നുകൾ കഴിച്ചിട്ടും സ്ഥായിയായ ഫലം കണ്ടില്ല. ഹോമിയോ മരുന്നുകൾ കൊച്ചുകുട്ടികൾക്കു മാത്രമുള്ള ചികിത്സയാണെന്നു ഞാൻ ചിന്തിച്ചിരുന്നു. ചന്ദനപ്പള്ളിയിൽ 1966-ൽ വന്നശേഷം, ഡോ. ഐസക് ഹോമിയോ കോളജ് പ്രിൻസിപ്പലിന്റെ ഹോമിയോ ചികിത്സയിൽ എന്റെ തുമ്മൽരോഗം പൂർണ്ണമായി മാറി. ഹോമിയോ മരുന്നു ഡോക്ടേഴ്സിൽനിന്നും കഴിക്കുമ്പോൾ, കുറെആശ്വാസം കിട്ടിയിരുന്നു. വീണ്ടും പഴയ രീതിയിൽത്തന്നെ അസുഖം. അങ്ങനെ എന്റെ നല്ല പ്രായത്തിൽ പോഷകഗുണമുള്ള ആഹാരമൊന്നും കഴിക്കുവാൻ വയ്യാതായി. മീൻ, മുട്ട, പാൽ, ഇറച്ചി ഇങ്ങനെ പലതും. ഒരു ആഹാരത്തോടും എനിക്ക് പ്രത്യേക കൊതിയില്ല. പ്രത്യേക ആഹാരം കിട്ടണം എന്നു ചിന്തിച്ചിട്ടില്ല, ആഹാരം ശരീരത്തിന് ആവശ്യമാണ്. ദൈവം മനുഷ്യനു വേണ്ടതായ ആഹാര സാധനങ്ങൾ പ്രകൃതിയിൽ ലഭ്യമായി തന്നിട്ടുണ്ട്. ക്രമത്തിലധികമോ, വളരെ പ്രത്യേകതരമോ ആഹാരം കഴിക്കുന്നതിൽ ആർത്തി കാണിക്കുന്നതു നല്ലതല്ല, പ്രത്യേകിച്ച് വൈദികർ, എന്നു ചിന്തിക്കുന്ന വ്യക്തിയാണു ഞാൻ. ആഹാരം വിശപ്പിനും ആരോഗ്യത്തിനും ആവശ്യമാണ്. രുചിതേടിപ്പോകുന്ന

www.malankaralibrary.com


പ്രവണത, പരാതി പറയുന്ന സ്വഭാവം ഇതൊന്നും ആർക്കും, പ്രത്യേകിച്ച് വൈദികർക്ക് നിഷിദ്ധമാണെന്നു ഞാൻ വിചാരിക്കുന്നു.

എന്റെ ചെറുപ്പത്തിൽ നേരിൽകണ്ടതായ ഒരു സംഭവം ഓർക്കുന്നു. വികാരിയച്ചൻ പ്രഭാതഭക്ഷണത്തിനിരുന്നു. പാചകക്കാരൻ മുട്ട പുഴുങ്ങി കൊണ്ടുവന്നു. അച്ചൻ ആഗ്രഹിച്ചിരുന്നതുപോലെ മുട്ട വെന്തില്ല എന്ന കാരണത്താൽ, 'നീ കൊണ്ടുപോയി തിന്നടാ' എന്നു പറഞ്ഞ്, പാചകക്കാരന്റെ നേർക്ക് മുട്ട വലിച്ചെറിഞ്ഞു. ഈ ചെറിയ കാര്യത്തിൽ ആത്മനിയന്ത്രണം ഇത്ര നഷ്ടപ്പെടാമോ എന്ന് എനിക്കു തോന്നി. ഞാൻ ഒരിക്കലും എന്റെ പാചകക്കാരോട് ആഹാരത്തിന്റെ കാര്യത്തിൽ ക്ഷോഭിക്കുകയോ വഴക്കുപറയുകയോ ചെയ്തിട്ടില്ല. എന്തെങ്കിലും അപാകത കണ്ടാൽ (ഉദാ: ഉപ്പ് കൂടുക, എരിവ് കൂടുക) സ്നേഹത്തോടെ അവരെ വിളിച്ചു തിരുത്തുകമാത്രം ചെയ്തിരുന്നു. എന്നെ സഹായിച്ചിട്ടുള്ള എല്ലാ ബോയ്സിനും ഇന്നും എന്നോട് സ്നേഹമാണ്. അവർ പ്രായമായി, വിവാഹിതരായി, മക്കളായി. എന്നെ വന്നു കാണുകയോ ഫോൺ വിളിക്കുകയോ ഒക്കെ ഇവരിൽ പലരും ചെയ്യുന്നുണ്ട്. അവരിൽ രണ്ടുപേർ, സ്റ്റീഫനും സെബാസ്റ്റ്യനും ക്ലേർജി ഹൗസിൽ വന്ന് എന്റെ മുഷിഞ്ഞ ഉടുപ്പുകൾ കഴുകി തേയ്ച്ച് തന്നുകൊണ്ടിരിക്കുന്നു. നല്ല പ്രായമായ ശേഷവും എന്റെ അപ്പച്ചൻ, ആഹാരത്തെപ്പറ്റി രുചിയില്ല, ഗുണമില്ല എന്നൊന്നും പറയാതെ, ലഭിക്കുന്ന ആഹാരം ആവശ്യത്തിനു കഴിച്ചിട്ട് സന്തോഷമായി പോകുമായിരുന്നു. ആഹാരം കഴിക്കുവാൻ തുടങ്ങുന്നതിനുമുമ്പ് എന്റെ അപ്പച്ചൻ കുരിശുവരച്ചശേഷം, ആഹാരത്തിന്റെമേൽ കൈവിരലുകൾ കൊണ്ട് കുരിശുവരച്ച് ആശീർവദിച്ചശേഷമാണ് ആഹാരം കഴിച്ചിരുന്നത്. ചിലപ്പോൾ വൈദികർപോലും ചെയ്യാൻ മറന്നുപോകുന്ന വിശ്വാസത്തിന്റെ ഈ പ്രവൃത്തി, നാട്ടിൻപുറത്തെ ഒരു സാധാരണ മനുഷ്യൻ ചെയ്തിരുന്നത് എന്നെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. സെമിനാരി പരിശീലനകാലത്ത് അവിടുത്തെ ഗുരുക്കന്മാർ ആഹാരകാര്യത്തിൽ അനുവർത്തിക്കേണ്ട കാര്യങ്ങൾ പറഞ്ഞുതന്നിട്ടുണ്ട്. ഏതു സാധനം കൊണ്ടുവച്ചാലും മുന്തിയ പങ്ക് എടുക്കുന്നതു ശരിയല്ല. മറ്റുള്ളവർക്കെല്ലാം കിട്ടി എന്നു ഉറപ്പുവരുത്തിയശേഷം ബാക്കിയുള്ളതേ എടുക്കാവൂ. ഉദാഹരണത്തിന് നാലുപേരിൽ 4 കഷണം മീൻ മേശയിൽ വന്നാൽ, ഏറ്റവും വലിയ കഷണം നോക്കി ആർത്തിയോടെ എടുക്കുന്ന രീതി ശരിയല്ല. ആദ്യം എടുക്കുകയാണെങ്കിൽ, ഉള്ളതിൽ ചെറിയ കഷണം എടുക്കണം. ഇങ്ങനെ എല്ലാ കാര്യത്തിലും ആശയടക്കവും മിതത്വവും പാലിക്കണം. ഇതെല്ലാം ഗുരുക്കന്മാരുടെ ഉപദേശമാണ്.

www.malankaralibrary.com


ദൈവവചനം പറയുന്നു. "അമിതമായ ആഹാരപ്രിയമോ ഭോഗാസക്തിയോ എന്നെ കീഴടക്കാതിരിക്കട്ടെ" (പ്രഭാ. 23:6). ക്രമത്തിലധികം ആഹാരം കഴിച്ച്, ശാരീരിക വ്യായാമവും ഇല്ലാതെ മേദസ്സ് വർദ്ധിച്ച്, ഒത്തിരി വണ്ണംവയ്ക്കുകയും വയറു ക്രമത്തിലധികം ചാടുകയും ചെയ്യാനുള്ള സാധ്യത വൈദികർക്കുണ്ട്. അമിതമായ ആഹാരപ്രിയം ജഢത്തിന്റെ ദുരാശയിൽപ്പെട്ടതാണ്. നാൽപതു ദിവസത്തെ ഉപവാസത്തിനുശേഷം സ്വാഭാവികമായി വിശപ്പുണ്ടായിരുന്ന കർത്താവ്, തന്റെ ദൈവികശക്തി ഉപയോഗിച്ച് അത്ഭുതം പ്രവർത്തിച്ച്, അപ്പം ഉണ്ടാക്കിയില്ല. നമുക്ക് വലിയ പാഠമാണ് കർത്താവ് തന്നത്. തിന്നുക, കുടിക്കുക, ഉറങ്ങുക ഇത് മൃഗത്തിന്റെ സ്വഭാവമാണ്. മനുഷ്യനു അപ്പത്തേക്കാൾ പ്രധാനം ദൈവവചനം, ദൈവികശക്തിയാണ്. ലോകത്തിൽ കോടിക്കണക്കിന് ആളുകൾ ഒന്നും കഴിക്കാനില്ലാതെ ഒഴിഞ്ഞ വയറുമായി അന്തിയുറങ്ങുന്നു. പട്ടിണിമൂലം മരിക്കുന്നവരും ധാരാളം. ഒരു വൈദികനും പട്ടിണിമൂലം മരിക്കേണ്ടിവരില്ല. സഭ, ദൈവജനം അവരുടെ ആഹാരത്തിനു വേണ്ടതു നൽകുന്നു.

പുതുശ്ശേരി ഭാഗത്തുള്ള ഇടവകയുടെ ചുമതലയും എനിക്കുണ്ടായിരുന്നു. ഇടവകയിൽ ആദ്യമായി 3 ദിവസത്തെ പ്രസംഗയോഗം ക്രമപ്പെടുത്തി. പള്ളിക്ക് വെളിയിൽ വിശാലമായ പന്തലിട്ടു. പള്ളിപ്പരിസരം നിറഞ്ഞുകവിയത്തക്കവിധം വലിയ ജനാവലി പ്രസംഗം കേൾക്കുവാൻ വന്നു. ഇടവകയിലെ ആളുകൾ കൂടാതെ, ചുറ്റുപാടുമുള്ള ഇതര ക്രൈസ്തവ വിഭാഗത്തിലെ ജനങ്ങളും പ്രസംഗയോഗത്തിൽ സംബന്ധിക്കുവാൻ വന്നു. വലിയ അനുഗ്രഹത്തിന്റെ അവസരമായിരുന്നു. തുടർന്നുള്ള വർഷങ്ങളിലും ഇതുപോലെ പ്രസംഗയോഗം നടത്തി. കണ്ണങ്കരയിലെ തോമ്മാച്ചനും (ജോൺ കണ്ണങ്കര അച്ചന്റെ പിതാവ്) പള്ളിക്കാര്യത്തിൽ വളരെ സജീവമായിരുന്നു. അവർ വർഷങ്ങളായി സൺഡേസ്കൂൾ പഠിപ്പിക്കുകയും ഇടവക ഭരണത്തിൽ നല്ലരീതിയിൽ പങ്കാളികളാകുകയും ചെയ്തിരുന്നു. ഈ കാലയളവിലാണ് കൊച്ചുതുണ്ടിൽ ജോണച്ചനും സഹോദരി സിസ്റ്റർ കരുണയും സെമിനാരിയിലും മഠത്തിലും ചേർന്നത്. അവരുടെ ദൈവവിളിയിൽ ഞാൻ വഹിച്ച പങ്ക് വളരെയാണെന്ന് അവർ തന്നെ പറഞ്ഞിട്ടുണ്ട്. ഇന്ന് അവർ സഭയിലെ അനുഗ്രഹിക്കപ്പെട്ട വൈദികനും കന്യാസ്ത്രീയുമാണ്. അന്നുണ്ടായിരുന്ന സാമ്പത്തിക പ്രയാസത്തിൽനിന്നും ദൈവം വിടുതൽ കൊടുത്ത് ഒത്തിരി അനുഗ്രഹിച്ചിരിക്കുന്നു. ദൈവികവേലയ്ക്ക് മക്കളെ കൊടുത്താൽ, അവരുടെ കുടുംബത്തെ ദൈവം അനുഗ്രഹിക്കുമെന്നത് തീർച്ചയാണ്. ഇവരുടെ ഉപ്പാപ്പൻ

www.malankaralibrary.com


കാവിളയിൽ ശ്രീ. ശാമുവേൽ സാമ്പത്തികമായി മെച്ചപ്പെട്ട സ്ഥിതിയിലായിരുന്നു. കൈതനാൽ അച്ചന്റെ സമയത്ത് പള്ളിക്ക് ഒരു കുരിശടി സ്വന്തം ചിലവിൽ ശ്രീ. ശാമുവേൽ പണിതുകൊടുത്തു.

മഞ്ചാടിമുക്ക് പള്ളിയുടെ ചുമതലയും ഉണ്ടായിരുന്നു. വന്ദ്യ മണ്ണിക്കരോട്ട് കോർ എപ്പിസ്കോപ്പായുടെ ഇടവകപ്പള്ളിയാണ്. അദ്ദേഹത്തിന്റെ കുടുംബത്തിലെ സഹോദര മക്കൾ, ആണും പെണ്ണും എല്ലാം എന്നോടൊപ്പം വരും. ചിലർ വന്ന് എന്റെ രണ്ടു കൈയ്യിലും പിടിച്ചുകൊണ്ടുനടക്കും. പ്രസ്തുത ഇടവകയിൽ ഒരാൾ, കള്ളനോട്ട് കമ്പനിയുമായി ഇടപാടുള്ള വ്യക്തിയായിരുന്നു. പോലീസ് അദ്ദേഹത്തെ അറസ്റ്റു ചെയ്തു, കേസായി. പള്ളിയിൽ ഒരിക്കലും വിശുദ്ധ കുർബാനയ്ക്ക് വന്നിട്ടില്ല. അദ്ദേഹത്തിന്റെ വീട്ടിൽ ഞാൻ ചെല്ലുമ്പോൾ ഒരിക്കലും കണ്ടിട്ടില്ല. ഈ ആളിന്റെ വിവരം അന്വേഷിക്കാൻ പോലീസ് എന്റെ അടുത്തു വന്നു. എനിക്ക് ഈ ആളിനെപ്പറ്റി കൂടുതൽ ഒന്നും അറിയില്ല. ഇടവക രജിസ്റ്ററിൽ പേരുള്ള വ്യക്തിയാണ്. ഇത്രമാത്രമാണ് എന്റെ അറിവ്. കൊച്ചുമക്കൾ പള്ളിയിൽ വരുന്നുണ്ട് എന്നുള്ള വിവരം ഞാൻ പോലീസിനോടു പറഞ്ഞു. ഇത്രയും ഞാൻ പോലീസിനോട് പറഞ്ഞത് വികാരി എന്ന നിലയിൽ എനിക്ക് ബുദ്ധിമുട്ടുണ്ടാക്കി. ഇതിനെപ്പറ്റി കൂടുതൽ വിവരം പിന്നീട് പറയുന്നതാണ്.

കുളക്കട പള്ളിയിൽ രണ്ടാമത്തെ കുർബാനയ്ക്ക് പോയിരുന്നു. അവിടെ വർഗീസ് സാറിന്റെ പുരയിടത്തിൽ അദ്ദേഹം സഭയ്ക്ക് കൊടുത്ത ചെറിയ കെട്ടിടത്തിലായിരുന്നു വിശുദ്ധ കുർബാന. സാറിന്റെ മക്കൾ—എല്ലാവരും നല്ല പെരുമാറ്റമുള്ള കുട്ടികളായിരുന്നു. വിശുദ്ധ കുർബാന കഴിഞ്ഞ് സാറിന്റെ വീട്ടിൽനിന്നും ചോറ് ഉണ്ട് അവിടെ കുറേസമയം കിടന്നു വിശ്രമിച്ച ശേഷമാണ് ഏനാത്തു വന്നിരുന്നത്. ഞാൻ പോന്നശേഷം, കുറേനാൾ കഴിഞ്ഞ്, വേറെ സ്ഥലം വാങ്ങി അവിടെ പള്ളിവച്ച് ആരാധന നടത്തുന്നു. വർഗീസ് സാർ ഹൃദയസ്തംഭനമായി പെട്ടെന്നു മരിച്ചുപോയി. എന്നെ ഒത്തിരി സ്നേഹിച്ച കുടുംബമാണ് സാറിന്റേത്.

ഞാൻ കൊട്ടിയത്ത് ആശുപത്രിയിൽ ഓപ്പറേഷൻ കഴിഞ്ഞ്, ക്ഷീണിതനായി ഏനാത്തു വന്നയിടെ, ഒരു കത്ത് വികാരി ജനറൽ കുരുവിള അച്ചനിൽ നിന്നുകിട്ടി. “ഒന്നു സഹായിക്കണം. കാരയ്ക്കാട് ഇടവകയുടെ ചുമതല എടുത്തു സഹായിക്കണം,” എന്നുള്ള കത്ത്. അന്നത്തെ വികാരി തോമസ് മരുതൂർ അച്ചൻ ഇടവകയിലെ ഒരു കുടുംബവുമായി പ്രശ്നമായി, മനസ്സ് മുറിപ്പെട്ട്, കാരയ്ക്കാട് തുടരാൻ ഉദ്ദേശ്യമില്ല എന്നു അരമനയിൽ

www.malankaralibrary.com


അറിയിച്ചു. ഇതിന്റെ വെളിച്ചത്തിലാണ് കുരുവിള അച്ചൻ എനിക്കെഴുതിയത്. എനിക്ക് ശരീരത്തിനും മനസ്സിനും ഒത്തിരി ബലക്കുറവ് ഉള്ള സമയം. പുതിയ ഇടവകയുടെ ചുമതല ഉടനെ ഏറ്റെടുക്കാൻ പ്രയാസം. മനസ്സ് ആദ്യം മടിച്ചു. അധികാരികൾ അവരുടെ ആവശ്യം അറിയിച്ചതാണല്ലോ. അത് നിർവ്വഹിക്കുന്നതു ദൈവഹിതമാണല്ലോ എന്ന് രണ്ടാമതു ചിന്തിച്ചു. കാരയ്ക്കാടിനു പോകാൻ തീരുമാനിച്ചു. 1977 സെപ്റ്റംബർ 7-ലെ ട്രാൻസ്ഫർ ഓർഡർ കിട്ടി. അച്ചന്മാർക്ക് പൊതുവായിട്ടുള്ള മാറ്റത്തിന്റെ സമയമല്ലായിരുന്നു. ഏനാത്തും പുതുശ്ശേരി ഭാഗത്തും എല്ലാവരും ചേർന്നുള്ള ഗ്രൂപ്പ് ഫോട്ടോ എടുത്തശേഷം എനിക്ക് യാത്രയയപ്പു നൽകി.

എന്നെ കാരയ്ക്കാടിനും മരുതൂർ അച്ചനെ ഏനാത്തും വികാരി ആക്കിക്കൊണ്ടുള്ള നിയമനമായിരുന്നു. മരുതൂർ അച്ചൻ വളരെ സമർത്ഥനായിരുന്നു. പഠനത്തിന് എന്റെ ഒരുവർഷം സീനിയറായി പൂനയിൽ പഠിച്ചതാണ്. നല്ല മിഷനറി, നല്ല വാഗ്മി, പാവങ്ങളോട് കരുണയുള്ള. നല്ല പ്രാർത്ഥനാജീവിതമുള്ള വ്യക്തി. അദ്ദേഹം ഒരു കാര്യം തീരുമാനിച്ചാൽ അതിൽനിന്നു വ്യതിചലിക്കുകയില്ല. സ്വല്പം പിടിവാശി എന്ന ബലഹീനത ഉണ്ട്. സത്യത്തിനും നീതിക്കും വേണ്ടി നിലകൊള്ളും. അതിൽനിന്നു വ്യതിചലിച്ച് അധികാരികൾ പ്രവർത്തിച്ചാൽ മരുതൂർ അച്ചൻ തന്റെ അഭിപ്രായത്തിൽനിന്ന് മാറുകയില്ല. വൈദികൻ അസത്യത്തിനും അനീതിക്കും കൂട്ടുനിൽക്കരുത്. എന്നാൽ 'വെൽഡ്' ചെയ്ത ജീവിതശൈലി വൈദികനു ചേർന്നതല്ല എന്നാണ് എന്റെ അഭിപ്രായം, അതായത് വെൽഡ് ചെയ്താൽ ചലനമില്ലല്ലോ. നട്ടും ബോൾട്ടും ഇട്ട ശൈലിയായിരിക്കണം, വേണ്ടിവന്നാൽ നട്ട് സ്വല്പം അയയ്ക്കാൻ മടിക്കരുത്. അതിന് ഒത്തിരി ക്ഷമയും വിട്ടുവീഴ്ചാമനോഭാവവും വേണം. നമ്മുടെ ജനങ്ങൾ ചിലപ്പോൾ, വിവരക്കേട് പ്രവർത്തിക്കുകയും വൈദികരോട് വിവരക്കേട് സംസാരിക്കുകയും ചെയ്തേക്കാം. വൈദികർ അതൊക്കെ ക്ഷമിച്ചു മറക്കണം. എങ്കിലേ നമ്മുടെ അജഗണത്തെ മേയിച്ചുകൊണ്ടുപോകാൻ പറ്റൂ.

ഞാൻ കാരയ്ക്കാട് ചെന്നശേഷം രണ്ടുമൂന്നുദിവസം തോമസ് മരുതൂർ അച്ചൻ എന്നോടൊപ്പം താമസിച്ചു. അദ്ദേഹത്തിനുണ്ടായ വിഷമങ്ങൾ എന്നോടു പറഞ്ഞു. മേലധികാരി തോമസ് അച്ചനെ വേണ്ടവിധം മനസ്സിലാക്കിയില്ല എന്ന നീരസം ഉള്ളിലുണ്ട്. അതെല്ലാം ക്ഷമിക്കുവാൻ ഞാൻ അച്ചനോടു പറഞ്ഞു. മേലധികാരികളും മനുഷ്യരല്ലേ? അവർക്കും ബലഹീനതകൾ കാണാം. അവർ നമ്മെ ഒരുപക്ഷേ

www.malankaralibrary.com


നൂറുശതമാനം മനസ്സിലാക്കി കാണുകയില്ല. അതു മനഃപൂർവ്വമാകണമെന്നില്ല. മനുഷ്യൻ എന്ന നിലയിൽ അവർക്കുള്ള പരിമിതി കൊണ്ടുണ്ടാകുന്നതാണ്. ഏനാത്തു പോയി അച്ചൻ ചുമതല എടുക്കണം എന്നു സ്നേഹത്തോടെ പറഞ്ഞു. ഏനാത്തിനു പോകുന്നില്ല. കുറെ വിശ്രമം എനിക്ക് വേണം എന്ന് അദ്ദേഹം പറഞ്ഞു. അച്ചനിൽനിന്നു കിട്ടിയ വിവരമനുസരിച്ച്, ഇടവകയിൽ ഒരാളുടെ മകൾ പള്ളിയിൽ 'ഇടർച്ച കൊടുക്കത്തക്ക രീതിയിൽ ഉറക്കെ ചിരിച്ചുകൊണ്ടിരുന്നു.' വിശുദ്ധ കുർബാന കഴിഞ്ഞ്, അച്ചൻ വടികൊണ്ട് അവർക്ക് ഓരോ അടി കൊടുത്തു. പെൺകുട്ടി അടികിട്ടാതെ കൈവലിച്ചുകളഞ്ഞു. അച്ചൻ അടിച്ച അടി പെൺകുട്ടിയുടെ തോൾഭാഗത്തു കൊണ്ടു. പെൺകുട്ടിയുടെ ആൾക്കാർ അച്ചനോട് വളരെ മോശമായി സംസാരിച്ചു. ഇത് അച്ചനെ വല്ലാതെ മുറിപ്പെടുത്തി. സംഭവവിവരം അരമനയിൽ എത്തിയപ്പോൾ, അച്ചന്റെ പ്രശ്നവശം അവിടെ മനസ്സിലാക്കിയില്ല. വീട്ടുകാർക്കാണ് മുൻതൂക്കം കൊടുത്തത്. ഈ സാഹചര്യത്തിൽ അവരുടെ ഇടവകയിൽ തുടരാൻ താല്പര്യമില്ലായെന്ന മാനസികാവസ്ഥ അച്ചനിൽ ഉണ്ടായി. ഏനാത്തേക്കുള്ള സ്ഥലംമാറ്റം സ്വീകരിക്കാതെ അദ്ദേഹം വിശ്രമത്തിനായി പൂന പേപ്പൽ സെമിനാരിയിൽ പോയി. തുടർന്ന് അച്ചൻ Redemptorist Fathers-ന്റെ സമൂഹത്തിൽ ചേർന്ന് നോവിഷ്യേറ്റ് കഴിഞ്ഞ് ഒരു റിഡംപ്തറിസ്റ്റ് അച്ചനായി. അവിടെ നല്ല രീതിയിൽ പ്രവർത്തിച്ചു. എന്നാൽ ഭാഗ്യദോഷം, അദ്ദേഹം വളരെ നാളുകൾക്ക് മുമ്പ് ഒരു അപകടത്തിൽ മരിച്ചു. തിരുവനന്തപുരത്ത് മുട്ടട Redemptorist അച്ചന്മാരുടെ സെമിത്തേരിയിലാണ് സംസ്കരിച്ചിരിക്കുന്നത്. നല്ല സ്നേഹമുള്ള അച്ചൻ ആയിരുന്നു അദ്ദേഹം. എന്നെ സംബന്ധിച്ചിടത്തോളം മറക്കുവാൻ സാധിക്കാത്ത വ്യക്തി.

കാരയ്ക്കാട്ട്, മെഴുവേലി, പുന്തല ഇടവകകളുടെ ചുമതല ആയിരുന്നു എനിക്ക്. മെഴുവേലി 11 കിലോമീറ്റർ ദൂരെയായിരുന്നു. മെഴുവേലിയിലും പുന്തലയിലും മാസം രണ്ട് വിശുദ്ധ കുർബാന വീതം ഉണ്ടായിരുന്നു. കാരയ്ക്കാട്ട് എല്ലാ ഞായറാഴ്ചയും വിശുദ്ധ കുർബാന അർപ്പിച്ചിരുന്നു. ഞാൻ ചെന്നപ്പോൾ കാരയ്ക്കാട്ട് ഇടവകയിൽ അന്തരീക്ഷം കുറെ കലുഷിതമായിരുന്നു. എന്നെയും മുൻവിധിയോടെയാണ് സമീപിച്ചത്. ഈ ഒരു വൈദികനെ മനസ്സിലാക്കാൻ, വൈദികന് ജനങ്ങളെ മനസ്സിലാക്കാൻ കുറച്ചുസമയം വേണ്ടിവരുമല്ലോ. കുളനടഭാഗത്തുള്ള കുറെ വീട്ടുകാരും പള്ളിയുടെ വടക്കുഭാഗത്തുള്ള വീട്ടുകാരും തമ്മിൽ മരുതൂർ അച്ചൻ വരുന്നതിന് മുമ്പുള്ള അച്ചന്റെ സമയത്തുതന്നെ "സൗന്ദര്യപിണക്ക"ത്തിലായിരുന്നു.

www.malankaralibrary.com


ഞാൻ കാരയ്ക്കാട്ട് ചാർജ്ജെടുത്ത് അധികം ആഴ്ചകൾ കഴിയുന്നതിനുമുമ്പ് ഇടവകയിൽ പ്രായമായ ഒരപ്പച്ചൻ മരിച്ചു. ഇടവകയിൽ എല്ലാവരെയും പരിചയപ്പെടാനുള്ള സമയം എനിക്ക് ലഭിച്ചിരുന്നില്ല. സംസ്കാരത്തിന് കുഴിവെട്ടാനുള്ള സ്ഥലം കാണിച്ചുകൊടുക്കുവാൻ അന്നത്തെ കൈക്കാരൻ കല്ലുഴത്തിൽ ശമുവേലിനോട് ഞാൻ പറഞ്ഞു. ആരെയൊക്കെ, എവിടെയൊക്കെ സംസ്കരിച്ചിട്ടുണ്ട് എന്നുള്ള വിവരം അന്ന് എനിക്കറിഞ്ഞുകൂടാ. ഒരു ശനിയാഴ്ച ആയിരുന്നു മരണം, ഞായറാഴ്ച ഉച്ചകഴിഞ്ഞ് സംസ്കാരവും. മെഴുവേലി പള്ളിയിൽ പോയി വിശുദ്ധ കുർബാന കഴിഞ്ഞ് 22 കി.മീ. സ്കൂട്ടർ ഓടിച്ചു കാരയ്ക്കാട്ടു വന്നു. ഞാൻ പള്ളിക്കെട്ടിടത്തിൽ വന്നപ്പോൾ പള്ളിക്ക് മുമ്പിൽ വലിയ സംസാരം. പള്ളിക്കെട്ടിടം പള്ളിയിൽനിന്ന് 100 അടി മാറിയാണ്. ഞാൻ ബാത്ത്റൂമിൽ പോയി മുഖം കഴുകി പള്ളിമേടയിൽ വന്നപ്പോൾ അതിനു മുമ്പിൽ കുറെ പുരുഷന്മാരും സ്ത്രീകളും പലതും പുലമ്പുന്നു. കുറെ ധിക്കാരഭാഷയിൽ, എന്നെ പലതും പറയുന്നു. എന്താണ് കാര്യമെന്ന് ആദ്യം എനിക്ക് പിടികിട്ടിയില്ല. വളരെ ക്ഷോഭിച്ച് അവർ സംസാരിച്ചുകൊണ്ടിരുന്നു. വിവരം ഒരു പ്രത്യേക കുടുംബക്കാരുടെ കല്ലറയുടെ സമീപം വെട്ടിയ കുഴി മൂടിയിട്ട് വേറെ കുഴി വെട്ടി സംസ്ക്കരിക്കണമെന്ന് ആവശ്യം. ഇവരുടെ ഒച്ചപ്പാടിനു ഞാൻ ഉടനെ മറുപടി ഒന്നും പറഞ്ഞില്ല. വിശുദ്ധ കുർബാന വിഷമത്തോടെ അർപ്പിച്ചു. കർത്താവ് യഥാർത്ഥ ബലി കാൽവരിയിൽ അർപ്പിച്ചപ്പോൾ അതിനുമുമ്പ് എത്ര പീഡകളും പരിഹാസവും ഏറ്റുവാങ്ങി. വൈദികജീവിതത്തിൽ പ്രതീക്ഷിക്കാത്ത ഇത്തരം സാഹചര്യങ്ങൾ, കർത്താവിന്റെ വിളിയുടെ ഒരു ഭാഗമാണ്. സുവിശേഷപ്രസംഗം ഒന്നും അന്ന് പറഞ്ഞില്ല. വേറെ കുഴിവെട്ടുന്നതിനോട് എനിക്ക് യോജിക്കുവാൻ സാധിച്ചില്ല. കുഴിവെട്ടിയതു വെട്ടി, അവിടെ മൃതശരീരം സംസ്ക്കരിക്കും. അതിന് മാറ്റം വേണമെങ്കിൽ തിരുവനന്തപുരത്തു പോയി പിതാവിന്റെ അനുവാദം വാങ്ങിക്കൊണ്ട് വരണം എന്ന് ഞാൻ തീർത്തുപറഞ്ഞു. പോയാൽ അനുവാദം കിട്ടുകയില്ല എന്ന് ചിന്തിച്ചായിരിക്കാം, അവർ അതിന് തുനിഞ്ഞില്ല. മൃതശരീരം ക്രമപ്പെടുത്തിയ കല്ലറയിൽത്തന്നെ സംസ്ക്കരിച്ചു.

ഞാൻ സാവകാശം ഓരോ വീടുകളും സന്ദർശിക്കുവാൻ തുടങ്ങി. എതിർപ്പ് കാണിച്ചവരുടെ ഭവനങ്ങളിലും ഞാൻ സൗഹൃദത്തിന്റേതായ സന്ദർശനം നടത്തി. പ്രാർത്ഥനായോഗങ്ങളിൽ പോയി നേതൃത്വം നൽകി. കാരയ്ക്കാട്ട് പള്ളിയിൽ മദ്ബഹാ സീലിംഗ് തറപ്പിച്ചു. മദ്ബഹായിൽ കർത്താവിന്റെ അന്ത്യഅത്താഴത്തിന്റെ ചിത്രം വരപ്പിച്ചു. കല്ലുമലയിലുള്ള

www.malankaralibrary.com


ചാക്കോസാർ ആണ് പടംവരച്ചുതന്നത്. ജന്മനാ കാൽ ശോഷിച്ച് നടക്കുവാൻ പ്രയാസമുള്ള പനച്ചയ്ക്കാമോടിയിൽ ചെറിയാൻ സാർ ഒരു ഞായറാഴ്ചപോലും മുടങ്ങാതെ പള്ളിയിൽ വന്നിരുന്നത് എനിക്ക് വളരെ പ്രയോജനമായിരുന്നു. പള്ളിക്കാര്യങ്ങളിൽ വളരെ സജീവമായി പങ്കെടുത്തിരുന്ന പല യുവതീയുവാക്കളും പിൽക്കാലത്ത് ഗൾഫിലും മറ്റും ജോലിതേടി നല്ല നിലയിലായിട്ടുണ്ടെങ്കിലും ചിലർ, പെന്തക്കോസ്തു സഭകളിൽ ചേർന്നു ജീവിക്കുന്നത് വളരെ ഖേദമുണ്ടാക്കിയിട്ടുണ്ട്. നമ്മുടെ സഭയിലെ നല്ല മക്കൾക്കാണ് ഇത് സംഭവിക്കുന്നത്. ഒന്നാമതായി കത്തോലിക്കാസഭയുടെ വിശ്വാസം എന്താണെന്ന് ആഴമായ പഠനമോ ബോദ്ധ്യമോ നമ്മുടെ സഭയിലുള്ള ഭൂരിപക്ഷം പേർക്കും ഇല്ല. അതിന്റെ കാരണങ്ങൾ പലതാണ്. അത് വിശദീകരിക്കുന്നില്ല. പള്ളിയിൽ വരുന്നു, പള്ളിക്ക് സംഭാവന കൊടുക്കുന്നു, വിശ്വാസജീവിതം അതിൽ ഒതുക്കി നിർത്തുന്നു. ഗൾഫ് രാജ്യങ്ങളിൽ പലയിടത്തും നമ്മുടെ ആരാധനാ സ്ഥലങ്ങളില്ല, കൂട്ടായ്മയില്ല. സൗദി അറേബ്യ പോലുള്ള സ്ഥലങ്ങളിൽ ക്രിസ്ത്യാനിക്ക് ബാഹ്യമായ ആരാധനയൊന്നും നടത്തുവാൻ അനുവാദമില്ല. ഇങ്ങനെ കൂട്ടായ്മ ഇല്ലാതെ ആരാധനയില്ലാതെ മനസ്സു നൊമ്പരപ്പെട്ട് കഴിയുന്നവരുടെ ഇടയിൽ രഹസ്യമായി പെന്തക്കോസ്തു പാസ്റ്റർമാർ കയറിച്ചെല്ലും, നമുക്കൊന്ന് പ്രാർത്ഥിക്കാം എന്നു പറഞ്ഞ്. ദാഹജലം തേടി നടക്കുന്ന മാനിനെപ്പോലെ, പ്രാർത്ഥിക്കാൻ കിട്ടിയ അവസരത്തിൽ സന്തോഷിച്ച്, പാസ്റ്ററിന്റെ പ്രാർത്ഥനയിൽ സംബന്ധിക്കും. പ്രാർത്ഥന അതിൽ തന്നെ തെറ്റല്ലല്ലോ. രണ്ട് ദിവസത്തെ പ്രാർത്ഥനയിൽ ഗൾഫിലെ ഒറ്റപ്പെട്ട മക്കൾക്ക് ആത്മീയമായ ഒരു ഉണർവ്വും ശക്തിയും ഉണ്ടാകുന്നു. ഈ സ്ഥിതിവിശേഷം കണക്കിലെടുത്ത് പാസ്റ്റർ നമ്മുടെ വിശ്വാസത്തെ ചോദ്യംചെയ്ത് അത് തെറ്റാണ്, അന്ധവിശ്വാസമാണ്, ബൈബിളിന് നിരക്കാത്തതാണ് എന്നു പറഞ്ഞ് പഠിപ്പിക്കും. കുടുക്ക് ചോദ്യങ്ങൾ ചോദിച്ച് കത്തോലിക്കരെയും യാക്കോബായക്കാർ മുതലായവരെയും അവരുടെ വിശ്വാസത്തെക്കുറിച്ച് സംശയം ജനിപ്പിക്കും. വീണ്ടും മുങ്ങി സ്നാനം സ്വീകരിച്ചെങ്കിൽ മാത്രമേ രക്ഷിക്കപ്പെടൂ എന്നുള്ള നിഗമനത്തിലേക്ക് ഒരാളെ തന്ത്രപൂർവ്വം പാസ്റ്റർ എത്തിക്കും. ബൈബിളിൽ അധിഷ്ഠിതവും ആദിമ നൂറ്റാണ്ടുമുതൽ സഭയിൽ ഉണ്ടായിരുന്നതുമായ വിശ്വാസസത്യങ്ങളെ കടപുഴക്കി എറിഞ്ഞുകൊണ്ട് പതിനാറാം നൂറ്റാണ്ടിൽ തുടങ്ങിയ പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾ ബൈബിൾ ദുർവ്യാഖ്യാനം ചെയ്ത് നൂറുനൂറ് വ്യത്യസ്ത സഭകൾ ഇന്ന് ലോകത്തിന് സംഭാവന ചെയ്തിട്ടുണ്ട്. ഈ ചരിത്രസത്യം വേണ്ടവിധം മനസ്സിലാക്കാ

www.malankaralibrary.com


തെ നമ്മുടെ ആളുകൾ പെന്തക്കോസ്തു വിശ്വാസത്തിന്റെ കെണിയിൽ പ്പെട്ടു പോകുന്നു. പെന്തക്കോസ്തു സഭയിൽപ്പെടുന്നവർ എല്ലാം നല്ലവര ല്ലെന്നോ കത്തോലിക്കാസഭയിൽ വന്നതിന്റെ പേരിൽ എല്ലാവരും വിശുദ്ധരും നല്ലവരുമാണ് എന്നോ ഞാൻ ഉദ്ദേശിക്കുന്നില്ല. ആദിമ നൂറ്റാണ്ടുമുതൽ സഭാപിതാക്കന്മാർ വിശ്വസിച്ചതും പഠിപ്പിച്ചതുമായ വിശ്വാസത്തെ പെന്തക്കോസ്തു സഭാവിഭാഗം ക്ഷയിപ്പിക്കുകയും വികല മായി വ്യാഖ്യാനിക്കുകയും ചെയ്യുന്നുവെന്നത് സത്യമാണ്.

പുന്തലപ്പള്ളിയിൽ കുറച്ച് വീട്ടുകാരേ ഉണ്ടായിരുന്നുള്ളൂ. കൂടുതലും പാവപ്പെട്ടവർ. മെഴുവേലി ഇടവക വളരെ സജീവമായിരുന്നു. ആരാധന യ്ക്ക് നന്നായി പാടുന്ന കുട്ടികളും യുവതീയുവാക്കളും ഉണ്ടായിരുന്നു. ഇവിടെല്ലാം വീടുകൾ മുടങ്ങാതെ സന്ദർശിക്കുകയും കഴിവത് സഹായം പാവപ്പെട്ടവർക്ക് നൽകുകയും ചെയ്തു. രണ്ട് മൂന്ന് വീടുകൾ പുനരുദ്ധരി ക്കാനുള്ള സഹായം പാവപ്പെട്ടവർക്ക് നൽകുകയും ചെയ്തു. കുറെ വീടുകളിൽ ആടിനെ നൽകി. ഇടവകയിൽ ഗായകസംഘത്തെ ക്രമപ്പെ ടുത്തി. ഇതര ക്രിസ്തീയ വിഭാഗങ്ങളുമായി ഗാനമത്സരം നടത്തി. എനിക്ക് ഒത്തിരി ആത്മീയസന്തോഷം തന്ന ഇടവകയാണ് മെഴുവേലി. ഈ കാലയളവിൽ മെഴുവേലി കിഴക്കുഭാഗത്ത് കുറെ വീടുകൾ കത്തോലി ക്കാസഭയിൽ ചേർന്ന് ഒരു ചെറിയ ഇടവക രൂപംകൊണ്ടു. അവിടെ കുറേദിവസം വൈകുന്നേരങ്ങളിൽ പോയി വിശ്വാസസത്യങ്ങൾ ഞാൻ പഠിപ്പിച്ചിരുന്നു. പുന്തല ഇടവകയുടെ ചുമതല വെണ്മണിയിലെ വികാരി യച്ചനെ ഏൽപ്പിച്ചിട്ട് എനിക്ക് പന്തളം തെക്ക് പള്ളിയുടെ ചുമതല തന്നു. അവിടെയും എല്ലാവരെയും പരിചയപ്പെടുകയും, സന്തോഷമായി എന്നെ ഏൽപ്പിച്ച ചുമതല നിർവ്വഹിക്കുകയും ചെയ്തു.

കാരയ്ക്കാട്ട് ചുമതല വഹിക്കുമ്പോൾ കോട്ടയത്ത് മാങ്ങാനത്ത് എം.ഒ.സി. (മിഷനറി ഓറിയന്റേഷൻ സെന്റർ) യിൽ മൂന്നുമാസം സൈക്കോളജി ക്ലാസ്സിൽ സംബന്ധിച്ചു. അധികം വിശ്രമമില്ലാതെ രാത്രിവരെ നീണ്ടുനിൽക്കുന്ന ക്ലാസ്സുകളായിരുന്നു. ഞായറാഴ്ച പള്ളികളിലെ കുർബാനയ്ക്കുശേഷം കോട്ടയത്തു പോവുകയും, വീണ്ടും ശനിയാഴ്ച വൈകിട്ട് പള്ളിയിൽ തിരിച്ചെത്തുകയുമായിരുന്നു. Counselling Basic principles, Marital Counselling, Adolescent Counselling ഈ വിഷയങ്ങൾക്ക് ഊന്നൽകൊടുത്ത ക്ലാസ്സുകളായിരുന്നു. മനഃശാസ് ത്രത്തിലെ വിവിധ സ്കൂളുകളുടെ പഠനത്തെപ്പറ്റി നല്ല ക്ലാസ്സുകൾ ലഭിച്ചു. ആധികാരികതയുള്ള വ്യക്തികളായിരുന്നു ക്ലാസ്സുകൾ എടുത്തത്. സി. ജോവാൻ ചുങ്കപ്പുര, ഫാ. ജോസ് ആലഞ്ചേരി, ഫാ. ആന്റണി മണ്ണാർക്കുളം,

www.malankaralibrary.com


ഫാ. ഹർഷജൻ ഒ.എഫ്എം., ഫാ. കോട്ടൂർ മുതലായവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ഫാദർ കോട്ടൂരിനെ അടുത്തകാലത്ത് സിസ്റ്റർ അഭയ കേസ്സിൽ പ്രതിയായി സി.ബി.ഐ. ഉൾപ്പെടുത്തിയത് ഞാൻ ദുഃഖത്തോടെയാണ് കേട്ടത്. അദ്ദേഹം ഇങ്ങനെ ഒരു കൃത്യം ചെയ്തെന്ന് ഞാൻ വിചാരിക്കുന്നില്ല. രഹസ്യങ്ങൾ അറിയുന്ന ദൈവം സത്യം വെളിപ്പെടുത്തട്ടെ. എം.ഒ.സി.യിൽ അന്നത്തെ ഡയറക്ടർ പൂനയിൽ എന്റെ സഹപാഠിയായിരുന്ന ജോർജ്ജ് വാവാനിക്കുന്നേൽ അച്ചനായിരുന്നു. ഞങ്ങൾ 20-ൽപ്പരം ആളുകൾ ഉണ്ടായിരുന്നു. ആറ് വൈദികരും, ബാക്കി കേരളത്തിന് അകത്തും പുറത്തും നിന്നുമുള്ള സിസ്റ്റേഴ്സും ക്ലാസ്സുകളിൽ സംബന്ധിച്ചു. ഈ മനഃശാസ്ത്ര ക്ലാസ്സുകൾ എന്റെ അറിവിന്റെ ചക്രവാളം കുറെക്കൂടി വികസ്വരമാക്കി. യുവജന-കുടുംബ പ്രശ്നങ്ങളുടെ അടിവേരുകൾ കുറച്ചുകൂടി മനസ്സിലാക്കുവാൻ സഹായിച്ചു. കുടുംബത്തിൽ ഉണ്ടാകുന്ന പല പ്രശ്നങ്ങളും വൈകാരിക പക്വതയില്ലാത്ത മാനസിക സമതുലിതാവസ്ഥയില്ലാത്ത വ്യക്തികളിൽ നിന്ന് ഉരുത്തിരിയുന്നതാണെന്നുള്ള ഉൾക്കാഴ്ച കൂടുതലായി കിട്ടി. ഇതിന് ശേഷം പള്ളികളിലും യുവജന ക്ലാസ്സുകളിലും ബൈബിളുമായി ബന്ധപ്പെടുത്തി മനഃശാസ്ത്ര പഠനങ്ങൾ കൂടി ഉൾപ്പെടുത്തുമായിരുന്നു. മറ്റുള്ളവർക്ക് നിർദ്ദേശങ്ങളും ഉപദേശങ്ങളും കൊടുക്കുന്നതിനും മനഃശാസ്ത്ര പഠനം എന്നെ സഹായിച്ചു. ആധുനിക മനഃശാസ്ത്രപഠനങ്ങൾ എല്ലാം തന്നെ അപഗ്രഥിച്ചാൽ യേശുക്രിസ്തുവാണ് ഏറ്റവും വലിയ മനഃശാസ്ത്രജ്ഞൻ എന്നതാണ് സത്യം. പരസ്പരം മനസ്സിലാക്കാനും പങ്കുവയ്ക്കാനുമുള്ള അനുഗ്രഹദിവസങ്ങൾ ആയിരുന്നു എം.ഒ.സി.യിലെ മൂന്ന് മാസത്തെ ജീവിതം.

1981 മാർച്ച് 5-ലെ കല്പനയിൽ എന്നെ പന്തളം തെക്ക് ഇടവകയുടെ ചുമതലയിൽനിന്നു മാറ്റി ഫാ. സ്റ്റീഫൻ മാത്യുവിനെ ഏല്പിച്ചു. ഉളനാട് ഇടവകയുടെ ചുമതല എനിക്കു തന്നു. മേലധികാരികൾ ചില ക്രമീകരണങ്ങൾ ചെയ്തതിൽ വരുന്ന മാറ്റങ്ങളാണ്. കാരയ്ക്കാട്ട് വന്ന ശേഷം 5 ഇടവകകളിലുള്ളവരെ പരിചയപ്പെടാനും ശുശ്രൂഷ ചെയ്യാനും സാധിച്ചു. ബഹു. സാമുവേൽ മണ്ണിൽ, ഫാ. ഇ.എസ്. ജോൺ, ഫാ. റെജി ഒ.ഐ.സി. ഇവർ ഉളനാട് ഇടവകയിൽപ്പെട്ടവരാണ്. റെജിയച്ചൻ അന്ന് ആശ്രമത്തിൽ പഠിച്ചുകൊണ്ടിരുന്ന വൈദികവിദ്യാർത്ഥിയായിരുന്നു. കഷ്ടിച്ച് രണ്ട് മാസം മാത്രമേ ഉളനാട് ഇടവകയിൽ പ്രവർത്തിക്കുവാൻ സാധിച്ചുള്ളൂ. ഈ ചുരുങ്ങിയ കാലയളവിൽ അവിടെ എല്ലാ വീടുകളും ഞാൻ സന്ദർശിച്ചു.

www.malankaralibrary.com


ചന്ദനപ്പള്ളി ഇടവകവികാരി ഫാ. മാത്യു പൊൻമേലിക്ക് ഇടവകയിൽ നിന്ന് കുറെ ബുദ്ധിമുട്ടുണ്ടായി. കുരുവിള അച്ചൻ എനിക്ക് എഴുതി. 25.05.1981-ലെ ഒരു കല്പന കിട്ടി. ചന്ദനപ്പള്ളി, അങ്ങാടിക്കൽ പള്ളികളുടെ വികാരിയായുള്ള നിയമനം. ഞാൻ തികച്ചും പ്രതീക്ഷിക്കാത്ത സ്ഥലംമാറ്റം ലഭിച്ചു. സ്നേഹനിർഭരമായ യാത്രയയപ്പ് എനിക്ക് ലഭിച്ചു. ഇടവകയെ ഒന്നായിക്കണ്ട് എല്ലാവരെയും സ്നേഹിച്ച വികാരിയായിരുന്നെന്ന് യാത്രയയപ്പ് പ്രസംഗത്തിൽ പലർ പറയുന്നത് കേട്ടു. ഒരു വൈദികന് കിട്ടാവുന്ന വലിയ സമ്മാനം ഇപ്രകാരമുള്ള അംഗീകാരമാണല്ലോ. കർത്താവിന് സ്തോത്രം. എനിക്ക് ആരോടും പിണക്കമോ നീരസമോ ഉണ്ടായിരുന്നില്ല. കാരയ്ക്കാട്ട് ഇടവകയിൽ ചുമതല വഹിക്കുന്ന സമയത്താണ് കാരയ്ക്കാട്ട് ജോസഫ് കുരുമ്പിലേത്തും, മെഴുവേലിൽ സക്കറിയാസ് (രാജൻ) നെടികാലായിലും നവവൈദികരായി അഭിഷിക്തരായത്. അവരുടെ പ്രഥമബലി അർപ്പണം നല്ലരീതിയിൽ ക്രമപ്പെടുത്തുവാൻ ഞാൻ ശ്രമിച്ചു. കാരയ്ക്കാട്ടുവച്ച് അൾസേഷ്യൻ, പൊമറേനിയൻ സങ്കരവർഗത്തിൽപ്പെട്ട നല്ല ഒരു പട്ടിയെ ഞാൻ വളർത്തി. എന്റെ ബോയ് ആന്റണി അതിന് പരിശീലനം നൽകി. എനിക്കുള്ള കത്തുകൾ മെയിൻ റോഡിൽ പോസ്റ്റുമാനിൽനിന്ന് വാങ്ങി കടിച്ചുകൊണ്ടുവന്നുതരുമായിരുന്നു. ഞാൻ കൈനീട്ടുമ്പോൾ മാത്രം കടിച്ചുപിടിച്ചിരിക്കുന്ന കത്തുകളുടെ പിടിവിട്ട് തരുമായിരുന്നു. വേറെ ആര് ചോദിച്ചാലും കത്ത് കൊടുത്തിരുന്നില്ല. ഒരു വളർത്തുമൃഗത്തിന്റെ പ്രത്യേകത ഓർത്തുപോയതാണ്.

14 വർഷംമുമ്പ് ഒരു സഹവികാരിയായി, എല്ലാവർക്കും സ്വീകാര്യനായ വ്യക്തിയായി, ഞാൻ ചന്ദനപ്പള്ളിയിൽ താമസിച്ച് അവിടെയും കൊടുമൺ, അങ്ങാടിക്കൽ പള്ളിയുടെ ചുമതല നോക്കിയിരുന്നു. വീണ്ടും ഞാൻ അവിടെ വന്നപ്പോൾ എല്ലാവരും പരിചയമുള്ള വ്യക്തികൾ. പുതുതായി ആരെയും മനസ്സിലാക്കാനില്ലായിരുന്നു. 14 വർഷംമുൻപ് എന്റെ അടുത്തുവന്ന് കൊഞ്ചിക്കളിച്ച കുഞ്ഞുങ്ങൾ സമയത്തിന്റെ ഗതിയിൽ യുവാവും യുവതിയുമായിരിക്കുന്നു. ടാഗോറിന്റെ കാബൂളിവാല എന്ന കഥയിലെ യുവതിയെപ്പോലെ. ഈ മക്കളുടെ കൊച്ചച്ചൻ ഇടവകവികാരിയായി വന്നതിൽ എല്ലാവർക്കും സന്തോഷമായിരുന്നു. 1966-ൽ എല്ലാ പള്ളികളിലും വീടുകളിലും നടന്നുപോകാനേ മാർഗമുണ്ടായിരുന്നുള്ളൂ. 1981-ൽ എനിക്ക് സ്കൂട്ടർ ഉള്ളതുകൊണ്ട് പള്ളികളിൽ എത്താൻ ബുദ്ധിമുട്ട് ഇല്ലായിരുന്നു. എന്റെ സഹോദരൻ നൈജീരിയായിൽ പഠിക്കുവാൻ പോയപ്പോൾ എനിക്ക് പണം അയച്ചുതന്നു വാങ്ങിയ 'ചേതക്ക്' സ്കൂട്ടർ ആയിരുന്നു വാഹനം.

www.malankaralibrary.com


ചന്ദനപ്പള്ളിയിൽ യുവജനങ്ങൾക്ക് സ്വഭാവരൂപീകരണത്തെപ്പറ്റി വചനാധിഷ്ഠിതവും മനഃശാസ്ത്രപരവുമായ ക്ലാസ്സുകൾ എടുത്തു. പല പള്ളികളിലും സുവിശേഷപ്രസംഗത്തിന് എന്നെ വിളിക്കുമായിരുന്നു. ഇടവകകളിൽ ചുരുക്കമായി എല്ലാ വൈദികരും പ്രസംഗിക്കുവാൻ തയ്യാറാണ്. എന്നാൽ ഒരു വലിയ ജനാവലി മുമ്പാകെ ഒന്നരമണിക്കൂർ പ്രസംഗിക്കുവാൻ പല വൈദികരും തയ്യാറല്ലായിരുന്നു. ഒന്നരമണിക്കൂറോളം ബൈബിളിലെ ഏതെങ്കിലും വചനഭാഗം വ്യാഖ്യാനിച്ചു ഞാൻ പ്രസംഗിക്കുമായിരുന്നു. രാത്രിയിൽ പത്തുമണി കഴിഞ്ഞ് തനിച്ച് തിരിച്ചു പള്ളിയിൽ വരേണ്ട സാഹചര്യവും ഉണ്ടായിട്ടുണ്ട്. നോമ്പു കാലങ്ങളിൽ പല പള്ളികളിലും ധ്യാനപ്രസംഗങ്ങൾ നടത്തിക്കൊടുത്തിട്ടുണ്ട്. എന്റെ ശബ്ദം വലിയ ഗാംഭീര്യമുള്ളതായിരുന്നില്ല, എങ്കിലും എന്റെ പ്രസംഗങ്ങൾ എന്റെ ആളുകളെ സ്പർശിച്ചിട്ടുണ്ട് എന്നുള്ള പ്രതികരണം അറിയുവാൻ സാധിച്ചിട്ടുണ്ട്. പ്രായോഗികമായ കാര്യങ്ങളാണ് പൊതുവേ ഞാൻ പ്രസംഗത്തിൽ പറയാറുള്ളത്. എന്റെ പ്രസംഗങ്ങളിൽ പുകവലി, മദ്യപാനം ഈ ദുശ്ശീലങ്ങളെപ്പറ്റി ശക്തമായി സംസാരിച്ചിട്ടുണ്ട്. ഇടവകപ്രസംഗങ്ങളിലും ചിലപ്പോൾ, ക്ലാസ്സ് എടുക്കുന്ന രീതിയിൽ പുകവലിയും മദ്യപാനത്തിനുമെതിരായി പ്രസംഗിക്കുമായിരുന്നു. പുകവലി, മദ്യപാനം ആർക്കും നല്ലതല്ല. അതിലുപരി വൈദികർ ഇവ ഉപയോഗിക്കുന്നത് തെറ്റും വലിയ ഇടർച്ചയുമായി ഞാൻ കരുതുന്നു. വിദേശ മിഷണറിമാരുടെ സ്വാധീനത്തിലായിരിക്കാം കത്തോലിക്കാസഭയിൽ പല വൈദികരും പുകവലിക്കുന്നത് ഒരു സ്റ്റാസ്റ്റസ് സിംബൽ ആയി ഒരു കാലത്ത് കരുതിയിരുന്നത്. അന്ന് ചിലർ വലിയ ചുരുട്ടു വലിക്കുമായിരുന്നു. വളരെ തണുപ്പുള്ള പാശ്ചാത്യരാജ്യത്തിൽ പുകവലിക്കുന്നത് ഒരു പക്ഷേ അവർക്ക് ആവശ്യമായിരിക്കാം. അത് നാം ഈ ഉഷ്ണരാജ്യത്തിൽ അനുകരിക്കണമോ. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായിത്തീരുന്ന യുവതലമുറയെ നന്മയുടെ വഴിത്താരയിലേക്ക് കൊണ്ടുവരുവാൻ പുകവലി, മദ്യപാനം ഇവ ഉള്ളവർക്ക് സാധിക്കുമോ? ഇതു തെറ്റാണെന്ന് പറയാനുള്ള നട്ടെല്ല് നമുക്ക് കാണുമോ? തിരുവനന്തപുരം അതിരൂപതയിൽ മഹാഭൂരിപക്ഷം വൈദികരും ഈ ദുശ്ശീലം ഇല്ലാത്തവരാണ്. ചുരുക്കം ചില വൈദികർ മദ്യപിച്ച് ജീവിതം തകർത്തവരുമുണ്ട്. ചന്ദനപ്പള്ളിയിൽ താമസിക്കുമ്പോൾ ഒരു യുവവൈദികൻ എന്നെ സമീപിച്ചു. 2000 രൂപാ കടം നൽകണം. രണ്ട് ആഴ്ച കഴിഞ്ഞ് തിരിച്ചുതരാം എന്ന് പറഞ്ഞു. തീരെ വരുമാനമില്ലാത്ത കാലം. 2000 രൂപ അന്ന് വലിയ സംഖ്യയുമായിരുന്നു. എങ്കിലും ആരെങ്കിലും കടം ചോദിച്ചാൽ ഇല്ലായെന്ന് ഞാൻ

www.malankaralibrary.com


പറയാറില്ല. ഈ വൈദികനോട് പണം തരാനില്ലായെന്ന് പറഞ്ഞു. ഈ സംഭവത്തിന് ഒരാഴ്ച മുമ്പ് ഒരച്ചൻ പറഞ്ഞു. നമ്മുടെ ഒരച്ചൻ കുടിച്ച് കൈയ്യിൽ പണമില്ലാതെ പലരോടും കടം വാങ്ങി കുടിക്കുന്നു. വന്നു ചോദിച്ചാൽ പണം കൊടുക്കരുത്. ഇങ്ങനെയുള്ള വിവരം ലഭിച്ച തുകൊണ്ടാണ് ഞാൻ കടം ചോദിച്ച അച്ചന് പണം കൊടുക്കാഞ്ഞത്. സ്വല്പം ഞെരുങ്ങിയാൽ 2000 രൂപ കൊടുക്കുവാൻ സാധിക്കുമായിരുന്നു. പ്രസ്തുത വൈദികൻ അധികനാൾ കഴിയുന്നതിന് മുമ്പ് മരിച്ചു. അടക്ക ത്തിന് ഞാൻ പോയിരുന്നു. വലിയ ദുഃഖം തോന്നി. ദൈവം തന്ന ആയുസ്സ് നമ്മുടെ കുറ്റംകൊണ്ട് ഇല്ലാതാക്കാമോ? "പുരോഹിതന്മാരും പ്രവാചകന്മാരും വീഞ്ഞു കുടിച്ചു മദിക്കുന്നു... വീഞ്ഞ് അവരെ വഴിതെറ്റി ക്കുന്നു. അവർക്ക് ദർശനത്തിൽ തെറ്റു പറ്റുന്നു" (ഏശയ്യാ 28:7-8). മദ്യ പിക്കുന്ന, പുകവലിക്കുന്ന ഒരു വൈദികനോട് ഞാൻ ചോദിച്ചു. അച്ചൻ എങ്ങനെ പള്ളിയിൽ മദ്യപാനത്തിന്റെ ദോഷഫലങ്ങളെക്കുറിച്ച് പറയും? ഞാൻ ഈ വിഷയത്തെപ്പറ്റി സംസാരിക്കുകയില്ല എന്ന് മറുപടി ലഭിച്ചു. വളരെക്കാലം എന്നെ അലട്ടിയ തുമ്മൽ രോഗത്തിന് പുകവലിച്ച് മൂക്കിൽ കൂടി പുകവിട്ടാൽ പ്രതിവിധി ആകുമെന്ന് ഒരു സന്യാസ വൈദികൻ എനിക്ക് നിർദ്ദേശം തന്നത് ഞാൻ ഓർത്തുപോകുന്നു. പല വീടുകളിലും സ്വല്പം വിസ്കി കഴിക്കുവാൻ നിർബന്ധിച്ചിട്ടുണ്ട്. അച്ചന് വയറിന് സുഖമില്ലാത്ത ആളാണല്ലോ. ഇത് സ്വല്പം കഴിച്ചാൽ വയറിന് നല്ലതാണ്. നല്ല വിശപ്പുംകിട്ടും എന്ന് ഒരു ഭർത്താവും ഭാര്യയും കൂടി എന്നെ നിർബന്ധിച്ചു. പ്രസ്തുത വീട്ടിൽ ആഹാരം കഴിച്ചുകൊണ്ടിരിക്കുമ്പോൾ ഇതൊന്നും കഴിച്ച് വിശപ്പുണ്ടാക്കേണ്ട ആവശ്യമില്ല എന്ന് ഞാൻ പറഞ്ഞു. എന്റെ ഇളയസഹോദരനെയും കോളജിൽ പഠിക്കുമ്പോഴും നൈജീരിയാ യിൽ ജോലി നോക്കുമ്പോഴും മദ്യപിക്കാൻ കൂട്ടുകാർ നിർബന്ധിച്ചിട്ടുണ്ട്. ഒരിക്കലും എന്റെ സഹോദരൻ മദ്യം തൊട്ടുനോക്കിയിട്ടുമില്ല. അതിൽ എനിക്ക് സന്തോഷവും അഭിമാനവുമുണ്ട്. കരിസ്മാറ്റിക്ക് മൂവ്മെന്റ് വന്നതോടുകൂടി പുകവലിയും മദ്യപാനവും വൈദികരിൽനിന്ന് നല്ല ശതമാനം അപ്രത്യക്ഷമായി. അത് തികച്ചും ആശ്വാസകരം. മദ്യപാനത്തി ന്റെ ദോഷഫലങ്ങളെക്കുറിച്ച് ഈ കാലം മെത്രാന്മാർ സർക്കുലർ വഴിയും പ്രസംഗം വഴിയും പ്രബുദ്ധരാക്കുന്നുണ്ട്. ഇപ്രകാരം ചെയ്യുവാൻ പിതാക്ക ന്മാർ നേരത്തെ മടികാണിച്ചിരുന്നുവെന്ന് എനിക്കു തോന്നി.

1982 ജനുവരി 27-ന് എന്റെ അമ്മച്ചി മരിച്ചു. എല്ലാവരോടും ഒത്തിരി സ്നേഹമുള്ള അമ്മ. മരിക്കുന്നതിന് കുറെനാൾ മുമ്പ് വീണ് തുടഭാഗത്തെ അസ്ഥിക്ക് ക്ഷതമേറ്റു. ഒത്തിരിനാൾ കിടന്നു കഷ്ടപ്പെട്ടു. പിന്നീട് പതുക്കെ വടിയുടെ സഹായത്താൽ നടക്കുമായിരുന്നു. ഞാൻ വല്ലപ്പോഴും വീട്ടിൽ

www.malankaralibrary.com


വരും. വരാൻ താമസിച്ചാൽ അമ്മ ആളിനെവിടും. താമസിച്ച് വന്നാൽ കുറെനേരം മിണ്ടാതിരിക്കും. 'ഞാൻ ഇനിയും മോനോട് മിണ്ടത്തില്ല. മോന് എന്നെ വേണ്ടാല്ലോ' എന്ന് പറയും. ആഹാരം ഞാൻ കഴിക്കുമ്പോൾ അടുത്തുവന്നിരിക്കും. മോൻ ഇതുകൂടി കഴിക്കണമെന്ന് പറഞ്ഞ് എന്തെങ്കിലുംകൂടി വിളമ്പിത്തരും. ഞാൻ സ്കൂട്ടർ സ്റ്റാർട്ട് ചെയ്ത് പോകാൻ തുടങ്ങുമ്പോൾ വടിയുടെ സഹായത്താൽ മുറ്റത്ത് വന്ന് നിൽക്കും. 'മോൻ പോകുന്നത് കാണാൻ വന്നു നിൽക്കുകയാണ്—മോൻ വണ്ടിഓടിച്ച് ആപത്തൊന്നും വരല്ലേ' എന്നു പ്രാർത്ഥിക്കുകയാണ് എന്നെല്ലാം പറയും. ദൈവസ്നേഹത്തിന്റെ ഭൂമിയിലെ മൂർത്തരൂപമാണ് ഒരു അമ്മയുടെ സ്നേഹം. അമ്മ മരിക്കുന്നതിന് തലേദിവസം ഞാൻ വീട്ടിൽ പോയിരുന്നു. രണ്ട് മൂന്ന് ദിവസം പ്രത്യേകം നിരീക്ഷിക്കണം, വളരെ വീക്കാണ് എന്ന് ഡോക്ടർ പറഞ്ഞു. എന്റെ കൈകൾ വല്ലാതെ വേദനിച്ച് കുഴയുന്നുവെന്ന് അമ്മ പറഞ്ഞു. ഞാൻ കിടക്കയിൽ അടുത്തിരുന്ന് കുറെനേരം കൈകൾ തിരുമ്മിക്കൊടുത്തു. അന്നു വൈകിട്ട് ഏഴംകുളം തൊടുവക്കാട് പള്ളിയിൽ സുവിശേഷപ്രസംഗം നടത്തുവാൻ എന്നെ ചുമതലപ്പെടുത്തിയിരുന്നു. പ്രസംഗത്തിന് അന്ന് ഞാൻ മാത്രമേ ഉള്ളൂ. 'അമ്മച്ചി എനിക്ക് ഒരു പള്ളിയിൽ പ്രസംഗത്തിന് പോകാനുണ്ടല്ലോ—അതുകൊണ്ട് അമ്മയുടെ അടുത്തിരിക്കുവാൻ സാധിക്കുന്നില്ലല്ലോ' എന്നു പറഞ്ഞു. 'മോനെ ഞാൻ അതിനായിട്ടല്ലേ വിട്ടിരിക്കുന്നത്, മോൻ പോയിട്ട് വാ' എന്ന് അമ്മ പറഞ്ഞു. ഞാൻ വീട്ടിൽനിന്ന് സ്കൂട്ടറിൽ ഏഴംകുളത്ത് പോയി. ഏതാണ്ട് ഒന്നരമണിക്കൂർ പ്രസംഗിച്ചു. എന്റെ അമ്മ ക്ഷീണാവസ്ഥയിലാണ്, പ്രാർത്ഥിക്കണമെന്ന് പ്രസംഗമദ്ധ്യേ ആളുകളോട് പറഞ്ഞു. പ്രസംഗം കഴിഞ്ഞ് ആഹാരം കഴിച്ചശേഷം ഉറങ്ങുവാൻ കിടന്നു. രാത്രി 11 മണി കഴിഞ്ഞപ്പോൾ ഒരു ടാക്സി പള്ളിമുറ്റത്ത് വന്നു. എന്റെ മൂത്ത സഹോദരൻ അതിൽ ഉണ്ടായിരുന്നു. എന്റെ ഇളയ സഹോദരനും കുടുംബവും നൈജീരിയായിൽ ജോലിയിലായിരുന്നു. വീട്ടിൽനിന്നും കാർ വന്നപ്പോൾത്തന്നെ എനിക്ക് മനസ്സിലായി അമ്മ കടന്നുപോയി എന്ന്. ഉടനെ വീട്ടിലേക്ക് പുറപ്പെട്ടു. ഉറങ്ങിക്കിടന്ന ഒരു കൊച്ചുകുഞ്ഞിനെപ്പോലെ ശാന്തമായി അമ്മ കട്ടിലിൽ കിടക്കുന്നു. വളരെ ശോഷിച്ച ശരീരമായിരുന്നു. ദൈവം കഴിഞ്ഞശേഷം എന്നെ ഞാനാക്കിയതിന് മുഖ്യപങ്ക് വഹിച്ച അമ്മയുടെ മരണം വീട്ടിൽ ഒരു ശൂന്യത സൃഷ്ടിച്ചു. എന്റെ മനസ്സിലും പ്രസ്തുത ശൂന്യതയുടെ അനുരണനം വ്യാപിച്ചു. സ്നേഹം നിറഞ്ഞവൾ, എല്ലാ ദിവസവും വൈകിട്ട് പള്ളിയിൽ ആറ് മണിക്ക് കുരിശ്ശുമണി അടിക്കുമ്പോൾ പരിശുദ്ധ മാതാവിന്റെ പടത്തിന് മുമ്പിൽ മെഴുകുതിരി കത്തിക്കും. കുടുംബത്തിൽ

www.malankaralibrary.com


എല്ലാവർക്കുവേണ്ടിയും പ്രത്യേകമായി എന്റെ സുരക്ഷിതത്വത്തിനായി മാതാവിന്റെ മാദ്ധ്യസ്ഥം യാചിച്ചുകൊണ്ടുള്ള പ്രാർത്ഥന. ഒരു പെൺകുട്ടി സ്ത്രീയായും അമ്മയായും വളരേണ്ടവളാണ്. അമ്മ എന്നത് എത്ര ഉന്നതമായ പദവിയാണ്. ഉദരത്തിൽ രൂപംകൊള്ളുന്ന കുഞ്ഞിനെ പ്രസവിച്ച് മുലയൂട്ടി വളർത്തിയെടുക്കുന്നു. ഒരു ശിശുവിന്റെ ബാലാരിഷ്ടതകളിലെല്ലാം താങ്ങും തണലുമായി അമ്മ നിലകൊള്ളുന്നു. അമ്മമാർ എത്ര ധന്യമായ കാര്യമാണ് ദൈവത്തിന്റെ സ്ഥാനത്തായിരുന്നുകൊണ്ട് ലോകത്ത് ചെയ്യുന്നത്. എന്റെ അമ്മയെ ഓർക്കുമ്പോൾ പെൺകുട്ടികളോട്, സ്ത്രീകളോട് എനിക്ക് വലിയ ബഹുമാനവും, അതോടൊപ്പം നല്ല രീതിയിലുമുള്ള സ്നേഹവും എന്നും ഉണ്ടായിരുന്നു. പെൺകുട്ടിയെ, സ്ത്രീയെ അപമാനിക്കുവാൻ ഒരിക്കലും ഞാൻ തുനിഞ്ഞിട്ടില്ല. പെൺകുട്ടികളെ കൊത്തിക്കീറി നശിപ്പിക്കുവാൻ ശ്രമിക്കുന്ന മനുഷ്യക്കഴുകന്മാരുടെ സംഖ്യ കൂടിവരികയാണ്. പുരുഷന് പിച്ചിച്ചീന്താനുള്ള ഭോഗവസ്തുവായി സ്ത്രീയെ തരംതാഴ്ത്തുന്നു. ഇത്തരം ഞെട്ടിപ്പിക്കുന്ന ദാരുണ സംഭവങ്ങൾ നിത്യേന പത്രത്താളുകളിൽ കാണുവാൻ കഴിയും. ഇതോടൊപ്പം മാതൃത്വത്തിന്റെ മഹനീയത മറക്കുന്ന സ്ത്രീകളുമുണ്ട്. വിവാഹത്തിന് മുമ്പ് അവിഹിതബന്ധങ്ങളിൽ ഏർപ്പെട്ട് ജനിക്കുന്ന കുട്ടികളെ കുപ്പത്തൊട്ടിയിൽ വലിച്ചെറിയാൻ മടിക്കാത്ത യുവതികൾ. മക്കൾ വേണ്ട എന്ന തീരുമാനമെടുത്ത് ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞ്, രതിയുടെ മാസ്മരശക്തി ആവോളം ആസ്വദിച്ച് ജീവിതം അടിച്ചുപൊളിച്ച് ജീവിക്കാനാഗ്രഹിക്കുന്ന വേറൊരു വിഭാഗം സ്ത്രീകൾ. ഇതെല്ലാം ഇന്നിന്റെ മരണസംസ്കാരത്തിന്റെ പ്രവണതകളാണ്.

എന്റെ അമ്മയുടെ ശവസംസ്കാരം മരിച്ചതിന്റെ പിറ്റേദിവസം നടത്തി. വളരെയധികം വൈദികസഹോദരങ്ങളും ഞാൻ ചുമതലവഹിച്ചിട്ടുള്ള ഇടവകകളിൽനിന്നുള്ള ആളുകളുടെ നല്ല ജനാവലി സംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു. മരിക്കുമ്പോൾ അമ്മയ്ക്ക് 76 വയസ്സ് ഉണ്ടായിരുന്നു. മുടിയൊട്ടും നരച്ചിട്ടില്ലായിരുന്നു. ഞങ്ങളെ വളർത്തിയെടുക്കുവാൻ അമ്മ വളരെ കഷ്ടപ്പെട്ടെങ്കിലും; എന്റെ ഇളയ സഹോദരന് ജോലി കിട്ടി, സാമ്പത്തിക ബുദ്ധിമുട്ട് മാറി, നല്ല വീട്ടിൽ താമസിച്ച് സന്തോഷമായിട്ടാണ് അമ്മ ഈ ലോകംവിട്ടത്.

www.malankaralibrary.com

അധ്യായം 6

# വചനപ്രഘോഷണം

ചന്ദനപ്പള്ളിയിൽ ചുമതല വഹിക്കുമ്പോൾ ഒരു ദിവസം ഗ്രിഗോറിയോസ് പിതാവിന്റെ ഒരു കത്ത് കിട്ടി. കേരള സർവീസ് ടീം കരിസ്മാറ്റിക്കിൽ തിരുവനന്തപുരം അതിരൂപതയിൽ നിന്ന് ഒരു 'ലൈസോൺ' മെമ്പറിനെ നൽകണമെന്ന് കെ.എസ്.റ്റി. ആവശ്യപ്പെട്ടു. പ്രസ്തുത ചുമതല എടുക്കാമോ എന്ന് ചോദിച്ച കത്താണ് പിതാവിൽ നിന്ന് ലഭിച്ചത്. ഞാൻ അതിന് സമ്മതിച്ചു. അന്ന് കരിസ്മാറ്റിക് മൂവ്മെന്റ് കേരളത്തിൽ ആരംഭിച്ചിട്ട് അധിക കാലമായില്ല. ഫാ. പള്ളിവാതുക്കൽ എസ്.ജെ., പാലാട്ടി സി.എം.ഐ. ഇവരായിരുന്നു കെ.എസ്.റ്റി.യുടെ പ്രസിഡന്റും സെക്രട്ടറിയും. എന്റെ സമ്മതം കിട്ടിയപ്പോൾ പാലാട്ടിയച്ചൻ എനിക്ക് എഴുതി. അവരുടെ നിർദ്ദേശപ്രകാരം കരിസ്മാറ്റിക് ധ്യാനപ്രസംഗകരെ ഒരുക്കുന്ന പ്രത്യേക ധ്യാനങ്ങളിൽ ഞാൻ പോയി സംബന്ധിച്ചു. മഞ്ഞുമ്മേൽ, തേവര മുതലായ സ്ഥലങ്ങളിൽപോയി ധ്യാനത്തിൽ സംബന്ധിച്ചു. ഫാദേഴ്സ് മസ്ക്കെരാനെസ്, റൂഫസ് മുതലായവർ എടുത്ത ക്ലാസ്സുകൾ കേട്ടു. ഞാൻ സംബന്ധിച്ച ഒരു ധ്യാനഗ്രൂപ്പിൽ മുരിങ്ങൂരിലെ അന്ന് യുവവൈദികനായിരുന്ന നായിക്കംപറമ്പിലച്ചൻ സംബന്ധിച്ചിരുന്നു. പോട്ട, മുരുങ്ങൂർ ധ്യാനകേന്ദ്രങ്ങൾ അന്നുണ്ടായിരുന്നില്ല. ആത്മീയതലത്തിൽ കൂടുതൽ ഉൾക്കാഴ്ചകൾ ലഭിക്കുവാൻ ഞാൻ സംബന്ധിച്ച ക്ലാസ്സുകൾ സഹായിച്ചു. കേരള കരിസ്മാറ്റിക് ടീമിന്റെ ആഭിമുഖ്യത്തിൽ തേവരയിൽവച്ചു യുവജനങ്ങൾക്കായി ഒരു വലിയ കൺവൻഷൻ നടത്തി. അഞ്ചുദിവസത്തെ ധ്യാനമായിരുന്നു. മുപ്പതിനായിരം യുവജനങ്ങൾ മാത്രം. അതിൽ സംബന്ധിക്കുന്നവരുടെ പേര് നേരത്തെ രജിസ്റ്റർ ചെയ്യണമായിരുന്നു. ഫാദർ ജിനോ ആയിരുന്നു ധ്യാനത്തിന്റെ വചനപ്രഘോഷകൻ. ചന്ദനപ്പള്ളി ഇടവകയിൽനിന്ന് ഏഴ് യുവജനങ്ങളെ അതിൽ സംബന്ധിക്കുവാൻ കൊണ്ടുപോയി. അവർക്കെല്ലാം വലിയ ആത്മീയ ഉണർവ്വിന് ഈ ധ്യാനം സഹായിച്ചു. പിന്നീടുള്ള അവരുടെ ക്രിസ്തീയ ജീവിതത്തെ നല്ല രീതിയിൽ രൂപപ്പെടുത്തുവാൻ ഇതു സഹായിച്ചു. അവരെല്ലാം വളരെ നല്ല മാതൃകാവ്യക്തികളായി വിവിധ തുറകളിൽ പ്രവർത്തിക്കുന്നു.

www.malankaralibrary.com


കരിസ്മാറ്റിക് ധ്യാനത്തെക്കുറിച്ച് എതിർപ്പും സംശയവുമുള്ളവർ, വൈദികരുൾപ്പെടെ സഭയിലുണ്ട്. ഇതിനെ നഖശിഖാന്തം എതിർക്കുന്ന വൈദികരുണ്ട്. ഇവരാരും ഒരിക്കൽപ്പോലും ഈ ധ്യാനത്തിൽ പങ്കെടുത്തിട്ടില്ല. മാർപാപ്പ അംഗീകാരം നൽകിയിട്ടുള്ള മൂവ്മെന്റാണിത്. വളരെ ഉണർവ്വുള്ള ആദിമനൂറ്റാണ്ടിലെ സഭാമക്കൾ പിൽക്കാലത്ത് പരിശുദ്ധാത്മാവിനോടുള്ള തുറവി നഷ്ടപ്പെടുത്തി. വിശുദ്ധരായ വ്യക്തികൾ എക്കാലത്തും സഭയിൽ ഉണ്ടായിട്ടുണ്ടെങ്കിലും, സഭാമക്കളിൽ ഭൂരിഭാഗത്തിനും ഒത്തിരി ആത്മീയ മുരടിപ്പും മാന്ദ്യതയും അനുഭവപ്പെട്ടു. ഇത് വൈദികരുടെ ജീവിതത്തിലും ഉണ്ടായി. മധ്യയുഗത്തിൽ, സഭയിൽ ആകമാനം മൃതപ്രായമായ, ചൈതന്യമില്ലാത്ത വ്യക്തികൾ അടിമുടി ഉണ്ടായി. ആരാധനാജീവിതം കേവലം യാന്ത്രികമായി ആരാധനയുടെ അർത്ഥം മനസ്സിലാക്കാതെ, അനുഭവമില്ലാത്ത വിശ്വാസികൾ ആത്മീയമരവിപ്പിലായി. ബൈബിൾ വായന, പഠനം ഇവ ഞായറാഴ്ച പള്ളികളിൽ കുറെ സമയത്തേക്കുമാത്രം ചുരുങ്ങി. ഈ സാഹചര്യത്തിൽ പ്രൊട്ടസ്റ്റന്റുകാർ കത്തോലിക്കരെക്കാൾ വളരെയേറെ മുമ്പോട്ടുപോയി. അവരുടെ ഇടവകയിൽ ഉണർവ്വുയോഗങ്ങളും ബൈബിൾ പഠനവും ശക്തമായി. പരിശുദ്ധാത്മാവ് എന്നും സഭയിലുണ്ട്, സഭയെ നയിക്കുന്നു. എന്നാൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നമ്മിൽ നടത്തുവാൻ നമ്മിലുള്ള പാപശക്തികൾ തടസ്സം സൃഷ്ടിച്ചു. "എന്റെ കൈവെയ്പിലൂടെ നിനക്ക് ലഭിച്ച ദൈവികവരം വീണ്ടും ഉജ്ജ്വലിപ്പിക്കണമെന്ന് (2 തിമോത്തി 1:6) പൗലോസ്ശ്ലീഹാ തിമോത്തിയോസിനോടു പറയുന്നു. ഓരോ ക്രിസ്ത്യാനിക്കും മാമ്മോദീസായിലൂടെയും സ്ഥൈര്യലേപനത്തിലൂടെയും ലഭിച്ച പരിശുദ്ധാത്മവരങ്ങളെ ഉജ്ജ്വലിപ്പിക്കാതെ അനേകർ അവയെ കെടുത്തിക്കളഞ്ഞിരിക്കുകയാണ്. മങ്ങിപ്പോയ തീക്കട്ട കരിക്കട്ടയായി മാറാതിരിക്കണമെങ്കിൽ, നാം അതിനെ ഊതിക്കത്തിക്കണം. ഈ പ്രക്രിയയാണ് കരിസ്മാറ്റിക് ധ്യാനങ്ങളിൽ ചെയ്യുന്നത്. കരിസ്മാറ്റിക് ധ്യാനത്തിൽ സംബന്ധിക്കുന്ന വ്യക്തികൾക്ക് ആഴമായ പശ്ചാത്താപവും ജീവിതനവീകരണവുമുണ്ടാകുന്നു. മദ്യപാനം, പുകവലി, മയക്കുമരുന്ന് ഇവയ്ക്ക് അടിമകളായ വളരെപ്പേർ ധ്യാനത്തിൽ സംബന്ധിച്ച് ദുശ്ശീലങ്ങളോട് എന്നേക്കുമായി വിടപറയുന്നു. വെറുപ്പും വിദ്വേഷവും ശത്രുതയും പുലർത്തിയിരുന്ന പലവ്യക്തികളും കുടുംബവും തികഞ്ഞ അനുരഞ്ജനത്തിന്റെ വഴിത്താരയിൽ വരുന്നു. അങ്ങിനെ കുടുംബങ്ങളിൽ ശാന്തിയും സമാധാനവും നിറയുന്നു. പരിശുദ്ധാത്മാവ് ഒരു ശക്തിമാത്രമല്ല, വ്യക്തിയുമാണ്. "സ്വർണ്ണമെങ്ങനെ മങ്ങിപ്പോയി— തങ്കത്തിന് എങ്ങനെ മാറ്റംവന്നു" (വിലാപ. 4:1). തനിസ്വർണ്ണവും തങ്കവുമായിരിക്കേണ്ട ക്രിസ്ത്യാനികൾ പരിശുദ്ധാത്മാവാകുന്ന ഉലയിൽവച്ച് കാച്ചിയെടുത്ത് ശുദ്ധിചെ

www.malankaralibrary.com


യ്യാതെ, മങ്ങിപ്പോയ സ്വർണ്ണമായി, മാറ്റുകുറഞ്ഞ തങ്കമായി തീർന്നിരിക്കുന്നു. ധ്യാനത്തിൽ സംബന്ധിക്കുന്നവരെ പരിശുദ്ധാത്മാവ് തൊട്ടുസുഖപ്പെടുത്തുന്നു. ശാരീരികമായും അതിലുപരിയായി മാനസികമായും പരിശുദ്ധാത്മാവ് കർത്താവായ യേശുക്രിസ്തുവിന്റെ അരൂപിയാണ്. അവിടുന്ന് വാഗ്ദാനം ചെയ്ത അരൂപി ശിഷ്യന്മാരിൽ വന്നിറങ്ങി, അവരെ രൂപാന്തരപ്പെടുത്തി. ആ പരിശുദ്ധാത്മാവ് ഇന്നും ശക്തമാണ്. നമ്മുടെ ഇടവകകളിൽ ആളുകൾ പള്ളിയിൽ പോവുകയും പള്ളിക്ക് വേണ്ട വരുമാനങ്ങൾ കൊടുക്കുകയും ചെയ്ത് ശരാശരി ക്രിസ്ത്യാനിയായി ജീവിക്കുന്നു. എന്നാൽ പരിശുദ്ധാത്മാവ് നിറഞ്ഞ് കർത്താവിന് സജീവസാക്ഷികളായി തീരുന്നില്ല. വളരെ ഹിന്ദു-മുസ്ലീം സഹോദരങ്ങൾ കർത്താവിനെ രക്ഷിതാവായി സ്വീകരിക്കുവാൻ കരിസ്മാറ്റിക് ധ്യാനങ്ങൾ ഇടയാക്കിയിട്ടുണ്ട്. എന്റെ അഭിപ്രായത്തിൽ സഭയിലെ എല്ലാ വൈദികരും വൈദികവിദ്യാർത്ഥികളും നല്ല കരിസ്മാറ്റിക് ധ്യാനത്തിൽ സംബന്ധിക്കണം. അതുവഴി അരൂപിയുടെ ശക്തി സഭയിൽ വർദ്ധിക്കും. പതിനേഴുവയസ്സിനു താഴെയുള്ള കുട്ടികൾക്കായി നടത്തുന്ന ക്രിസ്റ്റീൻ ധ്യാനത്തിൽ നമ്മുടെ കുഞ്ഞുങ്ങളെ അയച്ചാൽ, അവർ ചെറുപ്പത്തിൽത്തന്നെ വിശ്വാസത്തിലും കർത്താവിനോടുള്ള സ്നേഹത്തിലും ഉറച്ച വ്യക്തികളായി വളർന്നുവരും. യുവജനങ്ങൾക്കായുള്ള ജീസസ്സ് യൂത്ത് എന്ന വിഭാഗം, വളരെ പക്വതയുള്ള, ആത്മീയ തീക്ഷ്ണതയുള്ള യുവതീയുവാക്കളെ തിരുസഭയ്ക്ക് നൽകിക്കൊണ്ടിരിക്കുന്നു. ഉന്നതപഠനം കഴിഞ്ഞ പല യുവതീയുവാക്കൾ ഒന്നോ രണ്ടോ വർഷത്തേക്ക് ചേരിപ്രദേശങ്ങളിലും പാവപ്പെട്ട ഗ്രാമങ്ങളിലും പോയി ശുശ്രൂഷ ചെയ്യുന്നു. പിന്നീട് അവരുടെ പഠനം തുടരുകയോ, ജോലിയിൽ പ്രവേശിക്കുകയോ ചെയ്യുന്നു. കരിസ്മാറ്റിക് ധ്യാനത്തിൽ സംബന്ധിച്ച ചിലർ ദുർമാതൃക കാണിക്കുന്നതായും വിശ്വാസം നഷ്ടപ്പെടുത്തുന്നതുമായ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുവാൻ സാധിക്കും. ഏതുകാര്യത്തിലും ഇങ്ങനെയുള്ള മാർഗഭ്രംശം ഉണ്ടാകാൻ പിശാച് കളമൊരുക്കും. അതിന്റെ പേരിൽ നല്ലകാര്യത്തെ തള്ളിക്കളയുന്നതോ അവഹേളിക്കുന്നതോ ശരിയല്ല. കരിസ്മാറ്റിക് പ്രസ്ഥാനം വഴി ബൈബിൾ പഠനം, വായന ഇവയിൽ കൂടുതൽ താൽപര്യം കത്തോലിക്കരിൽ ജനിപ്പിച്ചിട്ടുണ്ട് എന്നതു തർക്കമറ്റ കാര്യമാണ്. ദൈവവചനം ശക്തമായി പ്രഘോഷിക്കുന്ന വളരെ നല്ല അത്മായസഹോദരങ്ങൾ കരിസ്മാറ്റിക് ധ്യാനങ്ങൾ വഴി സഭയിലുണ്ടായിട്ടുണ്ട്.

കരിസ്മാറ്റിക് ധ്യാനത്തിൽ സംബന്ധിച്ച രണ്ടു ഹൈന്ദവ കുടുംബങ്ങൾ ക്രിസ്തീയ വിശ്വാസം സ്വീകരിക്കുവാൻ താൽപര്യം പ്രകടിപ്പിച്ചു. മൂന്നു വർഷത്തോളം അവർ പള്ളിയിൽ വരികയും വിശ്വാസം പഠിക്കു

www.malankaralibrary.com


കയും ചെയ്തശേഷം ഞാൻ അവർക്കെല്ലാം മാമ്മോദീസാ നൽകി. മാർക്സിസ്റ്റുകാരും പല അടിപിടി കേസിൽ ഉൾപ്പെട്ടിരുന്നവരുമായ ഇവർ, സഭയിൽ വന്നശേഷം കുഞ്ഞാടുകളെപ്പോലെ ശാന്തരായി. അതിൽ ഒരു വീട്ടിൽനിന്ന് ഒരു മകൾ കന്യാസ്ത്രീയായി നല്ല രീതിയിൽ മഠത്തിൽ ശുശ്രൂഷ ചെയ്യുന്നു.

ഞാൻ പോട്ടയിലും മുരിങ്ങൂരിലും ധ്യാനത്തിൽ സംബന്ധിക്കുവാൻ പോയിട്ടുണ്ട്. വർഷങ്ങൾക്ക് മുമ്പ് പോട്ടയിൽ ഒരു ധ്യാനത്തിൽ സംബന്ധിച്ചപ്പോൾ കാവി മുണ്ടുടുത്ത് മീശ നീട്ടിവളർത്തിയ ഒരാൾ വന്നു ക്ലാസ്സെടുത്തു. എവിടെയോ വച്ച് അദ്ദേഹത്തെ കണ്ടതുപോലെ തോന്നി. ധ്യാനപ്രസംഗം കഴിഞ്ഞ്, ആരാണ് ഈ വ്യക്തി എന്നറിയാൻ ഞാൻ അദ്ദേഹത്തിന്റെ അടുത്തുചെന്നു. വളരെ വർഷങ്ങൾക്കുമുമ്പ് പാൻസും കോട്ടും ധരിച്ച, നല്ല 'തലക്കന'മുള്ള ഒരു വ്യക്തി ഗ്രിഗോറിയോസ് പിതാവിനെ കാണാൻ അരമനയിൽ വരുന്നതു കണ്ടിട്ടുണ്ട്. കണ്ടിട്ടുള്ളതല്ലാതെ കൂടുതൽ പരിചയമില്ല. അമേരിക്കയിലും മറ്റും ഉപരിപഠനം നടത്തിയ അഡ്വക്കേറ്റ് എ.എം. മാത്യൂസ് സാറാണ് കാവിമുണ്ടുടുത്ത, സന്യാസിയെപ്പോലെ മീശനീട്ടിയ ഈ വ്യക്തി എന്നു മനസ്സിലായി. മാത്യൂസ് സാർ വക്കീൽ പണിയെല്ലാം ഉപേക്ഷിച്ചിട്ട്, മുഴുവൻ സമയവും കർത്താവിനുവേണ്ടി ശുശ്രൂഷ ചെയ്യുന്ന വിവരം എനിക്ക് നേരത്തെ അറിഞ്ഞുകൂടായിരുന്നു. അദ്ദേഹം മുരിങ്ങൂരിൽ സ്ഥിരമായി ധ്യാനം പ്രസംഗിക്കുന്ന വ്യക്തിയാണ്. ലോകത്തിലെ പല രാജ്യങ്ങളിലും പലതവണ നായിക്കംപറമ്പിൽ അച്ചനോടൊപ്പം പോയി ധ്യാനം പ്രസംഗിച്ചിട്ടുണ്ട്. ഇപ്പോൾ നല്ല പ്രായമായപ്പോഴും ക്ഷീണിതനാകാതെ മുരിങ്ങൂരിൽ ഇംഗ്ലീഷ് ധ്യാനത്തിൽ പ്രസംഗിക്കുന്നു. പ്രായമായി, ഭാര്യ ഡോക്ടർ ഓമന മാത്യു മരിക്കുന്നതിനുമുമ്പ് പലദിവസവും ഭാര്യയോടൊപ്പമായിരിക്കാൻ മുരിങ്ങൂരിൽനിന്നു വരുമായിരുന്നു. വൈദികർക്കും കന്യാസ്ത്രീകൾക്കും മാത്യുസാർ ധ്യാനം പ്രസംഗിച്ചിട്ടുണ്ട്. ഞാൻ വിശ്രമിക്കുന്ന ക്ലേർജി ഹൗസിന് അടുത്താണ് വീട്. വീട്ടിൽ ഉള്ളപ്പോഴെല്ലാം രാവിലെ വിശുദ്ധ കുർബാനയിൽ സംബന്ധിക്കുവാൻ ഇവിടുത്തെ ചാപ്പലിൽ മാത്യുസാർ എത്തിയിരിക്കും. സാവൂളിനെ വിശുദ്ധ പൗലോസ് ആക്കിയ കർത്താവ് മാത്യുസാറിനെ വലിയ സുവിശേഷപ്രസംഗകനാക്കി വാർത്തെടുത്തു. അതിനു കർത്താവിനു സ്തോത്രം പറയാം. കൊല്ലം രൂപതയിലെ ജെറോം പിതാവാണ് മാത്യൂസ് സാറിനെ മുഴുവൻ സമയം സുവിശേഷകനായി തീർക്കാൻ പ്രചോദനം നൽകിയതെന്ന് സാർ എഴുതിയ ഒരു പുസ്തകത്തിൽ വായിച്ചു. മർത്തോമ്മാസഭയിൽ ഉറച്ച വിശ്വാസത്തിൽ ജനിച്ചുവളർന്ന മാത്യുസാർ, പരിശുദ്ധ കുർബാനയെക്കുറിച്ചും പരിശുദ്ധ അമ്മയെക്കുറിച്ചും വചനാധിഷ്ഠിതമായ ശരിയായ കാഴ്ചപ്പാ

www.malankaralibrary.com


ടല്ല മാർത്തോമ്മാസഭ പുലർത്തുന്നത് എന്നു ബോധ്യമായ നിമിഷം കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയാണ് ചെയ്തത്.

മുരിങ്ങൂരിൽ 5 ദിവസത്തെ ധ്യാനത്തിൽ ഞാൻ സംബന്ധിക്കുക യാണ്. ഒരു ദിവസം സാക്ഷ്യം പറയുവാനായി ദമ്പതികൾ സ്റ്റേജിൽ പ്രത്യക്ഷപ്പെട്ടു. ജോസഫ് ബഷീർ, സീനത്ത് എന്ന ദമ്പതികൾ ഒന്നരമണി ക്കൂർ സാക്ഷ്യം പറഞ്ഞു. മുസ്ലീം സമുദായത്തിൽ ജനിച്ചു വളർന്നവ രായിരുന്നു അവർ. സീനത്തിനു കാൻസർ ബാധിച്ചു. അയൽപക്കത്തുള്ള ക്രിസ്തീയ സഹോദരിയുടെ പ്രേരണയാൽ പള്ളിയിലും വിശുദ്ധ കുർ ബാനയിലും സംബന്ധിച്ചു. വിശുദ്ധ കുർബാനമദ്ധ്യേ സീനത്തിന്റെ രോഗം കർത്താവ് എടുത്തുമാറ്റി. ഭാര്യയും ഭർത്താവും കത്തോലിക്കാസ ഭയിൽ ജ്ഞാനസ്നാനം സ്വീകരിച്ചു. മുസ്ലീമുകൾക്ക് മതംമാറുക പ്രയാസമാണ്. മുസ്ലീം സമുദായം അവരെ അതിന്റെ പേരിൽ പുറന്തള്ളും. വാച്ച് റിപ്പയറിംഗ് ജോലി ചെയ്തിരുന്ന ബഷീറിന്റെ കട മുസ്ലീമുകൾ അടിച്ചു തകർത്തു. ജോസഫ് എന്ന പേര് സ്വീകരിച്ച ബഷീർ, മെലിഞ്ഞ്, അധികം ആകർഷണം തോന്നാത്ത ശരീരമുള്ളയാളായിരുന്നു. എന്നാൽ ഭാര്യ സീനത്ത് അതീവ സുന്ദരിയും. ആദ്യം സീനത്ത് സാക്ഷ്യം പറഞ്ഞു, പിന്നീട് ബഷീറും. ഞാൻ അവരുടെ പ്രസംഗം കേട്ട് കോരിത്തരിച്ചുപോയി. അവർക്കുള്ള വിശ്വാസത്തിന്റെ ഒരു ശതമാനം വിശ്വാസം എനിക്കില്ലല്ലോ എന്ന് തോന്നിപ്പോയി. വിശുദ്ധ കുർബാനയെപ്പറ്റി അവർ പറഞ്ഞപ്പോൾ, എന്റെ ബലഹീനതയും വിശ്വാസക്കുറവും ഓർത്ത് ഞാൻ ചൂളിപ്പോയി. അവർക്ക് ദൈവം കൊടുത്ത കൃപ ഓർത്തു ആനന്ദത്താൽ ഞാൻ കരഞ്ഞു. ഇവർ ആലപ്പുഴയിൽ താമസിക്കുന്നു. പാവപ്പെട്ടവരാണ്. ബിസ്സിനസ്സ് ഒന്നും ചെയ്യാൻ സാധിക്കാത്ത സാഹചര്യം മുസ്ലീം സഹോ ദരങ്ങൾ ഇവർക്കുണ്ടാക്കി. ഇവരോടു വലിയ ശത്രുത പുലർത്തിയിരുന്നു. എവിടെയെങ്കിലും സാക്ഷ്യത്തിനു വിളിച്ചാൽ കിട്ടുന്ന തുച്ഛമായ സംഭാ വനകൊണ്ട് ജീവിതം തള്ളി നീക്കിയിരുന്നു. ഞാൻ പിന്നീട് ഇലന്തൂർ പള്ളിയിൽ ചുമതല എടുത്തപ്പോൾ, ഒരു കരിസ്മാറ്റിക് ധ്യാനം സംഘ ടിപ്പിച്ചു. ആയിരക്കണക്കിന് ആളുകൾ അതിൽ സംബന്ധിച്ചു. ഒരുദിവസം ബഷീറിന്റെയും സീനത്തിന്റെയും സാക്ഷ്യം പ്രസ്തുത ധ്യാനത്തിൽ ക്രമപ്പെടുത്തി. അതിനുശേഷം പ്രയാസംമൂലം സഹായത്തിനു ബഷീർ വല്ലപ്പോഴും ഞാൻ സേവനം ചെയ്ത പള്ളികളിൽ വരുമായിരുന്നു. ഒരുദിവസം എന്നെ കാണാൻ ഇലന്തൂരിൽ വന്നിട്ട് ബഷീർ ആലപ്പുഴയുള്ള വീട്ടിൽ തിരികെയെത്തിയപ്പോൾ, ഭാര്യ കെട്ടിത്തൂങ്ങി മരിച്ചനിലയിൽ കണ്ടെത്തിയതായും, പെട്ടെന്നു ശവസംസ്കാരം നടത്തിയതായും അറിഞ്ഞു. സീനത്തിന്റെ സഹോദരങ്ങൾതന്നെ കൊല്ലുകയോ, കൊല്ലി ക്കുകയോ ചെയ്തതാണ്, എന്നാണ് അറിവ്. ബഷീറാണ് ഭാര്യയെ

www.malankaralibrary.com


കൊന്നത് എന്നു വരുത്തിത്തീർക്കാൻ മറ്റുള്ളവരുടെ ഭാഗത്തുനിന്ന് ശ്രമം നടന്നു. പോലീസുകാർ ബഷീറിനെ കൊണ്ടുപോയി ഉപദ്രവിച്ചു. പിന്നീട് വിട്ടയച്ചു. ബഷീർ കൊന്നതാണെന്നുള്ള സംസാരം ചില വൈദികർ പറഞ്ഞതു ഞാൻ കേട്ടിട്ടുണ്ട്. ബഷീർ പിന്നീട് കത്തിൽ കൂടിയും നേരിട്ടും പറഞ്ഞു, "എന്റെ സീനത്തിനെ ഞാൻ കൊല്ലുമോ? ക്രിസ്തീയവിശ്വാസത്തിൽ വരുന്നതിനുമുമ്പ് ഞാൻ പുകവലിക്കുകയും പരുഷമായി സംസാരിക്കുകയും ചെയ്യുമായിരുന്നു. എനിക്ക് കേസ് കൊടുക്കുവാൻ കാശില്ല. ഈ ഹീനകൃത്യം ചെയ്തവരോട് ദൈവം ക്ഷമിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു." ഇവർക്ക് ഒരു മകനും ഒരു മകളുമുണ്ട്. മകളുടെ വിവാഹത്തിനു ഞാൻ ധനസഹായം നൽകി. പതിനാലുവർഷത്തിനുമുമ്പ് മകൻ പള്ളിയിൽ പോയിട്ട് വരുമ്പോൾ ലോറി തട്ടി കാല് വല്ലാതെ ഒടിഞ്ഞു, വളരെക്കാലം ആശുപത്രിയിൽ കിടന്നു. കാലിൽ കമ്പി ഇട്ടിരിക്കുന്നതിനാൽ കാലിനു വഴക്കം ഇല്ല. അതുകൊണ്ട് ജോലി ഒന്നും ചെയ്യുവാൻ സാധിക്കാതെ ഇരിപ്പാണ്. എന്നെ കാണാൻ ബഷീർ ഇവിടെ വന്നു. മകളെ വിവാഹം ചെയ്തയച്ചതിന് ഒത്തിരി രൂപാ കടമുണ്ട്. കൊല്ലം രൂപതയിൽ ഒരു കത്തോലിക്കനാണ് വിവാഹം ചെയ്തത്. ബഷീറിന്റെ വിഷമം ഞാൻ ഒരാളോടു പറഞ്ഞു. അദ്ദേഹം മനസ്സലിഞ്ഞ് അറുപതിനായിരം രൂപാ ബഷീറിനു കൊടുത്തു. നല്ല ശതമാനം കടം വീട്ടുവാൻ സഹായിച്ചു എന്നു പറഞ്ഞു. സീനത്ത് ജീവിച്ചിരുന്നപ്പോൾ, എല്ലാ ധ്യാനകേന്ദ്രങ്ങളിലും ഇവരെ നിർബന്ധമായി വിളിച്ചുകൊണ്ടു പോകുമായിരുന്നു. എന്നാൽ സീനത്തിന്റെ മരണശേഷം, ആരും ബഷീറിനെ സാക്ഷ്യം പറയുവാൻ വിളിക്കാറില്ല. "ഞാൻ ഒരിക്കലും ആരോടും ഒരു തെറ്റും ചെയ്തിട്ടില്ല. പിന്നെ എന്തുകൊണ്ട് ഇങ്ങനെ എന്നോടു പെരുമാറുന്നു" എന്ന് ബഷീർ എന്നോടു പറഞ്ഞിട്ടുണ്ട്. ഇപ്പോൾ കത്തോലിക്കാമക്കൾക്ക് ബഷീറിനോടു പരിഗണന ഇല്ല. ധ്യാനകേന്ദ്രങ്ങളിൽ സ്വാഗതം ചെയ്യുന്നില്ല. മുസ്ലീമുകൾ വലിയ ശത്രുത പുലർത്തുന്നു. ജോസഫ് ബഷീറിന്റെ വിഷമം എന്നോട് പറയുന്നു. അദ്ദേഹത്തിന്റെ കഷ്ടതയിൽ, മാസംതോറും 500 രൂപയെങ്കിലും മണി ഓർഡർ ആയി ഞാൻ അയച്ചുകൊടുത്തുകൊണ്ടിരിക്കുന്നു. ഈ ഭൂമിയിൽ ദൈവം കഴിഞ്ഞാൽ, എന്നെ സഹായിക്കുവാൻ അച്ചൻ മാത്രമേയുള്ളൂ എന്ന് പലപ്രാവശ്യം ജോസഫ് പറഞ്ഞു. അദ്ദേഹം മുടങ്ങാതെ വിശുദ്ധ കുർബാനയ്ക്ക് പോകുന്നു. ആണ്ടിൽ ഒരിക്കലെങ്കിലും ഏതെങ്കിലും ധ്യാനകേന്ദ്രത്തിൽ പോയി ധ്യാനം കൂടുന്നു. പ്രതികൂലസാഹചര്യത്തിലും കർത്താവിലുള്ള വിശ്വാസത്തിൽ പിടിച്ചുനിൽക്കുന്നു. കരിസ്മാറ്റിക് ധ്യാനം നന്മയ്ക്കായി രൂപപ്പെടുത്തിയ, എനിക്കനുഭവമുള്ള ഏതാനും സംഭവങ്ങൾ സൂചിപ്പിച്ചതാണ്.

www.malankaralibrary.com

അധ്യായം 7

# പ്രതിബന്ധങ്ങളിൽ തളരാതെ

1981-ൽ ചന്ദനപ്പള്ളിയിൽ വികാരിയായി വന്നപ്പോൾ, 1966-ൽ കൊച്ചുകുഞ്ഞുങ്ങൾ ആയിരുന്നവർ യുവതീയുവാക്കളായി മാറിയ വിവരം നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. ഇവരുടെ നല്ല സഹകരണം എനിക്ക് ലഭിച്ചു. ഞാനും അവരെ മക്കളെപ്പോലെ സ്നേഹിച്ചു. പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് എന്തെങ്കിലും ചെയ്യണമെന്നുള്ളത് എന്നും എന്റെ മനസ്സിലെ സ്വപ്നമാണ്. സ്വഭാവശുദ്ധിയുള്ളതും യോഗ്യത ഉള്ളവരുമായ പെൺകുഞ്ഞുങ്ങളെ സാമ്പത്തിക ക്ലേശംമൂലം വിവാഹം കഴിപ്പിച്ചയക്കാനാവാത്ത കുടുംബങ്ങൾ ഇന്നും നമ്മുടെ സമൂഹത്തിലുണ്ട്. സ്ത്രീധനസമ്പ്രദായം ഗവൺമെന്റ് നിരോധിച്ചിരിക്കുകയാണ്. പെൺകുട്ടിക്ക് പിതാവിന്റെ സ്വത്തിന്റെ വിഹിതം ലഭിക്കേണ്ടത് നീതിയാണ്. ജോബിന്റെ പുസ്തകം 42:15-ൽ, പിതാവ് പെൺമക്കൾക്കും സഹോദരന്മാർക്കൊപ്പം അവകാശം കൊടുത്തു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. പിതൃസ്വത്ത് കൊടുക്കുവാൻ ഇല്ലാത്ത പിതാവ് എന്തു ചെയ്യും? ഉള്ള സ്വത്ത് എല്ലാം കൊടുത്താലും, മാതാപിതാക്കളും മറ്റുമക്കൾ ഉണ്ടെങ്കിൽ അവരും വഴിയാധാരമായാലും, വരന്റെ വീട്ടുകാർ ചോദിക്കുന്ന പണം കൊടുക്കുവാൻ തികയാതെവരും. പണം കൊടുത്താൽമാത്രം പോരല്ലോ. എത്ര വിലയായാലും കാതിലും കഴുത്തിലും ശരീരം മുഴുവനും സ്വർണ്ണാഭരണംകൊണ്ട് വധുവിനെ പൊതിയണം. ഇതെല്ലാം സമൂഹത്തിലെ ശാപമായി തോന്നുന്നു. പണമുള്ളവർ, വിവാഹത്തിലെ രണ്ടുമണിക്കൂർ നേരത്തിനായി, ആയിരങ്ങളും ലക്ഷങ്ങളും വിലയുള്ള സാരികൾ വാങ്ങിക്കുന്നു. വിവാഹം കഴിഞ്ഞ്, അത് മടക്കി അലമാരയിൽ വയ്ക്കുന്നു. ഇടത്തരക്കാർക്ക് പെണ്ണിന്റെ വീട്ടിൽനിന്നു പണം കിട്ടിയിട്ടുവേണം കല്യാണം അടിച്ചുപൊളിക്കുവാൻ. പണക്കൊഴുപ്പുള്ളവൻ കാണിക്കുന്ന ധൂർത്തിനൊപ്പം ഇവരും എത്തണമല്ലോ. പെൺവീട്ടിൽ നിന്ന് കിട്ടുന്നത് മുഴുവൻ കല്യാണത്തിനു ചെലവഴിച്ചശേഷം, വീണ്ടും

www.malankaralibrary.com


പണം കൊണ്ടുവരണം എന്നു പറഞ്ഞ് ഭാര്യയെ മർദ്ദിക്കുന്ന ഭർത്താക്കന്മാരും വിരളമല്ല. കോടിക്കണക്കിനു രൂപാമുടക്കി പണിയുന്ന പള്ളികളും, ലക്ഷങ്ങൾ ചെലവാക്കുന്ന പെരുന്നാളുകളും അരങ്ങേറുന്ന നമ്മുടെ സഭയിൽ പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിനു കുറേ പണം മാറ്റിവയ്ക്കുവാൻ താൽപര്യം കാണിക്കേണ്ടതല്ലേ? കുറെ സംരംഭങ്ങൾ ഉണ്ടാകുന്നുണ്ട്.

ചന്ദനപ്പള്ളിയിലെ യുവജനങ്ങളുടെ സഹായംതേടി കുറെ പണം സമാഹരിക്കുവാൻ ഞാൻ ശ്രമിച്ചു. ബൈബിൾ നാടകം പാസ്സുവച്ചു നടത്തി രൂപ ശേഖരിക്കുവാൻ പ്ലാനിട്ടു. 100, 50, 25 രൂപയുടെ പാസ്സുകളടിച്ചു യുവാക്കൾ വീടുതോറും പോയി കുറെ രൂപ പിരിച്ചു. നാടകനടത്തിപ്പിനുള്ള ചെലവുകഴിഞ്ഞ് മുപ്പതിനായിരത്തോളം രൂപ ലഭിച്ചു. പ്രസ്തുത തുക ബാങ്കിൽ സ്ഥിരനിക്ഷേപമായി ഇട്ട്, വിവാഹനിധി ഫണ്ടായി ഇട്ട തുകയുടെ പലിശ എടുത്ത്, പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹസമയത്ത് കൊടുക്കുവാൻ വ്യവസ്ഥ ചെയ്തു. അതിനായി ഒരു കമ്മിറ്റിയെ തെരഞ്ഞെടുത്തു. പ്രസ്തുത തുക മെച്ചപ്പെടുത്തുവാൻ പിന്നീടു ചുമതലയേറ്റ വികാരിമാർ താൽപര്യം കാണിച്ചില്ല എന്നു പരാതി കേൾക്കുകയുണ്ടായി. ചെറിയ ഒരു ആരംഭം കുറിക്കുവാൻ ഞാൻ ശ്രമിച്ചു. ഈയിടെ ഈ വിവാഹനിധി ഫണ്ടിലേക്ക് പതിനായിരംരൂപ ഞാൻ അയച്ചുകൊടുത്തു. ഒരു വിദ്യാഭ്യാസ ഫണ്ടും രൂപീകരിച്ചിട്ടാണ് ഞാൻ ചന്ദനപ്പള്ളി ഇടവകയുടെ ചുമതല വിട്ടത്.

ചന്ദനപ്പള്ളി ഇടവക പരിശുദ്ധ മാതാവിന്റെ നാമത്തിലുള്ളതാണ്. എന്നാൽ അടുത്തുള്ള ഓർത്തഡോക്സ് പള്ളിയിലെ തിരുനാൾ വി. ഗീവർഗീസ് സഹദായുടെ നാമത്തിലാണ് ആഘോഷിക്കുന്നത്. ഓർത്തഡോക്സ് പള്ളിയോടു പിടിച്ചുനിൽക്കുവാൻ ബഹു. ആന്റണി കേളംപറമ്പിലച്ചൻ കത്തോലിക്കാപള്ളിയിലും വി. ഗീവർഗീസ് സഹദായുടെ തിരുന്നാൾ ആഘോഷമായി നടത്തുവാൻ തുടങ്ങി. ഓർത്തഡോക്സ് പള്ളിയിൽ തിരുന്നാൾ നടത്തുന്നതിന് ഒരു ദിവസം മുമ്പാണ് കത്തോലിക്കാ പള്ളിയിലെ തിരുനാൾ. മെയ് 6, 7 തീയതികളിൽ ഈ തീയതികൾക്ക് മാറ്റമില്ല. ഓർത്തഡോക്സ് പള്ളിയിൽ പോകുന്ന ഭൂരിപക്ഷം പേരും കത്തോലിക്കാ പള്ളിയിൽ കയറി പ്രാർത്ഥിച്ചു, നേർച്ച ഇട്ടിട്ടാണ് പോകുന്നത്.

തിരുനാൾ റാസ ഇടവകയുടെ നാലു ഭാഗങ്ങളിലും എല്ലാ മുക്കിലും പോകണം എന്നത് ഒരു പതിവാണ്. റാസ പതിനൊന്നു കിലോമീറ്റർ

www.malankaralibrary.com


ദൂരത്തിൽ പോകേണ്ടിയിരുന്നു. ഈ ദൂരം ഞാൻ എന്റെ സ്കൂട്ടറിൽ പോയി എടുത്ത അളവാണ്. ഞാൻ ചന്ദനപ്പള്ളിയിൽ ചെല്ലുമ്പോൾ കാണുന്ന റാസ തികച്ചും ശുഷ്ക്കവും അഭംഗിയുള്ളതുമാണ്. എന്തെന്നാൽ റാസയ്ക്ക് കുറെ ചെണ്ട കൊട്ടുകാരും ബാന്റ് ഊത്തുകാരും കഴിഞ്ഞാൽ വളരെ ചെറിയ ശതമാനം പുരുഷന്മാർമാത്രം കാണും. കാപ്പ ഇടുന്ന വൈദികനും, കപ്യാരും റാസ എവിടെ നടത്തിയാലും ഊരുചുറ്റേണ്ട ബലിവസ്തുവാണല്ലൊ. പതിനൊന്നു കിലോമീറ്റർ നടക്കേണ്ടതുകൊണ്ട് സ്ത്രീകളും കുട്ടികളും ആരുംതന്നെ പോകാറില്ല. ഓർത്തഡോക്സ് പള്ളിയിൽ റാസയ്ക്കു പോകുമ്പോൾ കിട്ടുന്ന കൈമുത്തു പണം വികാരിക്കുള്ളതാണ്. അതുകൊണ്ട് അവരുടെ വികാരിയച്ചനു റാസയ്ക്കു പോകുവാൻ താത്പര്യമാണ്. കത്തോലിക്കാപള്ളിയിൽ കൈമുത്തു പണം ഇടവകക്കുള്ളതാണ്. ചന്ദനപ്പള്ളിയിൽ റാസ കഴിഞ്ഞ് എന്തെങ്കിലും പരിപാടി വേണമെന്നുള്ളത് ആളുകളുടെ നിർബ്ബന്ധം. പലപ്പോഴും ഏതെങ്കിലും നാടകമോ ഗാനമേളയോ ആയിരിക്കും നടത്താറുള്ളത്. ശുഷ്ക്കമായ റാസ, മണിക്കൂറുകൾ ഊരുചുറ്റിയിട്ടുവരുമ്പോൾ പള്ളിമുറ്റവും പരിസരവും ആളുകളെക്കൊണ്ട് നിറഞ്ഞിരിക്കും, കലാപരിപാടി കാണാൻ. നമ്മുടെ പള്ളിയിൽ എല്ലാവരും പങ്കെടുക്കുന്ന വളരെ മനോഹരമായ റാസ നടത്തണമെന്ന് ഞാൻ ആഗ്രഹിച്ചു. ഈ വിവരം ഞാൻ സാവകാശം കമ്മിറ്റിയെയും ആളുകളെയും അറിയിച്ചു. യുവജനങ്ങൾ ഉൾപ്പെടെ ഭൂരിപക്ഷം എന്റെ അഭിപ്രായത്തോടു യോജിപ്പ് പ്രകടിപ്പിച്ചു. തിരുനാൾ പൊതുയോഗത്തിൽ ഈ വിഷയം അവതരിപ്പിച്ചു. ഭൂരിപക്ഷവും അത് അംഗീകരിച്ചു. ഇടവകയിലെ കൊച്ചുകുട്ടികളും സ്ത്രീകളും ഉൾപ്പെടെ മുഴുവൻ ആളുകളും റാസയിൽ സംബന്ധിച്ച് മനോഹരമാക്കാൻ തീരുമാനിച്ചു. തിരുന്നാളിന് ഒരാഴ്ച മുൻപ് ഇടവകയിൽ ഒരേ കുടുംബത്തിൽപ്പെട്ട നാലഞ്ച് വ്യക്തികൾ രാത്രി ഒമ്പതുമണിയോടുകൂടി പള്ളിമേടയിൽവന്ന് അവരുടെ ഏരിയായിൽക്കൂടി നിർബന്ധമായും റാസ വന്നിരിക്കണം, വന്നില്ലെങ്കിൽ അതിന്റെ ഭവിഷ്യത്ത് ഉണ്ടാകുമെന്ന് പറഞ്ഞു. എല്ലാ ദിവസവും രാത്രി ഈ സമയത്തുവന്ന് എന്നെ ഭീഷണിപ്പെടുത്തുകയാണ്. എന്റെ സ്വൈരത നഷ്ടപ്പെടുത്തി, സംഘടിതമായി വന്ന് ബുദ്ധിമുട്ടിക്കുന്നതിൽ വിഷമം തോന്നി. പൊതുയോഗം തീരുമാനിച്ചതാണല്ലോ, ഈ വർഷം അതനുസരിച്ച് നടക്കട്ടെ എന്ന് സ്നേഹപൂർവ്വം ഞാൻ പറഞ്ഞുനോക്കി. അവർ അതൊന്നും കേൾക്കാതെ പിടിവാശിയിൽ നിലകൊണ്ടു. എന്തായാലും

www.malankaralibrary.com


പൊതുയോഗ തീരുമാനം അനുസരിച്ചുതന്നെ മുന്നോട്ടുപോകാൻ ഞാൻ കമ്മിറ്റിയെ ചുമതലപ്പെടുത്തി. ചന്ദനപ്പള്ളി പള്ളിയുടെ ചരിത്രത്തിൽ ആദ്യമായി കുട്ടികളും സ്ത്രീകളും കൂടി ഇറങ്ങിയ റാസ ആരംഭിച്ചു. പള്ളിയിൽനിന്ന് തിരിച്ച് കിഴക്ക് നമ്മുടെ കുരിശടി, ഓർത്തഡോക്സ് പള്ളിവരെ ഒരു കിലോമീറ്റർ ദൂരം. തിരിച്ച് പള്ളിയിൽ എത്തുന്നു. മുൻപിൽ രണ്ടു നിരയായി കൊച്ചുകുട്ടികൾ, തുടർന്ന് പ്രായമായവർ. ദീപാലങ്കാരത്തോടുകൂടിയ റാസ മന്ദംമന്ദം നടന്നുനീങ്ങി. കാപ്പ ധരിച്ച വൈദികൻ ഏറ്റവും പുറകിലായി പള്ളിയിൽ നിന്നിറങ്ങി. അതോടൊപ്പം ഞാനും പള്ളിയിൽ നിന്നിറങ്ങിയപ്പോൾ പ്രശ്നം സൃഷ്ടിച്ച കുടുംബ ങ്ങളിലെ ഒരു ചെറുപ്പക്കാരൻ കുറെ ദൂരെനിന്ന് അട്ടഹസിച്ചുകൊണ്ട് എന്റെ അടുത്തേക്ക് ഓടി വരുന്നു. ചെറുപ്പക്കാരനെ പള്ളിയിലെ ആളുകൾ തടഞ്ഞു. വടക്കേക്കരയിലെ പാപ്പച്ചൻ (Rtd Inspector of Police) എന്നോട് പറഞ്ഞു അച്ചൻ പെട്ടെന്ന് റാസയുടെ മുൻപിലായി നടക്കുക. അല്ലെങ്കിൽ ആരെങ്കിലും നിശ്ചയിച്ച വഴിയിൽ പോകാതെ റാസ തിരിച്ച് വേറെ ദിശയിലേക്ക് പോകാൻ സാധ്യതയുണ്ട്. ഞാൻ അതനുസരിച്ച് റാസ തീരുന്നതുവരെ കുരിശിന്റെ മുൻപിലായി നടന്നു. എല്ലാവരെയും കോൾമ യിർകൊള്ളിച്ചുകൊണ്ട് വർണ്ണശബളമായ റാസ പ്രാർത്ഥനാനിരതമായി പള്ളിയിൽ തിരിച്ചെത്തി. 1984-ാം മാണ്ട് മെയ് മാസത്തിലെ തിരുന്നാ ളാണ് ഇപ്രകാരം നടത്തിയത്. അടുത്തവർഷം തിരുന്നാൾ സമയത്തിനു മുൻപ് disk slip വന്നു. തിരുന്നാൾ നടത്തുവാൻ സാധിക്കാതെ പോയി. റാസയുടെ ദൂരം കുറച്ചു. എല്ലായിടത്തും പോയില്ല എന്നുള്ള പരാതി കേൾക്കാൻ ഗ്രിഗോറിയോസ് പിതാവ് വന്നു. പതിനൊന്നു കിലോമീറ്റർ ഊരുചുറ്റുവേണ്ട, ഇടവകയുടെ ഒരുഭാഗത്ത് ഒരുവർഷം പോയാൽ, പിന്നീട് വേറെ ഒരു ദിശയിലേക്ക് പോകണം. അങ്ങനെ മൂന്നുവർഷത്തി നുശേഷം, വീണ്ടും ആദ്യം തുടങ്ങിയ ദിക്കിലേക്ക് റാസ നടത്തുന്ന തീരുമാനം പിതാവ് പ്രഖ്യാപിച്ചു.

തിരുന്നാളിനു ഒരാഴ്ചയ്ക്കുശേഷം റാസദിവസം എന്നെ ഭീഷണിപ്പെ ടുത്തിയ ചെറുപ്പക്കാരന്റെ സഹോദരി എന്നെ വന്നു കണ്ടു. “നാളെ വിവാഹത്തിന് എന്നെ കാണാൻ നാലഞ്ചുപേർ വീട്ടിൽ വരുന്നു. അച്ചൻകൂടി വീട്ടിൽ വരണം” എന്നു പറഞ്ഞു. ആദ്യത്തെ എന്റെ മാനസി കാവസ്ഥ, എന്നോട് മോശമായി പെരുമാറിയ വ്യക്തിയുടെ വീട്ടിൽ പോകേണ്ടതില്ല എന്നായിരുന്നു. എന്നാൽ പിന്നീട് ഞാൻ ചിന്തിച്ചു. “സ്നേഹത്തെപ്പറ്റിയും ക്ഷമയെപ്പറ്റിയും പ്രസംഗിച്ചാൽമാത്രം

www.malankaralibrary.com


പോരല്ലോ—ജീവിതത്തിൽ അതു കാണിച്ചു കൊടുക്കുവാൻ എനിക്ക് കടമയുണ്ടല്ലോ" എന്ന് ഭാവാത്മകമായി ചിന്തിച്ചു. ഞാൻ ഈ മകളുടെ വീട്ടിൽ പറഞ്ഞദിവസം ചെന്നു. ഞാൻ അവിടെ ചെല്ലുമെന്ന് ഈ മകളുടെ സഹോദരൻ പ്രതീക്ഷിച്ചില്ല. എന്നെക്കണ്ടപ്പോൾ, അവന്റെ ഭവനത്തിൽ സ്നേഹമായി കയറിച്ചെന്നപ്പോൾ, അവന്റെ മുഖം വിളറി. ഞാൻ അവിടെ ഇരുന്നു ചെറിയ സൽക്കാരത്തിൽ പങ്കെടുത്തിട്ടു തിരിച്ചു പോന്നു. പിന്നീട് ഈ ചെറുപ്പക്കാരന് എന്നോടു സ്നേഹവും ബഹുമാന വുമായിരുന്നു. നാം ക്ഷമിച്ചാൽ, സ്നേഹിച്ചാൽ നമുക്ക് ദൈവത്തിൽനിന്നു ക്ഷമ കിട്ടുമെന്നു മാത്രമല്ല നമ്മുടെ ശത്രുക്കളെ മിത്രങ്ങളാക്കാൻ സാധിക്കും. വൈദികൻ ശാന്തശീലനായിരിക്കണം എന്നാണ് എന്റെ ബോധ്യം—വചനത്തിലുടനീളം സൗമ്യതയുടെ മാഹാത്മ്യം വ്യക്തമാ ക്കുന്നു. ചെറിയ കാര്യങ്ങളിൽ പോലും ക്ഷോഭിക്കുന്ന, പൊട്ടിത്തെറിച്ച്, പലതും പുലമ്പുന്ന സഹോദര വൈദികരെ അറിയാം. എല്ലാവരും ഈ ഗണത്തിൽപ്പെടുന്നു എന്നു പറയുകയല്ല. കോപിച്ച് പ്രതികാരം വീട്ടുന്നതിനായി പള്ളിയിലെ പ്രസംഗപീഠം ഉപയോഗിക്കുന്നതു നല്ലതല്ല. വികാരിയച്ചന്റെ ക്ഷോഭത്തിന്റെ അലയടികൾ മുറിവേൽപ്പിച്ച പല അത്മായ സഹോദരങ്ങൾ അവരുടെ വേദന എന്നോട് പറഞ്ഞിട്ടുണ്ട്. "അച്ചാ, വിശ്വാസം ഉള്ളതുകൊണ്ട് ആ അച്ചൻ അർപ്പിക്കുന്ന വിശുദ്ധ കുർബാനയിൽ സംബന്ധിക്കുവാൻ പോകുന്നു. മാനുഷികമായി പറഞ്ഞാൽ, പോകാൻ മനസ്സു തോന്നിക്കുന്നില്ല" എന്നു വിദ്യാസമ്പന്ന നായ ഒരു വ്യക്തി പറഞ്ഞതോർക്കുന്നു. "അവനെയും കുടുംബത്തെയും ഒരു പാഠം പഠിപ്പിച്ചിട്ടേ ഞാൻ ഈ ഇടവകയിൽനിന്നു പോകൂ" എന്ന് സംസാരിച്ചിട്ടുള്ള വൈദികസഹോദരങ്ങൾ ചുരുക്കമായിട്ടുണ്ട്. വൈദികൻ പഠിപ്പിക്കേണ്ട പാഠം, സ്നേഹത്തിന്റെ പാഠം മാത്രമാണ്. "കോപ ത്തിൽനിന്ന് അകന്നുനിൽക്കുക, ക്രോധം വെടിയുക" (സങ്കീ. 37:8). പെട്ടെന്നു ക്ഷോഭിച്ച് ഒച്ചവച്ചു സംസാരിക്കുന്നത് ഒരു പ്രതിരോധത ന്ത്രമാണ്. കുടുംബത്തിൽ ഇങ്ങനെയുള്ള സംഭവങ്ങൾ അരങ്ങേറാറുണ്ട്. കോപിച്ച് ഒച്ചവച്ച് സംസാരിക്കുന്നവരോട് അതേ നാണയത്തിൽ പെരുമാറിയാൽ, പ്രശ്നം രൂക്ഷമാകുകയേയുള്ളൂ. അതുകൊണ്ട്, ഒരു കക്ഷി ക്ഷമിക്കുകയോ മിണ്ടാതിരിക്കുകയോ ചെയ്യും. വൈദികർ, ക്ഷോഭിച്ചു സംസാരിക്കുമ്പോൾ, നമ്മുടെ പാവപ്പെട്ട ജനങ്ങൾ, "അച്ചനല്ലേ, ഞങ്ങളെ ശപിച്ചാൽ ദോഷമാകുമല്ലോ," എന്ന് സമാധാനിച്ചു മിണ്ടാതെ പോകാറുണ്ട്.

www.malankaralibrary.com


കോപവും അതിൽനിന്നു വരുന്ന പ്രതികാര മനോഭാവവും ആളുകളെ മുറിവേൽപ്പിക്കുകയും സഭയിൽനിന്ന് അകറ്റിക്കളയുകയും ചെയ്യും. വിശ്വവിഖ്യാതനായ ഫുൾട്ടൻ ഷീൻ മെത്രാൻ പറഞ്ഞ സംഭവം വായിച്ചത് കുറിക്കട്ടെ. ഒരു പള്ളിയിൽ ഒരു ബാലൻ വിശുദ്ധ കുർബാനയ്ക്ക് അൾത്താരയിൽ ശുശ്രൂഷിക്കുകയായിരുന്നു. അവന്റെ കൈയ്യിൽനിന്ന് കുർബാനയ്ക്ക് ഉപയോഗിക്കുന്ന വീഞ്ഞും പാത്രവുംകൂടി താഴെവീണ് ഉടഞ്ഞുപോയി. അച്ചൻ അവന് ഒരു അടികൊടുത്ത് മദ്ബഹായിൽനിന്ന് ഇറക്കിവിട്ടു. പിന്നെ അവൻ പള്ളിയിൽ വന്നിട്ടില്ല. ആ വ്യക്തിയാണ് ആയിരക്കണക്കിനു വൈദികരെയും വിശ്വാസികളെയും വധിച്ച കമ്യൂണിസ്റ്റ് യുഗോസ്ലാവിയായിലെ ഏകാധിപതി മാർഷൽ ടിറ്റോ. വേറെ ഒരു പള്ളിയിൽ, ഒരു ബാലൻ വിശുദ്ധ കുർബാനയ്ക്ക് സഹായിക്കുന്നുണ്ടായിരുന്നു. അവന്റെ കൈയ്യിൽ നിന്നും മുൻപുപറഞ്ഞ ബാലന്റെ കൈയ്യിൽ നിന്നു പറ്റിയപോലെ അബദ്ധം സംഭവിച്ചു. കുർബാന അർപ്പിക്കുന്ന വൈദികൻ സ്നേഹത്തോടെ അവന്റെ കവിളിൽ തട്ടിയിട്ടു, കുർബാന കഴിഞ്ഞ് നിന്റെ മമ്മിയെയുംകൊണ്ട് എന്റെ അടുത്തുവരണമെന്ന് പറഞ്ഞു. എന്തു സംഭവിക്കും എന്നറിയാതെ ബാലൻ ഭയന്നു. അമ്മയുമായി വന്നപ്പോൾ അച്ചൻ പറഞ്ഞു. "ഈ മോൻ ഒരിക്കൽ ഒരു പുരോഹിതനായിത്തീരും." സ്നേഹത്തോടെ അവന്റെ കവിളിൽ തലോടി അയച്ചു. ബിഷപ്പ് ഷീൻ തുടർന്നുപറയുന്നു. ആ ബാലനാണ് ഈ നിൽക്കുന്ന മെത്രാൻ ഫുൾട്ടൻ ഷീൻ. കോപത്തിനു വ്യക്തികളെ മുറിപ്പെടുത്തുന്നതിനും തകർക്കുന്നതിനും സാധിക്കും. സ്നേഹത്തിന്, ക്ഷമയ്ക്ക് മനുഷ്യനെ നന്മയുടെ ഉന്നത ശ്രേണിയിലേക്ക് ഉയർത്താൻ കഴിയും.

കർത്താവ് കോപിച്ചിട്ടുള്ളതുകൊണ്ട് നമുക്കും കോപിക്കാം എന്നു ചിന്തിക്കുന്നവരുമുണ്ട്. തന്റെ പിതാവിന്റെ ആലയത്തെ മലീമസമാക്കിയവരോട് കർത്താവ് കോപിച്ചു. കപടനാട്യക്കാരായ പ്രീശരുടെ പെരുമാറ്റത്തിൽ കർത്താവ് അമർഷം പ്രകടിപ്പിച്ചു. ഇതൊന്നും സ്വന്തം ഈഗോ (അഹം) ഊതിവീർപ്പിച്ചു കാണാനല്ലായിരുന്നു. നമ്മുടെ മിക്ക ക്ഷോഭപ്രകടനങ്ങളും സ്വന്തം ഈഗോ മുറിപ്പെടുമ്പോഴുള്ള പരാക്രമമാണ്. സ്വയം എളിമപ്പെടാനും ആത്മശോധന ചെയ്യാനും തയ്യാറാകാതെ, സ്വയം നീതീകരിച്ചു ജീവിതം തുടരുന്നു. എന്റെ കുടുംബത്തിലുള്ളവർ ഇങ്ങിനെയായിരുന്നു. എന്റെ അപ്പൻ മുൻകോപിയായിരുന്നു. അതിനാൽ, ഞാനും മുൻകോപം കാണിക്കും എന്നു പറയാറുണ്ട്. ശാന്തമാകുക, ക്ഷമിക്കുക

www.malankaralibrary.com


എന്നിവ കഴിവുകേടായി ലോകം കരുതുന്നു. ക്ഷോഭിക്കുന്നതാണ് പൗരുഷ ത്തിന്റെ ഭാവം എന്നുള്ള ചിന്ത ശരിയല്ല. ആത്മശക്തിയുള്ള ഹൃദയ ത്തിന്റെ ഉടമയ്ക്കുമാത്രമാണ് പ്രതികൂല സാഹചര്യത്തിൽ, നാം മുറിവേൽക്കപ്പെടുമ്പോഴും, ശാന്തതയും ക്ഷമയും പുലർത്തുവാൻ കഴിയുക. "ഞാൻ ഹൃദയശാന്തതയും എളിമയുമുള്ളവനാണെന്നു" കർ ത്താവു പറഞ്ഞു. മാനുഷികമായി കോപിക്കേണ്ട, പ്രതികാരം വീട്ടേണ്ട സാഹചര്യത്തിലെല്ലാം കർത്താവ് സ്നേഹത്തിന്റെയും ക്ഷമയുടെയും മൂർത്തീഭാവമായിരുന്നു.

ബൈബിളിലെ പഴയനിയമത്തിലെ "മോശ ഭൂമുഖത്തുള്ള എല്ലാ മനുഷ്യരിലുംവച്ചു സൗമ്യനായിരുന്നു" സംഖ്യ 12:3. മോശ ആദ്യം സൗമ്യ നല്ലായിരുന്നു. അതിനുശേഷം ഈജിപ്റ്റ് വിട്ടിട്ട് സീനായ്മരുഭൂമിയിൽ എത്തി. 40 വർഷത്തെ മരുഭൂമി അനുഭവം മോശയുടെ ജീവിതം അടിമുടി പുതുക്കപ്പെട്ടു. സൗമ്യത—ജെത്രോയുടെ ആടുകളെ മേയിച്ചുകൊണ്ടു നടന്നു പഠിച്ചതാണ്. മറുതലിക്കുന്ന, മുറുമുറുക്കുന്ന ആയിരക്കണക്കിനാ ളുകളെ 40 വർഷം മരുഭൂമിയിലൂടെ നയിക്കുവാൻ ഈ സൗമ്യത മോശയ്ക്ക് കരുത്തു നൽകി. എന്റെ വൈദികജീവിതത്തിൽ എനിക്ക് മുറിവേൽക്കേണ്ടി വന്നിട്ടുണ്ട്. ഈ സാഹചര്യത്തിലെല്ലാം ഞാൻ വൈരാഗ്യം വച്ചുപുലർ ത്തുകയോ ക്ഷോഭിക്കുകയോ ചെയ്യാതെ, സൗമ്യമായും സ്നേഹമായും പെരുമാറാൻ ശ്രമിച്ചിട്ടുണ്ട്.

വിശുദ്ധഗ്രന്ഥം പറയുന്നു:

"നിങ്ങൾ കേൾക്കുന്നതിൽ സന്നദ്ധതയുള്ളവരും സംസാരിക്കുന്ന തിൽ തിടുക്കം കൂട്ടാത്തവരും, കോപിക്കുന്നതിൽ മന്ദഗതിക്കാരുമായിരി ക്കണം" (യാക്കോബ് 1:19).

"ക്ഷിപ്രകോപി ബുദ്ധിഹീനമായി പ്രവർത്തിക്കുന്നു. ബുദ്ധിമാൻ ക്ഷമാശീലനാണ്" (സുഭാഷിതം 14:17).

"മുൻകോപി കലഹം ഇളക്കിവിടുന്നു. ക്ഷമാശീലൻ അതു ശമിപ്പി ക്കുന്നു" (സുഭാഷിതം 15:18).

കർത്താവിന്റെയോ മോശയുടെയോ സൗമ്യത എനിക്ക് അവകാശ പ്പെടാനില്ല. അതിൽ ഒരു ചെറിയ ശതമാനം ഉൾക്കൊള്ളാൻ ശ്രമിച്ചിട്ടുണ്ട്. തെറ്റിദ്ധാരണയുള്ളവരെ സ്നേഹത്തിലൂടെ ശരിയായ ദിശയിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. തെറ്റിദ്ധാരണ ജീവിതത്തിന്റെ ഭാഗമാണ്. കാരണം ദൈവത്തിനു മാത്രമേ മനുഷ്യഹൃദയങ്ങളെ ശോധന ചെയ്യാൻ കഴിയൂ. നാം എല്ലാം ബാഹ്യമായ കാര്യങ്ങൾ കണ്ട്, നമ്മുടെ മനോഭാ

www.malankaralibrary.com


വംപോലെ വ്യക്തികളെയും സാഹചര്യങ്ങളെയും വിലയിരുത്തുന്നു. കാരണം കൂടാതെ, മദ്യപിച്ച് എന്നെ അസഭ്യം പറഞ്ഞവരുടെ ഭവനത്തിലും ഞാൻ കയറിച്ചെന്നിട്ടുണ്ട്. മനസ്സിൽ പ്രതികാര മനോഭാവമോ വെറുപ്പോ വച്ചുകൊണ്ടിരിക്കാൻ പാടില്ല, പ്രത്യേകിച്ച് ദൈവത്തിന്റെ പുരോഹിതൻ വെറുപ്പു പുലർത്തരുത്.

1985 വിശുദ്ധവാരത്തിൽ (ഹാശാ ആഴ്ച) എനിക്ക് ഒത്തിരി ദുഃഖം ഉണ്ടായ ഒരു സംഭവമുണ്ടായി. അതുകൂടി കുറിക്കട്ടെ. ബഹുമാനപ്പെട്ട ആന്റണി കേളംപറമ്പിൽ അച്ചൻ, ക്ഷീണിതനായി, തിരുവനന്തപുരത്തു അരമനവക ഭവനത്തിൽ വിശ്രമിക്കുകയായിരുന്നു. ആന്റണി അച്ചൻ 1985 ലെ ഓശാന ഞായറാഴ്ചയ്ക്ക് മുമ്പുള്ള ശനിയാഴ്ച തിരുവനന്തപുരത്തു മരിച്ചു. അച്ചന്റെ ജീവിതത്തിലെ സ്വപ്നവും ആഗ്രഹവുമായിരുന്ന ചന്ദനപ്പള്ളി കത്തോലിക്കാ പള്ളി ഇന്നത്തെ രൂപത്തിൽ പണിതുയർത്തുവാൻ തന്റെ ചോരയും നീരും ഒത്തിരി ഒഴുക്കിയതാണ്. ശക്തരായ ഓർത്തഡോക്സുകാരുടെ ഇടയിൽ തലയുയർത്തി നിൽക്കുവാൻ, കത്തോലിക്കാ കൂട്ടായ്മയ്ക്ക് നല്ല ഒരു പള്ളിവേണം എന്നത് അച്ചന്റെ ചിരകാലാഭിലാഷമായിരുന്നു. ചന്ദനപ്പള്ളിയിൽ നിന്നുമാണ് അദ്ദേഹം രോഗിയായി, ചികിത്സയ്ക്കും വിശ്രമത്തിനുമായി തിരുവനന്തപുരത്ത് ഗുഡ് സമരിറ്റനിൽ എത്തിയത്. അതുകൊണ്ട് അച്ചൻ കഷ്ടപ്പെട്ടു പണിയിച്ച പള്ളിയോടു വിട പറയുവാൻ അദ്ദേഹത്തിന്റെ മൃതശരീരം, തിരുവനന്തപുരത്തുനിന്നു ചന്ദനപ്പള്ളിയിൽ കൊണ്ടുവന്ന് പള്ളിയിൽ പൊതുദർശനത്തിന് വച്ചു. അന്നു ബഹുമാനപ്പെട്ട പി.റ്റി. ജോർജ്ജ് അച്ചനായിരുന്നു, വൈദികരുടെ മരണാനന്തരശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയത്. പള്ളിയിൽ മണി അടിച്ച് അച്ചന്റെ മൃതശരീരം കൊണ്ടുവന്ന വിവരം എല്ലാവരെയും അറിയിച്ചു. ഞാൻ അടിയന്തര കമ്മിറ്റിയോഗം വിളിച്ചുകൂട്ടി. പിറ്റേദിവസം അച്ചന്റെ അടക്കത്തിനു തൈക്കാട്ടുശേരിയിൽ പോകേണ്ടകാര്യം കമ്മിറ്റിയിൽ ചർച്ച ചെയ്തു. പള്ളി ചെലവിൽ ഒരു ബസ്സ് പിടിച്ചുപോവുക, അതിൽ എല്ലാ പ്രാർത്ഥനായോഗത്തിൽനിന്നും പ്രതിനിധികളെ ഉൾപ്പെടുത്തുക. പിന്നീട് പോകാൻ താൽപര്യമുള്ളവർ, സ്വന്തം ചെലവിൽ പോകുകയെന്ന് കമ്മിറ്റി തീരുമാനിച്ചു. അതിനുശേഷം കുറെപേർ വന്നു പറഞ്ഞു, "ഇടവകയിലുള്ള എല്ലാവരെയും പള്ളിച്ചെലവിൽ കൊണ്ടുപോകണം." അതു ചെയ്യുന്നില്ലെങ്കിൽ, പിടിച്ച ബസ്സ് വിടാൻ സമ്മതിക്കുകയില്ല എന്നു ഭീഷണിമുഴക്കി. അച്ചന്റെ മൃതശരീരം പള്ളിക്കകത്ത് കിടത്തിയിരിക്കുന്നു. രാത്രി കുറെപേർ സിസ്റ്റേഴ്സ്

www.malankaralibrary.com


ഉൾപ്പെടെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. പിറ്റേദിവസം ഓശാന ഞായറാഴ്ചയാണ്. ചന്ദനപ്പള്ളിയിലും അങ്ങാടിക്കലും ദീർഘമായ ശുശ്രൂഷയും കുർബാനയും നടത്താനുണ്ട്. രാത്രി മുഴുവൻ, ഇടവകയിൽ മൂന്നുനാലുപേർ ബഹളംവച്ചുകൊണ്ട് പള്ളിക്ക് ചുറ്റും നടക്കുകയാണ്. എല്ലാവരെയും കൊണ്ടുപോകണം. അല്ലാതെ ഒരുത്തനെയും വിടുകയില്ല എന്നൊക്കെ ആക്രോശിച്ചുകൊണ്ട് നടക്കുകയാണ്. എനിക്ക് കുറെ വിശ്രമം വേണം, ഉറങ്ങണം. ഒച്ചപ്പാടും കുറെപേരുടെ പെരുമാറ്റവുംമൂലം മനസ്സിനു നൊമ്പരമായി. ഒട്ടും ഉറങ്ങാൻ പറ്റുന്നില്ല. നേരം വെളുപ്പിച്ചു. അതിരാവിലെ മൃതശരീരം തൈക്കാട്ടുശേരിയിലേക്ക് പി.റ്റി. ജോർജ്ജ് അച്ചൻ കൊണ്ടുപോയി. ഞാൻ അങ്ങാടിക്കലും ചന്ദനപ്പള്ളിയിലും ഓശാന ശുശ്രൂഷ നടത്തി. ഉച്ചയോടുകൂടി തൈക്കാട്ടുശേരിയിൽ പോയി. ഇടവകയിൽനിന്നുള്ള കുറെപ്പേരും പോയി. വിഘടിച്ചുനിന്നവർ വേറെ വാഹനത്തിൽ അവിടെ എത്തി. സന്തോഷം തന്ന അനുഭവമല്ലായിരുന്നു. പിറ്റേ ഞായറാഴ്ച ഞാൻ പള്ളിയിൽ ദുഃഖത്തോടെ പറഞ്ഞു, "നിങ്ങൾക്ക് മേൽവിലാസം ഉണ്ടാക്കിത്തന്ന വന്ദ്യപുരോഹിതന്റെ മൃതശരീരം അദ്ദേഹം പണിയിച്ച പള്ളിയിൽ കിടക്കുമ്പോൾ കാട്ടിക്കൂട്ടിയ പെരുമാറ്റം അദ്ദേഹത്തിന്റെ ആത്മാവുപോലും സഹിക്കുകയില്ല" എന്ന്. പള്ളിയിൽ ഒത്തിരി നല്ലവർ ഉണ്ടായിരുന്നു. എന്നാൽ മദ്യപിക്കുന്ന ചിലരുണ്ടായിരുന്നു. അവർക്ക് വിവേകം നഷ്ടപ്പെട്ടാൽ എന്തും പറയുന്ന രീതിയാണ് ചിലർ. മദ്യപന്മാരെ മുമ്പിൽ നിർത്തിയിട്ടു ചില മുതലെടുപ്പു നടത്തുവാൻ ശ്രമിച്ചിട്ടുണ്ട്.

അങ്ങാടിക്കൽ ഇടവക എനിക്ക് ഇഷ്ടമുള്ള ചെറിയ ഇടവകയായിരുന്നു. 1966-ൽ ഞാൻ ചുമതല വഹിക്കുമ്പോൾ എല്ലാവരും വളരെ പാവപ്പെട്ടവരായിരുന്നു. ദൈവാലയത്തിൽ എത്തുവാൻ പ്രായമായവർക്ക് പ്രയാസമായിരുന്നു. കുന്നിൻമുകളിലെത്തുമ്പോഴേക്കും ഞാനും ക്ഷീണിച്ച് ശ്വാസംകിട്ടാതാകുമായിരുന്നു. പള്ളി എന്നു പറയുവാൻ പറ്റത്തില്ല. ഒരു മുറിയുള്ള ചെറിയ കെട്ടിടം. അംഗങ്ങൾക്ക് കഷ്ടിച്ച് നിൽക്കാനുള്ള സ്ഥലമുണ്ട്. പ്രായമായവർക്കും കയറിച്ചെല്ലാൻ സാധിക്കുന്ന സ്ഥലത്ത് ഒരു പള്ളി പണിതിരുന്നെങ്കിൽ എന്ന് 1966-ൽത്തന്നെ ഞാൻ ആഗ്രഹിച്ചതാണ്. 1981-ൽ വീണ്ടും ചുമതല ഏൽക്കുമ്പോഴും പഴയ അവസ്ഥതന്നെ. ഈ സാഹചര്യം ഞാൻ ഗ്രിഗോറിയോസ് പിതാവിനോടു പറഞ്ഞു. സൗകര്യമായ ഒരു സ്ഥലം അച്ചൻ വാങ്ങിക്കുക എന്ന് പിതാവ് പറഞ്ഞു. റോഡരികിൽ പള്ളിയിലെ ഒരംഗം വാങ്ങിയ സ്ഥലം തരാമെന്നു പറഞ്ഞു.

www.malankaralibrary.com


(കുഞ്ഞുമോൻ വളവിലേത്ത്) ഗൾഫിൽ ആയിരുന്ന കുറെ സാമ്പത്തിക മുള്ള വ്യക്തിയായിരുന്നു. 10 സെന്റ് ഭൂമി അദ്ദേഹം തന്നു. പള്ളി പണിയാൻ ഈ സ്ഥലം പോരാ. അതോടു ചേർന്ന് പത്തു സെന്റ് ഭൂമികൂടി തരാമെന്ന് ഒരാൾ പറഞ്ഞു. ഈ സാഹചര്യം ഉടനെ പ്രയോജന പ്പെടുത്തിയില്ലെങ്കിൽ, പിന്നീട് ആ സ്ഥലം കിട്ടാതെവരും. കുറെ രൂപാ കടമെടുത്ത് ഈ പത്തു സെന്റ് കൂടി വാങ്ങി. പണത്തിനു പിതാവിനെ സമീപിച്ചപ്പോൾ അരമനയ്ക്ക് പണമില്ല, വസ്തു വാങ്ങിയവർ പണം കൊടുക്കുവാൻ പറഞ്ഞു. ഞാൻ നിരാശനായി അരമനയിൽനിന്നു പോന്നു. കൊടുക്കുവാൻ എന്റെ പക്കൽ പണമില്ല. വാങ്ങിയ സ്ഥലം തിരിച്ചുവിൽക്കുവാൻ പോകുകയാണെന്ന് ഞാൻ പിതാവിനെ അറിയിച്ചു. പിതാവിന്റെ മനസ്സ് അലിഞ്ഞു. അരമനയിൽ പണത്തിനു ആ കാലം നല്ല പ്രയാസം ഉണ്ടായിരുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ചെറിയ ചാപ്പൽ നിൽക്കുന്നിടം സെമിത്തേരിക്ക് കുറെ സ്ഥലം മാറ്റിയിട്ടിട്ട്, ബാക്കി സ്ഥലം വിറ്റ് ആ പണം പള്ളിപണിക്കും വസ്തുവിനും ഉപയോഗി ക്കാൻ പിതാവു പറഞ്ഞു. പെരുമല തോമസ് അച്ചന്റെ അനുജൻ ശ്രീ. ജോർജ്ജ് ഈ സ്ഥലം വാങ്ങി. ആളുകളുടെ സഹകരണത്തോടും അരമന യിലെ സഹായത്തോടുംകൂടി ഒരു ചെറിയ പള്ളിപണി പുതിയ സ്ഥല ത്തും തുടങ്ങി. പള്ളിപണി ഭിത്തിനിരപ്പുവരെ എത്തി. തികച്ചും പ്രതീക്ഷി ക്കാതെ, അടൂർ മുൻസിഫ് കോടതിയിൽ നിന്ന് ഒരു സ്റ്റേ ഓർഡർ കിട്ടി, പണികൾ നിറുത്തി വയ്ക്കുവാൻ. പള്ളിക്കായി വാങ്ങിയ പത്തുസെന്റ് ഭൂമി തന്ന ആളിന്റെ അനുജനുകൂടി അവകാശപ്പെട്ടതാണ് എന്നുള്ളതാണ് കേസ്.

അഡ്വക്കേറ്റ് പച്ചയിലിനെ ഞാൻ പോയി കണ്ടു. കൗണ്ടർ പെറ്റീഷൻ നൽകി സ്റ്റേ വിധി മാറ്റിയെടുത്തു. ഉടനെതന്നെ പള്ളി പണിതീർത്തു ഓടിടണം. അല്ലെങ്കിൽ വീണ്ടും സ്റ്റേ ഓർഡർ വന്നാൽ, പണി തുടരാൻ സാധിക്കാതെ ചെയ്ത പണിപോലും നഷ്ടപ്പെട്ടുപോകാൻ സാധ്യതയു ണ്ടെന്നു വക്കീൽ പറഞ്ഞു. പണി പെട്ടെന്നു തുടരാൻ പണമില്ല. കുറെ വാഗ്ദാനങ്ങളുണ്ട്. പണി തുടരാൻ ഞാൻ വളരെ ബുദ്ധിമുട്ടി. എന്റെ കൈവശമുണ്ടായിരുന്ന കുറച്ചുരൂപകൂടി എടുത്തു ചെലവാക്കി. മെറ്റിൽ എല്ലാം ഇളകിക്കിടന്ന റോഡിൽകൂടി ദിവസം പലപ്രാവശ്യം അങ്ങാടി ക്കൽ പള്ളി പണിയുന്ന സ്ഥലത്തു പോകേണ്ടിവന്നു. നേരത്തെതന്നെ നടുവിനു വേദന ഉണ്ടായിരുന്ന എനിക്ക് ഇത് കൂടുതൽ പ്രശ്നമുണ്ടാക്കി. ഒരു ദിവസം രാത്രിയിൽ എഴുന്നേൽക്കുവാൻ സാധിച്ചില്ല. നിരങ്ങി

www.malankaralibrary.com


നിരങ്ങി ഒരുവിധത്തിൽ അടുത്ത മുറിയിൽ കിടന്ന ബോയിയെ വിളിച്ചു. രാവിലെ അടുത്തുള്ള ആശുപത്രിയിൽ പോയി ഒരു ഇൻജക്ഷൻ എടുത്തപ്പോൾ കുറെ ആശ്വാസമായി. വേദന സഹിച്ച് പള്ളിപണിയുടെ കാര്യത്തിനായി സ്കൂട്ടറിൽ യാത്ര തുടർന്നു.

പണിസ്ഥലത്തു നിൽക്കുമ്പോൾ ഒരു പോലീസുകാരൻ ഒരു കത്തുമായി വന്നു. ഒരു കേസിൽ എന്നെ സാക്ഷിയായി വച്ചിട്ടുണ്ടെന്നും അതിന്റെ പിറ്റേദിവസം കൊല്ലത്ത് കോടതിയിൽ ചെല്ലണമെന്നുള്ള സമൻസാണ്. അതേ ദിവസം എനിക്ക് ഇടവകയിൽ ഒരു വിവാഹം ആശീർവദിക്കാനുണ്ട്. അങ്ങനെയുള്ള കാരണം ജഡ്ജി അംഗീകരിക്കുകയില്ല. ചെന്നില്ലെങ്കിൽ അറസ്റ്റു വാറണ്ടാണെന്നു പറഞ്ഞു. എന്തു ചെയ്യാം! ബുദ്ധിമുട്ടി പെട്ടെന്നു വേറെ ഒരു വൈദികനെ വിവാഹം ആശീർവദിക്കുവാൻ ക്രമപ്പെടുത്തി കൊല്ലത്തിനു രാവിലെ പുറപ്പെട്ടു. കുണ്ടറ ചെന്നപ്പോൾ ഏതോ സമരം. ബസ്സ് വിടുകയില്ല. അവിടെനിന്നും ഒരു ടാക്സി പിടിച്ചു കൊല്ലത്തു കോടതിയിലെത്തി. ഏനാത്തു ചുമതല വഹിക്കുമ്പോൾ മഞ്ചാടിമുക്ക് ഇടവകയിൽ ഒരാൾ കള്ളനോട്ടടിക്കുന്നതിനു കൂട്ടുനിന്നതായി സൂചിപ്പിച്ചിരുന്നല്ലോ. അതിന് എന്നെ ഒരു സാക്ഷിയാക്കിയിരിക്കുകയാണ്. ഞാൻ ഈ വിവരം സമൻസ് കിട്ടുമ്പോഴാണ് അറിയുന്നത്. കോടതിവരാന്തയിൽ ചെന്നപ്പോൾ പ്രതി എന്നോടൊരു ചോദ്യം, 'അച്ചൻ എനിക്കെതിരായി സാക്ഷി പറയാനാണോ വന്നിരിക്കുന്നത്.' കേസു വിളിച്ചു ഞാൻ സാക്ഷിയായി കയറിച്ചെന്നു. ജഡ്ജി എന്നെ അടിമുടി ഒന്നു നോക്കിയിട്ടു പറഞ്ഞു, 'Father, you may go.' "തമ്പുരാനേ, ഇതെന്തു കളി!" എന്നെ കണ്ടപ്പോൾ എന്നോട് ചോദ്യം ചോദിക്കുന്നതു കഷ്ടമാണെന്നു ജഡ്ജിക്ക് തോന്നിക്കാണും. അല്ലാതെ വേറെ എന്തു വിശദീകരണം നൽകാനാണ്? തമ്പുരാൻ കർത്താവാണല്ലോ എന്നെ നയിച്ചത്.

രണ്ടാമത് ഒരുതവണകൂടി കോടതി കയറിയ വിവരം എഴുതുകയാണ്. അങ്ങാടിക്കൽ പള്ളിയുടെ ചുമതല 1966-ൽ വഹിക്കുമ്പോൾ 2 വയസ്സുള്ള ഒരു പെൺകുഞ്ഞ്, രണ്ടാംതവണ ഞാൻ പള്ളിയുടെ വികാരി ആയപ്പോൾ ആ കുഞ്ഞ് യുവതിയായി കഴിഞ്ഞിരുന്നു. ആ മകളെ വിവാഹം ചെയ്ത് അയച്ചു . ഞാനാണ് പ്രസ്തുത വിവാഹത്തിനു കുറി കൊടുത്തത്. രണ്ടുമൂന്നു വർഷം കഴിഞ്ഞ് ഞാൻ ഇലന്തൂർ പള്ളിയിൽ വികാരി സ്ഥാനം വഹിക്കുമ്പോൾ ഈ യുവതി ഞാൻ താമസിക്കുന്നിടത്തു കയറിവന്നു. ഇരിക്കുവാൻ പറഞ്ഞു. എന്റെ മുമ്പിൽ

www.malankaralibrary.com


ഇരുന്ന് ഏങ്ങൽ അടിച്ച് വളരെനേരം കരഞ്ഞു. അവളെ കരയാൻ അനുവദിച്ചു. ഞാൻ നിശ്ശബ്ദനായിരുന്നു. കരച്ചിൽ ഏകദേശം കുറഞ്ഞപ്പോൾ ഞാൻ ചോദിച്ചു, "മകളെ, എന്താണ് പ്രശ്നം." "അച്ചാ, ഭർത്താവ് എന്നും എന്നെ വല്ലാതെ ഉപദ്രവിക്കുകയാണ്. രാത്രിയിൽ കിടക്കുമ്പോഴും എന്റെ വയറിനു ചവിട്ടിയിട്ട് വയറ്റിൽ കിടക്കുന്ന കുഞ്ഞിനെ കലക്കിക്കളയും എന്നെല്ലാം പറയുന്നു. ഇനിയും വീട്ടിൽ പോയി കുറെ പണം വാങ്ങിക്കൊണ്ടുവരാൻ പറയുന്നു. തരക്കേടില്ലാത്ത തുക സ്ത്രീധനമായി ആങ്ങളമാർ നൽകിയതാണ്. ഞാൻ എന്തു ചെയ്യണം. എനിക്ക് ഇനി കുടുംബജീവിതം വേണ്ട." ഞാൻ കുറെ സാന്ത്വനവചനങ്ങൾ പറഞ്ഞു. മകളുടെ സഹോദരങ്ങളോടു പ്രശ്നം പറയുവാൻ പറഞ്ഞു. സഹോദരങ്ങൾ വഴി ഈ മകൾ സ്ത്രീപീഡനത്തിനു കേസ്സു കൊടുത്തു. ഒരു ഡി.വൈ.എസ്.പി. എന്നെ വന്നു കണ്ടു. ഈ പ്രശ്നത്തിൽ എനിക്ക് എന്തറിയാം എന്നാരാഞ്ഞു. പെൺകുട്ടിയെ ശിശുപ്രായം മുതലറിയാം. ഭർത്താവ് അവളെ വളരെയധികം ദേഹോപദ്രവം ഏൽപ്പിച്ചെന്ന് എന്നോടു വന്നുപറഞ്ഞു എന്നുള്ള വിവരം ഞാൻ ഇൻസ്പെക്ടറെ ധരിപ്പിച്ചു. ഈ കേസിനും എന്നെ സാക്ഷിയാക്കി. ഇതും എനിക്ക് സമൻസ് വരുമ്പോഴാണ് അറിയുന്നത്. അടൂർ കോടതിയിലാണ് കേസ് വിസ്തരിക്കേണ്ടത്. കേസിന്റെ തീയതി പറയുന്ന ഓരോ ദിവസവും ഞാൻ അടൂരിൽ ചെല്ലണം. കേസ് ഏതു സമയത്താണ് വിളിക്കുന്നതെന്ന് അറിയില്ല. കോടതിയുടെ വെളിയിൽ കാത്തു നിൽപ്പാണ്. മൂത്രശങ്ക വന്നാൽ പോലും പുറത്തേക്ക് പോകാൻ പറ്റാത്ത സ്ഥിതിവിശേഷം. ഇങ്ങനെ പല ദിവസങ്ങളിൽ പോയി കേസ് വേറൊരു തീയതിക്ക് മാറ്റിവച്ചിരിക്കുന്നു എന്നറിഞ്ഞു തിരിച്ചുപോരും. യുവതികൾ ഭർത്താവ് ഉപദ്രവിച്ചാലും ഭർത്താവിനെ വേണ്ട എന്നു പറഞ്ഞാലും, ഉള്ളിന്റെ ഉള്ളറയിൽ ഭർത്താവിനോടു ചേരാനുള്ള ആഗ്രഹം നിലനിൽക്കും. സ്ത്രീയുടെ പൂർണ്ണത കൈവരുന്നത് പുരുഷനോടുകൂടി ചേരുമ്പോഴാണ്. അതിനാണല്ലോ ദൈവം കുടുംബത്തെ സൃഷ്ടിച്ച് അനുഗ്രഹിച്ചത്. ഭർത്താവിന് എതിരായി കേസ് കൊടുത്ത യുവതി വീണ്ടും ഭർത്താവിനോടുകൂടി പോകാമെന്നായി. ഭർത്താവും ഇനിയും തെറ്റ് ആവർത്തിക്കുകയില്ല എന്നു പറഞ്ഞു. അങ്ങിനെ ഈ കേസ് ഒത്തുതീർപ്പിലാകാൻ വാദിയും പ്രതിയുമായി ധാരണയിലായി. "ഇന്നു കേസു തീരും. ഇന്നുകൂടി അച്ചൻ വന്നാൽ മതി," എന്ന് വാദിഭാഗത്തെ ആളുകൾ എന്നോടു പറഞ്ഞു. ഞാൻ അടൂരിലെത്തി. വാദിയുടെ വക്കീൽ എന്നെ വിളിപ്പിച്ചു.

www.malankaralibrary.com


അച്ചൻ സാക്ഷിവിസ്താരത്തിൽ എല്ലാം ഉള്ളതുപോലെ പറയരുത്. അച്ചൻ അങ്ങനെ പറഞ്ഞാൽ പ്രതിയെ ശിക്ഷിക്കും. ഇതു സ്ത്രീപീഡന ത്തിനുള്ള കേസാണെന്നു പറഞ്ഞു. ഞാൻ കള്ളം ഒന്നും പറയത്തില്ല. കള്ളം പറയാൻ എനിക്ക് സാധിക്കുകയില്ലാ എന്നു പറഞ്ഞു. കേസ് വിളിച്ചു. ഞാൻ സാക്ഷിക്കൂട്ടിൽ കയറി നിന്നു. പ്രതിഭാഗം വക്കീൽ എന്നോടു ചോദിച്ചു. "ഈ നിൽക്കുന്ന പ്രതി വാദിയെ ദേഹോപദ്രവം ചെയ്യുന്നതു സാക്ഷി കണ്ടോ." ദേഹോപദ്രവം ചെയ്തതായി വാദി എന്നോടു പറഞ്ഞു എന്നുപറയാൻ തുടങ്ങിയപ്പോൾ തടഞ്ഞു പറഞ്ഞു, "സാക്ഷി ഈ സംഭവം കണ്ടോ, എന്നാണ് ചോദ്യം." "സംഭവം ഞാൻ നേരിൽ കണ്ടില്ല." ഉടനെ വക്കീൽ പറഞ്ഞു, "ഈ സംഭവം സാക്ഷി കണ്ടില്ല എന്നു രേഖപ്പെടുത്തുക." ഒപ്പിട്ടിട്ട് എനിക്ക് പോകാം എന്നു പറഞ്ഞു. കോടതികളിൽ വക്കീലന്മാർ രണ്ടു ഭാഗത്തുനിന്നുള്ളവരും പണം പറ്റിയിട്ട് ഒരു ഒളിച്ചുകളിയാണല്ലോ നടത്തുന്നത്. എത്രയോ കുറ്റങ്ങളെ കുറ്റങ്ങളല്ലാതാക്കി തീർക്കുന്ന കോടതികളിൽ, കുറ്റക്കാർ ശിക്ഷിക്കാതെ പോകുന്നു. നിരപരാധികൾ കള്ളസാക്ഷികൾ വഴി ശിക്ഷി ക്കപ്പെടുന്ന സാഹചര്യവും ഉണ്ടാകുന്നു. ഇങ്ങനെ കേസുകൾക്ക് കോടതി കയറേണ്ടിവന്നു. ഇന്ന് കേസുകൾ അധികരിച്ചുവരുന്നു.

മലങ്കരസഭയിൽ, വിവാഹത്തിനു ദൈവാലയത്തിൽ പോകുന്ന തിനുമുമ്പ്, വികാരിയച്ചൻ വിവാഹവീട്ടിൽ പോയി വരനെ അഥവാ വധുവിനെ പ്രാർത്ഥിച്ച് ഇറക്കിവിടണം എന്നൊരു പതിവുണ്ട്. വികാരി അന്നു പ്രാർത്ഥിക്കാൻ പോയില്ലെങ്കിൽ വലിയ പരാതിയും പ്രശ്നവും ഉണ്ടാകുന്ന കാര്യമാണ്. ഒരു ഇടവകയിൽ രണ്ടു പെൺകുട്ടികളുടെ വിവാഹം ഒരേ ദിവസമായിരുന്നു. രണ്ടുപേർക്കും വിവാഹത്തിനായി വരന്റെ ഇടവകയിൽ പോകണം. പ്രാർത്ഥിച്ചുവിടാൻ അച്ചൻ വരണം എന്ന് രണ്ട് വീട്ടുകാരും എന്നോടു പറഞ്ഞു. ആദ്യം ഒരു പെൺകുട്ടി യുടെ വീട്ടിൽ പ്രാർത്ഥിക്കുവാൻ പോയി. അവിടുത്തെ പ്രാർത്ഥനകഴി ഞ്ഞ്, സാധാരണയിൽ കവിഞ്ഞ സ്പീഡിൽ മറ്റേ വീടിനെ ലക്ഷ്യ മാക്കി വന്നു. വിവാഹവീട്ടിൽ വന്നപ്പോൾ അവിടെ വിരുന്നുകാർ ആരും ഇല്ല. രാഹുകാലം ആകാറായതുകൊണ്ട്, എല്ലാവരും പോയി എന്ന് ഒരാൾ പറഞ്ഞു. ഇതുപോലെ ഒത്തിരി അന്ധവിശ്വാസങ്ങൾ ക്രിസ്ത്യാ നികളുടെ ഇടയിലുണ്ട്. നാം വിളിച്ചപേക്ഷിക്കുന്ന ദൈവത്തെക്കാൾ ശക്തനാണോ ആളുകൾ പറയുന്ന ഈ രാഹു. "ബലഹീനങ്ങളും വ്യർത്ഥങ്ങളുമായ പ്രപഞ്ചശക്തികളുടെ അടുത്തേക്ക് വീണ്ടും തിരി

www.malankaralibrary.com


ച്ചുപോകാൻ നിങ്ങൾക്ക് എങ്ങനെ സാധിക്കും? എന്ത്! ഒരിക്കൽകൂടി അവയുടെ സേവകരാകാൻ നിങ്ങൾ ഇച്ഛിക്കുന്നുവോ? നിങ്ങൾ ദിവസങ്ങളും മാസങ്ങളും ഋതുക്കളും വർഷങ്ങളും ആചരിക്കുന്നുപോലും!" (ഗലാ. 4/9-10) ചടങ്ങുകൾ മുറപോലെ നടക്കണം എന്നതിൽ കവിഞ്ഞ്, പ്രാർത്ഥനയിൽ, ദൈവശക്തിയാൽ വലിയ വിശ്വാസം പലർക്കും ഇല്ല എന്നത് എന്റെ വൈദിക ജീവിതത്തിലെ അനുഭവമാണ്.

ഒരു മനസമ്മതത്തിന്റെ രസകരമായ അനുഭവവും ഉണ്ടായിട്ടുണ്ട്. എന്റെ ചുമതലയുള്ള ഒരു ഇടവകയിൽ വിവാഹസമ്മതം നടക്കുകയാണ്. ഞാൻ താമസിക്കുന്ന പള്ളിയിൽനിന്ന് ഈ ഇടവകയിൽ എത്തിച്ചേർന്നു. പള്ളിയിൽ വരന്റെയും വധുവിന്റെയും ആൾക്കാർ വന്നിട്ടുണ്ട്. ഞാൻ കാപ്പ ധരിച്ച് മനസ്സമ്മതം രേഖപ്പെടുത്തുവാൻ പ്രാർത്ഥനയോടെ അടുത്തു വന്നുനിന്നു. ഞാൻ വരനോടു ചോദിച്ചു, 'കർത്താവിൽ നമ്മുടെ മകനായ (പേര്) നിന്റെ വലതുവശത്തു നിൽക്കുന്ന (പേര്) വിവാഹം ചെയ്യുവാനുള്ള വാഗ്ദാനം നൽകുവാൻ സമ്മതമാണോ? യുവാവ് ചുണ്ടുകൾ കോട്ടിക്കൊണ്ട് അല്ല' എന്നു പറഞ്ഞു. ഒരുപക്ഷേ ഞാൻ പറഞ്ഞതു ശരിക്ക് കേട്ടുകാണുകയില്ലെന്നു വിചാരിച്ച് ശബ്ദം ഉയർത്തി ഒരു പ്രാവശ്യംകൂടി ചോദിച്ചു. 'സമ്മതമല്ല' എന്നു വരൻ പറഞ്ഞു. പള്ളിയിൽ കനത്ത നിശബ്ദത. ഞാൻ തിരിച്ച് സങ്കീർത്തിയിൽ ചെന്ന് കാപ്പ ഊരിയിട്ടു. വരൻ പാലാഭാഗത്തുനിന്ന് വന്നതാണ്. യുവതി ഓർത്തഡോക്സ് സഭയിൽനിന്ന് ഈ വിവാഹത്തിനായി കത്തോലിക്കാസഭയിൽ സഭാംഗമായതുമാണ്. പെൺകുട്ടി വിദേശത്ത് നേഴ്സാണ്.

പള്ളിമുറ്റത്ത് വലിയ ഒച്ചപ്പാടും ഉന്തും തള്ളും ഉണ്ടായി. വിവാഹദല്ലാളിനെ പിടിച്ചുതള്ളുന്നു. പള്ളിമുറ്റത്ത് ഇറങ്ങിച്ചെന്ന് എന്താണ് പ്രശ്നകാരണമെന്ന് തിരക്കി. വരൻ പെൺകുട്ടിയെ കാണാൻ വീട്ടിൽ ചെന്നപ്പോൾ അവളുടെ മുഖത്ത് കണ്ണാടിയില്ലായിരുന്നു. പള്ളിയിൽ മനസ്സമ്മതത്തിനു വന്ന സമയം അവൾ കണ്ണാടി വച്ചിരുന്നു. വരന്റെ ചേച്ചി ഇതുകണ്ട്, ആങ്ങളയുടെ ചെവിയിൽ പോയി മന്ത്രിച്ചു. ഇവൾ 'പൊട്ടക്കണ്ണിയാണ്. വിവാഹത്തിനു സമ്മതം നൽകരുത്' എന്ന്, ഇതായിരുന്നു പ്രശ്നകാരണം.

പെൺകുട്ടി വെളിയിൽ ഒരു ഭിത്തിയിൽ ചാരിനിന്നുകൊണ്ട് "ഇയാളെ ഇനി എന്റെ തലയിൽ കെട്ടിവച്ചാലും വേണ്ടാ" എന്ന് ഉറക്കെ പറഞ്ഞു കരയുന്നു. ഞാൻ വരനോടും കൂട്ടരോടും പറഞ്ഞു "കണ്ണാടിവയ്ക്കുന്നവരെല്ലാം പൊട്ടക്കണ്ണനും പൊട്ടക്കണ്ണിയുമല്ല. ചെറിയ കാരണ

www.malankaralibrary.com


ങ്ങൾമൂലം കണ്ണാടി ധാരാളം ആളുകൾ വയ്ക്കാറുണ്ട്. ചിലപ്പോൾ തലവേദന, ചെറിയ കാഴ്ചത്തകരാറ് (ഹ്രസ്വദൃഷ്ടി) മുതലായവ കാരണങ്ങൾ ആണ്. കൂടുതൽ പഠിക്കുകയും വായിക്കുകയും ചെയ്യുന്ന വർക്ക് കണ്ണിന് കണ്ണാടിയുടെ ആവശ്യം ഉണ്ടാകാം. ഞാൻ വർഷങ്ങളായി കണ്ണാടി ഉപയോഗിക്കുന്നു. തലവേദന കാരണമാണ് ഞാൻ കണ്ണാടി ഉപയോഗിക്കാൻ തുടങ്ങിയത്. അങ്ങിനെ തലവേദന മാറി." ഇതെല്ലാം പറഞ്ഞിട്ടും അവർക്ക് കാര്യം മനസ്സിലായില്ല. ഞാൻ സ്കൂട്ടറിൽ എന്റെ താമസസ്ഥലത്തേക്ക് പോയി. ഒരു പെങ്ങൾ തന്റെ കുഞ്ഞാങ്ങളയ്ക്കു ചെയ്തുകൊടുത്ത സഹായവും സമ്മാനവും! തനി വിവരക്കേടെന്ന ല്ലാതെ എന്തു പറയണം?

'കനകംമൂലം കാമിനിമൂലം കലഹം പലവിധ

മുലകിൽ സുലഭം' എന്ന് കുഞ്ചൻനമ്പ്യാർ പറഞ്ഞുവെച്ചു. ഒരേ പായിൽ കിടന്നുറങ്ങിയ, ഒരേ പാത്രത്തിൽ നിന്നു ഭക്ഷിച്ചു വളർന്ന എത്രയോ സഹോദരങ്ങൾ സ്വല്പം സ്വത്തിന്റെ പേരിൽ പിന്നീട് ശത്രു ക്കളായി മാറുന്നു. ചെറിയ ഒരു തുണ്ടുഭൂമിയോ, ചെറിയ ഒരു വസ്തുവോ ഒരു സഹോദരനു കൂടുതൽ കിട്ടിയതിന്റെ പേരിൽ കലഹമായി. നീരസം, അസൂയ ഇതിന്റെയെല്ലാം കേളീരംഗമായി തീർന്നിട്ടുള്ള പല ക്രിസ്തീയ കുടുംബങ്ങളെ കാണാൻ ഇടവന്നിട്ടുണ്ട്. അബ്രാഹമിന്റെയും ലോത്തിന്റെയും ഇടയന്മാർ തമ്മിൽ കലഹമുണ്ടായപ്പോൾ അബ്രാഹം പറഞ്ഞു. നമ്മൾ സഹോദരങ്ങളാണ്. നമ്മൾ തമ്മിലോ ഇടയന്മാർ തമ്മിലോ കലഹം പാടില്ല. ഇടത്തു ഭാഗമാണ് നിനക്ക് വേണ്ടതെങ്കിൽ ഞാൻ വലത്തുഭാഗത്തേക്ക് പോകാം. നിനക്ക് വലത്തുഭാഗമാണ് വേണ്ടതെങ്കിൽ ഞാൻ ഇടത്തുഭാഗത്തേക്ക് പോകാം. ഫലഭൂയിഷ്ടമായ ജോർദ്ദാൻ തീരം ലോത്ത് തിരഞ്ഞെടുത്തു കിഴക്കോട്ട് പോയി (ഉൽപത്തി 13). തുടർന്നുള്ള വിവരങ്ങൾ നമുക്ക് അറിയാമല്ലൊ. പാപികളായ ദുഷ്ട ന്മാരുടെ ഇടയിൽ ലോത്ത് ചെന്നകപ്പെട്ടു. ആ ദേശം തിന്മമൂലം നശിപ്പിക്ക പ്പെട്ടു. സോദോം ഗോമോറാ ചരിത്രത്തിന്റെ ഏടുകളിൽ മാത്രമായി ലോത്തിന്റെ തലമുറ ശപിക്കപ്പെട്ടതായി. അബ്രാഹമും തലമുറയും ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടു. നമ്മുടെ കുടുംബാംഗങ്ങൾ അബ്രാഹ മിന്റെ മനോഭാവം സ്വായത്തമാക്കിയിരുന്നെങ്കിൽ നമ്മുടെ കുടുംബങ്ങൾ എത്ര അനുഗ്രഹപ്രദമാകുമായിരുന്നു.

ഈ കാലയളവിൽത്തന്നെ അങ്ങാടിക്കൽ പള്ളിയിലെ 17 വയ സ്സുള്ള ചെറുപ്പക്കാരനെ ഒരാൾ വെട്ടിക്കൊന്ന സംഭവം വേദന ഉളവാക്കി.

www.malankaralibrary.com


വ്യത്യസ്തമായ രാഷ്ട്രീയപാർട്ടിയിൽ നിന്നതിന്റെ പേരിലുള്ള പ്രശ്ന മാണ്. 1985 ഏപ്രിൽ മാസത്തിൽ ഗ്രിഗോറിയോസ് പിതാവ് അങ്ങാടിക്കൽ പള്ളി ആശീർവദിച്ചു. പള്ളിക്കേസ് തുടർന്നു നടന്നു. പള്ളിക്കൂദാശയുടെ പിറ്റേദിവസം അമ്പൂരിപ്പള്ളിയിൽ ഒരു സുവിശേഷപ്രസംഗത്തിനു പോകണമായിരുന്നു. ക്ഷീണം ഉണ്ടായിരുന്നു എങ്കിലും ബസ്സിൽ അമ്പൂരിയിൽ എത്തി. മേയ് മാസത്തിൽ നടക്കുവാനുള്ള വി. ഗീവർഗീസ് സഹദായുടെ തിരുന്നാൾ നോട്ടീസ് ചന്ദനപ്പള്ളിക്കുവേണ്ടി അച്ചടിക്കു വാൻ മാറ്റർ കൊടുത്തിട്ടാണ് പോകുന്നത്. അമ്പൂരിപ്പള്ളിയിൽ ഒരു മണിക്കൂറോളം പ്രസംഗിച്ചു. പ്രസംഗം കഴിഞ്ഞ്, വേദിയിൽനിന്ന് കാലുകു ത്തി നടന്നുനീങ്ങുവാൻ സാധിക്കാതെയായി. ഒരുവിധത്തിൽ ആളുകൾ എന്നെ പിടിച്ച് എന്റെ സ്നേഹിതൻ വാളകംകാരൻ അമ്പൂരിയിൽ താമസിക്കുന്ന എം.പി. തോമസിന്റെ വീട്ടിൽ എത്തിച്ചു. തോമസിന്റെ സഹോദരി മേരിക്കുട്ടിക്ക് (സിസ്റ്റർ സെഗ്ദാസ്) മഠത്തിൽ ചേരാനുള്ള പ്രചോദനം എന്നിൽ നിന്നാണെന്ന് അഭിമാനത്തോടെ ഓർക്കുന്നു. സേവനത്തിലും ജീവിതത്തിലും വിശുദ്ധി കാത്തുസൂക്ഷിച്ചിരുന്ന സിസ്റ്റർ രോഗാധീനയായി മരിച്ചു. അന്ന് അമ്പൂരിയിൽ വൈദികൻ താമസമില്ല. കിടക്കുവാനോ തിരിഞ്ഞുകിടക്കുവാനോ, ദീർഘശ്വാസം പോലും എടുക്കുവാൻ വയ്യാത്ത അതിവേദനയിൽ രാത്രി കഴിച്ചുകൂട്ടി. രാവിലെ തിരുവനന്തപുരത്തു വന്ന് ഡോ. ചെറിയാൻ തോമസ്സിനെ കണ്ടു. ഡിസ്ക് സ്ലിപ്പാണ്, പൂർണ്ണവിശ്രമം വേണം, ബെഡ് റെസ്റ്റ് എടുക്കുക. തിരുന്നാൾ കാര്യങ്ങൾ ക്രമപ്പെടുത്തുവാൻ ചന്ദനപ്പള്ളിയിൽ പോകണമെന്നു പറഞ്ഞു. അച്ചൻ ഇനിയും നടക്കണമെങ്കിൽ പൂർണ്ണ ബെഡ് റെസ്റ്റ് എടുക്കണം. തിരുന്നാൾ ആരെങ്കിലും നടത്തട്ടെ," എന്നു ഡോക്ടർ പറഞ്ഞു. ഡോക്ടറിന്റെ മരുന്ന് കഴിച്ച്, പൂർണ്ണവിശ്രമമായി മൂന്നു മാസം തിരുവനന്തപുരത്തു Good Samaritan ഹൗസിൽ താമസിച്ചു. ബഹുമാന പ്പെട്ട പി.റ്റി. ജോർജ് അച്ചനായിരുന്നു ആ സ്ഥാപനത്തിന്റെ അന്നത്തെ ചുമതല, അവിടെ മൈലാടി അച്ചൻ വിശ്രമജീവിതം നയിക്കുന്നു. സക്കറിയാസ് കിളിലേത്ത് അച്ചൻ കാൻസർ രോഗിയായി അവിടെ വിശ്രമിക്കുന്നു. ഒത്തിരി പ്രത്യാശയോടെ കിളിലേത്ത് അച്ചൻ താമസി ക്കുന്നതു കണ്ടു. ഞങ്ങൾ വളരെനേരം സൗഹൃദസംഭാഷണത്തിൽ ഏർപ്പെട്ടിട്ടുണ്ട്. നാലഞ്ചുമാസം കഴിഞ്ഞ് 1985-ൽ കിളിലേത്ത് അച്ചൻ മരിച്ചു എന്ന ദുഃഖവാർത്തയാണ് കേട്ടത്. ഞാൻ ഗുഡ് സമരിറ്റൻ ഹോമിൽ വിശ്രമിക്കുന്ന സമയം, ബഹുമാനപ്പെട്ട ജോസ് മാത്യൂസ് അച്ചൻ ഹാർട്ട്

www.malankaralibrary.com


ഓപ്പറേഷൻ കഴിഞ്ഞ് മരിച്ചു. മൃതശരീരം ഗുഡ് സമരിറ്റൻ ഹോമിൽ നിന്നാണ് കൊണ്ടുപോയത്. തുടർന്നും ഇടവകയിൽ പോയി ശുശ്രൂഷ ചെയ്യാനുള്ള ആരോഗ്യം ഇല്ലായിരുന്നു. കൂടുതൽ സമയം നിൽക്കുവാൻ പ്രയാസമായിരുന്നു. ഇക്കാരണത്താൽ പിന്നീട് എനിക്ക് കരിസ്മാറ്റിക് ധ്യാനങ്ങളിൽ പോകാനോ പ്രസംഗങ്ങൾക്കു പോകാനോ സാധിക്കാതെയായി. പള്ളികളിൽപോലും കുറെ സമയം ഇരുന്നാണ് പ്രസംഗിച്ചിട്ടുള്ളത്. ഗ്രിഗോറിയോസ് പിതാവ് വിശ്രമാർത്ഥം എന്നെ പത്തനംതിട്ടയിൽ വിൻസൻഷ്യൻ സിസ്റ്റേഴ്സിന്റെ സ്നേഹഭവനത്തിൽ അയച്ചു.

**മാർ ഗ്രിഗോറിയോസ് പിതാവും ഞാനും**: പുനരൈക്യപ്രസ്ഥാനത്തിന്റെ ശില്പിയായ മാർ ഈവാനിയോസ് തിരുമേനി അടിസ്ഥാനമിട്ട് ഉറപ്പിച്ച മലങ്കര കത്തോലിക്കാസഭയുടെ സാരഥ്യം 41 വർഷത്തോളം നിർവഹിച്ചത് ഗ്രിഗോറിയോസ് പിതാവായിരുന്നു. മാർ ഈവാനിയോസ് പിതാവിന്റെ അനുയോജ്യനായ പിൻഗാമിയായി 1953 ജനുവരിയിൽ മെത്രാനായി അഭിഷിക്തനായി. 1994-ഒക്ടോബറിൽ മരിക്കുന്നതുവരെ മലങ്കര കത്തോലിക്കാസഭയെ സ്തുത്യർഹമാംവിധം നയിച്ച് വളർത്തിയെടുത്ത അതുല്യവ്യക്തിത്വത്തിന്റെ ഉടമയായിരുന്ന പിതാവ്. ജാതി മതഭേദമെന്യെ എല്ലാവരെയും ആകർഷിക്കുന്ന വ്യക്തിപ്രഭാവം പിതാവിന്റെ പ്രത്യേകതയായിരുന്നു. പണ്ഡിതരുടെയും പാമരുടെയും ഇടയിൽ പിതാവ് സ്വീകാര്യനായിരുന്നു. പാവങ്ങളോടു പ്രത്യേക പരിഗണനയും വാത്സല്യവുമുണ്ടായിരുന്നു. പിതാവിന്റെ ലളിതവും ആത്മീയത നിറഞ്ഞതുമായ ജീവിതശൈലി സഭയ്ക്ക് വലിയ മുതൽക്കൂട്ടുതന്നെയായിരുന്നു.

1953 ജൂണിൽ പിതാവ് എന്നെ മൈനർ സെമിനാരിയിൽ വൈദികവിദ്യാർത്ഥിയായി സ്വീകരിച്ചു. അന്നുമുതൽ അദ്ദേഹത്തിന്റെ സ്നേഹവും പരിലാളനയും എനിക്ക് ലഭിച്ചു. വൈദിക സ്ഥാനത്തേക്കുള്ള കൈവെയ്പ്പ് പിതാവ് എനിക്ക് നേരിട്ടു തന്നിട്ടില്ല. കാരണം, ആ കാലയളവിൽ, ആരെയും സ്വന്തം രൂപതയിൽ തിരുപ്പട്ടസ്വീകരണത്തിനു പൂന പേപ്പൽ സെമിനാരിയിൽനിന്ന് അയയ്ക്കുമായിരുന്നില്ല. പിതാവിന്റെ അനുവാദം കൂടാതെ പട്ടം തരാൻ പറ്റുകയില്ലല്ലോ—ആവശ്യമായ അനുവാദം യഥാകാലം പിതാവ് തന്നിരുന്നു. വൈദികനായി നാട്ടിൽ വന്ന ഉടൻതന്നെ മൈനർ സെമിനാരി വൈസ് റെക്ടറായി നിയമനം തന്നത് ഒരു അനുഗ്രഹമായി ഞാൻ കാണുന്നു. നിരവധി

www.malankaralibrary.com


വൈദികവിദ്യാർത്ഥികളുമായി പരിചയപ്പെടാനും ആവശ്യമായ ശിക്ഷണം നൽകുവാനും വൈദികജീവിതത്തിന്റെ ആരംഭത്തിൽത്തന്നെ സാധിച്ചത് നല്ല അനുഭവമായിരുന്നു. പഠനം പൂർത്തിയാക്കാതെ സെമിനാരിവിട്ടു പോയ പലർക്കുംപോലും ഇന്നും എന്നോട് നല്ല സ്നേഹമുണ്ട്.

കേരള കരിസ്മാറ്റിക് പ്രസ്ഥാനത്തിൽ രൂപതയുടെ ലെയ്സോൺ (Liaison) അംഗമായി പ്രവർത്തിക്കുവാൻ എന്നെ ചുമതലപ്പെടുത്തിയത് പിതാവിന് ഈ കാര്യത്തിൽ എന്നോടുള്ള വിശ്വാസമായിരുന്നല്ലോ. കേരളത്തിൽ കരിസ്മാറ്റിക്ക് മൂവ്മെന്റിൽ ആരംഭദശയിൽത്തന്നെ ഉൾച്ചേരാൻ സാധിച്ചത് എന്നെ ആത്മീയമായി ഒത്തിരി സഹായിച്ചു. തുടർന്ന് ആ മേഖലയിൽ കാര്യമായി പ്രവർത്തിക്കാൻ സാധിക്കാതെ പോയത് എന്റെ ആരോഗ്യപ്രശ്നംമൂലമാണ്. ഈ കാര്യം ഞാൻ അന്യത്ര സൂചിപ്പിച്ചിട്ടുണ്ട്. ഡിസ്ക്ക് സ്ലിപ്പായി 3 മാസം ഞാൻ ഗുഡ് സമരിറ്റൻ ഹോമിൽ വിശ്രമിച്ചു. അതുകഴിഞ്ഞ് പിതാവ് ഒരു കത്ത് എന്നെ ഏൽപ്പിച്ചു. പത്തനംതിട്ട സ്നേഹഭവനിൽ എന്നെ അയച്ചു. കത്തിൽ സുപ്പീരിയർ സിസ്റ്ററിനു പിതാവ് എഴുതി—"അച്ചൻ സുഖമില്ലാതെ വിശ്രമത്തിലായിരുന്നു. തുടർന്നും വിശ്രമത്തിനായി അവിടേക്ക് അയയ്ക്കുകയാണ്. അച്ചന് നല്ല പരിചരണവും ശുശ്രൂഷയും നൽകണം." പിതാവിന്റെ വാത്സല്യം! പട്ടം കത്തീഡ്രലിൽ വച്ചിരുന്ന പിതാവിന്റെ മൃതശരീരത്തിന്റെ മുമ്പിൽ എന്റെ സ്നേഹത്തിന്റെ ഉപചാരമായി മിഴിനീർമുത്തുകൾ സമർപ്പിച്ചു പ്രാർത്ഥിച്ചു. പിതാവിനുള്ള അപ്പസ്തോലിക അധികാരത്തെ ഞാൻ എന്നും മാനിച്ചിരുന്നു.

മഠവും അതിനോട് ചേർന്നുള്ള ഈ സ്ഥാപനവും സിസ്റ്റേഴ്സാണ് തുടങ്ങിയത്. പത്തനംതിട്ട സ്റ്റേഡിയത്തിന് അടുത്താണ് ഈ സ്ഥാപനം. കുറെ വർഷങ്ങൾക്കുമുമ്പ് നമ്മുടെ നാട്ടിൽ നിന്ന് യുവതികൾ ജർമ്മനിയിൽ വിൻസെന്റ് ഡി പോളിന്റെ നാമത്തിലുള്ള മഠത്തിൽ ചേർന്നതാണ്. അവരുടെ പരിശീലനം ജർമ്മനിയിൽ കഴിഞ്ഞു. കുറേവർഷംകഴിഞ്ഞ് അവിടെ വിവിധ മഠങ്ങളിൽ നിന്നുള്ള മലയാളി സിസ്റ്റേഴ്സിനെ കേരളത്തിൽത്തന്നെ പ്രേഷിതവേല ചെയ്യുവാൻ മദർ ഹൗസിൽനിന്ന് തീരുമാനിച്ചു. കേരളത്തിൽ ഈ സിസ്റ്റേഴ്സിന്റെ മദർ ഹൗസ് മാനന്തവാടിയിൽ സ്ഥാപിച്ചു. ഇവർ ഇപ്പോൾ കേരളത്തിലും കേരളത്തിനുവെളിയിലും ശുശ്രൂഷ ചെയ്യുന്നു. പത്തനംതിട്ടയിലെ മഠവും സ്നേഹഭവനും പണിയുവാൻ മുൻകൈ എടുത്തത് ബഹുമാനപ്പെട്ട കുമ്പുക്കാട്ട് അച്ചനാണ്. ഞാൻ പത്തനംതിട്ടയിൽ ചെല്ലുമ്പോൾ,

www.malankaralibrary.com


സി. സോഫിയാ, സുപ്പീരിയർ ആയിരുന്നു. സിസ്റ്റേഴ്സ് തർസീസ്, തേരേസാ, എൽസ, ദീപ ഇവരും മഠത്തിലുണ്ട്. പ്രായമായവർക്കു വേണ്ടിയുള്ള സ്ഥാപനമാണിത്. മക്കൾ ഇല്ലാത്തവർ, മക്കൾ ഉണ്ടായിട്ട് അന്വേഷിക്കാത്ത മാതാപിതാക്കൾ, മക്കൾ ദൂരെസ്ഥലത്തു ജോലിയിൽ കഴിയുന്നവരുടെ അപ്പനും അമ്മയും; ഇങ്ങനെയുള്ളവർ ഇവിടെ താമസിക്കുന്നു. ഭവനത്തിന്റെ ഒരു ഭാഗത്ത് കന്യാസ്ത്രീകൾ താമസിക്കുന്നു. എതിർവശത്തു കെട്ടിടത്തിൽ പുരുഷന്മാർ ഒരു ഭാഗത്തും സ്ത്രീകൾ വേറെഭാഗത്തും താമസിക്കുന്നു. പുരുഷന്മാർ താമസിക്കുന്ന മുറികളുടെ അടുത്തുള്ള ഒരു മുറിയിൽ എന്റെ താമസം. 1985 ആഗസ്റ്റ് 3-ന് ഗ്രിഗോറിയോസ് പിതാവിന്റെ കത്തനുസരിച്ച് ഞാൻ സ്നേഹഭവനിൽ ചെന്നു. ഞാൻ ചെല്ലുന്നതിനുമുമ്പ് സിസ്റ്റേഴ്സ് എല്ലാ ദിവസവും നടന്നു നന്നുവക്കാട് പള്ളിയിൽ വിശുദ്ധ കുർബാനയ്ക്കു പോയിരുന്നു. സ്നേഹഭവനിൽ ഞാൻ ചെന്നശേഷം എന്നും ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിച്ചു. സിസ്റ്റേഴ്സും അന്തേവാസികളും രാവിലെ വിശുദ്ധ കുർബാനയിൽ വന്നു സംബന്ധിച്ചു. സ്നേഹഭവനിൽ സിസ്റ്റേഴ്സ് എന്നെ നല്ല രീതിയിൽ ശുശ്രൂഷിച്ചു. വിശ്രമവും നല്ല ആഹാരവും ശുശ്രൂഷയും ലഭിച്ചപ്പോൾ എന്റെ ആരോഗ്യം മെച്ചപ്പെട്ടു. അതിനാൽ, വാഴമുട്ടം ഇടവകയുടെ ചുമതലകൂടി നടത്തിയിരുന്ന കുമ്പുക്കാട്ട് അച്ചൻ മാറി, എന്നെ അവിടെ ചുമതല ഏൽപ്പിച്ചു. ഉടനെതന്നെ ഞാൻ എല്ലാ ഭവനങ്ങളും സന്ദർശിച്ചു. എല്ലാവർക്കും എന്നോട് സ്നേഹമായിരുന്നു. ഭവനസന്ദർശനം കഴിഞ്ഞ് പള്ളിഭാഗത്ത് ഒരു ദിവസം എത്തിയപ്പോൾ അതിശക്തമായ മഴ. മഴയ്ക്കുശേഷം ഞാൻ സ്നേഹഭവനിലെത്തി. അന്നുരാത്രിയിൽ എനിക്ക് എഴുന്നേൽക്കാൻ വയ്യാത്ത നടുവേദന, ഡിസ്ക് സ്ലിപ്. കിടക്കയിൽ നിന്ന് നിരങ്ങിയിറങ്ങി കതകു തുറന്നു. രാവിലെ 6.30-ന് വി. കുർബാനയ്ക്ക് സിസ്റ്റേഴ്സ് ചാപ്പലിൽ എന്നെ പ്രതീക്ഷിക്കും. ചെന്നു പറയുവാൻ നടക്കാൻ വയ്യാ. അടുത്ത മുറിയിലെ അപ്പച്ചന്മാരോട് പറഞ്ഞു, എനിക്ക് സുഖമില്ലാത്ത വിവരം. അന്നുതന്നെ പത്തനംതിട്ടയിലെ ആശുപത്രിയിലെ അസ്ഥിരോഗവിദഗ്ദ്ധനായ ഡോക്ടറെ സിസ്റ്റേഴ്സ് വിളിച്ചുകൊണ്ടുവന്നു. അദ്ദേഹം എന്നെ എന്റെ മുറിയിൽ തന്നെ ട്രാക്ഷൻ ഇട്ടുകിടത്തി. നല്ല വേദനയിൽ കുറെ ദിവസങ്ങൾ കിടന്നു. ഡോക്ടർ തന്ന മരുന്ന് കഴിച്ച് അലർജിയായി. ദേഹമെല്ലാം തടിച്ച് വല്ലാത്ത ചൊറിച്ചിൽ ആയി. വേറെ മരുന്നു കഴിച്ചിട്ടും അലർജി മാറിയില്ല. അവിടെ താമസിച്ച ഒരു അപ്പച്ചൻ പറഞ്ഞതനുസ

www.malankaralibrary.com


രിച്ച്, വേപ്പിന്റെ ഇലയും പച്ചമഞ്ഞളുംകൂടി അരച്ച് നെല്ലിക്കാ വലിപ്പത്തിൽ ഒന്നു രണ്ട് ദിവസം കഴിച്ചപ്പോൾ ചൊറിച്ചിൽ മാറി. പിന്നീട് സിസ്റ്റേഴ്സ് തുമ്പമൺ ചാങ്ങേത്ത് വൈദ്യനെ വരുത്തി, തിരുമ്മൽ, പിഴിച്ചിൽ, ഞവരക്കിഴി ഇവ സ്നേഹഭവനിൽവച്ചു ചെയ്തു. വളരെ ദിവസങ്ങൾ പഥ്യവും വിശ്രമവും എടുത്തു. ആരോഗ്യം കുറെ വീണ്ടുകിട്ടിയപ്പോൾ വീണ്ടും വാഴമുട്ടം ഇടവകയുടെ ചുമതല നോക്കി.

പ്രായമായവർ താമസിച്ചിരുന്ന സ്നേഹഭവനിൽ മക്കൾ ഉള്ളവരും ഇല്ലാത്തവരുമായി പലർ താമസിച്ചിരുന്നു. ഒരു മകനോ മകളോ ഉള്ളവരും സാമ്പത്തികമായി നല്ല സ്ഥിതിയുള്ളവരും ഈ കൂട്ടത്തിൽ ഉണ്ടായിരുന്നു, കുറെ പാവപ്പെട്ടവരും. ഈ പ്രായമായവരോടൊത്ത് ഞാൻ വളരെ സന്തോഷമായി കഴിഞ്ഞു. ഇവർക്ക് ആഹാരം കൊടുക്കുന്ന സമയത്ത് ഞാൻ കൂടി ഊട്ടുമുറിയിൽ ചെല്ലും. ചിലർക്ക് കുറെക്കൂടി കൂട്ടാനോ കറിയോ വേണമെന്നുള്ള ആഗ്രഹം പ്രകടിപ്പിക്കുമ്പോൾ താൽപര്യമുള്ളത് ഞാൻ എടുത്ത് വിളമ്പിക്കൊടുക്കുമായിരുന്നു. അവരുടെ മുറിയിൽപ്പോയി കണ്ടിരുന്നു. പലരുടെയും കണ്ണുനീരിന്റെയും കദനത്തിന്റെയും കഥകൾ ഞാൻ കേട്ടിരുന്നിട്ടുണ്ട്. ആധുനികകാലത്ത് വന്ന മൂല്യച്യുതിയുടെ കറുത്തമുഖം ഞാൻ അവിടെ കണ്ടു. മക്കളുണ്ടായിട്ടും, മക്കളെ പഠിപ്പിച്ച് വലിയവരാക്കിയിട്ടും മക്കളിൽനിന്നും സ്നേഹം കിട്ടാത്തവർ, മക്കൾ ആട്ടിപ്പുറത്താക്കിയവർ, വിദേശത്ത് ലക്ഷങ്ങൾ കൊയ്യുമ്പോഴും മാതാപിതാക്കളെ കാണാൻ വരാത്തവർ എല്ലാം ഈ കൂട്ടത്തിലുണ്ട്. ഒരു സുന്ദരിയെ ഭാര്യയായി കിട്ടിയശേഷം പ്രായമായ അപ്പനും അമ്മയും അധികപ്പറ്റായിത്തീർന്ന ആൺമക്കൾ. ഒരു അപ്പൻ വിങ്ങിവിങ്ങി കരഞ്ഞുകൊണ്ട് പറഞ്ഞു 'വസ്തു വീതംവച്ച് മക്കൾക്കെല്ലാം നൽകി; ഒരു മകന് കിട്ടിയതു പോരാ' എന്നു പരാതി. വഴിയിൽ വച്ച് ഈ മകൻ അപ്പനെ മർദ്ദിച്ചു. വായിൽ ഒരു കല്ല് അടിച്ചുകയറ്റി, ചോരവാർന്ന് കിട ന്നപ്പോൾ വഴിയിൽ ഉപേക്ഷിച്ചിട്ട് പോയി. "അച്ചാ, ഈ പല്ല് എല്ലാം പോയത് അങ്ങനെയാണ്. കരച്ചിലൊതുക്കി, പല്ലില്ലാത്ത മോണകാട്ടി ചിരിക്കാൻ ശ്രമിച്ചുകൊണ്ട് ആ പിതാവ് പറഞ്ഞു. വേറൊരാൾ ഏകമകനെ പഠിപ്പിച്ച് എഞ്ചിനീയറാക്കി. അപ്പൻ തഹസീൽദാർ ആയിട്ട് വിരമിച്ച പ്പോൾ മകനും മരുമകളുംകൂടി അദ്ദേഹത്തെ വീട്ടിൽനിന്ന് അടിച്ചിറക്കി. ഇങ്ങനെ തിരസ്കരിക്കപ്പെട്ട പല അപ്പനമ്മമാരുടെ വേദനയിൽ കരുവാളിച്ച മുഖം ഞാൻ സ്നേഹഭവനിൽ കണ്ടു. ദൈവം കഴിഞ്ഞാൽ നാം ഏറ്റവും സ്നേഹിക്കേണ്ട, ബഹുമാനിക്കേണ്ടവരാണ് മാതാപിതാ

www.malankaralibrary.com


ക്കൾ. “പിതാവിന്റെ അനുഗ്രഹം മക്കളുടെ ഭവനങ്ങളെ ബലവത്താക്കും. അമ്മയുടെ ശാപം അവയുടെ അടിത്തറയിളക്കും. മകനെ പിതാവിനെ വാർദ്ധക്യത്തിൽ സഹായിക്കുക. മരിക്കുന്നതുവരെ അവന് ദുഃഖം ഉണ്ടാക്കരുത്, മാതാവിനെ പ്രകോപിപ്പിക്കുന്നവൻ കർത്താവിന്റെ ശാപം ഏൽക്കും” (പ്രഭാ. 3:9-12,16). ദൈവത്തിന്റെ വചനങ്ങളിൽ ഒരു ഭാഗം സൂചിപ്പിച്ചതാണ്. മാതാപിതാക്കളെ തിരസ്ക്കരിക്കുന്ന മക്കളുടെ മക്കൾ ധിക്കാരികളും സാമൂഹികദ്രോഹികളും ആകുന്നെങ്കിൽ അതിശയിക്കാനില്ല. സമൂഹഗാത്രത്തിന് ഏൽക്കുന്ന വലിയ പുഴുക്കുത്താണിത്. പ്രസവിച്ച് ഓമനിച്ച് വളർത്തിയ മാതാപിതാക്കൾക്ക്, വളർത്തുനായകൾക്ക് നൽകുന്ന സ്നേഹവും അംഗീകാരവുംപോലും നൽകാത്ത മക്കളുടെ എണ്ണം കൂടിവരികയാണ്. പത്തനംതിട്ട സ്നേഹഭവനിൽ താമസിക്കുന്ന പ്രായമായവരുടെ കരളലിയിപ്പിക്കുന്ന കദനകഥ ഞാൻ കുറെ കാണുകയും കേൾക്കുകയും ചെയ്തതാണല്ലോ.

വേറെ ഒരു അനുഭവം കൂടി കുറിക്കട്ടെ. ഒരു ഇടവകയിൽ ചുമതലയുള്ള കാലം. ഇടവകയിലുള്ള ഒരു വീട്ടിൽ ഭവനസന്ദർശനത്തിനായി ചില സമയങ്ങളിൽ പോയിട്ടുണ്ട്. നല്ല സാമ്പത്തികഭദ്രതയുള്ള വ്യക്തിയുടെ വലിയ ഭവനം. ഒന്നുമില്ലായ്മയിൽനിന്ന് ദൈവം ഒരു വ്യക്തിയെ സാമ്പത്തികമായി ഉയർത്തിയതാണ്. രാഷ്ട്രീയക്കാർ എല്ലാ വിഭാഗത്തിലും അദ്ദേഹത്തെ വന്നു കണ്ട് നല്ല തുക കൈക്കലാക്കാറുണ്ട്. കൊടുക്കുന്ന തുകയെപ്പറ്റി പൊങ്ങച്ചം എന്നോട് പറഞ്ഞിട്ടുമുണ്ട്. പ്രസ്തുത ഇടവകയിൽ വന്ന് രണ്ട് വർഷത്തിനുശേഷം, ഒരു ദിവസം വീട് സന്ദർശിച്ച അവസരത്തിൽ ഞാൻ സന്ദർശനമുറിയിൽനിന്ന് വീടിന്റെ അകത്തളത്തിലേക്ക് നടന്നു. അടുക്കളയുടെ പിന്നാമ്പുറത്ത് ഒരു ചെറിയ വരാന്തയിൽ കൂനിപ്പിടിച്ചിരിക്കുന്ന ഒരു മനുഷ്യരൂപം, പ്രായമായ ഒരു സ്ത്രീ. “അമ്മച്ചിയേ,” എന്നു ഞാൻ വിളിച്ചു. മുഖം ഉയർത്തി എന്നെ നോക്കി. ഞാൻ എന്നെ പരിചയപ്പെടുത്തി. പിന്നീട് ഞാൻ വീട്ടുടമസ്ഥൻ മകനോട് ചോദിച്ചു. അവിടെ ഇരിക്കുന്ന പ്രായമായ സ്ത്രീ ആരാണെന്ന്, അതെന്റെ അമ്മയാണെന്ന് പറഞ്ഞു. എന്നിൽ ഒരു ഞെരുക്കം അരിച്ചുകയറുന്നതായി അനുഭവപ്പെട്ടു. ഞാൻ രണ്ട് വർഷത്തിനകം പലതവണ ആ ഭവനത്തിൽ പോയിട്ടുണ്ട്. ഒരിക്കൽപോലും എന്റെ അമ്മ ഇവിടെയുണ്ട് എന്ന് എന്നോട് പറഞ്ഞിട്ടില്ല. സ്വന്തമായി കാറുള്ള വ്യക്തി. ഒരിക്കൽപോലും അമ്മയെ പള്ളിയിൽ കൊണ്ടുവന്നിട്ടില്ല. വിശുദ്ധ കുർബാന നൽകണമെന്ന് പറഞ്ഞിട്ടില്ല. യുവത്വത്തിലെ കവിളിലെ തുടിപ്പുകൾ ഇല്ലാതെ

www.malankaralibrary.com


യായി. മക്കൾക്കുവേണ്ടി ചോരയും നീരും ഊറ്റിക്കൊടുത്തു. ഇന്ന് അമ്മ സൗന്ദര്യമില്ലാത്ത മനുഷ്യക്കോലമായി. പ്രദർശനവസ്തുവായി എങ്ങും കൊണ്ടുപോകാൻ അർഹതയില്ലാത്ത വ്യക്തിയായി.

പ്രഭാഷകന്റെ പുസ്തകങ്ങളിൽ നാം വായിക്കുന്നു, "വൃദ്ധരെ നിന്ദിക്കരുത്, നമുക്കും പ്രായമാകുകയല്ലേ" (പ്രഭാ. 8/6) ഒരു സ്ഥലത്തു പോകാൻ ഞാൻ ബസ്സിൽ കയറി. ഞാൻ മുമ്പ് ചുമതല നോക്കിയ ഇടവകയിലെ ഒരു യുവാവ് ബസ്സിന്റെ സൈഡ് സീറ്റിൽ ഇരിക്കുന്നു. അവനെ ഞാൻ കണ്ടു. ഞാൻ ബസ്സിൽ കയറുന്നതു അവനും കണ്ടു. സീറ്റ് വേക്കന്റ് അല്ലാത്തതിനാൽ ഞാൻ കമ്പിയിൽപിടിച്ചു നില്ക്കുകയാണ്. ഞാൻ കയറിവരുന്നതു കണ്ട യുവാവ് കഴുത്തു പെട്ടെന്നു റോഡുസൈഡിലേക്ക് തിരിച്ചു നോക്കി ഇരിപ്പാണ്. പിടലിരോഗം വന്ന് ചലനശേഷി നഷ്ടപ്പെട്ടതുപോലെ ഇടത്തോട്ടുതന്നെ പിടലി തിരിച്ചുള്ള ഇരിപ്പ്. പ്രസ്തുത യുവാവിന്റെ ഇടവകചുമതല നോക്കുന്ന സമയത്ത്, ബാലനായിരുന്ന ആൾ യുവത്വത്തിന്റെ പടിവാതുക്കൽ എത്തിനില്ക്കുന്നു. യുവാവിന്റെ മാനസികാവസ്ഥ മനസ്സിലാക്കി ഞാൻ അവൻ ഇരുന്ന ഭാഗത്തേക്ക് നീങ്ങാതെ നില്ക്കുകയാണ്. സൗകര്യമായി ഇരിക്കുന്നവരുടെ സീറ്റു പിടിച്ചുവാങ്ങിക്കുന്ന രീതി എനിക്കില്ല. "പ്രായംചെന്ന് നരച്ചവരുടെ മുമ്പിൽ ആദരപൂർവ്വം എഴുന്നേൽക്കുകയും അവരെ ബഹുമാനിക്കുകയും വേണം" (ലേവ്യ. 19/32) "നരച്ചമുടി മഹത്വത്തിന്റെ കിരീടമാണ്" (സുഭാ. 16/31) 2 രാജാക്കന്മാർ 2/23-ൽ ഒരു സംഭവം പറയുന്നു. പ്രായമായ ഏലീഷാപ്രവാചകനെ കുറെ കുട്ടികൾ "കഷണ്ടിത്തലയാ ഓടിക്കോ" എന്നു കളിയാക്കി വിളിച്ചുപറഞ്ഞു. ആ ബാലന്മാരെ എല്ലാം ഒരു കരടി കാട്ടിൽനിന്ന് ഇറങ്ങിവന്നു കടിച്ചുകൊന്നുകളഞ്ഞു. പ്രായമായവരോടും ഗുരുക്കന്മാരോടും ആദരവു കാണിക്കുന്നതു നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായിരുന്നു. ഇന്നത്തെ തലമുറയ്ക്ക് പ്രായമായവർ അധികപറ്റും ശല്യവുമാണ്. സംസ്കാരത്തിന്റെ ജീർണ്ണത ഇവിടെ വെളിപ്പെടുന്നു.

ഞാൻ തിരുവനന്തപുരത്തു ബസ്സിൽ യാത്രചെയ്യുകയാണ്. കിളിമാനൂർ ചെന്നപ്പോൾ പ്രായമായ ഒരു അമ്മ ബസ്സിൽ കയറി— ഇരിക്കുവാൻ സീറ്റില്ല. കമ്പിയിൽ വിറച്ചുവിറച്ചു പിടിച്ചുനിൽക്കുകയാണ്. നാലഞ്ചു പെൺകുട്ടികൾ സീറ്റിൽ ഇരിക്കുന്നു. ഈ അമ്മ അവരുടെ പക്കലേക്ക് അടുത്ത് പറഞ്ഞു— "മക്കളെ, ഈ അമ്മയ്ക്ക് ഇരിക്കുവാൻ ഒരുസീറ്റു തരിക. രണ്ടുമൂന്നുതവണ ആവർത്തിച്ചുപറഞ്ഞു. അവരെല്ലാം

www.malankaralibrary.com


ഇത് കേൾക്കാത്ത മട്ടിൽ അനങ്ങാപ്പാറപോലെ ഇരുന്നു—ഞാൻ ഈ സ്ത്രീയെ വിളിച്ചു. ഞാൻ എഴുന്നേറ്റ് ഞാൻ ഇരുന്ന സീറ്റ് ഈ അമ്മയ്ക്ക് കൊടുത്തു. എന്റെ അമ്മ ഈ നിലയിൽ വന്നാൽ, ഞാൻ സീറ്റ് ഒഴിഞ്ഞുകൊടുക്കണമല്ലോ—അതുപോലെയൊരു പ്രായമായ സ്ത്രീയല്ലേ സീറ്റിൽ ഇരുന്നശേഷം ആ സ്ത്രീ പറഞ്ഞു, "അല്ലേലും ഈ ആണുങ്ങളെ നന്മ ചെയ്യൂ".

ഞാൻ ഒരു പ്രൈവറ്റ് ബസ്സിൽ യാത്ര ചെയ്യുന്നു, നല്ല തിരക്കായിരുന്നു. എനിക്ക് ഒരു സീറ്റു കിട്ടി. കുറെ കഴിഞ്ഞപ്പോൾ, ഒരാൾ എന്റെ അടുത്ത് കമ്പിയിൽ പിടിച്ചുനിൽക്കുന്നു. ഞാൻ പെട്ടെന്നു എഴുന്നേറ്റു. സാർ ഇരിക്കുവാൻ പറഞ്ഞു 'വേണ്ട, അച്ചൻ ഇരുന്നോ' എന്ന് അദ്ദേഹം പറഞ്ഞു. "സാർ, നിൽക്കുമ്പോൾ ഞാൻ ഇരിക്കുകയില്ല. എന്നു പറഞ്ഞതുകേട്ട്, അദ്ദേഹത്തിനു അത്ഭുതം തോന്നി. "നായർ സമുദായത്തിൽ പെട്ട ഒരു അദ്ധ്യാപകൻ. അദ്ദേഹം എന്നെ കോന്നി സ്കൂളിൽ പഠിപ്പിച്ചതാണ്. എനിക്ക് അദ്ദേഹത്തെ മനസ്സിലായി; അദ്ദേഹത്തിനു എന്നെ മനസ്സിലായില്ല. അതു സ്വാഭാവികം. 40–ൽപരം കുട്ടികളുള്ള ക്ലാസ്സിലെ ബാലൻ ഇന്ന് ഒരു വൈദികൻ. അദ്ദേഹത്തിനു തിരിച്ചറിയാൻ പറ്റുകയില്ല. "സാർ, എന്റെ ഗുരുവാണ്. സാർ ഇരിക്കണം എന്നു ഞാൻ നിർബന്ധിച്ചു. സാറിനു വലിയ സന്തോഷമായി. ഞാൻ ഒതുങ്ങിയിരുന്നു. എന്നോടൊപ്പം ചേർന്നിരുന്നു. ഗുരുക്കന്മാർ നമുക്ക് എന്നും ആദരണീയർ ആയിരിക്കണം.

പത്തനംതിട്ട സ്നേഹഭവനിൽ ഞാൻ താമസിക്കുന്ന സമയത്ത് എന്നെ വല്ലാതെ വേദനിപ്പിച്ച ഒരു സംഭവം കുറിക്കുന്നു. ഒരു ഇടവകയുടെ ചുമതല വഹിക്കുന്ന സമയത്ത് വൈകിട്ട് ഭവനസന്ദർശനത്തിനായി പോകുന്ന അവസരത്തിൽ വഴിയോരത്തു തെങ്ങോലകൊണ്ട് കെട്ടിമറച്ച ഒരു കുടിൽ കണ്ടു. മുമ്പ് ആ കുടിൽ അവിടെ ഇല്ലായിരുന്നു. ഞാൻ കുടിലിൽ പ്രവേശിച്ചു. അപ്പനും അമ്മയും വിവാഹപ്രായമായ രണ്ടു പെൺകുട്ടികളും അവിടെയുണ്ട്. ഓർത്തഡോക്സ് സഭാവിഭാഗത്തിൽപ്പെട്ടവരാണ്. പ്രസ്തുത വീട്ടിലെ അമ്മയെ മാതാപിതാക്കൾ തുച്ഛമായ സ്ത്രീധനം നൽകി വിവാഹം ചെയ്തയച്ചതാണ്. സഹോദരങ്ങൾ നല്ല സാമ്പത്തിക ഭദ്രതയുള്ളവർ. അവർ താമസിച്ചിരുന്ന സ്ഥലത്ത് ഏതോ പരാജയം സംഭവിച്ചു. ഇവിടെ ആങ്ങളമാരുടെ അടുത്തുവന്ന് കുടിൽകെട്ടി താമസിക്കുകയാണ്. സഹോദരങ്ങൾ ഒരു സഹായവും ചെയ്യുന്നില്ലെന്ന് സ്ത്രീ സങ്കടത്തോടെ പറഞ്ഞു. ഒരു മകനുള്ളത്

www.malankaralibrary.com


കുറെനാൾ മുമ്പ് എവിടെയോ പോയി. തിരിച്ചുവന്നില്ല. പെൺകുട്ടികൾ കാഴ്ചയിൽ സുന്ദരികളാണ്. ചെറിയ സഹായം നൽകിയിട്ട് പറഞ്ഞു, "പള്ളിയിൽ വിശുദ്ധ കുർബാനയ്ക്കു വരണം." കുറേദിവസം അപ്പൻ പള്ളിയിൽ വന്നു. താമസിയാതെ എനിക്ക് അവിടെനിന്ന് സ്ഥലംമാറ്റം ലഭിച്ചു.

പിന്നീടൊരിക്കൽ പത്തനംതിട്ടയിൽ ഞാൻ വന്നപ്പോൾ മുകളിൽ പറഞ്ഞ വീട്ടിലെ ഒരു പെൺകുട്ടി ടൗണിൽ അലഞ്ഞുനടക്കുന്നതു കണ്ടു. ഞാൻ അവളെ വിളിച്ചു വിവരം തിരക്കി. അവൾ പറഞ്ഞു, "ഒരു ദിവസം ഞാൻ വീട്ടിൽനിന്ന് ടൗണിൽ വന്നു. അന്ന് വീട്ടിൽ ചെന്നില്ല. പിറ്റേദിവസം ചെന്നപ്പോൾ അപ്പനും അമ്മയും തല്ലിയോടിച്ചു. ഇറങ്ങിപ്പോയവൾ പോയ വഴിതന്നെ പൊയ്ക്കോ ഇവിടെ വരേണ്ട എന്നു പറഞ്ഞു. തിരിച്ചു ഞാൻ ഇവിടെ വന്നു ജീവിക്കുന്നു." "മോളേ, നീ ഇങ്ങനെ ഇവിടെ അലഞ്ഞു നടക്കരുത്. മകളെ ഏതെങ്കിലും മഠത്തിൽ അടുക്കളയിൽ ജോലിചെയ്യാൻ ഏർപ്പാടു ചെയ്യാം" എന്നു ഞാൻ പറഞ്ഞു. സ്നേഹഭവനിൽത്തന്നെ വേണമോ എന്നു ചോദിക്കാം എന്നു ഞാൻ ഉള്ളിൽ കരുതി. അവൾ മറുപടി പറഞ്ഞു "അച്ചാ, ഞാൻ മൂന്നു മാസം ഗർഭിണിയാണ്. അതുകൊണ്ട് ജോലിക്കൊന്നും വരാൻ പറ്റാത്ത സ്ഥിതിയാണ്." ദൈവമേ, പാവപ്പെട്ട ഈ മകൾക്ക് ഈ ദുർഗതി വന്നല്ലോ എന്നു ഞാൻ ഉള്ളിൽ നെടുവീർപ്പെട്ടു. ഒരു പോലീസുകാരനാണ് കുട്ടിയുടെ പിതാവ് എന്നും അവൾ പറഞ്ഞു.

അവൾ ആ കുഞ്ഞിനെ പ്രസവിച്ചു. ഏതാനും മരങ്ങൾ തിങ്ങിനിൽക്കുന്നതിന്റെ തണലിൽ കരിയില വീണുകിടക്കുന്ന ഭാഗത്തായിരുന്നു പ്രസവം. രണ്ടായിരംവർഷംമുമ്പ് ലോകരക്ഷിതാവിനെ മാതാവു പ്രസവിച്ചത് ഒരു പശുത്തൊഴുത്തിൽ. കന്നുകാലികൾ കൂട്ടായിട്ട് ഉണ്ടായിരുന്നു. മരച്ചില്ലകളിൽ ഇരുന്നു ചൂളംവിളിക്കുന്ന പക്ഷികൾ ഈ കുഞ്ഞിന് താരാട്ട് പാടിയിരിക്കാം. ഉറുമ്പ് കടിച്ചുകിടന്ന കുഞ്ഞിനു, "നൂറുരൂപാ തരാം, കൊടുക്കുമോ," എന്ന് ഒരാൾ ചോദിച്ചതായും, "എത്ര രൂപ തന്നാലും എന്റെ കുഞ്ഞിനെ വിൽക്കില്ല," എന്ന് ജന്മംകൊടുത്ത യുവതിയായ ആ അമ്മ പറഞ്ഞുവെന്നും അറിഞ്ഞു.

വിപരീതസാഹചര്യത്തിന്റെ പേരിൽ വീട്ടിൽ പട്ടിണിമൂലമോ, ഉത്തരവാദിത്തമില്ലാത്ത മാതാപിതാക്കളുടെ അനാസ്ഥമൂലമോ പുരനിറഞ്ഞുനിന്നാലും ഒരു ജീവിതം ലഭിക്കാത്തവർക്കും, സാമ്പത്തിക പരാധീനതമൂലം വിവാഹജീവിതത്തിലേക്ക് അയയ്ക്കുവാൻ നിവൃത്തിയില്ലാതെ

www.malankaralibrary.com


നെഞ്ചുരുകുന്ന മാതാപിതാക്കളുടെ കുടുംബങ്ങളിലും ഇത്തരം സംഭവങ്ങൾ ഇനിയും ഉണ്ടാകാം. പെൺകുട്ടികളെ എവിടെക്കണ്ടാലും കൊത്തിക്കീറുവാൻ ആർത്തിപൂണ്ടു നടക്കുന്ന മനുഷ്യക്കഴുകന്മാർ വട്ടമിട്ട് പറക്കുകയാണ്. എവിടെയും എത്രയോ നിരപരാധികളായ പെൺകുഞ്ഞുങ്ങൾ, പിഞ്ചുകുഞ്ഞുങ്ങൾ ഉൾപ്പെടെ ഈ മാംസദാഹികൾക്ക് ഇരയായിക്കൊണ്ടിരിക്കുന്നു. നെഞ്ചുപൊട്ടുന്ന ഇത്തരം വാർത്തകൾ കുറെയൊക്കെ പത്രത്താളുകളിൽ എന്നും സ്ഥലം പിടിക്കാറുണ്ട്. ഈ യുവതി ഒരു പെൺകുട്ടിയെക്കൂടി പ്രസവിച്ചതായി അറിയാം. അവൾ തെരുവുവേശ്യയായി പത്തനംതിട്ടയിൽ ഒഴിഞ്ഞ കടത്തിണ്ണകളിൽ മുറുക്കിത്തുപ്പിയിരിക്കുന്നത് എന്നെ നൊമ്പരപ്പെടുത്തിയിട്ടുണ്ട്. പിന്നീടൊരിക്കൽ അവളെ കാണുമ്പോൾ, പഴയ സൗന്ദര്യമെല്ലാം പോയി ക്ഷീണിതയായി കണ്ടു. അവൾ ഇന്ന് ജീവിച്ചിരിക്കുന്നുവോ അതോ എയ്ഡ്സ് പോലെ എന്തെങ്കിലും രോഗംബാധിച്ചു മരിച്ചോ എന്നറിവില്ല. അവളുടെ പെൺമക്കൾ ഇപ്പോൾ യുവതികളാകാനുള്ള പ്രായമുണ്ട്. അവരും തെരുവിലെ ജീവിതമാണോ നയിക്കുന്നത്. അതിനാണ് സാധ്യത?

ഒരു സംഭവം കൂടി കുറിക്കട്ടെ. ഒരു ദിവസം വൈകിട്ട് എട്ടുമണിയോടുകൂടി രണ്ടു പോലീസുകാർ ഒരു പെൺകുട്ടിയുമായി സ്നേഹഭവനിൽ വന്നു. സിസ്റ്റേഴ്സ് എന്നെ വിളിച്ചു. പെൺകുട്ടിയുടെ കണ്ണ്, കരഞ്ഞ് കലങ്ങിയിരിക്കുന്നു. കരഞ്ഞുകരഞ്ഞ് അവളുടെ കണ്ണുനീരിന്റെ ഉറവ വറ്റിയ സ്ഥിതിയിലായിരുന്നു. മധ്യകേരളത്തിൽനിന്നുള്ള ഒരു ക്രിസ്തീയ പെൺകുട്ടി; തന്റെ ചേച്ചിയുടെ ഭർത്താവു വഴി അവൾ ഗർഭിണിയായി. ഈ വിവരം വീട്ടിൽ ആരെയും അറിയിക്കാതെ, ആത്മഹത്യ ചെയ്യുവാനായി ഇറങ്ങിത്തിരിച്ചതാണ്. ആദ്യം കണ്ടതായ ഒരു ബസ്സിൽ കയറി. അതു പത്തനംതിട്ടയ്ക്കുള്ള വണ്ടിയായിരുന്നു. ബസ്സ് പത്തനംതിട്ടയിൽ വന്നപ്പോൾ നേരം ഇരുട്ടി. ആളുകൾ എല്ലാവരും ബസ്സിൽനിന്നിറങ്ങിപ്പോയിട്ടും ഈ പെൺകുട്ടി മാത്രം ബസ്സിൽ നിന്നിറങ്ങാതെ ഇരിക്കുന്നു. ആത്മഹത്യ ചെയ്യാനിറങ്ങിയെങ്കിലും, അപരിചിതനാട്ടിൽ രാത്രിയിൽ എത്തിയപ്പോൾ പെൺകുട്ടി ഭയന്നുപോയി. എന്തുചെയ്യണമെന്നറിയാതെയുള്ള ഇരിപ്പ്. ഡ്രൈവർ ബസ്സ് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി. പോലീസുകാർ ചോദ്യംചെയ്തപ്പോഴാണ് പെൺകുട്ടിയുടെ പ്രശ്നം അറിഞ്ഞത്. രാത്രിയിൽ പെൺകുട്ടിയെ ഇരുട്ടിലേക്ക് ഇറക്കിവിടാൻ പറ്റില്ല. പോലീസ്സ്റ്റേഷനിൽ താമസിപ്പിക്കാനും സാധ്യമല്ല. ഈ സാഹചര്യത്തിൽ കുട്ടിയെ സ്നേഹഭവനിൽ തൽക്കാലം

www.malankaralibrary.com


താമസിപ്പിക്കണം എന്ന് പോലീസ് പറഞ്ഞു. ഞാൻ ആ മകളോടു സ്വന്തമായി കുറേനേരം സംസാരിച്ചു. ഞങ്ങൾക്ക് ഭയമായി. അവൾ എന്തെങ്കിലും അവിവേകം പ്രവർത്തിച്ചാൽ പോലീസുകാർ കൈയ്യൊഴിയും. ഒരു സിസ്റ്ററിന്റെ മുറിയിൽ അവളെ കിടത്തി. എനിക്കും നല്ല ടെൻഷൻ ആയിരുന്നു, ആ രാത്രിയിൽ. അവൾ സ്വന്തം വീട്ടിൽ തിരിച്ചുപോകുകയില്ല എന്നു തീർത്തുപറഞ്ഞു.

പെൺകുട്ടിയുടെ പിതാവിനു ഞാൻ എഴുതി. പിതാവ് അടുത്തദിവസങ്ങളിൽത്തന്നെ സ്നേഹഭവനിൽ വന്നു. മകളെ കാണുകയും വിവരം അറിയുകയും ചെയ്തപ്പോൾ നെഞ്ചത്തടിച്ച് ഉറക്കെ കരഞ്ഞു. പിന്നീട്, അവിഹിതബന്ധത്തിൽ ഗർഭംധരിക്കുന്ന പെൺകുട്ടികൾക്കായുള്ള ഒരു ഭവനത്തിൽ അവളെ പ്രവേശിപ്പിച്ചു. കുറെ ബുദ്ധിമുട്ടും പണച്ചെലവും എനിക്കു വന്നു. എങ്കിലും ഒരു പെൺകുട്ടിയുടെ ജീവൻ രക്ഷിച്ചതിൽ സന്തോഷമുണ്ടായി.

ഏതു കുടുംബത്തിലും, ഇത്തരം സംഭവങ്ങൾ ഉണ്ടാകാം. എന്റെ ചേച്ചിയുടെ ഭർത്താവല്ലേ, എന്റെ ജ്യേഷ്ഠനല്ലേ എന്നുള്ള ചിന്തയിൽ അനുജത്തികൾ ജ്യേഷ്ഠനുമായി ഇടപെടുന്നു. അനുജത്തിയെ അനുജത്തിയായി കാണാതെ, കാമാർത്തരായ ആളുകൾ അനുജത്തിയുടെ നിഷ്ക്കളങ്കസ്നേഹത്തെ മുതലെടുക്കാറുണ്ട്. എല്ലാ ചേട്ടന്മാരും എന്ന് പറയുന്നില്ല. ചില പുരുഷന്മാർ ഭാര്യ പ്രസവിച്ച് ഓജസും തേജസും സ്വല്പം കുറയുമ്പോൾ, പുതിയ മേച്ചിൽസ്ഥലങ്ങൾ തേടിപ്പോകാറുണ്ട്. അനുജത്തിയെ കിട്ടിയാൽ സന്തോഷമായിരിക്കും. മാതാപിതാക്കളും പെൺകുട്ടികളും കുറച്ചു വിവേകം കാണിക്കണം. പെൺകുട്ടികളെ ചേച്ചിമാരുടെ വീട്ടിൽ തനിച്ചുവിടുകയോ അവിടെ താമസിപ്പിക്കുകയോ ചെയ്താൽ, അനാശാസ്യസംഭവങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് അറിയണം. പിന്നീട് ദുഃഖിച്ചതുകൊണ്ട് ഫലമില്ല.

www.malankaralibrary.com

അധ്യായം 8

# പുതിയ വഴികൾ പുത്തനുണർവ്വോടെ

എന്റെ ആരോഗ്യം കുറെ മെച്ചപ്പെട്ടപ്പോൾ അന്ന് മേജർ സെമിനാരിയുടെ റെക്ടറായ ബഹുമാനപ്പെട്ട ഏബ്രഹാം കാക്കനാട്ട് അച്ചന്റെ ഒരു കത്ത് കിട്ടി. അന്ന് മേജർ സെമിനാരി പഴയ അരമനയിൽ മൈനർ സെമിനാരിയോട് ചേർന്നതായിരുന്നു. പിന്നീടാണ് പുതിയ സെമിനാരി പണിഞ്ഞ് ബഥനിക്കുന്നിലേക്ക് മാറിയത്. സെമിനാരിയുടെ ആത്മീയ ഉപദേഷ്ടാവായി മാസത്തിൽ രണ്ടു ദിവസമെങ്കിലും തിരുവനന്തപുരത്ത് സെമിനാരിയിൽ ചെല്ലണം. ബ്രദേഴ്സിന്റെ കുമ്പസാരം കേൾക്കണം. അവർക്ക് ഉപദേശം നൽകണം. പേഴ്സണൽ കൗൺസിലിംഗ് നൽകണം. ഇതായിരുന്നു കത്തിന്റെ ഉള്ളടക്കം. ഇടവകയുടെ ചുമതലയോടൊപ്പം എന്റെ ആരോഗ്യക്കുറവും കണക്കിലെടുത്ത് സ്വല്പം ബുദ്ധിമുട്ടായി തോന്നിയെങ്കിലും നല്ല കാര്യമാണല്ലോ എന്ന് ചിന്തിച്ച് സമ്മതിച്ച് മറുപടി നൽകി. ഞാൻ വർഷങ്ങൾക്കുമുമ്പ് സെമിനാരിയിൽ പഠിച്ച പൊതുകാര്യങ്ങളല്ലാതെ മോറൽ തിയോളജിയിലോ, സ്പിരിച്വാലിറ്റിയിലോ പ്രത്യേകപഠനം ഒന്നും നടത്തിയിട്ടില്ല. 'അച്ചനാണ് ഏറ്റവും അനുയോജ്യൻ എന്ന് പലരും പറഞ്ഞു.' ഇതാണ് കാക്കനാട്ട് അച്ചന്റെ പ്രതികരണം. ഇടവകയിലെ അനുഭവജ്ഞാനമല്ലാതെ വേറെ കഴിവൊന്നും എനിക്ക് അവകാശപ്പെടാനില്ല. കുറെദിവസം തിരുവനന്തപുരത്ത് പോയി മേജർ സെമിനാരിക്കാർക്ക് ആത്മീയനിർദ്ദേശം നൽകാൻ ഈ മേഖലയിലെ ആധുനിക പഠനങ്ങൾ കുറെ മനസ്സിലാക്കാൻ ഞാൻ തീരുമാനിച്ചു. അതിനായി പൂനയിൽ (നാഷണൽ വൊക്കേഷൻ സർവീസ്) ഒരു മാസത്തെ കോഴ്സിന് പോയി. നമ്മുടെ പല സെമിനാരികളിലും സെമിനാരിക്കാർക്ക് ശിക്ഷണം നൽകുന്ന ഗുരുക്കന്മാർക്ക് വേണ്ട യോഗ്യതയില്ലെന്നാണ് എന്റെ അഭിപ്രായം. പി.എച്ച്.ഡി.വരെ ഏതെങ്കിലും സഭാപഠനത്തിൽ ഡിഗ്രിയുള്ളവരായിരിക്കാം. അതിന്റെ പേരിൽ അവർ നല്ല

www.malankaralibrary.com


ആത്മീയ ഉപദേഷ്ടാക്കൾ ആകണമെന്നില്ല. സ്പിരിചൽ തിയോളജിയും ആധുനിക മനഃശാസ്ത്രവും നന്നായി പഠിച്ചവർ ആയിരിക്കണം സെമിനാരിക്കാരെ നയിക്കുവാൻ. യുവതലമുറയുടെ മാനസിക മനഃശാസ്ത്രപരമായ പ്രശ്നങ്ങളെ ആത്മീയമായി അപഗ്രഥിക്കുവാൻ കഴിവുള്ളവരായിരിക്കണം. ഒരു നല്ല വൈദികനാകാൻ, കുറെ ബൗദ്ധികപഠനം പോരാ— വൈകാരികതലത്തിൽ നല്ല പക്വത കൈവന്നവരായിരിക്കണം. അല്ലെങ്കിൽ ഇടവകകളിൽ ജനങ്ങളോടുള്ള സമീപനത്തിൽ പല പ്രശ്നങ്ങളുമുണ്ടാകാം. ക്ഷിപ്രകോപികളായ വൈദികർ ആളുകളെ അകറ്റും. മുൻവിധിയോടുകൂടി സമീപിക്കുന്ന വൈദികർ നീതി നടത്തുന്നതിൽ പരാജയപ്പെടും. മേജർ സെമിനാരിയിലെ രണ്ട് മൂന്ന് ശെമ്മാശ്ശന്മാർ ഇവിടെ എന്റെ പക്കൽ വന്നു. അച്ചൻ ഞങ്ങളുടെ ആത്മീയപിതാവ് ആയിരിക്കണം. സെമിനാരിയിൽ തുറന്നു പറയുവാൻ തക്ക ആത്മീയപിതാക്കന്മാർ എനിക്കില്ല. ഞാൻ യോഗ്യതയുള്ള ആളായി അവർക്ക് തോന്നിയിട്ടാകാം. ഞാൻ അവരുടെ കുമ്പസാരം കേട്ടു. എനിക്ക് അറിയാവുന്ന കാര്യങ്ങൾ എന്റെ വ്യക്തിപരമായ അനുഭവങ്ങൾ അവരുമായി പങ്കുവച്ചു. ഇതിനകം അവർ വൈദികരായി. തുറന്നു സംസാരിക്കുവാൻ നല്ല ആത്മീയ പിതാക്കന്മാർ ഇല്ലെങ്കിൽ സെമിനാരിക്കാർ മുഖംമൂടി ധരിച്ച് വൈദികപരിശീലനം പൂർത്തിയാക്കും. അവർ യഥാർത്ഥ വ്യക്തിത്വത്തിന്റെ ഉടമകളായിരിക്കുകയില്ല. എന്തു പ്രശ്നമുണ്ടെങ്കിലും സ്നേഹത്തോടെ സാവകാശം കേൾക്കുന്ന ആത്മീയ പിതാക്കന്മാർ പൂനയിൽ എനിക്കു ലഭിച്ചത് വലിയ ഭാഗ്യം തന്നെ.

എൻ.വി.എസ്സിൽ ദൈവവിളി മാർഗദർശനത്തിന് ശ്രദ്ധിക്കേണ്ട പല കാര്യങ്ങളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുവാൻ സാധിച്ചു. ഇന്ത്യയിൽ പല ഭാഗത്തുനിന്നും വൈദികരും സിസ്റ്റേഴ്സും മുപ്പതിൽപരം ആളുകൾ ഈ കോഴ്സിൽ സംബന്ധിച്ചു. 1963-ൽ പേപ്പൽ സെമിനാരിയോട് വിടപറഞ്ഞു പോന്നശേഷം വീണ്ടും എന്റെ അമ്മവീട് സന്ദർശിക്കുവാൻ അവസരം കിട്ടി. 25 വർഷം പിന്നിട്ടെങ്കിലും സെമിനാരിയിൽ അന്നുണ്ടായിരുന്ന പല വൈദികരെ കാണാൻ സാധിച്ചു. കൂൾമാൻ, സബീനോ മസ്ക്കെരാനസ് തുടങ്ങിയ വൈദികരെ കണ്ടു. സെമിനാരിയുടെ അന്തരീക്ഷം വളരെ വ്യത്യസ്തമായിരുന്നു. ആരും ളോഹ ധരിച്ചിരുന്നില്ല. മുമ്പ് കളിസമയത്ത് ഒഴികെ എപ്പോഴും കുപ്പായം ധരിച്ചിരുന്നു.

വൈദികനായി 25 വർഷം പിന്നിടുമ്പോൾ ചെറിയരീതിയിൽ അതിന്റെ രജതജൂബിലി നടത്താൻ നിശ്ചയിച്ചു. വളരെ ആഘോഷമായി

www.malankaralibrary.com


എന്റെ ഇടവകപ്പള്ളിയിൽ ജൂബിലി നടത്തുവാനുള്ള സാമ്പത്തികശേഷി എനിക്കില്ല. അന്ന് ചുമതല നോക്കുന്ന വാഴമുട്ടത്ത് വച്ച് ജൂബിലി നടത്തുവാൻ തീരുമാനിച്ചു. ഗ്രിഗോറിയോസ് പിതാവ് സ്ഥലത്തില്ലാഞ്ഞതിനാൽ ലോറൻസ് മാർ അപ്രേം പിതാവിനെ ക്ഷണിച്ചു. ഉച്ചകഴിഞ്ഞ് പള്ളിയിൽ വിശുദ്ധ കുർബാന, അത് കഴിഞ്ഞ് പള്ളിമുറ്റത്ത് ചെറിയ മീറ്റിംഗ്. മണ്ണിക്കരോട്ട് അച്ചൻ (കോർഎപ്പിസ്കോപ്പാ) പത്തനംതിട്ട പള്ളിയിൽ വികാരിയാണ്. മീറ്റിംഗിൽ കളക്ടറെ വിളിക്കണമെന്ന് അച്ചൻ പറഞ്ഞു. ഈ ചെറിയ കാര്യത്തിന് കളക്ടറെ എന്തിന് വിളിക്കണമെന്ന് പറഞ്ഞപ്പോൾ അച്ചൻ പറഞ്ഞു, ‘അച്ചാ, അച്ചനുവേണ്ടിയല്ല വൈദികസ്ഥാനത്തിന്റെ മഹത്ത്വം മറ്റുള്ളവർ അറിയണം അതിനായി സമൂഹത്തിലെ വി.ഐ.പികളെ ക്ഷണിക്കുന്നത് നല്ലതാണെന്ന്.’ കളക്ടർ ഒരു കത്തോലിക്കനായിരുന്നു. ഇടവകക്കമ്മിറ്റി മുറ്റത്ത് സ്റ്റേജ് ക്രമീകരണങ്ങൾ ചെയ്തു. 750 പേർക്ക് ലഘുഭക്ഷണം കവറുകളിൽ ക്രമപ്പെടുത്തി. എന്റെ സഹോദരനും കുടുംബവും നേരത്തെവന്നു എല്ലാം ക്രമപ്പെടുത്തി. ഞാൻ ചുമതല വഹിച്ച മുൻ ഇടവകകളിൽനിന്ന് പ്രതിനിധികളായി കുറെപ്പേർ എത്തി. വൈദികരും സിസ്റ്റേഴ്സും ഉണ്ടായിരുന്നു. എന്റെ അച്ചായന്റെ കൊച്ചുമകൾ സിസിലി മീറ്റിംഗിൽ ഒരു ഡാൻസ് നടത്തി. സിസിലി ഇപ്പോൾ സിസ്റ്റർ സിസ്സി എസ്.ഐ.സി.യാണ്. കളക്ടർ, മാർ അപ്രേം തിരുമേനി, അടുത്തുള്ള ഓർത്തഡോക്സ് പള്ളിവികാരി എന്നിവരെല്ലാം മീറ്റിംഗിൽ സംബന്ധിച്ച് അനുമോദനം അറിയിച്ചു. വിശുദ്ധ കുർബാന സമയത്ത് ഞാൻ ഒത്തിരി വികാരാധീനനായിരുന്നു. 25 വർഷം വൈദികജീവിതത്തിൽ എന്നെ കാത്തുപരിപാലിച്ച കർത്താവിന്റെ കരുതലും സ്നേഹവും ഓർമ്മയിൽ നിറഞ്ഞു. കുർബാന സമയത്ത് സെദറ ധ്യാനപൂർവ്വം ചൊല്ലുമ്പോൾ പലപ്പോഴും കണ്ണുനീർ വരും. അത് നിയന്ത്രിച്ചില്ലെങ്കിൽ കുർബാന തുടരാൻ സാധിക്കുകയില്ല. അതുകൊണ്ട് വികാരം ബോധപൂർവ്വം നിയന്ത്രിക്കും. ഹാശായാഴ്ചയിലെ പ്രാർത്ഥനയിലും ശുശ്രൂഷയിലും ദിവ്യനാഥന്റെ സ്നേഹബലിയോർത്ത് ഞാൻ കരഞ്ഞിട്ടുണ്ട്. കർത്താവിന്റെ അനുപമസ്നേഹവും എന്റെ ബലഹീനതകളും പാപങ്ങളുമോർക്കുമ്പോൾ സന്തോഷത്തിന്റെയും സങ്കടത്തിന്റേതുമായ കണ്ണുനീർ ഞാൻ അറിയാതെ വന്നുപോകുന്നു. ഇത് എന്തെങ്കിലും മാനസിക വൈകല്യം ആണോ എന്ന് ഞാൻ ഒരിക്കൽ ആത്മീയഗുരുവിനോട് ചോദിച്ചു. “കണ്ണുനീർ ദൈവം തരുന്നത് കരയാനാണ്. ധ്യാനിക്കുമ്പോൾ കരച്ചിൽ വരുന്നത് ദൈവംതരുന്ന കൃപയാ

www.malankaralibrary.com


ണെന്ന് അദ്ദേഹം പറഞ്ഞു." വിശുദ്ധ കുർബാന ആരംഭിക്കുന്നതിനുമുമ്പ് കുരിശിൽ കിടക്കുന്ന കർത്താവിനെയും ചുവട്ടിൽനിൽക്കുന്ന പരിശുദ്ധ അമ്മയെയും മനസ്സിൽ ധ്യാനിക്കും. "അമ്മേ, നിന്റെ തിരുക്കുമാരന്റെ ദിവ്യബലിയിൽ പങ്കാളിയാകാൻ പാപിയായ എനിക്കുവേണ്ടി പ്രാർത്ഥിക്കണെ" എന്ന് എന്നും പറയാറുണ്ട്. വിശുദ്ധ കുർബാന വേഗത്തിൽ യാന്ത്രികമായി ചൊല്ലിത്തീർക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. മണിക്കൂറുകൾ ധ്യാന നിമഗ്നനായി വിശുദ്ധ കുർബാന സമയം പ്രാർത്ഥിച്ച വിശുദ്ധ പാദ്രേ പിയോയുടെ ജീവചരിത്രം എന്നെ കോൾമയിർ കൊള്ളിച്ചിട്ടുണ്ട്. ആ വിശുദ്ധനുമായി താരതമ്യപ്പെടുത്തുവാനുള്ള യോഗ്യതയൊന്നും എനിക്കില്ല.

ബഹുമാനപ്പെട്ട മാത്യു ഏഴാനിക്കാട്ട് അച്ചൻ വാഴമുട്ടം ഇടവകയിൽ ഒരു ഹോൾ പണിയാനുള്ള തറ ഇട്ടിരുന്നു. സാമ്പത്തിക പരാധീനത കാരണം, പണി തുടരാതെ കിടക്കുകയായിരുന്നു. മദർ തെരേസയുടെ പ്രവർത്തനം പഠിക്കുവാനായി ജർമ്മനിയിൽ നിന്നുവന്ന ഒരു യുവതി, കുറെ ദിവസങ്ങൾ സ്നേഹഭവനിൽ താമസിച്ചു. ഈ യുവതി ഒരു ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്ക് വാഴമുട്ടം പള്ളിയിൽ വന്നു. പണം ഇല്ലാത്തതുകൊണ്ട് പണി തീർക്കാതെ കിടക്കുന്ന ഹോളിന്റെ കാര്യം യുവതി നേരിട്ടുകണ്ടു. "ഞാൻ സഹായിക്കാൻ ശ്രമിക്കാം," എന്നു പറഞ്ഞു. യുവതി ജർമ്മനിയിലുള്ള അമ്മയ്ക്കും സഹോദരനുമെഴുതി. സഹോദരൻ മെഡിസിൻ പഠനത്തിലായിരുന്നു. അവർ ഇരുപതിനായിരം രൂപയോളം ശേഖരിച്ച് രണ്ട് തവണയായി എനിക്കയച്ചുതന്നു.

05.01.1988-ൽ ബഹുമാനപ്പെട്ട ജോസഫ് താഴത്തുവീട്ടിൽ അച്ചനെ വാഴമുട്ടത്തിന്റെ ചുമതല ഏൽപ്പിച്ച കത്തു കിട്ടി. അച്ചൻ പുന്നമൂട്ടിലെ വികാരിയായിരുന്നു. വിശ്രമജീവിതം വേണമെന്ന് പറഞ്ഞതിനാൽ അദ്ദേഹം സ്നേഹഭവനിൽ താമസിച്ചുകൊണ്ട്, വാഴമുട്ടം പള്ളിയുടെ ചുമതല വഹിക്കുവാനായിരുന്നു നിയമനം. എനിക്ക് ഇലന്തൂർ പള്ളിയിലേക്ക് സ്ഥലംമാറ്റം തന്നു. കരിമ്പേക്കൽ ഇടവകയുടെ ചുമതലയും ഉണ്ടായിരുന്നു. രണ്ടരവർഷത്തോളം ഞാൻ സ്നേഹഭവനിൽ താമസിച്ചു. അവിടെ എല്ലാവരോടും പ്രായമായ അപ്പച്ചന്മാർ അമ്മച്ചിമാർ ഉൾപ്പെടെ സ്നേഹമായി പെരുമാറി. സിസ്റ്റേഴ്സ് എല്ലാവരും എന്നോട് നല്ല രീതിയിൽ പെരുമാറി. വേണ്ടതായ സഹായമെല്ലാം ചെയ്തുതന്നു. രണ്ടര വർഷവും ആഹാരത്തിന് പണമൊന്നും അവർ സ്വീകരിച്ചില്ല. അതുകൊണ്ട് എന്റെ കൈയ്യിൽ കുറെ പണം സ്വരൂപിക്കുവാൻ സാധിച്ചു. തെരേസാ, ഗ്രേസ്

www.malankaralibrary.com


എന്നു പേരുകളുള്ള രണ്ടു സഹോദരിമാർ തുണസഹോദരികളായി അവിടെ വന്നു. അവർ ആ സ്ഥാപനത്തിൽ പ്രായമായവരെ നോക്കുവാൻ വലിയ സഹായമായിരുന്നു. അവർ വിശുദ്ധ കുർബാന മുമ്പാകെ ഒത്തിരി പ്രാർത്ഥിക്കുന്നവരാണ്. അവർക്ക് എന്നോട് വലിയ സ്നേഹവും ബഹുമാനവുമാണ്. അവർ ഇപ്പോഴും എന്റെ നാമഹേതുകത്തിരുന്നാളിനും തിരുപ്പട്ടവാർഷികത്തിനും ആശംസകളും പ്രാർത്ഥനകളും മുടങ്ങാതെ അയച്ചുതരുന്നു. സിസ്റ്റർ മേഴ്സിറ്റാ എന്ന പേര് പിന്നീട് സ്വീകരിച്ച ഒരു നോവിസ് അവിടെ കുറേക്കാലമുണ്ടായിരുന്നു. ഒരു കൊച്ചുസിസ്റ്ററിന് വേണ്ടതായ പ്രോത്സാഹനവും ഉപദേശവും ഞാൻ കൊടുത്തിട്ടുണ്ട്. ദൈവവിളിയിൽ പതറിയ നിമിഷങ്ങളിൽ എന്റെ അവസരോചിതമായ നിർദ്ദേശങ്ങൾ സിസ്റ്ററിന് ഒത്തിരി ശക്തി നൽകി. സി. മേഴ്സിറ്റാ ദൂരെ മഠത്തിലാണെങ്കിലും എന്നോട് ഒരു പിതാവിനോട് എന്ന രീതിയിൽ സ്നേഹമാണ്. ആണ്ടിലൊരിക്കൽ ക്രിസ്മസ് സമയത്ത് എഴുതാറുണ്ട്. അച്ചന്റെ മോൾ മേഴ്സിറ്റാ എന്നാണ് കത്തിൽ സിസ്റ്റർ ഇപ്പോഴും എഴുതുന്നത്. നിഷ്ക്കളങ്കമായ ക്രിസ്തീയ സ്നേഹത്തിൽ ഒരു വൈദികന് ലഭിക്കുന്ന ആത്മീയമക്കൾ; അവർ സന്യസ്തരോ അല്ലാത്തവരോ ആയിക്കൊള്ളട്ടെ. ദൈവത്തിന്റെ ദാനമാണ്. അങ്ങനെതന്നെ അവരെ സംരക്ഷിക്കണം. വാഴമുട്ടം ഇടവകയുടെ ചുമതലവിട്ട് ഇലന്തൂർ പോകുമ്പോൾ ജർമ്മനിയിൽനിന്നും യുവതി വഴി കിട്ടിയ ഇരുപതിനായിരം രൂപ കൈക്കാരനെ ഏൽപ്പിച്ചു. ഞാൻ എഴുത്തുകുത്തു നടത്തിയ പോസ്റ്റേജ് പോലും എടുത്തിട്ടില്ല. ഈ തുക കിട്ടിയ വിവരം നേരത്തെ പള്ളിയിൽ ആരോടും പറഞ്ഞില്ല. ഈ തുക കിട്ടിയപ്പോൾ ബാക്കി തുകകൂടി സമാഹരിച്ച് ഹോൾ അവർ പൂർത്തിയാക്കി. പിന്നീട് അതിനു മുകളിൽ വികാരിക്ക് താമസിക്കുവാൻ വൈദികമന്ദിരവും പണിതു.

1988-ൽ ജനുവരിയിൽ ഞാൻ ഇലന്തൂർ പള്ളിയുടെ ചുമതല ഏറ്റെടുത്തു. ബഹുമാനപ്പെട്ട തോമസ് കൈതനാൽ അച്ചൻ അന്ന് അവിടെ താമസം ഉണ്ട്. പുളിന്തിട്ട ഇടവകയുടെ ചുമതല ബഹുമാനപ്പെട്ട കൈതനാൽ അച്ചനായിരുന്നു. ബഹുമാനപ്പെട്ട മാത്യു ഇലഞ്ഞിക്കൽ അച്ചനിൽ നിന്നാണ് ഞാൻ ചുമതല എടുത്തത്. അച്ചൻ എന്റെ ഒരുവർഷം ജൂനിയർ ആയി പൂനയിൽ പഠിച്ചതാണ്. അദ്ദേഹം ഇലന്തൂരിൽനിന്നു പുന്നമൂട് ഇടവകയിലേക്ക് പോയി. ഞാൻ ഇലന്തൂരിൽ വന്ന ആദ്യ ഞായറാഴ്ച വിശുദ്ധ കുർബാന കഴിഞ്ഞ് കൈമുത്ത് നടത്തിക്കൊ

www.malankaralibrary.com


ണ്ടിരുന്നപ്പോൾ പള്ളിമുറ്റത്ത് വലിയ ബഹളം; ഉന്തു തള്ളും, വാടാ, പോടാ വിളിയും. അതു ദഹിക്കുവാൻ എനിക്ക് പ്രയാസം തോന്നി. ഇലഞ്ഞിക്കൽ അച്ചന്റെ സമയത്തുണ്ടായ ഏതോ അഭിപ്രായ വ്യത്യാസം. ആ ഞായറാഴ്ച വിശുദ്ധ കുർബാന കഴിഞ്ഞ് ഉച്ചയോടുകൂടിയാണ് അച്ചനെ പുന്നമൂട്ടിൽ കൊണ്ടുവിടുന്നത്. പിന്നീട് പൊതുയോഗം ഞാൻ വിളിച്ചുകൂട്ടി. കാര്യങ്ങൾ രമ്യതയിലാക്കി.

ഇലന്തൂരിൽ കൈതനാൽ അച്ചനോടൊപ്പം താമസിച്ചു. നാലര വർഷത്തോളം സ്നേഹത്തോടും ബഹുമാനത്തോടും കൂടിയാണ് അദ്ദേഹത്തോടൊപ്പം താമസിച്ചത്. അദ്ദേഹത്തിന്റെ ചില പെരുമാറ്റങ്ങൾ എനിക്ക് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. ഇടവകയിൽ കൂട്ടുപിടിച്ച് എനിക്ക് പ്രയാസമുണ്ടാക്കുന്ന രീതിയിൽ അദ്ദേഹം സംസാരിക്കുമായിരുന്നു. അതു മാനസികരോഗം എന്ന നിലയിൽ എത്തിയിരുന്നു. ദിവസവും ഒന്നും രണ്ടും തവണ എന്റെ അടുത്ത് കുമ്പസാരിക്കാൻ വരുമായിരുന്നു. ഇത് മനസ്സിനുണ്ടാകുന്ന ഒരു ബലഹീനതയാണ്. ഞാൻ അച്ചനെ ഒരു ഹോമിയോ ഡോക്ടറിനെ കാണിച്ച് വിവരം പറഞ്ഞു. ഡോക്ടർ നൽകിയ മരുന്ന് കൈതനാൽ അച്ചനെ ഈ മേഖലയിൽ ഒത്തിരി സുഖപ്പെടുത്തി. ദൈവത്തിന് സ്തോത്രം. ഞാൻ അച്ചനുമായി വളരെ പൊരുത്തപ്പെട്ട് സന്തോഷമായി ജീവിച്ചു.

എന്റെ ആരോഗ്യം അത്ര തൃപ്തികരമല്ലായിരുന്നു. നടുവിനു വേദന ഉണ്ടായിരുന്നു. ഇരുചക്രവാഹനം ഓടിക്കാതിരിക്കുന്നതാണ് നല്ലതെന്നു ഡോക്ടർ പറഞ്ഞു. കുർബാന സമയത്ത് ഇരുന്നു ഞാൻ വചനം പ്രസംഗിച്ചു. രണ്ടാം കുർബാനയ്ക്ക് കരിമ്പേക്കല്ലിൽ പോയിരുന്നു. ഭൂരിപക്ഷവും വളരെ പാവപ്പെട്ടവർ. ആറ് ഏഴ് വീടുകൾ ഉയർന്ന കുന്നിലായിരുന്നു. വീടുകളിൽനിന്ന് ഉച്ചയൂണ് ഞായറാഴ്ച കൊണ്ടുവരുമായിരുന്നു. താളിക്കുഴിയിൽ ജോൺ സാറിന്റെ വീട്ടിൽനിന്നു ചോറുണ്ണുകയും അവിടെ വിശ്രമിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം സാമ്പത്തിക ഭദ്രതയുള്ള ആളായിരുന്നു. സാറും ഭാര്യയും ഇതിനകം മരിച്ചുപോയി. സാറിന്റെ മകൻ ഗോവയിൽ കോളജ് പ്രൊഫസർ ആയിരുന്നു. അദ്ദേഹം ഹാർട്ട് അറ്റാക്കായി മരിച്ചു. പള്ളിയിൽ വന്നു ഞാൻ കണ്ടിട്ടുണ്ട്. സഹോദരി വകയാർ ഇണ്ടിക്കാട്ടിൽ സ്കറിയായുടെ ഭാര്യയാണ്. പള്ളിക്കാര്യത്തിൽ സജീവപ്രവർത്തകനാണ് മത്തായിച്ചൻ, കരിമ്പേക്കൽ. അടുത്തകാലത്ത് അദ്ദേഹത്തിന്റെ ഏകമകൻ സാബു, കാൻസർ വന്നുമരിച്ചു. എന്റെ അൾത്താര ബാലൻ ആയിരുന്നു. നല്ല ചെറുപ്പക്കാരൻ, വിവാഹം കഴിച്ച്

www.malankaralibrary.com


രണ്ട് മക്കളുണ്ടായിരുന്നു. ഗൾഫിൽ ചെറിയ ജോലിയിലായിരുന്നു. മത്തായിച്ചന്റെയും സാബുവിന്റെ ഭാര്യയുടെയും ചിറകൊടിഞ്ഞ ദുഃഖസംഭവമാണ് ഇത്.

ഞാൻ ചെന്നശേഷം ക്രിസ്മസ് കരോൾ ക്രമപ്പെടുത്തി. ഇടവകയിൽ കരോളിന് ഇറങ്ങാൻ കുട്ടികളും യുവജനങ്ങളും കൂടുതൽ പേരില്ലായിരുന്നു. വൃദ്ധരായ പുരുഷന്മാരും സ്ത്രീകളും ഉൾപ്പെടെ എല്ലാവരുംകൂടി കൂട്ടമായി എല്ലാ വീടുകളിലും പോയി കരോൾ ഗാനങ്ങൾ പാടിയത് എനിക്ക് പുതിയ അനുഭവമായിരുന്നു. ഞാൻ ഞായറാഴ്ച പള്ളിയിൽ കൊണ്ടുവരുന്ന ഊണ് കഴിച്ച ഇലയിൽത്തന്നെ ചോറുണ്ണാൻ കൊതിച്ചിരുന്ന ഒരു കൊച്ചുമകൾ അവിടെയുണ്ടായിരുന്നു. ഇപ്പോൾ ആ മകൾ എം.എസ്.സി. കഴിഞ്ഞ് വിവാഹിതയായി.

കരിക്കിൻവില്ല കൊലക്കേസിൽ പ്രതിയായ റെനി (മദ്രാസിലെ മോൻ) പരോളിൽ ഇറങ്ങിയ സമയം. മാർത്തോമ്മാസഭയിലെ യുവജനങ്ങൾ റെനിയുടെ ജീവിതസാക്ഷ്യം പറയുവാൻ ഒരു സമ്മേളനം കരിമ്പേക്കൽ നമ്മുടെ പള്ളിമുറ്റത്ത് ക്രമപ്പെടുത്തി. കഞ്ചാവിന്റെ അടിമയായി തിന്മയുടെ വഴിത്താരയിൽ സഞ്ചരിച്ച് സ്വന്തപ്പെട്ടവരെ പണത്തിനായി കൊന്ന റെനിക്ക് ജയിലിൽവച്ചുണ്ടായ മാനസാന്തരത്തിന്റെ കഥ അവിടെ ഹൃദയസ്പർശിയായ രീതിയിൽ അവതരിപ്പിച്ചു. ദൈവത്തിന്റെ കൃപയ്ക്ക്, ദൈവാത്മാവിന്റെ സ്പർശനത്തിന് ഏതു കൊടുംപാപിയേയും വിശുദ്ധിയിലേക്ക് കൈപിടിച്ച് നടത്തുവാൻ സാധിക്കുന്നുവെന്ന അത്ഭുതം. ഇത്തരം മറ്റ് അത്ഭുതങ്ങൾ സഭയുടെ ചരിത്രത്തിൽത്തന്നെ കാണാൻ കഴിയും. 33 വർഷംവരെ ഭോഗാസക്തിയുടെ നീർക്കയത്തിൽ മുങ്ങിക്കുളിച്ച അഗസ്റ്റിൻ മാനസാന്തരപ്പെട്ട് വിശുദ്ധ അഗസ്റ്റിൻ ആയി, സഭയിലെ ഒരു മികച്ച ദൈവശാസ്ത്രജ്ഞനായി മാറിയ സംഭവം നമ്മെ കോരിത്തരിപ്പിക്കുന്നതാണ്. വിശുദ്ധ അഗസ്റ്റിന്റെ ആത്മകഥ എല്ലാവരും വായിക്കേണ്ട പുസ്തകമാണ്. റെനി നവീകരണാനുഭവത്തിൽ വളർന്ന് ഇപ്പോൾ ബാംഗ്ലൂരിൽ പ്രേഷിതപ്രവർത്തനം നടത്തുന്നു.

കരിമ്പേക്കൽ ഒരു മാർത്തോമ്മാ സഭാവിശ്വാസിയുടെ മുറ്റത്ത് ക്രമപ്പെടുത്തിയ വേദിയിൽ ഒരു സുവിശേഷപ്രസംഗം നടത്തുവാൻ അവർ എന്നെ ക്ഷണിച്ചു. എനിക്ക് ക്ഷീണമുണ്ടായിരുന്നിട്ടും പോയി പ്രസംഗിച്ചു. ഒന്നരമണിക്കൂർ സമയം മർക്കോസിന്റെ സുവിശേഷം 5-ാം അധ്യായത്തിൽ പിശാച് ബാധിച്ച മനുഷ്യനെ കർത്താവ് ബന്ധനത്തിൽനിന്ന് മോചിപ്പിച്ച സംഭവം പ്രസംഗവിഷയം ആയിരുന്നു. ശക്ത

www.malankaralibrary.com


മായി ആത്മാവിൽ നിറവുള്ളതായി എനിക്ക് സംസാരിക്കാൻ കർത്താവ് ശക്തി തന്നു. മാർത്തോമ്മാക്കാരും പെന്തക്കോസ്തുകാരും ഉൾപ്പെടുന്ന നല്ല ജനക്കൂട്ടം സന്നിഹിതരായിരുന്നു. വൈദികർ ഇങ്ങനെ വചനം സംസാരിക്കുന്നതും ഹൃദയത്തെ തൊട്ടുണർത്തുന്നതുമായ രീതിയിൽ പ്രസംഗിച്ചു കേട്ടിട്ടില്ലായെന്ന് അകത്തോലിക്കരായ പലരും പിന്നീട് എന്നോട് പറഞ്ഞു. ദൈവത്തിന് സ്തോത്രം. എന്റെ കഴിവല്ല, കർത്താവിന്റെ കൃപമാത്രം. ഒരുപക്ഷേ അവർ നല്ല കത്തോലിക്കാ വചനപ്രഘോഷകരെ മുമ്പ് കേട്ടുകാണുകയില്ല. ഇതുപോലെ ഇലന്തൂർ മാർത്തോമ്മാ വലിയപള്ളി, നെല്ലിക്കാല മാർത്തോമ്മാ പള്ളികളിൽ എന്നെ വിളിച്ച് അവിടെ സുവിശേഷപ്രസംഗം നടത്തുവാൻ അവസരം കിട്ടി. ഞാൻ മറ്റ് സഭാവിശ്വാസികളോട് സ്നേഹമായിട്ടാണ് എല്ലായിടത്തും പെരുമാറിയിട്ടുള്ളത്.

ഇലന്തൂർ ഇടവകയിൽ പതിവായി എല്ലാവീടുകളും സന്ദർശിച്ചുകൊണ്ടിരുന്നു. മൺകട്ടകൊണ്ടുമാത്രം ചെറിയ വീടുകളിൽ കുറെ വീടുകളിൽ ഭിത്തിക്കും തറയിലും സിമന്റ് പൂശിക്കൊടുക്കുവാൻ സഹായിച്ചു. പാവപ്പെട്ട ഒരാൾക്ക് ഒരു വീട് വച്ചുകൊടുത്തു. സ്ഥിരമായി മദ്യപിക്കുന്ന കുറെപ്പേർ ഇലന്തൂർ പള്ളിയിൽ ഉണ്ടായിരുന്നു. മദ്യപാനത്തിന്റെ ദോഷഫലങ്ങളെപ്പറ്റി പള്ളിയിൽ പറയുമ്പോൾ ഇവർ പുറകിലുള്ള നിരയിലിരുന്നു പിറുപിറുക്കുമായിരുന്നു. മദ്യാസക്തിയുള്ളവർ ഇപ്രകാരമുള്ള പ്രസംഗങ്ങൾ കേൾക്കാൻ ഇഷ്ടപ്പെടാറില്ല. ഇങ്ങനെ പറയുന്നവരോട് അവർക്ക് വെറുപ്പാണ്. ഇതിൽ ഒരു മദ്യപാനി ഒരു ശനിയാഴ്ച സന്ധ്യയ്ക്ക് പള്ളിയുടെ അടുത്തുള്ള ചെറിയ കുരിശ്ശടിയിൽ മാതാവിന്റെ പടത്തിനു മുൻപിൽ വന്നു പ്രാർത്ഥിച്ചു. കുറെക്കഴിഞ്ഞ് എന്നെ ചീത്തവിളിക്കുവാൻ തുടങ്ങി. പിന്നീട് കൈതനാൽ അച്ചനെയും. മുറി അടച്ച് കേൾക്കേണ്ട എന്നു ചിന്തിച്ചിരുന്നു. ഞായറാഴ്ച വി. കുർബാനയ്ക്ക് പ്രസംഗം പറയാനുള്ള വിഷയത്തെപ്പറ്റി ധ്യാനിക്കുകയായിരുന്നു. ചീത്തവിളി കൂടി, മദ്യപാനി കൈതനാൽ അച്ചന്റെ മുറിക്കടുത്ത് കതകിൽ വന്ന് തൊഴിച്ചു. കതകിൽ ശക്തിയായി തൊഴിക്കുന്ന ശബ്ദം കേട്ട് കൈതനാൽ അച്ചൻ ചാടിയെഴുന്നേറ്റു. പ്രായമായെങ്കിലും ആജാനുബാഹുവായ അച്ചൻ ഒരു വടിയെടുത്ത് അയാളുടെ തോളത്ത് അടിച്ചു. ബഹളംകേട്ട് റോഡിൽ കാപ്പിക്കട നടത്തുന്ന പള്ളിയിലെ ഒരാൾ ഓടിയെത്തി. പിന്നീട് പലരും വന്നു. എല്ലാവരും പോയി അദ്ദേഹത്തെ പിടിച്ചുകൊണ്ട് വീട്ടിൽപോയി. ആരും ഉപദ്രവിക്കരുതെന്ന് ഞങ്ങൾ പറഞ്ഞു.

www.malankaralibrary.com


അച്ചന്മാർക്ക് മദ്യപാനികൾ മൂലം സ്വൈര്യമായി ജീവിക്കുവാൻ പ്രയാസമാണ് എന്നുള്ള വിവരം ഞാൻ പള്ളിയിൽ പറഞ്ഞു. കമ്മറ്റിക്കാർ മദ്യപാനിയുടെ വീട്ടിൽപോയി ആളിനെ എന്റെ അടുത്തു കൊണ്ടുവന്നു. "എന്റെ അച്ചന്മാരെ ഞാൻ ഒന്നും പറഞ്ഞില്ല. പറയത്തില്ല" എന്നു അയാൾ പറഞ്ഞു. "നീ കുടിക്കാതിരുന്നാൽ കൊള്ളാം," എന്ന് ഞാൻ പറഞ്ഞു. മദ്യത്തിന്റെ അടിമ ആയാലുള്ള പ്രശ്നം. കുറച്ചുനാൾ കഴിഞ്ഞ് കരൾവീക്കം വന്ന് ഈ വ്യക്തി മരിച്ചു. എത്രയോ കുടുംബങ്ങൾ മദ്യപാനംമൂലം കണ്ണുനീരിൽ കഴിയുന്നു.

ഇലന്തൂരിൽ അനുഗ്രഹപ്രദമായ ഒരു കരിസ്മാറ്റിക് ധ്യാനം നടത്തിയ വിവരം നേരത്തെ സൂചിപ്പിച്ചിരുന്നു. ഫാ. ജോയി ചിറ്റൂരിന്റെ നേതൃത്വത്തിലായിരുന്നു ധ്യാനം. ധ്യാനത്തിന്റെ അഞ്ചു ദിവസവും ഞാൻ ശരിയായി വെള്ളം കുടിക്കുകയോ ആഹാരം കഴിക്കുകയോ ചെയ്തില്ല. ഇടവകകളിൽ തിരുനാൾ പോലെയുള്ള പൊതുപരിപാടികളിൽ മുഴുവൻ സമയവും മുഴുകുന്നതിനാൽ സമയത്ത് ആഹാരവും ജലപാനവും നടത്താൻ എനിക്ക് സാധിക്കാറില്ലായിരുന്നു. എന്റെ ശ്രദ്ധ മുഴുവനും പരിപാടി വിജയിച്ചു കാണാനാണ്. ഇലന്തൂർ ധ്യാനം കഴിഞ്ഞ് ഒരു ദിവസം കഴിഞ്ഞപ്പോൾ എനിക്ക് ശക്തമായ വയറുവേദന. നടക്കുവാനോ ഇരിക്കുവാനോ കിടക്കുവാനോ വയ്യാത്ത അവസ്ഥ. കുറെ ഛർദ്ദിച്ചു. തീരെ വയ്യാത്ത സാഹചര്യത്തിൽ ഇടവകയിലെ രണ്ട് യുവജനങ്ങൾ എന്നെ പത്തനംതിട്ട കുര്യന്റെ ആശുപത്രിയിലാക്കി. വേദനയാൽ ഒരുപോള കണ്ണടയ്ക്കാൻ സാധിക്കാതെ നേരം വെളുപ്പിച്ചു. വിവരം സ്നേഹഭവനിലെ സിസ്റ്റേഴ്സ് അറിഞ്ഞ് എന്നെ തുവയൂർ ആശുപത്രിയിലാക്കി. മൂത്രത്തിൽ കല്ലാണെന്ന് ഡോക്ടർ പറഞ്ഞു. ഒരാഴ്ച അവിടെ കിടന്നു. എന്റെ ക്ഷീണാവസ്ഥയിൽ കുറെ ദിവസം വിശ്രമിക്കാൻ എന്റെ ബ്രദർ എന്നെ തിരുവനന്തപുരത്ത് കൊണ്ടുപോയി. അവിടെ ഒരു രാത്രി ഉറങ്ങാൻ കിടന്നപ്പോൾ 11 മണിക്ക് ശരീരം പെരുത്തുവരുന്ന അനുഭവം. നാവിൽ ഈ അനുഭവം. തീരെ നിവർത്തിയില്ലാതെ വന്നപ്പോൾ ഞാൻ വിവരം എന്റെ ബ്രദറിനെ അറിയിച്ചു. സഹോദരന്റെ മകൾ സെലീന എം.ബി.ബി.എസ്. പഠിക്കുന്ന കാലം. അവൾ ബി.പി. നോക്കി വളരെ കൂടുതൽ ആളെന്ന് പറഞ്ഞു. പട്ടത്ത് എസ്.യു.ടി. ആശുപത്രിയിൽ എത്തിച്ചു. എന്നെ ഐ.സി.യുവിൽ പ്രവേശിപ്പിച്ചു. ബി.പി. എന്താണെന്ന് ഇതിനുമുമ്പ് ഞാൻ അറിഞ്ഞിട്ടില്ല. ഒരാഴ്ചയിൽ കൂടുതൽ അവിടെ കിടന്നു. പല മരുന്നുകൾ തന്നു, പ്രഷർ കുറഞ്ഞു.

www.malankaralibrary.com


പിന്നീട് എനിക്ക് സംസാരിക്കാൻ വയ്യാതായി. ശബ്ദം പുറത്തേക്ക് എടുക്കുമ്പോൾ ശ്വാസം കിട്ടാതെ ശരീരം തളരുന്ന അവസ്ഥ. അതു കുറെയൊക്കെ മാറി. ഇതിനുശേഷം എനിക്ക് ശബ്ദമുയർത്തി പ്രാർത്ഥിക്കുവാനോ പാടുവാനോ സാധിക്കാതെയായി. അതിനുമുമ്പ് നല്ല ഹൈപിച്ചിൽ വിശുദ്ധ കുർബാന ചൊല്ലുകയും പാടുകയും ചെയ്യുമായിരുന്നു. പിന്നീട് ഞാൻ പള്ളികളിൽ വിശുദ്ധ കുർബാന അർപ്പിക്കുമ്പോൾ ഓരോ ചെറിയ വാചകം കഴിഞ്ഞ് വായിൽക്കൂടി പെട്ടെന്ന് ശ്വാസം അകത്തേക്ക് വലിച്ചശേഷം മാത്രമേ അടുത്ത ഭാഗം ചൊല്ലാൻ സാധിച്ചിട്ടുള്ളൂ. ജനങ്ങൾ എല്ലാവരും എന്റെ ബുദ്ധിമുട്ട് മനസ്സിലാക്കിയിട്ടില്ല. ഇപ്പോഴും ശബ്ദം എടുക്കാനുള്ള പ്രയാസം തുടരുന്നു. രണ്ട് മൂന്ന് പേരിൽ കൂടുതൽ വ്യക്തികളുടെ കുമ്പസാരം കേട്ട് വേണ്ട ഉപദേശം നൽകിക്കഴിയുമ്പോൾ തുടർന്ന് സംസാരിക്കാൻ വയ്യാതെ ശരീരം തളരുന്നു. പൊതുപ്രാർത്ഥനകളിൽ എനിക്ക് ഇപ്പോഴും സജീവമായി പങ്കുകൊള്ളാൻ പ്രയാസമുണ്ട്. ഈ ക്ഷീണാവസ്ഥയിലാണ് എന്നെ മാവേലിക്കര ജില്ലാ വികാരിയായി പുതിയ കാവിലേക്ക് 05.06.1993-ൽ സ്ഥലംമാറ്റ കല്പന തന്നത്. ഇലന്തൂർ പള്ളി വിശുദ്ധ പാട്രിക്കിന്റെ നാമത്തിലുള്ളതാണ്. വിശുദ്ധ പാട്രിക്കിന്റെ ചിത്രം കേരളത്തിൽ എങ്ങും കണ്ടിട്ടില്ല. വിശുദ്ധന്റെ ഒരു ചിത്രം പള്ളിയിൽ വയ്ക്കണമെന്ന് എന്റെ ആഗ്രഹം. വിശുദ്ധൻ അയർലന്റിന്റെ വിശുദ്ധനാണ്. ഒരു ഐറീഷ് വൈദികൻ ഒരു മീറ്റിംഗിൽ സംബന്ധിക്കാൻ വന്നു. പ്രസ്തുത മീറ്റിംഗിൽ ഞാനും സംബന്ധിച്ചിരുന്നു. അദ്ദേഹത്തിന് ഞാൻ എഴുതി, വിശുദ്ധ പാട്രിക്കിന്റെ ഒരു ചിത്രം അയച്ചുതരണമെന്ന്. അച്ചൻ ഒരു ചിത്രം അയച്ചുതന്നു. ഞാൻ ആ പടം ചങ്ങനാശ്ശേരിയിൽ ഒരു ചിത്രമെഴുത്തുകാരന്റെ പക്കൽ ഏൽപ്പിച്ച് ഓയിൽപെയിന്റിൽ വിശുദ്ധന്റെ ഒരു വലിയ പടംവരപ്പിച്ച് ഇലന്തൂർ പള്ളിയിൽ സ്ഥാപിച്ചു. ഇതിന്റെ ചെലവ് ഞാൻ പള്ളിയിനിന്ന് എടുത്തിട്ടില്ല. പണം ഞാൻ മുടക്കി.

മാവേലിക്കര, പുതിയകാവ്, ചെന്നിത്തല ഇടവകകളുടെ ചുമതലയാണ് എനിക്ക് തന്നത്. വളരെ കുറച്ചുവീട്ടുകാർ മാത്രമുള്ള ഇടവകയാണ് പുതിയകാവ്. മാർ ഈവാനിയോസ് പിതാവിന്റെ ജന്മവീട് ഈ ഇടവകയിലാണ്. പള്ളിക്ക് വളരെ സമീപത്തായി 2000-ൽ പരം ഇടവകക്കാരുള്ള പുതിയകാവ് ഓർത്തഡോക്സ് ഇടവകയിൽപ്പെട്ട എം.എ. അച്ചൻ (മാർ ഈവാനിയോസ്) അവരുടെ സഭവിട്ട് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതിൽ ഉണ്ടായിരുന്ന അമർഷം ഇന്നുമുണ്ട്. അതുകൊണ്ട്

www.malankaralibrary.com


നമ്മുടെ സഭയ്ക്ക് ഇന്നും പുതിയകാവിൽ ശരിയായ വേരോട്ടം ഉണ്ടായിട്ടില്ല. കൂടാതെ പിതാവിന്റെ സഹോദരൻ മത്തായി പണിക്കർ, പിതാവ് ഏതെങ്കിലും വിദ്യാഭ്യാസസ്ഥാപനം പുതിയ കാവിൽ ആരംഭിക്കുന്നതിന് എതിരായിരുന്നു എന്നു കേട്ടിട്ടുണ്ട്. ഓർത്തഡോക്സ് സഭാമക്കളെ നമ്മുടെ സ്ഥാപനത്തിൽ പഠിപ്പിച്ച് വളർത്തേണ്ട എന്ന ഒരു വാശി മത്തായിപ്പണിക്കർക്കുണ്ടായിരുന്നു എന്ന് കേട്ടിട്ടുണ്ട്. ഈ എതിർപ്പ് സഹോദരനിൽനിന്ന് ഇല്ലായിരുന്നെങ്കിൽ പിതാവ് നമ്മുടേതായ സ്കൂളും കോളജും മാവേലിക്കരയിൽ തുടങ്ങുമായിരുന്നു എന്നാണെന്റെ ചിന്ത. എങ്കിൽ മലങ്കരസഭയ്ക്ക് അവിടെ നല്ല വ്യക്തിത്വം ലഭിക്കുമായിരുന്നു. മാർ ഈവാനിയോസ് പിതാവ് വരുമ്പോൾ വിശ്രമിക്കാനായി നിർമ്മിച്ച രണ്ട് നിലയുള്ള കെട്ടിടമാണ് വൈദികമന്ദിരം. രണ്ടാംനിലയുടെ അടിത്തട്ട് പലകപാകി നിർമ്മിച്ചതാണ്. മുകളിലത്തെ നിലയിൽ തട്ടിൻപുറം മരപ്പട്ടികളുടെ വിഹാരഭൂമിയായിരുന്നു. ഞാൻ പകൽസമയത്തും മരപ്പട്ടിയെ കണ്ടിട്ടുണ്ട്. രണ്ട് മരപ്പട്ടിയെ എന്റെ സമയത്ത് കുട്ടികൾ കുടുക്ക് വച്ച് പിടിച്ചുകൊണ്ടുപോയി, എനിക്ക് അതിന്റെ ഇറച്ചി വേണമോ എന്ന് ചോദിച്ചു. 'വേണ്ടാ' എന്ന് പറഞ്ഞു. അപൂർവ്വ ജീവികളെ പിടിക്കരുതെന്നുള്ള നിയമം അത്ര കർശനമാണെന്ന് അന്ന് എനിക്ക് അറിഞ്ഞുകൂടായിരുന്നു. അറിഞ്ഞിരുന്നെങ്കിൽ മരപ്പട്ടിയെ പിടിക്കാനുള്ള ഉദ്യമത്തെ ഞാൻ അനുവദിക്കുകയില്ലായിരുന്നു.

1994-ൽ കറ്റാനത്തുവച്ച് പുനരൈക്യ വാർഷികം നടത്തണമെന്ന് ലോറൻസ് മാർ എപ്രേം പിതാവ് പറഞ്ഞു. ജില്ലാ വികാരി ആയതിനാൽ, അതിന്റെ കാര്യങ്ങൾ ക്രമപ്പെടുത്താൻ കമ്മറ്റികൾ വിളിച്ചുകൂട്ടാനും മറ്റുമുള്ള ചുമതല എന്നിൽ നിക്ഷിപ്തമായി. ഫാ. ഫിലിപ്പ് ആന്നിയിൽ ഒ.ഐ.സി. അച്ചനായിരുന്നു സാമ്പത്തിക ചുമതല. അദ്ദേഹത്തിന്റെ കൂടെ പണം പിരിക്കുവാൻ പല സ്ഥലത്തും പോയി. തിരുവല്ല അരമനയിൽ രാവിലെ ചെന്നു. തിമോത്തിയോസ് പിതാവും അച്ചന്മാരും പ്രഭാതഭക്ഷണം കഴിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഞങ്ങളോട് ഇരിക്കുവാൻ പിതാവ് പറഞ്ഞു. ഇന്ന് അടുത്ത് എവിടെയോ പ്രായമായവരെ കാണാൻ പോകുന്നു. അവർക്ക് ഒരു ഉപദേശം കൊടുക്കണം "തുണ്ടിയിൽ അച്ചാ, അവരോട് സംസാരിക്കാൻ ഒന്നു രണ്ട് പോയിന്റ് പറഞ്ഞു തരിക" എന്നു പറഞ്ഞു. "പിതാവിനു ഞാൻ എന്തു പറഞ്ഞുതരാനാണ്," എന്നു ഞാൻ പറഞ്ഞു. "തുണ്ടിയിൽ അച്ചൻ വിചാരിച്ചാൽ സാധിക്കും." പിതാവ് കാര്യമായി പറയുന്നതാണെന്നു മനസ്സിലായപ്പോൾ, "71-ാം സങ്കീർത്തനം വായിച്ചാൽ അതിൽ വേണ്ട പോയിന്റ് കിട്ടുമെന്ന് ഞാൻ പറഞ്ഞു.

www.malankaralibrary.com


ഉടനെ സഹായിയെ വിളിച്ചു ബൈബിൾ കൊണ്ടുവരാൻ പറഞ്ഞു. 71-ാം അധ്യായം വായിച്ചു. അതു 'വൃദ്ധന്റെ പ്രാർത്ഥനയാണ്,' ഇതു ധാരാളം മതി" എന്നു പിതാവു പറഞ്ഞു. പിതാവിന്റെ ആർജ്ജവം അന്ന് എനിക്കു മനസ്സിലായി. വേറെ ഒരു അനുഭവവുമുണ്ട്. കൊട്ടാരക്കര കിഴക്കേതെരുവ് പള്ളിയിൽ എന്നെ ഒരു കൺവൻഷൻ പ്രസംഗത്തിനു വിളിച്ചു. ജോൺ പുത്തൻവിള അച്ചൻ വികാരിയാണ്. ഞാൻ ചെന്നപ്പോൾ തിമോത്തിയോസ് പിതാവും പ്രസംഗിക്കാനുണ്ട്. പിതാവ് ആദ്യം പ്രസംഗിച്ചു. പിന്നീട് എന്റെ പ്രസംഗം കഴിഞ്ഞപ്പോൾ, പിതാവ് എന്നോട് പറഞ്ഞു, "തുണ്ടിയിൽ അച്ചന്റെ പ്രസംഗം വളരെ നന്നായിരുന്നു. ഈ പ്രസംഗം ഉണ്ടെന്നറിഞ്ഞെങ്കിൽ ഞാൻ വരേണ്ട കാര്യം ഇല്ലായിരുന്നു. അച്ചൻ പുസ്തകം എഴുതണം." പിതാവ് ആത്മാർത്ഥമായി പറഞ്ഞതാണ്. ഞാൻ വലിയ പ്രഭാഷകൻ എന്നു വിചാരിക്കുന്നില്ല. ചെറിയകാര്യത്തിൽ പോലും പ്രോത്സാഹനം നൽകുന്ന പിതാവിന്റെ മനോഭാവം എത്ര ഉദാത്തം. ഒരാളെ പുകഴ്ത്തിയാൽ, സ്വന്തം മഹത്ത്വവും വിലയും കുറഞ്ഞു പോകുമെന്നാണ് പലരുടെയും വിചാരം. മറ്റുള്ളവരെ ബഹുമാനിക്കുന്ന തിന്റെ, സ്നേഹിക്കുന്നതിന്റെ ലക്ഷണമാണ് അപരരിൽ കാണുന്ന നല്ല കാര്യങ്ങൾ അംഗീകരിക്കുന്നത്. ഒരു മനുഷ്യൻ ബലഹീനനും, കുറവുള്ളവനും, പാമരനുമായാലും അവനിൽ മഹത്ത്വം ഉണ്ട്. അതു നാം അംഗീകരിക്കണം. ദൈവത്തിന് എല്ലാവരും വിലപ്പെട്ടതാണ്. അങ്ങനെയുള്ളവർ നമുക്കും വിലപ്പെട്ടവരായിരിക്കണം. ആരെയും നിസ്സാരരായി, പുച്ഛിച്ചു തള്ളരുതെന്ന് പിതാവിന്റെ പെരുമാറ്റം എന്നെ കൂടുതലായി ഓർമ്മിപ്പിച്ചു.

പുതിയകാവ് ഇടവക തീരെ ശുഷ്ക്കമായ ഇടവകയാണ്. കൂടുതൽ വീട്ടുകാരെ ലഭിക്കുന്നതിനുള്ള സാധ്യതയും അവിടില്ല. ചെന്നിത്തല കൂടുതൽ വീട്ടുകാരുള്ള, സജീവമായ ഇടവകയാണ്. ഞാൻ ചെന്നിത്തല യുടെ ചാർജ് എടുക്കുമ്പോൾ, അവിടെ ഒരു ചെറിയ പ്രശ്നം ഉണ്ടായി രുന്നു. എരമത്തൂർ പള്ളിക്ക്, ചെന്നിത്തല പള്ളിവക സെമിത്തേരിയ ല്ലാതെ വേറെ സ്ഥലം ഇല്ലായിരുന്നു. ഞാൻ ചെല്ലുന്നതിനുമുമ്പ്, എരമത്തൂർകാരെ അവിടെ സംസ്ക്കരിക്കില്ല എന്ന പിടിവാശിയിൽ ചെന്നിത്തലക്കാർ സെമിത്തേരിഗേറ്റ് പൂട്ടിയിട്ടു. എരമത്തൂർ വികാരി പൂട്ട് മാറ്റി വേറെ പൂട്ട് വച്ചു. അതു വീണ്ടും ചെന്നിത്തല വികാരി പൊളിച്ചുമാറ്റി. ഈ പ്രശ്നം നിലനിൽക്കുമ്പോഴാണ് ഞാൻ ചെന്നത്. വിവരം അറിഞ്ഞ്, ഞാൻ ചെന്നിത്തല പള്ളിയിലെ പൊതുയോഗത്തിൽ

www.malankaralibrary.com


പറഞ്ഞു. "സെമിത്തേരി ആരുടെയും സ്വന്തമല്ല. വസ്തുവിന്റെയും സെമിത്തേരിയുടെയും ഭരണാധികാരി രൂപതാ തിരുമേനിയാണ്. ഒരാൾ മരിച്ചാൽ സംസ്ക്കരിക്കണമെന്ന് നമ്മുടെ നടപടിക്രമമാണ്. ആരെയും നാമിപ്പോൾ ദഹിപ്പിക്കുന്നില്ല, നിങ്ങളിൽ ഒരാൾ മരിച്ചാൽ സംസ്ക്കരിക്കാൻ സാധിക്കാതെ വന്നാൽ ഉണ്ടാകുന്ന വിഷമംപോലെയാണ്, എരമത്തൂർ ഇടവകയിൽ ഒരാൾ മരിച്ചാലും. അതുകൊണ്ട് യാതൊരു പ്രശ്നവുമില്ലാതെ രണ്ട് ഇടവകയിലെയും ആളുകളെ സംസ്ക്കരിക്കുവാൻ നമുക്ക് സാധിക്കണം, അതാണ് ക്രിസ്തീയ സ്നേഹവും മര്യാദയും." അതോടെ ആ പ്രശ്നം കെട്ടടങ്ങി. ചെന്നിത്തല അഞ്ച് ദിവസത്തെ കരിസ്മാറ്റിക് കൺവൻഷൻ ക്രമപ്പെടുത്തി. അഡ്വ. എ.എം. മാത്യു സാറിനെ ചുമതലപ്പെടുത്തി. അദ്ദേഹം വേറെ പ്രസംഗകരെ ക്രമപ്പെടുത്തി. അരവിന്ദാക്ഷ മേനോൻ, പി.ജെ. ആന്റണി, ജോസഫ് ബഷീർ മുതലായവരുടെ സാക്ഷ്യമുണ്ടായിരുന്നു. ആദ്യമായിട്ടാണ് അവിടെ ഇപ്രകാരം ഒരു കൺവൻഷൻ നടത്തുന്നത്. വലിയ വിജയമായിരുന്നു. ഇടവകയ്ക്ക് ആത്മീയ ഉണർവ്വ് ഉണ്ടാകാൻ ഈ ധ്യാനം സഹായിച്ചു.

പുതിയകാവ് പള്ളിക്കടുത്ത് ഇടവകയിലെ ആരും ഒരു സഹായത്തിന് വിളിക്കാൻ ഇല്ലായിരുന്നു. ഈവാനിയോസ് പിതാവിന്റെ കൊച്ചുമക്കൾ മാത്തുക്കുട്ടി കറ്റാനത്ത് സ്കൂളിൽ പഠിപ്പിക്കുകയായിരുന്നു. അനുജൻ കൊയർലാപ്പിന്റെ ചുമതലയായിരുന്നു. ജോണി പ്ലാവിളച്ചിറയിൽ സഹായിയായിരുന്നു. വൈദികരുടെ മാസധ്യാന ദിവസം ഹോട്ടലിൽ നിന്ന് ആഹാരം വാങ്ങിക്കൊണ്ട് എല്ലാം ക്രമപ്പെടുത്തുന്നത് ഈ ജോണി ആയിരുന്നു. പുതിയകാവിൽ തിരുനാൾ ആഘോഷമായി നടത്തുവാൻ ആരും പറഞ്ഞിട്ടില്ല. അതിൽ നിന്നുള്ള ആൾബലവും ഇല്ലായിരുന്നു. അത് എനിക്ക് ആശ്വാസമായിരുന്നു. ഞായറാഴ്ച പ്രാർത്ഥനായോഗങ്ങളിൽ ഞാൻ പോയി സംബന്ധിച്ചിരുന്നു. ചെന്നിത്തലയിലും ഒന്നിടവിട്ട് പോകുമായിരുന്നു.

പുതിയകാവിൽ കഷ്ടിച്ച് രണ്ട് വർഷം ചുമതല നോക്കിയപ്പോൾ സിറിൽ മാർ ബസേലിയോസ് പിതാവ് ബത്തേരിയിൽനിന്ന് തിരുവനന്തപുരം അതിരൂപതയുടെ അദ്ധ്യക്ഷനായി. ഒരു പൊതുസ്ഥലംമാറ്റം എല്ലാവർക്കും കൊടുത്തപ്പോൾ എനിക്കും മാറ്റം ലഭിച്ചു. പുതിയകാവിൽനിന്ന് മൂന്ന് കിലോമീറ്റർ ദൂരെ പുന്നമൂട് ഇടവകയിലേക്കായിരുന്നു മാറ്റം. കുറത്തികാട് ഇടവകയുടെ ചുമതലയും ഉണ്ടായിരുന്നു. രണ്ടും ഒരുവിധം വലിയ ഇടവകകൾ. പള്ളിയിൽനിന്ന് ഒന്നരകിലോമീറ്റർ

www.malankaralibrary.com


ദൂരെ ഈരേഴ മഠവും ബാലഭവനും ഉണ്ടായിരുന്നു. അനാഥരും പാവപ്പെട്ട വീട്ടിലെ കുട്ടികളുമായി എഴുപതിൽപ്പരം പെൺകുട്ടികളെ അവിടെ താമസിപ്പിച്ച് പഠിപ്പിക്കുന്നു. പ്രായമാകുമ്പോൾ അവരെ ഓരോരുത്തരുടെ കഴിവനുസരിച്ച് പഠനത്തിന് അയക്കുകയും, കുറെപ്പേരുടെ വിവാഹം നടത്തിക്കൊടുക്കുകയും ചെയ്യുന്നു. വർഷങ്ങളായി സിസ്റ്റർ ക്രിസ്റ്റീൻ എസ്.ഐ.സി.യാണ് ചുമതല നോക്കുന്നത്. വളരെ കാര്യക്ഷമമായി ഈ പെൺകുഞ്ഞുങ്ങളുടെ കാര്യം സിസ്റ്റർ നോക്കുന്നുണ്ട്. നല്ല ഭക്ഷണം, വസ്ത്രം, പഠനം ഇതിനെല്ലാം വലിയ തുക ചെലവാകുന്നു. പലരിൽ നിന്ന് സിസ്റ്റർ സഹായം ചോദിച്ചുവാങ്ങുന്നു. എല്ലാ ദിവസവും രാവിലെ വിശുദ്ധ കുർബാനയ്ക്ക് ഈരേഴ മഠത്തിൽ പോകണം. ശനി, ഞായർ ദിവസങ്ങളിൽ പള്ളിയിൽ വിശുദ്ധ കുർബാന. ഇതെഴുതുമ്പോൾ പുന്നമൂട് ഇടവക പുതുതായി സ്ഥാപിച്ച മാവേലിക്കര രൂപതയുടെ ആസ്ഥാനമാണ്. പള്ളി കത്തീഡ്രൽ പള്ളിയും. പുന്നമൂട്ടിലെ വിശുദ്ധ കുർബാന കഴിഞ്ഞ് ആറ് കിലോമീറ്റർ യാത്ര ചെയ്ത് കുറത്തികാട് പള്ളിയിൽ എത്തണം. രണ്ട് ഇടവകയിലും അധികം താമസിയാതെ എല്ലാ വീടുകളിലും സന്ദർശനം നടത്തി. ആളുകളെ പരിചയപ്പെട്ടു. പുന്നമൂട്ടിലും കുറത്തികാടും പള്ളിയിൽനിന്ന് വളരെ അകലെയുള്ള കുറെ വീടുകളുണ്ട്. ഇലന്തൂരിൽനിന്ന് വരുമ്പോൾ ഉണ്ടായിരുന്ന ക്ഷീണം തീർത്തും മാറിയിരുന്നില്ല. അധികം സമയം നിൽക്കുവാൻ പ്രയാസമായിരുന്നു. കുറെ നടക്കുമ്പോൾ നടക്കുവാൻ സാധിക്കാതെ കിതക്കുമായിരുന്നു. വിശ്വാസികളുടെ നല്ല ആൾക്കൂട്ടമുള്ള പുന്നമൂട്ടിലെ കുർബാന കഴിഞ്ഞ് കുറത്തികാട് എത്തുമ്പോൾ ഞാൻ നന്നായി ക്ഷീണിച്ചിരിക്കും. രണ്ടാം കുർബാനയ്ക്ക് നന്നായി ശ്വാസംകിട്ടാത്ത അവസ്ഥ. കുറത്തികാട് വിശുദ്ധ കുർബാനയ്ക്കുമുമ്പ് കുമ്പസാരം കേൾക്കുവാൻ ഞാൻ മടി കാണിച്ചിരുന്നു. അതിന്റെ കാരണം, കുമ്പസാരത്തിൽ ആവശ്യമായ ഉപദേശം കൊടുത്തു കഴിയുമ്പോൾ ഞാൻ നന്നായി ക്ഷീണിതനാകും. തുടർന്ന് വിശുദ്ധ കുർബാന പൂർത്തീകരിക്കുവാൻ സാധിക്കാതെ വരുമെന്നുള്ള ഭയമുണ്ടാവുമായിരുന്നു. കുർബാന കഴിഞ്ഞ് കൈമുത്തുന്നതിന് മുമ്പ് ഞാൻ ഇരുന്ന് കുറേസമയം വചനം സംസാരിക്കും. ഒരു വിധം ശക്തമായി സംസാരിച്ചാൽ തുടർന്ന് സംസാരിക്കാൻ സാധിക്കാതെ ശരീരം തളർന്നുപോയ ദിവസങ്ങളുണ്ട്. എനിക്ക് ബി.പി. ഉണ്ടായ ശേഷമാണ് ഈ പ്രതിഭാസം ഉണ്ടായിട്ടുള്ളത്. കുർബാന കഴിഞ്ഞ് പള്ളിക്കകത്ത് ഒരു പുൽപ്പായ് വിരിച്ച് നീണ്ട്നിവർന്ന് കിടക്കും. ക്ഷീണം മാറിയശേഷം പുന്നമൂട്ടിൽ

www.malankaralibrary.com


പോകും. അവിടെ നാല് മണിക്ക് പ്രാർത്ഥനായോഗത്തിൽ സംബന്ധി ക്കും. പുന്നമൂട്ടിൽ നാലഞ്ച് പ്രാർത്ഥനായോഗങ്ങൾ ഉണ്ടായിരുന്നു. പലതും വളരെ ശുഷ്ക്കമായിരുന്നു. ഞാൻ ഒരു ചെറിയ പരീക്ഷണം നോക്കി. ഇടവകയുടെ ഏതെങ്കിലും ഒരു ഭാഗത്ത് ഒരുവീട്ടിൽ ആ ഭാഗത്തെയും സ്ത്രീപുരുഷന്മാർ സമ്മേളിക്കുവാൻ നിർദ്ദേശിച്ചു. എഴുപതോളംപേർ സംബന്ധിക്കുന്ന നല്ല കൂട്ടായ്മയായി പങ്കാളിത്തവും സജീവത്വവും വർദ്ധിച്ചു. വീടുകളിൽ മൃഷ്ടാന്നമായ കാപ്പിസൽക്കാരം ഉണ്ടായിരുന്നത് ഞാൻ വിലക്കി. ഒരു ചായമാത്രം വേണമെങ്കിൽ നൽകാ മെന്ന് പറഞ്ഞു. കാരണം, സാമ്പത്തിക ഭദ്രതയില്ലാത്തവർക്ക് ഉള്ളവരെ അനുകരിച്ച് കാപ്പി കൊടുക്കുന്നത് ഭാരമാണെന്ന് ഞാൻ മനസ്സിലാക്കി. ആരും അഭിമാനത്തിന് പുറകിലല്ലല്ലോ.

പുന്നമൂട്ട് ഇടവകയിൽ താമസിക്കുന്നയവസരത്തിൽ രണ്ടുതവണ മാവേലിക്കര സബ്ജയിൽ സന്ദർശിച്ചിട്ടുണ്ട്. കോട്ടയത്ത് വടവാതൂരിലെ ജീസസ്സ് ഫ്രട്ടേണിറ്റി അംഗങ്ങളോടൊപ്പമാണ് പോയത്. ഞാൻ ജയിൽമുറി കളുടെ അടുത്തുചെന്നപ്പോൾ പലരും മുറികളുടെ അഴികളുടെ അടുത്തു വന്നുനിന്നു. അതിൽ ഒരു ചെറുപ്പക്കാരൻ കരഞ്ഞുകൊണ്ട് എന്നോട് പറഞ്ഞു, “അച്ചാ, ഞാൻ ഒരു തെറ്റും ചെയ്തതല്ല. എന്നെ വ്യാജമായി പിടിച്ച് ഇവിടെ കൊണ്ടിട്ടിരിക്കുകയാണ്.” യഥാർത്ഥത്തിൽ തെറ്റു ചെയ്തവർ ജയിലിൽ കിടക്കുന്നവരിൽ കുറെപ്പേർ കാണും. വൈരാ ഗ്യംമൂലം കള്ളക്കേസ്സുകൾ കൊടുത്തു ജയിലിൽ അകപ്പെടുന്നവരുണ്ട്. ഒരു ദുർബല നിമിഷത്തിൽ ഒരു തെറ്റു ചെയ്തു പിടിക്കപ്പെട്ടവർ, പിന്നിട്ട് സമാനമായ കേസുകൾ സമൂഹത്തിൽ ഉണ്ടാകുമ്പോൾ, അവരാണ് പ്രസ്തുതകുറ്റം ചെയ്തത് എന്ന ഊഹത്തിൽ വീണ്ടും പിടിക്കപ്പെടു ന്നുണ്ട്. വിശുദ്ധനായ ബിഷപ്പ് ഫുൾട്ടൻ ഷീൻ തിരുമേനി ഒരിക്കൽ ജയിൽ സന്ദർശിക്കാൻ പോയപ്പോൾ ജയിലിൽ കിടക്കുന്നവരോട് പറഞ്ഞ ഒരു കാര്യം അദ്ദേഹം എഴുതിയ ഒരു പുസ്തകത്തിൽ രേഖപ്പെടുത്തി യിട്ടുണ്ട്. “നിങ്ങളും ഞങ്ങളും തമ്മിൽ ഒരു വ്യത്യാസമേയുള്ളു. നിങ്ങൾ പിടിക്കപ്പെട്ടവരും ഞങ്ങൾ പിടിക്കപ്പെടാതെ വെളിയിൽ കഴിയുന്നവ രുമാണ്.” കുറ്റകൃത്യം ചെയ്തു ജയിലിൽ കഴിയുന്നവരെപ്പോലെയോ അതിൽ കൂടുതലായോ കുറ്റകൃത്യം ചെയ്ത പലരും പകൽമാന്യരായി സമൂഹത്തിൽ ഉണ്ടെന്നുള്ളതു ഒരു യാഥാർത്ഥ്യമല്ലേ? പണസ്വാധീനം മൂലമോ രാഷ്ട്രീയ സ്വാധീനം മൂലമോ പലരും പിടിക്കപ്പെടാതെ നട ക്കുന്നു. കുറ്റകൃത്യം ചെയ്ത എല്ലാവരെയും കർത്താവ് സ്നേഹിക്കുന്നു. കുരിശിലെ കള്ളനെ സ്വീകരിച്ചതുപോലെ.

www.malankaralibrary.com


വിശുദ്ധ കുർബാന കഴിഞ്ഞ് രണ്ട് പള്ളികളിലും പ്രായോഗിക കാര്യങ്ങൾ വചനാധിഷ്ഠിതമായി പതിനഞ്ച് ഇരുപത് മിനിറ്റ് സംസാരിക്കുമായിരുന്നു. പുന്നമൂട്ടിൽ കുറെപ്പേർ കൈമുത്താതെ പോകുമായിരുന്നു. എന്റെ പ്രസംഗം പ്രയോജനപ്രദമാണെന്ന് അറിഞ്ഞ്, കൈമുത്താതെ പോയിരുന്നവരും പ്രസംഗം കേട്ടു കഴിഞ്ഞ് പോകുന്ന രീതിയിൽ വന്നു. മനുഷ്യബന്ധങ്ങൾ ദൈവിക മനഃശാസ്ത്രപരമായ രീതിയിൽ വിശുദ്ധീകരിച്ച് കൊടുത്തിട്ടുണ്ട്. എല്ലാവരോടും ഞാൻ സ്നേഹമായി പെരുമാറിയതിനാൽ എല്ലാവർക്കും എന്നോട് സ്നേഹമായിരുന്നു. ഞാൻ ചുമതല എടുക്കുന്നതിനുമുമ്പ് പുന്നമൂട്ടിൽ യുവജനങ്ങളും വികാരിയുമായി വലിയ അഭിപ്രായവ്യത്യാസം ഉണ്ടായി. നല്ല പ്രശ്നത്തിലേക്ക് സംഗതി വളർന്നിരുന്നു. ഞാൻ വന്നശേഷം അതെല്ലാം ഇല്ലാതായി. കുറത്തികാട് ഒരാൾ ചെറിയ ഒരു സമ്മേളനത്തിൽ പറഞ്ഞു, ഒട്ടും ക്ഷോഭിക്കാത്ത വളരെ സ്നേഹമായി പെരുമാറുന്ന ഒരച്ചനെ ഇതിനുമുമ്പ് അവർക്ക് കിട്ടിയിട്ടില്ലായെന്ന്. ഈ സ്വഭാവം എന്നിൽ കുറെ ഉണ്ടെങ്കിൽ അത് കർത്താവിന്റെ നിസ്തുലമായ കൃപമാത്രം, കൂടാതെ എന്റെ അപ്പന്റെയും അമ്മയുടെയും പ്രാർത്ഥനയും.

ഭവനസന്ദർശനത്തിന് പോയപ്പോൾ ഒരു കുടിലിൽ താമസിച്ചിരുന്നവരുടെ അവസ്ഥകണ്ട് എനിക്ക് വിഷമം തോന്നി. ആയിടെ പള്ളിഹോൾ കുറെക്കൂടി വിസ്തൃതമാക്കാൻ ഞാൻ തീരുമാനിച്ചു. അതിൽ നിന്ന് കിട്ടിയ പഴയ ഓടും കുറെ രൂപയും സംഘടിപ്പിച്ച്, യുവജനങ്ങളുടെ ശ്രമഫലവും ചേർത്ത് ഒരു ചെറിയ വീട് അവർക്ക് പണിതു കൊടുത്തു. ആ വീട്ടിലെ ഗൃഹനാഥന് സൈക്കിൾ റിപ്പയറിംഗ് ആയിരുന്നു ജോലി. ശരിയായ ഉത്തരവാദിത്തം കുറഞ്ഞ വ്യക്തിയായിരുന്നു. കൂട്ടുകൂടി മദ്യപിക്കുമായിരുന്നു. മക്കൾക്ക് നല്ല മാതൃകയും ശിക്ഷണവും നൽകാൻ കഴിവില്ലാത്ത വ്യക്തി. വീട് ലഭിച്ചതിൽ പെൺകുഞ്ഞുങ്ങൾക്ക് വലിയ സന്തോഷമായി. കുറച്ച് സുരക്ഷിതത്വം ഉണ്ടായി. കാഴ്ചയിൽ നല്ല കുട്ടികൾ, അവർ എന്നെ സംബോധന ചെയ്യുന്നത് അപ്പച്ചായെന്ന്. ഞാൻ അവിടെനിന്ന് പോന്നശേഷം കത്തെനിക്ക് അയച്ചപ്പോഴും, "പ്രിയ അപ്പച്ചൻ" എന്നാണ് സംബോധന ചെയ്തിരുന്നത്. അവർക്ക് എന്തെങ്കിലും സഹായം വിവാഹസമയത്ത് നൽകണമെന്ന് ഞാൻ തീരുമാനിച്ചിരുന്നു. എന്നാൽ അവർ പ്രായപൂർത്തിയായപ്പോൾ രണ്ടുപേരും ഏതോ ഹൈന്ദവ പയ്യന്മാരുടെകൂടെ പോയി എന്നറിഞ്ഞു. ഇവർ സാമ്പത്തികമായി വളരെ പ്രയാസത്തിലായിരുന്നു. ആരുടെയെങ്കിലും കൂടെ ഇറങ്ങി

www.malankaralibrary.com



പ്പോയത് പാവപ്പെട്ട മാതാപിതാക്കൾക്ക് ആശ്വാസമായെന്ന് പറഞ്ഞേക്കാം. പക്ഷേ അതു ശരിയല്ല. വളരെ സാമ്പത്തിക ഭദ്രതയുള്ള വിദ്യാസമ്പന്നരായ നമ്മുടെ പല പെൺകുഞ്ഞുങ്ങളും ഹൈന്ദവ, മുസ്ലീം യുവാക്കളുമായി പ്രേമബന്ധത്തിൽ കുടുങ്ങി, മാതാപിതാക്കൾക്ക് നഷ്ടപ്പെടുന്നത് നിത്യസംഭവമായി മാറിയിരിക്കുന്നു. തികച്ചും വേദനാജനകമായ സ്ഥിതിവിശേഷം. സഭയും മാതാപിതാക്കളും ഇതിന്റെ കാരണങ്ങൾ അപഗ്രഥിച്ച് വേണ്ട കരുതൽ എടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ഞാൻ ശുശ്രൂഷിച്ച ഒരു ഇടവകയിലെ യുവതി മഠത്തിൽച്ചേർന്ന് നാലഞ്ച് മാസം കഴിഞ്ഞപ്പോൾ, നേരത്തെ കൊടുത്തിരുന്ന അപേക്ഷ അനുസരിച്ച് ഗവൺമെന്റിൽനിന്ന് ജോലിക്ക് ഓർഡർ കിട്ടി. അതുമായി എന്റെ പക്കൽ വന്നു, എന്നോട് അഭിപ്രായം ചോദിക്കാൻ. 'മകൾക്ക് ഒരു ഗവൺമെന്റ് ജോലിയാണ് ലഭിച്ചിരിക്കുന്നത് ഈ ജോലി പിന്നീട് കിട്ടുകയില്ല. ഇതു സ്വീകരിക്കണമെന്ന് മകൾക്ക് തോന്നുന്നെങ്കിൽ സ്വീകരിക്കുക. എന്നാൽ മഠത്തിലേക്ക് ദൈവവിളി ലഭിച്ചിരിക്കുകയാണ്. വളരെ മഹനീയമായ വിളിയാണ്. ഇതിൽ ഏത് സ്വീകരിക്കണമെന്നുള്ള തീരുമാനം മകൾതന്നെയാണ് എടുക്കേണ്ടത്. മഠത്തിൽ പോയിട്ട് ഒരു സമർപ്പണം പൂർത്തിയാക്കാൻ സാധിക്കാതെ പോന്നാൽ അതുമില്ലാ, കിട്ടിയ ജോലിയുമില്ലാതെ നിരാശപ്പെടാൻ സാധ്യതയുണ്ട്. മഠത്തിൽ തുടർന്ന് നല്ല ഒരു സിസ്റ്റർ ആയിത്തീരുന്നെങ്കിൽ എനിക്ക് സന്തോഷമാണ്. ജോലിയിൽ പ്രവേശിക്കണമെന്നതാണ് മനസ്സിലെ മുൻഗണനയെങ്കിൽ അത് സ്വീകരിക്കുക.' എനിക്ക് മഠത്തിൽ ഒരു സിസ്റ്റർ ആകുന്നതിനാണ് താൽപര്യം എന്ന് ആ മകൾ പറഞ്ഞു. "എങ്കിൽ ഈ വിളിയിൽ പ്രാർത്ഥിച്ചുകൊണ്ട് ഉറച്ചുനിൽക്കുക. ഞാൻ തുടർന്നും പ്രാർത്ഥിക്കാം." ഞാൻ പ്രാർത്ഥിച്ചയച്ചു. ഇന്ന് ആ മകൾ ഒരു നല്ല സിസ്റ്ററായി ശുശ്രൂഷ ചെയ്യുന്നു.

തിരുനാൾ ഭക്തിനിർഭരമായി നടത്തുന്നത് നല്ലതാണ്. അതിന് എനിക്ക് സന്തോഷമേയുള്ളൂ, എന്നാൽ പെരുന്നാളിന്റെ പേരിൽ ധൂർത്ത് കാണിക്കുന്നതിന് പാവപ്പെട്ടവന്റെ പണംകൂടി പിരിച്ച് അടിച്ചുപൊളിക്കുന്നതിനോട് എനിക്ക് യോജിപ്പില്ല, തിരുന്നാൾ ദിവസം ഏതെങ്കിലും നാടകമോ, ഗാനമേളയോ സംഘടിപ്പിച്ച് കുറെ ആയിരങ്ങൾ അതിനായി ചെലവഴിച്ചെങ്കിലേ സംതൃപ്തിയുള്ളൂ എന്നുവന്നാൽ എന്തു ചെയ്യും? പെരുന്നാൾ എന്ന് പറഞ്ഞാൽ കൈയയച്ച് പണം നൽകുന്നവർ, ഇടവകയിൽ പാവപ്പെട്ടവന്റെ ഒരാവശ്യം പറഞ്ഞാൽ, ഒരു വീട്

www.malankaralibrary.com


നിർമ്മിച്ചുകൊടുക്കാൻ, പാവപ്പെട്ട ഒരാളുടെ മകളുടെ വിവാഹത്തിന് സഹായിക്കുവാൻ പറഞ്ഞാൽ പണമുള്ള പലർക്കും അതിനുള്ള മനസ്സില്ല. അതിനായ് കൈ തുറക്കുകയില്ല. ഈ വൈരുധ്യത്തോട് എനിക്ക് യോജിക്കുവാൻ പ്രയാസമുണ്ട്. ഒരു ഇടവകയിൽ നിലവിലുള്ള ആചാരവും വർഷങ്ങളായി ഉറച്ച മനോഭാവവും പെട്ടെന്ന് മാറ്റാൻ പ്രയാസമുണ്ട്. സാവകാശം പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിക്കാനേ സാധിക്കൂ. പുന്നമൂട്ടിൽ പരിശുദ്ധ ദൈവമാതാവിന്റെ തിരുനാളാണ് കൊണ്ടാടുന്നത്. ഡിസംബർ ഒന്നുമുതൽ എട്ടുവരെ. 1998-ലെ തിരുന്നാൾ നിശ്ചയിച്ചു. തിരുന്നാളിന് പണപ്പിരിവു നടത്തി എല്ലാം അടിച്ചുപൊളിച്ച് കളയാതെ പാവപ്പെട്ട ഒരാൾക്ക് വീട് നിർമ്മിച്ചുകൊടുക്കാൻ കുറെ പണം കൂടി സമാഹരിക്കണമെന്ന് ഞാൻ പള്ളിയിൽ ശക്തിയായി പറഞ്ഞു. ഭാര്യയും സുഖമില്ലാത്ത ഒരു മകളുമുള്ള ക്ഷീണിതനായ വളരെ പാവപ്പെട്ട ഒരു ഇടവകക്കാരൻ. സുരക്ഷിതമല്ലാത്ത ചെറിയവീട്ടിൽ താമസിക്കുന്നു. അദ്ദേഹത്തിന് ഒരു വീട് നിർമ്മിച്ചുകൊടുക്കുവാൻ എനിക്ക് ആഗ്രഹം ഉണ്ടായിരുന്നു. തിരുന്നാളിന്റെ ചെലവിനുശേഷം ബാക്കിവരുന്നത് അതിന് ഉപയോഗിക്കാനാണ് മനസ്സിൽ കണ്ടത്.

നമ്മുടെ ചില ആഘോഷങ്ങൾ ധൂർത്തുകളായി, അഹങ്കാരത്തിന്റെ ചില അവസ്ഥകളായി, അർത്ഥശൂന്യമായ കേളികളായി മാറുന്നില്ലേ എന്ന് തോന്നിപ്പോകുന്നു. നാം ബഹുമാനിക്കുന്ന വിശുദ്ധരുടെ സുകൃതജീവിതം നമ്മുടെ ജീവിതത്തിൽനിന്ന് പടിയിറക്കി, അവരുടെ രൂപങ്ങളും പടങ്ങളുംവച്ച് ധനസമ്പാദനങ്ങളായി മാത്രം തീരുന്നില്ലേ? ആഘോഷങ്ങളിലെ ധൂർത്തിനെ നിയന്ത്രിക്കുവാൻ അടുത്തകാലത്ത് സഭാപിതാക്കന്മാർ ആഹ്വാനം ചെയ്തിട്ടുള്ളത് നല്ല സൂചനയാണ്.

ധൂർത്തപുത്രന്റെ ഉപമയിൽ രണ്ട് തരം ആഘോഷങ്ങൾ കാണുന്നു. അപ്പന്റെ മുതൽ കൈക്കലാക്കി ധൂർത്തനായി ജീവിതം ആഘോഷിക്കുന്ന മകൻ. അവന്റെ ആഘോഷങ്ങൾ തകർച്ചയിൽനിന്ന് തകർച്ചയിലേക്ക് കൂപ്പുകുത്തുന്നു. അവന്റെ അസ്തിത്വം തന്നെ ശൂന്യതയിൽ എത്തിനിൽക്കുന്നു. വലിയ ഗതികേട്! രണ്ടാമത്തെ ആഘോഷം ധൂർത്തപുത്രന് തിരിച്ചറിവുണ്ടാകുമ്പോൾ ആരംഭിക്കുന്നു. അവന് നഷ്ടപ്പെട്ട അസ്തിത്വത്തിലേക്കുള്ള തിരിച്ചുവരവ്, അവൻ ആരാണെന്നുള്ള ബോധ്യം വരുന്നു. അപ്പന്റെ ഭവനത്തെക്കുറിച്ചുള്ള ഓർമ്മവന്നു. ആദ്യത്തെ ആഘോഷത്തിന്റെ ചെളിക്കുണ്ടിൽ നിന്നുള്ള തിരിച്ചുവരവ്, അപ്പന്റെ ഭവനത്തിൽ ആഘോഷത്തിന്റെ തുടക്കം കുറിക്കുന്നു. പിതാവിനെ

www.malankaralibrary.com


കണ്ടുമുട്ടുന്നു. നമ്മുടെ ആഘോഷങ്ങൾ, തിരുന്നാളുകൾ അർത്ഥപൂർണ്ണമാകേണ്ടത്, എങ്ങനെയെങ്കിലും കുറെ പണം സമാഹരിച്ച് അടിച്ചുപൊളിച്ചുകളഞ്ഞ് ശൂന്യമായ മനസ്സിന്റെ ഉടമകളാകുമ്പോഴല്ല, ദൈവത്തോടും സഹജീവികളോടും നമ്മെ കൂടുതൽ അടുപ്പിക്കുവാൻ ഉപകരിക്കുമ്പോഴാണ്. അതിൽ എത്തിനിൽക്കാത്ത തിരുന്നാളുകൾ അർത്ഥശൂന്യമാണ്. കാലിത്തൊഴുത്തിൽ പിറന്ന് കാൽവരിയിൽ സ്വയം സമർപ്പിച്ച കർത്താവിന്റെ ദാരിദ്ര്യാരൂപിയെക്കുറിച്ച് വാചാലമായി പ്രസംഗിക്കുവാൻ നമുക്ക് ഒരു വിഷയമുണ്ട്. എന്നാൽ ഏതെങ്കിലും സാഹചര്യത്താൽ ദരിദ്രരായി ജീവിക്കുവാൻ നിർബന്ധിതരായ പാവപ്പെട്ടവരെ പല ക്രൈസ്തവർക്കും പുച്ഛമാണ്. അവരെ സഹോദരങ്ങളായി സഹജീവികളായിപ്പോലും കാണാൻ മനസ്ഥിതിയില്ലാത്ത സത്യക്രിസ്ത്യാനികൾ സമൂഹത്തിലുണ്ട്. 'പണമില്ലാത്തവർ പിണം.' എല്ലാ മഹത്ത്വത്തിന്റെയും അധികാരത്തിന്റെയും മാനദണ്ഡം പണം മാത്രം. നാം ആരാധിക്കുന്ന, വിശ്വസിക്കുന്ന ക്രിസ്തുനാഥൻ കാണിച്ചുതന്നതും പഠിപ്പിച്ചതുമായ മാനുഷികമൂല്യത്തിന് ശോഷണം സംഭവിച്ചുകൊണ്ടിരിക്കുന്നു.

മലങ്കരസഭാകലണ്ടർ അനുസരിച്ച് നവംബർ 10 ശമുവേൽ പ്രവാചകന്റെ തിരുനാൾദിവസമാണ്. ഞാൻ ഈ തിരുന്നാൾ ആഘോഷിക്കാറില്ല. സിസ്റ്റേഴ്സ് ഈ തീയതി ഓർത്ത് തിരുന്നാൾ ആശംസകൾ നൽകാറുണ്ട്. പുന്നമൂട്ടിൽ വന്നശേഷം ഈരേഴ മഠത്തിലെ സിസ്റ്റേഴ്സും കുട്ടികളും രാവിലെ വിശുദ്ധ കുർബാനയ്ക്കുശേഷം ആശംസകൾ നൽകാറുണ്ട്. 1998 നവംബർ 10-നു ഞാൻ ഈരേഴ മഠത്തിൽ പോയി വി. കുർബാന അർപ്പിച്ചു. സുപ്പീരിയർ സിസ്റ്റർ ക്രിസ്റ്റീൻ സ്ഥലത്ത് ഇല്ലായിരുന്നു. പ്രവാചകന്റെ തിരുനാൾ വിവരം മറ്റ് സിസ്റ്റേഴ്സ് ഓർത്തില്ല. അന്ന് വൈകിട്ട് നാല് മണിക്ക് 300-400 രൂപായ്ക്കുള്ള സാധനങ്ങൾ ബേക്കറിയിൽനിന്ന് വാങ്ങി മഠത്തിലെ കുട്ടികൾക്കായി കൊണ്ടു കൊടുത്തു. ഞാൻ ചെന്ന സമയം ബഹുമാനപ്പെട്ട ജോൺ ഇലവനാംകുഴി അച്ചൻ ഒ.ഐ.സി. അവിടെ വന്നു. അങ്ങാടിക്കൽ പള്ളിച്ചുമതല വഹിക്കുമ്പോൾ അച്ചന് രണ്ട് വയസ്സ് കാണും. 1981-ൽ വൈദികനാകാൻ അച്ചൻ ആശ്രമത്തിൽ ചേർന്നു. നിങ്ങളുടെ 'ചാപ്ലിൻ അച്ചന്റെ തിരുന്നാളാണല്ലോ ഇന്ന്' എന്ന് ജോണച്ചൻ അവിടെ നിന്ന ജൂണിയർ സിസ്റ്ററിനോട് പറഞ്ഞു. "അയ്യോ, ഞങ്ങൾ മറന്നുപോയി" എന്ന് അവൻ സ്വയം പരിതപിച്ചു. 16-ാം തീയതി ഞായറാഴ്ച വൈകിട്ട് മഠത്തിൽ ഫീസ്റ്റ് പ്രമാണിച്ച് ഭക്ഷണം കഴിക്കാൻ സിസ്റ്റർ ക്രിസ്റ്റീൻ ക്രമപ്പെടുത്തി. അതിന്റെ ആവശ്യമി

www.malankaralibrary.com


ല്ലായെന്നു പറഞ്ഞെങ്കിലും സിസ്റ്ററിന് നിർബന്ധം. പതിനാറാം തീയതി ഞായറാഴ്ച രണ്ടാം കുർബാനയ്ക്കു കുറത്തികാട്ടു പോയി. ചേരാവള്ളിൽ മാത്യൂസ് അച്ചന്റെ സഹോദരന്റെ മകന്റെ വീട്ടിൽ ഉച്ചയൂണ് കഴിച്ചു. കുറേസമയം വിശ്രമിച്ചു. പുന്നമൂട്ടിൽ വന്ന് നാല് മണിക്ക് പ്രാർത്ഥനായോഗത്തിൽ സംബന്ധിച്ചു. വൈകിട്ട് പള്ളിയിൽ കയറി ജപമാല ചൊല്ലി. വൈകിട്ട് മഠത്തിൽ ആഹാരത്തിന് പോകുന്ന കാര്യം മറന്നുപോയി. എന്നും മഠത്തിൽനിന്ന് ആഹാരം കൊണ്ടുവരുന്ന ഷിബു വന്നുപറഞ്ഞു. 'ആഹാരത്തിന് അച്ചൻ മഠത്തിൽ ചെല്ലാൻ' സിസ്റ്റർ പറഞ്ഞു.

ഒരിക്കലും ആഗ്രഹിക്കാത്ത, പ്രതീക്ഷിക്കാത്ത വേദനയുടെ, കഷ്ടപ്പാടിന്റെ ആരംഭം ആ സമയംമുതൽ ആരംഭിച്ചു. അതിന്റെ തുടർച്ചയായുള്ള വേദന ഇതെഴുതുമ്പോഴും സഹിക്കുന്നു. ഞാൻ സ്കൂട്ടറിൽ ഏതാണ്ട് 30 വർഷം പള്ളികളിലും മറ്റു സ്ഥലത്തും യാത്ര ചെയ്തിട്ടുണ്ട്. പ്രാർത്ഥിച്ച് വളരെ സൂക്ഷിച്ച് അധികം സ്പീഡിൽ ഓടിക്കാതെ പോകാനാണ് ശ്രമിച്ചിട്ടുള്ളത്. സ്കൂട്ടർ ചരിയുകയോ മറ്റ് അപകടമോ ഒന്നും ഉണ്ടായിട്ടില്ല. പ്രസംഗം കഴിഞ്ഞ് രാത്രി തിരിച്ചുവരുന്ന അവസരം. റോഡിൽ മഴവെള്ളം കിടന്ന് കുഴികാണാതെ അതിൽ വണ്ടി ചാടി വീഴേണ്ട സാഹചര്യം ഉണ്ടായിട്ടും കർത്താവ് കാത്തുകൊണ്ടു. ഞാൻ വാഹനം ഓടിക്കുന്നതിന് വലിയ ബാലൻസുള്ള വ്യക്തിയല്ലായിരുന്നു. അച്ചൻ സ്കൂട്ടറിൽ വരേണ്ട ഒരു ഓട്ടോ പിടിച്ച് വന്നാൽ മതി എന്ന് സിസ്റ്റർ പറഞ്ഞയച്ചു. രാത്രിയിൽ സ്കൂട്ടറിൽ പോയാൽ എതിരേ വരുന്ന വാഹനത്തിൽനിന്നുള്ള പ്രകാശംമൂലം കാഴ്ച മങ്ങുകയും മുൻപിൽ നിഴൽ പരക്കുന്ന അനുഭവവുംമൂലം ഞാൻ ആ കാലയളവിൽ രാത്രി സ്കൂട്ടർ യാത്ര ചെയ്യാറില്ല. രാത്രി യാത്രയും ഇല്ല. സന്ധ്യ ഏഴുമണി കഴിഞ്ഞു. ഇരുട്ട് വ്യാപിച്ചു തുടങ്ങി. പള്ളിക്കെട്ടിടവും റോഡും തമ്മിൽ കഷ്ടിച്ച് 50 അടി അകലം ഉണ്ട്. ഞായറാഴ്ച ആയതിനാൽ പല ഓട്ടോകളും റോഡിൽ കിടപ്പില്ല. ഒരു ഓട്ടോ ഉണ്ടെന്ന് ബോയ് പറഞ്ഞു. മഠത്തിൽ പോകാൻ ഞാൻ അതിൽ കയറി. ഇരുട്ടായതിനാൽ വ്യക്തമായി അതിന്റെ ഡ്രൈവറെ കണ്ടില്ല. ഓട്ടോ മഠത്തിനെ ലക്ഷ്യമാക്കി മെയിൻറോഡിലൂടെ തെക്കോട്ട് നീങ്ങി 15 സെക്കന്റ് കഴിഞ്ഞുകാണും. പള്ളിയിൽ നിന്ന് 200-300 അടി അകലെ പോയിട്ടുണ്ട്. വളവും തിരിവും ഇല്ലാത്ത വിശാലമായ റോഡ്, വണ്ടി ഓടിക്കുന്നതിൽ എന്തോ അപാകതയുണ്ടെന്ന് എനിക്ക് തോന്നി. സാവകാശം ഓടിക്കുവാൻ പറയുവാൻ ഞാൻ ചിന്തിച്ചു. പെട്ടെന്നുണ്ടായ ഇടിവെട്ടുന്നതുപോലെ ഒരു ശബ്ദം

www.malankaralibrary.com


ഓർമ്മയുണ്ട്. വണ്ടിയിടിച്ചു എന്നൊരു തോന്നൽ. ഉള്ളിൽ ഞാൻ ഓട്ടോയിൽത്തന്നെ ഇരിക്കുകയാണെന്ന വിചാരം. എനിക്ക് എഴുന്നേൽക്കാൻ സാധിക്കുന്നില്ല. എന്റെ മുഖത്തിന്റെ വലതുഭാഗത്തുകൂടി വെള്ളം ധാരധാരയായി ഒഴുകുന്നതായി തോന്നി. ബോധം തീർത്തും മറഞ്ഞിരുന്നില്ല. 'ദൈവമെ, അപകടം എന്തോ സംഭവിച്ചിരിക്കുന്നു, ഒരുപക്ഷേ, ഞാൻ മരിച്ചു പോകുമായിരിക്കും. മരിച്ചാൽ നിന്റെ അടുത്തേക്കാണല്ലോ വരുന്നത് എന്ന് മനസ്സിൽ മന്ത്രിച്ചു.' പെട്ടെന്ന് 'പള്ളിയിലെ അച്ചനാടാ' എന്ന് പറഞ്ഞുകൊണ്ട് കുറെപ്പേർ എന്നെ പൊക്കിയെടുത്തതായി അറിയാം. ഞാൻ പള്ളിമേടയ്ക്ക് വെളിയിൽ ളോഹയില്ലാതെ ഒരിക്കലും പോയിട്ടില്ല. ഈ ഐഡന്റിറ്റി ഉള്ളതുകൊണ്ട് എന്നെ പെട്ടെന്ന് തിരിച്ചറിയാൻ പറ്റി. നേരം അധികം വൈകിയിട്ടില്ല. ആളുകൾ റോഡിലുണ്ട്. ഹൈന്ദവർ കൂടുതൽ താമസിക്കുന്ന ഭാഗമാണ്. ഹൈന്ദവ സഹോദരങ്ങളോട് എനിക്ക് നല്ല സ്നേഹവും ബന്ധവുമാണ്. അവിടെ മാത്രമല്ല, ചുമതല വഹിച്ച എല്ലാ പള്ളികളിലും അടുത്തുള്ള അക്രൈസ്തവ സഹോദരങ്ങളെ കാണുമ്പോൾ അഭിവാദനം ചെയ്യുകയും, അവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. ഹൈന്ദവ സഹോദരങ്ങളാണ് എന്നെ എടുത്തത്. തല ഓട്ടോയിലെ കമ്പിയിൽ അടിച്ചുപൊട്ടി. ഞാൻ തെറിച്ചു റോഡിൽ കിടക്കുകയായിരുന്നു എന്നുള്ള വിവരം പിന്നീട് പറഞ്ഞറിഞ്ഞു. വളരെ പെട്ടെന്ന് എന്നെ എടുത്തതുകൊണ്ട് മറ്റ് വാഹനങ്ങൾ എന്റെ ദേഹത്തുകൂടി കയറിയിറങ്ങാൻ ഇടവന്നില്ല. കർത്താവിന്റെ കരുതലും കൃപയും ഓർക്കുമ്പോൾ ഇപ്പോഴും എന്റെ നടുക്കം തീർത്തും മാറിയിട്ടില്ല. മുട്ടിന് താഴെവച്ച് രണ്ട് കാലുകളും ഒടിഞ്ഞിരുന്നു. വലതുവശത്തെ കണ്ണിന്റെ ഭാഗം മുതൽ തല പിറകിലേക്ക് കാര്യമായി പൊട്ടി. കണ്ണിന്റെ ഭാഗം യഥാർത്ഥ സ്ഥാനത്തുനിന്ന് ഉന്തി നിന്നു. 'നിങ്ങളുടെ അച്ചൻ അപകടത്തിൽപ്പെട്ടു' എന്നു വിളിച്ചുപറഞ്ഞുകൊണ്ട്, ഹൈന്ദവ സഹോദരങ്ങൾ എന്നെ മാവേലിക്കര ഫിലിപ്പിന്റെ ആശുപത്രിയിൽ എത്തിച്ചു. ഞാൻ മഠത്തിൽ ചെല്ലുവാൻ താമസിച്ചതുകൊണ്ട് ജിജി ഭവനിലെ യോഹന്നാനെ വിവരം അറിയാൻ അയച്ചപ്പോൾ, തകർന്ന ഓട്ടോയും വലിയ ആൾക്കൂട്ടവും കണ്ടു. ഞാൻ അപകടത്തിൽപ്പെട്ടു എന്നറിഞ്ഞ് സിസ്റ്റർ ക്രിസ്റ്റീൻ, യോഹന്നാൻ, പുഞ്ചക്കാല രാജൻ മുതലായവർ കാറിൽ ആശുപത്രിയിലെത്തി. എത്രയും വേഗം എന്നെ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ കൊണ്ടുപോകാൻ മാവേലിക്കര ആശുപത്രിയിൽനിന്നു പറഞ്ഞു. തലയുടെ മുറിവ് സീരിയസ്

www.malankaralibrary.com


ആയതുകൊണ്ടാണ്, അവർ കൈയൊഴിഞ്ഞത്. ആംബുലൻസിൽ എന്നെ പുഷ്പഗിരി ആശുപത്രിയിൽ എത്തിച്ചു. തലയുടെ സി.റ്റി സ്കാൻ എടുത്തു. ആംബുലൻസിൽ ഇരുന്നവർ "എന്റെ ഈശോയെ, എന്റെ ദൈവമെ" എന്ന് ഉറക്കെ പ്രാർത്ഥിക്കുന്നുണ്ടായിരുന്നു.

ഓട്ടോ ഡ്രൈവർ നന്നായി മദ്യപിച്ചിരുന്നു എന്ന് പിന്നീട് അറിഞ്ഞു. "ഇന്ന് ഇനിയും നീ വണ്ടി എടുക്കരുത്. ആരെയും വണ്ടിയിൽ കൊണ്ടുപോകരുത്," എന്ന് അവന്റെ കൂട്ടുകാരായ ഡ്രൈവർമാർ അവനോടു പറഞ്ഞിരുന്നതാണ്. ഇന്ന് റോഡപകടങ്ങളിൽ നല്ല ശതമാന വും മദ്യപിച്ചു വണ്ടി ഓടിക്കുന്ന ഡ്രൈവർമാരിൽ നിന്നുള്ളതാണ്. മദ്യം തലച്ചോറിനെ ബാധിച്ച്, അപകടം വരുത്തിവയ്ക്കാം. ഈ അശ്ര ദ്ധമൂലം എത്ര നിരപരാധികളുടെ ജീവൻ അപകടത്തിലാകുന്നു. ഞാൻ പുഷ്പഗിരി ആശുപത്രിയിൽ കിടക്കുമ്പോൾ, ഓട്ടോ ഡ്രൈവറുടെ ഭാര്യ എന്റെ അടുത്തുവന്നു കരഞ്ഞു പറഞ്ഞു, "അച്ചൻ വണ്ടിയിൽ ഉണ്ടായിരുന്നതു കൊണ്ടാണ് എന്റെ ഭർത്താവിന്റെ ജീവൻ കിട്ടിയത്" എന്ന്. ഡ്രൈവറിന്റെ ഒരു കാല് ഒടിഞ്ഞതല്ലാതെ വേറെ കാര്യമായ തകരാറ് ഉണ്ടായില്ല. മാവേലിക്കര എം.എൽ.എ., എം. മുരളി എന്നെക്കാ ണാൻ ഏതാനും ദിവസം കഴിഞ്ഞ് പുഷ്പഗിരിയിൽ വന്നു. "തകർന്നു കിടക്കുന്ന ഓട്ടോ കണ്ടപ്പോൾ, അതിൽ സഞ്ചരിച്ച ആരുംതന്നെ രക്ഷപ്പെ ട്ടിട്ടില്ല എന്നാണ് ഞാൻ വിചാരിച്ചത്" എന്ന് അദ്ദേഹം പറഞ്ഞു.

മുറിവുകൾ വച്ചുകെട്ടി ഐ.സി.യുവിൽ പ്രവേശിപ്പിച്ചു. 17-ാം തീയതി രാവിലെ പുന്നമൂട്ടിൽ നിന്നും മറ്റ് ഇടവകകളിൽ നിന്നും ധാരാളം ആളുകൾ എന്നെക്കാണാൻ വന്നുകൊണ്ടിരുന്നു. പതിനൊന്നു മണിയോടുകൂടി എന്നെ ഓപ്പറേഷൻ തീയേറ്ററിൽ കൊണ്ടുപോയി– 'ഞങ്ങൾ പ്രാർത്ഥിക്കുന്നുണ്ട്, അച്ചൻ വിഷമിക്കരുത്'–എന്ന് സ്ട്രെക്ച റിൽ കൊണ്ടു പോകുമ്പോൾ, ആളുകൾ എന്റെ ചെവിയുടെ അടുത്തുവന്നു പറയുന്നുണ്ട്. നാലു മണിക്ക് തീയേറ്ററിന്റെ പുറത്തു കൊണ്ടുവന്നു. ഇതിനകം എന്റെ ബ്രദർ തിരുവനന്തപുരത്തുനിന്നും, വകയാറിൽനിന്ന് ബന്ധുക്കളും വന്നിരുന്നു. ഇടവകയിലെ ആളുകളെല്ലാം ആശുപത്രി യിൽ കാത്തുനിൽക്കുകയാണ്. തലയിലെ ആഴമായ മുറിവ് കുത്തിക്കെട്ടി ബലപ്പെടുത്തിയിരുന്നു. പല്ലുകളെല്ലാം ഇളകിയിരുന്നു. മൂന്നുമാസത്തോളം ഈ കമ്പികൾ വായിൽ ഉണ്ടായിരുന്നു. പ്ലാസ്റ്റിക് സർജറി ഓപ്പറേഷൻ ചെയ്തതുകൊണ്ട് മുഖത്ത് പാടുകൾ ഒന്നും പിന്നീട് അവശേഷിച്ചില്ല.

www.malankaralibrary.com


തല സ്വല്പംകൂടി പൊട്ടിയിരുന്നെങ്കിൽ, തലച്ചോറ് വെളിയിൽ വരുമായിരുന്നുവെന്ന് പിന്നീട്, അന്നത്തെ ആശുപത്രി ഡയറക്ടർ സ്റ്റീഫൻ അച്ചൻ എന്നോടു പറഞ്ഞു. കാലുകൾ രണ്ടും അരമുതൽ പാദം വരെ പ്ലാസ്റ്റർ ഇട്ട് ഒരു തടിവെട്ടി ഇട്ടതുപോലെ കിടക്കയിൽ ഞാൻ കിടക്കുകയാണ്. എന്റെ കുപ്പായം മുഴുവൻ രക്തത്തിൽ കുളിച്ചിരുന്നു. രക്തം ഒഴുകിയതാണ് വെള്ളം ഒഴുകുന്നതായി എനിക്കനുഭവപ്പെട്ടത്.

പുന്നമൂട് ജിജി ഭവനിലെ യോഹന്നാൻ എന്നോടൊപ്പം രാവും പകലും നിന്നു ഒരു കൊച്ചുകുഞ്ഞിനെ നോക്കുന്നതുപോലെ ശുശ്രൂഷിച്ചു. തിരിഞ്ഞുകിടക്കാൻ പറ്റില്ല. ഒരേ കിടപ്പിലായതിനാൽ പുറകുവശം പൊട്ടാൻ തുടങ്ങി. വാട്ടർബെഡ്ഡ് വാങ്ങി കിടന്നുനോക്കി. സഹനത്തിന്റെ നാളുകളായിരുന്നു. അപകടം ഉണ്ടായതിന്റെ പിറ്റേദിവസമോ മറ്റോ എന്നെവന്നു കണ്ടിരുന്നെങ്കിൽ, എന്റെ കൂടെനിന്നു ശുശ്രൂഷിക്കുവാനുള്ള തോന്നൽ യോഹന്നാന് ഉണ്ടാകുമായിരുന്നില്ല എന്ന് എന്നോടു പിന്നീടു പറഞ്ഞു. രക്തത്തിൽ കുളിച്ചുകിടന്ന കാഴ്ച കണ്ടപ്പോൾ ആശുപത്രിയിൽ ജീവൻ തിരിച്ചുകിട്ടിയാൽ, അതുവരെ ശുശ്രൂഷിക്കും എന്ന തീരുമാനം എടുത്തതാണ് എന്നുപറഞ്ഞു. ശരീരത്തിൽനിന്നും രക്തം വാർന്നു, വിളറി എന്റെ ശക്തി ക്ഷയിച്ചിരുന്നു. രണ്ടു കാലുകളിലെയും പ്ലാസ്റ്റർ വളരെ ഭാരം തോന്നിച്ചു. മലർന്ന് മണിക്കൂറുകൾ ദിവസങ്ങൾ ഒരേ കിടപ്പായിരുന്നു. രാത്രിയിൽ ഒട്ടും ഉറക്കം വന്നില്ല. ശരീരം റിലാക്സ് ചെയ്തു കിടക്കുവാൻ ശ്രമിച്ചു. ഉള്ളിൽ നിശ്ശബ്ദമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഓരോ മണിക്കൂറുകളും തള്ളിനീക്കി ഉറങ്ങാത്ത രാവു കഴിഞ്ഞ്, പ്രഭാതം പൊട്ടിവിടർന്നുകൊണ്ടിരുന്നു. മുറിവുകൾ ഉണങ്ങുവാൻ ആന്റിബയോട്ടിക് ധാരാളം തന്നുകൊണ്ടിരുന്നു. സിറിൽ മാർ ബസേലിയോസ്, ഇഗ്നാത്തിയോസ്, കൂറിലോസ് പിതാക്കന്മാർ വന്നുകണ്ടു. പല വൈദികരും കന്യാസ്ത്രീകളും സന്ദർശിച്ചു. ആളുകൾ പലസ്ഥലത്തു നിന്നും വന്നു. അപകടം ഉണ്ടായ സമയത്ത് കുമ്പഴ ഒരു ബൈബിൾ കൺവൻഷൻ നടക്കുകയാണ്. അവിടെ എന്റെ അപകടവിവരം പരസ്യപ്പെടുത്തി. അങ്ങനെ പലരും വിവരം അറിഞ്ഞു. പകൽ ആകുമ്പോൾ സന്ദർശകരുടെ നീണ്ടനിര. എല്ലാവരും എന്നെക്കാണാൻ, ആശ്വസിപ്പിക്കാൻ വരികയാണ്. അവർ വരുമ്പോൾ ഞാൻ ചിരിച്ചുകൊണ്ട്, തമാശ പറയുവാൻ ശ്രമിക്കുമായിരുന്നു. അച്ചനു വേദന ഇല്ലെന്ന് അവർ ചിന്തിച്ചു. എന്നാൽ സഹിക്കാനുള്ള ശക്തിക്കുവേണ്ടി ഉള്ളിൽ കർത്താവിനോടും പരിശുദ്ധ അമ്മയോടും പ്രാർത്ഥിച്ചുകൊണ്ടി

www.malankaralibrary.com


രുന്നു. കർത്താവ് കഴിഞ്ഞാൽ അമ്മയാണ് പല അപകട സാഹചര്യത്തിൽനിന്നും എന്നെ പരിരക്ഷിച്ചത്. അമ്മയുടെ ശക്തിയേറിയ മാദ്ധ്യസ്ഥം എനിക്ക് എന്നും ഉണ്ട്. നിത്യവും ജപമാല ചൊല്ലുന്നതു കൂടാതെ, 'എന്റെ അമ്മേ, എന്റെ ആശ്രയമേ' എന്ന് പലപ്രാവശ്യം സുകൃതജപം ചൊല്ലും. പിന്നെയും വൈകിട്ട് ജപമാല മണികളിൽ എന്റെ അമ്മേ ആശ്രയമേ എന്ന് 50-ൽ പരം പ്രാവശ്യം തുടർച്ചയായി ചൊല്ലുന്നു. അതുപോലെ തിരുഹൃദയ ജപമാലയും ചൊല്ലുന്നു. 'യേശു ശരണം, സർവ്വസ്വം' എന്ന പ്രാർത്ഥന എന്ന പ്രാർത്ഥനാമന്ത്രം 50 തവണ ഉരുവിടുന്നു. ഇതെല്ലാം എനിക്ക് ശക്തിതരുന്ന പ്രാർത്ഥനകളാണ്. തലയിലെ കുത്തിക്കെട്ട് എടുത്തശേഷം വിശ്രമത്തിനായി ആശുപത്രിയിൽനിന്ന് പോന്നു. പത്തനംതിട്ട സ്നേഹഭവനിൽ നേരത്തെ താമസിച്ചതുകൊണ്ട് അവരുടെ അനുവാദത്തോടെ അവിടെ താമസിച്ചു. അവിടെയും കിടക്കുകയല്ലാതെ മാർഗമില്ല. എനിക്ക് എഴുന്നേൽക്കാനോ നടക്കാനോ സാധിക്കാത്തതുമൂലം അവിടെയും യോഹന്നാൻ 24 മണിക്കൂറും കൂടെയിരിക്കുകയാണ്. അവിടെയും ഉറക്കമില്ലാത്ത രാവുകൾ. ദിവസങ്ങൾ ഒട്ടും ഉറങ്ങാതെ കിടക്കുന്നതുകൊണ്ടാകാം മാനസികമായി വളരെ ക്ഷീണിച്ചു. ഒന്നിൽക്കൂടുതൽ ആളുകൾ എന്റെ മുറിയിൽ വരിക, ഉറക്കെ പാടുക, പ്രാർത്ഥിക്കുക എന്നിവയൊന്നും എനിക്ക് താങ്ങാൻ പറ്റാതെയായി. ഉടനെയെന്റെ ശരീരം വിറച്ച് ശ്വാസം കിട്ടാത്ത അനുഭവം ഉണ്ടാകുമായിരുന്നു. മഠത്തിനു വെളിയിൽപോലും ശബ്ദം ഉണ്ടാകുന്നത് കേൾക്കുന്നത് അരോചകമായി. ക്രിസ്തുമസ് രാത്രിയിൽ സിസ്റ്റേഴ്സ് ഉറക്കെ പാടിക്കൊണ്ട് മുറികൾതോറും വരാന്തകളിലും നടന്നപ്പോൾ, എനിക്ക് പറഞ്ഞറിയിക്കാൻ വയ്യാത്ത ശ്വാസംമുട്ടൽ. എന്റെ വിഷമം ആരോട് പറയാൻ! എന്നെ കാണുന്നവർക്ക് എന്റെ മാനസികപ്രശ്നം മനസ്സിലായിട്ടില്ല. ഞാൻ പരാതിയൊന്നും പറയാതെ ഒരിക്കലും ക്ഷോഭിക്കാതെ കിടന്നു. യോഹന്നാൻ മുറിവിട്ടുപോയാൽ എനിക്ക് എന്തോ ഭയം. വിളിക്കുവാൻ മുറിയിൽ ബെൽ ഇല്ല. ഒരാവശ്യം വന്നാൽ എഴുന്നേൽക്കാൻപോലും വയ്യാത്ത നിസ്സഹായത. എന്റെ കൂടെയായിരുന്ന യോഹന്നാൻ ചെയ്തു തന്നത് മറക്കാൻ സാധിക്കാത്ത ശുശ്രൂഷയായിരുന്നു. "അച്ചൻ ഒരിക്കലും ക്ഷോഭിക്കുകയോ പരാതി പറയുകയോ ശുണ്ഠി പിടിക്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ടാണ് ഞാൻ അച്ചന്റെ കൂടെ നിന്നത്. വ്യത്യസ്ത പെരുമാറ്റം ആയിരുന്നെങ്കിൽ ഞാൻ എന്റെ വഴിക്ക് പോകുമായിരുന്നു" എന്ന് യോഹന്നാൻ പിന്നീട് പറഞ്ഞു. വാസ്ത

www.malankaralibrary.com


വത്തിൽ പരിശുദ്ധാത്മാവിന്റെ ശക്തി ഒന്നുകൊണ്ടാണ് അങ്ങനെ പെരുമാറാൻ എനിക്ക് സാധിച്ചത്. മൂന്ന് ആഴ്ചയിൽ കൂടുതൽ സ്നേഹഭവനിൽ കിടന്നിട്ട് പ്ലാസ്റ്റർ എടുക്കുവാൻ പുഷ്പഗിരി ആശുപത്രിയിൽ പോയി. രണ്ട് കാലിലെയും പ്ലാസ്റ്റർ നീക്കി.

എനിക്കിതുപോലൊരു അനുഭവം നേരത്തെയില്ലാത്തതുകൊണ്ട് പ്ലാസ്റ്റർ മുറിച്ചു കഴിഞ്ഞാൽ പഴയതുപോലെ നടക്കുവാൻ കഴിയും എന്നാണ് ഞാൻ ചിന്തിച്ചത്. ആ സന്തോഷത്തിലായിരുന്നു. എന്നാൽ പ്ലാസ്റ്റർ എടുത്തു കഴിഞ്ഞപ്പോൾ നേരത്തെ പ്രശ്നമൊന്നുമില്ലായിരുന്ന കാലിന്റെ മുട്ടുകൾ രണ്ടും നീരു വന്ന് വീർത്ത് കാലുകൾ ഒട്ടും മടക്കുവാൻ സാധിക്കാതെ വടിപോലെയായി. കാലിൽ ഭാരം കെട്ടിയിട്ട് മുട്ടുകൾ വളയ്ക്കുവാൻ ശ്രമിച്ചു. പലദിവസം ആശുപത്രിയിലെ ഫിസിയോതെറാപ്പി സെക്ഷനിൽ പോയി ചൂട് (മെഴുകുരുക്കി) വച്ചു. വ്യായാമം ചെയ്തു. ഇരുന്നും കിടന്നും പറഞ്ഞറിയിക്കാൻ വയ്യാത്ത വേദന. കാല് നിലത്ത് കുത്തുവാനോ ഒരുചുവട് നീങ്ങാനോ പറ്റാത്ത അവസ്ഥ. വീണ്ടും സ്നേഹഭവനിൽ പോയി താമസിച്ചു. വടിപിടിച്ച് പതുക്കെ നടന്നു നോക്കി. അതിവേദന. അഞ്ച് മിനിറ്റുപോലും നിൽക്കുവാനുള്ള ശക്തി കാൽമുട്ടുകൾക്കില്ല. അങ്ങനെ മാസങ്ങൾ ഇഴഞ്ഞുനീങ്ങി. പതുക്കെ വടിയുടെ സഹായത്താൽ മഠത്തിന്റെ മുറ്റത്ത് കുറെ ദൂരം നടന്നുതുടങ്ങി. ഇരുന്ന് വിശുദ്ധ കുർബാന അർപ്പിക്കുവാൻ പിതാവ് അനുവാദം തന്നു. സ്നേഹഭവനിൽ പ്രൈവറ്റായി വിശുദ്ധ കുർബാന ഇരുന്ന് ചൊല്ലി.

പുഷ്പഗിരി ആശുപത്രിയിൽ, ആഹാരം ഉൾപ്പെടെ 60,000 രൂപാ ചെലവായി. അരമനയിൽനിന്ന് സഹായം ഒന്നും കിട്ടിയില്ല. പ്രീസ്റ്റ് പ്രൊവിഡന്റ് ഫണ്ടിൽനിന്ന് 5000 രൂപ ഒരുവർഷം കിട്ടുന്ന വ്യവസ്ഥ ഉണ്ടായിരുന്നു. ഈ 5000 രൂപാ അപകടത്തിനുമുമ്പ് ചികിത്സാചെലവിലേക്കായി ഞാൻ വാങ്ങിച്ചിരുന്നു. തിരുവല്ലയിലെ വൈദികർ ആശുപത്രിയിൽ എന്നോടു പറഞ്ഞു, “ഞങ്ങൾക്ക് ആശുപത്രി ചെലവ് അരമനയിൽ നിന്നു വഹിക്കുന്നതാണ്. അച്ചനും പിതാവിനോട് ചെലവു വഹിക്കുവാൻ പറയണം.” എന്റെ അപകടവിവരം അറിഞ്ഞ് ഇടവകയിൽനിന്നു വന്ന പലരും സഹായിച്ചു. മുൻഇടവകകളിൽ എനിക്ക് പരിചയമുള്ളവർ, ഞാൻ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുള്ള പലരും എന്നെ കാര്യമായി സഹായിച്ചു. ചെലവായതിൽ കൂടുതൽ പണം എനിക്ക് സ്നേഹസമ്പന്നരായ ദൈവമക്കൾ തന്നു. അങ്ങനെ എന്റെ കൈയ്യിൽ കുറെ പണം മിച്ചമായി ഉണ്ടായി.

www.malankaralibrary.com


സ്നേഹഭവനിൽ ഞാൻ പതുക്കെ നടന്നുതുടങ്ങിയപ്പോൾ, സിറിൽ മാർ ബസേലിയോസ് പിതാവ് അവിടെവന്നു എന്നെ കണ്ടു. കല്ലുമല പള്ളിയിൽ താമസിച്ചുകൊണ്ട് മഠത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു സഹായിക്കാമോ എന്നു ചോദിച്ചു. അതിനുള്ള ആരോഗ്യം ഉണ്ടായിരുന്നില്ല. രണ്ടുമൂന്നു ആഴ്ച കഴിഞ്ഞ് വീണ്ടും പിതാവ് വന്നു. ഈ ആവശ്യം വീണ്ടും പറഞ്ഞു. ഒരു വടിയുടെ സഹായത്താൽ, നടന്നു കുർബാന ചൊല്ലാമെന്നുള്ള വിശ്വാസത്തിൽ ഞാൻ സമ്മതിച്ചു. കല്ലുമല പള്ളിയുടെ വികാരി തോമസ് പണിക്കരായിരുന്നു. അദ്ദേഹം താമസിച്ചത് പുന്നമൂട് പള്ളിയിലും. ആ കാരണത്താൽ കല്ലുമല മഠത്തിൽ എന്നും വിശുദ്ധ കുർബാന ലഭിച്ചിരുന്നില്ല. പിതാവിന്റെ സഹോദരി സിസ്റ്റർ ബർക്കുമൻസിന്റെ താൽപര്യപ്രകാരമാണ് എന്നെ കല്ലുമല താമസിപ്പിക്കുന്ന ക്രമീകരണം ചെയ്തത്. സ്നേഹഭവനിൽനിന്ന് ഞാൻ കല്ലുമല വൈദികമന്ദിരത്തിൽ താമസമാക്കി. ഞായറാഴ്ച പണിക്കരച്ചൻ കല്ലുമല പള്ളിയിൽ വന്നു വിശുദ്ധ കുർബാന അർപ്പിച്ചുകൊണ്ടിരുന്നു. ഞാൻ എല്ലാദിവസവും മഠത്തിൽ പോയി കുർബാന അർപ്പിച്ചു. ആഹാരം മഠത്തിൽനിന്നും തന്നു. അതിനുള്ള ചെലവ് നൽകിയിരുന്നു.

കൊട്ടിയം ആശുപത്രിയിൽ വർഷങ്ങൾക്ക് മുമ്പ് ഓപ്പറേഷൻ കഴിഞ്ഞ്, എന്റെ വയറിനു പ്രശ്നം ഉള്ളതായ വിവരം നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. പുഷ്പഗിരിയിൽനിന്നും നിങ്ങൾ ആന്റിബയോട്ടിക് കഴിച്ച്, ദഹന പ്രക്രിയയെ സഹായിക്കുന്ന കുടൽ തകരാറിലായി. ഒന്നും കഴിക്കുവാൻ വയ്യാത്ത അവസ്ഥ. കഞ്ഞിമാത്രം കഴിച്ചാലും ഉടനെ വയറിളകുമായിരുന്നു. വല്ലാതെ വിഷമിച്ചു. ഒരു ആയുർവ്വേദ ഡോക്ടറെ കണ്ടു. ഒന്നരവർഷത്തോളം അദ്ദേഹം തന്ന മരുന്നു കഴിച്ചു. മാസം 1500 രൂപ വീതം മരുന്നിന് ചെലവായി. പല പഥ്യത്തിൽ കൂടി കടന്നു പോയി. വയറിന്റെ സ്ഥിതി കുറച്ചു മെച്ചപ്പെട്ടു. അസ്ഥികൾക്കെല്ലാം വേദന തുടങ്ങി. വാരിയെല്ലുകൾക്കും ശക്തമായ വേദന. കിടക്കുവാനോ തിരിഞ്ഞുകിടക്കുവാനോ കിടക്കയിൽനിന്ന് എഴുന്നേൽക്കുവാനോ സാധിക്കാത്ത വേദന. കുറെ നാൾ ഇതും സഹിച്ചു നീങ്ങി. അസ്ഥിയുടെ കാര്യമായതിനാൽ വിദഗ്ധമായി പരിശോധിക്കണമെന്ന് പലരും നിർബന്ധമായി പറഞ്ഞതുകൊണ്ട് കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ പോയി. അവിടെ അസ്ഥിരോഗവിദഗ്ധൻ ഡോക്ടർ ജോണിനെ കണ്ടു. എന്റെ അനുജത്തി തങ്കമ്മയുടെ നാത്തൂന്റെ സ്വന്തം സഹോദരനാണ്.

www.malankaralibrary.com


ഞാൻ പുഷ്പഗിരി ആശുപത്രിയിൽ കിടക്കുമ്പോൾ പുന്നമൂട് പള്ളിയിലെ കൈക്കാരൻ പതിനായിരംരൂപാ കൊണ്ടുവന്നു. ഇത് പള്ളിയിൽ എനിക്കുവേണ്ടി സമാഹരിച്ചതാണോ എന്നു ചോദിച്ചു. 'അതേ,' എന്നു പറഞ്ഞു. തിരുനാൾ കഴിഞ്ഞ്, ബാക്കി വന്ന തുകയാണ് ഈ പതിനായിരം എന്ന് പിന്നീട് ഞാൻ അറിഞ്ഞു. ഈ തുക പാവപ്പെട്ട ഒരാൾക്ക് ഒരു ചെറിയ ഭവനത്തിനു നൽകണം എന്നാണ് ഞാൻ അപകടത്തിനുമുമ്പ് പറഞ്ഞത്. അങ്ങനെ ചെയ്യാതെ എനിക്കുവേണ്ടി സമാഹരിച്ചു എന്നു പറഞ്ഞ് പാവപ്പെട്ടവനുള്ള പണം തന്നത് ഞാൻ തിരിച്ചുകൊടുത്തു. ഏതായാലും പ്രസ്തുത തുകകൂടി കൊടുത്ത് ഒരു ചെറിയവീട് നേരത്തെ ഞാൻ സൂചിപ്പിച്ച ഇടവകക്കാരന് നിർമ്മിച്ചു കൊടുത്തു. അതിന്റെ കൂദാശയ്ക്കു ഞാൻ കല്ലുമലയിൽ നിന്നുപോയി. വികാരിയും ഞാനും പള്ളി കൈക്കാരനും സെക്രട്ടറിയും മാത്രം ഉണ്ടായിരുന്നു. കുറച്ചു ദിവസങ്ങൾക്കുശേഷം, പുന്നമൂട് ഇടവകയിൽ തന്നെ, വേറെ ഒരു വീടിന്റെ ആശീർവാദത്തിന് എന്നെ ക്ഷണിച്ചു, ഞാൻ പോയി. കുവൈറ്റിൽ ജോലിയുള്ള വ്യക്തി–വാർത്ത്, ഗ്രാനൈറ്റ് ഇട്ട മനോഹര ഭവനം. വീട്ടുമുറ്റം നിറയെ ആളുകൾ. വാഹനങ്ങളിൽ വലിയ സമ്മാനപ്പൊതികളുമായി ഓരോരുത്തർ വരുന്നു. ഞാൻ അവിടെ ഇരുന്നു ചിന്തിച്ചു, "ദൈവമെ, പാവപ്പെട്ടവന്റെ വീട് ആശീർവാദത്തിനു ഇടവകക്കാർ ആരും ഇല്ലായിരുന്നല്ലോ, സമ്മാനപ്പൊതികളും ഇല്ലായിരുന്നു. എന്തൊരു അന്തരം! എന്തൊരു വൈരുദ്ധ്യം! കർത്താവേ, നീ ലോകത്തിൽ വന്നപ്പോഴും നീ പിറന്നുവീണ പുൽത്തൊഴുത്തിൽ ആൾക്കൂട്ടങ്ങൾ സ്വീകരിക്കുവാൻ ഇല്ലായിരുന്നല്ലൊ–പാവപ്പെട്ട ആട്ടിടയരും മൂന്നു ജ്ഞാനികളും മാത്രം. ചരിത്രം ആവർത്തിക്കപ്പെടുന്നു."

എന്റെ രോഗവിവരം തുടരട്ടെ. കോട്ടയത്ത് എക്സ്റേ, എം.ആർ.ഐ. സ്കാനിംങ് എല്ലാ നടത്തി. ബോൺ മാരോ ടെസ്റ്റ് നടത്തണമെന്ന് ഡോക്ടർ പറഞ്ഞു. ഈ സമയത്തേക്ക്, അപകടം കഴിഞ്ഞ്, ഒരു വിധം സുഖമായി. യോഹന്നാൻ എന്നോടുള്ള സ്നേഹംകൊണ്ട്, കോട്ടയത്ത് ശുശ്രൂഷിക്കാൻ വന്നു. ആശുപത്രിയിൽ രണ്ടാഴ്ച കിടന്നു. മാരോ (Marrow) ടെസ്റ്റ് ആദ്യം നടത്തി. ആദ്യത്തെ ടെസ്റ്റ് കഴിഞ്ഞപ്പോൾ ഡോക്ടർക്ക് സംശയം, കാൻസർ ആണോ എന്ന്. കാൻസർ എന്ന സൂചന അദ്ദേഹത്തിന്റെ സഹോദരി വഴി കിട്ടിയതായിരിക്കാം, എന്റെ സഹോദരനും തങ്കമ്മയും അറിഞ്ഞു. അവരെല്ലാം ഉപവസിച്ചു പ്രാർത്ഥിച്ചു. ന്യൂസ് അതിവേഗം അരമനയിലും എത്തി. ഒരു ദിവസം

www.malankaralibrary.com


അതിരാവിലെ എന്റെ സഹോദരനും തങ്കമ്മയും ആശുപത്രിയിൽ വന്നു. ഇഗ്നാത്തിയോസ് പിതാവും വന്നു. 'ഇവിടെ കിടക്കേണ്ടാ, തിരുവനന്തപുരത്ത് നല്ല ചികിത്സകിട്ടും എന്നു പറഞ്ഞു.' കാൻസർ എന്ന ധാരണയിലാണ് ഇവർ ഇങ്ങനെ സംസാരിച്ചത്. വിവരം എന്നോട് പറയുന്നില്ല. രണ്ടാമതും ടെസ്റ്റ് നടത്തി. ഡോക്ടർ പല ഡോക്ടേഴ്സുമായി കൺസൾട്ട് ചെയ്തെന്ന് തോന്നുന്നു, എന്റെ അടുത്ത് വന്നു പറഞ്ഞു, "ഞാൻ ഉദ്ദേശിച്ച അസുഖമല്ലാ"യെന്ന്. ഞാൻ തമാശരൂപത്തിൽ പറഞ്ഞു, കാൻസർ ആണെങ്കിൽ കർത്താവിന്റെ പക്കൽ പെട്ടെന്ന് പോകാം എന്നാണ് വിചാരിച്ചത്. അച്ചനെ ഉടനെ അങ്ങോട്ട് വിടുന്നില്ല. അച്ചനെ ഇവിടെ ആവശ്യമുണ്ടെന്ന് പറഞ്ഞു. കാൽസ്യത്തിന്റെ കുറവാണ്, മൂന്ന് മാസം മരുന്ന് കഴിച്ചാൽ മാറുമെന്ന് പറഞ്ഞു. ഞാൻ തിരുവനന്തപുരത്തു വന്ന് സഹോദരന്റെ വീട്ടിൽ താമസിച്ചു. ഇതിനകം കല്ലുമല പള്ളി വികാരിസ്ഥാനം എനിക്ക് തന്നിരുന്നു.

2000-ൽ എന്റെ അപ്പച്ചൻ 100-ാം വയസ്സിലേക്ക് പ്രവേശിച്ചു. വകയാർ പള്ളിയിൽ ഞാൻ വിശുദ്ധ കുർബാന അർപ്പിച്ചു. അപ്പച്ചന് ഞാൻ തന്നെ വിശുദ്ധ കുർബാന നൽകി. പള്ളിയിൽ ചെറിയ സൽക്കാരം കുറെപ്പേർക്ക് കൊടുത്തു. പള്ളിക്ക് 15000 രൂപ നേരത്തെ ഒരു എൻഡോവ്മെന്റായി കൊടുത്തിരുന്നു, പാവപ്പെട്ട കുട്ടികൾക്ക് അതിന്റെ പലിശ നൽകാനായി. രണ്ടായിരാമാണ്ട് ജൂൺ 29-ന് പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മത്തിരുന്നാൾ ദിനം എന്റെ അപ്പച്ചൻ മരിച്ചു. തലേദിവസം ഞാൻ വീട്ടിൽ പോയി അപ്പച്ചനെ കണ്ടു. ക്ഷീണമാണെന്ന് അറിയാമായിരുന്നു. ജൂൺ 29 കടമുള്ള തിരുനാൾ ആയതിനാൽ വിശുദ്ധ കുർബാന കല്ലുമലയിൽ നൽകേണ്ടതുകൊണ്ട് ഞാൻ വീട്ടിൽ നിന്നു 28-ന് വൈകിട്ട് പോന്നു. വിശുദ്ധ കുർബാന കഴിഞ്ഞ് ഞാൻ ഭവനത്തിൽ പോയി. ആർക്കും ഒരു ദോഷവും ചെയ്തിട്ടില്ലാത്ത ജാതിമതഭേദമെന്യേ എല്ലാവരോടും സ്നേഹമായി പെരുമാറിയിട്ടുള്ള, ഒന്നിനെക്കുറിച്ചും ആകുലതയില്ലാതിരുന്ന, ദൈവത്തിന്റെ പരിപാലനക്കു പൂർണ്ണമായി വിട്ടുകൊടുത്ത അപ്പച്ചന്റെ മൃതദേഹം വീട്ടിൽ കട്ടിലിൽ കിടത്തിയിരിക്കുന്നത് ഞാൻ കണ്ടു. കൊച്ചുമക്കളെയും അതിന്റെ മക്കളെയും കാണാൻ ഭാഗ്യം ലഭിച്ച വ്യക്തി. കഠിനമായ വെയിലിൽ മക്കളെ വളർത്തിയെടുക്കുവാൻ എന്നും എല്ലുനുറുങ്ങി പണിചെയ്ത വ്യക്തി. കർത്താവിൽ വിശ്രമിക്കുവാൻ ഒരു നൂറ്റാണ്ട് ജീവിച്ചു കടന്നുപോയി. മരിക്കുന്നതിന് ഒരാഴ്ചയ്ക്കുമുമ്പ് ഓർമ്മക്കുറവുണ്ടായി. ഒരു ദിവസം ഞാൻ അപ്പച്ചനെ

www.malankaralibrary.com


കാണാൻ ചെന്നപ്പോൾ അച്ചൻ എവിടെ നിന്നാണെന്ന് ചോദിച്ചു. അപ്പച്ചന്റെ മകൻ അച്ചനാണെന്ന് ഞാൻ പറഞ്ഞു. അതു ശരിക്കും ബോധ്യമായോ എന്ന് സംശയം ഉണ്ട്. കാര്യമായ കേൾവിക്കുറവോ, കാഴ്ചക്കുറവോ ഒന്നുമില്ലായിരുന്നു. തക്കതായ രോഗങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. ഞാൻ ചുമതല നോക്കിയ ഇടവകയിലെ ആളുകൾ ഉൾപ്പെടെ നല്ല ജനാവലിയുടെയും വൈദികരുടെയും സാന്നിദ്ധ്യത്തിൽ സംസ്കാരം വകയാർ പള്ളി സെമിത്തേരിയിൽ നടന്നു.

കല്ലുമല പള്ളിക്ക് മുൻവശം റോഡുസൈഡിൽ കുറെ മുൾച്ചെടികൾ വളർന്നു. അതിനോട് ചേർന്ന് ഒരു ചെറിയ ഒറ്റക്കല്ലിലുള്ള കുരിശ്. അതിന് പടിഞ്ഞാറുവശം മുഴുവൻ ആളുകൾ കയ്യേറി. റോഡ് സൈഡിൽ നിരനിരയായി വീടുകൾ വച്ചുതാമസിച്ചു. പള്ളിയുടെ മുൻവശവും കൈയ്യേറി കുടിൽ കെട്ടി താമസമായേക്കും എന്നു ഭയന്ന് പള്ളിക്കാർ കുറെ കരിങ്കൽത്തുണ്ടുകൾ അവിടെ ഇറക്കിയിട്ടിരുന്നു. അവിടെ വൃത്തിയാക്കി മാതാവിന്റെ നാമത്തിൽ ഒരു കുരിശ്ശടി പണിയാൻ ഞാൻ തീരുമാനിച്ചു. പള്ളിയിൽ പറഞ്ഞ് ആളുകളുടെ സമ്മതം വാങ്ങി. പ്രസ്തുത വർഷത്തിലെ തിരുനാൾ വളരെ ലളിതമായി നടത്തി. ബാന്റ് സെറ്റും ബഹളവുമൊന്നുമില്ലാതെ മെഴുകുതിരികൾ കത്തിച്ചുപിടിച്ച് പ്രാർത്ഥനാ നിർഭരരായി പെരുന്നാൾ ഘോഷയാത്ര നടത്തി. ആഘോഷമായ റാസ നടത്താത്തതിൽ കുറെപ്പേർക്ക് അമർഷം ഉണ്ടായി. തിരുനാളിൽ നിന്ന് കുറച്ചുപണം കിട്ടി. ഇടവകയിൽനിന്ന് നല്ല സഹകരണം ലഭിച്ചില്ല. ഞാൻ ഇടവകയ്ക്ക് പുറത്ത് പരിചയമുള്ള പലരോട് സഹായം ചോദിച്ചുവാങ്ങി. ചെറിയ കുരിശ്ശടി തീർത്തു. വേളാങ്കണ്ണി മാതാവിന്റെ നല്ല രൂപം ചങ്ങനാശ്ശേരിയിൽനിന്നു വാങ്ങി. ഞാൻ എറണാകുളത്ത് പോയി ഒരു കാണിക്കവഞ്ചി വാങ്ങി. സാധാരണയായി കള്ളന്മാർക്ക് എളുപ്പത്തിൽ തുറക്കുവാൻ പ്രയാസമുള്ള ഇനം വഞ്ചി. കുരിശ്ശടിയുടെ ആശീർവാദം ഇഗ്നാത്തിയോസ് പിതാവ് നടത്തി. സിറിൽ ബസേലിയോസ് പിതാവിന് അന്ന് അസൗകര്യമായിരുന്നു. രണ്ടായിരത്തി രണ്ട് ആരംഭത്തിലായിരുന്നു കുരിശ്ശടി കൂദാശ. ആ വർഷം ഞാൻ വൈദികനായിട്ട് 40 വർഷം പിന്നിട്ടിരുന്നു. കുരിശ്ശടി ആശീർവാദത്തോടെ 40 വർഷത്തെ ചെറിയ രീതിയിൽ അനുസ്മരിക്കാം എന്നു വിചാരിച്ചു. പിതാവും ഞാനും വിശുദ്ധ കുർബാന അർപ്പിച്ചു. ഇടവകയിൽ എല്ലാവരെയും അടുത്തുള്ള ഇടവകയിൽ കുറെപ്പേരെയും ക്ഷണിച്ചു. 500 ആളുകൾക്ക് സ്നേഹഭോജനം എന്റെ ചെലവിൽ നൽകി. 25000 രൂപ കല്ലുമല

www.malankaralibrary.com


ഇടവകയ്ക്ക് ഒരു വിദ്യാഭ്യാസ ഫണ്ടായി ഞാൻ നൽകി. ഇതിന്റെ പലിശമാത്രം ആണ്ടുതോറും എടുത്ത് പാവപ്പെട്ട പഠിക്കുന്ന കുട്ടികൾക്ക് സഹായം നൽകാനുള്ള വ്യവസ്ഥ ചെയ്തു. മാതാവിന്റെ നാമത്തി ലുള്ള കുരിശ്ശടി നാടിന് വലിയ പ്രകാശവും അനുഗ്രഹവുമായെന്ന് പലർ പറഞ്ഞത് പിന്നീട് അറിഞ്ഞു. ധാരാളം ആളുകൾ ജാതിമതഭേദ മെന്യേ അവിടെ വന്ന് പ്രാർത്ഥിക്കുന്നുണ്ട്. പരിശുദ്ധ അമ്മയുടെ മാദ്ധ്യ സ്ഥം വളരെ ശക്തിയുള്ളതാണ്. ഈ കുരിശ്ശടി ഞാൻ പണിയിച്ചുകൊണ്ടി രുന്നപ്പോൾ ഇടവകയിൽപ്പെട്ട ഒരാൾ മദ്യപിച്ചുവന്നിട്ട് എന്നെ ഒത്തിരി അസഭ്യം പറഞ്ഞു. ഞാൻ അത് നിശബ്ദനായി കേട്ടു. വേറെ ആരോടെ ങ്കിലുമുള്ള വെറുപ്പോ നീരസ്സമോ, മദ്യം ഉള്ളിൽ ചെന്നപ്പോൾ തികട്ടി വന്നതാണ്. മദ്യപാനത്തിന് എതിരായി ഞാൻ പള്ളിയിൽ പറഞ്ഞിട്ടുള്ള തിന്റെ നീരസം മനസ്സിൽ കാണും. മദ്യപാനികൾക്ക് അവർ അതിൽനിന്ന് മാറണമെന്ന് പറയുന്നവരോട് നീരസവും അകൽച്ചയും ഉണ്ടാകും. എന്റെ മൂത്ത സഹോദരന്റെ യോഗ്യനും നല്ല കഴിവുമുള്ള ഒരു മകൻ മദ്യത്തിന് അടിമയായി ഒന്നുമല്ലാത്ത പ്രായത്തിൽ മരിച്ചുപോയത് ഞാൻ ഇന്നും ദുഃഖത്തോടെ ഓർക്കുന്നു. മരിക്കുമ്പോൾ ഏതാണ്ട് 35 വയസ്സ്. 2 പെൺകുഞ്ഞുങ്ങളുടെ പിതാവ്. എന്റെ ഭവനത്തിൽ ആരും മദ്യപിക്കുന്ന വരല്ല. ഈ മകനും മദ്യപിക്കാതെ മദ്യപിക്കുന്നവരെ ഓടിച്ചുവിടുന്നവനാ യിരുന്നു. മാർ ഈവാനിയോസ് കോളജിൽ പഠിക്കുവാൻ പോയി. രാഷ്ട്രീയക്കാരോട് ചേർന്ന് മദ്യപാനിയായി. വീട്ടിൽ ഞങ്ങൾ എല്ലാവരു മായി അകന്നു. നല്ല സ്നേഹമുള്ള മകനായിരുന്നു. ഒരു ക്രിസ്ത്യാനി മദ്യപിക്കുന്നത് സമൂഹത്തിൽ തീരാക്കളങ്കമായി ചിന്തിച്ചിരുന്ന മുൻകാലം. ഇന്ന് മദ്യപിക്കുന്നത് ക്യൂ നിന്ന് മദ്യക്കുപ്പികൾ വാങ്ങിക്കുന്നത്, ഇതിനായി ആയിരങ്ങൾ മുടക്കുന്നത് മാതാപിതാക്കളും മക്കളുമായി ഒന്നിച്ചിരുന്ന് കുടിക്കുന്നത് തന്നെ വലിയ അഭിമാനമെന്നു ചിന്തിക്കുന്ന കാലമായിരി ക്കുന്നു. നമ്മുടെ കുടുംബങ്ങൾ മദ്യപിശാചിന്റെ പിടിയിൽ നശിച്ചുകൊ ണ്ടിരിക്കുകയാണ്. മദ്യപിച്ച് എന്നെ അസഭ്യം പറഞ്ഞ വ്യക്തിയുടെ വീട്ടിൽ പിറ്റേദിവസം ഞാൻ കടന്നു ചെന്നു. മദ്യത്തിന്റെ ലഹരി ആ വ്യക്തിയിൽ നിന്ന് വിട്ടപ്പോൾ ഞാൻ സ്നേഹത്തോടെ പെരുമാറി. അടിതെറ്റിയാൽ ആനയും വീഴും. യുവതലമുറ ഇത് മനസ്സിലാക്കിയിരുന്നു വെങ്കിൽ.

കുരിശ്ശടിയുടെ പണിസമയത്തെല്ലാം എന്റെ കാലിന് നീരും വേദന യുമായിരുന്നു. കോട്ടയത്ത് പോയി ഡോക്ടറെ കണ്ടിട്ട് കുറിച്ചുതന്ന

www.malankaralibrary.com


മരുന്നെല്ലാം കഴിച്ചിട്ട് ഒട്ടും ആശ്വാസം ലഭിച്ചില്ല. ചങ്ങനാശ്ശേരിയിൽ പ്രശസ്തനായ ഒരു ഹോമിയോ ഡോക്ടർ ഉണ്ടെന്ന് കേട്ട് പോയി മരുന്ന് വാങ്ങി. വേദനയ്ക്ക് ഒട്ടും ആശ്വാസമില്ല. നിൽക്കുവാൻ പ്രയാസമായി. ഒരു ദിവസം മഠത്തിൽ കുർബാന ചൊല്ലുമ്പോൾ വേദന നിമിത്തം പുളഞ്ഞുപോയി. ഛർദ്ദിൽ അനുഭവപ്പെട്ടു. വിശുദ്ധ കുർബാനയുടെ ഇടയ്ക്കുവച്ച് ഒത്തിരി ഛർദ്ദിച്ചു. ഇടയ്ക്ക് വെച്ച് കുർബാന നിർത്തേണ്ടിവന്നു. ഞായറാഴ്ച ഇടവക പള്ളിയിൽ കുർബാന മദ്ധ്യേ മുട്ടുകുത്തി എഴുന്നേൽക്കാൻ വയ്യാതായി. അൽത്താര ശുശ്രൂഷകർ പിടിച്ച് സാവകാശം എഴുന്നേറ്റു. കാലിലെ നീരും വേദനയും ശക്തമായി. തോൾഭാഗത്ത് കടുത്ത വേദന. ഒരു ദിവസം രണ്ടു കൈകളും ഉയർത്താൻ സാധിക്കാതെയായി. ഈ വിവരം സിറിൽ മാർ ബസേലിയോസ് പിതാവിനെ അറിയിച്ചു. പെട്ടെന്ന് തിരുവനന്തപുരത്ത് ക്ലെർജി ഹൗസിൽ വരാൻ പിതാവ് പറഞ്ഞു. ബഹുമാനപ്പെട്ട ജോൺ കിഴക്കേക്കര അച്ചന് കല്ലുമല ഇടവകയുടെ ചുമതല നൽകി. ഇരുന്ന് യാത്ര ചെയ്യുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ഒരു വാഹനത്തിൽ എന്നെ 2002 നവംബർ 7-ാം തീയതി ക്ലെർജി ഹോമിൽ കൊണ്ടുവന്നു. താഴത്തെനിലയിൽ 17-ാം നമ്പർ മുറിയിൽ വന്ദ്യ കുരുവിള അച്ചൻ തീരെ സുഖമില്ലാതെ കിടന്ന കട്ടിലിൽ ഞാൻ അന്ന് മുതൽ കിടക്കുന്നു. ഈ മുറിയിൽ ഇരുന്ന് ഇത് കുത്തിക്കുറിക്കുന്നു. തനിച്ച് എഴുന്നേൽക്കാൻ വയ്യാ. നടുവ് സ്റ്റിഫ് ആയി. തിരിഞ്ഞു കിടക്കുവാൻ വയ്യാതായി. തോളിന് അതിവേദന, രണ്ട് കൈകളും തോൾഭാഗവും താഴേക്ക് ഇറങ്ങിയതുപോലെ കാലിന്റെ മുട്ടുകൾക്ക് തീവ്രമായ വേദന. കാലിന്റെ പാദത്തിന് നീരിറങ്ങി. കാല് നീക്കിവയ്ക്കാൻ വയ്യാതായി. ശരീരത്തിലെ ഓരോ കോശവും വലിഞ്ഞു മുറുകുന്ന അനുഭവം. 24 മണിക്കൂറും വേദന, രാത്രികാലങ്ങളിൽ വേദന കൂടുതലാണ്. മുട്ടുകൾ വലിഞ്ഞ് കാലുകൾ നിവർത്തിവയ്ക്കുവാൻ വയ്യാത്ത അവസ്ഥ. കൊതുകുകൾ വൈകിട്ട് കൂട്ടമായി എത്തും. കൊതുക് ശരീരത്തിന്റെ ഏതു ഭാഗത്ത് വന്നിരുന്നാലും എനിക്ക് കൈകൊണ്ട് അടിക്കുവാനോ ഓടിക്കുവാനോ സാധിക്കാതെയായി. കൈവിരലുകൾ മടക്കുവാൻ വയ്യാതെയായി. കർത്താവേ കനിയണമെ, സുഖപ്പെടുത്തേണമേ, സഹിക്കുവാൻ ശക്തിതരണെ എന്നു ഉള്ളിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. എന്റെ പാപത്തിനും മറ്റു പാപികളുടെ മാനസാന്തരത്തിനുമായി വേദന കാഴ്ച സമർപ്പിക്കുവാൻ ശ്രമിച്ചു. മൂന്നു മാസത്തോളം, നേരത്തെ വയറിന് പ്രശ്നമായപ്പോൾ മരുന്ന് കഴിച്ച ആയുർവ്വേദ ഡോക്ടറുടെ

www.malankaralibrary.com



കഷായവും ഗുളികകളും കഴിച്ചു. വേദന കൂടിയതല്ലാതെ ആശ്വാസം ഒട്ടും കിട്ടിയില്ല. ഒരു ദിവസം ഡോക്ടർ ഇവിടെവന്ന് എന്നെ കണ്ടതിനുശേഷം ഇവിടെ ചുമതല നോക്കുന്ന സിസ്റ്റർ എൽസായോടു പറഞ്ഞു, അച്ചൻ ഇനിയും നടക്കുന്ന കാര്യം സംശയമാണ്. കാരണം എന്റെ കൈകാലുകളിലെ മസിലുകൾ എല്ലാ നഷ്ടപ്പെട്ട് പഞ്ഞിപോലെയായി. ഉറിപോലെ തൂങ്ങിക്കിടക്കുന്ന അവസ്ഥ. എന്നെ യോഹന്നാൻ കുളിപ്പിക്കുന്ന സമയം എന്റെ മാംസപേശികളുടെ ശോഷിപ്പ് കണ്ടിട്ട് വിഷമിച്ചിട്ടുണ്ട്. യോഹന്നാൻ പകലും രാത്രിയിലും എന്നോടൊപ്പം ഇരുന്നു സഹായിക്കുന്നുണ്ട്. സിസ്റ്റർ എൽസാ എന്റെ സഹോദരൻ ജോഷ്വായെ സമ്പർക്കം പുലർത്തി, കേശവദാസപുരത്ത് വൈദ്യശാല നടത്തുന്ന ചിറ്റാറ്റിൻകര കൃഷ്ണപിള്ള വൈദ്യനെക്കാണിക്കാൻ ബ്രദർ തീരുമാനിച്ചു. കഴിവുള്ള പഴയ ഒരു വൈദ്യനാണ്. അദ്ദേഹം പരിശോധിച്ച ശേഷം പറഞ്ഞു "ഈശ്വരൻ അച്ചനെ സുഖപ്പെടുത്തും. ധൈര്യമായിരിക്കുക." കഷായം, ഗുളികകൾ, എണ്ണ തന്നു. മാസം 2500 രൂപ മരുന്നിന് വിലയായി. രണ്ട് മൂന്ന് ആഴ്ച കുടിച്ചപ്പോൾ വേദനയ്ക്ക് കുറെ ആശ്വാസമായി, നീര് കുറഞ്ഞു തുടങ്ങി.

ഒരു വർഷം കഷായവും മരുന്നും എല്ലാം ഉപയോഗിച്ചപ്പോൾ തനിച്ച് കിടക്കയിൽനിന്ന് എഴുന്നേൽക്കാറായി, തനിച്ച് ബാത്ത്റൂമിൽ പോകാമെന്നായി. എന്റെ ആഹാരം, മരുന്ന്, യോഹന്നാന്റെ ആഹാരം എല്ലാംകൂടി മാസം 7000/- രൂപയിൽ കൂടുതൽ ആയതുകൊണ്ട്, കുറച്ചു ആരോഗ്യം കിട്ടിയപ്പോൾ യോഹന്നാനെ സ്വന്തം വീട്ടിൽ അയച്ചു. ബലക്കുറവുണ്ടെങ്കിലും വടിയുടെ സഹായത്താൽ ഹൗസിലും മുറ്റത്തും സാവധാനം നടന്നുതുടങ്ങി. കർത്താവിനു സ്തോത്രം! സഹിച്ച വേദന പറഞ്ഞറിയിക്കാൻ സാധിക്കുകയില്ല. വേദനിക്കുന്നവരുടെ വേദന സ്വയം ഏറ്റെടുത്തു സഹിച്ച കർത്താവിനെ എപ്പോഴും മുന്നിൽ കണ്ടുകൊണ്ട് എന്നെ ശക്തിപ്പെടുത്തുവാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അതോടൊപ്പം എന്നെക്കാൾ വേദന സഹിക്കുന്നവരെയും കർത്താവിനു സമർപ്പിച്ചു പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ഇസ്രായേൽ ജനം മോശയുടെ നേതൃത്വത്തിൽ മരുഭൂമിയിൽ കൂടിയുള്ള പ്രയാണത്തിൽ മാറായിൽ വന്നെത്തി. അവിടുത്തെ ജലം നല്ല കയ്പുരസമുള്ളതായിരുന്നു. കുടിക്കുവാൻ ഉപകരിച്ചില്ല. ജനം പരാതി പറഞ്ഞു. ദൈവം മോശയ്ക്ക് ഒരു തടിക്കഷണം കാണിച്ചുകൊടുത്തു. അത് കയ്പുള്ള ജലത്തിലിട്ടപ്പോൾ ജലം മധുരമുള്ളതായി.

www.malankaralibrary.com


ജീവിതത്തിന്റെ കഷ്ടതയുടെ, രോഗത്തിന്റെ, ഒറ്റപ്പെടലിന്റെ, എല്ലാ സഹനത്തിന്റേതുമായ കയ്പ് ഉണ്ടാകും. നമുക്ക് അത് സ്വീകരിക്കാൻ സ്വന്തം ശക്തിയാൽ സാധിക്കുകയില്ല. ശാപത്തിന്റെ ചിഹ്നമായിരുന്ന കുരിശിനെ കർത്താവ് തോളിലേറ്റി കുരിശിൽ മരിച്ചു. നമുക്ക് ജീവൻ നൽകുവാൻ, കർത്താവിന്റെ കുരിശാകുന്ന തടിക്കഷണം നമ്മുടെ വേദനയോടു ചേർത്തുവച്ചാൽ അതു സഹനീയമായിത്തീരുന്നു. എന്റെ വേദനയിലും സഹനത്തിലും കുരിശിലേക്ക് നോക്കുകയും കുരിശിന്റെ ചുവട്ടിൽ ശാന്തമായി നിൽക്കുന്ന അമ്മയുടെ രൂപം കാണുകയും ചെയ്യുകയാണ് എന്റെ പതിവ്. ശക്തി ചോർന്നു പോകുന്നതായി തോന്നുമ്പോൾ "ഈശോയെ, അമ്മയെ ശക്തിപ്പെടുത്തണേ" എന്നു ഉള്ളിൽ പ്രാർത്ഥിക്കും.

ഞാൻ കുറച്ചു മെച്ചപ്പെട്ടു വടിയില്ലാതെ ഒരുവിധം നടന്നു. എന്നാൽ ഒരുവർഷം കഴിഞ്ഞ് വീണ്ടും വേദനയുണ്ടായി, കൂടുതലും ഇടതുകാലിനും കൈയ്ക്കും. കൈ താഴ്ത്തി ഇടാൻ വയ്യാത്ത വേദന—ഇതിനിടയിൽ വൈറൽ ഫീവർ വന്നു. പന്ത്രണ്ടു ദിവസം ആശുപത്രിയിൽ കിടന്നു. ശക്തിയായ ഛർദ്ദിലും സന്ധിവേദനയും ഉണ്ടായി. കാലിന്റെ മുട്ടുകൾക്ക് ഇപ്പോൾ നല്ല ബലക്ഷയമാണ്. വാരിയെല്ലുകൾക്ക് വ്രണം വന്നതുപോലെ വേദന, കിടക്കുവാനും തിരിഞ്ഞുകിടക്കുവാനും നല്ല പ്രയാസം. ശരീരം കിടക്കയിൽ തൊട്ടാൽ വേദന, ശരശയ്യയിൽ കിടക്കുന്നതുപോലെ രാത്രി കഴിച്ചുകൂട്ടുന്നു. "കർത്താവേ, ഞാൻ ബലഹീനനാണേ, ശക്തിയില്ലേ സഹിക്കാൻ. എങ്കിലും അങ്ങയുടെ സഹനത്തോടു ചേർത്തു കാഴ്ചവയ്ക്കുന്നു" എന്നു പ്രാർത്ഥിച്ചുകൊണ്ട് സമയം ചെലവഴിക്കുന്നു. "ദുരിതങ്ങൾ എനിക്കുപകാരമായി, തന്മൂലം ഞാൻ അങ്ങയുടെ ചട്ടങ്ങൾ അഭ്യസിച്ചുവല്ലോ" (സങ്കീ. 119:71). നമുക്ക് വേദനകളും രോഗങ്ങളും ഉണ്ടാകുമ്പോഴാണ് നമ്മുടെ നിസ്സഹായത വെളിപ്പെടുന്നത്. ആരോഗ്യമുള്ളപ്പോൾ, എല്ലാം ലൗകികമായി ശുഭമായി നീങ്ങുമ്പോൾ, അഹങ്കരിക്കുവാനും ദൈവത്തെ മറക്കുവാനും പ്രാർത്ഥനയിൽ ഉദാസീനത കാണിക്കുവാനും മറ്റുള്ളവരുടെ വേദനയെപ്പറ്റി ചിന്തിക്കാതെ നടക്കുവാനുള്ള പ്രവണതയെല്ലാം മനുഷ്യരിലുണ്ട്. ഞാൻ എന്തോ ആണെന്നുള്ള ചിന്തയും പെരുമാറ്റവും ഉണ്ടാകാറുണ്ട്. വൈദികരും ഇതിൽനിന്ന് ഒഴിവാക്കപ്പെടുന്നില്ല. എനിക്കുണ്ടായ സഹനങ്ങൾ എന്നെ കുറെക്കൂടി ദൈവത്തോട് അടുക്കുവാൻ സഹായിച്ചു. ഞാൻ അതിൽ നൂറു ശതമാനവും വിജയിച്ചു എന്നു വിചാരിക്കുന്നില്ല. എന്റെ ദൈവം എന്റെ നന്മയ്ക്കായി ഇതെല്ലാം അനുവദിച്ചതാണ്.

www.malankaralibrary.com


ഒന്നിനു പിറകെ ഒന്നായി പല വേദനയും രോഗങ്ങളും എനിക്ക് വന്നു. പലതും മാരകമായിരുന്നു. ഈ ലോകത്തിൽനിന്നും എന്റെ ഓർമ്മ ഇല്ലാതാകുന്ന സാഹചര്യത്തിൽ നിന്നെല്ലാം എന്റെ ദൈവം എനിക്ക് വിടുതൽതന്നു. വീണ്ടും ആയുസ്സിൽ എന്നെ കാത്തുകൊണ്ടു. എന്താണ് അതിന്റെ രഹസ്യം? കർത്താവിനുമാത്രം അറിയാം. എന്നാൽ വചനം അടുത്ത കാലത്തു വായിച്ചപ്പോൾ 41-ാം സങ്കീർത്തനത്തിൽ കർത്താവിന്റെ ഒരു വാഗ്ദാനം കണ്ടു. "ദരിദ്രനോട് കരുണ കാണിക്കുന്ന വൻ ഭാഗ്യവാൻ. കഷ്ടതയുടെ നാളുകളിൽ കർത്താവ് അവനെ രക്ഷിക്കും. കർത്താവ് അവനെ പരിപാലിക്കുകയും അവന്റെ ജീവൻ സംരക്ഷിക്കുകയും ചെയ്യും. കർത്താവ് അവന് രോഗശയ്യയിൽ ആശ്വാസം പകരും. അവിടുന്ന് അവനു രോഗശാന്തി നൽകും"(സങ്കീ. 41:1-3).

www.malankaralibrary.com

അധ്യായം 9

# അനുഭവങ്ങൾ... പാഠങ്ങൾ

ഒരു വൈദികനായി എന്റെ കൈയ്യിൽ സ്വല്പം പണം സഭ തരാൻ തുടങ്ങിയ നാൾമുതൽ, ഞാൻ കടന്നുപോയ ഭവനങ്ങളിൽ പാവപ്പെട്ടവരെ, കുഞ്ഞുങ്ങളെ പഠനത്തിനു സഹായിക്കുക, അനുദിന അഷ്ടിക്കു വക നൽകുക, പാവപ്പെട്ടവന് വീട്, പെൺകുട്ടികളുടെ വിവാഹത്തിന് സഹായം എന്നിങ്ങനെ ഒത്തിരി സഹായങ്ങൾ ചെയ്തിട്ടുണ്ട്. സെമിനാരിയിൽ ഈ വിഷയത്തിന് ഊന്നൽ നൽകി ആരും പഠിപ്പിച്ചതായി ഓർക്കുന്നില്ല. ഞാൻ കണ്ടുമുട്ടുന്ന പാവങ്ങളെ, അവർ ആരുമായിക്കൊള്ളട്ടെ, സഹായിക്കണമെന്ന ആന്തരികപ്രേരണ ഉണ്ടായിരുന്നു. പ്രത്യേകിച്ച് എനിക്ക് ചുമതലയുള്ള ദൈവജനത്തെ സഹായിച്ചു. വളരെ പാവപ്പെട്ട വരായ പലർ, പിന്നീട് ദൈവം ഉയർത്തി പണക്കാരായവരും ഞാൻ സഹായിച്ച് പണക്കാരായവരും മുമ്പ് കടന്നുപോയ വഴികൾ മറന്ന്, പാവങ്ങളെ മറന്ന് അഹങ്കരിച്ചു ജീവിക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്. കർത്താവിന്റെ വാഗ്ദാനം എന്നിൽ നിറവേറി, എന്റെ മനോഭാവത്തെ കർത്താവ് അനുഗ്രഹിച്ചതാണ് എനിക്ക് രോഗസൗഖ്യവും കാര്യമായ അപകടത്തിൽ പെട്ടിട്ടും വിടുതൽ ലഭിച്ചതും എന്ന് ഞാൻ വിശ്വസി ക്കുന്നു. ഞാൻ എന്നും ജീവിച്ചിരിക്കും എന്നല്ല അർത്ഥം. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ എന്റെ ആഗ്രഹം മരിച്ച് ക്രിസ്തുവി നോടുകൂടെ ആയിരിക്കാനാണ്. പക്ഷേ, ഞാൻ ശരീരത്തിൽ തുടരുക നിങ്ങളെ സംബന്ധിച്ചിടത്തോളം കൂടുതൽ ആവശ്യമാണ് (ഫിലി. 1:23-24). കുറച്ചു പാവപ്പെട്ടവർ കണ്ണുനീരോടു പറഞ്ഞു– 'അച്ചാ, അച്ചൻ മരിക്കാതെ ജീവിച്ചിരിക്കുവാൻ ദൈവം അനുവദിക്കുന്നതു ഞങ്ങൾക്കുവേണ്ടിയാണ് എന്ന്.'

1998-ൽ എനിക്ക് അപകടം ഉണ്ടായശേഷവും, അസുഖത്തിനു ശേഷവും, അതിനുമുമ്പ് ഞാൻ ദരിദ്രരെ സഹായിച്ചതിനേക്കാൾ പതിൻമടങ്ങ് സഹായം നൽകാൻ സാധിച്ചു. അപകടത്തിന്റെയും അസുഖ

www.malankaralibrary.com


ത്തിന്റെയും അവസരം, വളരെ വ്യക്തികൾ എന്നെ നിർലോഭം സഹായിച്ചു. ഇവരെല്ലാം ഞാൻ ചുമതല നോക്കിയിട്ടുള്ള മുൻ ഇടവകയിൽപ്പെട്ടവർ, എന്റെ ഒരു കസിൻ ബ്രദറിന്റെ മകൻ (യു.എസ്.എ.) എന്നെ സഹായിച്ചു. ഇങ്ങനെ മറ്റു പലരും എന്റെ ആപത്ഘട്ടത്തിൽ സഹായിച്ചിട്ടുണ്ട്. ഞാൻ കൂടുതൽ തുക സഹായം ചെയ്യുവാൻ തുടങ്ങിയപ്പോൾ കൊടുത്തതിൽ കൂടുതൽ ഒട്ടും പ്രതീക്ഷിക്കാത്ത നിമിഷത്തിൽ ഒട്ടും പ്രതീക്ഷിക്കാത്തവരിൽനിന്ന് സഹായം ലഭിച്ചുതുടങ്ങി. 500 രൂപ ഒരാവശ്യക്കാരന് നൽകുമ്പോൾ, ഒന്നല്ലെങ്കിൽ രണ്ട് മൂന്ന് ദിവസത്തിനകം 1000 രൂപ സംഭാവന ലഭിച്ച അവസരങ്ങളുണ്ട്. 'ദാനധർമ്മമായിരിക്കട്ടെ നിന്റെ നിക്ഷേപം. എല്ലാ തിന്മകളിൽ നിന്നും അത് നിന്നെ രക്ഷിക്കും' (പ്രഭാ. 29:12). 'ദരിദ്രരോട് ദയ കാണിക്കുന്നവർ കർത്താവിനാണ് കടം കൊടുക്കുന്നത്. അവിടുന്ന് ആ കടം വീട്ടും' (സുഭാ. 19:17).

എന്റെ കൂടെനിന്ന് സഹായിച്ച യോഹന്നാന് ഫാ. കുര്യൻ ഇലഞ്ഞിമറ്റം വികാരിയായിരുന്നപ്പോൾ സഹായിച്ച് പണികഴിപ്പിച്ച ചെറിയ വീട് ആയിരുന്നു. അത് ചോർന്നൊലിച്ച് മഴ പെയ്താൽ അടുക്കള ഭാഗം മുഴുവൻ വെള്ളത്തിൽ ആകും. വെള്ളത്തിൽനിന്ന് മടുത്ത് ഭാര്യ കുഞ്ഞുമോൾ എപ്പോഴും കരച്ചിലാണ്, ഈ കഷ്ടത ഒന്നു മാറിക്കിട്ടാൻ. ഈ വിവരം യോഹന്നാൻ എന്നോട് പറഞ്ഞു. ഞാൻ ഒരു ലക്ഷം രൂപ കൊടുത്തു, കുറെ ലോൺകൂടി എടുത്ത് മനോഹരമായ വീട് പണിതു. 'എന്റെ പ്രായമായ മക്കൾ അയൽപക്കത്ത് പോയിക്കിടക്കാതെ അന്തസ്സായി വീട്ടിൽ കിടക്കാനുള്ള സൗകര്യം അച്ചൻ ചെയ്തുതന്നു' എന്ന് പല പ്രാവശ്യം യോഹന്നാൻ പറഞ്ഞു. എനിക്ക് ആ വ്യക്തിയെ തിരിച്ചു സഹായിക്കാൻ സാധിച്ചതിൽ ഒത്തിരി സന്തോഷമുണ്ട്. കുറത്തികാട്ട് ഇടവകയിൽ ഒരു ദരിദ്രവീട്ടിലെ പെൺകുട്ടി പഠനത്തിൽ സമർത്ഥയായിരുന്നു. ഇടവകയിൽ ഒരു പെൺകുട്ടിക്ക് പത്താം ക്ലാസ്സിൽ ഒന്നാം ക്ലാസ്സ് ഉണ്ടെന്ന് ഒരു ഞായറാഴ്ച പള്ളി സെക്രട്ടറി പറഞ്ഞു. എല്ലാവർക്കും കാണാനായി എഴുന്നേറ്റ് നിൽക്കാൻ പറഞ്ഞു. ഇരുണ്ട നിറമുള്ള മെലിഞ്ഞ ഒരു പെൺകുട്ടി. സാമ്പത്തിക തകർച്ചയിൽ മാനസികനില തെറ്റിയ അപ്പൻ, അംഗൻവാടിയിൽ കുട്ടികൾക്ക് കഞ്ഞിവച്ചുകൊടുക്കാൻ പോകുന്ന അമ്മ, അവിടെനിന്ന് ലഭിക്കുന്ന 400 രൂപയാണ് ജീവിതമാർഗം. ഈ മകൾക്ക് +2 വരെ പഠനഫീസ് കൊടുത്തു. +2 കഴിഞ്ഞപ്പോൾ ഞാൻ അപകടമുണ്ടായി പുഷ്പഗിരിയിൽ കിടക്കുന്നു. നേഴ്സിംഗിനു പോകാനുള്ള ആഗ്രഹം പറഞ്ഞു. അത് എങ്ങനെ ഞാൻ

www.malankaralibrary.com


നിറവേറ്റുമെന്ന് ചിന്തിച്ച്, ആ മകൾക്ക് ഭാവി ലഭിക്കട്ടെ എന്നു വിചാരിച്ച് നേഴ്സിംഗിന് അപേക്ഷിക്കാൻ പറഞ്ഞു. അഡ്മിഷൻ കിട്ടി, പഠിച്ചു, നല്ല മാർക്കിൽ ജയിച്ചു. ഒന്നര ലക്ഷം രൂപ മുടക്കി. പിന്നീട് അവളുടെ വിവാഹം വന്നു. വേറെ ആരും സഹായിക്കാനില്ലാതിരുന്നതതിനാൽ ഒരുലക്ഷം രൂപാകൂടി കൊടുത്തു. എനിക്ക് ഭൗതികമായി ഒന്നും നേടാനല്ല, ഞാൻ ഒന്നും തിരിച്ച് പ്രതീക്ഷിച്ച് ചെയ്തതല്ല. ഏനാത്ത് ഒരു പാവപ്പെട്ട വീടിനും മക്കളുടെ വിദ്യാഭ്യാസത്തിനുമെല്ലാമായി വലിയ തുക നൽകാൻ കർത്താവ് സഹായിച്ചു. കുറെയേറെ തുക വിവാഹത്തിന് നൽകി. ഇതെല്ലാം ഞാൻ തീരെ അവശതയിൽ തിരുവനന്തപുരത്ത് കിടന്ന അവസരത്തിൽ ചെയ്തതാണ്. ചുരുക്കമായി ഞാൻ ഇത് എഴുതിയത് അഹങ്കരിക്കാനോ ആത്മപ്രശംസ ചെയ്യാനോ അല്ല. നാം സന്തോഷത്തോടെ നൽകിയാൽ സമ്പന്നനായ നമ്മുടെ ദൈവം നമുക്ക് തരുമെന്നത് എന്റെ അനുഭവമാണെന്ന് പറയുവാനാണ്. ഒരു കാറ് വാങ്ങി ജീവിക്കുവാൻ എനിക്ക് ആഗ്രഹമില്ലായിരുന്നു. എന്നാൽ 1986-ൽ ഡിസ്ക് സ്ലിപ് ആയപ്പോൾ ഇരുചക്രവാഹനം ഓടിക്കുവാൻ പ്രയാസമായി. ഒരു കാർ ഉണ്ടായിരുന്നെങ്കിലെന്ന് അന്നു തോന്നി . എന്നാൽ അത് വാങ്ങാനുള്ള പണം എനിക്കില്ലായിരുന്നു. പിന്നീട് രണ്ട് മൂന്ന് കാറുകൾ വാങ്ങാനുള്ള പണം എന്റെ ദൈവം എനിക്ക് തന്നു. അതു പാവപ്പെട്ട മറ്റ് സഹോദരങ്ങൾക്ക് നൽകാൻ തന്നതാണ് എന്നു ഞാൻ വിശ്വസിക്കുന്നു.

പച്ചമണ്ണുകൊണ്ടുണ്ടാക്കിയ ഭിത്തി, ചാണകം മെഴുകിയ തറ, ഓലകെട്ടിയ ചെറിയ കുടിലുകൾ ഇവയിൽ താമസിച്ചവർ, കിടക്കുവാൻ കട്ടിലുകൾ ഇല്ലാതെ തറയിലും പലകപ്പുറത്തും കിടന്നുറങ്ങിയവർ, കട്ടിലുകളുണ്ടെങ്കിൽ കയറുകൊണ്ട് വരിഞ്ഞതും, ചെറിയ കയറുകൾ പൊട്ടുമ്പോൾ തൽക്കാലം എയ്ച്ചുകെട്ടി നിർത്തിയും പലതും ആട്ടമുള്ള കട്ടിലുകൾ മാത്രമുള്ള വീടുകൾ. ഒരു വൈദികൻ വന്നാൽ ഇരിക്കുവാൻ നൽകുവാൻ, ഊണ് കൊടുക്കുവാൻ ഈ കട്ടിലുകൾ മാത്രം. കൈതയോല കൊണ്ട് നെയ്ത പായ്, മെത്ത എന്നിവയൊന്നും പലർക്കും ഇല്ല. മൺകലവും ഉണ്ണാനും കുടിക്കുവാനും മൺചട്ടിയുമായി കഴിഞ്ഞ നാളുകൾ. എന്റെ ചെറുപ്പകാലത്ത് ഈ സാഹചര്യമെല്ലാം ഉണ്ടായിരുന്നു. ഇക്കാലമായപ്പോഴേക്കും അതെല്ലാം വഴിമാറി. കാലാകാലങ്ങളിൽ വന്ന മാറ്റങ്ങൾ, ദൈവം മനുഷ്യന് നൽകുന്ന നന്മകൾ നന്ദിപൂർവ്വം സന്തോഷത്തോടെ സ്വീകരിക്കട്ടെ. എന്നാൽ രണ്ടോ മൂന്നോ വ്യക്തികൾ താമസിക്കുവാൻ, 3000, 5000 സ്ക്വയർ മീറ്റർ വലിപ്പത്തിൽ കൊട്ടാരസമാനമായ

www.malankaralibrary.com


കെട്ടിടങ്ങൾ, പഴയത് ബുൾഡോസർകൊണ്ട് ഇടിച്ചു നിരത്തി, കോടികൾ മുടക്കി വീടുകൾ വെയ്ക്കുന്നു. ദൈവാനുഗ്രഹത്താൽ ഗൾഫിലോ, അമേരിക്കയിലോ പോയി നല്ല ശമ്പളം കിട്ടിക്കഴിയുമ്പോൾ അതിന്റെ ഡംഭ് നാട്ടിൽ കാണിക്കുവാനുള്ള വ്യഗ്രത. ആദവും ഹൗവ്വായും പാപം ചെയ്തു കഴിഞ്ഞപ്പോൾ നഗ്നരാണെന്ന് അനുഭവപ്പെട്ടു. ദൈവത്തിന്റെ കൃപ നഷ്ടപ്പെട്ടപ്പോൾ ഹൃദയത്തിൽ ശൂന്യതയും നാണവും അപകർ ഷതാബോധവും ഉണ്ടായി. ഉള്ളിൽ ഇല്ലായ്മ വന്നപ്പോൾ അത് നികത്തുവാൻ, നാണം മറയ്ക്കുവാൻ ഇലകൾ തുന്നിച്ചേർത്ത് ധരിച്ചു. ഹൃദയത്തിൽ ദൈവികപ്രഭ നഷ്ടപ്പെടുന്നതിന് ആനുപാതികമായി, ബാഹ്യമായ ആഡംബരങ്ങൾ വളർത്തി സ്വന്തം നഗ്നതയ്ക്കും അപകർഷ താവസ്ഥയ്ക്കും വിരാമം ഇടാൻ മനുഷ്യൻ ശ്രമിക്കുന്നു. മാന്യമായ ജീവിതത്തിന് സൗകര്യമായ സുരക്ഷിതമായ കെട്ടിടം പണിയുന്നതിന് ഞാൻ എതിരല്ല. എന്നാൽ ഒരു മറുവശം ഈ ചിത്രത്തിന് ഉണ്ടെന്ന് നാം മറക്കരുത്. ഇപ്പോഴും നമ്മുടെ നാട്ടിൽ ഇടവകകളിൽ ഉടുതുണിക്ക് മറുതുണി വാങ്ങാൻ കഴിവില്ലാത്തവരുണ്ട്. കുട്ടികളെ പഠിപ്പിക്കുവാൻ, മക്കളെ വിവാഹം ചെയ്ത് അയയ്ക്കുവാൻ വിഷമിക്കുന്നവർ, ചോർന്നൊ ലിച്ച് ചെറ്റപ്പുരയിൽ ജീവിക്കുന്നവർ, കിടപ്പാടമില്ലാത്തവർ എന്നിവരെല്ലാം സമൂഹഗാത്രത്തിലെ കരിവാളിച്ച മുഖങ്ങളാണ്. ഇവരെപ്പറ്റി ചിന്തയില്ലാ തെ നിത്യവും വി. കുർബാന സ്വീകരിക്കുന്ന ധനികരായ സത്യക്രിസ്ത്യാ നികൾ ഉള്ള സമൂഹം ഇന്നും ഞാൻ കാണുന്നു. കർത്താവ് ഇത്തരം സക്കേവൂസുമാരുടെ കുടുംബങ്ങളിൽ ഇതുവരെ കടന്നുവന്നിട്ടില്ല. കരിസ്മാറ്റിക് ധ്യാനങ്ങളുടെ അലയടികൾ പല സക്കേവൂസുമാരുടെയും ജീവിതത്തെ പിടിച്ചുലച്ചിട്ടുണ്ട് എന്ന സത്യം ഞാൻ മറക്കുന്നില്ല. തുടർന്നും കൂടുതൽ ഹൃദയങ്ങളിൽ പങ്കുവെയ്ക്കാനുള്ള മനോഭാവം ഉണ്ടാകേണ്ടിയിരിക്കുന്നു. മക്കളുടെ വിവാഹത്തിന് ലക്ഷങ്ങളും കോടി കളും രഹസ്യത്തിൽ വാങ്ങിക്കുന്ന, മകൾക്ക് ലക്ഷങ്ങൾ പണമായും ആഭരണവുമായി നൽകുന്ന ക്രിസ്ത്യാനികളുടെ സംഖ്യ സമൂഹത്തിൽ കൂടിയതല്ലാതെ കുറഞ്ഞിട്ടില്ല. മാതാപിതാക്കൾക്കുള്ള സ്വത്തിന്റെ വിഹിതം പെൺമക്കൾക്ക് നൽകണം. മകന്റെ വിവാഹത്തിലൂടെ പണം വാരിക്കൂട്ടാൻ കാണിക്കുന്ന ആർത്തി ലജ്ജാവഹം തന്നെ. പണക്കാ രന്റെ മകളെ സ്വർണ്ണംകൊണ്ട് പൊതിയുമ്പോൾ ഒരു ചെറിയ മിന്നുമാല വാങ്ങാൻപോലും വിഷമിക്കുന്നവരെ എനിക്കറിയാം. ഡംഭ് കാണിക്കാൻ പതിനായിരക്കണക്കിനു തുകയുടെ വിവാഹസാരികൾ വാങ്ങുമ്പോൾ

www.malankaralibrary.com


500 രൂപയ്ക്കുള്ള വസ്ത്രം വാങ്ങാൻ വിഷമിക്കുന്നവർ സമൂഹത്തിലുണ്ട്. ഒപ്പത്തിനൊപ്പം ഉള്ളവരെ വിളിച്ചുകൂട്ടി അംഗസംഖ്യ വലുതാക്കി വാഹനങ്ങളുടെ എണ്ണം പെരുപ്പിച്ച് വിവാഹത്തിന് പോകുകയും ധൂർത്തിന്റെ പര്യായമായി വളരെ വിലകൂടിയ ഡിന്നർ നടത്തി പൊങ്ങച്ചം കാണിക്കുകയും ചെയ്യുന്ന നമ്മുടെ സഹോദരങ്ങൾ ചെലവാക്കുന്നതിൽ ഒരംശം പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് നൽകാനുള്ള സന്മനസ്സ് കാണിക്കേണ്ടതല്ലേ? 'പാവങ്ങളെപ്പറ്റി ചിന്തവേണം' (ഗലാ. 2:10). 'ഏതെങ്കിലും ഒരു സഹോദരൻ ദരിദ്രനായിട്ടുണ്ടെങ്കിൽ നീ നിന്റെ ഹൃദയം കഠിനമാക്കുകയോ, അവന് സഹായം നിരസ്സിക്കുകയോ ചെയ്യരുത്' (നിയ. 15:7).

"നീ ഒരു സദ്യയോ അത്താഴവിരുന്നോ കൊടുക്കുമ്പോൾ നിന്റെ സ്നേഹിതരെയോ... ധനികരായ അയൽക്കാരെയോ വിളിക്കരുത്. ഒരുപക്ഷേ അവർ നിന്നെ പകരം ക്ഷണിക്കുകയും അത് നിനക്ക് പ്രതിഫലമാകുകയും ചെയ്യും. എന്നാൽ നീ സദ്യ കൊടുക്കുമ്പോൾ ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ എന്നിവരെ ക്ഷണിക്കുക. അപ്പോൾ നീ ഭാഗ്യവാനായിരിക്കും. എന്തെന്നാൽ പകരം നൽകാൻ അവരുടെ പക്കൽ ഒന്നുമില്ല" (ലൂക്കാ 14:12-14). കർത്താവിന്റെ ശക്തിയുള്ള വചനങ്ങൾ ഓർത്ത് നമ്മുടെ സമൂഹം പ്രവർത്തിച്ചിരുന്നെങ്കിൽ!

എന്റെ ജീവിതസ്മരണകളുമായി ബന്ധപ്പെട്ട ഏതാനും കാര്യങ്ങൾ കൂടി സൂചിപ്പിക്കുന്നു. വൈദികനായ നാൾമുതൽ എന്നെ സഹായിക്കുവാൻ അടുക്കളയിൽ ബോയ് ഉണ്ടായിരുന്നു. എന്നോടൊപ്പം കൂട്ടിനായി രാത്രിസമയങ്ങളിൽ പള്ളിക്കെട്ടിടത്തിൽ യുവജനങ്ങളും ചിലപ്പോൾ കുട്ടികളും ഉണ്ടായിരുന്നു. ഒരുമിച്ച് പാട്ടുകൾ പാടുകയും ഹാർമോണിയം വായിക്കുകയും ചെയ്യുന്നത് കുട്ടികൾക്ക് ഇഷ്ടമായിരുന്നു. എന്നോടൊപ്പം താമസിച്ച കുട്ടികളോടോ, ഇടവകയിലെ മറ്റു കുട്ടികളോടോ അപമര്യാദയായി ഒരിക്കലും ഞാൻ ഇടപെട്ടിട്ടില്ല. അവരെയെല്ലാം എന്റെ മക്കളായി മാത്രമേ ചിന്തിക്കുകയും പെരുമാറുകയും ചെയ്തിട്ടുള്ളൂ. മൈനർ സെമിനാരിയിൽ വൈസ് റെക്ടറായി പഠിപ്പിക്കുമ്പോഴും ഏതെങ്കിലും സെമിനാരിക്കാരനോട് പ്രത്യേക മമത കാണിക്കുകയോ, അവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായ എന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല. ആ വിവരം എന്റെ ശിഷ്യരായിരുന്നവർ, ഇന്നും വൈദികർ സാക്ഷിക്കും. ഇതൊക്കെ എന്റെ പുണ്യവും കഴിവുമല്ല. കർത്താവിന്റെ കൃപമാത്രം. എന്റെ കൗമാരപ്രായത്തിൽ സ്കൂളുകളിൽ ആൺ-പെൺകുട്ടി

www.malankaralibrary.com



കൾ തമ്മിലുള്ള വേർതിരിവ് വളരെ കർശനമായിരുന്നു. എന്റെ അമ്മയും ജ്യേഷ്ഠത്തിയുമാണ് ഞാൻ ആ കാലം കണ്ടുമുട്ടിയ സംസാരിച്ചിട്ടുള്ള സ്ത്രീകൾ. സ്കൂളിൽ പഠിക്കുമ്പോൾ പഠനത്തിനു മിടുക്കനായി എല്ലാ വിഷയത്തിനും ഉയർന്ന മാർക്ക് വാങ്ങിയതുകൊണ്ട് ഈ കുട്ടി ഏതാണെന്ന് കാണാൻ അടുത്ത ക്ലാസിലെ പെൺകുട്ടികൾ വന്നു നോക്കിയിട്ടുണ്ട്. ഏതോ അജ്ഞാതമായ സ്നേഹവും അടുപ്പവും ഈ പെൺകുട്ടികളോട് തോന്നിയിട്ടുണ്ട്. അകലെ നിന്ന് കാണുകയല്ലാതെ സംസാരിക്കുവാൻ അനുവാദമില്ല. ഇന്ന് സ്കൂളുകളിൽ സാഹചര്യത്തിന് മാറ്റം വന്നിട്ടുണ്ട്. എസ്.എസ്.എൽ.സി. കഴിഞ്ഞ് സെമിനാരിയിൽ ചേർന്നു. സെമിനാരിയിൽ മോറൽ തിയോളജി പഠിച്ചപ്പോൾ സെക്സിനെപ്പറ്റി ആദ്യമായി കുറെ കാര്യങ്ങൾ പഠിച്ചു.  ദൈവത്തിന്റെ വലിയ ദാനമാണെന്നും, അതിനെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയും ലൈംഗികതയുടെ ലക്ഷ്യവും എന്താണെന്നും മാതാപിതാക്കൾ മക്കൾക്ക് പറഞ്ഞുകൊടുക്കണമെന്നുമാണ് സഭയുടെ പഠനം. എന്നാൽ ഈ കാര്യത്തിൽ അന്നും ഇന്നും പല മാതാപിതാക്കളും അനാസ്ഥ കാണിക്കുന്നു. ഒന്നുകിൽ, ശരിയായ കാഴ്ചപ്പാട് അവർക്ക് തന്നെയില്ല; സ്വന്തം കുട്ടികളോട് ശരിയായ രീതിയിൽ അവതരിപ്പിക്കുവാൻ അറിവില്ല. കുട്ടികൾ എല്ലാ കാര്യവും സ്വയം പഠിച്ചുകൊള്ളട്ടെ എന്ന് ചിന്തിക്കുന്നു. തെറ്റായ കൂട്ടുകെട്ടിൽ ചെന്നുപെട്ട്,  പലകുട്ടികളും കൗമാരക്കാരും ലൈംഗികതയെപ്പറ്റി വികലമായ കാഴ്ചപ്പാടുകൾ ആർജ്ജിക്കുന്നു. എനിക്ക് പെൺകുഞ്ഞുങ്ങളോടും നല്ല സ്നേഹമുണ്ട്. പെൺകുട്ടികളെയോ സ്ത്രീകളെയോ കണ്ടാൽ മോശമായി എന്തെങ്കിലും കമന്റ് പറയുകയോ, തെറ്റായ കണ്ണിൽക്കൂടി കാണുകയോ ചെയ്തിട്ടില്ല. വി. പൗലോസ് ശ്ലീഹാ തിമോത്തിയോട് പറഞ്ഞു, “പ്രായംചെന്ന സ്ത്രീകളെ മാതാക്കളെപ്പോലെയും യുവതികളെ നിർമ്മലതയോടെ സഹോദരിമാരെപ്പോലെയും പരിഗണിക്കുക” (1 തിമോ. 5:2). ഞാൻ ഒന്നുകൂടി കൂട്ടിച്ചേർക്കുന്നു, ‘നിന്നെക്കാൾ പ്രായം കുറഞ്ഞവരെ സ്വന്തം മക്കളെപ്പോലെ കാണണം’ ഈ ഉപദേശം ഞാൻ ക്ലാസ്സ് എടുത്തിട്ടുള്ളപ്പോൾ കുട്ടികൾക്കും യുവതീയുവാക്കൾക്കും നൽകിയിട്ടുണ്ട്. എന്നെ കാണാൻ വരുന്ന വൈദിക വിദ്യാർത്ഥികളോടും ഞാൻ ഈ വചനഭാഗം പറയാറുണ്ട്. കാഴ്ചപ്പാടാണ് നമ്മെ നാം ആക്കുന്നത്. കാഴ്ചപ്പാട് ശരിയായിരുന്നാൽ എല്ലാം ശരിയാകും. “കണ്ണാണ് ശരീരത്തിന്റെ വിളക്ക്, കണ്ണ് കുറ്റമറ്റതെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും, കണ്ണ് ദുഷ്ടമാണെങ്കിലോ ശരീരം മുഴുവൻ ഇരുണ്ടു പോകും” (മത്താ. 6:23). വെറും മാംസളമായ കണ്ണല്ല, ഇവിടെ ഉദ്ദേശിക്കുന്നത്. അത്

www.malankaralibrary.com


വെളിയിൽനിന്ന് പ്രകാശം കടന്നുവരാനുള്ള ഒരു കിളിവാതിൽ മാത്രം. അതിൽക്കൂടി നാം എങ്ങനെ ഒരു വ്യക്തിയെ കാണുന്നു, എന്നതാണ് പ്രധാനം. മനസ്സ് നവീകരിക്കണം. "നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിന് പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കണം നിങ്ങളുടെ യഥാർത്ഥമായ ആരാധന. നിങ്ങളുടെ മനസ്സിന്റെ നവീകരണംവഴി രൂപാന്തരപ്പെടുവിൻ" (റോമാ 12:1-2). "ആരുടെയും ആകാരഭംഗി നോക്കിയിരിക്കരുത്" (പ്രഭാ. 42:12). ജോബിനെപ്പോലെ പറയുവാൻ നമ്മൾ അഭ്യസിക്കണം. "ഞാൻ എന്റെ കണ്ണുമായി ഒരു ഉടമ്പടി ചെയ്തിട്ടുണ്ട്. അപ്പോൾ ഞാൻ എങ്ങനെ ഒരു കന്യകയെ നോക്കും" (ജോബ് 31:1). ഒരാളെ നാം കാണുന്നതിലല്ല തെറ്റ്; ആരെയും കാണാതെ ഈ ലോകത്തിൽ ജീവിക്കുവാൻ സാധ്യമല്ല. ഏതു മനോഭാവത്തിൽ നാം കാണുന്നുവോ അതാണ് നമ്മെ നന്മയ്ക്കോ തിന്മയ്ക്കോ ആയി രൂപാന്തരപ്പെടുത്തുന്നത്. എനിക്ക് ജഡികചിന്തകളും താത്പര്യങ്ങളും തോന്നിയിട്ടില്ല എന്നല്ല പറയുന്നത്. വളരെ ശക്തമായി ലൈംഗികചിന്തകൾ മനസ്സിനെ ഭാരപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എനിക്ക് തോന്നിയ ജഡികചിന്തയ്ക്ക് ഒരാളെ കരുവാക്കുവാനോ നശിപ്പിക്കുവാനോ ഞാൻ ആഗ്രഹിച്ചിട്ടില്ല. എന്നെ സ്നേഹിച്ച, ഞാൻ സ്നേഹിച്ച പെൺകുഞ്ഞുങ്ങൾ, ഇന്ന് അമ്മയും വല്യമ്മയും ആയവർ, എനിക്ക് എഴുതാറുണ്ട്. അവർ ഫോൺ ചെയ്യാറുമുണ്ട്. പല പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും കൗമാരപ്രായത്തിൽ അകപ്പെടാനിടയുള്ള ചതിക്കുഴികളെപ്പറ്റി കത്തുകളിലൂടെ എഴുതി തക്കതായ ജീവിതദർശനം നൽകിയിട്ടുണ്ട്. അച്ചന്റെ കത്ത് എന്നെയും എന്റെ കൂട്ടുകാരികളെയും നല്ല പ്രകാശത്തിലേക്ക് നയിച്ചിട്ടുണ്ട് എന്ന് അവർ പറഞ്ഞിട്ടുണ്ട്. ഇടവകകളിൽ ഞാനും യുവാക്കന്മാർക്കും യുവതികൾക്കും നല്ല മാർഗനിർദ്ദേശം കിട്ടുന്ന പുസ്തകങ്ങൾ വായിക്കുവാൻ കൊടുത്തിട്ടുണ്ട്. അത് ചിലരെ ദൈവവിളിയിലേക്ക് നയിച്ചിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. ഒരു ഇടവകയിൽനിന്ന് ഞാൻ സ്ഥലം മാറിപ്പോയശേഷം ഒരു യുവതിയുടെ കത്ത് ലഭിച്ചു. അച്ചൻ ഞങ്ങൾക്ക് ഒരപ്പനും, ഒരമ്മയും, ജ്യേഷ്ഠസഹോദരനുമായിരുന്നു. അവർ തരുന്ന സ്നേഹവും പരിഗണനയും അച്ചനിൽനിന്ന് ഞങ്ങൾക്ക് ലഭിച്ചു. അതിപ്പോൾ നഷ്ടമായി. "എന്റെ ചിന്തകളെ നേർവഴിക്കു നയിക്കാൻ ഒരു ചാട്ടയും എന്റെ വികാരങ്ങൾക്ക് വിവേകപൂർണ്ണമായ നിയന്ത്രണവും ഉണ്ടായിരുന്നെങ്കിൽ! അധമവികാരങ്ങൾക്കു ഞാൻ അടിമയാകരുതേ! അമിതമായ ആഹാരപ്രിയമോ ഭോഗാസക്തിയോ എന്നെ

www.malankaralibrary.com


കീഴടക്കാതിരിക്കട്ടെ" (പ്രഭാ. 23:2,5,6). പരീക്ഷകൾ ജീവിതത്തിന്റെ ഭാഗമായി ആർക്കും വരാം. പക്ഷേ നാം, നശിച്ചതും തകർന്നതുമായ ഭോഗാസക്തിയുടെ അടിമയാകരുത്. നമ്മിലുള്ള ആസക്തിയുടെ യജമാനൻ ആയിരിക്കണം നാം. "നല്ലതു ചെയ്യുന്നില്ലെങ്കിൽ പാപം വാതിൽക്കൽത്തന്നെ പതിയിരിപ്പുണ്ടെന്ന് ഓർക്കണം. അതു നിന്നിൽ താത്പര്യം വച്ചിരിക്കുന്നു; നീ അതിനെ കീഴടക്കണം" (ഉത്പ. 4:7). കർത്താവിനോട് അഭേദ്യമായി ബന്ധപ്പെട്ടിരുന്നാൽ തിന്മയുടെ വശീകരണശക്തിയെ ജയിക്കുവാൻ സാധിക്കും. കർത്താവിന്റെ കൃപ യില്ലെങ്കിൽ നാം തകർന്നതുതന്നെ.

ഭോഗാസക്തി ഏറെ യുവാക്കളെയും യുവതികളെയും, ദമ്പതികളെ യും, സന്യാസിനികൾ, വൈദികർ തുടങ്ങിയുള്ള അഭിഷിക്തരെപ്പോലും തകർത്തുകളഞ്ഞിട്ടുണ്ട്. യുവാക്കളും പുരുഷന്മാരും പൊതുവേ ഭോഗാസക്തിക്കടിമപ്പെടുന്നുവെന്നതാണ് ധാരണ. എനിക്കു നേരിട്ട രണ്ട് അനുഭവങ്ങൾ സൂചിപ്പിക്കുന്നു.

ഒരിക്കലും ഞാൻ പ്രതീക്ഷിക്കാത്ത, ആഗ്രഹിക്കാത്ത, എനിക്ക് ഷോക്ക് ഉണ്ടായ രീതിയിൽ എന്നോടു പെരുമാറിയ സ്ത്രീകളുണ്ട്. പ്രത്യക്ഷമായോ പരോക്ഷമായോ അവരെ വശീകരിക്കാൻ ഞാൻ ശ്രമിച്ചിട്ടില്ല, എല്ലാം വിവരിക്കുന്നില്ല. ഒരു ഇടവകയിൽ അഞ്ചു വർഷ ത്തോളം ചുമതല നോക്കിയിട്ട്, വേറെ ഒരു ഇടവകയിലേക്ക് പോയി, ഏതാനും വർഷം കഴിഞ്ഞ് ഞാൻ ഈ ഇടവകയിൽ പോകേണ്ട സാഹ ചര്യം വന്നു. അന്നു ഞാൻ വിവാഹം ആശീർവദിച്ച ഒരു കുടുംബം അവിടെയുണ്ടായിരുന്നു. ഇതിനകം അവർക്ക് രണ്ടു മക്കളും ഉണ്ട്. എന്നെ കണ്ടപ്പോൾ, ഈ യുവതി എന്നെ വീട്ടിലേക്ക് ക്ഷണിച്ചു. പഴയ വീടിന്റെ സ്ഥാനത്ത് പുതിയ വീടുവച്ചു. അച്ചൻ വന്ന് വീട് കാണുക എന്ന് നിർബന്ധിച്ചു. ഞാൻ മകളെപ്പോലെ മാത്രം ചിന്തിച്ചു പെരുമാറിയ യുവതിയുടെ വീട്ടിൽ ചെന്നു. പത്തുമിനിറ്റ് അവിടെ ഇരുന്നു. പുതിയ വീടു കണ്ടു. "മോളെ, നല്ല വീടാണ്" എന്നു ഞാൻ പറഞ്ഞു. ഭർത്താവ് ഓഫീസിൽ പോയിരിക്കുന്നു, കുട്ടികൾ സ്കൂളിലും. ഞാൻ പോരാനായി എഴുന്നേറ്റപ്പോൾ ആ യുവതി എന്നെ ബലമായി ഇറുക്കിപ്പിടിച്ചു. എന്നെ ആശീർവദിച്ച അന്നുമുതൽ ഞാൻ ആഗ്രഹിച്ചതാണ്. പിന്നീട് പള്ളിയിൽ പലതവണ വന്നെങ്കിലും എന്നാൽ അതു പറയാനുള്ള അവസരം കിട്ടിയില്ല എന്നവൾ പറഞ്ഞു. ഞാൻ ഭയപ്പെട്ടുപോയി. എന്നേക്കാൾ ആരോഗ്യമുള്ള വ്യക്തി എന്നെ ബലമായി വിടാതെ പിടിച്ചിരിക്കുകയാണ്.

www.malankaralibrary.com


“ദയവായി എന്നെ വിടുക. ആരെങ്കിലും കണ്ടാൽ, എന്നെയല്ലേ അവർ കുറ്റക്കാരനായി തെറ്റിദ്ധരിക്കുന്നത്,” എന്നു പറഞ്ഞ് ഞാൻ കുതറി മാറി. എന്റെ നിയന്ത്രണം തെറ്റിക്കുന്ന വല്ലാത്ത നിമിഷങ്ങളായിരുന്നു. എന്റെ സ്കൂട്ടറിൽ കയറി പെട്ടെന്നു തിരിച്ചുപോന്നു. മറ്റൊരു ഇടവകയിലെ ഒരു സ്ത്രീ ഒരു കത്തു തന്നു. രണ്ടുവർഷമായി എന്നോടു സ്നേഹമാണ്—അത് ഇതുവരെ ഉള്ളിൽ ഒതുക്കിവച്ചിരിക്കുകയായിരുന്നു. ഇനിയും അതു മറച്ചുവയ്ക്കാൻ പറ്റില്ല. ഇത് എന്നെ വല്ലാതെ വിഷമിപ്പിച്ചു. തുടർച്ചയായി എന്നെ വന്നു കണ്ട് അവളുടെ ആഗ്രഹത്തിന് നിർബന്ധിച്ചുകൊണ്ടിരുന്നു. വലിയ മാനസികസംഘർഷം എനിക്ക് അനുഭവപ്പെട്ടു. ഞാൻ പള്ളിമേടയിൽ ഇല്ലെങ്കിൽ അവളുടെ പരാതിയുടെ കത്തുകൾ എന്റെ മുറിയിൽ ഇട്ടിട്ട് പോയിരുന്നു. ഞാൻ ഒത്തിരി പ്രാർത്ഥിച്ചു; കരഞ്ഞു പ്രാർത്ഥിച്ചു. “ദൈവമെ, ഇതു വലിയ പരീക്ഷയാണല്ലോ, എന്നെ രക്ഷിക്കണേ” എന്ന്.

ഒരു കത്തിൽ എഴുതിയിരുന്നു.

“ഒരു മുഖം മാത്രം കണ്ണിൽ
ഒരു സ്വരം മാത്രം കാതിൽ
മറക്കുവാൻ കഴിവില്ലല്ലൊ,
ഉറങ്ങുവാൻ കഴിവില്ലല്ലൊ.”

ഇത് ഏതോ സിനിമയിലെ ഈരടികളാണെന്ന് പിന്നീട് ഒരിക്കൽ ഈ പാട്ടുകേട്ടപ്പോൾ എനിക്കു മനസ്സിലായി. ആത്മീയപിതാവിനോടു എന്റെ പ്രതിസന്ധി വിവരം പറഞ്ഞു. അദ്ദേഹം പറഞ്ഞു, “വികാരാധീനയായ പെണ്ണിനോടു നാം എന്തു പറഞ്ഞുകൊടുത്താലും, അവൾക്ക് വിവേകം ഉദിക്കുകയോ, ബുദ്ധിയുടെ ഭാഷ മനസ്സിലാകുകയോ ഇല്ല.” അച്ചൻ സ്ഥലംമാറ്റം വാങ്ങി അവിടെ നിന്നും പോകുന്നതാണു നല്ലത്. എന്റെ ആത്മരക്ഷയ്ക്കുവേണ്ടി സ്ഥലംമാറ്റം വേണമെന്നു ഗ്രിഗോറിയോസ് പിതാവിന് എഴുതി. പ്രസ്തുത ഇടവകയിൽ നിന്ന് മാറ്റം വാങ്ങി വേറെ ഒരു സ്ഥലത്തുപോയി. അവിടെയും അവൾ ഒരു ദിവസം വന്നു. ഞാൻ പള്ളിമേടയിൽനിന്ന് അപ്പോൾ ഇറങ്ങിപ്പോയി. അച്ചനു സ്നേഹം എന്താണെന്നറിഞ്ഞുകൂടാ എന്നു എന്നോട് പറഞ്ഞു. ‘നിങ്ങളോട് എല്ലാം എനിക്ക് സ്നേഹമാണ്; “മക്കളോടെന്നപോലെയും സഹോദരികളോടെന്നപോലെയും” എന്നു ഞാൻ പറഞ്ഞു. ഭോഗാസക്തർക്കുണ്ടോ ഈ ഭാഷ മനസ്സിലാകുന്നു? പൂർവ്വപിതാവായ വിശുദ്ധ യൗസേപ്പിനെ

www.malankaralibrary.com


കുരുക്കിലാക്കാൻ ശ്രമിച്ച പൊത്തിഫറിന്റെ ഭാര്യയ്ക്കും നല്ല ഭാഷ മനസ്സിലായിക്കാണുകയില്ലല്ലോ. ജോസഫിനും ഓടിപ്പോകേണ്ടിവന്നല്ലോ. നല്ല വൈദികരെ തകർക്കുവാനും കെണിയിൽപ്പെടുത്തുവാനും ശ്രമിക്കുന്ന ഭോഗാസക്തരായ സ്ത്രീകൾ കുറെപ്പേരെങ്കിലും സമൂഹത്തിലുണ്ടെന്നുള്ള യാഥാർത്ഥ്യം ഞാൻ ഈ അവസരങ്ങളിലാണ് മനസ്സിലാക്കിയത്.

ബൽജിയംകാരൻ ഫാ. കൂൾമെൻ പൂനാ പേപ്പൽ സെമിനാരിയിൽ എന്റെ ആത്മീയപിതാവായിരുന്ന കാര്യം മുമ്പ് സൂചിപ്പിച്ചിരുന്നല്ലോ. മാസത്തിലൊരിക്കൽ ഒരു മണിക്കൂർ നീളുന്ന കൗൺസിലിംഗ് ക്ലാസ്സിലൂടെ, അദ്ദേഹം എനിക്ക് വ്യക്തിപരമായി വൈദികജീവിതത്തിൽ ഉണ്ടായിരിക്കേണ്ടതും, അനുഷ്ഠിക്കേണ്ടതുമായ കാര്യങ്ങൾ പറഞ്ഞുതരുമായിരുന്നു. ഒരിക്കൽ അദ്ദേഹം എന്നോട് നിർദ്ദേശിച്ച കാര്യങ്ങൾ, ഇത്തരുണത്തിൽ സൂചിപ്പിച്ചുകൊള്ളട്ടെ. "Bro. Sam, You are a very good looking boy. In future, girls will be after you. Be careful. On such occasions you stick to the Sacred Heart of Jesus. Let your love be undivided. Jesus Christ is your object of love. You can love everybody in Jesus, through Jesus and for Jesus. Son, remember this always." എന്നെ നേരിട്ട ഈ പ്രലോഭനങ്ങളെ അതിജീവിക്കുവാൻ ഫാ. കൂൾമെന്റെ വാക്കുകൾ എനിക്ക് പരിചയായിത്തീർന്നു. വൈദികരെ ദൈവത്തെപ്പോലെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന അനേകം സ്ത്രീകളും സമൂഹത്തിലുണ്ട് എന്നത് എത്രയോ അനുഗ്രഹപ്രദം, സന്തോഷപ്രദം! നമ്മുടെ യുവതീയുവാക്കൾ വിവാഹത്തിനു മുമ്പുതന്നെ നല്ലവരായി, മാനസികപക്വത ഉള്ളവരായി ജീവിച്ചെങ്കിലേ നല്ല കുടുംബജീവിതം കെട്ടിപ്പടുക്കുവാൻ സാധിക്കൂ. വിവാഹത്തിന്റെ പവിത്രതയെക്കുറിച്ച്, ക്രിസ്തീയ കാഴ്ചപ്പാടിനെക്കുറിച്ച് ഞാൻ പല ക്ലാസ്സുകൾ കൊടുത്തിട്ടുണ്ട്. ഒത്തിരി ആളുകൾ അതിൽ നന്ദി പ്രകാശിപ്പിച്ചിട്ടുണ്ട്. സ്ത്രീ എന്ന പദം സുന്ദരമാണ്. ഈ ലോകത്തിൽ ഉണ്ടായിട്ടുള്ള കാവ്യങ്ങളും കഥകളും ശില്പങ്ങളും എല്ലാം സ്ത്രീയെക്കുറിച്ചുള്ളതാണ്. മൃഗീയതയെ മനുഷ്യത്വമുള്ളതാക്കാനും മനുഷ്യനെ മൃഗമാക്കാനും സ്ത്രീക്ക് കഴിയും. സോക്രട്ടീസിനെയും സ്പിനോസയെയും താത്ത്വികരാക്കിയതും രാമരാവണ മഹാഭാരതയുദ്ധങ്ങൾ ഉണ്ടായതും സ്ത്രീയുമായി ബന്ധപ്പെട്ടാണ്. കാമുകിയുടെ അനുഭൂതി നൽകാനും, ഭാര്യയായി രമിപ്പിക്കുവാനും മാതൃത്വത്തിലൂടെ സ്നേഹത്തിന്റെ ഉദാത്തഭാവമാകാനും സ്ത്രീക്ക്

www.malankaralibrary.com


കഴിയും. എന്നാൽ ചിലപ്പോൾ അവൾ രാക്ഷസിയായി മാറും. ഭർത്താക്കന്മാരെ അടക്കിനിർത്തി, നിഷ്ക്രിയരാക്കാൻ കഴിവുള്ളവരും ഉണ്ട്.

ബൈബിളിൽ നന്മയുടെയും തിന്മയുടെയുമായ സ്വഭാവത്തിന്റെ ഉടമകളാകുന്ന സ്ത്രീകളെ കാണാം. നിർമ്മലമായ പ്രാർത്ഥനാനുഭവത്തിന്റെ വ്യക്തിയായ അന്നയും (1 സാമുവേൽ 1:12-13), പ്രതികൂല സാഹചര്യത്തിലും അമ്മായിയമ്മയെ വേർപിരിയാത്ത സ്നേഹത്തിന്റെ നിറകുടമായ റൂത്തും (റൂത്ത് 1:16-17), ഇസ്രായേൽ ജനത്തിന് എതിരായി വന്ന ശത്രുപക്ഷത്തിന്റെ നായകൻ ഹോളോഫർണസിനെ പ്രാർത്ഥനയുടെ ശക്തിയാൽ വധിക്കുവാൻ ധൈര്യം കാണിച്ച യൂദിത്തുമെല്ലാം ഇവരിൽ ചിലർ മാത്രം. പരിശുദ്ധ കന്യകാമറിയം എല്ലാ നന്മയുടെയും നിറകുടമാണല്ലോ.

തിന്മയുടെ മൂർത്തീഭാവമായ ജെസബേൽ ഒരു വിപരീത കഥാപാത്രം. നിഷ്കളങ്കമായ ദൈവസ്നേഹതീക്ഷ്ണതയാൽ എരിഞ്ഞ ഏലിയാ പ്രവാചകനെ വധിക്കുവാൻ കച്ചകെട്ടി ഇറങ്ങിയവൾ. ഭർത്താവായ ആഹാബിനെ തിന്മചെയ്യുവാൻ പ്രേരിപ്പിച്ച സ്ത്രീ. നിറഞ്ഞ തിന്മകളുടെ പരിണതഫലമായുള്ള ദൈവകോപത്താൽ മഴയെ മാനത്തു വിലക്കേണ്ടി വന്നതിന്റെ ഉത്തരവാദി. ഹേറോദ്യ സമാനസ്വഭാവക്കാരിയായ മറ്റൊരു കഥാപാത്രമാണ്; സ്വന്തം തെറ്റിനെ ചൂണ്ടിക്കാണിച്ചതിന്റെ പേരിൽ മരുഭൂമിയിലെ സിംഹഗർജനമായിരുന്ന നീതിമാനായ യോഗീവര്യന്റെ കഴുത്തറുപ്പിച്ച രാക്ഷസി! ദൈവത്തോടു ഒട്ടിച്ചേർന്നു ജീവിച്ച വെറും 17 വയസ്സുള്ള കോമളനായ ജോസഫിനെ തന്നോടൊപ്പം ശയിക്കുവാൻ പ്രേരിപ്പിച്ച് പരാജയപ്പെട്ടപ്പോൾ, ജോസഫ് തന്നെ കടന്നുപിടിച്ചു എന്ന കല്ലുവച്ച നുണ സ്വന്തം ഭർത്താവിനോടു പറഞ്ഞ് വാദിയെ പ്രതിയാക്കി ജോസഫിനെ കാരാഗൃഹത്തിൽ അടയ്ക്കുവാൻ കാരണക്കാരിയായ പൊത്തിഫറിന്റെ ഭാര്യ തിന്മയുടെ മറ്റൊരു മുഖമാണ്.

കുടുംബങ്ങളിൽ സഹോദരങ്ങളെ പരസ്പരം അകറ്റുന്നതിന്റെ പിന്നിൽ സഹോദര ഭാര്യമാർക്ക് പങ്കുണ്ട്. ഒരേ പായിൽ കിടന്ന്, ഒരേ പാത്രത്തിൽനിന്ന് ആഹാരം കഴിച്ച സഹോദരങ്ങൾ ബദ്ധശത്രുക്കളായിട്ടുള്ളത് ഞാൻ ഇടവകകളിൽ കണ്ടിട്ടുണ്ട്. ഇതിന്റെ പിന്നിലെ പ്രേരണാശക്തി സ്ത്രീതന്നെ. ഒരു സ്ത്രീക്ക് വേറെ ഒരു സ്ത്രീയെ അംഗീകരിക്കാനും സ്നേഹിക്കുവാനും പ്രയാസം. കുടുംബങ്ങളിൽ അമ്മായിയമ്മപ്പോര് പ്രസിദ്ധമാണല്ലോ. നോമ്പുനോക്കി ഉണ്ടായ ഏകമകൻ വിവാഹം കഴിക്കുവാൻ ധൃതി കൂട്ടുകയും, വിവാഹശേഷം സ്വന്തം മരുമകളെ മകളായി

www.malankaralibrary.com


കാണാതെ ശത്രുവായി കാണുകയും, സ്വന്തം മകനെ ഭാര്യയിൽനിന്ന് വേർപിരിയിക്കുകയും ചെയ്യുന്ന പല അമ്മായിയമ്മമാരെയും കണ്ടിട്ടുണ്ട്. അമ്മായിയമ്മയെ അമ്മയായി കാണാതെ, മകൻ അമ്മയ്ക്ക് വെള്ളം കൊടുക്കാൻപോലും അനുവദിക്കാത്ത അവസ്ഥ സൃഷ്ടിക്കുന്ന മരുമക്കളും ഉണ്ട്.

കൗമാരം വികാരത്തിന്റെ വേലിയേറ്റത്തിൽ വിവേകം നഷ്ടപ്പെടാവുന്ന പ്രായമാണ്. യൗവനത്തിന്റെ ആരംഭത്തിൽ ഈ വികാരത്തള്ളൽ മൂർദ്ധന്യത്തിൽ എത്തുന്നു. പെൺകുട്ടികൾക്ക് ഇത് തൊട്ടാൽ പൊട്ടുന്ന പ്രായവും ആണിനു തൊടാൻ മോഹം ഉദിക്കുന്ന സമയവുമാണ്. ഇന്ന് പ്ലസ് ടു ക്ലാസുകളിലുള്ള കുട്ടികൾക്കു പലർക്കും ദൈവികപദ്ധതി എന്താണെന്നു മാതാപിതാക്കൾ പറഞ്ഞുകൊടുക്കാറില്ല. കുട്ടികൾ ജിജ്ഞാസമൂലം കാര്യങ്ങൾ പരീക്ഷിച്ചറിയുവാൻ വ്യഗ്രത കാണിക്കുകയാണ്. സെക്സ് അഥവാ ലൈംഗികത ദൈവത്തിന്റെ വലിയ ദാനമാണെന്നു നമ്മുടെ കുട്ടികൾ മനസ്സിലാക്കിയിരിക്കണം. തങ്ങളുടെ ശരീരവും മറ്റുള്ളവരുടെ ശരീരവും ദൈവത്തിന്റെ ആലയമാണെന്ന് മനസ്സിലാക്കി (1 കോറി. 3:16) ആണിനെയും പെണ്ണിനെയും കാണുകയും വേണം. ഈ വിവരം കുട്ടികൾക്ക് ആര് പറഞ്ഞുകൊടുക്കുന്നു? മാതാപിതാക്കൾക്ക് തങ്ങളുടെ ശരീരം ദൈവാലയമാണെന്നറിയാതെ, ഈ സത്യത്തെക്കുറിച്ച് മക്കളെ എങ്ങനെ ബോധ്യമുള്ളവരാക്കും? സഭയിൽ കാര്യമായ പ്രബോധനം ഈ കാര്യത്തിൽ നൽകുന്നില്ല. ലൈംഗികത എന്നാൽ, 'ഇച്ചീച്ചി കാര്യം;' 'പിള്ളേർ വേണ്ട കാര്യം വേണ്ടസമയത്ത് പഠിച്ചുകൊള്ളും' എന്നാണ് മുതിർന്നവരുടെ നിലപാട്. എതിർലിംഗത്തോടുള്ള ആകർഷണം സ്വാഭാവിക പ്രവണതയാണ്. ഉത്തരവാദിത്തപൂർണ്ണമായ വിവാഹജീവിതത്തിലേക്ക് പക്വമായ പ്രായത്തിൽ നയിക്കുവാനുള്ള തയ്യാറാക്കൽ പ്രക്രിയയുടെ ആരംഭമാണ് ഈ ആകർഷണം. എന്നാൽ, യഥാർത്ഥമായ ബോധം കൈവിട്ടിട്ട് പ്രേമത്തിന്റെയും കാമത്തിന്റെയും ഊരാക്കുടുക്കിൽ യുവാക്കൾ ചെന്നുചാടുന്നു. പ്രേമം ഐശ്ചികമായി എടുക്കുമ്പോൾ പഠനത്തിൽ സബ്സിഡി വിഷയങ്ങൾപോലും കിട്ടാതെപോകുന്നു. ദിവാസ്വപ്നത്തിന്റെ ദിവ്യാനുഭൂതിയിൽ മുഴുകി, പ്രേമലേഖനങ്ങളും മൊബൈൽ സന്ദേശങ്ങളുമായി സമയം ചെലവഴിക്കുന്നു. പ്രേമം മൂത്ത് ഒളിച്ചോട്ടവും രജിസ്റ്റർ വിവാഹവും അവിഹിത ബന്ധവും. ഒടുവിൽ വികാരത്തിന്റെ ദിവ്യാനുഭൂതികൾ യക്ഷിപ്പറമ്പിൽ എത്തിനിൽക്കുമ്പോൾ കണ്ണുതുറക്കുന്നു. തങ്ങൾ അപ്സരസും

www.malankaralibrary.com


ഗന്ധർവ്വനും അല്ലാതായിരിക്കുന്നു എന്ന് തിരിച്ചറിയുന്നു. അപ്പോഴേക്കും സമയം വൈകിപ്പോയി. പിന്നീട് ഒരുപിടി കയറിലോ റെയിൽവേ പാളത്തിലോ ഇവിടൊക്കെ ജീവിതം അവസാനിപ്പിക്കുന്നു. അനേകം വിരുതന്മാർ പെൺകുട്ടികളെ വശീകരിച്ചു, പെൺവാണിഭക്കാർക്ക് കൊത്തിത്തിന്നാൻ കൊടുക്കുന്നു. പ്രേമത്തിന്റെ ആദ്യകാലങ്ങളിൽ ഹരം പിടിപ്പിക്കുന്ന കാമുകീകാമുകന്മാർ, വിവാഹശേഷം ഗോദായിലെ ഗുസ്തിക്കാരെപ്പോലെ പെരുമാറുന്നു. കുറെ കഴിയുമ്പോൾ ശോകഗാനത്തിന്റെ ഈരടികൾ പാടി പിരിയുന്നു. ഇതൊക്കെയാണ് ഭൂരിപക്ഷം പ്രേമവിവാഹത്തിലും സംഭവിക്കുന്നത്. ജാതിയും മതവും നോട്ടമില്ലാത്ത കടുത്ത പ്രേമം. പല ക്രിസ്തീയ മക്കളും മറ്റു മതവിഭാഗത്തിൽപ്പെട്ടവരുമായി ബന്ധപ്പെടുന്നു. അബ്രാഹമിന്റെ മകൻ ഇസ്സഹാക്കിനു ഭാര്യയെ സ്വീകരിക്കേണ്ട സമയമായപ്പോൾ അബ്രഹാം സ്വന്തം വേലക്കാരനോടു പറഞ്ഞു, “ഞാൻ പാർക്കുന്ന ഈ നാട്ടിലെ കാനാന്യരുടെ പെൺമക്കളിൽ നിന്ന് എന്റെ മകനു ഭാര്യയെ തിരഞ്ഞെടുക്കയില്ലെന്ന് ആകാശത്തിന്റെയും ഭൂമിയുടെയും ദൈവമായ കർത്താവിന്റെ നാമത്തിൽ നിന്നെക്കൊണ്ട് ഞാൻ സത്യം ചെയ്യിക്കും, എന്റെ നാട്ടിൽ എന്റെ ചാർച്ചക്കാരുടെ പക്കൽ പോയി, അവരിൽനിന്ന് എന്റെ മകൻ ഇസ്സഹാക്കിനു ഭാര്യയെ കണ്ടുപിടിക്കണം” (ഉൽപത്തി 24:3). റെബേക്കാ അബ്രാഹത്തിന്റെ ചാർച്ചക്കാരിൽ നിന്നു ലഭിച്ച യുവതിയാണ്.

എന്റെ ജൂനിയർ ആയി പഠിച്ച ഒരു വൈദികൻ തന്റെ സഹോദരി ഒരു മുസ്ലീം ചെറുപ്പക്കാരന്റെ കൂടെ പോയതിന്റെ സങ്കടം എന്നോടു കരഞ്ഞു പറഞ്ഞു. നമ്മുടെ പല പെൺകുട്ടികളും അവിവേകമായി ഇങ്ങനെയുള്ള ബന്ധങ്ങളിൽ ചെന്നു ചാടുന്നു. മതവിശ്വാസം അതിന്റെ മൂല്യങ്ങൾ ഒരു വ്യക്തിയിൽ ആഴമായി വേരുറപ്പിച്ചതാണ്. പ്രേമിക്കുന്ന സമയത്ത് അതിന്റെ വില മറന്നുപോകുന്നു. വിവാഹശേഷം മക്കൾ ജനിക്കുമ്പോഴാണ് സ്വന്തം വിശ്വാസവും ഭർത്താവിന്റെ വിശ്വാസവും തമ്മിൽ കുട്ടികളെ വളർത്തുന്ന കാര്യത്തിൽ സംഘർഷം ആരംഭിക്കുന്നത്.

പഠിച്ചുകൊണ്ടിരിക്കുമ്പോൾ പ്രേമിച്ചു വഞ്ചിതരായ പല പെൺകുട്ടികളെയും എനിക്കറിയാം. ആത്മഹത്യയിൽ ചെന്നവസാനിക്കേണ്ട പല പെൺകുട്ടികളും യഥാസമയം എന്നോടു വിഷമം പറഞ്ഞതുകൊണ്ട് അവരെ രക്ഷിക്കാൻ സാധിച്ചിട്ടുണ്ട്, തുടർന്ന് അവർ വിവാഹജീവിതത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. നിരവധി യുവതികളെ നിരാശ

www.malankaralibrary.com


യിൽനിന്നും പിടിച്ചു കയറ്റുവാൻ സാധിച്ചു. നേരിട്ടു സംസാരിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കത്തുകളിലൂടെ വേണ്ട നിർദ്ദേശം നൽകിയാണ് അവരെ ബലപ്പെടുത്തിയത്. ഞാൻ ചുമതല വഹിച്ചിട്ടുള്ള ഇടവകയിൽപ്പെട്ട പല കൗമാരപ്രായക്കാർക്കും ഞാൻ നേരത്തെയും ഇപ്പോഴും കത്തുകൾ എഴുതി, ജീവിതത്തിൽ ദൈവത്തിന് അവരെക്കുറിച്ചുള്ള പദ്ധതിയും, അവരിൽ പ്രവർത്തിക്കുന്ന ലൈംഗികതയുടെ ശാരീരിക മാനസിക പ്രതിഭാസത്തിന്റെ അർത്ഥവും ഉദ്ദേശ്യവും കത്തിലൂടെ വിശദീകരിക്കുന്നു. കത്തിലെ വിവരങ്ങൾ അവർക്കും അവരുടെ കൂട്ടുകാർക്കും വളരെ അനുഗ്രഹപ്രദമായിരുന്നു എന്ന് പലരും എന്നെ അറിയിച്ചിട്ടുണ്ട്.

'ലൗ മാര്യേജ്' ആണോ അതോ മാതാപിതാക്കൾ 'അറേഞ്ച്' ചെയ്യുന്ന വിവാഹമാണോ നല്ലത് എന്നതിനു വിഭിന്ന അഭിപ്രായമുണ്ട്. നമ്മുടെ നാട്ടിൽ പണ്ടുമുതൽ മാതാപിതാക്കൾ മുൻകൈ എടുത്തു നടത്തുന്ന വിവാഹമാണ്. ഇന്ന് അതിനു മാറ്റംവന്നുകൊണ്ടിരിക്കുന്നു. അമേരിക്കയിലും യൂറോപ്പ് രാജ്യങ്ങളിലുമെല്ലാം പരസ്പരം ഇഷ്ടപ്പെട്ട്, വർഷങ്ങൾക്കുശേഷം വിവാഹം കഴിക്കുന്നു. മാതാപിതാക്കൾക്ക് അതിന് കാര്യമായ പങ്കില്ല. വിവാഹത്തിനുമുമ്പ് യുവതീയുവാക്കൾ പരസ്പരം കണ്ടുമുട്ടുന്നു, അടുത്ത് ഇടപഴകുന്നു. ഇങ്ങനെയുള്ള പലയുവതികളും വിവാഹത്തിനു മുമ്പ് ഗർഭിണികളാകുന്ന സംഭവങ്ങളും സാധാരണമാണ്. അമേരിക്കയിലൊക്കെ ഇഷ്ടപ്പെട്ട് വിവാഹം കഴിച്ചതിൽ മൂന്നിൽ രണ്ട് ബന്ധങ്ങളും വിവാഹമോചനത്തിലവസാനിക്കുന്നു. പവിത്രമായ കുടുംബത്തിന്റെ അടിത്തറ തകരുന്നു. എന്റെ ഒരു ബെനിഫാക്ടർ അമേരിക്കയിൽനിന്ന് എനിക്കെഴുതി. എന്റെ രണ്ടു പെൺകുട്ടികളെ ചിട്ടയിൽ, കത്തോലിക്കാ വിശ്വാസത്തിൽ വളർത്തുവാൻ ശ്രമിക്കുന്നു. ഇവിടെ മക്കൾ തെറ്റിപ്പോകാതിരിക്കുന്നത് വളരെ ശ്രമകരമാണ്. കൗമാരപ്രായത്തിൽ എതിർലിംഗത്തിൽപ്പെട്ട ഒരാളെ കൂട്ടായി കിട്ടാത്തവർക്ക് എന്തോ മാനസിക തകരാറുണ്ടെന്ന് ചിന്തിക്കുന്ന തലമുറയാണ് അവിടെയുള്ളത്. അതിന്റെ കാറ്റ് നമ്മുടെ നാട്ടിലും വീശി അടിച്ചുകൊണ്ടിരിക്കുന്നു. പ്രായവും പക്വതയും വന്നശേഷം, തന്റെ വിശ്വാസത്തിലുള്ള വ്യക്തിയെ കണ്ടുമുട്ടി, ജീവിത പങ്കാളിയാക്കണമെന്നു തോന്നിയാൽ, മാതാപിതാക്കളുടെ ആശീർവാദത്തോടുകൂടി ആ വിവാഹം നടത്തുന്നതിൽ തെറ്റില്ല എന്നാണ് എന്റെ അഭിപ്രായം. അല്ലാതെ കൗമാരപ്രായത്തിലോ അതുകഴിഞ്ഞോ ആരെയെങ്കിലും കണ്ടുമുട്ടി, ആ ഗ്ലാമറിൽ

www.malankaralibrary.com


മയങ്ങി, മാതാപിതാക്കളെ ധിക്കരിച്ച് വിവാഹം കഴിക്കുന്നതു നല്ലതല്ല എന്നാണ് എന്റെ വിശ്വാസം. പ്രേമത്തിൽ പ്രേമഭാജനത്തിന്റെ നല്ലവശം മാത്രം കാണാനാവുന്നു; പ്രണയകാലയളവിൽ ആ വ്യക്തിയുടെ യഥാർത്ഥ വ്യക്തിത്വത്തിന്റെ വികലഭാവങ്ങൾ അജ്ഞാതമാണ്. സുന്ദരവശങ്ങൾ മാത്രംകണ്ട് ഭ്രമിക്കുന്നു. വിവാഹത്തിൽ ജീവിച്ചുവരുമ്പോഴാണ്, ഞാൻ കണ്ട സുന്ദരന് അഥവാ സുന്ദരിക്ക് വേറെ കറുത്ത പല സ്വഭാവങ്ങളും ഉള്ളതായി മനസ്സിലാക്കുന്നത്. താൻ വഞ്ചിക്കപ്പെട്ടു എന്ന തോന്നൽ ഉണ്ടാകുന്നു. ജീവിതം വഴിമുട്ടുന്നു. തൊട്ട് ഉരുമ്മിയിരുന്നവർ അകലുന്നു. പ്രേമസല്ലാപമൊന്നുമില്ലാതെ ജീവിതം വിരസമാകുന്നു, പരസ്പരം വെറുപ്പായിമാറുന്നു. അവസാനം അവർ വിവാഹമോചനത്തിൽ ചെന്നവസാനിക്കുന്നു. ഇങ്ങനെ പല പ്രേമവിവാഹ കേസുകൾ എനിക്കറിയാം. കുടുംബജീവിതം സെക്സിന്റെ മായാപ്രപഞ്ചം സൃഷ്ടിക്കുന്ന മാസ്മരികജീവിതം മാത്രമല്ല. കുടുംബജീവിതം വളരെ പാവനവും ഏറെ ഉത്തരവാദിത്തവുമുള്ള ജീവിതമാണെന്നു നന്നായി മനസ്സിലാക്കി, നന്നായി പ്രാർത്ഥിച്ച് പ്രവേശിക്കേണ്ട ജീവിതാന്തസ്സാണ്. മാലാഖമാർ കയറുവാൻ മടിക്കുന്നിടത്തു പിശാചുക്കൾ കയറുന്നു എന്ന് ഒരു ഇംഗ്ലീഷ് ചൊല്ലുണ്ട്. വിവാഹത്തിന് ആയിരക്കണക്കിനു രൂപ മുടക്കി ഒരുക്കങ്ങൾ നടത്തുന്നു. എന്നാൽ യുവാവും യുവതിയും മുട്ടിന്മേൽ നിന്ന് പ്രാർത്ഥിച്ച് ഒരുങ്ങുന്നവർ ചുരുക്കം. ഇവർ ബൈബിളിലെ തോബിയാസിനെയും സാറായെയും കണ്ടുപഠിക്കട്ടെ. തോബിത്ത് 8-ാം അദ്ധ്യായം വിസ്താരഭയത്താൽ വിവരിക്കുന്നില്ല. ഈ പുസ്തകം വിവാഹത്തിനുമുമ്പ് എല്ലാ ദമ്പതികളും വായിച്ചു ധ്യാനിക്കേണ്ടതാണ്. നമ്മുടെ നാട്ടിൽ വിവാഹം ഒരു യുവതിയും യുവാവും മാത്രമുള്ള ബന്ധമല്ല. രണ്ട് കുടുംബങ്ങൾ അവരുടെ മക്കളുടെ വിവാഹത്തോടെ ബന്ധപ്പെടുന്നു. വളരെ ശക്തമായ ബന്ധത്തിന്റെ കണ്ണികളാണ് കുടുംബങ്ങൾ തമ്മിൽ വിവാഹത്തോടെ ഉടലെടുക്കുന്നത്. ഈ ബന്ധവും സംരക്ഷണവും മാതാപിതാക്കളെ കൂടാതെയുള്ള പ്രേമവിവാഹത്തിൽ നഷ്ടപ്പെടുന്നു. അറേഞ്ച് വിവാഹത്തിലും പ്രശ്നങ്ങൾ ഉണ്ടാകാം. സമയമെടുത്ത് വേണ്ടവിധം അന്വേഷിക്കാതെ ഒരാഴ്ചകൊണ്ട് എല്ലാം ക്രമപ്പെടുത്തുന്ന രീതി ദോഷം ചെയ്യാം.

എന്റെ ജീവിതത്തിലെ ചില ഓർമ്മകൾ ഇവിടെ കുറിച്ചുവച്ചു. ഓർക്കാതെപോയ പലതുമുണ്ട്. എല്ലാം ക്രമബദ്ധമായും കാലാനുസൃതമായും മാത്രം രേഖപ്പെടുത്തുന്നതിന് സാധിച്ചില്ല. നല്ല ശരീരവേദന

www.malankaralibrary.com


യുള്ളതുകൊണ്ട് കൂടുതൽ സമയം ഇരിക്കുവാനും നന്നായി എഴുതുവാനും സാധിക്കാതെ കുത്തിക്കുറിച്ചതാണ്. ഞാൻ ഒരു വൈദികനായി, പ്രത്യേകിച്ച് കത്തോലിക്കാസഭയിൽ. അതിന് എന്നെ പ്രേരിപ്പിച്ച മാതാപിതാക്കളെയും മറ്റു വ്യക്തികളെയും ഞാൻ നേരത്തെ അനുസ്മരിച്ചിട്ടുണ്ട്. എന്തുകൊണ്ട് എന്റെ കുടുംബത്തിൽ ഞാൻ വൈദികനായി? ദൈവത്തിന്റെ അദൃശ്യവും നിസ്സീമവുമായ പദ്ധതിയും സ്നേഹവും കൊണ്ടുമാത്രം. അമ്മയുടെ ഉദരത്തിൽ രൂപംനൽകുന്നതിന് മുമ്പ് ജെറമിയാ ദീർഘദർശിയെ അറിഞ്ഞ കർത്താവ് എന്നെയും അറിഞ്ഞ് വിളിച്ചു, സ്നേഹിച്ചു. അല്ലാതെ ഈ പദവിയിലേക്ക് വരാനുള്ള യോഗ്യതയൊന്നും എനിക്കില്ല. ഞാൻ ഒരു വൈദികനല്ലായിരുന്നെങ്കിൽ ആരാകുമായിരുന്നു? എനിക്കറിഞ്ഞുകൂടാ. ഒരുപക്ഷേ ലക്ഷ്യബോധമില്ലാത്ത ലൗകീക മനുഷ്യനായിത്തീർന്ന് ജീവിതം തള്ളിനീക്കുന്ന വ്യക്തിയായിത്തീരാം. കാരണം, മുന്നോട്ട് പഠിക്കുവാനോ നല്ല നിർദ്ദേശം തരാനോ പാവപ്പെട്ട അമ്മയും അപ്പനും അല്ലാതെ മറ്റാരുമില്ലായിരുന്നു. ചില നന്മകൾ ചെറുപ്പത്തിൽത്തന്നെ എനിക്ക് ലഭിച്ചു. നല്ല വിശുദ്ധനായ വൈദികനാകണമെന്നുള്ള ആഗ്രഹം ചെറുപ്പം മുതലേ ഉണ്ടായിരുന്നു. പഠിക്കുന്ന കാലംമുതൽ ചീത്തവാക്കുകൾ പറഞ്ഞിട്ടില്ല. വൈദികനായ ശേഷവും മോശമായ ഭാഷയിൽ സംസാരിച്ചിട്ടില്ല. ഇവയൊന്നും ഒരു വൈദികന് ചേർന്നതല്ല എന്നുള്ള ബോധ്യം എനിക്കുണ്ടായിരുന്നു. മറ്റുള്ളവരോട് സ്നേഹത്തോടും ബഹുമാനത്തോടും പെരുമാറാൻ ശ്രമിച്ചിട്ടുണ്ട്. ആരേയും എടാ, പോടാ, പോടി എന്നു വിളിച്ചിട്ടില്ല. ഒന്നുകിൽ പേര് അല്ലെങ്കിൽ മോൻ, മോൾ എന്നുമാത്രം വിളിച്ചു. പ്രായമായവരെ അച്ചായൻ എന്ന് ചേർത്ത് വിളിച്ചിരുന്നു. ഞാൻ ആരോടും ക്ഷോഭിക്കാറില്ല. എന്നാൽ ഇടവക സംബന്ധമായ കാര്യത്തിന് രണ്ട് മൂന്ന് വ്യക്തികളോട് കുറച്ച് ക്ഷോഭിച്ച് സംസാരിക്കേണ്ടിവന്നു. എന്നാൽ അവരോടെല്ലാം, രമ്യപ്പെടുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ആരെയും നിർബന്ധിച്ച് മഠത്തിലോ സെമിനാരിയിലോ വിട്ടിട്ടില്ല. എന്നാൽ ഞാൻ കൊടുത്ത മാതൃക പലരെയും ദൈവവിളിയിൽ സഹായിച്ചിട്ടുണ്ട്. മോൺ. ജെയിംസ് പാറവിള, ഫാ. ജോൺ കൊച്ചുതുണ്ടിൽ, ഫാ. ജോൺ ഇലവനാംകുഴി ഒ.ഐ.സി., ഫാ. ഗീവർഗീസ് കുറ്റിയിൽ ഒ.ഐ.സി., ഫാ. ജോർജ്ജ് അയ്യനേത്ത് ഒ.ഐ.സി., സിസ്റ്റർ കാരുണ്യ, സിസ്റ്റർ കരുണ, സിസ്റ്റർ ധന്യ, സിസ്റ്റർ ദീപ്തി, സിസ്റ്റർ തെരേസാ, സിസ്റ്റർ ടെസാ ഇവരെല്ലാം ഞാൻ അവരുടെ ഇടവകകളിൽ

www.malankaralibrary.com


ചുമതല നിർവ്വഹിക്കുന്ന കാലയളവിൽ ദൈവവിളി സ്വീകരിച്ചവരാണ്. ജെയിംസ് പാറവിളയച്ചനെ ഞാൻ ഇളമാടുനിന്ന് സെമിനാരിയിൽ കൊണ്ടുവരികയും, രണ്ട് വർഷം മൈനർ സെമിനാരിയിൽ അദ്ദേഹത്തെ പഠിപ്പിക്കുകയും ചെയ്തു. എന്റെ അമ്മച്ചി പറയുമായിരുന്നു, 'എനിക്ക് പെൺമക്കൾ ഉണ്ടായിരുന്നെങ്കിൽ ഒരാളെയെങ്കിലും മഠത്തിൽ സിസ്റ്റർ ആകാൻ വിടുമായിരുന്നുവെന്ന്.' ഞാൻ പറയാതെ തന്നെ എന്റെ അച്ചായന്റെ മകന്റെ ഏകമകൾ ബഥനി മഠത്തിൽ ചേർന്ന് കന്യാസ്ത്രീയായി (പത്തനംതിട്ട പ്രോവിൻസിലെ സിസ്റ്റർ സിസ്സി). ദൈവത്തിന് സ്തോത്രം. അവരുടെ ദൈവവിളിക്ക് ഞാൻ പ്രചോദനം ആയിരുന്നുവെന്ന് പിന്നീട് ഈ ജീവിതാന്തസ്സിൽ വന്ന പലരും പറഞ്ഞിട്ടുണ്ട്.

പണം ഉണ്ടാക്കി ധൂർത്തടിച്ച് സുഖിച്ചു നടക്കുവാൻ ഞാൻ ആഗ്രഹിച്ചിട്ടില്ല. അങ്ങനെ ചെയ്തിട്ടില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ കിട്ടിയ പണം പല പാവപ്പെട്ടവർക്കും നൽകി സഹായിച്ചതിൽ കർത്താവിന് നന്ദി പറയുന്നു. മാലാഖമാർ പോലും കയറിച്ചെല്ലുവാൻ ഭയപ്പെടുന്ന വിശുദ്ധ സ്ഥലത്ത് കയറുവാൻ ഞാൻ യോഗ്യനല്ല. എന്റെ അയോഗ്യത അറിഞ്ഞുകൊണ്ടുതന്നെ ദൈവം എന്നെ വിളിച്ചു. ഈ വലിയ വിളിക്കനുസരിച്ച് 100 ശതമാനം വിശ്വസ്തത പുലർത്തുവാൻ എനിക്ക് സാധിച്ചിട്ടില്ല. എന്റെ കുറവുകളെ, ബലഹീനതകളെ, പാപങ്ങളെ കുരിശിന്റെ ചുവട്ടിൽ കണ്ണുനീരോടെ സമർപ്പിക്കുന്നു.

ഒരു വൈദികൻ ആരാണ്? എങ്ങനെ ആയിരിക്കണം എന്ന് സഭാപിതാക്കന്മാർ ധാരാളം പറഞ്ഞിട്ടുണ്ട്, എഴുതിയിട്ടുണ്ട്. മാർപാപ്പാമാർ വൈദികനുണ്ടായിരിക്കേണ്ട ഗുണഗണങ്ങളെപ്പറ്റി ധാരാളം പറയുന്നുണ്ട്. അവരുടെ മുൻപിൽ ഞാൻ നിസ്സാരനാണ്. എന്റെ ചില ബോധ്യങ്ങൾ, പറഞ്ഞാൽ; വൈദികൻ അനുസരണയുള്ളവനായിരിക്കണം. മേലധികാരികളുടെ നിർദ്ദേശം, കല്പന അനുസരിക്കണം. അവർക്ക് തലവേദനയുണ്ടാക്കുന്ന വ്യക്തിയായിരിക്കരുത്. ഞാൻ പോയാൽ പിന്നെ ഇവിടെ പ്രളയം എന്നമട്ടിൽ മേലധികാരികളെ ധിക്കരിച്ച് ഇഷ്ടപ്പെട്ട ഇടവകയിൽ സ്ഥാനങ്ങളിൽ പിടിച്ചിരിക്കുവാൻ ഒരിക്കലും ശ്രമിക്കരുത്. എനിക്ക് തുടരാൻ ഇഷ്ടപ്പെട്ട സ്ഥലത്തുനിന്ന് മാറ്റം തന്നപ്പോൾ സന്തോഷത്തോടെ മേലധികാരികളെ അനുസരിച്ചിട്ടുണ്ട്. പണക്കൊതിയനായി എങ്ങനെയും പണമുണ്ടാക്കാൻ ശ്രമിക്കരുത്. പണം സഭയോ ദൈവജനമോ തന്നാൽ മാന്യമായി സ്വന്തം ആവശ്യം കഴിഞ്ഞ് ബാക്കിപണം പാവപ്പെട്ടവർക്കായി ഉപയോഗിക്കണം. ആരോഗ്യത്തിന് ആവശ്യമായി

www.malankaralibrary.com


ആഹാരം കഴിക്കണം. എന്നാൽ ആഹാരപ്രിയനാകരുത്. രുചി പോരാ എന്ന പരാതിയുമായി വേലക്കാരെയും മറ്റും കുറ്റം പറയരുത്. എന്തെങ്കിലും മാറ്റം വേണമെങ്കിൽ സ്നേഹത്തോടെ അവരോട് പറയണം. ചുമതല ഏൽപ്പിച്ച ദൈവജനത്തിന്റെ ഭവനങ്ങൾ പതിവായി സന്ദർശിക്കണം പ്രത്യേകിച്ച് പാവപ്പെട്ടവരുടെ. പണക്കാരുടെ ഭവനത്തിൽപോയി കൂടുതൽ സമയം ചെലവഴിക്കുന്നതും അവരുടെ പക്ഷം പിടിക്കുന്നതും ശരിയല്ല. ഒരിക്കലും പുകവലിക്കുകയോ, മദ്യപിക്കുകയോ ചെയ്യരുത്. പ്രസന്നാത്മകമായ മുഖത്തോടെ പുഞ്ചിരിക്കുന്ന മുഖഭാവത്തിൽ മറ്റുള്ളവരെ സ്വീകരിക്കണം. പെട്ടെന്ന് ക്ഷോഭിച്ച് പൊട്ടിത്തെറിക്കുകയും, ഒച്ചവച്ച് വായിൽ തോന്നുന്നത് പറയുകയും ചെയ്യുന്നത് വൈദികന് ചേർന്നതല്ല എന്ന് ഞാൻ വിചാരിക്കുന്നു. “ക്ഷിപ്രകോപമരുത്, കോപം ഭോഷന്റെ മടിയിൽ വിശ്രമിക്കുന്നു” (സഭാ. 7:9). മറ്റുള്ളവരോട് സ്നേഹമായും സൗമ്യമായും പെരുമാറണം. “ധാത്രി കുഞ്ഞുങ്ങളെ പരിചരിക്കുന്നതുപോലെ ഞങ്ങൾ നിങ്ങളുടെ ഇടയിൽ സൗമ്യമായി പെരുമാറി” (1 തെസ്സ. 2:7). ഒരിക്കലും നമുക്ക് ദാസവേല ചെയ്യുന്ന വേലക്കാരോട് സഹോദരൻ, സഹോദരി, മകൻ, മകൾ എന്ന നിലയിലല്ലാതെ പരുഷമായി, കോപിച്ച് അവരെ താഴ്ത്തിക്കെട്ടി സംസാരിക്കരുത്. നമ്മെ സമീപിക്കുന്ന പാവപ്പെട്ടവരോടും ഈ പെരുമാറ്റരീതിയുണ്ടായിരിക്കണം. മുകളിൽ ഞാൻ സൂചിപ്പിച്ച കാര്യങ്ങൾ ഞാൻ ഏറെക്കുറെ എന്റെ ജീവിതത്തിൽ അനുവർത്തിച്ച കാര്യങ്ങളാണ്. ഇത് അഹങ്കാരമായി പറയുന്നതല്ല. പരിശുദ്ധാത്മാവിന്റെ നിരന്തര സഹായംകൊണ്ട്, പ്രാവർത്തികമാക്കാൻ തമ്പുരാൻ കനിഞ്ഞതാണ്. എന്റെ സ്വന്തം കഴിവുകൊണ്ട് ഒരു നന്മയും ചെയ്യുവാൻ സാധിക്കുകയില്ലായെന്ന് എനിക്കറിയാം.

ഒത്തിരി കുഞ്ഞുങ്ങളെ ജ്ഞാനസ്നാനം നൽകി ദൈവമക്കളാക്കി. അവരിൽ ചിലർ പിന്നീട് സഭയിൽ വൈദികരും കന്യാസ്ത്രീകളുമായി. വളരെപ്പേരെ വിശുദ്ധ വിവാഹകൂദാശ നൽകി അനുഗ്രഹിച്ചു. ആയിരക്കണക്കിന് ആളുകൾക്ക് കർത്താവിന്റെ തിരുശരീരവും തിരുരക്തവും നൽകി. അനേകരെ വിശുദ്ധ കുമ്പസാരത്തിലൂടെ പാപമോചനം നൽകി ശക്തിപ്പെടുത്തി. രോഗികൾക്ക് തൈലാഭിഷേകം നൽകി, നല്ല മരണത്തിന് ഒരുക്കി. മരിച്ചുപോയവരുടെ ഭവനങ്ങളിൽ സാന്ത്വനവുമായി എത്തി. വളരെയധികം യുവതീയുവാക്കൾക്ക്, ദമ്പതികൾക്ക് ക്ലാസ്സുകളെടുത്ത് പ്രബുദ്ധരാക്കി. അറിയാവുന്ന പാട്ടുകൾ കുഞ്ഞുങ്ങളെ പഠിപ്പിച്ചു. വീടുകളെല്ലാം, ഹൈന്ദവ വീടുകൾ ഉൾപ്പെടെ സന്ദർശിച്ച് കർത്താവിന്റെ

www.malankaralibrary.com


സ്നേഹം നൽകി. "എന്റെ നാമത്തെപ്രതി ഭവനത്തെയോ സഹോദരന്മാരെയോ സഹോദരിമാരെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടി ലഭിക്കും" (മത്താ. 19:29) എന്ന കർത്താവിന്റെ വാഗ്ദാനം എന്റെ ജീവിതത്തിൽ നിറവേറ്റിയെന്ന അനുഭവമുണ്ട്. "എന്റെ മനസ്സും ശരീരവും ജീവിക്കുന്നവനായ ദൈവത്തിന് ആനന്ദഗാനം ആലപിക്കും" (സങ്കീ. 84:2). "എന്റെ ജീവിതകാലം മുഴുവൻ ഞാൻ കർത്താവിന് കീർത്തനം പാടും, ആയുഷ്ക്കാലം അത്രയും ഞാൻ എന്റെ ദൈവത്തെ പാടി സ്തുതിക്കും" (സങ്കീ. 104:33). ബലഹീനനായ, പാപിയായ എന്നെ ഒരു വൈദികനാക്കിയ കർത്താവിന് നൽകാൻ എന്റെ ബലഹീനത മാത്രം. എന്റെ ബലഹീന സ്തുതികളും സങ്കീർത്തകനോട് ചേർന്ന് പാടുവാൻ കർത്താവ് എനിക്ക് കൃപ തരട്ടെ എന്നു പ്രാർത്ഥിക്കുന്നു. "വിശ്വാസത്തിന്റെ നാഥനും അതിനെ പൂർണ്ണതയിൽ എത്തിക്കുന്നവനുമായ യേശുവിനെ മുന്നിൽക്കണ്ടുകൊണ്ട്" (ഹെബ്രാ. 12:12) തുടർന്നും ഓടാൻ ഞാൻ ശ്രമിക്കുന്നു. ഇവിടെ നിലനിൽക്കുന്ന നഗരമില്ല, വരാനുള്ള നഗരത്തെ നാം അന്വേഷിക്കുന്നു (ഹെബ്രാ. 13:14). വി. പൗലോസ് ശ്ലീഹായോട് ചേർന്ന് ഞാൻ പ്രാർത്ഥിക്കുന്നു. "എന്റെ ജീവൻ ഏതെങ്കിലും വിധത്തിൽ വിലപ്പെട്ടതായി ഞാൻ കണക്കാക്കുന്നില്ല, എന്റെ ഓട്ടം പൂർത്തിയാക്കണമെന്നും, ദൈവത്തിന്റെ കൃപയുടെ സുവിശേഷത്തിന് സാക്ഷ്യം നൽകാൻ കർത്താവായ യേശുവിൽ നിന്ന്, ഞാൻ സ്വീകരിച്ചിട്ടുള്ള ദൗത്യം നിറവേറ്റണമെന്നും മാത്രമേ ഞാൻ ആഗ്രഹിക്കുന്നുള്ളൂ" (അപ്പ. 20:24). "കുഞ്ഞാടിന്റെ വിവാഹ വിരുന്നിന് വിളിക്കപ്പെട്ടവർ ഭാഗ്യവാന്മാർ" (വെളി. 19:9). എന്റെ നാഥനായ കർത്താവ് എന്നെ ഇത്രയും കാലം കാത്തുകൊണ്ടവൻ, എന്നിലൂടെ ദൈവജനത്തിന് എളിയ ശുശ്രൂഷ ചെയ്യുവാൻ ഒരുക്കിയവൻ, വിളിക്കപ്പെട്ടവരുടെ ഗണത്തിൽ, എന്നെയും ചേർത്തുകൊള്ളണമേയെന്ന് നിരന്തരം പ്രാർത്ഥിക്കുന്നു.

2009-ൽ വയറിന് ഒരു ഓപ്പറേഷൻ വേണ്ടിവന്നു. ഒരു ദിവസം ശക്തമായ വയറുവേദന. വയറിന്റെ വലതുഭാഗം നന്നായി മുഴച്ച് കല്ലിച്ച അവസ്ഥ. ശക്തിയായ ഛർദ്ദിൽ, വെള്ളം കുടിക്കാൻപോലും, സാധിക്കുന്നില്ല. ജൂബിലി ആശുപത്രിയിൽ എന്റെ സഹോദരൻ കൊണ്ടുപോയി. സ്കാനിങ്ങിൽ കുടലിൽ തടസ്സം ആണെന്നും, ഉടനെതന്നെ ഓപ്പറേഷൻ വേണമെന്നും ഡോക്ടർ പറഞ്ഞു. തികച്ചും പ്രതീക്ഷിക്കാത്ത വാർത്ത. എന്റെ സഹോദരൻ ജോഷ്വാ മലേഷ്യയിലുള്ള മകളെ വിളിച്ച് വിവരം പറഞ്ഞു. മകൾ ഇവിടെ ഡോക്ടറുമായി സമ്പർക്കം പുലർത്തി. ഓപ്പറേഷൻ മാത്രമേ പ്രതിവിധിയുള്ളൂ. അതു ചെയ്യിക്കാൻ മകൾ മറുപടി

www.malankaralibrary.com


നൽകി. പിറ്റേദിവസം ഓപ്പറേഷൻ നടത്തി. കുടൽ പലഭാഗം ഒട്ടിയ സ്ഥിതി. സാധാരണ ഉണ്ടായിരിക്കേണ്ട വികാസം കുടലിനില്ല. കുടൽ കുറെ ഭാഗം മുറിച്ചുകളഞ്ഞ് തുന്നിച്ചേർത്തു. ഒരാഴ്ച കഴിഞ്ഞ് ഐ.സി.യുവിൽനിന്ന് ഇറങ്ങി. കുടൽ നോർമൽ ആയില്ല. നല്ല പ്രശ്നമുള്ള തായി ഡോക്ടർ പറഞ്ഞു. മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റുകയാണ് എന്നുള്ള വിവരം എന്റെ സഹോദരനെ അറിയിച്ചു. ഡോക്ടറുടെ അനന്തരവൻ മെഡിക്കൽ കോളജിലെ ഡോക്ടറാണ്. അങ്ങനെ അദ്ദേഹം വഴി പെട്ടന്ന് അഡ്മിഷൻ ലഭിച്ചു. രാത്രി 10 മണിയോ ടുകൂടി ആംബുലൻസിൽ എന്നെ ആശുപത്രിയിൽ എത്തിച്ച് ഐ.സി.യു. വിൽ പ്രവേശിപ്പിച്ചു. എന്റെ സഹോദരന് അലർജി ബാധിച്ച് തീരെ സുഖമില്ലാത്ത സമയമായിരുന്നു. എങ്കിലും സഹോദരനും അനുജത്തി തങ്കമ്മയും എനിക്കുവേണ്ടി ഒത്തിരി കഷ്ടപ്പെട്ടു.

അവിടെ ഐ.സി.യു.വിൽ ആയത് മുതൽ എനിക്ക് വലിയ പ്രയാസം തോന്നി. ഐ.സി.യുവിൽ ഒരുതരം ഭീകരാവസ്ഥ അനുഭവപ്പെട്ടു. എനിക്ക് താങ്ങാൻ വയ്യാത്ത തണുപ്പുമൂലം തണുത്തുവിറയ്ക്കാൻ തുടങ്ങി. പുതപ്പുകൊണ്ട് മൂടിയിട്ടും, കിടുങ്ങുന്ന ശൈത്യം. ചുറ്റും കിടക്കുന്ന രോഗികളുടെ ഞരങ്ങൽ, തേങ്ങൽ, നിലവിളി, വെന്റിലേറ്ററിന്റെ സുഖകര മല്ലാത്ത ശബ്ദം, കണ്ണഞ്ചിപ്പിക്കുന്ന പ്രകാശം; ഇവയെല്ലാം എന്നെ വീർപ്പുമുട്ടിച്ചു. രണ്ട് കൈകളിലുമായി മൂന്ന് ട്രിപ്പ് സൂചികളിൽ ഒന്നിൽ ക്കൂടി ഗ്ലൂക്കോസും, മറ്റവയിൽകൂടി മരുന്നും കടത്തിവിടുന്നു. അതുകൊ ണ്ട് തിരിഞ്ഞുകിടക്കാൻ സാധിക്കാതെ മലർന്ന് ഒരേ കിടപ്പ്, കണ്ണ് തുറക്കാൻ കഴിയാത്ത പ്രകാശവലയം, ചുണ്ടുകൾ ഉണങ്ങുന്നു. ചുണ്ടുകൾ നനഞ്ഞ് കിട്ടാൻ പറയാൻ നേഴ്സിനെ കിട്ടുകയില്ല. അവർക്കു പല രോഗികളുടെ അടുത്തേക്ക് പോകണമല്ലോ. രാത്രിയോ പകലോ എന്നറിയുന്നില്ല, ഉറക്കം വരുന്നില്ല. നരകയാതന എന്നു പറയുന്നത് ശരിയല്ല; എങ്കിലും അങ്ങനെ തോന്നിപ്പോയി. പ്രൈവറ്റ് ആശുപത്രിയിൽ നേഴ്സിന്റെ ശ്രദ്ധ കുറെക്കൂടി കിട്ടിയിരുന്നു. ഇഞ്ചക്ഷനുള്ള മരുന്നെല്ലാം പറയുന്ന സമയത്ത് വാങ്ങിക്കൊടുക്കണം. എന്റെ മൂത്ത സഹോദരന്റെ മകൻ, ഡേവിഡ് രണ്ട് മൂന്ന് ദിവസം വെളിയിൽ കാത്തുനിന്നിരുന്നു, പിന്നീട് ജിജി ഭവൻ യോഹന്നാനും. കുറെ ദിവസത്തെ കിടപ്പിനുശേഷം ജനറൽ വാർഡിൽ മാറ്റി. രണ്ടുപേർ പിടിച്ചാൽപോലും നിൽക്കുവാൻ സാധിക്കാത്ത ബാലൻസ് കുറവ്.

ആശുപത്രിയിൽ കിടന്നപ്പോൾ നാവെടുത്ത് 'സ്വർഗ്ഗസ്ഥനായ പിതാവേ'യെന്ന് ചൊല്ലുവാനുള്ള കെൽപ്പില്ല. കണ്ണടച്ചുകിടന്നു. ഉള്ളിൽ തേങ്ങൽ മാത്രം. "എന്റെ ഈശോയേ, ദൈവമേ എന്നെ നീ ഇപ്പോൾ

www.malankaralibrary.com


വിളിച്ചാൽ സന്തോഷമായി നിന്റെ രാജ്യത്തിൽ വരാം.” വേദനകൊണ്ട്, വിഷമംകൊണ്ട് ജെറമിയാ മരിക്കാൻ ആഗ്രഹിച്ചു. ഏലിയാ ദീർഘദർശിയും അങ്ങനെ ചിന്തിച്ചു. എനിക്ക് നിരാശ തോന്നിയില്ല. താങ്ങാൻ വയ്യാത്ത പ്രയാസംമൂലം മരിച്ച് കർത്താവിനോടുകൂടി ആയിരിക്കുവാൻ ആഗ്രഹിച്ചു. കർത്താവിനോടും മാതാവിനോടും പിന്നെ മാർ ഈവാനിയോസ് പിതാവിനോടും പ്രത്യേകിച്ച് പ്രാർത്ഥിച്ചു. “ദൈവമേ, എന്റെ ചുറ്റും കിടക്കുന്ന രോഗികൾക്കും എന്റെ പ്രാർത്ഥന ആവശ്യപ്പെട്ടിട്ടുള്ള എല്ലാ രോഗികൾക്കും സൗഖ്യം നൽകണമെ” എന്നു പ്രാർത്ഥിച്ചു. “നാഥാ, ഓർമ്മവച്ച നാൾ മുതൽ നിനക്ക് ഇഷ്ടമില്ലാത്ത പല അപരാധങ്ങൾ അറിഞ്ഞും അറിയാതെയും ചെയ്തിട്ടുണ്ട്. അതെല്ലാം അങ്ങയോട് ഏറ്റുപറഞ്ഞിട്ടുള്ളതാണ്. എന്റെ സഹനങ്ങൾ പാപപരിഹാരമായി അങ്ങയുടെ ദാരുണമായ പീഡാസഹനത്തോട് ചേർത്ത് കാഴ്ചവയ്ക്കുന്നു” എന്നു ഉള്ളിൽ പ്രാർത്ഥിച്ചു.

“ഇസ്രായേൽ ജനത്തിന് മരുഭൂമിയിൽ ഭക്ഷിക്കുവാൻ ആഹാരവും, ഏലിയായ്ക്ക് അപ്പവും, സിംഹക്കുഴിയിൽ കിടന്ന ദാനിയേലിന് ഹബക്കൂക്ക് പ്രവാചകൻ വഴി ആഹാരവും, അങ്ങയുടെ വചനം കേൾക്കുവാൻ വന്നവർക്ക് വിശപ്പിന് അപ്പവും വർദ്ധിപ്പിച്ചു നൽകിയ നാഥാ, നീ എനിക്ക് വയറും കുടലും വിശപ്പും തന്ന് അത്ഭുതകരമായി സൃഷ്ടിച്ചു. എനിക്ക് മിതമായ രീതിയിൽ ആഹാരം കഴിക്കുവാനുള്ള സൗഖ്യം നൽകണമേ. കാൽവരി നാഥാ എന്നോട് കരുണ കാണിക്കണേ.” ഇതെന്റെ ഉള്ളിന്റെ ഉള്ളിലെ തേങ്ങൽ ആയിരുന്നു.

ആശുപത്രിയിൽ വന്നപ്പോൾ 60 കിലോ തൂക്കം ഉണ്ടായിരുന്ന എനിക്ക്. ആശുപത്രി വിടുമ്പോൾ 44 കിലോ. ഇപ്പോഴും അത് വീണ്ടെടുത്തിട്ടില്ല. എനിക്ക് തുടർന്നും അതിശക്തിയായ വയറിളക്കം. മെഡിക്കൽ കോളജിലെ പ്രൊഫസർ ആയ ഗാസ്ട്രോ ഡോക്ടറെ കണ്ടു. അദ്ദേഹം പല മരുന്നുകൾ തന്നു, ടെസ്റ്റുകൾ നടത്തി. അസുഖം കുറയുന്നില്ല. അച്ചനെ ആശുപത്രിയിൽ “അഡ്മിറ്റ് ചെയ്ത് ട്രിപ്പു തരാൻ മാത്രമേ വഴി കാണുന്നുള്ളൂ” എന്ന് ഡോക്ടർ പറഞ്ഞു. ഒരു മരുന്നുകൂടി തന്നുനോക്കട്ടെയെന്നു പറഞ്ഞ് കുറിച്ചുതന്നു. പ്രസ്തുത മരുന്ന് പ്രധാനപ്പെട്ട പല മെഡിക്കൽ ഷോപ്പുകളിലുമില്ല. ഒരു ഡോക്ടറും ആ മരുന്നു കുറിച്ചു തന്നിട്ടില്ല. മരുന്നിനെപ്പറ്റി പലരും കേട്ടിട്ടുപോലുമില്ല. മെഡിക്കൽ കോളജിന് അടുത്തുള്ള ഷോപ്പിൽ നിന്ന് പത്തെണ്ണം കിട്ടി. അവരോട് പറഞ്ഞ് കമ്പനിക്കെഴുതി മരുന്ന് വരുത്തി. ദിവസം മൂന്ന് കവർവീതം കഴിച്ചു. വെളുത്ത പൊടിയാണ്. അതിൽ ആശ്വാസം കിട്ടി. കഴിഞ്ഞ രണ്ട് വർഷം പ്രസ്തുത മരുന്ന് കഴിച്ചാണ് സ്വല്പം ആഹാരം കഴിക്കുന്നത്.

www.malankaralibrary.com


എന്നാൽ വീണ്ടും വയറുവേദനയും ഛർദ്ദിയും വന്ന് കിംസ് ആശുപത്രിയിൽ പത്തുദിവസം കിടന്നു. ടെസ്റ്റിൽ വീണ്ടും ഓപ്പറേഷൻ അഭിപ്രായപ്പെട്ടു. ആരോഗ്യക്കുറവുകൊണ്ട് അതിന് മുതിർന്നില്ല. പിന്നീട് തുടർച്ചയായ വയറിളക്കം ഒന്നും കഴിക്കുവാൻ പറ്റുന്നില്ല. നല്ല ബുദ്ധിമുട്ടും ക്ഷീണവുമുണ്ട്. ഇപ്പോൾ പത്ത് മിനിറ്റിൽ കൂടുതൽ നിൽക്കുവാൻ സാധിക്കുന്നില്ല.

ഇത്രത്തോളം യഹോവാ സഹായിച്ചു
ഇത്രത്തോളം ദൈവം എന്നെ നടത്തി
ഒന്നുമില്ലായ്മയിൽ നിന്നെന്നെ ഉയർത്തി
ഇത്രത്തോളം യഹോവാ സഹായിച്ചു.

ഈ ഗാനത്തിന്റെ ഈരടികൾ ഞാൻ മനസ്സിലും ഉറക്കെയും പാടി ധ്യാനിക്കാറുണ്ട്. അപ്പോൾ എന്റെ കണ്ണുകൾ ഈറനണിയുന്നു. എന്റെ ദൈവമേ, വെറും പൂജ്യം ആയിരുന്ന എന്നെ വൈദികപദവിയിലേക്ക് വിളിച്ചു, വഴിനടത്തി. പൗരോഹിത്യത്തിന്റെ മഹത്ത്വത്തിന്റെ പൂമുഖത്തു നിൽക്കാനുള്ള യോഗ്യതപോലും എനിക്കില്ല. പൗരോഹിത്യമെന്ന വലിയ നിധി ഞാനാകുന്ന മൺപാത്രത്തിലാണ് തന്നത്. വളരെ സൂക്ഷ്മതയോടു കൈകാര്യം ചെയ്തില്ലെങ്കിൽ, ഏതു നിമിഷവും ഉടഞ്ഞുപോകാവുന്നതാണ്. എന്റേതായ മൺപാത്രത്തിന് ഒത്തിരി പോറലും വിള്ളലുകളുമുണ്ട്. നന്നായി കഴുകി വൃത്തിയാക്കാത്ത നിമിഷങ്ങളുമുണ്ട്. തീർത്തും വീണ് ഉടഞ്ഞുപോകാതെ തമ്പുരാൻ നിരന്തരം എന്നെ താങ്ങിയതുകൊണ്ട് ഇന്നും ഞാൻ എന്റെ പൗരോഹിത്യത്തിൽ നിലനിൽക്കുന്നു. പാപിനിയായ മഗ്ദലനമറിയത്തെ വിശുദ്ധയാക്കിയ കർത്താവിന്റെ അനുപമ കാരുണ്യം, കുരിശിലെ കള്ളനു ദൈവരാജ്യം നൽകിയ ക്ഷമിക്കുന്ന സ്നേഹം തന്നെയായ നാഥൻ, താന്തോന്നിയായ അഗസ്റ്റിനെ വിശുദ്ധ അഗസ്റ്റിനാക്കിയ കരുണാമയൻ, പാപിയായ എന്നെയും തന്റെ സ്വർഗ്ഗീയ ജറുസലെമിൽ ഒരു സ്ഥാനം തരും എന്നു പ്രത്യാശിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു.

എന്റെ ചിന്തകളെ, വികാരങ്ങളെയെല്ലാം കർത്താവിനെമാത്രം കേന്ദ്രീകരിച്ച് ധ്യാനിക്കാറുണ്ട്. കർത്താവിന്റെ സഹനങ്ങളുമായി, താരതമ്യപ്പെടുത്തുമ്പോൾ എന്റെ സഹനം ശൂന്യതമാത്രം. എന്നെക്കാൾ കഷ്ടതയനുഭവിക്കുന്ന പലരും ലോകത്തിലുണ്ട്. എങ്കിലും എനിക്ക് താങ്ങാൻ പറ്റുന്നില്ല. ചിലപ്പോൾ എനിക്ക് തോന്നിയിട്ടുണ്ട്, എല്ലാവരാലും തിരസ്കരിക്കപ്പെട്ടപ്പോൾ മൂന്ന് വർഷം കൂടെ കൊണ്ടു നടന്ന അനുഗ്രഹാശിസ്സുകൾ നൽകിയ ശ്ലീഹന്മാരിൽ നിന്നുപോലും നമ്മുടെ കർത്താവിന്

www.malankaralibrary.com


സാന്ത്വനത്തിന്റെ ഒരിറ്റ് തെളിനീർ കിട്ടിയില്ല. കൂട്ടിനായി ഗെത്സെമനിയിൽ കൊണ്ടുപോയ ശിഷ്യന്മാർ കിടന്നുറങ്ങി. വേദനിക്കുന്ന നാഥനെ മറന്ന്, എന്റെ കർത്താവേ നിന്നെ അയച്ച പിതാവുപോലും തീവ്രവേദനയിൽ പിടഞ്ഞ നിന്നെ കൈവിട്ടു എന്നു തോന്നിയ അവസ്ഥ. അപ്പോഴും നീ തളർന്നില്ല. ദുഃഖത്തിന്റെ പാനപാത്രം മട്ടോളം ഊറ്റിക്കുടിച്ചുകൊണ്ടിരുന്നപ്പോഴും, നാഥാ നീ മറ്റുള്ളവർക്ക് സാന്ത്വനമായി, ശക്തിയായി, കൃപാമഴയായി പെയ്തിറങ്ങി. നാഥാ നിന്റെ കൃപാമാരി, എന്നിൽ ചൊരിയണമെ, എനിക്ക് നല്ല മരണം തരണെ. നിന്നിൽ വിലയം പ്രാപിക്കുന്നതുവരെ, പാപിയായ എന്നെ ഉള്ളംകൈയ്യിൽ സൂക്ഷിക്കണെ. എനിക്കുവേണ്ടി ഒത്തിരിപേർ പ്രാർത്ഥിക്കുന്നുണ്ട്, സ്നേഹിക്കുന്നുണ്ട്, സാമ്പത്തികമായി സഹായിക്കുന്നുണ്ട്. കർത്താവേ നിന്റെ സ്നേഹം അവരിൽക്കൂടി പ്രകടമാകുന്നുവെന്ന് മാത്രം. ഹെസ്സക്കിയാ രോഗശേഷം കരഞ്ഞ് പ്രാർത്ഥിച്ചപ്പോൾ ആയുസ്സ് നീട്ടിക്കൊടുത്തു. ആയുസ്സു നീട്ടിത്തരാൻ ഞാൻ പ്രാർത്ഥിച്ചില്ലായെങ്കിലും, കർത്താവേ നീ ആയുസ്സ് നീട്ടിത്തന്നിരിക്കുന്നു. എന്തിനാണ്? അറിഞ്ഞുകൂടാ, കൂടുതൽ സഹിക്കാനാണോ? കർത്താവിന് അറിയാം. കർത്താവിന്റെ നാമം മഹത്ത്വപ്പെടട്ടെ.

ക്ലർജിഹൗസിലെ എന്റെ താമസത്തെക്കുറിച്ച് പറയട്ടെ. ക്ലെർജി ഹൗസിൽ വരാൻ എനിക്ക് നേരത്തെ ആഗ്രഹമില്ലായിരുന്നു. ഇടവകകളിൽ കുറെക്കാലം കൂടി പ്രവർത്തിക്കുവാൻ ആഗ്രഹം ഉണ്ടായിരുന്നു. പ്രായം ഒത്തിരി കവിയുന്നതിനു മുമ്പുണ്ടായ വാഹന അപകടവും തുടർന്നുള്ള സന്ധിവാതവുംമൂലം 2002 നവംബർ 7-ന് ഞാൻ ഇവിടെ വന്നു. സാഹചര്യവുമായി ഇണങ്ങിച്ചേരുവാൻ എനിക്ക് പ്രയാസമില്ലായിരുന്നു. ഏതെങ്കിലും രോഗമോ ക്ഷീണമോ ഉള്ള വൈദികരാണല്ലോ ഇവിടെ താമസിക്കുന്നത്. ഓരോരുത്തർക്കും അവരുടേതായ പ്രത്യേകതകൾ ഉണ്ടെങ്കിലും എല്ലാവരും സന്തോഷത്തോടും സമാധാനത്തോടും കഴിയുന്നു.

മറ്റുള്ളവർക്കുവേണ്ടിയും എനിക്കുവേണ്ടിയും പ്രാർത്ഥിക്കുവാൻ ഇവിടെ കൂടുതൽ സമയം ലഭിക്കുന്നു. ഇടവക ജീവിതത്തിലെ ജോലിത്തിരക്കും വ്യഗ്രതയും ഇവിടെ ഇല്ലല്ലൊ. ചാപ്പലിൽ ദിവ്യകാരുണ്യത്തിന്റെ മുമ്പിലും മുറിയിലുമിരുന്നു കുറേസമയം പ്രാർത്ഥിക്കുന്നു. അത് എനിക്ക് ശക്തി തരുന്നു. നല്ലതായ ധാരാളം പുസ്തകങ്ങൾ വായിക്കുന്നു. പഴയതുപോലെ ആശയങ്ങൾ ഓർക്കാൻ സാധിക്കുന്നില്ല. എങ്കിലും വായന തുടരുന്നു. അസുഖവും വേദനയുമുള്ളപ്പോൾ "കർത്താവേ, സഹിക്കുവാനും സമർപ്പിക്കുവാനും ശക്തിതരണേ" എന്നു പ്രാർത്ഥിച്ചുകൊണ്ട് കിടക്കുന്നു. ഇടവകയിൽ ജീവിച്ചിരുന്ന കാലത്തേക്കാൾ

www.malankaralibrary.com


മെച്ചപ്പെട്ട ആഹാരം ഇവിടെ എനിക്ക് ലഭിക്കുന്നു. ഇത് എന്റെ അനുഭവമാണ്. എന്റെ ബോയ്സ് പാചകവിദഗ്ധരൊന്നുമല്ലായിരുന്നു. ആഹാരത്തിനു വൈവിധ്യമൊന്നുമില്ലായിരുന്നു. അവർ തരുന്നതു തൃപ്തികരമായി ഞാൻ കഴിച്ചിരുന്നു. ആഹാരം രുചിയുള്ളതായിരിക്കണം എന്നുതന്നെ ഞാൻ വിചാരിക്കുന്നു. പാചകം ഒരു കലതന്നെയാണ്. എന്നെ സംബന്ധിച്ചിടത്തോളം രുചി എനിക്ക് പ്രധാനവിഷയമല്ല. എന്റെ വയറിനു പിടിക്കുന്നതു ഞാൻ കഴിക്കുന്നു. സ്വന്തം അമ്മ തരുന്ന ആഹാരവും സ്നേഹവായ്പും വേറെ എങ്ങും പ്രതീക്ഷിക്കരുത്. അങ്ങിനെ കിട്ടിയാൽ ഭാഗ്യം. രുചി ഒരർത്ഥത്തിൽ ആപേക്ഷികമാണ്. പ്രായമാകുമ്പോൾ നാവിന്റെ സംവേദനക്ഷമത (Sensation) കുറയുന്നു. ശിശുപ്രായത്തിലെയോ, യുവത്വത്തിലെയോ സംവേദനക്ഷമത പ്രായമാകുമ്പോൾ നാവിന് ഉണ്ടായിരിക്കുകയില്ല. രുചിയുള്ളതിനും രുചി ഇല്ലായെന്ന് തോന്നാനുള്ള സാധ്യതയുണ്ട്. കൂടാതെ, നല്ല വിശപ്പുണ്ടെങ്കിൽ രുചി ഒരു പ്രശ്നമല്ല എന്നാണ് എന്റെ അഭിപ്രായം. എച്ചിൽ ഇലകൾ എറിഞ്ഞുകളയുന്ന കുപ്പത്തൊട്ടിയിൽ സ്വല്പം ആഹാരത്തിനായി പട്ടികളുമായി മല്ലിടുന്ന മനുഷ്യക്കുഞ്ഞുങ്ങളെ ഞാൻ കണ്ടിട്ടുണ്ട്. മുൻകാലങ്ങളിൽ വിവാഹസദ്യകഴിയുമ്പോൾ, പുറത്തേക്കെറിയുന്ന എച്ചിൽ ഇലകൾ വാങ്ങുവാൻ രണ്ടു കൈകളും നീട്ടിപ്പിടിച്ചു നിൽക്കുന്ന മനുഷ്യരെ അതു കിട്ടിക്കഴിയുമ്പോൾ ആർത്തിയോടെ ഇലയിലെ എച്ചിൽ വാരിത്തിന്നുന്നവരെ വേദനയോടെ ഞാൻ നോക്കിനിന്നിട്ടുണ്ട്. ലോകത്തിൽ എത്രയോ കോടി ജനങ്ങൾ, കുഞ്ഞുങ്ങൾ ഒരു നേരത്തെ ആഹാരംപോലും കിട്ടാതെ വിഷമിക്കുന്നു. എങ്കിൽ ഞാൻ എന്തിനു രുചിയുടെ കാര്യത്തിൽ ആവലാതിപ്പെടുന്നു? ഒരുമണി ചോറു നിലത്തു വീണാൽ മദർ തെരേസാ അത് പെറുക്കി എടുക്കുമായിരുന്നു. ഇതുപോലെ പത്തുമണി ചോറുണ്ടെങ്കിൽ, എന്റെ ഒരു കുഞ്ഞിന് ഒരു വായ്ചോറ് ആകുമെന്ന് ആ വിശുദ്ധ പറഞ്ഞിട്ടുണ്ട്.

ബഹു. മത്തായി കല്ലട അച്ചൻ പന്തളത്തുനിന്ന് നടന്നു തട്ടപള്ളിയിൽ ഞായറാഴ്ച വിശുദ്ധ കുർബ്ബാനക്ക് മുൻകാലത്ത് വന്നിരുന്നു. അച്ചൻ ഇടവകക്കാരോട് പറയും, “മക്കളെ, കുർബ്ബാനകഴിഞ്ഞ് ഉച്ചക്ക് എനിക്ക് ചോറുതരണം. കൂട്ടാനും കറിയുമെല്ലാം ഞാൻ കൊണ്ടുവന്നിട്ടുണ്ട്.” അവർ ചോറുമായിവന്നു. “അച്ചാ, കൊണ്ടുവന്ന കൂട്ടാനും കറിയും എടുത്താട്ടേ” എന്നു പറഞ്ഞു. “മക്കളെ, വിശപ്പാണ് എന്റെ കൂട്ടാനും കറിയും നല്ല വിശപ്പുണ്ടെങ്കിൽ സ്വല്പം ചോറുകിട്ടിയാൽ അതു ധാരാളം മതി” ഇങ്ങനെ അച്ചൻ പറയുമായിരുന്നു എന്ന് ഞാൻ

www.malankaralibrary.com


കേട്ടിട്ടുണ്ട്. വിശപ്പിന്റെ വേദന ഇന്നത്തെ നമ്മുടെ കുഞ്ഞുങ്ങൾക്ക് അറിഞ്ഞുകൂടാ.

വാർദ്ധക്യം കൃപയുടെ ജീവിതമായി മാറ്റണം. മുഖത്തും ദേഹത്തും ചുളിവുകൾ ഉണ്ടാകും. അതു പ്രകൃതിയുടെ പ്രതിഭാസമാണ്. ചുളിവുകൾ മനസ്സിൽ ഉണ്ടാകുമ്പോഴാണ് യഥാർത്ഥ വാർദ്ധക്യം തുടങ്ങുന്നത്. മനസ്സിൽ ചുളിവുകൾ ഉണ്ടാകാതെ സൂക്ഷിച്ചാൽ, ശരീരത്തിൽ ചുളിവുണ്ടാകുന്നത് (wrinkle) പ്രശ്നമല്ല. എന്റെ വസന്തകാലംപോയി, എല്ലാം നഷ്ടപ്പെട്ടു, എനിക്കാരുമില്ല എന്ന് സ്വയം സഹതപിച്ചു മരണത്തെ നോക്കി ഭയന്നു ജീവിതം തള്ളിനീക്കാനുള്ളതല്ല. മുൻകാലങ്ങളിൽ ലഭിച്ച അനുഭവസമ്പത്തും പേറി, പ്രസാദാത്മകജീവിതം നയിച്ചാൽ, മറ്റുള്ളവർക്ക് പ്രസാദമായിത്തീർന്നാൽ, പ്രായം നമ്മെ വളരെ അലട്ടുകയില്ല. ക്ലെർജി ഹൗസിൽ ഞാൻ ഇതിനായി ശ്രമിക്കുകയും പ്രാർത്ഥിക്കുകയും, വേദന അനുഭവിക്കുന്ന ഇവിടുത്തെ എന്റെ സഹോദര വൈദികർക്കുവേണ്ടി ബലഹീനമായ എന്റെ പ്രാർത്ഥന സമർപ്പിക്കുകയും ചെയ്യുന്നു. ഇവിടെ എല്ലാ വൈദികരും എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നു എന്ന് എനിക്കറിയാം.

ദിവ്യനാഥാ, സഭയിലെ പിതാക്കന്മാരെയും വൈദിക സഹോദരങ്ങളെയും അങ്ങേയ്ക്ക് സമർപ്പിക്കുന്നു. കർത്താവേ, അങ്ങാണല്ലോ ഞങ്ങളെ വിളിച്ചത്. ഞങ്ങൾ അങ്ങയുടെ സ്വന്തമാണല്ലോ, എന്നാൽ ഞങ്ങൾ അങ്ങയെ സ്വന്തമാക്കിയെന്ന് ഇനിയും പറയാറായിട്ടില്ല. ധന്യനായ പൗലോസ് ശ്ലീഹാതന്നെ പറയുന്നു. "യേശുക്രിസ്തു എന്നെ സ്വന്തമാക്കിയിരിക്കുന്നു, സഹോദരരെ ഞാൻ തന്നെ ഇനിയും സ്വന്തമാക്കിയെന്നു കരുതുന്നില്ല" (ഫിലി. 3:13). ശക്തനും ശക്തമാക്കുന്നവനും വീണവരെ കൈപിടിച്ച് എഴുന്നേൽപ്പിക്കുന്നവനുമായ കർത്താവേ, ഞങ്ങളുടെ ബലഹീനതകളെയും മുറിവുകളെയും എടുത്തുമാറ്റി സഭയ്ക്കും ദൈവജനത്തിനും അനുഗ്രഹദായകരായ ശുശ്രൂഷകരാക്കിത്തീർക്കണമേ.

www.malankaralibrary.com

# ദീപ്തസ്മൃതികൾ

www.malankaralibrary.com

www.malankaralibrary.com

# ഒരു തെളിനീർ അരുവിപോലെ



**മോസ്റ്റ് റവ. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റം**
*പത്തനംതിട്ട രൂപതാ മെത്രാപ്പോലീത്താ*

1963 ജൂൺമാസം. സെന്റ് അലോഷ്യസ് മൈനർ സെമിനാരിയുടെ ചാപ്പലിൽ അല്പനേരം പ്രാർത്ഥിച്ചിട്ട് കുറെയേറെ പടികൾ ചവിട്ടി ഇറങ്ങി, റെക്ടർ അച്ചന്റെ മുറിയുടെ മുന്നിലെത്തി. റെക്ടർ വന്ദ്യ സാമുവേൽ മണ്ണിൽ അച്ചനെ കണ്ടതിനുശേഷം നടുമുറ്റത്തോടുചേർന്ന വരാന്തയിൽ ആദ്യം കണ്ടുമുട്ടിയ വൈദികരിൽ ഒരാളാണ് ബഹുമാനപ്പെട്ട തുണ്ടിയിൽ സാമുവേൽ അച്ചൻ. വർഷം 49 ആകുന്നു. പൗരോഹിത്യ ശുശ്രൂഷയുടെ അമ്പത് വർഷങ്ങൾ സാമുവേൽ അച്ചൻ പിന്നിടുന്നു! ഒറ്റ മുടിപോലും നഷ്ടപ്പെടാത്ത, സുമുഖനും, സുസ്മേരവദനനുമായ വൈസ് റെക്ടർ സാമുവേൽ അച്ചനാണ് ഇന്നും മനോമുകുരത്തിലുള്ളത്.

പുണ്യശ്ലോകനായ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് തിരുമേനിയും വന്ദ്യ ചേപ്പാട് ഫിലിപ്പോസ് റമ്പാച്ചനും തങ്ങളുടെ സാന്നിദ്ധ്യം കൊണ്ടും, ആദ്ധ്യാത്മിക സമൃദ്ധികൊണ്ടും സുകൃത സാന്നിദ്ധ്യമായി നിറഞ്ഞുനിന്ന പട്ടത്തെ പഴയ (ഇപ്പോഴത്തെ കാതോലിക്കേറ്റ്) അരമനയും മൈനർ സെമിനാരിയും ഞങ്ങൾ സെമിനാരിക്കാരായ കൊച്ചുബ്രദേഴ്സിനെ കുറച്ചൊന്നുമല്ല സ്വാധീനിച്ചിട്ടുള്ളത്. അതുപോലെ എന്റെ ജീവിതത്തിൽ നിർണ്ണായക വ്യക്തിത്വമായി നിൽക്കുന്നു വന്ദ്യ തുണ്ടിയിലച്ചൻ.

എന്നെപ്പോലെയുള്ള സെമിനാരിക്കാരുടെ സ്വഭാവരൂപീകരണത്തിൽ അദ്ദേഹം നൽകിയ ശ്രദ്ധ എത്ര എടുത്തുപറഞ്ഞാലും അധികമല്ല. ദേഷ്യപ്പെടുന്ന സ്വഭാവമില്ല, ശിക്ഷിക്കുന്നതിൽ അദ്ദേഹം അമ്പേ പരാജയമായിരുന്നു. കുട്ടികളുടെ കഴിവുകളെ അടുത്തറിഞ്ഞ് പ്രോത്സാഹിപ്പിക്കുന്നതിൽ വളരെ മുമ്പിലായിരുന്നു. തെളിനീർ മുത്തുകളായ ക്ലാസ്സിക്കുകൾ ക്ലാസ്സുകളിൽ ഉടനീളം നിറഞ്ഞുനിന്നു. ഷേക്സ്പിയറും, ഷെല്ലിയും, കീറ്റ്സും, ടോൾസ്റ്റോയിയും, തകഴിയും, ചന്തുമേനോനും,

www.malankaralibrary.com


മാർ അപ്രേമും ആ ക്ലാസ്സുകളിലെ നിത്യ സന്ദർശകരായിരുന്നു. നല്ല അദ്ധ്യാപകൻ പാഠപുസ്തകത്തിൽമാത്രം ഒതുങ്ങുന്നവനല്ല, അറിവിന്റെ വിശാല ചക്രവാളം തുറന്നിടുന്ന പ്രതിഭാശാലിയാണ് എന്നത് ഞങ്ങൾ അനുഭവിച്ചറിഞ്ഞത് സാമുവേൽ തുണ്ടിയിൽ അച്ചനിലൂടെയാണ്.

സൗമ്യം, ദീപ്തം, സംശുദ്ധം! ആരാധനക്രമപരികർമ്മത്തിൽ കടുകിട മാറാത്ത കൃത്യത! ലിറ്റർജിയിലെ ഗാനങ്ങളും പ്രാർത്ഥനകളും പരിശീലിപ്പിക്കുന്നതിൽ അദ്ദേഹം സെമിനാരിയിൽ മാത്രമല്ല, ശുശ്രൂഷ ചെയ്ത എല്ലാ ഇടവകകളിലും മിഷനുകളിലും മുൻപന്തിയിലായിരുന്നു. ഗാനങ്ങൾ ഈണം നല്കി ആലപിക്കുന്നതിലും സെമിനാരിക്കാരായ ഞങ്ങളെ അവ പഠിപ്പിക്കുന്നതിലും അദ്ദേഹം പ്രത്യേകം താത്പര്യവും ശ്രദ്ധയും നൽകിയത് ഇത്തരുണത്തിൽ ഓർക്കുന്നു. തന്റെ മാതൃ ഇടവകയായ വകയാർ സെന്റ് മേരീസ് ദൈവാലയത്തിലെ മുൻ വികാരിമാരും പരേതരുമായ ജോസ് മാത്യു ചാൽക്കടവിൽ, ഫ്രാൻസിസ് കൊടകനാടി, ഗീവർഗീസ് കുറ്റിയിൽ, ജോസഫ് വടക്കെക്കൂറ്റ്, സിറിയക് മണവാളൻ എന്നീ വൈദികരുടെ പ്രേഷിത തീക്ഷ്ണതയും അർപ്പണബോധവും അച്ചനെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്നത് അവിതർക്കമാണ്. ഈ ദൈവിക സുകൃതങ്ങളെല്ലാം സാമുവേൽ അച്ചൻ സ്വായത്തമാക്കി. കുടുംബമഹിമയും കുലീനതയും സ്വഭാവത്തിലെ സംശുദ്ധിയും വാക്കുകളിലെ മിതത്വവും മറ്റുള്ളവരെ മുറിപ്പെടുത്താത്ത സ്വഭാവശ്രേഷ്ഠതയും മാന്യതയും വിനയവും എന്നെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. അദ്ദേഹം ശബ്ദം ഉയർത്തുന്നതോ, അമിതമായി കോപിക്കുന്നതോ ഞാൻ കണ്ടിട്ടില്ല. കാർഡിനൽ ന്യൂമാൻ “ജന്റിൽമാനെ”ക്കുറിച്ചുള്ള ലേഖനത്തിൽ പറയുന്നതെല്ലാം അക്ഷരം പ്രതി തുണ്ടിയിലച്ചനിൽ അന്വർത്ഥമാണ്. സാമുവേൽ അച്ചന്റെ കയ്യക്ഷരം അനന്യമാണ്. ഒരിക്കൽ കണ്ടിട്ടുള്ളവർ അത് മറക്കുകയില്ല, അത്ര മനോഹരം!!!

മലങ്കര കത്തോലിക്കാസഭയുടെ കഴിഞ്ഞ 50 വർഷത്തെ ചരിത്രത്തിന്റെ ഒരു സുവർണ്ണ ഏടാണ് അച്ചന്റെ ജീവിതം. ഇല്ലായ്മയുടെ നടുവിൽനിന്ന് അനേകം സമർപ്പിതരുടെ വിയർപ്പുനല്കി പടുത്തുയർത്തിയ ആദ്ധ്യാത്മിക കേന്ദ്രമാണിത്. പുതിയ മിഷനുകൾ തുടങ്ങുന്നതിലും ഉണ്ടായിരുന്നവ ബലപ്പെടുത്തുന്നതിലും സഭയുടെ പടുത്തുയർത്തലിലും അഹോരാത്രം തന്നെത്തന്നെ വ്യയം ചെയ്ത വിശ്വസ്തനും നല്ലവനുമായ ദാസനാണ് സാമുവേൽ അച്ചൻ എന്നത് സത്യം. സെമിനാരിയിൽ വൈസ് റെക്ടറായി ജോലി ചെയ്യുമ്പോഴും ഞായറാഴ്ചകളിലും ഇടദിവസങ്ങളിലും മിഷനുകളിൽ തീക്ഷ്ണവാനായ മിഷനറിയായിരുന്നു അദ്ദേഹം.

www.malankaralibrary.com


"ദൈവപരിപാലനയാണ് നിന്റെ അവകാശ ധനം" എന്ന ദിവ്യസൂക്തം ബഹുമാനപ്പെട്ട അച്ചനിൽ അന്വർത്ഥമാണ്. "Not on Our Merit, but on His Grace" എന്നതാണ് അച്ചന്റെ ജീവിതചര്യയുടെ അടിസ്ഥാനം. രോഗങ്ങളും ക്ലേശങ്ങളും വിടാതെ പിൻതുടർന്ന ഒരു കാലം അച്ചന്റെ ജീവിതത്തിലുണ്ട്. അപ്പോഴും പരാതിയോ, പരിഭവമോ, കുറ്റപ്പെടുത്തലിന്റെ കാർക്കശ്യമോ ഒന്നും അദ്ദേഹത്തെ ഏശിയിട്ടില്ല. അസാധാരണ ദൈവവിശ്വാസം കൈമുതലില്ലാത്തവൻ അടിപതറുന്ന മേഖലയാണല്ലോ രോഗപീഡ. അതു ഇരുകരങ്ങൾകൊണ്ടും ദൈവകരങ്ങളിൽ നിന്നേറ്റുവാങ്ങി ദൈവമഹത്ത്വത്തിനും സഭയുടെ ഉന്നതിക്കുമായി അദ്ദേഹം സമർപ്പിക്കുകയായിരുന്നു എന്ന് അദ്ദേഹത്തെ അടുത്തറിഞ്ഞിട്ടുള്ള എനിക്കറിയാം.

ഈ 78-ാം വയസ്സിലും അദ്ദേഹത്തിന്റെ ശബ്ദത്തിൽ പതർച്ചയില്ല. വിശുദ്ധ കുർബാനയും മറ്റ് കൂദാശകളും പരികർമ്മം ചെയ്യുന്നത് കാണുകയും കേൾക്കുകയും ചെയ്യുന്നത് ഒരു സുകൃതമാണ്. അനേകരെ വ്യക്തിപരമായി, ഇരുചെവിയറിയാതെ, സഹായിക്കുന്നതിൽ അദ്ദേഹം വ്യക്തിപരമായി ശ്രദ്ധിച്ചിരുന്നത് എനിക്ക് നേരിട്ടറിയാം. നന്മയുള്ള മനസ്സിലേ, നന്മചെയ്യാനൊരു തുറവി ഉണ്ടാകൂ! "മറ്റുള്ളവർ നിങ്ങൾക്ക് എന്തുചെയ്തു തരണമെന്ന് നിങ്ങൾ ഇച്ഛിക്കുന്നുവോ അത് നിങ്ങൾ മറ്റുള്ളവർക്ക് ചെയ്തു കൊടുക്കുവിൻ" എന്ന നമ്മുടെ കർത്താവിന്റെ തിരുവചനം ബഹുമാനപ്പെട്ട അച്ചനിൽ നിറവേറ്റപ്പെട്ടുകൊണ്ടിരിക്കുന്നു.

എത്രനാൾ ജീവിച്ചു എന്നതിലല്ലല്ലോ, എങ്ങനെ ജീവിച്ചു എന്നതിലല്ലേ പ്രാധാന്യം? ഒരു പ്രകാശഗോപുരംപോലെ അനേകർക്കു വഴികാട്ടിയാകുവാൻ സാമുവേൽ അച്ചനെ നല്കിയ ദൈവത്തിന് നന്ദി! ഈ ശ്രേഷ്ഠഗുരുവിന്റെ ശിഷ്യനാകുവാൻ കിട്ടിയ അസുലഭ സൗഭാഗ്യത്തിന് ദൈവത്തിന് നന്ദി!

"കരുണയുള്ളവർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ അവരുടെ മേൽ കരുണയുണ്ടാകും." കരുണയും നന്മയും ദൈവസ്നേഹവും സുകൃതജീവിതത്തിന്റെ പരിമളവും നിറഞ്ഞ ജീവിതം ഇനിയും അനേകർക്ക് വഴികാട്ടിയാകട്ടെ. നേർ വെളിച്ചമാകട്ടെ.

ഈ സുവർണ്ണ ജൂബിലിവേളയിൽ ഈ ശിഷ്യന്റെ ആദരപൂർണ്ണമായ സ്നേഹപ്രമാണം!

www.malankaralibrary.com

# എന്റെ ചിന്തയിലെ ബഹു. തുണ്ടിയിലച്ചൻ



**ഫാ. ഫിലിപ്പ് ചെമ്പകശ്ശേരി**
*തിയോളജി പ്രൊഫസർ, മലങ്കര മേജർ സെമിനാരി*

**പ**ട്ടം സെന്റ് അലോഷ്യസ് സെമിനാരിയുടെ വരാന്തകളിൽ ഉല്ലാസ നേരങ്ങളിൽ പ്രത്യക്ഷപ്പെടുന്ന തുണ്ടിയിലച്ചൻ. പുഞ്ചിരിക്കുന്ന മുഖവും ഭാവാത്മകമായ പെരുമാറ്റവും. വിദ്യാർത്ഥികളിലെ നല്ലഭാവങ്ങളെ കണ്ടറിഞ്ഞ് തട്ടിയുണർത്തി പ്രോത്സാഹിപ്പിക്കുന്ന തുണ്ടിയിലച്ചൻ! തുണ്ടിയിലച്ചന്റെ കൊച്ചുകൊച്ചു ധ്യാനങ്ങൾ, ഹ്രസ്വമായ ഉപദേശങ്ങൾ! എല്ലാറ്റിനുമുണ്ട് ഒരു വശ്യത, പഴകിപ്പോകാത്ത നവ്യത, ഹൃദയത്തിൽ തുളഞ്ഞുകയറാൻ കഴിയുന്ന മൂർച്ച!

ഇംഗ്ലീഷ്, സഭാചരിത്രം, ക്രിസ്തുവിജ്ഞാനീയം, പൗരോഹിത്യം—ഇങ്ങനെ പോകുന്നു അദ്ദേഹം കൈകാര്യം ചെയ്ത വിഷയങ്ങൾ. ഓരോ ക്ലാസ്സിനു ശേഷം ഇനി എത്രയേറെ അറിയാനുണ്ട് എന്ന ചിന്ത മനസ്സിൽ അവശേഷിപ്പിക്കാൻ കഴിയുന്ന രീതി. കൂടുതൽ അറിയാനുള്ള കൊതിയോടെ മേജർ സെമിനാരിയിലേയ്ക്ക് കുതിക്കാൻ പ്രേരിപ്പിക്കുന്ന നിപുണത. ഇത്രയൊക്കെയേ ഉള്ളൂ എന്ന ചിന്ത ജനിപ്പിക്കുന്നത് അധ്യാപനത്തിലെ പരാജയമാണ്. പറയേണ്ടതും പറയാവുന്നതുമൊക്കെ പറഞ്ഞുകഴിഞ്ഞു എന്ന ചിന്ത ജനിപ്പിക്കുന്നത് വിഷയത്തോടുള്ള ക്രൂരതയാണ്. അതിവിശാലമേഖലകളുടെ ചെറിയൊരു കവാടം തുറന്ന് അനന്തതയിലേയ്ക്ക് എത്തിനോക്കാൻമാത്രം സഹായിക്കുന്നത് അധ്യാപനത്തിലെ വിജയമാണ്. തുണ്ടിയിലച്ചൻ ഒരു നല്ല ഗുരുവാണ്, വിജയം വരിച്ച അധ്യാപകൻ.

ജീവിതവിജയത്തിന് ഒഴിച്ചുകൂടാനാകാത്തതാണ് ആത്മാവബോധം. തന്നെപ്പറ്റി ഒരുവൻ എന്തു വിചാരിക്കുന്നുവോ അത് അവൻ ആയിത്തീരുന്നു. ഉയർന്ന ചിന്ത ഉയർന്ന വ്യക്തിത്വരൂപീകരണത്തിലേയ്ക്കു നയിക്കുന്നു. തന്റെ പൗരോഹിത്യത്തെപ്പറ്റിയുള്ള ഉന്നതമായൊരു ദർശനം തുണ്ടിയിലച്ചന്റെ സവിശേഷതയാണ്. ക്ലാസ്സുകളിൽ ആ ദർശനം പ്രകാശം കണ്ടിട്ടുണ്ട്. എന്താണാദർശനം? ദൂരെനിന്ന് ആരോ

www.malankaralibrary.com


നോക്കിക്കാണുന്ന ദർശനമല്ല. അത്തരം ദർശനങ്ങളിൽ വ്യക്തിത്വത്തിന്റെ ഊഷ്മളത കാണുകയില്ല. ചിന്തയിലൂടെ എത്തിച്ചേരുന്ന നിഗമനവുമല്ല. അത്തരം നിഗമനങ്ങൾ ശുഷ്ക്കമായിരിക്കും. സ്വന്തം ജീവിതാനുഭവങ്ങളിലൂടെ രൂപപ്പെട്ട വികാസം പ്രാപിക്കുന്ന ദർശനം —അത്തരം ഒരു ദർശനം ബഹു. തുണ്ടിയിലച്ചന് സ്വായത്തമാണ്. ആ ദർശനം അദ്ദേഹത്തെ സന്തുഷ്ടനായി നിലനിർത്തുന്നു. നിഷേധാത്മകമായ അനുഭവങ്ങളിൽ ഭാവാത്മകത കലർത്തുവാൻ സഹായിക്കുന്നു; തിരസ്ക്കരണത്തിന്റെ തമോവീഥികളിൽ പ്രകാശം വീഴ്ത്തുന്നു; രോഗപീഡകൾ തളർത്തിക്കളയാതെ ചിന്തയിൽ വളരാൻ സഹായിക്കുന്നു.

ബഹുമാനപ്പെട്ട തുണ്ടിയിലച്ചൻ സംതൃപ്തനാണ്. സംതൃപ്തി അദ്ദേഹത്തിന്റെ മുഖത്ത് മുദ്രിതമാണ്. അത് ഒരു ജീവിതത്തിലൂടെ രൂപപ്പെടുത്തിയെടുത്ത ദർശനത്തിന്റെ, പൗരോഹിത്യദർശനത്തിന്റെ, താൻ ഒരു പുരോഹിതനാകുന്നുവെന്ന ദർശനത്തിന്റെ അടയാളമാണ്. ആ ദർശനം നിരന്തരം വളർച്ച പ്രാപിച്ചുവന്ന ദർശനമാണ്. അതിന്റെ വളർച്ചയുടെ ആദ്യഘട്ടങ്ങൾ 1963-കളിൽ സെന്റ് അലോഷ്യസ് സെമിനാരിയിലെ വിദ്യാർത്ഥികൾക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്.

ക്രിസ്തീയ പൗരോഹിത്യം ഒരു വിളിയാണ്. പുരോഹിതന്റെ തെരഞ്ഞെടുപ്പോ ത്യാഗപൂർണ്ണമായ സമർപ്പണമോ മറ്റെന്തെങ്കിലുമോ അർത്ഥപൂർണ്ണമാകുന്നത്, അത് ഒരു വിളിയായതുകൊണ്ടാണ്. ഈ വിളിയെപ്പറ്റിയുള്ള ബോധ്യം ജീവിതത്തെ പ്രകാശമാനമാക്കുന്നു. അതാണ് വൈദികന്റെ വിജയം. അതുതന്നെയാണ് ബഹു. തുണ്ടിയിലച്ചന്റെ വിജയരഹസ്യമെന്ന് അദ്ദേഹത്തിന്റെ ശിഷ്യഗണത്തിന് മനസ്സിലായിട്ടുണ്ട്. അത് ആ ഗുരു-ശിഷ്യബന്ധത്തെ ഏറെ ഊഷ്മളമായി നിലനിർത്തുന്നു.

www.malankaralibrary.com

# ആത്മീയപിതാവും ഗുരുവും മാർഗദർശിയുമായ ബഹു. സാമുവേൽ തുണ്ടിയിലച്ചൻ



**സി. കാരുണ്യ എസ്.ഐ.സി.**
*പ്രിൻസിപ്പൽ,*
*തെയോഫിലോസ് ട്രെയിനിംഗ് കോളജ്,*
*നാലാഞ്ചിറ*

**ഓ**ർമ്മകൾ കുട്ടിക്കാലത്തേക്കു കടന്നുചെല്ലുകയാണ്. ഇടവകയെ ഒരു കുടുംബംപോലെ കാണുകയും കുടുംബനാഥൻ എന്ന നിലയിൽ ഒരു ആത്മീയപിതാവിന്റെ എല്ലാ ഉത്തരവാദിത്തങ്ങളും നൂറുശതമാനമോ അതിലധികമോ പൂർണ്ണതയിൽ നിർവഹിക്കുകയും ചെയ്തു. മനസ്സിലാക്കുകയും സ്നേഹിക്കുകയും സഹകരിക്കുകയും ചെയ്ത ഇടവകസമൂഹത്തിന്റെ ആദരവ് ഏറ്റുവാങ്ങിയ, ഇന്നും ആദരപൂർവ്വം പല വ്യക്തികളും മനസ്സുകളിൽ ആരാധിക്കുന്ന, ദൈവത്തിൽനിന്നും വാങ്ങിക്കൊടുത്ത അനുഗ്രഹത്തിന്റെയും കൃപയുടെയും, ചൊരിഞ്ഞ നന്മകളുടെയും ഓർമ്മകൾ അയവിറക്കുവാൻ സാധ്യത നല്കിക്കൊണ്ട് ഇടവകയെ നയിച്ച, ഇടവകയിൽ ജീവിച്ച, ബഹുമാനപ്പെട്ട സാമുവൽ തുണ്ടിയിലച്ചന്റെ സേവനത്തിനുമുമ്പിൽ, ആത്മീയനേതൃത്വത്തിനുമുമ്പിൽ, പിതൃസ്നേഹത്തിനുമുമ്പിൽ ആദരപൂർവ്വം കൈകൾ കൂപ്പുന്നു.

സ്വർഗ്ഗീയപിതാവിലേക്കു മക്കളെ നയിക്കുവാൻ, സ്വർഗ്ഗീയ കുടുംബത്തിന്റെ ആത്മീയ സന്തോഷവും സ്നേഹവും സാഹോദര്യവും പങ്കിട്ടുനല്കുവാൻ, നിലനിർത്തുവാൻ നിയോഗം ലഭിച്ചവനാണ് ഒരു പുരോഹിതൻ. അത് ഇടവകക്കൂട്ടായ്മയിൽ മാത്രമല്ല, ഓരോ കുടുംബത്തിലും നിലനിർത്തിക്കൊണ്ട്, എത്ര കുടുംബങ്ങളുണ്ടോ അത്രയും കുടുംബങ്ങളെയും സ്വർഗ്ഗീയ പറുദീസയാക്കുവാൻ, തന്റെ ആത്മീയ ശുശ്രൂഷകൊണ്ട്, വചനപ്രഘോഷണംകൊണ്ട്, കുടുംബസന്ദർശനംകൊണ്ട്, മാർഗനിർദ്ദേശങ്ങൾകൊണ്ട്, ഉപരി മാതൃകകൊണ്ട്, അദ്ദേഹം ആത്മാർത്ഥമായി പരിശ്രമിക്കണം പ്രാർത്ഥിക്കണം. എന്റെ കുട്ടിക്കാലത്ത്, ഇടവകപ്പള്ളി എന്നാൽ, എനിക്കു ജീവനായിരുന്നു, എല്ലാക്കാര്യങ്ങൾക്കും പള്ളിയിലേക്കോടുമായിരുന്നു. ഏതിനും മുൻപന്തിയിലുമായിരുന്നു. ഇടവകജീവിതത്തെക്കുറിച്ചോർക്കുമ്പോൾ എന്തെ

www.malankaralibrary.com


ന്നില്ലാത്ത ഒരു "സ്നേഹ സന്തോഷ" അനുഭവം ഇപ്പോഴും മനസ്സിൽ തോന്നുന്നുവെങ്കിൽ, അതിനു കാരണക്കാരൻ ബഹു. സാമുവൽ തുണ്ടിയിലച്ചനായിരുന്നു. എനിക്കു ദൈവവിളി ഉണ്ടാകുവാനും, ആ വിളിക്കനുസരിച്ച് എന്നെ തിരുവനന്തപുരം ബഥനിമഠത്തിൽ കൊണ്ടുവന്നു വിട്ട്, എല്ലാ തടസ്സങ്ങളെയും മറികടന്ന് ജീവിതം ആരംഭിക്കുവാൻ ഇടയാകുവാനും കാരണക്കാരനായത് ബഹു. അച്ചനായിരുന്നു എന്നത് നന്ദിപൂർവ്വം ഓർക്കുന്നു.

ആത്മീയപിതാവെന്ന നിലയിൽ എല്ലാ പിതൃശുശ്രൂഷയും പിഴകൂടാതെ, കുറവില്ലാതെ നിർവഹിച്ചുവന്നു. എത്ര മനോഹരമായി വിശുദ്ധ കുർബാന ബഹു. അച്ചൻ അർപ്പിച്ചിരുന്നു എന്നത് ഓർത്തുപോകുന്നു. അത് ബഹു. അച്ചന്റെ ആരാധനാജീവിതത്തിന്റെ ആഴത്തെ സൂചിപ്പിക്കുന്നു. നല്ല പാട്ടുകാരനാകയാൽ ഉള്ള ശ്രുതിമാധുര്യം അല്ല, പിന്നെയോ, വ്യക്തവും ശക്തവുമായ ഭാഷയിൽ ദൈവത്തോടു നടത്തുന്ന സംഭാഷണംമൂലം അച്ചൻ ഇടവകകുടുംബത്തെ ദൈവത്തിങ്കലേക്ക് എടുത്തുയർത്തുന്ന അനുഭവമാണ് ഉണ്ടായിട്ടുള്ളത്. അച്ചനോടൊപ്പം ജനവും പ്രാർത്ഥിക്കുന്നു, ആത്മീയസന്തോഷം അനുഭവിക്കുന്നു. വിശുദ്ധ കുർബാന സ്വീകരിക്കുവാൻ പോകുമ്പോഴും സ്വീകരിച്ചിട്ടുവരുമ്പോഴും കണ്ണീർതൂകി വരുന്ന എന്റെ അമ്മയെയും, മറ്റ് അമ്മമാരെയും കണ്ടിട്ട്, ഞാനോർത്തുപോയിട്ടുണ്ട്... ഈ അമ്മമാർ കരയുന്നതെന്തിനാണ്? ഇതിന്റെ രഹസ്യം എന്താണ്? ചോദിച്ചാൽ, ഒരു ചെറുപുഞ്ചിരിയായിരിക്കും, അമ്മമാർ പകരംനല്കുക. അവരുടെയൊക്കെ ജീവിതപ്രശ്നങ്ങളെ 'പൊന്നുതമ്പുരാന്റെ' കരങ്ങളിലേല്പിച്ച് സമാധാനപ്പെടുവാൻ ഈ ആരാധനാകർമ്മങ്ങൾ ഇടയാക്കി എന്നതാണ് സത്യം. വിശുദ്ധ കുർബാനമധ്യേയുള്ള പ്രസംഗം ഇന്നും ചെവികളിൽ മുഴങ്ങിക്കേൾക്കുന്നതുപോലെ. "സ്വർഗ്ഗസ്ഥനായ പിതാവേ...." എന്ന പ്രാർത്ഥനയിലെ ഓരോ വരിയും ആയിരുന്നു ഒരു കാലഘട്ടത്തിലെ പ്രസംഗവിഷയങ്ങൾ. 'എന്തു നല്ല പ്രസംഗം' എന്നൊക്കെ വിലയിരുത്തിയിട്ടുള്ളത് ഇപ്പോൾ ഓർമ്മയിലെത്തുന്നു.

ആരാധനാജീവിതത്തിൽ നന്നായിപങ്കുകൊള്ളുവാൻ ഇടവകജനത്തെ ഒരുക്കിയിരുന്നു. സൺഡേസ്കൂൾ, എം.സി.വൈ.എം. കുഞ്ഞുങ്ങൾക്ക് ശനിയാഴ്ച ഇടവകപ്പള്ളിയായിരുന്നു വാസഗേഹം. രാവിലെ കുഞ്ഞുങ്ങൾക്കുള്ള വിശുദ്ധ കുർബാന, തുടർന്ന് സൊഡാലിറ്റി, അതിനുശേഷം ആരാധനാഗീത പരിശീലനവും പാട്ടു പ്രാക്ടീസും. പാട്ടിന്റെ അംശംപോലും ഏശിയിട്ടില്ലാത്ത, കാളരാഗം ഉള്ള ഞാൻ ഏറ്റവും മുന്നിൽ പോയിരിക്കും. അച്ചൻ പാട്ടുപഠിപ്പിക്കുവാൻ തുടങ്ങുമ്പോൾ

www.malankaralibrary.com



മുതലേ ഞാനും പാടുവാൻ തുടങ്ങും. കഷ്ടം, അച്ചൻ എന്തു ബുദ്ധിമുട്ടി യിട്ടുണ്ട്, ചെറിയ കളിയാക്കിച്ചിരിയോടെ ഒതുക്കി പാടുവാൻ ആവശ്യ പ്പെടുന്നത്, ഇന്നെന്നപോലെ ഓർക്കുന്നു. "പാടുവാൻ കഴിവില്ല, അതുകൊണ്ട് ഇങ്ങനെ മുന്നിൽ വന്നിരുന്ന് കൂടെപ്പാടി ശല്യപ്പെടു ത്തരുത്. സ്റ്റോപ്പ്... പുറകിൽ പോയിരിക്കുക..." എന്ന് ഒരിക്കലും പറഞ്ഞ് മുറിവേൽപ്പിച്ചില്ല. അംഗീകരിച്ച് സ്നേഹിക്കുന്നു, വളർത്തുന്നു എന്ന തിന് മറ്റെന്തു തെളിവുകളാണ് വേണ്ടത്.

പള്ളിയിൽ സിസ്റ്റേഴ്സിന്റെ സാന്നിധ്യമില്ലായിരുന്നു. അതിനാൽ ഹൈസ്ക്കൂൾ ക്ലാസ്സുകളിലെ സൺഡേസ്കൂൾ കുട്ടികൾക്കാണ്, മെഴുകുതിരിക്കാലുകൾ വൃത്തിയാക്കുക, പള്ളി തൂത്തു വൃത്തിയാക്കുക, മുറ്റത്തെ പുല്ലുപറിക്കുക തുടങ്ങിയ ഉത്തരവാദിത്തങ്ങൾ. എത്ര വാത്സല്യത്തോടെ ബഹു. അച്ചൻ നിർദ്ദേശങ്ങൾ തരുന്നു. എത്ര തീക്ഷ്ണതയോടെ കുട്ടികൾ ചെയ്യുന്നു.... ബഹുമാനപ്പെട്ട അച്ചന്റെ സ്നേഹവും വാത്സല്യവും സമീപനവുമാണ്, കുട്ടികളെയെല്ലാം പള്ളി യിലേക്ക്, എല്ലാ ആരാധനാ കർമ്മങ്ങൾക്കും, അനുബന്ധശുശ്രൂഷകൾ ക്കുമായി എത്തിച്ചതെന്ന് നന്ദിയോടെ സ്മരിക്കുന്നു.

കുഞ്ഞുങ്ങളെക്കൊണ്ട്, പണിചെയ്യിക്കുന്നതിനിടയിൽ, ആരാധനാ ഗീത പരിശീലനങ്ങൾക്കിടയിൽ ബഹു. അച്ചൻ വേണ്ട നിർദ്ദേശങ്ങളും തിരുത്തലും കൊടുത്തിരുന്നു. മിടുമിടുക്കരെ പ്രോത്സാഹിപ്പിച്ചിരുന്നു; മിടുക്കരെ പ്രശംസിച്ചിരുന്നു; മിടുക്കരാകാൻ ഏവരെയും പ്രേരിപ്പിച്ചി രുന്നു. കുട്ടികൾക്ക് സംശയനിവാരണം വരുത്തിയിരുന്നു; മാർഗനിർദ്ദേ ശങ്ങൾ നല്കിയിരുന്നു. കുഞ്ഞുങ്ങൾ, തങ്ങളുടെ സ്നേഹമുള്ള, വാത്സല്യമുള്ള, കരുതലുള്ള പിതാവായി ആണ് ബഹു. അച്ചനെ കണ്ടിരുന്നത്.

കുടുംബസന്ദർശനം ബഹു. അച്ചന് നിർബന്ധമായിരുന്നു. കുന്നും മലയും കയറി, തോടു കടന്ന്, വയലുകൾ താണ്ടി വീടുവീടുതോറും കയറിയിറങ്ങുന്ന ബഹു. അച്ചന്റെ പാദസ്പർശമേറ്റ മണ്ണാണ് ഈ ഇടവകയിലെ എല്ലാ കുടുംബങ്ങളുടേതും. ചിലപ്പോൾ ഒറ്റയ്ക്കായിരി ക്കും, മറ്റു ചിലപ്പോൾ കൂട്ടിനാളുണ്ടാവും. വീട്ടിൽ ആഴ്ചതോറും വന്ന്, വിശേഷങ്ങൾ തിരക്കുകയും പള്ളിയിലുള്ള സാന്നിധ്യം ഉറപ്പാക്കുക യും, കുടുംബപ്രാർത്ഥനയുടെയും ദൈവികജ്ഞാനത്തിന്റെയും പരി ശോധന നടത്തുകയും മാർക്കുകൾ കുറഞ്ഞുപോയതിന് വഴക്കുപറയു കയും നല്ല മാർക്കുകൾ വാങ്ങിയതിന് അഭിനന്ദിക്കുകയും, മക്കളോട് പെരുമാറേണ്ടതെങ്ങനെയെന്ന് അമ്മയെ ഉപദേശിക്കുകയും, കുഞ്ഞു ങ്ങൾക്ക് ചില പ്രത്യേക സിദ്ധൗഷധങ്ങൾ നല്കി അവരെ കൈയിലെ ടുക്കുകയും ചെയ്തതിനുശേഷം, പ്രാർത്ഥന നടത്തി പിൻവാങ്ങുന്ന

www.malankaralibrary.com


ബഹുമാനപ്പെട്ട അച്ചനെ ഇന്നെന്നപോലെ ഓർക്കുന്നു. ആ ത്യാഗവും സഹനവും പ്രാർത്ഥനയുമല്ലേ, ഇന്നെന്റെ ദൈവവിളിയുടെ നിലനില്പിനും കാരണമെന്നത് പ്രാർത്ഥനാപൂർവ്വം, ആദരപൂർവ്വം ഓർത്തുപോകുന്നു.

തന്റെ ഇടവകമക്കളുടെ ജീവിതത്തിൽ, ആവശ്യാനുസരണം ഇടപെട്ട്, അവരെ ഉചിതമായ ജീവിതപന്ഥാവിലേക്കു കൈപിടിച്ചു നടത്തുവാനും ബഹു. അച്ചൻ പരിശ്രമിച്ചിരുന്നു. ഉന്നതപഠനത്തിലേക്ക്, തന്റെ സ്വാധീനംമൂലം, അനേകം കുഞ്ഞുങ്ങളെ വഴിതെളിച്ചുവിട്ടിട്ടുണ്ട്. എന്റെ ചേച്ചിക്ക് എസ്.എസ്.എൽ.സി. പഠനത്തിനുശേഷം പുഷ്പഗിരിയിൽ നേഴ്സിംഗ് പഠനത്തിന് അഡ്മിഷൻ വാങ്ങിക്കൊടുത്തത് ബഹുമാനപ്പെട്ട അച്ചനാണ്. അന്നുമുതൽ ഇന്നുവരെ ചേച്ചിയോടുള്ള അച്ചന്റെ കരുതലും വാത്സല്യവും ഒട്ടും കുറഞ്ഞുപോയിട്ടില്ല. എന്നും ഇന്നും കത്തിലൂടെയും ഫോണിലൂടെയും ബന്ധം പുലർത്തുന്നു എന്നതും നന്ദിയോടെ ഓർക്കുന്നു.

ഇടവകകുടുംബാംഗങ്ങളും പഠനത്തിനോ ജോലിക്കോ ആയി ദൂരെയായിരിക്കുന്ന മക്കളും ഒക്കെയായി നല്ല ഒരു ആത്മീയബന്ധം പുലർത്തിപ്പോന്നു. പലരുടെയും കാര്യങ്ങളിൽ അത് ഇന്നും നിലനില്ക്കുന്നുമുണ്ട്. സൗകര്യം കിട്ടുമ്പോഴൊക്കെ നേരിൽ കാണുവാനും അച്ചൻ സമയവും സൗകര്യവും കണ്ടെത്തുന്നു. അനേകം പേർ ബഹു. അച്ചന്റെ തണലിൽ, കരുതലിൽ ആശ്രയം കണ്ടെത്തുകയും ജീവിക്കുകയും ചെയ്യുന്നുണ്ട്. ഉള്ളവനിൽനിന്നു സ്വീകരിച്ച്, ഇല്ലാത്തവന്റെ ജീവിതം പ്രത്യാശാപൂരിതമാക്കുവാൻ ബഹു. അച്ചൻ കാണിക്കുന്ന കാരുണ്യവും സഹവർത്തിത്വവും വാത്സല്യവും സ്നേഹവും ഒക്കെ ദൈവികസുകൃതങ്ങളല്ലേ.... ഈ വിശുദ്ധ ജീവിതത്തിന്റെ നന്മകളും ഫലങ്ങളും അനേകം പേരിലേക്ക് വിശുദ്ധിയുടെ സുഗന്ധമായി കടന്നുചെല്ലുവാൻ ദൈവം ബഹു. അച്ചനെ സഹനത്തിന്റെ തീച്ചൂളയിൽ വിശുദ്ധീകരിച്ചുകൊണ്ടിരിക്കുന്നു. പരാതിയില്ലാതെ, പരിഭവമില്ലാതെ, തന്റെ ദൈവീകശുശ്രൂഷ കിടന്നും ഇരുന്നും എഴുതിയും ബഹുമാനപ്പെട്ട അച്ചൻ നിർവഹിക്കുന്നു. ബഹു. അച്ചനിലൂടെ അനേകം പേർക്ക് പുതുജീവൻ ലഭിക്കുമാറാകട്ടെ! അച്ചന്റെ പ്രാർത്ഥനയിലൂടെ അനേകംപേർക്കു സുഖപ്രാപ്തിയുണ്ടാകുമാറാകട്ടെ. അച്ചന്റെ സഹനത്തിലൂടെ അനേകംപേർ ദൈവികവെളിച്ചത്തിലേക്കു വരുമാറാകട്ടെ. ബഹുമാനപ്പെട്ട അച്ചന്റെ മാതൃകയിലൂടെ അനേകംപേർ ദൈവവിളി സ്വീകരിക്കുമാറാകട്ടെ.

www.malankaralibrary.com



# കൃപയുടെയും പുഞ്ചിരിയുടെയും ജീവിതം

**ഇ. എം. ഗീവർഗ്ഗീസ് ചന്ദനപ്പള്ളി**
*M.A.B.Ed (Rtd teacher)*

**നി**റഞ്ഞ ജലാശയത്തിൽനിന്നുമാണ് ഉറവയുണ്ടാകുന്നത്. ഉറവനൽകുന്ന തണുപ്പും ആർദ്രതയും ജീവജാലങ്ങൾക്ക് ഉന്മേഷം നൽകും.

മനുഷ്യവ്യക്തിത്വത്തെ ഉറവിന്റെ നീർച്ചാലുകളിലേയ്ക്ക് സന്നിവേശിപ്പിക്കുന്ന നിറഞ്ഞ ജലാശയങ്ങളായിരിക്കണം, മാതാപിതാക്കളും ഗുരുക്കന്മാരും പുരോഹിതരും ഉറ്റസ്നേഹിതരും. എന്നാൽ ഈ ഗണത്തിൽപ്പെട്ടവരെല്ലാം ഉന്നതമായ നിനവുകളുടെ നിറഞ്ഞ ജലാശയങ്ങളാകാറില്ല. ഇവർ ചുരത്തിയ ഉറവകൾക്ക് നനവിന്റെയും നന്മയുടെയും ആർദ്രതയുണ്ടായിരുന്നുവോയെന്ന് ആത്മശോധന ചെയ്യണം. എല്ലാവരെയും ശീതളിമയുടെ ശാദ്വല ചാലകങ്ങളായി നമ്മുടെ ഓർമ്മച്ചെപ്പുകളിൽ പ്രതിഷ്ഠിക്കാനാവുമോ?

പക്ഷേ.... മനോമുകുരങ്ങളിൽ ഒളിമങ്ങാത്ത സ്നേഹസ്ഫുലിംഗങ്ങൾ ആഴത്തിൽ വേരുപിടിച്ചിട്ടുള്ള ചിലരെങ്കിലുമുണ്ടാകും. എനിക്ക് അത്തരം ഒരു ഋഷിതുല്യനായ വൈദികശ്രേഷ്ഠനുണ്ട്. അദ്ദേഹമാണ് ഫാ. സാമുവൽ തുണ്ടിയിൽ.

ഇല്ലായ്മയുടെ ബാല്യത്തിലും വല്ലായ്മകളറിയാതെ ജീവിച്ചു. ലക്ഷ്യബോധത്തിൽ വളർന്നും വൈദികശിക്ഷണത്തിലും പിന്നീട് പൗരോഹിത്യത്തിലും ദർശനസിദ്ധിയുള്ളവനായി തുണ്ടിയിലച്ചൻ ആദ്യം 1966-ൽ ശുശ്രൂഷ ചെയ്യുവാൻ നിയോഗിക്കപ്പെട്ടത് ചന്ദനപ്പള്ളിയിലായിരുന്നു. ബഹുമാനപ്പെട്ട ആന്റണി കേളംപറമ്പിലിന്റെ അസിസ്റ്റന്റായി ചന്ദനപ്പള്ളിയിൽ താമസിച്ച് അങ്ങാടിക്കൽ, കൊടുമൺ ഇടവകകളുടെ വികാരിയും, ചന്ദനപ്പള്ളിയിലെ കൊച്ചച്ചനുമായി ഇവിടെ കഴിഞ്ഞിരുന്നകാലം. പരിചയപ്പെട്ടവർക്കാർക്കും തന്നെ മറക്കാനാവാത്ത വ്യക്തിത്വമായിരുന്നു തുണ്ടിയിലച്ചനുണ്ടായിരുന്നത്. അറിവിന്റെ നിറവ്, പഠിക്കുന്ന കുട്ടികൾക്കു പങ്കുവെയ്ക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ട്യൂഷൻ അന്ന് പ്രചാരത്തിലില്ലായിരുന്നു. പക്ഷേ അച്ചന്റെ ട്യൂഷൻ ക്ലാസ്സിൽ ഏറെപ്പേർ സംബന്ധിച്ചിരുന്നു. ഒപ്പം കൗമാരത്തിന്റെ ചാപല്യങ്ങളെ യുവത്വത്തിന്റെ ഊർജ്ജസ്വലതയിലേക്ക് വഴിതിരിച്ചുവിടുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഇന്ന് പ്രായമായ പലരും അന്നത്തെ

www.malankaralibrary.com


അനുഭവത്തെപ്പറ്റി എന്നോട് പറഞ്ഞിട്ടുണ്ട്. "തുണ്ടിയിലച്ചൻ പറഞ്ഞവഴിയേ പോയിരുന്നെങ്കിൽ എനിക്ക് ഇന്ന് ഈ ഗതിവരില്ലായിരുന്നു." "അച്ചൻ വഴിതിരിച്ചില്ലായിരുന്നെങ്കിൽ ഞാനിന്ന് ഇത്തരത്തിലാകുമായിരുന്നില്ല." "എന്റെ വളർച്ചയിൽ തുണ്ടിയിലച്ചനോളം സ്വാധീനിച്ച മറ്റാരുമില്ല."

വീണ്ടും 1982-ൽ വികാരിയായി വന്നപ്പോഴും തുണ്ടിയിലച്ചൻ പണ്ടത്തെ കൊച്ചച്ചനായിരുന്നു ചന്ദനപ്പള്ളിക്കാർക്ക്. ഇക്കാലത്ത് യുവതീയുവാക്കളുടെ ശിക്ഷണത്തിലാണ് അദ്ദേഹം ഏറെ ദത്തശ്രദ്ധനായത്. വിശുദ്ധ കുർബാന, കൂദാശകൾ, മനഃശാസ്ത്രം, ലൈംഗികത, യുവത്വചാപല്യങ്ങൾ, വിവാഹം തുടങ്ങി വിവിധ വിഷയങ്ങളിൽ പണ്ഡിതോചിതമായ ക്ലാസ്സുകൾ, സെമിനാറുകൾ തുടങ്ങിയവ നടത്തിയിരുന്നു. മറ്റു പലരെയും ക്ലാസ്സുകളെടുക്കാൻ ഇവിടേക്ക് കൊണ്ടുവന്നിരുന്നു. ഈ ക്ലാസ്സുകളും പരിപാടികളും എത്രയോ പേരുടെ ജീവിതവീക്ഷണങ്ങളിലും ദിനചര്യകളിൽപ്പോലും അഭികാമ്യങ്ങളായ വ്യതിയാനങ്ങളുണ്ടാക്കിയിട്ടുള്ളത് ആർക്കും നിഷേധിക്കാവുന്നതല്ല. പക്ഷേ അന്ന് അച്ചനെ ധിക്കരിച്ച ചിലരുണ്ട്. അവർക്കുണ്ടായ അപചയങ്ങളെ ഓർത്ത് പിന്നീടവർ പശ്ചാത്താപത്തോടെ വിലപിക്കുന്ന കാഴ്ചകൾക്കും ഞാൻ ദൃക്സാക്ഷിയാണ്. ചന്ദനപ്പള്ളിക്കാർ ഏറെ ഭാഗ്യപ്പെട്ടവരാണെന്ന് പറയാനാകും. 1966-ൽ അച്ചന്റെ പരിലാളനയേറ്റ കുട്ടികൾ 1982-85 കാലഘട്ടത്തിൽ യുവത്വത്തിന്റെ നാളുകളിൽ മാർഗദർശനവും പില്ക്കാലങ്ങളിൽ ജീവിതദർശനവും നേടാൻ അച്ചന്റെ തുടർച്ചയായ സേവനം ലഭിച്ചവരാണ്.

നിനവിന്റെ നനവ് ആഴത്തിൽ പതിഞ്ഞിട്ടുള്ള സാധുവിവാഹനിധി, വിദ്യാഭ്യാസനിധി ഇവയ്ക്ക് സ്വരൂപിച്ച പണത്തിന് അദ്ദേഹം നേതൃത്വം കൊടുത്തതിന്റെ പ്രതിഫലനം ഇന്നും ഇവിടെ സജീവമായി നിലനില്ക്കുന്നു. അനാവശ്യങ്ങളായ കെട്ടുപണികളും ആർഭാടകരമായ പെരുന്നാളുകളും മറ്റും പ്രോത്സാഹിപ്പിക്കപ്പെടരുതെന്ന ഉറച്ചനിലപാട്, പക്ഷേ എല്ലാവർക്കും രുചിക്കില്ല. 1984-ൽ നാല് കിലോമീറ്റർ ദൂരത്തിൽ എട്ട് കിലോമീറ്റർ നടന്നുവരുന്ന റാസ ഒരു കിലോമീറ്റർ ദൂരത്തിലേക്ക് ചുരുക്കി ഏറ്റവും അനുഗ്രഹപ്രദമായി നടത്തിയതിന്റെ ക്രെഡിറ്റ് അദ്ദേഹത്തിന് മാത്രമുള്ളതാണ്. ഏതാണ്ട് 54 വർഷങ്ങളായി മുടക്കമില്ലാതെ വലിച്ചിഴച്ചുനടത്തിയിരുന്ന ഊരുചുറ്റലിന് അറുതിവരുത്തി സ്ത്രീകളും കുട്ടികളുമടക്കം എല്ലാ വിശ്വാസികളെയും പങ്കെടുപ്പിച്ച് നടത്തിയ റാസ കാണികൾക്ക് അത്ഭുതമുളവാക്കി.

ഇടവകയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് മുകളിൽ സൂചിപ്പിച്ചത്. എന്റെ അമ്മാച്ചനായ ഫാ. സാമുവൽ പള്ളിവാതുക്കലൊപ്പം ളാക്കൂരെ വീട്ടിൽ കടന്നുവന്ന നാളുകളിലാരംഭിച്ച സൗഹൃദം ഇന്നും അതിന്റെ

www.malankaralibrary.com


നിഷ്ക്കളങ്കതയിലും ശാലീനതയിലും തുടർന്നുപോരുന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. പ്രത്യേകിച്ചും ചിന്തയിലും എഴുത്തിലും എന്നെ പ്രോത്സാഹിപ്പിക്കുകയും, യോജിപ്പില്ലാത്തവ ചൂണ്ടിക്കാട്ടുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു സുഹൃത്തെന്ന വിശേഷണം അദ്ദേഹത്തിനു ചേരും (ഒരിക്കലും തിരുത്തണമെന്നാവശ്യപ്പെട്ടിട്ടില്ല. വ്യക്തി സ്വാതന്ത്ര്യത്തെ അത്രമാത്രം അദ്ദേഹം മാനിക്കുന്നു). കുടുംബാംഗങ്ങളോടും പ്രായഭേദമില്ലാതെ സ്നേഹവും വാത്സല്യവും പങ്കുവയ്ക്കുന്ന അച്ചന്റെ മാതൃക മറ്റുപലർക്കുമില്ലാത്തതാണ്. പരിചയമുള്ള ഏതു ഭവനത്തിലും ഇടവകയിലും വീണ്ടും കടന്നുചെല്ലാനുള്ള അച്ചന്റെ ഹൃദയവിശാലതയും നിഷ്പക്ഷതയും പുരോഹിതരിൽനിന്നും ദൈവജനം പ്രതീക്ഷിക്കുന്ന മനോഭാവങ്ങളാണ്.

പൗരോഹിത്യധർമ്മത്തിൽ ആത്മീയതയിലുള്ള തീക്ഷ്ണത, ജനങ്ങളോടു പെരുമാറ്റത്തിലെ സുതാര്യത, കുഞ്ഞുങ്ങളോടും യുവജനങ്ങളോടുമുള്ള കരുതൽ, പ്രിയമുള്ളവരോടുള്ള ബഹുമാനം, അമിതാഡംബരങ്ങളിലുള്ള വിരസത, ജീവകാരുണ്യ പ്രവർത്തനങ്ങളിലുള്ള ആഭിമുഖ്യം പ്രത്യേകിച്ചും വിദ്യാഭ്യാസകാര്യങ്ങളിൽ ദാരിദ്ര്യമനുഭവിക്കുന്ന കുട്ടികളെ പഠിപ്പിക്കുന്നതിലുള്ള താത്പര്യം എന്നിങ്ങനെ എണ്ണിപ്പറയാവുന്ന ഒട്ടേറെ ഗുണങ്ങളുടെ കലവറയാണ് തുണ്ടിയിലച്ചൻ.


അച്ചന്റെ വചനത്തിലും എഴുത്തിലും ഫോൺവിളിയിലും സാമീപ്യത്തിലുമെല്ലാം 'നിനവിന്റെ നനവ്' ശരിക്കും അനുഭവവേദ്യമാകും. കരുതലിന്റെ നനവ്, സൗഹൃദത്തിന്റെ നനവ്, കരുണയുടെ നനവ്, ശ്രേഷ്ഠമായ പൗരോഹിത്യശുശ്രൂഷയുടെ നിനവ്, സഭയുടെ പ്രതീക്ഷയുടെ നിനവ് ഇവയെല്ലാമാണ് അച്ചന്റെ വ്യതിരിക്തത.

അച്ചനെ സ്നേഹിക്കുന്ന പലരും ആത്മഗതമായി പറയുന്നത് കേട്ടിട്ടുണ്ട്, "ഇത്രയും വിശുദ്ധി നിറഞ്ഞ ജീവിതം നയിക്കുന്ന അച്ചന് ഇത്രയേറെ വേദനകളും രോഗങ്ങളും മറ്റും ദൈവം അനുവദിക്കുന്നതെന്താ....?" അതിന് അച്ചൻ മറുപടി നൽകും, "സഹനകുസുമത്തെപ്പോലെ വേദനയിൽ വെന്ത് പൂർണ്ണ വിശുദ്ധീകരണത്തിന് ദൈവം അനുവദിക്കുന്നു. അങ്ങേ നാമം മഹത്ത്വപ്പെടട്ടെ."

രോഗത്തിലും വേദനയിലും കഴിയുന്നുണ്ടെങ്കിലും ഉയർന്ന ദർശനങ്ങൾ നിറഞ്ഞ ഹൃദയത്തിൽനിന്ന് ഉണർവോടെയുള്ള പ്രാർത്ഥനകളുയർത്തി, തമ്പുരാനുവേണ്ടിയും സഭയ്ക്കുവേണ്ടിയും ബലിയുടെ ജീവിതം നയിക്കുന്ന തുണ്ടിയിലച്ചൻ എനിക്ക് ഋഷിതുല്യനാണ്. അദ്ദേഹത്തിന്റെ കരുതലിന്റെയും സ്നേഹത്തിന്റെയും പ്രോത്സാഹനത്തിന്റെയും മുമ്പിൽ ശിരസ്സ് നമിക്കുന്നു.

www.malankaralibrary.com





*പിതാവ് (മത്തായി) മാതാവ് (റാഹേൽ)*




*ജ്യേഷ്ഠത്തിയും ജ്യേഷ്ഠനും*

www.malankaralibrary.com





*അനുജത്തിയും ഇളയ സഹോദരനും*




*ബ്ര. സാമുവൽ*
*മൈനർ സെമിനാരിയിൽ*



*ഗ്രിഗോറിയോസ് തിരുമേനിയോടൊപ്പം*
*പൂനയിൽ*

www.malankaralibrary.com

അത്തനാസ്യോസ് തിരുമേനിയോടൊപ്പം




ബ്ര. സാമുവൽ, അനുജൻ ജോഷാ

www.malankaralibrary.com





*തിരുപ്പട്ടസ്വീകരണം ഒക്ടോബർ 3, 1962*



*ബിഷപ്പ് വിശുദ്ധ തൈലം പുരട്ടുന്നു*

www.malankaralibrary.com




ഫാ. കുര്യൻ ഇലഞ്ഞിമറ്റം,
ഫാ. സാമുവൽ, സഹോദരൻ




ബിഷപ്പ്തിരുമേനിയോടൊപ്പം

www.malankaralibrary.com






സഹോദരനോടൊപ്പം



പ്രഥമദിവ്യബലി അർപ്പണം

www.malankaralibrary.com

*നവവൈദികൻ*



*മൈനർ സെമിനാരി വൈസ് റെക്ടർ 1963*

www.malankaralibrary.com





*സഹോദരകൊച്ചുമകൾ സി. സിസ്സി*



*പിതാവിന്റെ 100-ാം വയസ്സിൽ വിശുദ്ധ കുർബാന നൽകുന്നു*

www.malankaralibrary.com

# ഓർമ്മകളുടെ നൈവേദ്യം

## ഒരു ഇടവകവൈദികന്റെ ഓർമ്മക്കുറിപ്പുകൾ

### ഫാ. സാമുവൽ തുണ്ടിയിൽ

ഇത് ഒരു വന്ദ്യപുരോഹിതന്റെ ജീവിതയാത്രയാണ്; ഒരു ഇടവക വൈദികന്റെ ചരിത്രമാണ്. എന്നാൽ, ഒരു ഏകാന്തപഥികന്റെ യാത്രാവിവരണമല്ലിത്. പുഞ്ചിരി നൽകുന്നതും കണ്ണുനനയിപ്പിക്കുന്നതും നെഞ്ചുനീറ്റുന്നതും ദൃഢനിശ്ചയം തരുന്നതുമൊക്കെയായ ജീവിതയാഥാർത്ഥ്യങ്ങളെ ഒരു പുരോഹിതൻ ആശീർവദിക്കുന്നതിന്റെ ചിത്രമാണിത്. ഒരു യഥാർത്ഥ അഭിഷിക്തന്റെ ഹൃദയം എങ്ങനെയെന്ന് വ്യക്തമായി വിവരിക്കുന്ന ഗ്രന്ഥം. നല്ല പുരോഹിതരാകാൻ ആഗ്രഹിക്കുന്നവരും നല്ല പുരോഹിതരെ സ്നേഹിക്കുന്നവരും ഇഷ്ടപ്പെടുന്ന ഗ്രന്ഥം.



ഫാ. സാമുവൽ തുണ്ടിയിൽ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ മത്തായി-റാഹേൽ ദമ്പതികളുടെ ഏഴുമക്കളിൽ ആറാമനായി 1934 നവംബർ 2-ാം തീയതി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം, തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്നു. പൂന പേപ്പൽ സെമിനാരിയിൽനിന്ന് തത്ത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ബിരുദം നേടി. 1962 ഒക്ടോബർ 3-നു വൈദികാഭിഷേകം സ്വീകരിച്ചു. ഇപ്പോൾ അദ്ദേഹം പിരപ്പൻകോടുള്ള സായൂജ്യം വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിക്കുന്നു.

ISBN 978-81-933770-7-9

9 788193 377079

₹ 160.00

CARMEL INTERNATIONAL PUBLISHING HOUSE
TRIVANDRUM, KERALA, INDIA - 695 014